# ബാരിസ്റ്റർ ജോർജ്ജ് ജോസഫ്

## സമാനതകളില്ലാത്ത ദേശസ്നേഹി



ജോൺ കച്ചിറമറ്റം

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# ബാരിസ്റ്റർ ജോർജ്ജ് ജോസഫ്

ജോൺ കച്ചിറമറ്റം

പ്രസിദ്ധീകരണം

ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ
വിഴക് പി.ഒ.
കോട്ടയം ജില്ല, കേരള - 686655
ഫോൺ 04822 260434, 261102
Mob: 9447662076

www.malankaralibrary.com

(Malayalam)

# BARISTOR GEORGE JOSEPH

By
**JOHN KACHIRAMATTAM**

First Edition
20-09-2013

Copy right
Dr. Kachiramattam Foundation

Published by
Dr. Kachiramattam Foundation

Type setting
C-CAD Graphics, Erattupetta Ph: 272852

Cover design
Joseph Francies Pala Ph:9447137342

Printed at
Penta offset, Kottayam
Price Rs. 175 /-

Distributor
Dr. Kachiramattam Foundation
Pizhak P.O.
686655

www.malankaralibrary.com



ബാരിസ്റ്റർ ജോർജ്ജ് ജോസഫ്



ഭാര്യ സൂസന്ന




പി.എം. ജോസഫ്
(സഹോദരൻ)



പോത്തൻ ജോസഫ്
(സഹോദരൻ)

www.malankaralibrary.com



ബാരിസ്റ്റർ ജോർജ്ജ് ജോസഫ് - സൂസന്ന ദമ്പതികളോടൊപ്പം സദാനന്ദൻ



ബാരിസ്റ്റർ ജോർജ്ജ് ജോസഫ് കുടുംബാംഗങ്ങളോടൊപ്പം

www.malankaralibrary.com

## ഡോ.കച്ചിറമററം ഫൗണ്ടേഷന്റെ പ്രസിദ്ധീകരണങ്ങൾ

1. ബാരിസ്റ്റർ ജോർജ്ജ് ജോസഫ്
2. സത്യത്തിന് നേരെ കണ്ണടയ്ക്കരുത് - ജോൺ കച്ചിറമറ്റം
3. സമുദായ സ്നേഹികളേ ഉണരൂ - ജോൺ കച്ചിറമറ്റം
4. എം.ഒ. ജോസഫ് നെടുങ്കുന്നം (ജീവചരിത്രം) - ജോൺ കച്ചിറമറ്റം
5. കേരളസഭാപ്രതിഭകൾ ഒന്നാംഭാഗം - ജോൺ കച്ചിറമറ്റം
6. കേരളസഭാരത്നങ്ങൾ ഒന്നാംഭാഗം - ജോൺ കച്ചിറമറ്റം
7. കേരളസഭാരത്നങ്ങൾ രണ്ടാംഭാഗം - ജോൺ കച്ചിറമറ്റം
8. ഷെവ.കുഞ്ഞിത്തൊമ്മൻ (ജീവചരിത്രം) - ജോൺ കച്ചിറമറ്റം
9. തച്ചിൽ മാത്തുത്തരകൻ(ജീവചരിത്രം) - ജോൺ കച്ചിറമറ്റം
10. ബി. വെല്ലിംഗ്ടൺ (ജീവചരിത്രം) - ജോൺ കച്ചിറമറ്റം
11. വലിയകപ്പിത്താനും ദേവസഹായം പിള്ളയും - ജോൺ കച്ചിറമറ്റം
12. ക്രൈസ്തവരും ദേശീയപ്രസ്ഥാനങ്ങളും (ക്രൈസ്തവരുടെ ദേശീയരംഗത്തെ സംഭാവനകളെപ്പറ്റി പ്രതിപാദിക്കുന്ന ഗ്രന്ഥം) - ജോൺ കച്ചിറമറ്റം
13. അണികളെ ആവശ്യമുണ്ട് - ജോൺ കച്ചിറമറ്റം
14. കേരളം ചുവന്നതെങ്ങനെ? - ജോൺ കച്ചിറമറ്റം
15. വേലുത്തമ്പി ദളവായും കുണ്ടറവിളംബരവും - ജോൺ കച്ചിറമറ്റം
16. തടവറയിലെ വടക്കനച്ചൻ - ജോൺ കച്ചിറമറ്റം
17. കാത്തലിക് ഗ്രിവൻസസ് - ജോൺ കച്ചിറമറ്റം
18. ജാതൈക്യസംഘം - ജോൺ കച്ചിറമറ്റം
19. പ്രസിഡന്റിന്റെ കത്തുകൾ - ജോൺ കച്ചിറമറ്റം
20. തിരഞ്ഞെടുത്ത മുഖപ്രസംഗങ്ങൾ - ജോൺ കച്ചിറമറ്റം
21. നായർ ഈഴവ ഐക്യം - ജോൺ കച്ചിറമറ്റം
22. പാപ്പായുടെ നാട്ടിൽ (യാത്രാവിവരണം) - ജോൺ കച്ചിറമറ്റം
23. ഇടിമുഴക്കം കേട്ടതെപ്പോൾ - ജോൺ കച്ചിറമറ്റം
24. ഓശാന ഗവേഷണങ്ങളുടെ തനിനിറം - ജോൺ കച്ചിറമറ്റം
25. വിമോചനസമരം ഒരു ആമുഖം - ജോൺ കച്ചിറമറ്റം
26. യേശുക്രിസ്തുമോസ്കോവിലോ? - ജോൺ കച്ചിറമറ്റം
27. അൽമായരും കാലികപ്രശ്നങ്ങളും - ജോൺ കച്ചിറമറ്റം
28. പനമ്പള്ളി പദ്ധതി - സത്യമെന്ത്? - ജോൺ കച്ചിറമറ്റം
29. ചവിട്ടുകൊട്ടയിൽനിന്നും സത്യം ഉയിർത്തെഴുന്നേൽക്കും - ജോൺ കച്ചിറമറ്റം
30. എം.എം. വർക്കി (ജീവചരിത്രം) - ജോൺ കച്ചിറമറ്റം
31. അവിസ്മരണീയ വ്യക്തികളും സംഭവങ്ങളും - ജോൺ കച്ചിറമറ്റം
32. ഡോ. കച്ചിറമറ്റം ചരിത്രസ്മൃതികൾ - ജോൺ കച്ചിറമറ്റം
33. സാർവ്വത്രിക സൂനഹദോസുകൾ
34. അവിസ്മരണീയ വ്യക്തികൾ രണ്ടാം ഭാഗം - ജോൺ കച്ചിറമറ്റം
35. ഹൈന്ദോ - ഇന്ത്യയിലെ സഭ - ജോൺ കച്ചിറമറ്റം
36. വചനപ്രകാശം - ഡോ. കച്ചിറമറ്റത്തിന്റെ പ്രഭാഷണങ്ങൾ
37. കുരിശിന്റെ വഴി - ഡോ. കച്ചിറമറ്റത്തിന്റെ പ്രഭാഷണങ്ങൾ
38. Homilies and Reflections (Part I) - Rev.Dr.A.Kachiramattam
39. Homilies and Reflections (Part II) - Rev.Dr.A.Kachiramattam
40. Why American youth Turn to Budha - Rev.Dr.A.Kachiramattam
41. Evolution in the human concept of God - Rev.Dr.A.Kachiramattam
42. Re-discovery of India - Rev.Dr.A.Kachiramattam
43. Catholic Eastern Churches - Rev.Dr.A.Kachiramattam
44. Prepare the way of the Lord - Rev.Dr.A.Kachiramattam

### കച്ചിറമറ്റത്തിന്റെ ലഘുലേഖകൾ

1. ദീപിക സുഹൃത്തുക്കളെ ഉണരുക (1966) - 70000 കോപ്പികൾ
2. നീതിക്കുവേണ്ടിയുള്ള പോരാട്ടം (1979) - 2000 കോപ്പികൾ
3. വിമോചനസമരം - കനകജൂബിലി (2008) - 1500 കോപ്പികൾ
4. ന്യൂമാൻ കോളേജ് പ്രശ്നം - 4 ലേഖനങ്ങൾ (2010) - 1000 കോപ്പികൾ
5. വിസ്മരിക്കപ്പെടുന്ന വ്യക്തികളും സംഭവങ്ങളും - 1000 കോപ്പികൾ

www.malankaralibrary.com

## ജോൺ കച്ചിറമറ്റം

രാമപുരത്ത് കച്ചിറമററം കുടുംബത്തിൽ അവിരാ അന്നമ്മ ദമ്പതികളുടെ മകനായി 1938-ൽ ജനിച്ചു. 10-ാമത്തെ വയസ്സിൽ ഭക്ത സംഘടനകളിലൂടെ പൊതു പ്രവർത്തനം ആരംഭിച്ചു. രാഷ്ട്രീയ സമുദായ പ്രവർത്തനങ്ങളിൽ സജീവമായ നേതൃത്വം നൽകി. പലാരുപതാ കോർപ്പറേറ്റ് എജ്യുക്കേഷൻ ഏജൻസിയുടെ കീഴിൽ അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. 1993-ൽ പാലാ സെന്റ് തോമസ് ഹൈസ്കൂളിൽ നിന്നും റിട്ടയർ ചെയ്തു.

കുടിയേററ കർഷകരുടെ അവകാശ സമരങ്ങൾക്ക് നേതൃത്വം നൽകിയ കർഷക നേതാവ്, എ.കെ.സി.സി., കേരള ക്രിസ്ത്യൻ ലീഡേഴ്സ് ആക്ഷൻ കൗൺസിൽ, കേരളാ കാത്തലിക് ഫെഡറേഷൻ, ഓൾ ഇന്ത്യാ കാത്തലിക് യൂണിയൻ എന്നീ സംഘടനകളുടെ സാരഥി എന്ന നിലയിൽ മഹാ സമ്മേളനങ്ങളും പ്രകടനങ്ങളും നടത്തി സമുദായത്തിന്റെ വികാര വിചാരങ്ങൾക്ക് രൂപഭാവം നൽകിയ സമുദായ സ്നേഹി, 1975-ൽ പ്രധാന മന്ത്രി ഇന്ദിരാഗാന്ധി ഏർപ്പെടുത്തിയ അടിയന്തരാവസ്ഥക്കെതിരെ പ്രവർത്തിച്ച മനുഷ്യാവകാശ ധർമ്മ ഭടൻ എന്നീ നിലകളിൽ അറിയപ്പെടുന്നു.

1989-ൽ കെയ്റോ, റോം, അസ്സീസി, പാദുവാ, ജർമ്മനി, അമേരിക്കൻ ഐക്യനാടുകൾ എന്നിവിടങ്ങളിലും 1996-ൽ കുവൈററിലും 1999-ൽ വീണ്ടും അമേരിക്കൻ ഐക്യനാടുകളിലും 2001-ൽ വീണ്ടും റോമിലും പാദുവായിലും വെനീസിലും ശ്രീലങ്കയിലും, 2007-ലും 2009 ലും വീണ്ടും അമേരിക്കൻ ഐക്യനാടുകളിലും പര്യടനം നടത്തി.

1988 -ൽ ആളൂർ ബററർ ലൈഫ് സെന്ററിന്റെ കേരളസഭാതാരം അവാർഡിനും 1998 -ൽ കേരള സാഹിത്യകലാസമിതിയുടെ പ്രതിഭാപ്രകാശം അവാർഡിനും അതേ വർഷം തന്നെ ആൾ ഇന്ത്യാ കാത്തലിക്ക് യൂണിയന്റെ ജോർജ് മെനേസിസ് ദേശീയ അവാർഡിനും അർഹനായി. കോട്ടയം - വടവാതൂർ സെമിനാരിയിൽ ഏർപ്പെടുത്തിയിരിക്കുന്ന ഫാ. ആറാഞ്ചേരി അവാർഡും ക്രൈസ്തവ സാഹിത്യ അക്കാദമിയുടെ ബഞ്ചമിൻബയ്‌ലി അവാർഡും 2001-ലും കേരള ക്രിസ്ത്യൻ ഫൗണ്ടേഷന്റെ മാർത്തോമ്മാ അവാർഡ് 2003-ലും ലഭിക്കുകയുണ്ടായി. (ഈ മൂന്ന് അവാർഡുകളും ക്രൈസ്തവരും ദേശീയ പ്രസ്ഥാനങ്ങളും എന്ന ഗ്രന്ഥരചനയുടെ പേരിൽ ലഭിച്ചതാണ്). 2006-ൽ ചങ്ങനാശ്ശേരി അതിരൂപതയുടെ കനക ജൂബിലി അവാർഡും, കെ.സി.വൈ.എം-ന്റെ അൽമായരത്നം അവാർഡും, തിരുവല്ല അതിരൂപതയുടെ പ്രത്യേക പുരസ്കാരവും 2007-ൽ അമേരിക്കയിലെ സീറോ മലബാർ കൂട്ടായ്മയുടെ പുരസ്കാരവും, 2008-ൽ മാർ കരിയാറ്റി അവാർഡും, മേരിവിജയം മാസികയുടെ ദർശനാ അവാർഡും, മേരി ബനീഞ്ഞാ ഫൗണ്ടേഷന്റെ ബനീഞ്ഞാ അവാർഡും, കേരള കാത്തലിക് ഫെഡറേഷന്റെ കേരളസഭാരത്നം അവാർഡും, കൊല്ലത്തെ ഫാ. വടക്കൻ വെല്ലിംഗ്ടൻ സാംസ്കാരിക സമിതിയുടെ എന്റെ ഗ്രാമം എന്റെ ജനത പുരസ്കാരവും ഉൾപ്പെടെ 19 അവാർഡുകൾ കച്ചിറമറ്റത്തിന് ലഭിക്കുകയുണ്ടായി. കൂടാതെ സീറോ-മലബാർ സഭ ഏർപ്പെടുത്തിയിരിക്കുന്ന ഏറ്റവും വലിയ ബഹുമതിയായ സഭാതാരം അവാർഡ് 2013-ൽ കച്ചിറമറ്റത്തിന് ലഭിച്ചു.

തിടനാട് കണിയാംപടിക്കൽ മേരിയാണ് ഭാര്യ. ആൻസമ്മ, സന്തോഷ് എന്നിവർ മക്കൾ.

www.malankaralibrary.com

# സമർപ്പണം

യുഗപ്രഭാവൻ ആയ
ബാരിസ്റ്റർ ജോർജ്ജ് ജോസഫിനോടൊപ്പം
സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത
ധീരദേശാഭിമാനികൾക്ക്.

www.malankaralibrary.com

# ഉള്ളടക്കം

പുറം

ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ
ആശംസ- ആർച്ച് ബിഷപ്പ് തോമസ് മാർ കൂറിലോസ്
അവതാരിക - ഡോ. എം.എം. ജേക്കബ്ബ്
ആമുഖം

1. അവഗണിക്കപ്പെടാനാവാത്ത വ്യക്തിത്വം .......... 25
2. സഭാപരമായ പശ്ചാത്തലം .......... 29
3. രാഷ്ട്രീയ പശ്ചാത്തലം .......... 39
4. സാമൂഹ്യ പശ്ചാത്തലം .......... 51
5. ക്രൈസ്തവ സംഭാവനകൾ .......... 63
6. ജനനവും ബാല്യവും .......... 78
7. ഇംഗ്ലണ്ടിൽ .......... 83
8. ലണ്ടനിലെ വിദ്യാർത്ഥി രാഷ്ട്രീയം .......... 89
9. തിരുവിതാംകൂറിലേക്ക് .......... 93
10. മധുരയിലേക്ക് .......... 97
11. ആനിബസന്റും ബാരിസ്റ്റർ ജോർജ്ജ് ജോസഫും .......... 107
12. മഹാത്മജിയുടെ സമീപം .......... 120
13. ദേശീയ രാഷ്ട്രീയത്തിൽ .......... 133
14. വൈയ്ക്കം സത്യാഗ്രഹം .......... 163
15. മുൻസിപ്പൽ തിരഞ്ഞെടുപ്പിൽ പരാജയം .......... 186
16. ജസ്റ്റിസ് പാർട്ടിയിൽ .......... 193
17. സഹോദരങ്ങളെപ്പറ്റി .......... 201
18. നിവർത്തനപ്രക്ഷോഭണം .......... 207
19. തങ്കശ്ശേരിയും ജോർജ് ജോസഫും .......... 228
20. നിയമസഭയിൽ .......... 236
21. അന്ത്യ നിമിഷങ്ങൾ .......... 242

അനുബന്ധം-1 എം.ഒ. ജോസഫ് നെടുങ്കുന്നത്തിന്റെ ലേഖനം .. 245
അനുബന്ധം-2 മിസ്സിസ് ജോർജ്ജ് ജോസഫിന്റെ പ്രസംഗം ...... 249

www.malankaralibrary.com

# ഡോ.കച്ചിറമറ്റം ഫൗണ്ടേഷൻ



കേരള ക്രൈസ്തവ സഭയ്ക്ക് പല പ്രഗല്ഭരായ വൈദികരെയും കന്യാസ്ത്രീകളെയും അൽമായ പ്രമുഖരെയും സംഭാവന ചെയ്തിട്ടുള്ള രാമപുരത്തെ കച്ചിറമററം കുടുംബത്തിൽ (ശങ്കരപുരി കുടുംബശാഖ) 1934 ജൂൺ 12 -ന് ഫാ. അഗസ്റ്റിൻ ഭൂജാതനായി. 1961 മാർച്ച് 15 -ന് അഗസ്റ്റിൻ പൗരോഹിത്യ പദവിയിലേക്ക് ഉയർത്തപ്പെട്ടു.

ഫിലോസഫി, തിയോളജി, കാനൻ ലോ എന്നിവയിൽ അഗാധമായ പാണ്ഡിത്യം നേടിയ ഫാ. അഗസ്റ്റിൻ മദ്രാസ് ലയോള കോളേജിൽ നിന്ന് ബി.എസ്സി.യും ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ നിന്ന് എം.എസ്സി.യും കർണ്ണാടക യൂണിവേഴ്സിററിയിൽ നിന്ന് തത്വശാസ്ത്രത്തിൽ എം.എ.യും, ബൽഗാം ലോകോളേജിൽ നിന്ന് എൽ.എൽ. ബി. യും മൈസൂർ റീജണൽ കോളേജിൽ നിന്ന് ബി.എഡും. ബിരുദങ്ങൾ സമ്പാദിച്ചു. അമേരിക്കയിലെ നോട്ടർഡാം യൂണിവേഴ്സിററിയിൽ നിന്ന് കൗൺസലിംഗിൽ ഡോക്ടർ ബിരുദവും ഗ്രാഡ്വേററ് തിയോളജിക്കൽ ഫൗണ്ടേഷന്റെ ഫെലോഷിപ്പും കരസ്ഥമാക്കി. ഏഷ്യാ, ആഫ്രിക്ക, യൂറോപ്പ്, അമേരിക്ക എന്നീ ഭൂഖണ്ഡങ്ങളിലെ നിരവധി രാജ്യങ്ങൾ അദ്ദേഹം സന്ദർശിക്കുകയും വിവിധ ജനപദങ്ങളും സംസ്കാരങ്ങളുമായി ഇടപഴകുകയും അവരുടെ ഭാഷകളും ആചാരരീതികളും പരിചയപ്പെടുകയും ചെയ്തു.

അറാമിക്ക്, ഗ്രീക്ക്, ലാറ്റിൻ, ഇംഗ്ലീഷ്, ഹിന്ദി, മലയാളം എന്നീഭാഷകളിൽ അവഗാഹം നേടിയ ഡോ. അഗസ്റ്റിൻ "കിക്കാമ്പ്", "കിസ്ഹിലി", തമിഴ് എന്നീ ഭാഷകൾ ഏറെക്കുറെ സ്വായത്തമാക്കുകയുണ്ടായി.

പാലാ രൂപതയ്ക്കുവേണ്ടി വൈദികപട്ടമേറ്റ അദ്ദേഹം രൂപതാദ്ധ്യക്ഷന്റെ നിർദ്ദേശാനുസരണം മദ്രാസ്, ബൽഗാം (ഇന്ത്യ), മച്ചാക്കോസ് (ആഫ്രിക്ക), ന്യൂയോർക്ക്, ക്യാനഡ, ഡെൻവർ (നോർത്ത് അമേരിക്ക) എന്നീ രൂപതകളിൽ സേവനം അനുഷ്ഠിച്ചു. ആശുപത്രികൾ, നേഴ്സിംഗ് ഹോമുകൾ, കന്യകാലയങ്ങൾ ഫോർമേഷൻ ഹൗസുകൾ എന്നിവയുടെ ചാപ്ലയിൻ ആയി പ്രവർത്തിച്ചിട്ടുള്ള ഡോ. അഗസ്റ്റിൻ, കാത്തലിക്ക് നേഴ്സസ് ഗിൽഡിന്റെ രൂപതാ ഡയറക്ടർ, കർണ്ണാടക സ്റ്റേററ് കാത്തലിക് സ്കൂൾ മാനേജ്മെന്റ് അസോസിയേഷൻ എക്സിക്യൂട്ടിവ് അംഗം, ബൽഗാം ഡയോസിഷൻ ബോർഡ് ഓഫ് എഡ്യൂക്കേഷൻ സ്ഥാപക സെക്രട്ടറി, ഹൈസ്കൂൾ ഹെഡ്മാസ്റ്റർ, പ്രിൻസിപ്പൽ, കേരളത്തിലെ അംഗീകൃത ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷൻ പ്രസിഡന്റ്, കേരള

www.malankaralibrary.com

കാത്തലിക്ക് ട്രസ്റ്റ് ട്രഷറർ, വൈസ് പ്രസിഡന്റ് എന്നിങ്ങനെ വിവിധ നിലകളിൽ സേവനം അനുഷ്ഠിക്കുകയുണ്ടായി.

അമേരിക്കയിലെ വിശ്വവിഖ്യാതമായ നൈററ്സ് ഓഫ് കൊളംബസ് എന്ന സംഘടനയുടെ ആയുഷ്കാലാംഗമായിരുന്ന ഡോ.കച്ചിറമറ്റത്തിന് അദ്ദേഹത്തിന്റെ നിസ്തുല സേവനങ്ങളെ ആദരിച്ച് ഫോർത്ത് ഡിഗ്രി അംഗത്വം നല്കി. പ്രസ്തുത സംഘടനയുടെ ചാപ്ലിനായി തുടർന്ന് നിയമിക്കപ്പെട്ടു.

ബുദ്ധിജീവികളെ മാത്രം അംഗങ്ങളായി സ്വീകരിക്കുന്ന അമേരിക്കയിലെ ടോർച്ച് ക്ലബ് ഇന്റർനാഷണലിന്റെയും ബോൾഡർ നഗരത്തിലെ ചരിത്ര സാംസ്കാരിക ഗ്രൂപ്പിന്റെയും അംഗമെന്ന നിലയിൽ പ്രവർത്തിച്ച അദ്ദേഹം അമേരിക്കൻ സാമൂഹിക ജീവിതത്തിൽ നിർണ്ണായകമായ പങ്കു വഹിച്ചു.

1990 -ൽ അമേരിക്കയിൽ നിന്നും മടങ്ങിയെത്തിയ ഡോ. അഗസ്റ്റിൻ പാലാ രൂപതയിലെ അരുണാപുരം പള്ളിയുടെ വികാരിയായി നിയമിക്കപ്പെട്ടു. ഡോ. അഗസ്റ്റിൻ കച്ചിറമററത്തിന്റെ നേതൃത്വത്തിൽ അരുണാപുരം പള്ളി പണിയാരംഭിച്ചു. ദേവാലയത്തിന്റെ പണി പൂർത്തിയാക്കുന്നതിനു മുമ്പേ 1993 മാർച്ച് 27 -ന് അദ്ദേഹം നിര്യാതനായി. മൃതദേഹം സ്വന്തം ഇടവകയായ പിഴക് ഉറുമ്പുകാവ് ദേവാലയ സിമിററരിയിൽ പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ മാർച്ച് 28-ന് ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ സംസ്ക്കരിക്കപ്പെട്ടു.

യശഃശ്ശരീരനായ റവ.ഡോ. അഗസ്റ്റിൻ കച്ചിറമററത്തിന്റെ പാവന സ്മരണ നിലനിർത്താനായി രൂപീകരിച്ചതാണ് ഡോ. കച്ചിറമററം ഫൗണ്ടേഷൻ. 1993 ജൂൺ 12 -ന് ആരംഭിച്ച ഫൗണ്ടേഷന്റെ ഔപചാരികമായ ഉത്ഘാടനം അത്യുന്നത കർദ്ദിനാൾ മാർ ആന്റണി പടിയറ 1994 ജനുവരി 8-ാം തീയതി നിർവ്വഹിച്ചു. ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ഇതിനകം 44 ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. ഇപ്പോൾ നാലു പുസ്തകങ്ങൾ ഒരേ സമയത്താണ് പ്രകാശനം ചെയ്യുന്നത്. ബാരിസ്റ്റർ ജോർജ്ജ് ജോസഫ് എന്ന ഗ്രന്ഥം 44-ാമത്തെയാണ്. ഇതുകൂടാതെ നിരവധി ലഘുലേഖകളും അച്ചടിച്ച് പ്രസദ്ധീകരിച്ചിട്ടുണ്ട്. ദീപിക സുഹൃത്തുക്കളെ ഉണരുക എന്ന ലഘുലേഖയുടെ 700000 കോപ്പികളാണ് 1966-ൽ അച്ചടിച്ചത്.

www.malankaralibrary.com

# Archdiocese of Tiruvalla

**Dr. Thomas Mar Koorilos**
Metropolitan Archbishop



20.09.2013

## ആശംസ

സീറോ- മലങ്കര കത്തോലിക്കാസഭയിലെ രണ്ടു പ്രമുഖ അൽമായരാണ് ബാരിസ്റ്റർ ജോർജ്ജ് ജോസഫും ശ്രീ എം.എം.വർക്കിയും. മാർത്തോമാ സഭയിൽ ജനിച്ച്, മാർ ഇവാനിയോസ് പിതാവിന്റെ പുനരൈക്യത്തെ തുടർന്ന് കത്തോലിക്കാ സഭയെ ആശ്ലേഷിച്ച ബാരിസ്റ്റർ ജോർജ്ജ് ജോസഫ് ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലും തിരുവിതാംകൂറിലെ ജനകീയ പ്രക്ഷോഭണങ്ങളിലും സജീവമായി പങ്കെടുത്തു. തിരുവിതാംകൂറിലെ ജനകീയ പ്രക്ഷോഭണങ്ങളിൽ ജോർജ്ജ് ജോസഫിന്റെ സഹപ്രവർത്തകൻ ശ്രീ എം.എം. വർക്കിയായിരുന്നു. യാക്കോബായ സഭയിൽ ജനിച്ച് മാർ ഇവാനിയോസ് തിരുമേനി പുനരൈക്യപ്പെടുന്നതിന് ഏഴുവർഷം മുൻപ് വർക്കി സാർ കത്തോലിക്കാ സഭയുടെ ഒരു അംഗമായി ചേർന്നു. അവർ ഇരുവരും സഭയുടെ വീരസന്താനങ്ങളായിട്ടാണ് പിന്നീട് പ്രവർത്തിച്ചത്. എന്നാൽ അവർ ഒരിക്കലും സമുദായത്തിന്റെ മാത്രം താല്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്നതിനു വേണ്ടിയല്ല പ്രവർത്തിച്ചത്. അടിച്ചമർത്തപ്പെട്ടവരുടെയും അവഗണനയനുഭവിക്കുന്നവരുടെയും അവകാശസംരക്ഷണത്തിനു വേണ്ടിയാണ് നിലകൊണ്ടത്. ജോർജ്ജ് ജോസഫ് ദേശീയതലത്തിൽ സ്വാതന്ത്ര്യ സമരത്തിന് നേതൃത്വം നൽകി. എം.എം. വർക്കിയാകട്ടെ തിരുവിതാംകൂറിലെ പൗരാവകാശസംരക്ഷണത്തിനുവേണ്ടി വീറോടെ പ്രവർത്തിക്കുകയും ഉത്തരവാദഭരണ പ്രക്ഷോഭണത്തിന്റെ മുന്നണി പോരാളിയായി വിരാജിക്കുകയും ചെയ്തു. ആ മഹാ പുരുഷന്റെ ഒരു ജീവചരിത്രം 2012- ൽ ആദരണീയനായ ജോൺ കച്ചിറമറ്റം സാർ രചിക്കുകയുണ്ടായി. അതിന്റെ പ്രകാശനം പത്തനംതിട്ടയിൽ ചേർന്ന പുനരൈക്യവാർഷികത്തിൽ വച്ച് കാർഡിനൽ ബസേലിയോസ് മാർ ക്ലമീസ് ബാവാ തിരുമേനി നിർവ്വഹിച്ചു.

ഒരു വർഷം പിന്നിട്ടപ്പോൾ ബാരിസ്റ്റർ ജോർജ്ജ് ജോസഫിന്റെ ജീവചരിത്രം കച്ചിറമറ്റം തയ്യാറാക്കി കഴിഞ്ഞുവെന്ന് അറിയുന്നതിൽ സന്തോഷമുണ്ട്. എം.എം. വർക്കിയുടെ ജീവചരിത്രം രാഷ്ടീയ നഭസ്സിലെ

www.malankaralibrary.com

സൂര്യതേജസ് എന്ന പേരിലാണ് പ്രസദ്ധീകരിച്ചത്. സമുഹത്തിനു വേണ്ടി സമർപ്പിത ജീവിതം നയിച്ച - ഒന്നും പ്രതീക്ഷിക്കാതെ എല്ലാം ത്യജിച്ചു കൊണ്ട് ജീവിതം നയിച്ച എം.എം. വർക്കിയുടെ ജീവചരിത്രം നിറകണ്ണുക ളോടെ മാത്രമെ വായിച്ചു തീർക്കുവാൻ സാധിക്കുകയുള്ളു. ത്യാഗത്തിന്റെ യും കഷ്ടപ്പാടിന്റെയും അനാഥത്വത്തിന്റെയും കഥയാണ് ആ പുസ്തകം.

മഹാത്മജിയുടെ യംഗ് ഇന്ത്യയുടെയും മോത്തിലാൽ നെഹ്റുവിന്റെ ദ ഇൻഡിപെൻഡിന്റെയും പത്രാധിപത്യം വഹിച്ചുകൊണ്ട് ഭാരതത്തിന്റെ മുഴുവൻ ശ്രദ്ധ പിടിച്ചു പറ്റിയ ബാരിസ്റ്റർ ജോർജ്ജ് ജോസഫിന്റെ ജീവ ചരിത്രം കച്ചിറമറ്റം രചിച്ചതിൽ വളരെയധികം അഭിമാനമുണ്ട്. അത്യന്തം ആദായകരമായിരുന്ന വക്കീൽ പണി ഗാന്ധിജിയുടെ ആഹ്വാനമനുസരിച്ച് ഉപേക്ഷിച്ച് സ്വാതന്ത്ര്യസമരത്തിൽ പങ്കാളിയാവുകയാണ് ചെയ്തത്. ഒന്നും നേടുവാനായിട്ടല്ല, എല്ലാം ത്യജിക്കാൻ തയ്യാറായിട്ടാണ് അദ്ദേഹം സാതന്ത്ര്യസമരത്തിൽ പങ്കു ചേർന്നത്. ഇന്ത്യയിലെ ആദ്യത്തെ തൊഴി ലാളി സംഘടനക്ക് രുപം കൊടുക്കുന്നതിൽ ബാരിസ്റ്റർജോർജ്ജ് ജോസഫ് വഹിച്ച പങ്ക് നിസ്തുലമാണ്. പിറമലൈകള്ളൻമാർ എന്നറിയപ്പെട്ട ഒരു വർഗ്ഗക്കാരുടെയിടയിൽ ജോർജ്ജ് ജോസഫ് അവരുടെ സമഗ്ര പുരോഗതിക്കായി യത്നിച്ചു. കോടതികളിൽ പിറമലൈ കള്ളൻമാരുടെ അവകാശങ്ങൾക്കുവേണ്ടി നിരന്തരം വാദിച്ചിരുന്നു.

നിർഭയനായിരുന്നു ബാരിസ്റ്റർ ജോർജ്ജ് ജോസഫ്. മഹാത്മാഗാന്ധി യോടും മോത്തിലാൽ നെഹ്റുവിനോടും ജവഹർലാൽ നെഹ്റുവിനോടും വരെ സ്വന്തം അഭിപ്രായങ്ങൾ തുറന്നു പറയാൻ ധീരത കാട്ടിയിരുന്നു. നിർഭയനും ധീരനും സാഹസികനുമായ ബാരിസ്റ്റർ ജോർജ്ജ് ജോസഫിന്റെ ജീവചരിത്രം ഇന്നത്തെ തലമുറക്ക് മാർഗ്ഗദർശ്ശനം നൽകും. യുഗപ്രഭാവനായ ബാരിസ്റ്റർ ജോർജ്ജ് ജോസഫിന്റെ ജീവചരിത്രം നമുക്കേവർക്കും അഭിമാനം നല്കുന്നതാണ്.

ഈ പുസ്തകത്തിനു പ്രചുരപ്രചാരം ലഭിക്കട്ടെ എന്ന് ആശംസി ക്കുന്നു. സീറോ മലബാർ സഭയുടെ സഭാതാരമായി ഉയർത്തപ്പെട്ട കച്ചിറ മറ്റംസാറിന് എല്ലാ ആശംസകളും നേരുവാനും ഈ അവസരം പ്രയോ ജനപ്പെടുത്തുന്നു.

കർത്തൃശുശ്രൂഷയിൽ

**ആർച്ച് ബിഷപ്പ് തോമസ് മാർ കൂറിലോസ്**
തിരുവല്ലാ അതിരൂപത

www.malankaralibrary.com



ഡോ. എം.എം. ജേക്കബ്ബ്

# അവതാരിക

ഭാരതീയ പൊതുജീവിതത്തിൽ അവഗണിക്കാനാവാത്ത ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ബാരിസ്റ്റർ ജോർജ് ജോസഫ്. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ മഹാത്മാഗാന്ധി, ഡോ. ആനിബസന്റ്, മോത്തിലാൽ നെഹ്റു, രാജാജി, മുഹമ്മദാലി ജിന്ന, കാമരാജ്, ജവഹർലാൽ നെഹ്റു തുടങ്ങിയവരോടൊപ്പം പ്രവർത്തിച്ച ജോർജ് ജോസഫ്, തിരുവിതാംകൂറിലെ പൗരാവകാശ പ്രക്ഷോഭണങ്ങളിലും സജീവമായി പങ്കെടുത്തിരുന്നു. സഞ്ചാര സ്വാതന്ത്ര്യത്തിനുവേണ്ടി നടത്തപ്പെട്ട വൈയ്ക്കം സത്യാഗ്രഹത്തിലും സർക്കാർ സർവ്വീസിലും നിയമനിർമ്മാണ സഭകളിലും എല്ലാ സമുദായങ്ങൾക്കും ജനസംഖ്യാനുപാതികമായി പ്രാതിനിദ്ധ്യം ലഭിക്കുന്നതിനുവേണ്ടി നടത്തിയ നിവർത്തന പ്രക്ഷോഭണത്തിലും തങ്കശ്ശേരിയെ തിരുവിതാകൂറിൽ ലയിപ്പിക്കുന്നതിനെതിരായി നടന്ന പ്രവർത്തനങ്ങളിലും ജോർജ് ജോസഫ് നൽകിയ നേതൃത്വം അവിസ്മരണീയമാണ്. തിരുവിതാംകൂറിൽ നടന്ന പ്രക്ഷോഭണങ്ങളിൽ എം.എം. വർക്കിയോടൊപ്പമാണ് ജോർജ് ജോസഫ് പ്രവർത്തിച്ചത്.

ബാരിസ്റ്റർ ജോർജ് ജോസഫ് ദിവംഗതനായിട്ട് എഴുപത്തിയഞ്ചു വർഷം പിന്നിട്ടു കഴിഞ്ഞിരിക്കുന്നു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെപ്പറ്റി ഇന്നത്തെ തലമുറയ്ക്ക് കാര്യമായ അറിവൊന്നുമില്ല. നിർഭയനും, ധീരനും, സാഹസികനുമായ ജോർജ് ജോസഫ് താൻ ജീവിച്ച കാലത്ത് എടുത്ത ഉറച്ച നിലപാടുകളെപ്പറ്റി

www.malankaralibrary.com

ഇന്നത്തെ തലമുറ പഠിക്കുമ്പോൾ ഇങ്ങനെ ഒരാൾ ഇവിടെ ജീവിച്ചിരുന്നു വോയെന്ന് ഓർത്ത് അത്ഭുതപ്പെട്ടുപോകും.

ജോർജ് ജോസഫ് ഉന്നത വിദ്യാഭ്യാസത്തിനായി ലണ്ടനിലേയ്ക്ക് പോയി. എഡിൻബറോ സർവ്വകലാശാലയിൽ നിന്ന് എം.എ. ബിരുദവും, മിഡിൽ ടെമ്പളിൽനിന്ന് ബാരിസ്റ്റർ ബിരുദവും കരസ്ഥമാക്കി. ബ്രിട്ടനിലാ യിരിക്കുമ്പോൾ ഉന്നത രാജ്യതന്ത്രജ്ഞരുമായി ബന്ധം പുലർത്തുകയും ബ്രിട്ടനിലെ പ്രസിദ്ധീകരണങ്ങളിൽ കൂടി നിരവധി ലേഖനങ്ങൾ എഴുതു കയും ചെയ്തിരുന്നു. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തെപ്പറ്റി വ്യക്തമായ ഒരു ധാരണയോടുകൂടിയാണ് അദ്ദേഹം തിരുവിതാംകൂറിലേക്ക് മടങ്ങിയത്.

തിരുവിതാംകൂറിൽ അഭിഭാഷക വൃത്തിയിൽ ഏർപ്പെടാതെ അദ്ദേഹം മദ്രാസിലെത്തി. മദ്രാസിൽ നിന്ന് മധുരയിലേക്കും. മധുരയിൽ അഭിഭാഷക നായി പ്രവർത്തനം ആരംഭിച്ചു. ആനിബസന്റിന്റെ ഹോം റൂൾ പ്രസ്ഥാന ത്തിലെ ഒരു സജീവ പ്രവർത്തകനായി ജോർജ് ജോസഫ് മാറി.

പ്രമുഖ അഭിഭാഷകനായി ചുരുങ്ങിയനാൾകൊണ്ട് പ്രസിദ്ധനായി തീർന്ന ജോർജ് ജോസഫ് റൗലക്ട് ആക്ടിനെതിരെയുള്ള പ്രക്ഷോഭണ ത്തിൽ പങ്കു ചേർന്നു. ഗാന്ധിജിയുടെ ആഹ്വാനം സ്വീകരിച്ച് അഭിഭാഷക വൃത്തിയുപേക്ഷിച്ച് സ്വാതന്ത്ര്യ സമരത്തിന് നേതൃത്വം നൽകി. മഹാത്മജി യുടെ യംഗ് ഇന്ത്യയുടെയും മോത്തിലാൽ നെഹ്റുവിന്റെ ദ ഇൻഡിപെൻഡന്റി ന്റെയും പത്രാധിപത്യം ഏറ്റെടുത്തതോടെ ജോർജ് ജോസഫിന്റെ ഖ്യാതി ഇന്ത്യയിലെങ്ങും വ്യാപിച്ചു.

ഇന്ത്യയിൽ ആദ്യം തൊഴിലാളി യൂണിയൻ കെട്ടിപ്പെടുക്കുവാൻ ശ്രമി ച്ചവരിൽ പ്രമുഖനായിരുന്നു അദ്ദേഹം. മധുരയിലെ മിൽ തൊഴിലാളികളെ സംഘടിപ്പിച്ച് ചരിത്രം കുറിക്കുവാൻ അദ്ദേഹത്തിന് സാധിച്ചു.

ഇന്ത്യയിൽ നിലനിന്ന ജാതിവ്യവസ്ഥയോട് പൊരുത്തപ്പെടുവാൻ അദ്ദേഹത്തിന് ഒരിക്കലും സാധിച്ചിരുന്നില്ല. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ജാതിവ്യവസ്ഥക്കെതിരെ പോരാടാൻ തീരുമാനിച്ചതിൽ ജോർജ് ജോസഫ് സന്തുഷ്ടനായിരുന്നു. ആ തീരുമാനത്തിന്റെ അനന്തരഫലമായി രുന്നല്ലോ വൈയ്ക്കം സത്യാഗ്രഹം. വളരെയധികം സന്തോഷത്തോടെ വൈയ്ക്കം സത്യാഗ്രഹത്തിൽ പങ്കുചേർന്ന് അറസ്റ്റു വരിച്ചു. വൈയ്ക്കത്തെ ത്തിയ മഹാത്മജി വൈയ്ക്കം സത്യാഗ്രഹത്തിൽ ഹിന്ദുക്കൾ മാത്രമേ പങ്കെ ടുക്കാവൂ എന്ന് അഭിപ്രായപ്പെടുകയും മറ്റുള്ളവരോടെല്ലാം വൈയ്ക്കത്തു നിന്നും പിന്മാറുവാൻ ആവശ്യപ്പെടുകയും ചെയ്തു. ഗാന്ധിജിയുടെ ഈ അഭിപ്രായം ജോർജ് ജോസഫിന് ഹിതകരമായിരുന്നില്ല. കാലക്രമേണ ജോർജ് ജോസഫ് ഗാന്ധിജിയിൽ നിന്നും കോൺഗ്രസ്സിൽ നിന്നും അക ന്നു. കോൺഗ്രസ്സുമായും ഗാന്ധിജിയുമായും അകലം പാലിച്ചപ്പോഴും ഇന്ത്യൻ രാഷ്ട്രീയ സംഭവ വികാസങ്ങൾ അദ്ദേഹം സശ്രദ്ധം വീക്ഷി

www.malankaralibrary.com

ച്ചുകൊണ്ടിരുന്നു. കാലക്രമേണ അദ്ദേഹം കോൺഗ്രസ്സിൽ മടങ്ങിയെത്തി. ഇതിനിടയിൽ മധുര മുൻസിപ്പൽ തിരഞ്ഞെടുപ്പിലും തഞ്ചാവൂർ മണ്ഡല ത്തിൽ നിന്നും നിയമസഭയിലേക്ക് നടന്ന തിരഞ്ഞെടുപ്പിലും ജോർജ് ജോസഫ് മത്സരിച്ചു പരാജയമടഞ്ഞു. പരാജയപ്പെട്ട ജോർജ് ജോസഫിനെ ലജിസ്ലേറ്റീവ് കൗൺസിലിലേക്ക് നോമിനേറ്റ് ചെയ്ത് മന്ത്രിസഭയിൽ ഉൾപ്പെ ടുത്തുവാൻ രാജഗോപാലാചാരി ശ്രമിച്ചു. പിൻവാതിലിൽകൂടി അധികാര ത്തിൽ കയറാൻ അദ്ദേഹം കൂട്ടാക്കിയില്ല. അദ്ദേഹത്തിന്റെ സ്വഭാവമഹിമ യാണ് ഇവിടെ പ്രകടമാകുന്നത്.

ജോർജ് ജോസഫ് ഒരു ഇതിഹാസ പുരുഷനായിരുന്നു. അദ്ദേഹ ത്തിന്റെ ഒരു ജീവചരിത്രം ശ്രീ ജോൺ കച്ചിറമറ്റം തയ്യാറാക്കിയത് ഈ തലമുറക്ക് അദ്ദേഹത്തെപ്പറ്റി പഠിക്കുവാൻ ഒരു അവസരമായി. അറിയപ്പെ ടാത്ത പല കാര്യങ്ങളും ഈ ഗ്രന്ഥത്തിൽ നിന്നും മനസ്സിലാക്കുവാൻ നമുക്ക് സാധിക്കും. തിരുവിതാംകൂർ എന്ന കൊച്ചുരാജ്യം ഭാരതത്തിന് നൽകിയ വലിയ സമ്മാനമാണ് ജോർജ് ജോസഫ്. തനിക്ക് ശരിയെന്ന് തോന്നുന്ന കാര്യങ്ങൾ വളവും തിരിവുമില്ലാതെ മഹാത്മജിയോടും നെഹ്റുവിനോടും മോത്തിലാലിനോടും തുറന്നു പറയാൻ ധീരത കാണിച്ച ഒരു മഹാപുരുഷ നായിരുന്നു ജോർജ് ജോസഫ് എന്ന് ഈ ഗ്രന്ഥത്തിൽ നിന്നും നമുക്ക് മന സ്സിലാകും.

ബാരിസ്റ്റർ ജോർജ് ജോസഫിനെപ്പറ്റി കിട്ടാവുന്ന കാര്യങ്ങൾ മുഴു വൻ ശേഖരിക്കുവാൻ കച്ചിറമറ്റം ശ്രമിച്ചിട്ടുണ്ട്. അത് വരും തലമുറക്ക് ഒരു മുതൽക്കൂട്ടായിരിക്കും. ഷർട്ടിട്ട ഒരു ഗാന്ധിജിയെ ഇന്നത്തെ തലമുറ ഓർക്കു ന്നില്ല. എന്നാൽ അങ്ങനെയൊരു ഗാന്ധിജിയുണ്ടായിരുന്നു. ഷർട്ടും കോട്ടും വേണ്ടെന്നുവച്ച് ഇന്നത്തെ മഹാത്മജിയിലേക്ക്, ഗാന്ധിജിയെ നയിച്ചത് ഒരു മലയാളിയുടെ വീട്ടിൽ വച്ചായിരുന്നുവെന്ന കാര്യം ഇന്നാർക്കുംതന്നെ അറി യില്ല. എന്നാൽ ആ പരിവർത്തനത്തിന് സാക്ഷ്യം വഹിച്ചത് മധുരയിലെ ബാരിസ്റ്റർ ജോർജ് ജോസഫിന്റെ ഭവനമായിരുന്നുവെന്നത് ഈ പുസ്തക ത്തിൽ നിന്നും ഗ്രഹിക്കുമ്പോൾ ഇന്നത്തെ തലമുറ അത്ഭുതപ്പെട്ടുപോകും. സ്വതന്ത്ര്യം കിട്ടുന്നതിന് ഒൻപതു വർഷം മുൻപ് നിലച്ചുപോയൊരു ശബ്ദ മാണ് ബാരിസ്റ്റർ ജോർജ് ജോസഫിന്റേത്. എന്നാൽ അദ്ദേഹത്തിന്റെ സഹോ ദരങ്ങൾ പോത്തൻ ജോസഫും പി.എം. ജോസഫും സ്വതന്ത്രഭാരതത്തിന്റെ ചരിത്രത്തെ മാറ്റിയെഴുതിയവരാണെന്നത് ഈ ഗ്രന്ഥം വായിക്കുമ്പോൾ നമുക്ക് ബോദ്ധ്യമാകും. തിരുവിതാംകൂറിൽ നിന്നും ഇന്ത്യൻ ദേശീയതയി ലേക്ക് വളർന്ന ആദ്യ നേതാക്കളിൽ ഒരാളായിരുന്നു ജോർജ് ജോസഫ്.

ശ്രീ. ജോൺ കച്ചിറമറ്റത്തിന്റെ 35-ാമത്തെ പുസ്തകമാണ് ബാരിസ്റ്റ റുടെ ജീവചരിത്രം. കച്ചിറമറ്റം രചിച്ചിട്ടുള്ള എല്ലാ ഗ്രന്ഥങ്ങളും ചരിത്രഗ്ര ന്ഥങ്ങളാണ്. അനുദിനം വിസ്മരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന മഹാത്മാക്കളുടെ

www.malankaralibrary.com

ജീവചരിത്രം രചിക്കുന്നതിൽ കച്ചിറമറ്റം കാണിക്കുന്ന താല്പര്യം അഭിനന്ദനാർഹമാണ്. തച്ചിൽ മാത്തുത്തരകൻ, ഷെവ. ഇലഞ്ഞിക്കൽ തര്യതുകുഞ്ഞിത്തൊമ്മൻ, എം.ഒ. ജോസഫ് നെടുങ്കുന്നം, എം.എം. വർക്കി തുടങ്ങിയവരുടെ ജീവചരിത്രം ഈയടുത്ത നാളുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആ ജീവചരിത്രഗ്രന്ഥങ്ങളിലൂടെ കേരളത്തിന്റെ ചരിത്രം നമുക്ക് ഗ്രഹിക്കുവാൻ സാധിക്കും. കൂടാതെ മൺമറഞ്ഞവരും ജീവിച്ചിരിക്കുന്നവരുമായ 1500-ഓളം മഹാരഥന്മാരുടെ ചെറുജീവചരിത്രങ്ങൾ മൂവായിരത്തിലധികം പേജുകളിലായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആ ഗ്രന്ഥങ്ങളെ ജീവചരിത്ര വിജ്ഞാനകോശം എന്നാണ് പത്രങ്ങൾ വിശേഷിപ്പിച്ചത്.

നിർഭയനായ ഒരു സ്വാതന്ത്ര്യസമര സേനാനിയുടെ ജീവിത കഥ കിട്ടാവുന്ന വസ്തുതകൾ മുഴുവൻ ശേഖരിച്ച് തയ്യാറാക്കിയ കച്ചിറമറ്റത്തിനെ പ്രത്യേകം അഭിനന്ദിക്കുന്നു. ഇനിയും ഇതുപോലുള്ള ചരിത്രഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു കാണുവാൻ ആഗ്രഹിക്കുന്നു. ഈ ജീവചരിത്ര ഗ്രന്ഥം സന്തോഷത്തോടും അതിലേറെ അഭിമാനത്തോടുംകൂടി സവിനയം പൊതുജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

രാമപുരം
20.09.2013

ഡോ. എം. എം. ജേക്കബ്ബ്
മുൻമേഘാലയ ഗവർണർ

www.malankaralibrary.com

# ആമുഖം

ഇന്ത്യൻ രാഷ്ട്രീയത്തിലെ മുടിചൂടാമന്നനായിരുന്നു ജോർജ്ജ് ജോസഫ്. മലയാളക്കരയിൽ ജനിച്ച്, ബ്രിട്ടനിൽ വിദ്യാഭ്യാസം പൂർത്തിയാക്കി, മധുരയിൽ അഭിഭാഷകനായി പ്രവർത്തിച്ച് ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ മോത്തിലാൽ നെഹ്റു, ജവഹരിലാൽ നെഹ്റു, മഹാത്മജി, രാജഗോപാലാചാരി എന്നിവരോട് ഒപ്പം നിന്ന് പ്രവർത്തിച്ച ജോർജ്ജ് ജോസഫിന്റെ ജീവിതം ഒരു ഇതിഹാസം തന്നെയായിരുന്നു. തന്റെ അഭിപ്രായങ്ങൾ ആരുടെ മുന്നിലും തുറന്നുപറയാൻ അദ്ദേഹം ധൈര്യം കാണിച്ചിരുന്നു. മഹാത്മജിയുടെ നിലപാടുകളെപ്പോലും എതിർത്തുകൊണ്ട് ലേഖനങ്ങൾ എഴുതിയിരുന്നു. ആരുടെ മുമ്പിലും മുട്ടുമടക്കാത്ത നിർഭയനായ ഒരു പൊതുപ്രവർത്തകനായിരുന്നു അദ്ദേഹം. ആ മഹാമനുഷ്യന്റെ വ്യക്തിത്വത്തെപ്പറ്റി ശരിയായ ഒരു പഠനം നടത്താൻ ആരും തയ്യാറായിട്ടില്ല.

ജോർജ്ജ് ജോസഫ് ദിവംഗതനായി അഞ്ചുദിവസം കഴിഞ്ഞപ്പോഴാണ് ഈ ലേഖകൻ ജനിച്ചത്. തിരുവിതാംകൂറിലെ ജനകീയ പ്രക്ഷോഭണങ്ങളെപ്പറ്റിയും ഹോംറൂൾ പ്രസ്ഥാനം, ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് തുടങ്ങിയവയുടെ പ്രവർത്തനങ്ങളെപ്പറ്റിയും പഠനം നടത്തിയപ്പോൾ, ജോർജ്ജ് ജോസഫിനെപ്പറ്റി പലടത്തും പ്രതിപാദിച്ചിരിക്കുന്നത് മനസ്സിലാക്കാൻ ഇടയായി. എങ്കിലും ജോർജ്ജ് ജോസഫിന്റെ പ്രവർത്തനങ്ങളെപ്പറ്റി വ്യക്തമായ അറിവ് ഒന്നും ലഭിച്ചില്ല. തിരുവിതാംകൂർ ചരിത്രം തിരുത്തിക്കുറിച്ച ശ്രീ. എം.എം. വർക്കി, ബാരിസ്റ്റർ ജോർജ്ജ് ജോസഫിന്റെ ഒരു സഹപ്രവർത്തകനായിരുന്നു. പ്രത്യേകിച്ചും തിരുവിതാംകൂറിൽ നടന്ന ജനകീയ പ്രക്ഷോഭണങ്ങളിൽ. വർക്കിയിൽ നിന്നും ജോർജ്ജ് ജോസഫിന്റെ വ്യക്തിത്വത്തെപ്പറ്റി പല കാര്യങ്ങളും മനസ്സിലാക്കാൻ സാധിച്ചു. പ്രമുഖ ചരിത്രകാരനായ എം.ഒ. ജോസഫ് നെടുംകുന്നം എഴുതിയിട്ടുള്ള ലേഖനങ്ങളിൽ ബാരിസ്റ്റർ ജോർജ്ജ് ജോസഫിനെപ്പറ്റി പ്രതിപാദിച്ചിരിക്കുന്നതും വായിക്കാനിടയായി.

മലയാളികളുടെ അഭിമാനഭാജനമായ ബാരിസ്റ്റർ ജോർജ്ജ് ജോസഫിനെപ്പറ്റി മലയാളികളെ അറിയിക്കുന്നതിനായി ഒരു ചെറുജീവചരിത്രഗ്രന്ഥം രചിക്കണമെന്ന ആശയം അനേക വർഷങ്ങളായി എന്റെ മനസ്സിൽ ഉദിച്ചു. ജീവചരിത്രഗ്രന്ഥത്തിൽ ബാരിസ്റ്റർ എഴുതിയിട്ടുള്ള ലേഖനങ്ങൾ ചേർക്കണമെന്നും ഉദ്ദേശിച്ചു. അതൊന്നും ശേഖരിക്കുവാൻ സാധിച്ചില്ല.

ബാരിസ്റ്റർ ജോർജ്ജ് ജോസഫിന്റെ ജീവചരിത്രഗ്രന്ഥ രചനയ്ക്ക് 2008-ൽ ആണ് ആരംഭം കുറിച്ചത്. അത് പൂർത്തീകരിക്കാൻ 5 വർഷം

www.malankaralibrary.com

വേണ്ടിവന്നു. ഈ അഞ്ചുവർഷത്തിനിടയിൽ എം.എം.വർക്കിയുടെയും, എം.ഒ.ജോസഫ് നെടുങ്കുന്നത്തിന്റെയും മുൻമന്ത്രി ബി. വെല്ലിംഗ്ടന്റെയും എല്ലാം ജീവചരിത്രം എഴുതി പ്രസിദ്ധീകരിച്ചു. എന്നാൽ ബാരിസ്റ്റർ ജോർജ്ജ് ജോസഫിന്റെ ജീവചരിത്രം പൂർത്തിയാക്കാൻ അഞ്ചുവർഷത്തിനുശേഷമാണ് സാധിച്ചത്. ഉത്സാഹക്കുറവല്ല, ചേർക്കേണ്ട പലതും ചേർക്കാൻ - ശേഖരിക്കാൻ സാധിക്കാത്തതുകൊണ്ടാണ്. ഇനിയും പൂർത്തിയാക്കാതിരിക്കുന്നതു ശരിയല്ലെന്നു തോന്നിയതുകൊണ്ടാണ് ലഭിച്ച വസ്തുതകൾ വച്ച് ഈ ഗ്രന്ഥം തയ്യാറാക്കുന്നത്. ജോർജ്ജ് ജോസഫിന്റെ അപൂർണ്ണമായ ഒരു ചരിത്രമാണെന്നേ ഞാൻ അവകാശപ്പെടുന്നുള്ളു. ജോർജ്ജ് ജോസഫ്, യംഗ് ഇന്ത്യയിലും, ഇന്ത്യൻ ഇൻഡിപെൻഡന്റിലും ഡക്കാൻ ഹെറാൾഡിലും ഒക്കെ എഴുതിയ ലേഖനങ്ങൾ ഈ പുസ്തകത്തിൽ ചേർക്കണമെന്നായിരുന്നു എന്റെ ആഗ്രഹം. അതെല്ലാം ചേർക്കാൻ സാധിച്ചിരുന്നുവെങ്കിൽ ഈഗ്രന്ഥം കൂടുതൽ പ്രയോജനപ്രദമാകുമായിരുന്നു, പക്ഷെ സാധിച്ചില്ല.

തിരുവിതാംകൂറിൽ നടന്ന ജനകീയ പ്രക്ഷോഭണങ്ങളിൽ പ്രാധാന്യം അർഹിക്കുന്ന ഒന്നായിരുന്നു വൈക്കം സത്യാഗ്രഹവും നിവർത്തന പ്രക്ഷോഭണവും. ആ രണ്ടുപ്രക്ഷോഭണങ്ങളിലും ജോർജ്ജ് ജോസഫ് വഹിച്ച പങ്ക് വിലപ്പെട്ടതാണ്. തങ്കശ്ശേരി പ്രശ്നത്തിലും അദ്ദേഹത്തിന്റെ നേതൃത്വം സജീവമായിരുന്നു. അതെല്ലാം ഈ ഗ്രന്ഥത്തിൽ ചേർക്കാൻ ശ്രമിച്ചിട്ടുണ്ട്. നിവർത്തനപ്രക്ഷോഭണത്തിനുശേഷം രൂപം കൊണ്ട സ്റ്റേറ്റ് കോൺഗ്രസ്സിന്റെ രൂപീകരണത്തിനും പ്രചോദനം നല്കിയത് ജോർജ്ജ് ജോസഫായിരുന്നു.

ദേശീയ രാഷ്ട്രീയത്തിലും തിരുവിതാംകൂർ രാഷ്ട്രീയത്തിലും സ്വന്തമായ വ്യക്തിമുദ്ര പതിപ്പിച്ച ബാരിസ്റ്റർ ജോർജ്ജ് ജോസഫിന്റെ ജീവിതകഥ ചെറുതെങ്കിലും ആദ്യമായി പ്രസിദ്ധീകരിച്ചത് അദ്ദേഹത്തിന്റെ പുത്രി മായാ തോമസാണ്. 52 പേജുകൾ മാത്രമുള്ള ആ ചെറുഗ്രന്ഥത്തിൽ ജോർജ്ജ് ജോസഫിന്റെ പ്രവർത്തനങ്ങളെപ്പറ്റി ഭംഗിയായി വിവരിച്ചിട്ടുണ്ട്. കുടുംബസംബന്ധമായ ഏതാനും ഫോട്ടോകളും ആ ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്. ഈ ഗ്രന്ഥനിർമ്മിതിക്ക് ഈ ചെറുപുസ്തകത്തോട് കടപ്പാടുണ്ട്. അവരുടെ പ്രസ്താവനകളിലെ പല ഭാഗങ്ങളും അതിൽനിന്നും ലഭിച്ച ഫോട്ടോകളും ആ ഗ്രന്ഥത്തിൽ ചേർക്കാൻ ശ്രമിച്ചിട്ടുണ്ട്. ഈ ഗ്രന്ഥം ഇംഗ്ലീഷ് ഭാഷയിലാണ് രചിച്ചിരിക്കുന്നത്. മലയാളികളുടെയിടയിൽ അക്കാരണംകൊണ്ട് ഈ ഗ്രന്ഥം അധികം പ്രചാരിച്ചിട്ടില്ല.

ബാരിസ്റ്റർ ജോർജ്ജ് ജോസഫിന്റെ ചെറു മകൻ ഡോ. ജോർജ്ജ് ഗീവർഗീസ് ജോസഫ് ഇംഗ്ലീഷിൽ ഒരു ജീവചരിത്രഗ്രന്ഥം രചിച്ചിട്ടുണ്ട്. George Joseph: The life and times of a Kerala Christian Nationalist എന്നാണ് ആ ഗ്രന്ഥത്തിന്റെ പേര്. 2003-ലാണ് ആ ഗ്രന്ഥം പ്രസിദ്ധീകരിച്ചത്. ഇംഗ്ലീഷിൽ രചിച്ച ആ ഗ്രന്ഥത്തിന്റെ മലയാളപരിഭാഷ ബാരിസ്റ്റർ

www.malankaralibrary.com

ജോർജ്ജ് ജോസഫ് കഥയും കാലവും എന്ന പേരിൽ വി. രാധാകൃഷ്ണൻ, വി. രാധാമണികുഞ്ഞമ്മ, പി.എൻ. വേണുഗോപാൽ എന്നിവർ ചേർന്ന് നിർവ്വഹിച്ചു. ചെങ്ങന്നൂരെ റെയിൻബോ ബുക്ക് പബ്ലിഷേഴ്സ് ആണ് മലയാള പരിഭാഷ പ്രസിദ്ധീകരിച്ചത്. ആ ഗ്രന്ഥത്തിന്റെ പതിനായിരക്കണക്കിന് കോപ്പികൾ കേരളത്തിൽ വിതരണം ചെയ്തിരുന്നുവെങ്കിൽ ബാരിസ്റ്റർ ജോർജ്ജ് ജോസഫ് തിരുവിതാംകൂറിൽ വീണ്ടും പുനർജനിക്കുമായിരുന്നു. ആ ഗ്രന്ഥം പബ്ലിഷ് ചെയ്ത റെയിൻബോ ബുക്ക് പബ്ലിഷേഴ്സ് ആ ഗ്രന്ഥത്തിലെ ഏതാനും ഭാഗങ്ങൾ ഈ ഗ്രന്ഥത്തിൽ പ്രസിദ്ധീകരിക്കുന്നതിന് അനുമതി നല്കുകയും ചെയ്തു. ഏതാനും നാളുകൾക്ക് മുൻപ് അദ്ദേഹം ദിവംഗതനായി. ജോർജ്ജ് ജോസഫ് കഥയും കാലവും എന്ന മലയാള പരിഭാഷ പ്രസിദ്ധീകരിച്ച അദ്ദേഹത്തോടുള്ള നന്ദി ഈ ഗ്രന്ഥത്തിലൂടെ രേഖപ്പെടുത്തുവാൻ വലിയസന്തോഷമുണ്ട്.

ജോർജ്ജ് ജോസഫിനെപ്പറ്റി ലഭിച്ച വിവരങ്ങൾ ചേർത്ത് പ്രസിദ്ധീകരിക്കുന്ന ഈ ഗ്രന്ഥം മലയാളികളുടെ മുമ്പിൽ സ്നേഹപൂർവ്വം സമർപ്പിക്കുന്നു. ദേശീയ രാഷ്ട്രീയത്തിലെ അതിപ്രഗത്ഭരിൽ ഒരാളായ ജോർജ്ജ് ജോസഫിനെപ്പറ്റി കൂടുതൽ പഠിക്കുന്നതിന് ഈ ഗ്രന്ഥം സഹായകരമാകുമെങ്കിൽ ഞാൻ കൃതാർത്ഥനായി.

ഈ ഗ്രന്ഥത്തിന് ഒരു ആശംസ എഴുതിത്തന്ന തിരുവല്ലാ അതിരൂപതാദ്ധ്യക്ഷൻ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ തിരുമേനി ചരിത്ര കാര്യങ്ങളിൽ വലിയ തല്പരനാണ്. സ്നേഹസമ്പന്നനായ തിരുമേനിയോടുള്ള നന്ദി പ്രകാശിപ്പിക്കട്ടെ. ഈ ഗ്രന്ഥത്തിന് അവതാരികയെഴുതി അനുഗ്രഹിച്ചത് വർത്തമാനകാലഘട്ടത്തിലെ ഇന്ത്യൻ രാഷ്ട്രീയത്തിലെ കറ പുരളാത്ത പൊതുജീവിതത്തിന്റെ ഉടമയായ മുൻ മേഘാലയാ ഗവർണ്ണറും കേന്ദ്രമന്ത്രിയുമായ ഡോ.എം.എം. ജേക്കബ്ബാണ്. അദ്ദേഹത്തോട് പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

രാമപുരം  
പിഴക്  
20-9-2013

**ജോൺ കച്ചിറമറ്റം**

www.malankaralibrary.com



## ഗാന്ധിജിയുടെ കത്ത്

1933 – 36 കാലഘട്ടത്തിൽ കോൺഗ്രസ്സിൽ നിന്നും ജോർജ്ജ് ജോസഫ് അകന്നു കഴിഞ്ഞിരുന്നു. അപ്പോഴും ഗാന്ധിജിയ്ക്കും ജോസഫിനുമിടയിൽ അന്യോന്യം ഉണ്ടായിരുന്ന സ്നേഹവും ബഹുമാനവും അവർ അയച്ചിരുന്ന കത്തുകളിൽ നിന്നും മനസ്സിലാക്കാം. ഒരിക്കൽ മഹാത്മജി ജോർജ്ജ് ജോസഫിന് എഴുതി "George Joseph why have you forsaken me? Bapuji"
(നീ എന്തുകൊണ്ട് എന്നെ കൈവിട്ടു? ബാപ്പുജി) എത്രയോ ഹൃദയാവർജ്ജകമായ കത്തായിരുന്നു അത്. ആ ചെറുവാചകത്തിൽ എഴുതിയ കത്തിന്റെ ആഴം എത്ര വലുതായിരുന്നു!

## സൂസന്നയ്ക്ക്

ജോർജ്ജ് ജോസഫ് ദിവംഗതനായപ്പോൾ ഗാന്ധിജി, സൂസന്നയ്ക്ക് ഒരു ടെലിഗ്രാം അയച്ചു. courage (ധൈര്യമായിരിക്കുക) എന്നുമാത്രം. ഏറെ താമസിയാതെ സൂസന്ന മഹാത്മജിയ്ക്ക് ഒരു കത്തെഴുതി. അതിനുള്ള മറുപടിയിൽ ഇപ്രകാരം എഴുതി. പ്രിയപ്പെട്ട സൂസൻ, എന്റെ മുന്നിൽ നിന്റെ ദുഃഖാകുലമായ കത്ത് ഇരിക്കുന്നു. മഹാദേവ് ദേശായിക്കെഴുതിയ നീണ്ട കത്തുകളും ഞാൻ കണ്ടു. നീ സങ്കടപ്പെടരുത്. അത് ദൈവത്തിലുള്ള വിശ്വാസക്കുറവിനെ കാണിക്കും. അദ്ദേഹം നല്കുന്നു തിരിച്ചെടുക്കുന്നു. ജോസഫിന്റെ കാര്യത്തിലും അങ്ങനെ തന്നെ. ആഗ്രഹം തോന്നുമ്പോൾ നിനക്ക് എന്റെ അടുക്കലേക്കു വരാം. നിന്നെ ഒരു പ്രിയ പുത്രിയായി ഞാൻ സ്വീകരിക്കും.

www.malankaralibrary.com

# 1. അവഗണിക്കപ്പെടാനാവാത്ത വ്യക്തിത്വം

ഭാരതീയ പൊതുജീവിതത്തിൽ അവഗണിക്കാനാവാത്ത ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ബാരിസ്റ്റർ ജോർജ്ജ് ജോസഫ്. സ്വാതന്ത്ര്യ സമരത്തിലും തിരുവിതാംകൂറിൽ നടന്ന ജനകീയപ്രക്ഷോഭണങ്ങളിലും സജീവമായി പങ്കെടുക്കുകയും ആനിബസന്റ്, മഹാത്മാഗാന്ധി, മോത്തിലാൽ നെഹ്റു, ജവഹർലാൽ നെഹ്റു, സർദാർവല്ലഭായി പട്ടേൽ, ചക്രവർത്തി രാജഗോപാലാചാരി, മുഹമ്മദാലിജിന്ന, നവറോജി, സരോജനി നായിഡു, ബിപിൻ ചന്ദ്രപാൽ, കാമരാജ്, അംബേദ്കർ, കെ.പി. കേശവമേനോൻ തുടങ്ങിയവരോടൊപ്പം അഖിലേന്ത്യാ തലത്തിൽ സ്വാതന്ത്ര്യ സമരത്തിലും, ഷെവ. ഐ. സി. ചാക്കോ, സി. കേശവൻ, റ്റി.എം. വർഗീസ്, ജോൺ നിധീരി, ജേക്കബ്ബ് കുര്യൻ, ഷെവ. ഇലഞ്ഞിക്കൽ തര്യതുകുഞ്ഞിത്തൊമ്മൻ, റ്റി. കെ. മാധവൻ, എം.എം. വർക്കി, ആർച്ച് ബിഷപ് മാർ ഇവാനിയോസ് തുടങ്ങിയവരോടൊപ്പം തിരുവിതാംകൂർ പ്രശ്നങ്ങളിലും പങ്കെടുത്ത ബാരിസ്റ്റർ ജോർജ്ജ് ജോസഫ് അർഹിക്കുന്ന അംഗീകാരം ലഭിക്കാത്ത ഒരു മലയാളി ക്രിസ്ത്യാനിയാണ്.

തിരുവിതാംകൂറിലെ ക്രിസ്ത്യാനികളും പിന്നോക്ക വിഭാഗങ്ങളും അനുഭവിക്കുന്ന അവഗണന ലോകശ്രദ്ധയിൽ കൊണ്ടുവരുന്നതിൽ ജോർജ്ജ് ജോസഫ് വഹിച്ച പങ്ക് അതിശ്രദ്ധേയമാണ്. ഉന്നതവിദ്യാഭ്യാസത്തിനായി ഇംഗ്ലണ്ടിലേക്കു പുറപ്പെട്ട അദ്ദേഹം എഡിൻ സർവ്വകലാശാലയിൽ നിന്ന് എം.എ. ബിരുദവും ലണ്ടൻ മിഡിൽ ടെമ്പിളിൽ നിന്നും ബാരിസ്റ്റർ ബിരുദവും കരസ്ഥമാക്കി. തന്റെ ഇംഗ്ലണ്ടിലെ വിദ്യാഭ്യാസ കാലം ബ്രിട്ടണിലെ പ്രമുഖ രാജ്യതന്ത്രജ്ഞരുമായി പരിചയപ്പെടുന്നതിന് വേദിയാക്കി. അക്കാലത്ത് യൂറോപ്യൻ പ്രസദ്ധീകരണങ്ങളിൽ കൂടി നിരവധി ലേഖനങ്ങൾ എഴുതി ഭാരത ദേശാഭിമാനിയായി യശസ് സമ്പാദിക്കുകയും ചെയ്തു. നാട്ടിൽ തിരിച്ചെത്തിയ അദ്ദേഹം മധുരയിലും മദ്രാസിലും അഭിഭാഷകനായി പ്രവർത്തിച്ചു.

രാഷ്ട്രീയ കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തിയിരുന്ന ബാരിസ്റ്റർ ജോർജ്ജ് ജോസഫ് ആനിബസന്റുമായി പരിചയപ്പെടുകയും അവർ ഇന്ത്യയിൽ രൂപീകരിച്ച തിയോസഫിക്കൽ സൊസൈറ്റിയുമായി ബന്ധപ്പെടുകയും ചെയ്തു. ആനിബസന്റ് രൂപീകരിച്ച ഹോം റൂൾ പ്രസ്ഥാനത്തിലെ ഒരു വീരഭടനായി ചേരുകയും അതിന്റെ പ്രചരണാർത്ഥം ഇന്ത്യയൊട്ടാകെ സഞ്ചരിക്കുകയും ചെയ്തു. ഇന്ത്യൻ പ്രശ്നങ്ങളെപ്പറ്റി ബ്രിട്ടീഷ് ജനതയെ ഉൽബുദ്ധരാക്കു

www.malankaralibrary.com

ന്നതിനുവേണ്ടി പ്രവർത്തിക്കാൻ രൂപീകരിച്ച സംഘത്തിലെ പ്രതിനിധിയായി അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. ബ്രിട്ടനിലേക്ക് കടക്കുന്നതിനുള്ള അനുവാദം പോലും കൊടുക്കുവാൻ ഗവണ്മെന്റ് തയ്യാറായില്ല.

പൗരസ്വാതന്ത്ര്യത്തെ പൂർണ്ണമായി ഹനിക്കുന്ന റൗലക്റ്റ് ആക്ടിനെതിരെ മഹാത്മജി നടത്തിയ സത്യാഗ്രഹ സമരത്തിലെ ഒരു അംഗമായി അദ്ദേഹം ചേർന്നു ഇന്ത്യയിലെ അഭിഭാഷകരുടെ ഇടയിൽ ഉന്നതമായ പദവി ലഭിച്ച അദ്ദേഹം അത്യന്തം ആദായകരമായിരുന്ന വക്കീൽ പണി ഉപേക്ഷിച്ച് സത്യാഗ്രഹത്തിൽ പങ്കുചേർന്ന് അറസ്റ്റ് വരിച്ചു.

പ്രമുഖ അഭിഭാഷകനായി ചുരുങ്ങിയ നാൾകൊണ്ട് അറിയപ്പെട്ട ജോർജ്ജ് ജോസഫ് ഗാന്ധിജിയുടെ ആഹ്വാനമനുസരിച്ച് അഭിഭാഷകവൃത്തിയുപേക്ഷിച്ച് സ്വാതന്ത്ര്യ സമരത്തിൽ പങ്കുചേർന്നു. ഗാന്ധിജിയുടെ യംഗ് ഇന്ത്യ എന്ന പത്രത്തിന്റെയും മോട്ടിലാൽ നെഹ്റുവിന്റെ ദ ഇൻഡിപെൻഡൻന്റ് എന്ന പത്രത്തിന്റെയും പത്രാധിപരായിരുന്നു ജോർജ്ജ് ജോസഫ്. നെഹ്റുവിനോടൊപ്പം ജയിലിൽ കിടന്നിരുന്ന കാലത്ത് ഭാരതത്തിന്റെ രാഷ്ട്രീയ ഭാവിയെപ്പറ്റി ഇരുവരും ചർച്ച ചെയ്തിരുന്നു. അത് അദ്ദേഹത്തിന്റെ ജീവിതത്തെ തന്നെ മാറ്റിമറിച്ചുവെന്ന് പറയാം.

ഇന്ത്യയിൽ അന്ന് നിലവിലിരുന്ന ജാതിവ്യവസ്ഥയും തീണ്ടൽതൊടീൽ വ്യവസ്ഥിതിയും ജോർജ്ജ് ജോസഫിനെ ആകുലപ്പെടുത്തിയിരുന്നു. ആ വ്യവസ്ഥിതിക്കെതിരെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് പോരാടാൻ തീരുമാനിച്ചത് ജോർജ്ജ് ജോസഫിൽ ആവേശമുളവാക്കി. അതിന്റെ തുടർനടപടിയായിരുന്നു വൈയ്ക്കം സത്യാഗ്രഹം. ആ സത്യാഗ്രഹസമരത്തിന് നേതൃത്വം നല്കാൻ വലിയ പ്രതീക്ഷകളോടെയാണ് അദ്ദേഹം എത്തിയത്. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ തീരുമാനം നടപ്പിലാക്കുകയെന്നുള്ള ഭാരിച്ച ഉത്തരവാദിത്വമാണ് അദ്ദേഹം ഏറ്റെടുത്തത്. ആ സമരത്തിന് നേതൃത്വം നല്കാൻ അദ്ദേഹത്തിന്റെ ഭാര്യ സൂസന്നയും വൈയ്ക്കത്തെത്തി. സത്യാഗ്രഹ സമരത്തിൽ പങ്കെടുത്തുകൊണ്ട് ജോർജ്ജ് ജോസഫ് അറസ്റ്റ് വരിച്ചു ജയിലിലായി.

വൈയ്ക്കം സത്യാഗ്രഹത്തിൽ പങ്കെടുക്കാനെത്തിയ മഹാത്മജി വൈയ്ക്കം സത്യാഗ്രഹത്തിൽ ഹിന്ദുക്കൾ മാത്രമേ പങ്കെടുക്കാവു എന്നും മറ്റുള്ളവർ എല്ലാം സ്ഥലം വിട്ടുകൊള്ളണമെന്നും പ്രഖ്യാപിച്ചു. കോൺഗ്രസ്സിന്റെ തീരുമാനമനുസ്സരിച്ച് അയിത്തോച്ചാടനത്തിന് എതിരായി ആരംഭിച്ച വൈയ്ക്കം സത്യാഗ്രഹത്തെ ഗാന്ധിജി വർഗീയവൽക്കരിച്ചുവെന്ന ആക്ഷേപം ജനങ്ങളിൽ വ്യാപകമായി. ആ ചിന്താഗതിക്കാരനായിരുന്നു ജോർജ്ജു ജോസഫും. വൈയ്ക്കം സത്യാഗ്രഹത്തിൽ നിന്നും ജോർജ്ജ് ജോസഫ് പിൻമാറിയെങ്കിലും ആ സമരത്തെ പിടിച്ചു നിർത്തുവാൻ പിൻപിൻ നിന്ന് ബാരിസ്റ്റർ ജോർജ്ജ് ജോസഫിനോളം പ്രവർത്തിച്ചവർ വേറെ അധികമുണ്ടാവുകയില്ല.

www.malankaralibrary.com

ഇവിടം തുടങ്ങി പല കാരണങ്ങളാൽ ഗാന്ധിജിയിൽ നിന്നും ജോർജ്ജ് ജോസഫ് അകന്നു. ഗാന്ധിജിയുടെ രാമരാജ്യത്തെ ശക്തിയായി എതിർത്തു കൊണ്ട് 8 ലേഖനങ്ങൾ അദ്ദേഹം എഴുതി.

ഗാന്ധിജിയിൽ നിന്നും കോൺഗ്രസ്സിൽ നിന്നും അകന്ന ജോർജ്ജ് ജോസഫ് വീണ്ടും അഭിഭാഷകവൃത്തിയിൽ ശ്രദ്ധകേന്ദ്രീകരിച്ചു. എന്നാൽ അദ്ദേഹം രാഷ്ട്രീയപ്രവർത്തനത്തിൽ നിന്നും പൂർണ്ണമായി വിട്ടുമാറിയില്ല. ഈയവസരത്തിൽ ഗാന്ധിജി ജോർജ്ജ് ജോസഫിന് എഴുതിയ കത്തിൽ "ജോർജ്ജ് ജോസഫ് നിങ്ങളെന്തുകൊണ്ടാണ് എന്നെ കയ്യൊഴിഞ്ഞത്" എന്നു ചോദിച്ചു. ഗാന്ധിജിയും ജോർജ്ജ് ജോസഫുമായുണ്ടായിരുന്ന വ്യക്തി പരമായ ബന്ധത്തിന്റെ തീവ്രതയാണ് ഗാന്ധിജിയുടെ കത്തിൽ നിന്നും വ്യക്തമാകുന്നത്.

1935-ഓടുകൂടി ഒരു ദശവർഷത്തിനുശേഷം ജോർജ്ജ് ജോസഫ് കോൺഗ്രസ്സുമായി അടുത്തു.

രണ്ടുതിരഞ്ഞെടുപ്പുകളിൽ അദ്ദേഹം മത്സരിച്ച് പരാജയപ്പെട്ടു. 1937-ലെ സെൻട്രൽ ലെജിസ്ലേറ്റീവ് അസംബ്ലിയിലേക്കുണ്ടായ ഒരു തെര ഞ്ഞെടുപ്പിൽ അദ്ദേഹം എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു. നല്ല പാർലമെന്റ റിയനും പ്രഭാഷകനും എന്ന നിലയിൽ പ്രശോഭിച്ച ജോർജ് ജോസഫ് 1938 മാർച്ച് 5-ന് ദിവംഗതനായി. ഈ ലേഖകൻ ജനിക്കുന്നതിന് അഞ്ചുദിവസം മുൻപ്. ജോർജ്ജ് ജോസഫിനെപ്പറ്റി കേട്ടറിവ് മാത്രമേ ഈ ലേഖകനുള്ളു. വൈയ്ക്കം സത്യാഗ്രഹത്തിന്റെയും നിവർത്തന പ്രക്ഷോഭണത്തിന്റെയും ഒക്കെ ചരിത്രം പഠിച്ചപ്പോൾ ആ ചരിത്രത്തിലെല്ലാം ജോർജ്ജ് ജോസഫ് മിന്നിത്തിളങ്ങി നിൽക്കുന്നതാണ് കണ്ടത്. ദേശീയ പ്രക്ഷോഭണ രംഗങ്ങളിൽ അദ്ദേഹം വഹിച്ച പങ്ക് തട്ടിച്ചുനോക്കുമ്പോൾ അദ്ദേഹം ആ രംഗത്തു നട ത്തിയ ചലനം എത്രയോ വലുതായിരുന്നുവെന്ന് മനസ്സിലാകും. ശക്തമായ സാമൂഹ്യാവബോധത്തോടൊപ്പം ഒരു അഭിഭാഷകനെന്ന നിലയിൽ ആർജ്ജിച്ച വിശകലന പാടവവുമായി കൂടിച്ചേർന്നപ്പോൾ അശരണരായ കേരളത്തിലെ തീണ്ടൽ ജാതിക്കാരുടെയും തമിഴ്നാട്ടിലെ കാട്ടു ജാതിക്കാരുടെയും പ്രശ്നങ്ങളിൽ ഫലപ്രദമായ ഇടപെടലുകൾ നടത്താൻ അദ്ദേഹത്തിന് കഴിഞ്ഞു. മധുരയിലെ മിൽത്തൊഴിലാളികളുടെ കാര്യത്തിലും അദ്ദേഹം പ്രത്യേകം ശ്രദ്ധ നൽകി. ഭാരതത്തിലെ ആദ്യകാല ട്രേഡ് യൂണി യനുകളിൽ ഒരെണ്ണത്തിന് രൂപം നല്കാൻ മധുരയിലെ മിൽതൊഴി ലാളികൾക്ക് പ്രചോദനം നല്കിയതും മറ്റാരുമല്ല. മദ്രാസ് പ്രവിശ്യയിലെ വരേണ്യബ്രാഹ്മണർക്കെതിരെയും ജന്മദേശമായ തിരുവിതാംകൂറിലെ സവർണ്ണജാതിക്കെതിരെയും വിവിധഘട്ടങ്ങളിൽ നടന്ന പോരാട്ടങ്ങളിൽ അദ്ദേഹം മുന്നണിപോരാളിയായിരുന്നു. ജീവിതത്തിലെ അന്ത്യഘട്ടത്തിൽ ഏതാനും വർഷങ്ങളിൽ ഭാരതത്തിലെ ക്രിസ്തീയ താല്പര്യ സംരക്ഷകനായി അദ്ദേഹം മാറി.

www.malankaralibrary.com

അദ്ദേഹത്തിന്റെ സഹപ്രവർത്തകനായ ശ്രീ. എം. എം. വർക്കിയും ചരിത്രകാരനായ ശ്രീ. എം.ഒ. ജോസഫ് നെടുങ്കുന്നവും ബാരിസ്റ്റർ ജോർജ്ജ് ജോസഫിന്റെ ധീരസാഹസിക നയങ്ങളെപ്പറ്റി പറയുന്നത് പലപ്പോഴും കേൾക്കേണ്ടി വന്നിട്ടുണ്ട്. ജോർജ്ജ് ജോസഫിനെപ്പറ്റി കൂടുതൽ പഠിക്കാൻ അവരുമായിട്ടുള്ള ബന്ധം സഹായകമായി. അതാണ് ഇങ്ങനെയൊരു ജീവ ചരിത്രഗ്രന്ഥം രചിക്കുവാൻ എന്നെ പ്രേരിപ്പിച്ചത്.

ഏതൊരു വ്യക്തിയുടെയും വളർച്ചയിൽ താൻ ജനിച്ചുവളർന്ന കാല ഘട്ടത്തിലെ രാഷ്ട്രീയവും സാമൂഹ്യവും മതപരവുമായ പശ്ചാത്തലം ഒരുപ രിധിവരെ സ്വാധീനിച്ചിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ ജോർജ്ജ് ജോസഫ് ജനിച്ച കാലഘട്ടത്തിലെ സാമൂഹ്യവും മതപരവും രാഷ്ട്രീയവുമായ പശ്ചാ ത്തലത്തെപ്പറ്റി അല്പം ചിന്തിക്കുന്നത് ഉചിതമായിരിക്കും.

www.malankaralibrary.com

# 2. സഭാപരമായ പശ്ചാത്തലം

ക്രിസ്തുശിഷ്യന്മാരിൽ ഒരുവനായ മാർത്തോമ്മാശ്ലീഹായുടെ പ്രേഷിത പ്രവർത്തനഫലമായി ഉടലെടുത്ത ക്രിസ്തീയ സമൂഹമാണ് മാർത്തോമ്മാ ക്രിസ്ത്യാനികളുടേത്. പുരാതനവും ശക്തവും ഇന്നും നില നിന്നുപോരുന്നതുമായ പാരമ്പര്യങ്ങളനുസരിച്ച് എ.ഡി. 52-ൽ മാർത്തോമ്മാ ശ്ലീഹാ കൊടുങ്ങല്ലൂരിൽ കപ്പലിറങ്ങി. ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലെ സുവിശേഷ പ്രഘോഷണത്തിനും ക്രിസ്തീയ സമൂഹങ്ങളുടെ സ്ഥാപന ത്തിനുശേഷം എ.ഡി. 72-ന് മൈലാപ്പൂരിൽവച്ച് അദ്ദേഹം രക്തസാക്ഷിത്വം വരിച്ചു. പാരമ്പര്യമനുസരിച്ച് മാർത്തോമ്മാശ്ലീഹാ കേരളത്തിൽ കൊടുങ്ങ ല്ലൂർ, പാലയൂർ, പറവൂർ, കോട്ടക്കാവ്, കോക്കമംഗലം, ചായൽ, നിരണം, കൊല്ലം എന്നിവിടങ്ങളിൽ പള്ളികൾ സ്ഥാപിച്ചു. ഭാരതത്തിന്റെ സാംസ്കാ രിക പാരമ്പര്യങ്ങളോടലിഞ്ഞു ചേരുകയും അതേസമയം തോമാശ്ലീ ഹായാൽ തന്നെ സ്ഥാപിതമായ പേർഷ്യയിലെ സഭയുമായി ബന്ധപ്പെടു കയും ചെയ്തുകൊണ്ടാണ് ഈ സഭ വളർന്നു വന്നത്. സാർവ്വത്രിക സഭ യുമായി ആദ്യകാലം മുതലേ കേരളത്തിലെ അപ്പസ്തോലികസഭ കൂട്ടാ യ്മയിലായിരുന്നു. ഇവിടുത്തെ സഭ ഏകവിശ്വാസത്തിൽ ഏകയോഗമായി നിലനിന്നിരുന്നുവെന്നത് സത്യമാണ്.

കേരളസഭയുടെ വ്യക്തിത്വം എന്നു ഫാ. പ്ലാസിഡ് സി.എം.ഐ.യുടെ ഗ്രന്ഥത്തിന് ഫാ. ഹൊർമീസ് പെരുമാലി സി.എം.ഐ. എഴുതിയ അവതാ രികയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "ആദിമക്രിസ്ത്യാനികളിൽ ഭൂരി ഭാഗവും ഹിന്ദുമതത്തിലും സമുദായത്തിലും പെട്ടവരായിരുന്നതുകൊണ്ട് അവരുടെ ജീവിതരീതിയും സാമൂഹ്യാചരങ്ങളുമാണ് ക്രിസ്ത്യാനികൾ അവ ലംബിച്ചു പോരുന്നത്. ഹിന്ദുക്കളും ക്രിസ്ത്യാനികളും തമ്മിൽ വിശ്വാസ വിഷയങ്ങളിലല്ലാതെ, മറ്റൊന്നിലും കാതലായ വ്യത്യാസങ്ങളുണ്ടായിരുന്നി ല്ല. ഇങ്ങനെ ഇവിടുത്തെ മാർത്തോമ്മാ നസ്രാണികൾ, ആദ്യാപി സംസ്കാ രത്തിൽ ഹിന്ദുക്കളും വിശ്വാസത്തിൽ ക്രിസ്ത്യാനികളും ആരാധനയിൽ പൗരസ്ത്യരുമായുള്ള ഒരു വ്യക്തിത്വമാണ് പുലർത്തിപ്പോന്നത്. അനന്യസാ ധാരണവും അസൂയാർഹവുമായ തീക്ഷ്ണതയോടെ പൂർവ്വപിതാക്കന്മാർ ഈ വ്യക്തിത്വം സംരക്ഷിച്ചുപോരുകയും ചെയ്യുന്നു."

കേരളസഭയുടെ ഭരണം യഥാർത്ഥത്തിൽ വഹിച്ചിരുന്നത് അർക്കദി യാക്കോൻ എന്നറിയപ്പെടുന്ന ഏതദ്ദേശീയ വൈദികാധികാരിയായിരുന്നു. അർക്കദിയാക്കോന്റെ സ്ഥാനപ്പേര് അഖിലേന്ത്യായുടെയും അർക്കദിയാ

www.malankaralibrary.com

ക്കോൻ എന്നായിരുന്നു. ആകയാൽ ഇന്ത്യ മുഴുവനിലെയും സഭ കേരളത്തിലേക്ക് കേന്ദ്രീകരിക്കപ്പെട്ടു. അർക്കദിയാക്കോന്മാരുടെ നേതൃത്വത്തിൽ കേരളസഭ അതിന്റെ പ്രവർത്തനങ്ങൾ തുടർന്നുപോന്നു. കേരളീയരുടെ സാമൂഹ്യരാഷ്ട്രീയ നേതാക്കന്മാരും അർക്കദിയാക്കന്മാർ തന്നെയായിരുന്നു.

സെന്റ് തോമസിനാൽ സ്ഥാപിതമായ ഇവിടുത്തെ ക്രൈസ്തവസമൂഹം തനതായ ഒരു ജീവിതശൈലി സ്വായത്തമാക്കിയിരുന്നു. ആഴമായ വിശ്വാസവും തീവ്രമായ സഭാസ്നേഹവും ഇവിടുത്തെ സഭയെ ചൈതന്യവത്താക്കിയിരുന്നു. വി. തോമാശ്ലീഹാ വളർത്തിയെടുത്ത സഭാജീവിതശൈലിയെ തോമ്മായുടെ മാർഗ്ഗമെന്നാണ് നമ്മുടെ പൂർവ്വികർ വിശേഷിപ്പിച്ചിരുന്നത്. നമ്മുടെ സഭാജീവിതത്തിന് ചുക്കാൻ പിടിച്ചത് ഈ മാർഗ്ഗമാണ്.

സഭാഭരണത്തെ സംബന്ധിച്ചിടത്തോളം ഈ സഭയ്ക്ക് നൂറ്റാണ്ടുകളുടെ പാരമ്പര്യമാണുണ്ടായിരുന്നത്. പള്ളിയോഗം അല്ലെങ്കിൽ യോഗമെന്നത് ഈ ഭരണസമ്പ്രദായത്തിന്റെ പൊതുവിലുള്ള പേരാണ്. കുടുംബത്തലവന്മാരും തദ്ദേശീയവൈദികരും ഉൾപ്പെട്ട ഒരു യോഗമാണ് ഓരോ സ്ഥലത്തെയും പള്ളിഭരണം നടത്തിയിരുന്നത്. ഇടവക വൈദികരിൽ പ്രായം ചെന്നയാൾ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചിരുന്നു. പള്ളിയുടെ ഭൗതിക സ്വത്തുക്കൾ മാത്രമല്ല ഇടവകയിലെ ക്രിസ്തീയ കൂട്ടായ്മയുടെ മുഴുവൻ മേലന്വേഷണം നടത്തിയിരുന്നത് പള്ളിയോഗമായിരുന്നു. പ്രാദേശിക കാര്യങ്ങൾക്കായി വിളിച്ചുകൂട്ടപ്പെടുന്ന ഇടവകയോഗവും മഹായോഗവുമായിരുന്നു പള്ളിയോഗത്തിന്റെ ഔദ്യോഗിക തലങ്ങൾ. പൊതുതാല്പര്യമുള്ള കാര്യങ്ങൾ എല്ലാ ഇടവകകളിലെയും പ്രതിനിധികൾ ഒരുമിച്ചുകൂടിയാണ് തീരുമാനിച്ചിരുന്നത്. പരസ്യപാപങ്ങൾ സംബന്ധിച്ച കേസുകൾ കൈകാര്യം ചെയ്യുക, സഭാസമൂഹത്തിൽ നിന്നും തൽകാലത്തേക്ക് പുറം തള്ളുവാനുള്ള തീരുമാനങ്ങളെടുക്കുക, തുടങ്ങിയ ചുമതലകളും പള്ളിയോഗത്തിനുണ്ടായിരുന്നു. പള്ളിയോഗത്തിൽ വൈദികർക്കും അൽമായർക്കും തുല്യമായ അവകാശം ലഭിച്ചിരുന്നു. സഭയിലെ ഈ സ്വയംഭരണശൈലി കണ്ടുകൊണ്ടാണ് വിദേശികൾ ക്രിസ്ത്യൻ റിപ്പബ്ലിക്കുകൾ എന്ന് ഈ സഭയെ വിശേഷിപ്പിച്ചത്.

## പോർട്ടുഗീസുകാരുടെ ആഗമനം

16-ാം നൂറ്റാണ്ടിൽ കച്ചവടത്തിനായി പോർട്ടുഗീസുകാർ കേരളത്തിൽവന്നതോടുകൂടി സഭാമണ്ഡലത്തിൽ അസ്വസ്ഥതകൾ തലപൊക്കി. പാശ്ചാത്യ കത്തോലിക്കരായ പോർട്ടുഗീസുകാർ കേരളസഭയുമായി ആദ്യം വളരെ രമ്യതയിൽ കഴിഞ്ഞുകൂടി. എന്നാൽ ഇവിടുത്തെ ക്രിസ്ത്യാനികളെ തങ്ങളുടെ വൈദികഭരണത്തിൽകീഴ് കൊണ്ടുവരുന്നത് അവരുടെ സാമ്രാജ്യവിപുലീകരണത്തിന് സഹായകമാകുമെന്ന് പോർട്ടുഗീസുകാർ കണക്കാക്കി. കച്ചവടത്തിന്റെ പേരിൽ ഇവിടെയെത്തിയ പോർട്ടുഗീസുകാർ സാവകാശത്തിൽ ക്രിസ്ത്യാനികളുടെ സഭാജീവിതത്തിലും ആധിപത്യം ഉറ

www.malankaralibrary.com

പ്പിച്ചു. ധാരാളം ക്രിസ്ത്യൻ മിഷനറിമാരെയും അവർ ഇതേ ലക്ഷ്യത്തോടു കൂടി കേരളത്തിലെത്തിച്ചു.

## ഉദയംപേരൂർ സൂനഹദോസ്

നൂറ്റാണ്ടുകളായി ഇവിടെ നിലനിന്നിരുന്ന കൽദായക്രമങ്ങളുമായി യാതൊരു പരിചയവുമില്ലാതിരുന്ന പോർട്ടുഗീസ് പാതരിമാർ കേരളത്തിലെ നസ്രാണി ക്രിസ്ത്യാനികളെ നെസ്തോറിയന്മാരായി കണക്കാക്കി. കൽദായ ഭാഷയും അതിലെ ആരാധനാക്രമങ്ങളും നെസ്തോറിയൻ മതത്തെയും അതിന്റെ സിദ്ധാന്തങ്ങളെയും ആദരിക്കുന്നവയായിരുന്നുവെന്നും തന്മൂലം ആ പാഷാണ്ഡതയെ ഉന്മൂലനം ചെയ്യുന്നതിനുള്ള ഏകമാർഗ്ഗം തൽഭാഷയും ആരാധനക്രമങ്ങളും നീക്കുകയും അവയെ ഉപയോഗിക്കുന്ന ക്രിസ്ത്യാനികളെ തങ്ങളുടെ അധികാരത്തിൽ കൊണ്ടുവരികയും മാത്രമാണെന്ന് അവർ വിശ്വസിക്കുകയും അതിനുവേണ്ടി കേരളസഭയെ ലത്തീകരിക്കാനുള്ള ശ്രമത്തിൽ ഏർപ്പെടുകയും ചെയ്തു. ആ ശ്രമത്തിന്റെ ഭാഗമായി ഗോവൻമെത്രാപ്പോലീത്തായായിരുന്ന ഡോ. മെനേസിസ് മെത്രാപ്പോലീത്ത ഉദയംപേരൂർ ഒരു സൂനഹദോസ് വിളിച്ചുകൂട്ടി. അക്കാലത്ത് നിലവിലിരുന്ന സകല സഭാനിയമങ്ങളെയും കാറ്റിൽ പറത്തിക്കൊണ്ടാണ് സൂനഹദോസ് വിളിച്ചുകൂട്ടിയത്.

നസ്രാണികളുടെ പൂർവ്വാചാരങ്ങൾ പലതും നിർത്തലാക്കാൻ സൂനഹദോസ് തീരുമാനിച്ചു. ഈ നീക്കം നസ്രാണികളെ വേദനിപ്പിച്ചു. നസ്രാണികൾ ഈ ശ്രമത്തെ സർവ്വശക്തിയുമുപയോഗിച്ച് എതിർത്തു. കേരളസഭയെ കൽദായ മെത്രന്മാർ ഭരിക്കണമെന്നാണ് സൂനഹദോസിൽ നസ്രാണികൾ അപേക്ഷിച്ചത്. അതോടെ മാർത്തോമ്മാ ക്രിസ്ത്യാനികൾ ലത്തീൻ അധികാരാതിർത്തിക്കും പോർട്ടുഗീസ് പാദ്രുവാദോയ്ക്കും കീഴിലാകുവാൻ നിർബന്ധിതരായി. നസ്രാണികളുടെ ആരാധനാക്രമവും സഭാജീവിത സംവിധാനവും ചോദ്യം ചെയ്യപ്പെട്ടു.

## കൂനൻ കുരിശു സത്യം

പോർട്ടുഗീസുകാരുടെ ഈ അധികാരപ്രയോഗത്തിൽ അതൃപ്തരായി അതിനെ എതിർത്തി മാർത്തോമ്മാ ക്രിസ്ത്യാനികൾ തദ്ദേശീയ ഭരണാധിപനായിരുന്ന ആർച്ച്ഡീക്കന്റെ നേതൃത്വത്തിൽ ഒന്നിച്ചുകൂടി. അവർ 1653 ജനുവരി 3-ാം തീയതി മട്ടാഞ്ചേരിയിൽ സമ്മേളിച്ച് പോർട്ടുഗീസുകാരായ മെത്രാന്മാരെ മേലിൽ സഭാധികാരികളായി സ്വീകരിക്കുന്നതല്ലെന്ന് സത്യം ചെയ്തു. അന്നു നടന്ന ഈ പ്രഖ്യാപനമാണ് ചരിത്രപ്രസിദ്ധമായ കൂനൻകുരിശുസത്യം. ഈ കൂനൻകുരിശുസത്യം മാർപാപ്പായ്ക്കോ കത്തോലിക്കാസഭയുടെ വിശ്വാസസംഹിതകൾക്കോ എതിരായി നടത്തിയതല്ലായിരുന്നുവെങ്കിലും ഭാവിയിൽ, അത് അന്ത്യോഖ്യായിലെ യാക്കോബായ സഭയുമായി

www.malankaralibrary.com

മൈത്രിപുലർത്തുന്നതിനും പുതിയ ബന്ധങ്ങൾ സ്ഥാപിക്കുന്നതിനും വഴി തെളിച്ചു. അങ്ങനെ ഇവിടുത്തെ സഭാന്തരീക്ഷത്തിൽ ആദ്യമായി ഭിന്നിപ്പ് ആവിർഭവിച്ചു.

കൂനൻകുരിശുസത്യത്തിനുശേഷം ആർച്ച് ഡീക്കൻ തോമസിന്റെ നേതൃത്വത്തിൽ ആലങ്ങാട്ട് സമ്മേളിച്ച യോഗമാണ്, കത്തോലിക്കാസഭയുടെ സാർവ്വത്രിക കൂട്ടായ്മയിൽ നിന്നും പിൻമാറുന്നതിനുള്ള തുടക്കം കുറിച്ചത്. അവിടെ വച്ച് 12 വൈദികർ ചേർന്ന് ആർച്ച് ഡീക്കനെ മാർത്തോമ്മാ ഒന്നാമൻ എന്ന പേരിൽ മെത്രാനായി വാഴിച്ചു. വളരെ നാളുകൾക്കുശേഷമാണ് മാർത്തോമ്മാ യഥാർത്ഥ മെത്രാനല്ലെന്നും അദ്ദേഹം മാർപാപ്പായുടെ കീഴിലല്ലെന്നും ബോദ്ധ്യം വന്നത്. അതോടെ 84 ഇടവകക്കാർ കത്തോലിക്കാസഭയോട് യോജിക്കുകയുണ്ടായി. എന്നാൽ ചിലർ ഭിന്നിച്ചു തന്നെ നിന്നു. കേരളസഭയിൽ എന്ന് ഭിന്നിപ്പുണ്ടായോ അന്നു തുടങ്ങി ഐക്യത്തിനുള്ള ശ്രമങ്ങളും നടന്നിട്ടുണ്ട്. ഏതാണ്ട് മൂന്ന് നൂറ്റാണ്ടുകാലം നടന്ന ശ്രമങ്ങൾ പൂവണിഞ്ഞത് 1930-ലെ മാർ ഇവാനിയോസിന്റെ പുനരൈക്യത്തോടുകൂടിയാണ്.

## പ്രഥമ പുനരൈക്യശ്രമം

പന്ത്രണ്ടുവൈദികരാൽ അഭിഷേകം ചെയ്യപ്പെട്ട തനിക്ക് യഥാർത്ഥ മെത്രാൻസ്ഥാനമില്ലെന്ന് മാർത്തോമ്മായ്ക്ക് അറിയാമായിരുന്നു പുനരൈക്യത്തെപ്പറ്റി ആലോചിക്കുവാൻ 1657-ൽ ഇടപ്പള്ളിയിൽ ഒരു യോഗം കൂടി. മാർത്തോമ്മായുടെ പുനരൈക്യത്തിന് രണ്ട് നിബന്ധനകൾ സമർപ്പിച്ചു. ഒന്ന് മാർതോമ്മായെ മെത്രാനായി അഭിഷേചിക്കണം. (2) അദ്ദേഹത്തിന് തന്റെ ജനങ്ങളുടെമേൽ അധികാരം നല്കണം. കേരളസഭയിലെ ഭിന്നിപ്പിനെക്കുറിച്ച് പഠിക്കുവാൻ 1658-ൽ കമ്മിസറിയായി നിയുക്തനായ ജോസഫ് സെബാസ്റ്റ്യാനി ഈ രണ്ട് അപേക്ഷകളും നിരസിച്ചു. ആർച്ച് ഡീക്കൻ സ്വയം സ്വീകരിച്ച മെത്രാൻപട്ടം പരസ്യമായി ഉപേക്ഷിക്കട്ടെയെന്ന നിലപാടാണ് ജോസഫ് സെബാസ്റ്റ്യാനി സ്വീകരിച്ചത്. ഭരണാധികാരം നല്കുന്ന കാര്യം റോം തീരുമാനിക്കണമെന്നും നിലപാട്സ്വീകരിച്ചു. അതോടെ പ്രഥമ പുനരൈക്യശ്രമം പരാജയപ്പെട്ടു.

ഒന്നാം മാർതോമ്മായ്ക്കുശേഷം ഭരണമേറ്റെടുത്ത രണ്ടും മൂന്നും മാർതോമ്മാമാരും പുനരൈക്യത്തിനുവേണ്ടി ശ്രമിച്ചെങ്കിലും പോർട്ടുഗീസ് പാതിരിമാരുടെ നിലപാടുകാരണം പ്രാവർത്തികമായില്ല.

## നാലാം മാർത്തോമ്മായുടെ പുനരൈക്യശ്രമങ്ങൾ (1688-1728)

നാല്പതുവർഷക്കാലം മലങ്കരസഭാഭരണം നിർവഹിച്ച മാർത്തോമ്മാ നാലാമന്റെ ഭരണകാലത്ത് പുനരൈക്യശ്രമങ്ങൾ വീണ്ടും ആരംഭിച്ചു.

www.malankaralibrary.com

മാർത്തോമ്മായുടെ ഭരണത്തിൽ കീഴിലിരുന്ന 29 ഇടവകക്കാരുടെയും 12 വൈദിക പ്രതിനിധികളുടെയും ഒപ്പോടുകൂടി 1704 ഡിസംബർ 7-ന് എട്ടാം ഉർബാനോസ് പാപ്പായ്ക്ക് പുനരൈക്യത്തിനുവേണ്ടി ഒരു അപേക്ഷ സമർപ്പിച്ചു. മാർതോമ്മാ മെത്രാൻ പദവിയും തന്റെ ജനങ്ങളെ ഭരിക്കുന്നതിനുള്ള അധികാരവും ലഭിക്കണമെന്നതായിരുന്നു അപേക്ഷയിലെ മുഖ്യപ്രമേയം. അതുകൂടാതെ സുറിയാനിക്രമം ഭാഷയിൽ ഉപയോഗിക്കുന്നതിനും വിശുദ്ധ കുർബ്ബാനയിൽ പുളിച്ചഅപ്പം ഉപയോഗിക്കുന്നതിനും അനുവാദം നല്കണമെന്ന് പ്രസ്തുത അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നു. അങ്ങനെ പൗരസ്ത്യ പാരമ്പര്യങ്ങളെ അന്യൂനം സംരക്ഷിക്കുവാനുള്ള മാർത്തോമ്മായുടെ ആഗ്രഹം ഈ അപേക്ഷയിൽ സ്പഷ്ടമാക്കുകയുണ്ടായി. ഈ അപേക്ഷയിന്മേൽ റോം യാതൊരു നടപടിയും അനുകൂലമായോ പ്രതികൂലമായോ നൽകിയില്ല. റോമിന്റെ താല്പര്യക്കുറവ് നാലാംമാർത്തോമ്മായെ പുനൈക്യശ്രമങ്ങളിൽ നിന്നും പിന്മാറ്റി. തുടർന്ന് അദ്ദേഹം അന്തോക്യായിലെ യാക്കോബായ സഭയുമായി അടുക്കുവാൻ ശ്രമിച്ചു.

## അഞ്ചാം മാർതോമ്മായുടെ പുനരൈക്യശ്രമങ്ങൾ

1728 മുതൽ 1765 വരെ മലങ്കര സഭാഭരണം നിർവഹിച്ച 5-ാം മാർതോമ്മായും പുനരൈക്യത്തിനുവേണ്ടി ശ്രമിച്ചു. അദ്ദേഹം മാർപാപ്പായ്ക്ക് സമർപ്പിച്ച അപേക്ഷയിൽ കേരളസഭാതലത്തിൽ ഭിന്നിപ്പ് ഉടലെടുക്കുവാനുണ്ടായ സാഹചര്യങ്ങളെപ്പറ്റി വിശദമായി പ്രതിപാദിച്ചിരുന്നു. ഗ്രീക്കുകാർക്കനുവദിച്ചതുപോലെ പുളിച്ച അപ്പം ഉപയോഗിക്കുന്നതിനുള്ള സ്വാതന്ത്ര്യം അനുവദിക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു. ഈ നീക്കത്തിനെതിരെയും മിഷനറിമാർ നീങ്ങി. മാർതോമ്മായുടെ ആ അഭ്യർത്ഥന ആത്മാർത്ഥമല്ലെന്നും അധികാരം തട്ടിയെടുക്കാനുള്ള ഒരു തന്ത്രമാണെന്നും ഹിപ്പോളിറ്റസ് എന്ന വൈദികൻ റോമിലേക്കെഴുതി. ബോളിഫണ്ട് എന്ന കർമ്മലീത്താ വൈദികനും ഈ നിലപാട് സ്വീകരിച്ചു. ഈ റിപ്പോർട്ടുകളുടെയെല്ലാം ഫലമായി മാർതോമ്മാ അഞ്ചാമന്റെ പ്രസ്താവനകളിൽ അവിശ്വാസം കൊണ്ട റോം അവ പരിഗണിക്കേണ്ടതില്ലെന്ന് 1757-ൽ വരാപ്പുഴ വികാരി അപ്പസ്തോലിയ്ക്കാക്ക് മറുപടി കൊടുത്തു.

## ആറാംമാർത്തോമ്മായുടെ പുനരൈക്യശ്രമങ്ങൾ

1765 മുതൽ 1808 വരെ സുദീർഘമായ കാലയളവിൽ മലങ്കര സഭയുടെ സാരഥ്യം വഹിച്ച ആറാം മാർതോമ്മാ തന്റെ മുൻഗാമികൾക്കുണ്ടായ കയ്പേറിയ അനുഭവങ്ങളിൽ നഷ്ടധൈര്യനാകാതെ കത്തോലിക്കാ പുനരൈക്യം ഒരു യാഥാർത്ഥ്യമാക്കി മാറ്റുവാൻ ശ്രമമാരംഭിച്ചു. ആറാംമാർത്തോമ്മയായി തിരഞ്ഞെടുക്കപ്പെട്ട പുത്തൻകൂർ സമൂഹത്തിന്റെ നേതാവായി തീർന്നപ്പോൾ മുതൽ പുനരൈക്യത്തിനുവേണ്ടിയുള്ള ശ്രമങ്ങളും ആരംഭി

www.malankaralibrary.com

ച്ചു. കത്തോലിക്കാസഭയുമായി പുനരൈക്യത്തിനുള്ള സാദ്ധ്യതകളെക്കുറിച്ച് മലബാറിലെ വികാരി അപ്പസ്തോലിക്കായിരുന്ന ഫ്ളോറൻസ് മെത്രാനുമായി ചർച്ച ചെയ്തു. ഫ്ളോറൻസ് മെത്രാൻ റോമുമായി ബന്ധപ്പെട്ടു. അപ്പസ്തോലിക് പ്രോട്ടോനോട്ടറി എന്ന പദവിയും അദ്ദേഹത്തിന്റെ കൂട്ടത്തിൽ നിൽക്കുന്ന ജനങ്ങളുടെമേൽ ലൗകീകാധികാരവും കൊടുത്ത് അദ്ദേഹത്തെ ആശ്വസിപ്പിക്കുവാൻ തിരുസംഘം നിർദ്ദേശിച്ചു.

ഈ സന്ദർഭത്തിലാണ് മാർ ഗ്രിഗോറിയോസ് എന്ന യാക്കോബായ മെത്രാപ്പോലീത്തായിൽ നിന്നും 1772 ജനുവരി മാസത്തിൽ ആറാം മാർത്തോമ്മാ സാധുവായ മെത്രാൻപട്ടം സ്വീകരിച്ച് മാർ ദിവനാസിയോസ് എന്ന പുതിയനാമം സ്വീകരിച്ചത്. ശരിയായ മെത്രാൻപട്ടം സ്വീകരിച്ച അദ്ദേഹത്തിന് റോമിന്റെ നിർദ്ദേശം സ്വീകാര്യമായില്ല. ഈ വിവരം 1773 ആഗസ്റ്റ് 20-ാം തീയതി അങ്കമാലിയിൽ ചേർന്ന വിശ്വാസി സമൂഹം ചർച്ച ചെയ്തു. അനന്തരം അപ്പസ്തോലിക് വിസിറ്ററായ ജസ്നിയാനിയെ അറിയിക്കുകയും മാർത്തോമ്മായ്ക്ക് തന്റെ ആശ്രിതത്വം ആഗ്രഹിക്കുന്ന പള്ളികളുടെമേൽ ഭരണാധികാരം നല്കുവാൻ അഭ്യർത്ഥിക്കുകയും ചെയ്തു. ലോറൻസ് ജസ്സീനി ഈ വിവരം റോമിലേക്കയച്ചു. പിന്നീട് മെത്രാനായി തീർന്ന സാലസിന് റോമിൽ നിന്നും ലഭിച്ച നിർദ്ദേശം മാർത്തോമ്മാ മെത്രാന് ഭരണാധികാരം നല്കുകയെന്നത് യുക്തമല്ല, കരണീയവുമല്ല എന്നാണെന്ന് സാലസ് മെത്രാൻ പറഞ്ഞു.

കേരളത്തിലെ വിദേശ മിഷനറിമാരുടെ അനാവശ്യ ഇടപെടലുകൾ ഇല്ലാതാക്കുന്നതിനുവേണ്ടി സുറിയാനിക്കാർ തങ്ങളുടെ പ്രശ്നം പരിശുദ്ധ സിംഹാസനത്തെ നേരിട്ടറിയിക്കാൻ തീരുമാനിച്ചു. അതേ തുടർന്നാണ് മാർ കരിയാറ്റിയും പാറേമ്മാക്കൽ തോമ്മാക്കത്തനാരുംകൂടി റോമിലേക്ക് പുറപ്പെട്ടത്. മാർ ദിവന്നാസിയോസിന്റെ വിശ്വാസപ്രതിജ്ഞ, അദ്ദേഹത്തെ പിന്താങ്ങിക്കൊണ്ടുള്ള ഡോ. കരിയാറ്റിയുടെയും പാറേമാക്കലിന്റെയും അപേക്ഷ, 72 പള്ളിക്കാരുടെ പുനരൈക്യം സാധിച്ചു തരണമെന്നുള്ള മറ്റൊരപേക്ഷ എന്നിവ മാർപാപ്പായ്ക്ക് സമർപ്പിച്ചു. മാർപാപ്പാ ഈ പ്രശ്നം പ്രൊപ്പഗാന്താ സംഘത്തെ ഏൽപ്പിച്ചു. പ്രൊപ്പഗാന്താ സംഘം ഈ പ്രശ്നത്തെപ്പറ്റി പഠിക്കാൻ ഗോവാ മെത്രാപ്പോലീത്തായെ ചുമതലപ്പെടുത്തി. അദ്ദേഹം സമർപ്പിച്ച റിപ്പോർട്ട് മാർദിവന്നാസിയോസിന് പൂർണ്ണമായും അനുകൂലമല്ലായിരുന്നു. കാനൻ നിയമപണ്ഡിതന്മാർ ദിവന്നാസ്യോസിനെ മെത്രാനടുത്ത അധികാരത്തോടുകൂടി കത്തോലിക്കാസഭയിലേയ്ക്ക് സ്വീകരിക്കേണ്ടതാണെന്ന് തീരുമാനിച്ചു. മാർ കരിയാറ്റി മെത്രാപ്പോലീത്തായായതോടെ ആ ചുമതല നിർവഹിക്കുവാൻ റോം 1784 ജൂലൈ 10-ാം തീയതി ഒരു കല്പനമൂലം കരിയാറ്റിയെ ചുമതലപ്പെടുത്തി. എന്നാൽ അതു യാഥാർത്ഥ്യമാക്കുന്നതിന് മുൻപ് മാർ കരിയാറ്റി ഗോവയിൽ വച്ച് മരണമടഞ്ഞു.

www.malankaralibrary.com

റോമിന്റെ നടപടി മലങ്കര വിശ്വാസികളെ തൃപ്തിപ്പെടുത്തുന്നതായിരുന്നു. എട്ടാം ഉർബൻ മാർപാപ്പായുടെ ഫോർമുല പ്രകാരം വിശ്വാസപ്രഖ്യാപനം മാർ ദിവന്നാസിയോസ് നടത്തണമെന്നു മാത്രമേ റോം നിർദ്ദേശിച്ചുള്ളു. ആ നീക്കത്തെയും ചില മിഷനറിമാർ എതിർത്തെങ്കിലും കോൺഗ്രഗേഷൻ നേരത്തെ എടുത്ത നിലപാടിൽ ഉറച്ചുനിന്നു. കൊച്ചി മെത്രാൻ സൊളദാരോ മാർദിവന്ന്യാസോസുമായി ചർച്ച നടത്തി. അദ്ദേഹം പുനരൈക്യ ത്തിന് അനുകൂലിയായിരുന്നുവെങ്കിലും വരാപ്പുഴ വികാരിയാത്തിലെ അപ്പസ്തോലിക്കയായിരുന്ന അലോഷ്യസിന്റെ ഇടപെടൽ മൂലം ഈ പ്രശ്നം വീണ്ടും റോമിന്റെ പരിഗണനയ്ക്കു വിട്ടു. 1794 ജൂലൈ 28-ന് ഗോവാ ആർച്ച് ബിഷപ്പ് ഇമ്മാനുവേലിനെ മാർ കരിയാറ്റിക്കു നൽകിയ അധികാരാവകാശങ്ങളോടുകൂടി പുനരൈക്യപ്രശ്നം കൈകാര്യം ചെയ്യാൻ നിയമിച്ചു. ബിഷപ്പ് ഇമ്മാനുവേലിന്റെ ശ്രമവും ചിലരുടെ സ്ഥാപിത താല്പര്യങ്ങൾ മൂലം പരാജയപ്പെട്ടു.

മാർ ദിവന്ന്യാസോസ് നിരാശനാകാതെ തന്റെ ഉദ്യമം തുടർന്നു. ഉദയംപേരൂർ സൂനഹദോസ് നിശ്ചയങ്ങൾ സ്വീകരിച്ചാൽ തന്റെ പുനരൈക്യാഭിലാഷം യാഥാർത്ഥ്യമായിത്തീരും എന്ന ഉദ്ദേശത്തോടെ അവയും സ്വീകരിക്കുവാൻ അദ്ദേഹം സന്നദ്ധനായി. വിശ്വാസ പ്രമാണവും അംഗീകരിച്ചുകൊള്ളാമെന്ന് പടിയോലയിൽ അദ്ദേഹം എഴുതി ഒപ്പിട്ടുകൊടുത്തു തദനുസരണം. 1799 ഇടവം 30-ന് തത്തമ്പള്ളി റോമാപ്പള്ളിയിൽ കുർബ്ബാന അർപ്പിച്ച് പുനരൈക്യം നേടിയെടുത്തു. എന്നാൽ തന്റെ അജപാലനാധികാരം സംബന്ധിച്ചു അനിശ്ചിതാവസ്ഥയിൽ നിരാശനായിത്തീർന്ന മാർ ദിവന്ന്യാസിയോസ് 6 മാസത്തിനുശേഷം യാക്കോബായ സഭയിലേക്ക് തന്നെ തിരികെപോയി. തച്ചിൽ മാത്തൂത്തരകനായിരുന്നു. ഈ പുനരൈക്യത്തിന് നേതൃത്വം നല്കിയത്. വരാപ്പുഴ അധികൃതരുടെ നീക്കംമൂലം മാത്തുത്തരകനെപ്പോലും യാക്കോബായ സമുദായം തെറ്റിദ്ധരിക്കാൻ ഇടനല്കി.

ഇതിനിടയിൽ പുത്തൻകൂർ സമുദായത്തിൽ ഒട്ടേറെ പൊട്ടലും ചീറ്റലും നടന്നു. പുത്തൻകൂർ സുറിയാനിക്കാരിൽ നിന്നും ഒരുവിഭാഗം വേർപിരിഞ്ഞ് ആംഗ്ലിക്കൽ സഭ ഇവിടെ വേരുപിടിച്ചു യാക്കോബായ സഭയിൽ നിന്നും മാർത്തോമ്മാവിഭാഗം ഉടലെടുത്തു. പുത്തൻകൂർ വിഭാഗത്തിൽതന്നെ അസ്വസ്ഥത ഉടലെടുത്തു. മാർത്തോമ്മാസഭയുടെ ആരംഭത്തെപ്പറ്റി ഡോ. സേവ്യർകൂടപ്പുഴ മാർത്തോമ്മാ സഭ വിജ്ഞാനകോശത്തിൽ ഇപ്രകാരം (പേജ് 734) ഇപ്രകാരം എഴുതിയിരിക്കുന്നു. "ആംഗ്ലിക്കൻ മിഷനറിമാരുടെ സ്വാധീനഫലമായി നവീകരണ പ്രസ്ഥാനത്തിലൂടെ കേരളത്തിലെ യാക്കോബായ സഭയിൽ നിന്നും ഉരുത്തിരിഞ്ഞതാണ് മാർത്തോമ്മാ സഭ. തോമസ് മാർ. അത്തനേഷ്യസിന്റെ (1877-1893) നേതൃത്വത്തിൽ ഉടലെടുത്ത സഭ നവീകരണകക്ഷിയെന്നും നവീകൃതയാക്കോബായക്കാരെന്നും ആരംഭത്തിൽ അറിയപ്പെട്ടിരുന്നു. ചരിത്രഗതിയിൽ വളരെയേറെ മാറ്റ

www.malankaralibrary.com

ങ്ങൾക്കും തിരുത്തലുകൾക്കും സാക്ഷ്യം വഹിക്കേണ്ടി വന്നതാണ് മാർത്തോമ്മാ സഭ.

1836 ജനുവരി 16 -ന് നടന്ന മാവേലിക്കര സിനഡിൽ വച്ച് മാർദിവാന്ന്യാസോസ് നാലാം മലങ്കര യാക്കോബായ സഭയും സി.എം.എസ്. മിഷനറിമാരും തമ്മിലുണ്ടായിരുന്ന ബന്ധം അവസാനിപ്പിച്ചു. എന്നാൽ നവീകരണ പ്രസ്ഥാനവുമായി മുന്നോട്ടു പോകുവാൻ പാലാക്കുന്നത്ത് എബ്രഹാം മല്പാൻ അനുയായികൾക്ക് നേതൃത്വം നൽകുകയും തൽഫലമായി ആരാധന ക്രമം പ്രാദേശികഭാഷയിലാക്കുകയും മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയും വിശുദ്ധരോടുള്ള മദ്ധ്യസ്ഥാപേക്ഷകളും നിർത്തലാക്കുകയും ചെയ്തു.

മാർ ദിവന്ന്യാസോസ് നാലാമൻ അബ്രഹാം മല്പാനെയും കൂട്ടരെയും നിരോധിച്ച സാഹചര്യത്തിൽ അബ്രഹാം മല്പാൻ 1841 ൽ സ്വസഹോദര പുത്രൻ മാത്യു ശെമ്മാശ്ശനെ അന്തോഖ്യാ പാത്രിയർക്കീസിന്റെ പക്കലേക്ക് അയച്ചു .1843-ൽ മാത്യൂസ് മാർ അത്തനാസ്യോസ് എന്ന പേരിൽ മെത്രാൻ പട്ടം സ്വീകരിച്ച് മെത്രാപ്പോലീത്തായുടെ അധികാരപത്രവുമായി മലബാറിൽ തിരിച്ചെത്തുകയും ചെയ്തു.ഇദ്ദേഹത്തിന്റെ ആഗമനം സഭാഭരണത്തിൽ പ്രതിസന്ധി സൃഷ്ടിച്ചു. ഇത് സഭയിൽ പിളർപ്പുണ്ടാക്കുമെന്ന് പാത്രിയാർക്കീസിനെ മാർദിവന്ന്യാസോസ് അറിയിച്ചു. മാർ കുറിലോസ് മെത്രാപ്പോലീത്തയായി മലങ്കരയിലേക്കയക്കപ്പെട്ടു. ഈ അവസരത്തിൽ കൂറീലോസ് കക്ഷിക്കാരുടെ അപേക്ഷപ്രകാരം അന്ത്യോഖ്യാ പാത്രിയാർക്കീസ് 1865-ൽ പുലിക്കോട്ടിൽ ജോസഫ് കത്തനാരെ ദിവന്ന്യാസോസ് 5-മൻ എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ചു. എന്നാൽ ഗവൺമെന്റ് ഈ നിലപാടിനെതിരായിരുന്നു. ഈ അവസരത്തിൽ (1877-ൽ) മാത്യൂസ് മാർ അത്താനാസ്യോസ് തൊഴിയൂർ മെത്രാന്റെ സഹായത്തോടെ തന്റെ സഹോദര പുത്രനായ തോമസിനെ തോമസ് മാർ അത്തനാസ്യോസ് എന്ന പേരിൽ വാഴിച്ചു. പ്രശ്നം രൂക്ഷമായതോടെ 1875-ൽ അന്തോഖ്യാപാത്രിയാർക്കീസ് ഇഗ്നേഷ്യസ് പീറ്റർ മൂന്നാമൻ മലബാറിലെത്തി മാത്യൂസ് മാർ അത്തനാസ്യോസിനെ നിരോധിക്കുകയും ഗവൺമെന്റിന്റെ പിന്തുണ പിൻവലിപ്പിക്കുകയും ചെയ്തു. 1877-ൽ മാരാമണ്ണിൽ വച്ച് മാത്യൂസ് മാർ അത്തനാസ്യോസ് മരിക്കുകയും തോമസ് മാർ അത്തനാസ്യോസ് സ്ഥാനം ഏറ്റെടുക്കുകയും ചെയ്തു. 1849 മുതൽ 1889 വരെ സമാദായ സ്വത്തുക്കളെ സംബന്ധിച്ച കേസുകൾ നടന്നിരുന്നു കോടതിയുടെ വിധിയിലൂടെ വസ്തുവകകൾ യാക്കോബായസഭക്കു ലഭിക്കുകയും ചെയ്തു. ഏങ്കിലും തങ്ങളുടെ സഭയെ നാനാവിധത്തിൽ ശക്തിപ്പെടുത്തുവാൻ സാധിച്ചു.

1893- തോമസ് മാർ അത്തനാസ്യോസ് മരണമടഞ്ഞു. 1909-രണ്ടാം തീത്തൂസിന്റെ കാലത്താണ് മാർത്തോമ്മാ സഭ എന്ന പേർ ഔദ്യോഗികമായി സ്വീകരിച്ചത്.

www.malankaralibrary.com

## നസ്രാണികൾ

ക്രിസ്ത്യാനികൾ ആദ്യകാലത്ത് നസ്രാണികൾ അഥവാ നസ്രേയർ എന്നറിയപ്പെട്ടിരുന്നു. പിന്നീട് അന്ത്യോക്യായിൽ വച്ച് ക്രിസ്ത്യാനികൾ എന്ന് വിളിക്കപ്പെടാൻ തുടങ്ങിയെങ്കിലും ഇന്ത്യയിലെ മാർത്തോമ്മാ ക്രിസ്ത്യാനികളെ നസ്രാണികൾ എന്നു തന്നെ വിളിച്ചിരുന്നു. ഭാരത സഭ യുടെ പൗരാണികത്വത്തിന് ഒരു തെളിവായി ഇത് കണക്കാക്കാവുന്നതാണ്. ഈ പേരിൽ അവർ അഭിമാനിച്ചിരുന്നു. ഇതര മതസ്തരും നസ്രാണികൾ എന്നാണ് അവരെ വിളിച്ചിരുന്നത്.

പുരാതന കേരളക്രൈസ്തവർക്ക് സമുന്നതമായ ഒരു സ്ഥാനമാണ് ഉണ്ടായിരുന്നത്. നാടുവാഴികളായ രാജാക്കന്മാർ അത് ഔദ്യോഗികമായി അംഗീകരിക്കുകയും ചെയ്തിരുന്നു പ്രത്യേക അവകാശങ്ങൾ ചെമ്പുതകി ടുകളിൽ രേഖപ്പെടുത്തിനൽകിയിരുന്നു. ഇവയെ ചെമ്പുപട്ടയങ്ങൾ അഥവാ ചെപ്പോടുകൾ എന്നാണ് പറഞ്ഞിരുന്നത്. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ മാഗ്നാകാർട്ട എന്നറിയപ്പെടുന്ന ഈ ചെപ്പോടുകളിൽ പ്രധാനപ്പെട്ടവ തരി സാപ്പള്ളി ചെപ്പോടുകൾ, ഇരവികൊത്തൽ ചെപ്പേട്ട്, ക്നായതോമ്മൻ ചെപ്പേട്ട് തുടങ്ങിയവയാണ്. ഒൻപതാം നൂറ്റാണ്ടിൽ ബ്രാഹ്മണമേധാവിത്വം സമൂഹ ത്തിൽ നിലവിലായതോടെ ഉച്ചനീചത്വം നിലനിർത്തിയ ജാതിവ്യവസ്ഥ പ്രചാ രത്തിലായി. മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് സാമൂഹിക സാംസ്ക്കാരിക മേഖലകളിൽ ഉന്നതസ്ഥാനമാണുണ്ടായിരുന്നത്. മതപരമായ രംഗത്തെന്ന പോലെ രാഷ്ട്രീയ സാമൂഹികരംഗങ്ങളിലും മാർത്തോമ്മാ ക്രിസ്ത്യാനികൾ ഉന്നതസ്ഥാനമലങ്കരിച്ചിരുന്നു. ചെപ്പേടുകളിൽ നസ്രാണികളുടെ പദവികൾ രേഖപ്പെടുത്തിയിട്ടുണ്ട്.

മാർത്തോമ്മാ മാർഗ്ഗം വിശ്വാസ ജീവിത നിയമമായി സ്വീകരിച്ച ഭാര തത്തിലെ ആദിമ ക്രിസ്ത്യാനികളെ മാർത്തോമ്മാ നസ്രാണികൾ എന്ന വിളിച്ചിരുന്നു. നസ്രായനായ യേശുവിലുള്ള വിശ്വാസം ഭാരതത്തിന് പകർന്നു തന്നത്. അവിടുത്തെ പ്രിയ ശിഷ്യനായ തോമ്മായായിരുന്നു. ഈ വിശ്വാസം ജീവിത ശൈലിയാക്കിയവരാണ്. മാർത്തോമ്മാ നസ്രാണികൾ.'ന സ്രായെ'അഥവ' 'നസ്രാണി' (നസറത്തുകാരൻ) എന്ന പദത്തിന്റെ രൂപാ ന്തരമാണ് നസ്രാണിയെന്ന പദം. അറബിയിലും 'നസ്രാണിയുനാ' എന്നാണ് നസ്രാണികളെ വിളിച്ചിരുന്നത്.

തോമ്മാശ്ലീഹാ വന്നിറങ്ങിയത് കൊടുങ്ങല്ലൂരിനടുത്തുള്ള മാല്യങ്കര (മലങ്കര) യിലായതിനാലാണ് ഇവിടുത്തെ ക്രിസ്ത്യാനികളെ മലങ്കര നസ്രാ

www.malankaralibrary.com

ണികൾ എന്ന് വിളിക്കാനിടയായതെന്ന് കരുതാം. മലയും കരയും ചേർന്ന കേരളത്തിന് മൊത്തത്തിലുള്ള പേരാണ് മലങ്കര.

മാർത്തോമ്മാ ക്രിസ്ത്യാനികളുടെ രാഷ്ട്രീയവും സാമ്പത്തികവും ബൗദ്ധികവും കലാപരവും മതപരവുമായ സവിശേഷ സിദ്ധികളുടെ ആകെത്തുകയായിരുന്നു നസ്രാണി സംസ്ക്കാരം. മാർത്തോമ്മാക്രിസ്ത്യാനികളുടെ ഈ സംസ്ക്കാരമാണ് അവരുടെ വിശ്വാസ ജീവിതശൈലി രൂപീകരിച്ചത്. തോമ്മാശ്ലീഹായുടെ വിശ്വസാനുഭവം തങ്ങളുടെ ജീവിതത്തിൽ സാംശീകരിച്ച് വിശ്വാസത്തിൽ ക്രൈസ്തവവും ആരാധനാക്രമത്തിൽ പൗരസ്ത്യവും ആചാരാനുഷ്ഠാനങ്ങളിൽ ഭാരതീയവുമായ തോമ്മായുടെ മാർഗ്ഗം മാർത്തോമ്മാ നസ്രാണികൾ തങ്ങളുടെ ജീവിതനിയമമാക്കി.

മാർത്തോമ്മാ ക്രിസ്ത്യാനികൾ എന്നറിയപ്പെട്ടിരുന്ന ഭാരതത്തിലെ പുരാതന ക്രൈസ്തവ സമൂഹത്തിന് ഭാരതത്തിൽ ക്രിസ്തുമതത്തിനോളം തന്നെ പഴക്കമുണ്ട്. 17-ാം നൂറ്റാണ്ടുവരെ സ്വന്തം തനിമയും ഐക്യവും നിലനിർത്തുന്നതിൽ ഈ സഭ വിജയിച്ചു. പാശ്ചാത്യ ദേശത്ത് പല പ്രാദേശിക സഭകളും അപ്രത്യക്ഷമായപ്പോഴും ഭാരതസഭ ഏഷ്യൻ വൻകരയിലെ ഈ പ്രദേശത്ത് തനിമയാർന്ന വ്യക്തിത്വത്തോടെ നിലനിന്നു പോന്നു. ഈ പ്രദേശത്തെ സംസ്ക്കാരവുമായി വളരെ യോജിച്ചു പോകുന്ന ഒരു ജീവിതശൈലിയും ഈ സഭ വളർത്തിയെടുത്തു എന്നാൽ 16-ാം നൂറ്റാണ്ടിൽ പാശ്ചാത്യ ലോകത്തുനിന്ന് പോർട്ടുഗീസുകാരുടെ ആഗമനവും അതേതുടർന്നുണ്ടായ മൂന്നു നൂറ്റാണ്ടു നീണ്ടുനിന്ന പാശ്ചാത്യമേൽക്കോയ്മയും(1599 -1896) ഈ സഭയുടെ ജീവിതശൈലിയെ തളർത്തുകയും വ്യക്തിത്വം വിപുലമാക്കുകയും ഐക്യം നഷ്ടമായ ഒരുതരം സങ്കരസഭയായി തരം താഴ്ത്തുകയും ചെയ്തു.

www.malankaralibrary.com

# 3. രാഷ്ട്രീയ പശ്ചാത്തലം

ഭാരതം സ്വാതന്ത്ര്യമാകുമ്പോൾ 600-ൽപരം നാട്ടുരാജ്യങ്ങൾ ഇന്ത്യയിലുണ്ടായിരുന്നു. അതിന് മുൻപ് നിരവധി നാടുവാഴികളും ചെറുരാജാക്കന്മാരും ചെറിയ ചെറിയ പ്രദേശങ്ങൾ കൈയ്യടക്കി ഭരിച്ചുകൊണ്ടിരുന്നു. മാർത്താണ്ഡവർമ്മ മഹാരാജാവ് ഭിന്നിച്ച് നിന്നിരുന്ന അനേകം ചെറുരാജ്യങ്ങളെയും നാടുവാഴികളെയും കീഴ്പ്പെടുത്തി ആധുനിക തിരുവിതാംകൂറിന് രൂപം കൊടുത്തു. എന്നാൽ അതിനുമുമ്പുള്ള ഒരു കാലത്തെപ്പറ്റിക്കൂടി അല്പം ചിന്തിക്കേണ്ടിയിരിക്കുന്നു. പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ യൂറോപ്പിൽ നിന്നും വന്ന സഞ്ചാരികളും മിഷനറിമാരും ഇന്ത്യൻ നാട്ടുരാജ്യങ്ങളിലെ ദയനീയമായ ചിത്രം വരച്ചു കാണിച്ചിട്ടുണ്ട്. രാജാക്കന്മാർ തങ്ങളുടെ സുഖസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും, ഹൈന്ദവാരാധനാ ക്ഷേത്രങ്ങളുടെ നടത്തിപ്പിനുള്ള വിഭവം കണ്ടെത്താനുമായി പൊതുജനങ്ങളെ വളരെയധികം കഷ്ടപ്പെടുത്തിയിരുന്നു. ഭരണാധികാരികൾ പൊതുജനങ്ങളിൽ നിന്ന് -വിശിഷ്യ സ്വദേശികളായ ക്രിസ്ത്യാനികളിൽ നിന്ന് തികച്ചും വിവേചനപരമായി പണം വസൂലാക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. മിഷനറിമാരായ വൈറ്റ് ഹൗസ്, ആർതർ, ബുക്കാനൻ, റീഡ് തുടങ്ങിയവർ എഴുതിയ കുറിപ്പുകളിൽ (1800-1820) ഇവിടുത്തെ ക്രിസ്ത്യാനികൾ അനുഭവിച്ച പീഡനങ്ങളുടെ കഥ വ്യക്തമാക്കിയിട്ടുണ്ട്. സുറിയാനി ക്രിസ്ത്യാനികൾ കടുത്ത പട്ടിണിയിലാണ് കഴിഞ്ഞുകൂടിയതെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. അവരെ പുനരുജ്ജീവിപ്പിക്കുകയും ആധുനികവൽക്കരിക്കുകയും ചെയ്യേണ്ടത് ആവശ്യമാണെന്ന് കേണൽ മൺറോയെപ്പോലുള്ളവർ അഭിപ്രായപ്പെട്ടിരുന്നു. ആ ലക്ഷ്യം സാധിക്കുന്നതിനുവേണ്ടിയാണ് നിരവധി മിഷനറിമാരെ മൺറോ കൊണ്ടുവന്നത്- എന്നാൽ മൺറോ സി.എം.എസ്. വിശ്വാസപ്രമാണങ്ങളോട് അനുഭാവം പ്രകടിപ്പിച്ചിരുന്നതിനാൽ സുറിയാനി ക്രിസ്ത്യാനികളോട് സർക്കാരിന് താല്പര്യമില്ലാതാക്കി തീർത്തു. ഈ നില മുക്കാൽ നൂറ്റാണ്ടോളം നിലനിന്നു. അതേതുടർന്നാണ് പൗരാവകാശങ്ങൾക്കുവേണ്ടിയുള്ള പ്രക്ഷോഭണങ്ങൾ തിരുവിതാംകൂറിൽ നടന്നത്.

ആധുനിക തിരുവിതാംകൂറിന്റെ ചരിത്രത്തിലെ ഒരു സുപ്രധാന നാഴികക്കല്ലാണ് മലയാളി മെമ്മോറിയൽ സമർപ്പണം. ആധുനിക തിരുവിതാംകൂറിന്റെ ശില്പിയായ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ ദിഗ്വിജയത്തിന്

www.malankaralibrary.com

സഹായിച്ചത് രാമയ്യൻ എന്ന തമിഴ് ബ്രാഹ്മണനനും ഡിലനായി എന്ന യൂറോപ്യൻ കത്തോലിക്കനും ആയിരുന്നു. എന്നാൽ അതിൽനിന്നും രാഷ്ട്രീയ മുതലെടുപ്പ് നടത്തിയത് രാമയ്യൻ മാത്രമാണ്. അദ്ദേഹത്തിന്റെ ബന്ധുക്കളും ആശ്രിതരുമായ അനേകം തമിഴ്ബ്രാഹ്മണർ തിരുവിതാം കൂറിൽ എത്തിച്ചേരുകയും രാജഭരണത്തിൽ സ്വാധീനം ചെലുത്തുകയും ചെയ്തു. 19-ാം നൂററാണ്ടിന്റെ ഉത്തരാർദ്ധമായപ്പോഴേക്കും തിരുവിതാം കൂറിലെ പ്രധാന ഉദ്യോഗങ്ങളെല്ലാം അവരുടെ കൈകളിലായി. തിരുവിതാം കൂറിലെ ഉയർന്ന ഉദ്യോഗങ്ങളെല്ലാം തമിഴ്ബ്രാഹ്മണരുടെ കുത്തകയായി തീരുകയും മലയാളികൾക്ക് സർക്കാർ സർവ്വീസിൽ പ്രവേശനം നിഷേധിക്കു കയും ചെയ്ത കാലഘട്ടത്തിൽ ദുർവഹമായ ഈ ബ്രാഹ്മണമേധാവിത്വത്തെ തച്ചുടയ്ക്കുവാനും മണ്ണിന്റെ മക്കൾക്ക് രാജ്യഭരണത്തിൽ ഉള്ള അവകാശം പുനഃസ്ഥാപിക്കാനും ഫലപ്രദമായ നടപടികൾ സ്വീകരിക്കുവാൻ മലയാള മണ്ണിന്റെ മക്കൾ നിർബന്ധിതരായി. അതിന്റെ ഫലമായി രൂപംകൊണ്ട പ്രക്ഷോഭണമായിരുന്നു മലയാളി മെമ്മോറിയൽ.

ഈ പ്രക്ഷോഭണം നടന്നിട്ട് 120 വർഷങ്ങൾ പിന്നിട്ടു കഴിഞ്ഞിരിക്കുന്നു. ഇതിനിടയിൽ എഴുതിയ ചരിത്രലേഖനങ്ങളിൽ ഒന്നും മലയാളി മെമ്മോറിയൽ സമർപ്പണ വിഷയത്തിൽ ഇവിടുത്തെ ക്രൈസ്തവസമുദായം വഹിച്ച പങ്കി നെപ്പറ്റി സൂചിപ്പിക്കുക പോലും ഉണ്ടായിട്ടില്ല. തെറ്റായ ചരിത്രത്തെ തിരുത്തി ക്കുറിക്കുന്നതിനോ യഥാർത്ഥ വസ്തുതകൾ വെളിച്ചത്തുകൊണ്ടുവരുന്നതിനോ ക്രൈസ്തവ സമുദായം കാര്യമായ യാതൊരു ശ്രമവും നടത്തിയിട്ടില്ല.

മലയാളി മെമ്മോറിയൽ സമർപ്പണത്തിൽ സമുദായം വഹിച്ച പങ്കും ക്രൈസ്തവ സമുദായം ചെലുത്തിയ സ്വാധീനവും വിലപ്പെട്ടതായിരുന്നു. ആ സത്യം ആരു മറച്ചുവച്ചാലും സത്യം സത്യമല്ലാതാവുകയില്ലല്ലോ.

മലയാളി മെമ്മോറിയൽ പ്രക്ഷോഭണത്തെപ്പറ്റി ക്രൈസ്തവരും ദേശീ യപ്രസ്ഥാനങ്ങളും എന്ന ഗ്രന്ഥത്തിൽ എഴുതിയിരിക്കുന്ന ഭാഗം താഴെ ചേർത്തിരിക്കുന്നു.

“ദീർഘകാലമായി സുറിയാനി കത്തോലിക്കർ വിദേശാധിപത്യത്തി നെതിരെ സമരം നടത്തിക്കൊണ്ടിരുന്ന കാലഘട്ടമായിരുന്നു അത്. സുറിയാ നികൾ സുറിയാനികൾക്ക് എന്ന മുദ്രാവാക്യം തിരുവിതാംകൂറിൽ അല യടിച്ചുകൊണ്ടിരുന്നു. തിരുവിതാംകൂർ തിരുവിതാംകൂറുകാർക്ക് എന്നു മലയാളി മെമ്മോറിയലിലൂടെ പ്രഖ്യാപിക്കുന്നതിനു സുറിയാനിക്കാരുടെ ഈ മുദ്രാവാക്യം സ്വാധീനം ചെലുത്തി. കേരളത്തിലെ ബ്രാഹ്മണമേധാ വിത്വംപോലെ ലത്തീൻമിഷനറിമാരുടെ ഭരണനുകത്തിൽനിന്നും കുതറി മാറാൻ മലയാളത്തനിമയുടെ ഏററവും കരുത്തുററ വക്താക്കളായ സുറിയാനിക്കാർ അഭിലഷിക്കുകയും അതിനുവേണ്ടി സഭാമണ്ഡലത്തിൽ നിരവധി നിവേദനങ്ങളും മെമ്മോറിയലുകളും സമർപ്പിക്കുകയും ചെയ്തു.

www.malankaralibrary.com

അതൊരു പ്രസ്ഥാനത്തിന്റെയും ആധുനികവത്ക്കരണത്തിന്റെയും നാന്ദിയായി മലയാളികൾ കണ്ടു.

ഈ കാലഘട്ടത്തെപ്പററി ശ്രീ. എം. കെ. കുമാരൻ രചിച്ച ശ്രീ. ആർ. ശങ്കറിന്റെ ജീവചരിത്രഗ്രന്ഥത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു:(പുറം 75) "തിരുവിതാംകൂർ ഭരണസംവിധാനത്തിലെ വേറൊരു നാഴികക്കല്ല് സർ ടി.മാധവരായരുടെ ഭരണകാലമാണ്. 1858 മുതൽ 1872 വരെ അദ്ദേഹം ദിവാൻ പദം വഹിച്ചു. തിരുവിതാംകൂറിൽ ഭൂപരിഷ്കാരം ആദ്യമായി ഏർപ്പെടുത്തിയത് ഈ ദിവാൻജിയാണ്. 1861 ൽ സിവിലും ക്രിമിനലുമായ വ്യവഹാര ക്രമങ്ങളെ സംബന്ധിച്ച് ബ്രിട്ടീഷ് നിയമസംഹിതകൾ ഉചിതമായ ഭേദഗതികളോടെ തിരുവിതാംകൂറിൽ നടപ്പിലാക്കി. സ്മാൾ കാസ് കോടതികൾ സ്ഥാപിച്ചു. സർക്കാർ അഞ്ചൽ പബ്ലിക് സർവ്വീസായി മാററി. ഇത്തരം ഭരണപരിഷ്കാരങ്ങളുടെ ഫലമായി സർക്കാരുദ്യോഗസ്ഥരുടെ സംഖ്യയും പ്രാധാന്യവും പടിപടിയായി വർദ്ധിച്ചു. രാജാ കേശവദാസൻ, വേലുത്തമ്പി മുതലായവരുടെ ഭരണകാലത്ത് സർക്കാരുദ്യോഗങ്ങളിൽ അധികപങ്കും ലഭിച്ചത് നായന്മാർക്കായിരുന്നു. 1847 ആയപ്പോഴേക്കും സംഖ്യയിൽ നായന്മാർക്ക് സർക്കാർ സർവ്വീസിൽ ഉള്ള പ്രാമുഖ്യം അപ്രതിരോധ്യമായി. മരുമക്കത്തായ നായർ തറവാടുകളിലെ അംഗങ്ങൾ മൂന്നിലൊരു ശതമാനത്തിന്റെ ബന്ധുവെങ്കിലും സർക്കാർ സർവ്വീസിൽ ഏതെങ്കിലും ഒരു നിലയിൽ ഉണ്ടായിരുന്നു.... ഈ പദവി നൽകുന്ന നേട്ടത്തേക്കാൾ അതു നൽകിയിരുന്ന അന്തസ്സുകൊണ്ട് ബഹുഭൂരിപക്ഷം നായന്മാരും അവ അഭികാമ്യമായി കരുതി. അതിൽ അധികാരത്തിന്റെ പ്രശ്നവും അടങ്ങിയിരുന്നു..." പുതിയ ഭരണരീതി നടപ്പിലുണ്ടായിരുന്ന കാലങ്ങളിൽ നായന്മാർക്കു സർക്കാർ സർവ്വീസിൽ ലഭിച്ച പ്രാമാണ്യം ക്രമേണ നഷ്ടപ്പെട്ടു തുടങ്ങി. പരദേശബ്രാഹ്മണരുടെ ഇരച്ചുകയററമായിരുന്നു അതിനു കാരണം. ഈസ്റ്റിന്ത്യാകമ്പനിയുടെ പുറമെ പരദേശങ്ങളിൽനിന്ന് ബ്രാഹ്മണർ ഇങ്ങോട്ടു കയറിത്തുടങ്ങി. പ്രധാനപ്പെട്ട സ്ഥാനങ്ങളിലെല്ലാം അവർ പ്രതിഷ്ഠയുറപ്പിച്ചു. ബ്രിട്ടീഷുകാരുടെയും തിരുവിതാംകൂർ മഹാരാജാവിന്റെയും പ്രീതി നേടുകയും ഭരണചക്രം തിരിക്കുന്ന മുഖ്യശക്തിയായി പരിണമിക്കുകയും ചെയ്തു.

മാധവറാവുവിന്റെ ഭരണകാലം അവസാനിക്കുമ്പോൾ പരദേശബ്രാഹ്മണരുടെ പ്രാമാണ്യം ഉച്ചകോടിയിലെത്തിക്കഴിഞ്ഞിരുന്നു. ഉദ്യോഗസ്ഥന്മാർ എന്ന നിലയ്ക്കു മാത്രമല്ല ബ്രാഹ്മണർ എന്ന നിലയ്ക്കും അവർ ജനങ്ങളുടെ ഭക്ത്യാദരങ്ങൾ നേടി. ഇംഗ്ലീഷ് വിദ്യാഭ്യാസംകൊണ്ട് ഏററം നേട്ടമുണ്ടായത് അവർക്കായിരുന്നു. 1868-69ൽ തിരുവിതാംകൂർ സർവ്വീസിൽ 9 ബിരുദധാരികളായ ഉദ്യോഗസ്ഥന്മാരുണ്ടായിരുന്നു. മദ്രാസ് കോളേജിൽനിന്ന് ബിരുദംനേടി പുറത്തു വന്ന ബ്രാഹ്മണരിൽ ഒരു നല്ല വിഭാഗത്തിന്റെ അഭയ

www.malankaralibrary.com

കേന്ദ്രം തിരുവിതാംകൂറായിരുന്നു...... തിരുവനന്തപുരത്ത് ഒരു കോളേജ് ഉണ്ടായെങ്കിലും അതിന്റെ പ്രയോജനം കൂടുതലും കരസ്ഥമാക്കിയത് പരദേശബ്രാഹ്മണർ തന്നെയായിരുന്നു. 1880 മുതൽ 89 വരെ തിരുവനന്തപുരം മഹാരാജാസ് കോളേജിൽനിന്നും 157 പേർ ഡിഗ്രി എടുത്തു പുറത്തു വന്നു. അവരിൽ 77 പേർ പരദേശബ്രാഹ്മണരായിരുന്നു.

ഇംഗ്ലീഷിലുള്ള ഉയർന്ന വിദ്യാഭ്യാസം സർക്കാർ സർവ്വീസിലേക്കുള്ള പ്രവേശനത്തിന്റെ മുഖ്യ മാനദണ്ഡമായതോടുകൂടി പരദേശ ബ്രാഹ്മണരുടെ മുന്നേററം അപ്രതിരോധ്യമായിത്തീർന്നു. 1890-ൽ മുൻ ദിവാൻ ടി. മാധവറാവുവിന്റെ ബന്ധുവായ ടി. രാമറാവു ദിവാൻജിയായി. അന്നത്തെ നാലു ദിവാൻ പേഷ്കാരന്മാരിൽ മൂന്നു പേരും ബിരുദധാരികളായ പരദേശബ്രാഹ്മണരായിരുന്നു. ഹൈക്കോടതികളിലെയും ജില്ലാകോടതികളിലെയും പതിനെട്ട് ജഡ്ജിമാരുടെ സ്ഥാനങ്ങളും അവരാണ് വഹിച്ചിരുന്നത്. ലൈസൻസുള്ള 231 വക്കീലന്മാരും, പ്ലീഡർമാരിൽ 145 പേരും മററാരുമായിരുന്നില്ല. ഇരുപത്തിയൊൻപത് തഹസിൽദാർമാരിൽ പതിനഞ്ചുപേരും മുപ്പത് ഇംഗ്ലീഷ് ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർമാരിൽ പതിനേഴുപേരും പരദേശബ്രാഹ്മണരായിരുന്നു."(പുറം 76) അന്നത്തെ ഉദ്യോഗസ്ഥിതി മനസ്സിലാക്കുവാൻ എം.കെ. കുമാരന്റെ ഈ വാക്കുകൾ സഹായകരമാണ്.

1870കളിൽ നായന്മാരും ഉന്നതവിദ്യാഭ്യാസം നേടി. സർക്കാർ സർവ്വീസിൽ ഉന്നതസ്ഥാനങ്ങൾ നേടി. സർക്കാർ സർവ്വീസിലെ പ്രതിമാസം 50 രൂപയിൽ കൂടുതലുള്ള ഉദ്യോഗസ്ഥന്മാരിൽ നാലിലൊന്ന് നായന്മാരായിത്തീർന്നു. എന്നാൽ ജനസംഖ്യാനുപാതികമായി നോക്കുമ്പോൾ ഈ നാലിലൊന്ന് സീററുകൊണ്ട് തൃപ്തിപ്പെടാനായില്ല. ജനസംഖ്യയിൽ പരദേശബ്രാഹ്മണരെക്കാൾ 17 മടങ്ങ് കൂടുതലുള്ള നായന്മാർ ഏതാണ്ട് നാലിലൊരു ഭാഗം ഉദ്യോഗംകൊണ്ട് തൃപ്തിപ്പെടേണ്ടിവന്നു. പരദേശബ്രാഹ്മണമേധാവിത്വത്തിനെതിരെ ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിച്ച നായന്മാർ ശബ്ദമുയർത്തി. എന്നുതന്നെയുമല്ല, സമൂഹത്തിന്റെമേൽ കെട്ടിവച്ച ബ്രാഹ്മണഭക്തിയേയും അവർ എതിർത്തു. ബ്രാഹ്മണരെ സൗജന്യമായി തീററിപ്പോററുന്ന ഊട്ടുപുര സമ്പ്രദായവും ചോദ്യം ചെയ്യപ്പെട്ടു. പരദേശബ്രാഹ്മണരുടെ ഉദ്യോഗസ്ഥമേധാവിത്വവും സാമ്പത്തികരംഗത്ത് അവർ നടത്തുന്ന ചൂഷണങ്ങളും വിമർശനവിധേയമായി.

പരദേശബ്രാഹ്മണരെ വരത്തന്മാരും ചൂഷകന്മാരും എന്ന് നായർ സമുദായ നേതാക്കൾ ആക്ഷേപിച്ചു. ബുദ്ധിവൈഭവംകൊണ്ടും പരീക്ഷ യോഗ്യതകൊണ്ടുമാണ് തങ്ങൾ ഈ സ്ഥാനത്തിരിക്കുന്നതെന്നു പരദേശബ്രാഹ്മണരും തിരിച്ചടിച്ചു. ഒരു നായർ എന്നെങ്കിലും എം.എ. പരീക്ഷ പാസ്സായാൽ താൻ അന്ന് തന്റെ മേൽമീശ എടുത്തുകളയുമെന്ന് ഒരു പരദേശബ്രാഹ്മണൻ തുറന്നു പറയുകയും ചെയ്തു.

www.malankaralibrary.com

ഇങ്ങനെ പരദേശബ്രാഹ്മണരും നായന്മാരും തമ്മിൽ വഴക്കടിക്കുന്ന കാലത്ത് തിരുവിതാംകൂറിൽ നിലനിന്ന ബ്രാഹ്മണമേധാവിത്വം അവസാനിപ്പിക്കുന്നതിന് ഒരു സംഘടിത മുന്നേററം ഉണ്ടാകണമെന്നു നിധീരിക്കൽ മാണിക്കത്തനാർ ആഗ്രഹിച്ചു. പാറായിൽ അവിരാവർക്കിത്തരകന്റെ ഊററമായ പിന്തുണയും ലഭിച്ചു. ഈ നേതാക്കന്മാർ എല്ലാ മതത്തിലും ജാതിയിലും പെട്ട നേതാക്കന്മാരെക്കണ്ട് ഇതിനെപ്പററി ആലോചിച്ചു. പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കിയ തിരുവനന്തപുരത്തെ മലയാളി സഭാംഗങ്ങൾ മലയാളി മെമ്മോറിയൽ സമർപ്പണത്തിനായി മുന്നോട്ടുവന്നു. മലയാളി സഭാംഗങ്ങൾ നായന്മാരായിരുന്നു. എങ്കിലും മെമ്മോറാണ്ടം സമർപ്പണം നായർ മെമ്മോറിയലായി തരംതാഴരുതെന്ന് അവർ ആഗ്രഹിക്കുകയും ചെയ്തു. അതിനുവേണ്ടി നിധീരിക്കൽ മാണിക്കത്തനാരുമായി ബന്ധപ്പെട്ട് ഒരു സംയുക്തനീക്കം ആരംഭിച്ചു. രാജ്യത്തിന്റെ നാനാ ഭാഗങ്ങളിലും മഹായോഗങ്ങൾ സംഘടിപ്പിച്ചു. ഒപ്പുശേഖരണം നടത്തി. മാണിക്കത്തനാരുടെ വലംകൈയ്യായി നിന്ന പാറായിൽ വർക്കിത്തരകൻ ആളും അർത്ഥവും നൽകി മെമ്മോറിയലിന്റെ പറവൂർ സമ്മേളനം വിജയിപ്പിച്ചു. മലയാളി സോഷ്യൽ യൂണിയന്റെയും മലയാളി സഭയുടെയും അംഗമായ പി. അയ്യപ്പൻപിള്ളയുടെ വീട്ടിലാണ് മെമ്മോറിയലിന്റെ കരടുരൂപം തയ്യാറാക്കാൻ ആദ്യ ആലോചനായോഗം നടന്നത്. ഒപ്പുശേഖരണത്തിൽ സി. കൃഷ്ണപിള്ള സജീവമായി പരിശ്രമിച്ചു. പാറായിൽ തരകനെപ്പോലെ മലയാളി മെമ്മോറിയലിനു സാമ്പത്തിക സഹായം നൽകിയവരിൽ പ്രമുഖനായിരുന്നു കാവാലം നീലകണ്ഠപ്പിള്ള. രാഷ്ട്രീയ പ്രക്ഷോഭണത്തിന്റെ നടുനായകത്വം വഹിച്ച ജി. പരമേശ്വരൻ പിള്ള, ഈഴവസമുദായ നേതാവായിരുന്ന ഡോ. പല്പു, ഭൂവുടമയായ നാഞ്ചിനാട്ട് വെള്ളാളൻ, പി.എസ്. ശിവൻപിള്ള, ദത്തുകുടുംബംവഴി ആലപ്പുഴയുടെ പ്രിയങ്കരനായിത്തീർന്ന സിറിയക് നിധീരി; കണ്ടത്തിൽ വർഗ്ഗീസ് മാപ്പിള തുടങ്ങിയവർ മെമ്മോറിയൽ സമർപ്പണത്തിനു സജീവ നേതൃത്വം നൽകി.

നിധീരിക്കൽ മാണിക്കത്തനാരോ മെത്രാന്മാരോ മെമ്മോറിയലിൽ ഒപ്പുവച്ചില്ല. അവർ സമുദായത്തിന്റെ ആദ്ധ്യാത്മികനേതാക്കളായിരുന്നത് കൊണ്ട്. മെമ്മോറിയൽ മഹാരാജാവിന്റെ കല്പനപ്രകാരം ദിവാനെ ഏല്പിച്ച് ചർച്ച ചെയ്യാൻ ജി. പരമേശ്വരൻപിള്ള, കെ.പി. പത്മനാഭമേനോൻ, അഡ്വ. സിറിയക് നിധീരി, എം.കെ. പത്മനാഭപിള്ള, പി.എസ്സ്. ശിവൻപിള്ള, കാവാലം നീലകണ്ഠപ്പിള്ള എന്നിവരെയാണ് തിരഞ്ഞെടുത്തത്.

ദിവാൻ മെമ്മോറിയലിലെ കാര്യങ്ങൾ വിശദമായി ചർച്ച ചെയ്തു. മെമ്മോറാണ്ടം കൊടുക്കുവാൻ തിരഞ്ഞെടുക്കപ്പെട്ട ആറുപേരും പൊതുജനമദ്ധ്യത്തിലേക്കിറങ്ങി മുഖ്യമായി ആറു യോഗങ്ങൾ സംഘടിപ്പിച്ചു. ജനപ്രതിനിധികൾ ജനകീയപ്രശ്നങ്ങൾ ചർച്ചചെയ്ത് അഭിപ്രായസമന്വയം

www.malankaralibrary.com

സാധിക്കുന്ന ഈ നടപടി ഇന്ത്യയൊട്ടാകെ പ്രസിദ്ധി നേടി. സമുദായങ്ങളും അവയുടെ ശാഖകളും മതേതരജനാധിപത്യസ്ഥിതിസമത്വത്തിലേക്ക് നയിക്കുന്ന മാനവിക ചർച്ചകൾക്ക് തുടക്കം കുറിച്ചത് ഇതോടുകൂടിയാണ്. നാഗർകോവിൽ യോഗത്തിൽ പി.എസ്സ്. ശിവൻപിള്ളയും തിരുവനന്തപുരം യോഗത്തിൽ ആംഗ്ലോ ഇന്ത്യൻ സമുദായ നേതാവ് ടി.എഫ്. ലോയിഡും, കൊല്ലത്തെ യോഗത്തിൽ നിയമസഭാംഗമായ കെ. നീലകണ്ഠപ്പിള്ളയും ആലപ്പുഴ യോഗത്തിൽ കുമാരമംഗലത്ത് നീലകണ്ഠൻ നമ്പൂതിരിപ്പാടും അദ്ധ്യക്ഷത വഹിച്ചു. പാറായിൽ തരകന്റെ നേതൃത്വത്തിൽ നടന്ന പറവൂർ സമ്മേളനത്തിൽ ഇടവക വികാരി ഫാ. ഹിലാരിയൻ അദ്ധ്യക്ഷത വഹിച്ചപ്പോൾ കോട്ടയം യോഗത്തിൽ ബിഷപ്പ് തോമസ് മാർ അത്താനാസ്യോസ് അദ്ധ്യക്ഷനും നിധീരിക്കൽ മാണിക്കത്തനാർ മുഖ്യപ്രസംഗകനുമായി. സി.എം.എസ്. സഭക്കാർ യോഗത്തിൽ കൂടുതലായി പങ്കെടുത്തു.

പതിനായിരത്തി ഇരുപത്തിയെട്ടു പേരാണ് ആദ്യം ഒപ്പിട്ടതെങ്കിലും 1891 ജനുവരി ഒന്നിന് മെമ്മോറിയൽ സമർപ്പിക്കുമ്പോൾ ഒപ്പിട്ടവരുടെ എണ്ണം 10037 ആയി ഉയർന്നിരുന്നു.

മലയാളി മെമ്മോറിയലിനെതിരായി സംഘടിപ്പിച്ച മെമ്മോറിയലിന് നേതൃത്വം നൽകിയത് വക്കീൽ ഇ. രാമയ്യരും ആർ രാമനാഥറാവു വുമായിരുന്നു.

മലയാളി മെമ്മോറിയൽ സമർപ്പണത്തിന് ദീപിക ദിനപ്പത്രം ഊററമായ പിന്തുണ നൽകുകയുണ്ടായി. മലയാളി മെമ്മോറിയലിനുശേഷം സർക്കാർ ഉദ്യോഗങ്ങൾ മലയാളികൾക്കു കരഗതമായെങ്കിലും അത് അനീതിപൂർവ്വമായ നായർ മേധാവിത്വത്തിൽ അവസാനിച്ചു. ക്രിസ്ത്യാനികൾക്കും മുസ്ലീ ങ്ങൾക്കും ഈഴവർക്കും തിയർ, കുറവർ, പുലയർ, പറയർ തുടങ്ങിയ അവർ ണ്ണ ജനവിഭാഗങ്ങൾക്കും സർക്കാർ സർവ്വീസ് വീണ്ടും മരീചികയായി മാറി. ദിവാൻ എസ്സ്. ശങ്കരസുബ്ബയ്യൻ മലയാളി സഭയെ കൈയ്യിലെടുത്ത് ക്രിസ്ത്യൻ വിരോധികളാക്കി. നായർ സമുദായത്തിന് കൂടുതൽ ഉദ്യോഗ ങ്ങൾ നൽകി അനുരഞ്ജിപ്പിച്ചു. നായർ ദിവാൻ കൂട്ടുകെട്ടിന്റെ ഉള്ളുകള്ളി കൾ സുറിയാനി ക്രിസ്ത്യാനികൾ മറനീക്കി പുറത്തുകൊണ്ടുവന്നു. ദീപിക പത്രം അതിനു നേതൃത്വം നല്കി. ഈ നീക്കം ഈഴവമെമ്മോറിയൽ പ്രക്ഷോഭണത്തിന് വഴിയൊരുക്കി.

മലയാളി മെമ്മോറിയലിന്റെ ഫലമായി ബ്രാഹ്മണമേധാവിത്വത്തിന്റെ സ്ഥാനത്ത് നായർ മേധാവിത്വം വന്നു എന്നതുമാത്രമായിരുന്നു പറയത്ത ക്കമാറ്റം. ശ്രീ. എം.ഒ. ജോസഫ് നെടുങ്കുന്നം ഇപ്രകാരം എഴുതിയിരിക്കു ന്നു: "നാടുവാഴുന്ന മഹാരാജാവിന്റെ ഭാര്യ നായർ സമുദായാംഗമായിരുന്ന തിനാൽ ആ സമുദായത്തിന് പ്രത്യേക പരിഗണന ലഭിച്ചതിൽ അത്ഭുത പ്പെടാനില്ല. നായരുടെ മേധാവിത്വം സുരക്ഷിതമായപ്പോൾ വിവിധ സമുദാ

www.malankaralibrary.com

യങ്ങൾക്ക് പ്രാതിനിദ്ധ്യമെന്ന മെമ്മോറിയലിലെ പ്രാത്ഥിതം അവർ പാടെ മറന്നുപോയി."

മലയാളി മെമ്മോറിയൽ സമർപ്പണത്തെത്തുടർന്ന് വഞ്ചിക്കപ്പെട്ട സമുദായമായ കത്തോലിക്കർ എല്ലാ ചൂഷണത്തിൽ നിന്നും മോചനം നേടി സംഘടിക്കണമെന്ന ആശയം രൂപംകൊണ്ടു.

മലയാളി മെമ്മോറിയലിനുശേഷം മലയാളികൾക്ക് സർക്കാർ ഉദ്യോഗങ്ങൾ കരഗതമായെങ്കിലും അത് അനീതിപൂർവ്വകമായ നായർ മേധാവിത്വത്തിൽ അവസാനിക്കുകയാണ് ചെയ്തത്. ഈഴവർക്കും മുസ്ലീങ്ങൾക്കും ക്രൈസ്തവർക്കും തീയർ, കുറവർ, പുലയർ, പറയർ തുടങ്ങിയ അവർണ്ണരായ ഹൈന്ദവ വിഭാഗങ്ങൾക്കും സർക്കാർ സർവ്വീസ് വീണ്ടും മരീചികയായി അവശേഷിച്ചു. രാജ്യത്തിന് ഗണ്യമായ സംഭാവന ചെയ്തിട്ടുള്ള ക്രൈസ്തവരെയും അവർണ്ണഹിന്ദുക്കളെയും പാടെ അവഗണിച്ചുകൊണ്ടുള്ള ഭരണനയത്തെ സാമൂഹികസമ്മേളനം തുടങ്ങി കത്തോലിക്കർ ശക്തിയായി എതിർത്തു. സാമൂഹിക സമ്മേളനങ്ങൾക്കും ഒരുദശകംമുമ്പ് 1898-ൽ വിവിധ മതവിഭാഗങ്ങൾക്ക് ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം സർക്കാർ സർവീസിൽ ലഭിക്കണമെന്ന വാദം ഉന്നയിച്ചുകൊണ്ടിരുന്നു. ദീപികയായിരുന്നു അതിന് നേതൃത്വം നല്കിയത്. അന്നത്തെ 26 ലക്ഷം വരുന്ന അവശസമുദായങ്ങളുടെ ഉന്നമനത്തിനുള്ള ഈ സുധീരസമരം 1918 ആയപ്പോഴേക്കും കൂടുതൽ ശക്തമായി. ആ വർഷമാണ് കത്തോലിക്കാ കോൺഗ്രസ്സിന്റെ ആദ്യരൂപമായ കത്തോലിക്ക മഹാജനസഭ രൂപം കൊള്ളുന്നത്. ഈ സമരത്തിന് നേതൃത്വം നല്കിയത് ഷെവ. ഇലഞ്ഞിക്കൽ തര്യത് കുഞ്ഞിത്തൊമ്മൻ, ജോൺ നിധീരി, ജേക്കബ് കുര്യൻ ദീപിക പത്രാധിപരായിരുന്ന തെങ്ങുമൂട്ടിൽ വർഗ്ഗീസ് മാപ്പിള, ഫാ. സിറിയക് വെട്ടിക്കാപ്പള്ളി, അഡ്വ. ഇ.ജെ. ജോൺ, ഈഴവസമുദായ പ്രതിനിധി ടി.കെ. മാധവൻ മുതൽ പേരായിരുന്നു.

ആർ. ശങ്കറിന്റെ ജീവചരിത്രകാരനായ എം.കെ. കുമാരന്റെ ഏതാനും വാക്കുകൾ ഉദ്ധരിക്കട്ടെ. "....ഫാ. എമ്മാനുവൽ നിധീരി നസ്രാണി ദീപിക എന്ന പത്രം 1887-ൽ ആരംഭിച്ചു. അധികം കഴിയുന്നതിനു മുമ്പ് മലയാള മനോരമ കമ്പനിയും മലയാളമനോരമ പത്രവും സ്ഥാപിതമായി. 1893-ൽ തിരുവിതാംകൂറിൽ പ്രസിദ്ധീകരിക്കപ്പെട്ടിരുന്ന പത്തു പത്രങ്ങളും ക്രിസ്ത്യാനികളുടേതായിരുന്നു. ക്രിസ്ത്യാനികൾ പ്രത്യേകവിഭാഗങ്ങളായിട്ടാണെങ്കിലും സംഘടനാശീലം വളർത്തിയതും അവകാശവാദങ്ങൾക്കുവേണ്ടിയുള്ള ശേഷി സംഭരിച്ചതും ഈ കാലഘട്ടത്തിലാണ്.

മലയാളി മെമ്മോറിയൽ പ്രക്ഷോഭണത്തിൽ ഫാ. എമ്മാനുവൽ നിധീരിയുടെ സഹോദരനും മറ്റു ക്രൈസ്തവ നേതാക്കന്മാരും സഹകരിച്ചു. മല

www.malankaralibrary.com

യാളി മെമ്മോറിയലുകാരുടെ നിവേദക സംഘത്തിൽ നിധീരിയും ഉൾപ്പെട്ടിരുന്നു. ക്രൈസ്തവ പത്രങ്ങൾ മലയാളി മെമ്മോറിയൽ പ്രക്ഷോഭണത്തിന് ധാരാളം പ്രചാരണം നല്കിയിരുന്നു. ക്രിസ്ത്യാനികൾ ധനപരമായും മലയാളി മെമ്മോറിയൽ പ്രക്ഷോഭണത്തെ സഹായിച്ചു. എന്നാൽ ഈ പ്രക്ഷോഭണം കൊണ്ട് ഗുണം ഉണ്ടായത് നായന്മാർക്ക് മാത്രമാണ്.

തങ്ങൾക്കും ചില ഗുണങ്ങൾ ഒക്കെ ഉണ്ടാകുമെന്ന പ്രതീക്ഷയോടെയാണ് ക്രിസ്ത്യാനികളും ഈഴവരും മലയാളി മെമ്മോറിയൽ പ്രക്ഷോഭണത്തിൽ ഭാഗഭാക്കുകളായത്. ആ പ്രക്ഷോഭണം യഥാർത്ഥത്തിൽ ഒരു ദേശീയ പ്രക്ഷോഭണമാണെന്ന് അവർ വിശ്വസിക്കുകയോ നായർ നേതാക്കന്മാർ അവരെ വിശ്വസിപ്പിക്കുകയോ ചെയ്തു. നായർ നേതാക്കന്മാരുടെ കൂട്ടത്തിൽ യഥാർത്ഥ ദേശീയവാദികളായി ജി. പരമേശ്വരൻപിള്ളയെപ്പോലെ ചുരുക്കം ചിലർ ഉണ്ടായിരുന്നുവെങ്കിലും ഭൂരിപക്ഷം നായർ നേതാക്കന്മാരും തങ്ങളുടെ സാമുദായിക താല്പര്യങ്ങൾക്കു മാത്രമേ വില കല്പിച്ചിരുന്നുള്ളു. ദിവാൻ ശങ്കരസുബ്ബയ്യരും നായർ നേതാക്കന്മാരും തമ്മിൽ ഒരു ധാരണയുണ്ടായപ്പോൾ ജെ.പി.യെപ്പോലുള്ളവർ പുറംതള്ളപ്പെട്ടു. വിശാലവീക്ഷണമുള്ള മററൊരു നേതാവായിരുന്നു സി. കൃഷ്ണപിള്ള. അദ്ദേഹവും പുതിയ സാഹചര്യത്തിൽ ഒററപ്പെടുക മാത്രമല്ല, സർക്കാരിന്റെ വിദ്വേഷത്തിന് പാത്രമായി പല ദ്രോഹങ്ങൾക്കും ഇരയാവുകയും ചെയ്തു.

മലയാളി മെമ്മോറിയൽ പ്രക്ഷോഭണം ഒരു വഞ്ചനയായിരുന്നുവെന്ന വിചാരം നായരിതരസമുദായങ്ങളുടെ മനസ്സിൽ വളർന്നുവന്നു. ഒപ്പുശേഖരണത്തിനും പ്രക്ഷോഭത്തിനും വലംകൈയ്യായിനിന്നു പ്രവർത്തിച്ച ഡോ. പൽപ്പു താനൊരു വൃഥാശ്രമത്തിലാണ് ഏർപ്പെട്ടത് എന്ന് മനസ്സിലാക്കുകയും 1896-ൽ ഒരു ഈഴവ മെമ്മോറിയൽ തയ്യാറാക്കി ഗവണ്മെന്റിന് സമർപ്പിക്കുകയും ചെയ്തു.

സർക്കാർ സർവ്വീസിലെ പ്രാതിനിധ്യം സംബന്ധിച്ച് ഈ സന്ദർഭത്തിൽ ഏററവും കൂടുതൽ അക്ഷമരായത് ക്രിസ്ത്യാനികളാണ്. സാമ്പത്തിക ശക്തിയും വിദ്യാഭ്യാസാഭിവൃദ്ധിയും ക്രിസ്ത്യാനികളിൽ പുതിയ അഭിനിവേശങ്ങൾ ജനിപ്പിച്ചു. അവരിൽ ആത്മവിശ്വാസവും അവകാശബോധവും വളർന്നു. നായന്മാർ തങ്ങളെ വഞ്ചിക്കുകയാണ് ചെയ്തതെന്ന് ക്രൈസ്തവ പത്രങ്ങൾ തുറന്നു പറയാൻ തുടങ്ങി. ശങ്കര സുബ്ബരായരും നായരുദ്യോഗസ്ഥരും ചേർന്ന് ക്രിസ്ത്യാനികളെ ദ്രോഹിക്കാനുള്ള ഗൂഢാലോചനകളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുകയാണെന്ന് പറയാനും അവർ മടിച്ചില്ല. പരദേശബ്രാഹ്മണരുമായി ചേർന്ന് ഭരണാധികാരവും രാഷ്ട്രീയാധികാരവും കൈയ്യടക്കുക എന്ന നായർ പ്രമാണിമാരുടെ നയത്തെ ക്രൈസ്തവ പത്രങ്ങൾ നിശിതമായി വിമർശിച്ചു. മലയാള മനോരമ മുതലായ പത്രങ്ങൾ അക്കാലത്ത് പ്രസിദ്ധീകരിച്ച മുഖപ്രസംഗങ്ങളും ലേഖനങ്ങളും തീതുപ്പുന്നവയായിരുന്നു.

www.malankaralibrary.com

മലയാളി മെമ്മോറിയൽ മുതൽ നിവർത്തനത്തിന്റെ സമാപനം വരെയുള്ള തിരുവിതാംകൂറിന്റെ രാഷ്ട്രീയചരിത്രം സർക്കാർ സർവ്വീസിൽ പ്രാതിനിധ്യത്തിനുവേണ്ടി സമുദായങ്ങൾ നടത്തിയ സമരങ്ങളുടെ ചരിത്രമാണ് ഈ പരമ്പരയിലെ ആദ്യത്തെ പ്രക്ഷോഭണത്തിന് ദേശീയതയുടെ മുഖാവരണം നല്കിയിരുന്നുവെങ്കിലും വാസ്തവത്തിൽ അത് നായന്മാരുടെ പ്രക്ഷോഭണമായിരുന്നു. ക്രിസ്ത്യാനികൾ അത്തരം മുഖംമൂടിയൊന്നും അണിയാതെ തന്നെ പ്രക്ഷോഭണ രംഗത്തിറങ്ങി.

ക്രിസ്ത്യാനികളുടെ അവകാശവാദങ്ങളിൽ മുഖ്യനേതൃത്വം വഹിച്ചത് പത്രങ്ങളും ചില മിഷനറിമാരുമാണ്. അവർ ഉദ്യോഗസ്ഥന്മാരുടെ സമുദായം തിരിച്ചുള്ള പട്ടികയും വിവിധ തസ്തികകളിൽ ക്രിസ്ത്യാനികൾക്കുള്ള പ്രാതിനിധ്യവും എടുത്തു കാണിച്ച് തങ്ങൾ അനുഭവിക്കുന്ന അനീതിയുടെ കാഠിന്യം വെളിപ്പെടുത്തി. ഉയർന്ന തസ്തികകൾ അധികവും കൈവശപ്പെടുത്തിയിരുന്നത് പരദേശബ്രാഹ്മണന്മാരും നായന്മാരുമാണ്. താണ തസ്തികകളിൽപോലും ക്രിസ്ത്യാനികളുടെ പങ്ക് നാമമാത്രമായിരുന്നു."

പേഷ്കാർ തഹസീൽദാർ മുതലായ പ്രധാനപ്പെട്ട ഉദ്യോഗങ്ങളിൽ ക്രിസ്ത്യാനികളെ നിയമിക്കാത്തത് റവന്യൂ ഭരണവും ദേവസ്വം ഭരണവും സംയോജിപ്പിക്കുന്ന ചില കർത്തവ്യങ്ങൾ ആ ഉദ്യോഗസ്ഥന്മാർക്ക് നിർവഹിക്കാനുണ്ടെന്നുള്ള കാരണത്താലായിരുന്നു. മലയാളി മെമ്മോറിയൽ പ്രക്ഷോഭണത്തിന് മുമ്പ് മേൽപ്പറഞ്ഞ ഉദ്യോഗങ്ങളിൽ നിന്ന് നായന്മാരെ അകറ്റിനിർത്തിയിരുന്നതും ക്ഷേത്രശുദ്ധിയുടെയും മറ്റും പേരിലായിരുന്നു.

ക്രിസ്ത്യാനികൾക്കു സർക്കാർ സർവ്വീസിൽ അർഹമായ പ്രാതിനിധ്യം നൽകാതിരിക്കാൻ സവർണ്ണസമുദായങ്ങൾ ഉയർത്തിപ്പിടിച്ചിരുന്ന ന്യായം ഹൈന്ദവക്ഷേത്രങ്ങളുടെ ഭരണച്ചുമതല സർക്കാരിനായിരുന്നുവെന്നതാണ്. ഹൈന്ദവക്ഷേത്രങ്ങളുടെ ഭരണച്ചുമതല പരോക്ഷമായിപ്പോലും ഒരു ക്രിസ്ത്യാനിയുടെയോ അവർണ്ണന്റെയോ കൈകളിൽ വന്നുചേരുന്നത് സമചിത്തതയോടെ വീക്ഷിക്കുവാൻ അവർക്ക് സാധിച്ചില്ല. ഈ ദേവസ്വം നൂലാമാല സർക്കാരിൽനിന്നും അടർത്തിയെറിയാതെ തങ്ങൾക്കു രക്ഷയില്ലെന്ന് അഹിന്ദുക്കൾ പ്രത്യേകിച്ച് ക്രിസ്ത്യാനികൾ മനസ്സിലാക്കി. ആ സന്ദർഭത്തിൽ 1918 മാർച്ച് 19–ാം തീയതി ദീപിക മുഖലേഖനത്തിൽ ഇപ്രകാരം എഴുതി. "ദേവസ്വം വക ചിലവുകൾ അതിൽനിന്നുള്ള വരവുകൊണ്ടു മാത്രം നടത്തപ്പെടുന്നതെങ്കിൽ തൽസംബന്ധമായ ഉദ്യോഗങ്ങൾ അന്യജാതിക്കാർക്ക് ആവശ്യപ്പെടുവാനോ ആഗ്രഹിക്കുവാനോ പാടില്ലെന്നുള്ളത് ന്യായം തന്നെ. എന്നാൽ നാനാജാതിമതസ്ഥരുടെ വക പണം കൂടി ചിലവുചെയ്ത് ഈ സ്ഥാപനങ്ങൾ നടത്തപ്പെടുന്ന കാലത്തോളം അവർക്കും ഇതിൽ മേൽപ്പറഞ്ഞ ഉദ്യോഗങ്ങൾ ആവശ്യപ്പെടാവുന്നതും അങ്ങനെ ഇതരരാജ്യങ്ങളിൽ നടന്നുവരുന്നതുമാണ്. ഇപ്പോഴത്തെ നിലയിൽ ക്രിസ്ത്യാനി പ്രഭൃതികൾക്ക് റവന്യൂ വകുപ്പിൽ പ്രവേശനം അനു

www.malankaralibrary.com

വദിക്കുവാൻ പാടില്ലെന്നുതന്നെയാണ് ശാഠ്യമെങ്കിൽ അതിന് ഹേതുവായ ദേവസ്വത്തെ റവന്യൂവകുപ്പിൽനിന്ന് വേർതിരിക്കുകയല്ലയോ ഗവൺമെന്റ് ചെയ്യേണ്ടത്?" തുടർന്ന് ദീപിക എഴുതിയ മുഖപ്രസംഗങ്ങളും പ്രസിദ്ധീകരിച്ച റിപ്പോർട്ടുകളും ക്രിസ്ത്യാനികളിലും അവർണ്ണഹിന്ദുക്കളിലും സമരാവേശം പകർന്നു.

തിരുവിതാംകൂറിലെ മലയാളി മെമ്മോറിയൽ പ്രക്ഷോഭണം നയിച്ചത് സകല സമുദായങ്ങളും കൂടിയായിരുന്നു. ആ പ്രക്ഷോഭണത്തിന് ആളും അർത്ഥവും നല്കി വിജയിപ്പിക്കാൻ ക്രൈസ്തവ സമുദായം മറ്റാരേക്കാളും മുൻപന്തിയിൽ നിന്നിരുന്നു. സമരം വിജയിച്ചു കഴിഞ്ഞപ്പോൾ നായർ സമുദായം സർക്കാരുമായി ഒത്തുചേർന്നു ഇതരസമുദായങ്ങളെ തഴയാൻ ശ്രമിച്ചു. ഇതൊരു വലിയ ചതി തന്നെയായിരുന്നു. ഇന്ത്യൻ ഭരണഘടനയുടെ കീഴിൽ സമത്വവും സ്വാതന്ത്ര്യവും അനുഭവിക്കുന്ന ഇന്നത്തെ തലമുറയ്ക്ക് പൗരസമത്വവാദപ്രക്ഷോഭണത്തിന്റെ ആവശ്യകത മനസ്സിലാക്കണമെങ്കിൽ അന്നത്തെ രാഷ്ട്രീയനിലവാരം അല്പമെങ്കിലും അറിഞ്ഞിരിക്കണം.

ശ്രീ. എം.ഒ. ജോസഫ് നെടുങ്കുന്നത്തിന്റെ വാക്കുകൾ ഉദ്ധരിക്കട്ടെ: "നിയമനിർമ്മാതാവും നിയമപാലകനും അന്ന് മഹാരാജാവ് മാത്രമായിരുന്നു. അദ്ദേഹത്തെ ഉപദേശിച്ചിരുന്ന പ്രധാന ഉദ്യോഗസ്ഥന്മാരെല്ലാം നായന്മാർ. മഹാരാജാവിന്റെ ഭാര്യ ഒരു നായർ വനിത. ആ വഴിക്കും ആ സമുദായത്തിന് പ്രാമുഖ്യം ലഭിച്ചിരുന്നു. നിയമങ്ങൾ എഴുതി ഉണ്ടാക്കുന്നവരും അത് വ്യാഖ്യാനിക്കുകയും നടപ്പിൽ വരുത്തുകയും ചെയ്യുന്നവരും നായന്മാർ മാത്രമായിരുന്നതിനാൽ മറ്റു സമുദായത്തിൽപ്പെട്ടവർക്ക് നീതി ലഭിക്കുകയില്ലെന്ന് വന്നിരുന്നു. ഉദ്യോഗത്തിന്റെ പ്രൗഢിയും ശമ്പളവുമെന്നതിലധികമായി ഈ നീതിയുടെ കാര്യത്തിലായിരുന്നു അഹിന്ദുസമുദായത്തിന്റെ ഉത്ക്കണ്ഠ മുഴുവൻ. ഉയർന്ന ഉദ്യോഗസ്ഥന്മാർ സ്വജനപക്ഷപാതികളാവുമ്പോൾ മററുള്ളവർക്ക് നാട്ടിൽ അഭിമാനാവഹമായ സ്ഥാനം ലഭിക്കുകയില്ലെന്ന് വ്യക്തമാണല്ലോ.

ഈ നായർ മേധാവിത്വം കൈയ്യടക്കിവച്ചിരുന്നത് ഭരണരംഗം മാത്രമായിരുന്നില്ല. ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും അവർ ആധിപത്യം പുലർത്തിപ്പോന്നു.

രാജ്യചരിത്രംതന്നെ സ്വസമുദായത്തിന്റെ മേന്മ പാടുന്നതിന് ഉള്ള ഒരു ഉപാധിയായി അവർ മാററി എഴുതി. നായന്മാർ രാജ്യസ്നേഹികളെന്നും അനായന്മാർ രാജ്യദ്രോഹികളെന്നും വരത്തക്കവിധമുള്ള കള്ളച്ചരിത്രങ്ങൾ അവർ നിർമ്മിച്ച് സർക്കാർ സഹായത്തോടെ പ്രചരിപ്പിച്ചു. അവർ എഴുതുന്ന ചപ്പുചവറുകൾ വിദ്യാലയങ്ങളിൽ പാഠ്യപുസ്തകങ്ങളാക്കി. എല്ലാവരെയും പഠിപ്പിക്കുവാൻ ഏർപ്പാടാക്കി. ഹിന്ദുമതസംബന്ധമായ ഏതു കൃതിയും സാഹിത്യവും ക്രിസ്തുമതസംബന്ധമായവ മതവുമെന്ന ലേബൽ ഒട്ടിച്ച് അവർ മാററി നിറുത്തി. എന്തിന് അക്കാലത്തെ ഏതെങ്കിലും ഒരു ചരിത്രമോ

www.malankaralibrary.com

സാഹിത്യമോ പരിശോധിച്ചാൽ ക്രിസ്ത്യാനികൾ എന്നൊരു കൂട്ടർ ഇവിടെ ജീവിച്ചിരുന്നുവെന്നതിന് യാതൊരു തെളിവും ലഭിച്ചെന്ന് വരുകയില്ല. അങ്ങനെ മററുള്ളവരെ രാഷ്ട്രീയമായും സാംസ്കാരികമായും അടിമത്തത്തിൽ വച്ചുകൊണ്ടിരിക്കുന്നതിന് നായർ മേധാവിത്വത്തിന് കഴിഞ്ഞു.

നായർ സമുദായത്തിന്റെ എല്ലാ എതിർപ്പുകളെയും അതിജീവിച്ചുകൊണ്ട് റവന്യൂ ദേവസ്വം വിഭജനപ്രക്ഷോഭണം മുന്നോട്ടു നീങ്ങി. കമ്മ്യൂണിസ്റ്റുകാരനായ ശ്രീ. എം.കെ. കുമാരൻ രചിച്ച ആർ. ശങ്കറിന്റെ ജീവചരിത്രഗ്രന്ഥത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "ഉദ്യോഗപ്രാതിനിധ്യത്തിന്റെ രണ്ടാം ഘട്ടം ക്രിസ്ത്യാനികൾ മുൻകൈയ്യെടുത്തു നടത്തിയ പൗരസമത്വവാദമാണ്. മലയാളി മെമ്മോറിയൽ പ്രക്ഷോഭണത്തെ പരദേശബ്രാഹ്മണർ എതിർത്തതുപോലെ പൗരസമത്വവാദത്തെ നായന്മാർ എതിർത്തു. ഈ രണ്ടു കൂട്ടരും സമുദായ പ്രാതിനിദ്ധ്യവാദത്തെ എതിർത്തത് ദേശീയതയുടെയും കാര്യക്ഷമതയുടെയും പേരിലായിരുന്നു."

തിരുവിതാംകൂറിൽ അധിവസിക്കുന്ന 35 ലക്ഷം ജനങ്ങൾ തമ്മിൽ വാസ്തവമായി യോജിക്കണമെങ്കിൽ, ഈ രാജ്യത്തിന്റെ ഐശ്വര്യത്തിനായി ഏകോപനശ്രമം ഉണ്ടാകണമെങ്കിൽ പൗരാവകാശസമത്വം ഉണ്ടാകേണ്ടത് ആവശ്യമാണെന്നും ശക്തമായി കത്തോലിക്കാ കോൺഗ്രസ്സ് വാദിച്ചു.

1921-ൽ നിയമസഭ വിഘടനം ചെയ്യപ്പെട്ട സന്ദർഭത്തിൽ ഇലഞ്ഞിക്കൽ തര്യതു കുഞ്ഞിത്തൊമ്മൻ അവതരിപ്പിച്ച പൗരാവകാശ സമത്വപ്രമേയം പ്രശ്നത്തിന് കൂടുതൽ ആക്കവും തൂക്കവും നൽകുക തന്നെ ചെയ്തു. ഇങ്ങനെ രാജ്യമാസകലം ആഞ്ഞടിച്ച പ്രക്ഷോഭണത്തിന്റെയും ബഹുജനമുന്നേററത്തിന്റെയും ഫലമായി അന്നത്തെ ദിവാൻ ടി. രാഘവയ്യ റവന്യൂ ദേവസ്വം വകുപ്പ് വിഭജിക്കുമെന്നും അതേവർഷം ആഗസ്റ്റ് 17-ാം തീയതി അത് പ്രാവർത്തികമാകുമെന്നും പ്രഖ്യാപിച്ചു. ഇത്തരുണത്തിൽ ആ ഉത്തരവ് പിൻവലിക്കുവാൻ സവർണ്ണസമുദായങ്ങൾ ഒളിഞ്ഞും തെളിഞ്ഞും സർവ്വശക്തിയുപയോഗിച്ച് ശ്രമിക്കാതിരുന്നില്ല. ഈയവസരത്തിൽ ദീപിക മുഖപ്രസംഗത്തിൽ ഇപ്രകാരം എഴുതി. "റവന്യൂ-ദേവസ്വം വിഭജനം ഭരണസൗകര്യത്തിനും ക്ഷേത്രസംരക്ഷണത്തിനും അവശ്യമാണെന്ന് പല ഹിന്ദുക്കളും അഭിപ്രായപ്പെട്ടിട്ടുള്ളതാണെങ്കിലും ചില ഉദ്യോഗങ്ങൾ അതുമൂലം ക്രിസ്ത്യാനികൾക്കും ലഭ്യമാകുമെന്നുകണ്ട് പ്രസ്തുത വിഭജനത്തെ വെറുക്കുകയും തദ്വാരാ ക്രിസ്ത്യാനികളെ പഴിക്കുകയും ചെയ്തവരുണ്ട്. വിഭജനം സാധിതപ്രായമായ സ്ഥിതിക്ക് അത് ദേവസ്വങ്ങളുടെ കാര്യക്ഷമമായ നിർവ്വഹണത്തിന് തക്കതെന്ന് എല്ലാവരും പ്രകീർത്തിക്കുകയും ചെയ്യുന്നു. പൗരാവകാശ സമത്വം, ക്ഷേത്രപ്രവേശനവിളംബരം ഇവ സംബന്ധിച്ച വാദങ്ങൾ ഇനിയും അവസാനിച്ചിട്ടില്ലെങ്കിലും അവക്ക് ആധാരമായിട്ടുള്ള മൂലതത്വങ്ങൾ ബഹുജനസമ്മതങ്ങളാകയാൽ അവ ഇനി വർഗീയ സമരത്തിന് ഹേതുവായി ശോഭിക്കുമെന്ന് വിചാരിക്കേണ്ടതില്ല."

www.malankaralibrary.com

സവർണ്ണസമുദായങ്ങൾ വീണ്ടും പ്രക്ഷോഭണങ്ങളിലേക്ക് നീങ്ങിയപ്പോൾ ദീപികയുടെ പത്രാധിപരായിരുന്ന തെങ്ങുംമൂട്ടിൽ വർഗ്ഗീസ് മാപ്പിള ഇപ്രകാരം പ്രസ്താവിച്ചു. "ദിവാൻ മി. രാഘവയ്യായുടെ പരിഷ്കാരങ്ങളിൽ സർവ്വപ്രധാനമായത് റവന്യൂ ദേവസ്വം വിഭജനമാകുന്നു. സമർത്ഥനും ധീരനുമായ ദിവാൻജിയുടെ ഈ ഉചിതകൃത്യം അഹിന്ദുക്കളും അവർണ്ണഹിന്ദുക്കളും ആജീവനാന്തം കൃതജ്ഞതയോടെ സ്മരിക്കും. തിരുവിതാംകൂർ ചരിത്രത്തിൽ സുവർണ്ണലിപികളിൽ എഴുതപ്പെടേണ്ട ഒരു മഹനീയ കൃത്യമാണിതെന്ന് ഏതു രാജ്യനിവാസികൾക്കും സമ്മതിക്കാതിരിക്കാൻ നിവൃത്തിയില്ല."

1922 ആഗസ്റ്റ് 17-ന് റവന്യൂ - ദേവസ്വം വകുപ്പ് വിഭജനം പ്രാവർത്തികമായി. അവഗണിക്കപ്പെട്ടവരുടെയും അടിച്ചമർത്തപ്പെട്ടവരുടെയും മോചനദിനമാണ് ആഗസ്റ്റ് 17.

ഇങ്ങനെ തിരുവിതാംകൂർ രാഷ്ട്രീയം കലങ്ങിമറിഞ്ഞപ്പോഴാണ് എം. എം. വർക്കി കേരളദാസൻ പത്രവുമായി രംഗത്തു വന്നത്. അഖിലേന്ത്യാതലത്തിൽ പ്രവർത്തനം നടത്തി കേരളമാകെ ആദരിക്കപ്പെട്ട ബാരിസ്റ്റർ ജോർജ്ജ് ജോസഫ് തിരുവിതാംകൂറിലെ പൗരാവകാശലബ്ധിക്കുവേണ്ടിയുള്ള ശ്രമങ്ങളിലും സജീവമായി പങ്കെടുത്തു.

www.malankaralibrary.com

# 4. സാമൂഹ്യ പശ്ചാത്തലം

അടിമകളും അവഗണിക്കപ്പെട്ടവരുമായ അവശ ദുർബല വിഭാഗങ്ങളെ ഏതു രാജ്യത്തും കണ്ടെത്താൻ സാധിക്കും. സമൂഹത്തിലെ ഏറ്റം പിന്നോക്കക്കാരാണവർ. എങ്കിലും ഈ പിന്നോക്കാവസ്ഥ ഒരു സ്ഥിരം പ്രതിഭാസമല്ല. കാലത്തിന്റെ തികവിൽ തങ്ങളുടെ സാമൂഹിക നിലവാരം മെച്ചപ്പെടുത്താനും സമൂഹജീവിതത്തിന്റേതായ എല്ലാ കർമ്മരംഗങ്ങളിലും തങ്ങളുടേതായ പങ്കുവഹിക്കാനും അവർ പ്രാപ്തരായിത്തീരുന്നു. അനേകായിരം വർഷങ്ങളായി അവശരും അസ്വതന്ത്രരും അടിമകളുമായി കഴിഞ്ഞു കൂടുന്ന ഒരേയൊരു സമൂഹം മാത്രമേ ഭൂമുഖത്തുള്ളു. അവരാണ് ഇന്ത്യയിലെ അവർണ്ണ ഹിന്ദുക്കൾ. അത്ഭുതമൊന്നും സംഭവിക്കുന്നില്ലെങ്കിൽ അവരുടെ പിന്നോക്കാവസ്ഥയ്ക്ക് ഒരു കാലത്തും അറുതി വരുവാൻ പോകുന്നില്ലെന്നാണ് സത്യം.

നൂറ്റാണ്ടുകൾ നീണ്ടുനിന്ന നിരന്തര യുദ്ധങ്ങളിലൂടെ രാജ്യം മുഴുവൻ വെട്ടിപ്പിടിച്ച് ഇന്ത്യയിൽ ആധിപത്യമുറപ്പിച്ച ആര്യന്മാരുടെ ദൃഷ്ടിയിൽ ദ്രാവിഡരും ആദിവാസികളുമുൾപ്പെടെ തങ്ങൾ കീഴടക്കിയ സകലരും അവർണ്ണരും അപരിഷ്കൃതരുമായിരുന്നു. അതേ സമയം സവർണ്ണരും ശ്രേഷ്ഠന്മാരുമാണ് തങ്ങളെന്നാണ് അവർ സ്വയം അവകാശപ്പെട്ടിരുന്നത്. ആര്യൻ എന്ന പദത്തിന്റെ അർത്ഥം ശ്രേഷ്ഠൻ എന്നാണല്ലോ.

അവർണ്ണർ കഴിവും കരുത്തും ആർജ്ജിച്ച് തങ്ങൾക്കെതിരായി അണിനിരക്കാനും തങ്ങളെ വെല്ലുവിളിക്കാനും ഇടയാകരുതെന്ന് ആര്യന്മാർക്ക് നിർബന്ധമുണ്ടായിരുന്നു. അതുകൊണ്ട് രാജ്യഭരണവുമായി ബന്ധപ്പെട്ട യാതൊരു ജോലിയും അവർണ്ണർക്ക് നൽകിയിരുന്നില്ല. അവരെ വെറും ആശ്രിതരും ഭൃത്യന്മാരുമായി കണക്കാക്കി താഴ്ന്ന ജോലികൾ മാത്രമേ അവർക്ക് നൽകിയിരുന്നുള്ളു. അതുകൊണ്ടാണ് അവർണ്ണർക്ക് അധഃകൃതർ എന്ന പേരുകൂടി ലഭിച്ചത്.

ഏതു ജോലിയും ചെയ്യുവാനുള്ള സ്വാതന്ത്ര്യം അധഃകൃതർക്ക് ഉണ്ടായിരുന്നില്ല. അവരെ പല പല സമൂഹങ്ങളായി വേർതിരിച്ച് ഓരോ സമൂഹത്തിനും പ്രത്യേക ജോലികളാണ് നൽകിയിരുന്നത്. തങ്ങളെ ഏൽപിച്ച ജോലിയല്ലാതെ മറ്റൊരു ജോലിയും ചെയ്യാൻ അവർക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. പിതാവ് ചെയ്തിരുന്ന ജോലി അവകാശക്രമത്തിന് പുത്രപൗത്രാദികളും ഏറ്റെടുക്കേണ്ടതായി വന്നു കൂടി. അങ്ങനെയാണ് ഓരോ സമൂഹത്തിനും കുലത്തൊഴിലും കുലത്തൊഴിലിന്റെയടിസ്ഥാനത്തിൽ ജാതികളുമുണ്ടായത്. ഹീനജാതിക്കാർ എന്ന പേരിൽ അവർ അറിയപ്പെട്ടു. കുല

www.malankaralibrary.com

ത്തൊഴിൽ ഉപേക്ഷിച്ച് മറ്റൊരു ജോലി സ്വീകരിക്കുവാൻ ആരെയും അനുവദിച്ചിരുന്നില്ല.

ഹീനജാതിക്കാരായ അവർണ്ണരുടെ ആചാരാനുഷ്ഠാനങ്ങളത്രയും നിർണ്ണയിച്ചിരുന്നതു സവർണ്ണരാണ്. ഓരോ ജാതിക്കും പ്രത്യേകമായ ആചാരങ്ങൾ ഏർപ്പെടുത്തിയും അന്ധവിശ്വാസങ്ങൾ പ്രചരിപ്പിച്ചും ഒരു കാലത്തും ഐക്യപ്പെടുത്താനാവാത്തവിധം അവർണ്ണരെ തിരിച്ചു നിർത്തുവാൻ അവർക്ക് കഴിഞ്ഞിരുന്നു. ഒപ്പം തന്നെ അയിത്തക്കാർ - തൊട്ടുകൂടാത്തവരും തീണ്ടിക്കൂടാത്തവരുമായി കണക്കാക്കി പൊതു സമൂഹത്തിൽ അകറ്റി നിർത്തുകയും ചെയ്തിരുന്നു. പൊതുനിരത്തുകളിലൂടെ സഞ്ചരിക്കാൻ പോലും അവരെ അനുവദിച്ചിരുന്നില്ല.

അവർണ്ണർ സ്വന്തമായി വസ്തുവകകൾ സമ്പാദിക്കുന്നത് കുറ്റകരമായിരുന്നു. മേലാളന്മാർ കനിഞ്ഞു നൽകിയിരുന്ന കൂലികൊണ്ടുമാത്രം കഴിഞ്ഞു കൊള്ളണമെന്നായിരുന്നു നിയമം അനുശാസിച്ചിരുന്നത്. അടിമകളും ദാസന്മാരുമായ അവർണ്ണർ വിദ്യയഭ്യസിക്കുന്നതിനും നിയമം അനുകൂലമായിരുന്നില്ല. ശൂദ്രനും ദാസനാണത്രെ. ദാസന് എന്തിന് വിദ്യ എന്നാണ് നിയമദാതാക്കൾക്ക് ചോദിക്കുവാനുണ്ടായിരുന്നത്. അഭ്യസ്തവിദ്യനായ ശൂദ്രനെ സമൂഹത്തിൽ നിന്നുതന്നെ പുറന്തള്ളുക എന്നാണ് മനു അനുശാസിച്ചിരുന്നത്. നിയമങ്ങൾ നിർമ്മിച്ചിരുന്നതാകട്ടെ ഭൂമിയിലെ ദേവന്മാരും മതാചാര്യന്മാരുമായിരുന്നു. അവ രാജ്യത്തിന്റെ നിയമങ്ങളാക്കികൂടി അത് അംഗീകരിക്കപ്പെടുകയാണുണ്ടായത്. അതികർക്കശങ്ങളായിരുന്ന ഈ നിയമങ്ങളിൽ നിന്നും അവർണ്ണരായ ആരെയും ഒഴിവാക്കിയിരുന്നില്ല. ഭരണാധികാരികൾക്കെന്നല്ല സവർണ്ണരായ സകലർക്കും അവർണ്ണനെ ശിക്ഷിക്കാൻ അധികാരമുണ്ടായിരുന്നു. നിസ്സാര കാര്യത്തിനുപോലും വധശിക്ഷ നൽകപ്പെട്ടിരുന്നു. അവർണ്ണരെ കൊല്ലുന്നത് പാപമോ ഹീനകൃത്യമോ ആയി ആരും കണക്കാക്കിയിരുന്നില്ല. ബുദ്ധമതകാലത്ത് അവർണ്ണർക്ക് മോചനം ലഭിച്ചിരുന്നു.

കേരളത്തിലെ ക്രൈസ്തവർ മുൻകാലങ്ങളിൽ അനുഭവിക്കേണ്ടിവന്ന മർദ്ദനങ്ങളുടെ ഒരു ചെറുവിവരണമാണ് കഴിഞ്ഞ അദ്ധ്യായങ്ങളിൽ ചേർത്തത്. ഈ മർദ്ദനങ്ങളുടെ പിന്നിൽ പ്രധാനമായും രണ്ട് കാരണങ്ങൾ കാണാവുന്നതാണ്. അതിൽ ഒന്ന് സവർണ്ണരുടെ ക്രൈസ്തവവിരോധം. മാനുശങ്കുവിന്റെയും വേലുത്തമ്പിയുടെയും പാലിയത്തച്ചന്റെയും കാലത്തൊക്കെ നടന്നത് തനി വർഗ്ഗീയതയുടെ അനന്തരഫലങ്ങളായിരുന്നു. സംശയിക്കേണ്ട ആവശ്യമില്ല. മറ്റൊരു കാരണം ക്രൈസ്തവർ നടത്തിയ സാമൂഹിക സാംസ്കാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങളാണ്. നൂറ്റാണ്ടുകളായി ഇവിടെ നിലനിന്നിരുന്ന ചാതുർവർണ്ണ്യ വ്യവസ്ഥിതിയുടെ ഫലമായി കൃഷിഭൂമിയും

www.malankaralibrary.com

വീട്ടുപകരണങ്ങളും വളർത്തുമൃഗങ്ങളും പോലെ വിൽക്കുവാനും വിൽക്കപ്പെടാനുമുള്ള വസ്തുവായിരുന്നു കേരളത്തിലെ ബഹുഭൂരപക്ഷം അവർണ്ണരും. ക്രൈസ്തവരുടെ വിവിധ മണ്ഡലങ്ങളിലെ പ്രവർത്തനങ്ങളുടെ ഫലമായി അവരിൽ സ്വാതന്ത്ര്യബോധവും അവകാശബോധവും ഉള്ളവായി. തൽഫലമായി ബഹുഭൂരപക്ഷം വരുന്ന പിന്നോക്കക്കാരായ അവർണ്ണഹിന്ദുക്കളെ ഇനിയും അധികംനാൾ ചൂഷണം ചെയ്യാൻ സാദ്ധ്യമല്ലെന്ന് സവർണ്ണർക്ക് ബോദ്ധ്യമായി. അതുകൊണ്ട് എന്ത് വിലകൊടുത്തും അയിത്തജാതിക്കാരെ നിലനിറുത്തുന്നതിന് ക്രൈസ്തവരുടെ പ്രവർത്തനം അവസാനിപ്പിക്കേണ്ടതാണെന്നും ഇവിടുത്തെ സവർണ്ണർ തീരുമാനിച്ചു. അതായിരുന്നു ക്രൈസ്തവരുടെ നേരെയുള്ള മർദ്ദനത്തിന്റെ മറ്റൊരു പ്രധാന കാരണം.

ഇന്ത്യൻ ഭരണഘടനയുടെ കീഴിൽ എല്ലാവിധ സ്വാതന്ത്ര്യങ്ങളും അനുഭവിച്ചുവരുന്ന ഇന്നത്തെ ജനങ്ങൾക്ക് ചാതുർവർണ്ണ്യ വ്യവസ്ഥിതിയുടെ കാലത്ത് ഇവിടുത്തെ ഭൂരിപക്ഷം ജനങ്ങൾ അനുഭവിച്ച ദുരിതങ്ങളെപ്പറ്റി ചിന്തിക്കുവാൻ സാധിക്കുകയില്ല. നൂറ് – നൂറ്റമ്പത് വർഷങ്ങൾക്ക് മുമ്പ് നാടുവാഴികളുടെ എല്ലാവിധ പിന്തുണയോടുംകൂടി ബ്രാഹ്മണവർഗ്ഗം ഇവിടെ നിലനിർത്തിയ സാമൂഹിക വ്യവസ്ഥിതിയുടെ ഭൂകരരൂപം വർണ്ണിക്കുകതന്നെ സാദ്ധ്യമല്ല. ഭരണകർത്താക്കൾപോലും ബ്രാഹ്മണരുടെ തൃപ്പാദസേവയിലായിരുന്നുവെന്നതാണ് സത്യം. ഭരണത്തെപ്പോലും ബ്രാഹ്മണർ നിയന്ത്രിച്ചുകൊണ്ടിരുന്നു. എന്നാൽ ഇവിടുത്തെ രണ്ട് പ്രബല സമൂഹങ്ങളായിരുന്ന ക്ഷത്രിയരും നായന്മാരും ബ്രാഹ്മണരുടെ കീഴിൽ ഏറെക്കുറെ സ്വാതന്ത്ര്യം അനുഭവിച്ചിരുന്നു. ക്ഷത്രിയർ ഭരണവർഗ്ഗവും നായന്മാർ സൈനിക വർഗ്ഗവുമായിരുന്നതുകൊണ്ട് ഈ രണ്ട് സമൂഹങ്ങളുടെയും സേവനം ബ്രാഹ്മണർക്ക് അനിവാര്യമായിരുന്നു. ബ്രാഹ്മണരും ക്ഷത്രിയരും നായന്മാരും ഒഴികെയുള്ള കേരളത്തിലെ ബഹുഭൂരിപക്ഷം വരുന്ന ഹിന്ദുജനതയ്ക്ക് മാന്യമായി ജീവിക്കുന്നതിനോ, വിദ്യ അഭ്യസിക്കുന്നതിനോ, പൊതുനിരത്തുകളിൽ സഞ്ചരിക്കുന്നതിനോ, വസ്ത്രം ധരിക്കുന്നതിനോ അവകാശമുണ്ടായിരുന്നില്ല. ഈ അധഃസ്ഥിതവർഗ്ഗക്കാരുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കുവാനുള്ള ഏതു നീക്കവും രാജ്യദ്രോഹപരമായി കണക്കാക്കപ്പെട്ടിരുന്നു. മനുഷ്യജീവന് യാതൊരു വിലയും അന്ന് കൽപ്പിക്കപ്പെട്ടിരുന്നില്ല. സവർണ്ണർ കൂലിയില്ലാത്ത ജോലി ചെയ്യുവാൻ വിധിക്കപ്പെട്ടിരുന്നു. അവരെക്കൊണ്ട് കഠിനമായി ജോലി ചെയ്യിച്ച് ഉൽപാദിപ്പിച്ചിരുന്ന നാണ്യവിളകൾക്കും ഭക്ഷ്യോത്പന്നങ്ങൾക്കും തീണ്ടലും തൊടീലും ഉണ്ടായിരുന്നില്ല. ഇവിടുത്തെ സവർണ്ണവർഗ്ഗത്തിന് ദാസ്യവൃത്തി ചെയ്ത് ജീവിച്ച അവർണ്ണഹിന്ദുക്കളോട് കാണിച്ച കൊടുംക്രൂരതയെപ്പറ്റി സൗത്ത് കേരള ഡയോസിസ് 1972-ൽ പ്രസിദ്ധീകരിച്ച സ്മരണികയിൽ ഇപ്രകാരം പറയുന്നു. "ജനിച്ചതുതന്നെ അപരാധമായി പരിഗണിച്ചിരുന്ന അവരുടെ അനർഹമായ നിലനിൽപ്പിനുപോലും കരമീടാക്കാൻ സർക്കാർ മറന്നില്ല. സവർണ്ണകുലജാതരായതു

www.malankaralibrary.com

കൊണ്ട് മാത്രം വിധികർത്താക്കളായിത്തീർന്നവരുടെ അവ്യവസ്ഥാപിതവും അലിഖിതവുമായ വിധിന്യായങ്ങളുടെ മുന്നിൽ സത്യവും നീതിയും മരിച്ചു വീഴുന്ന സംഭവങ്ങൾ അനവധിയായിരുന്നു. അമർത്തിപ്പിടിച്ച വികാരങ്ങളും വീർപ്പ് മുട്ടിക്കുന്ന സ്വാതന്ത്ര്യവാഞ്ഛയും അനന്തമായവശേഷിക്കുന്ന ഭയവും സാധാരണ ജനങ്ങളുടെ സ്ഥായീഭാവമായിരുന്നു."

സാമൂഹികമായ ഈ അനീതിക്കെതിരെ ഇവിടുത്തെ ക്രൈസ്തവർ ഗൗരവമായി ശബ്ദിച്ചിരുന്നില്ല എന്നുള്ളത് ഒരു സത്യമാണ്. ഒരു പക്ഷേ ന്യൂനപക്ഷമായതുകൊണ്ട് ബ്രാഹ്മണാധിപത്യത്തോട് പൊരുതുവാനുള്ള ശക്തിയില്ലാത്തതിനാലായിരിക്കാം ഇങ്ങനെയൊരു നിസ്സംഗതാ മനോഭാവം ക്രൈസ്തവർ സ്വീകരിച്ചത്.

കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികൾക്ക് അന്ന് സമൂഹത്തിൽ പ്രബലമായ ഒരു സ്ഥാനം ഉണ്ടായിരുന്നു. ജനസംഖ്യയിൽ കുറവായിരുന്നെങ്കിലും സ്വാധീനതയിൽ നായന്മാരേക്കാളും മുൻപന്തിയിലായിരുന്നു സുറിയാനി ക്രിസ്ത്യാനികൾ. ആ വസ്തുത വച്ചുനോക്കുമ്പോൾ സാമൂഹികമായ അനീതിക്കെതിരായി പോരാടുവാൻ സുറിയാനി ക്രിസ്ത്യാനികൾക്ക് എന്തുകൊണ്ട് കഴിയാതെ പോയി? റോമാ സാമ്രാജ്യത്തിന്റെ അധഃപതനവും നാശവും എന്ന ഗ്രന്ഥത്തിൽ ചരിത്രകാരനായ ഗിബ്ബൺ പറയുന്നു. "ആയുധാഭ്യാസത്തിലും കലാവിദ്യകളിലും സുറിയാനി ക്രിസ്ത്യാനികൾ ഹിന്ദുസ്ഥാനത്തിലെ സ്വദേശികളിൽ ഉൽക്കർഷം പ്രാപിച്ചവരായിരുന്നു. പടയാളികൾ കേരളത്തിലെ കുലീനരായ നായന്മാരേക്കാൾ മികച്ചവരായിരുന്നു. കൊച്ചി രാജാവും സാമൂതിരിപ്പാടും ഭയംകൊണ്ടോ ഉപകാരസ്മരണകൊണ്ടോ അവരുടെ പാരമ്പര്യ പദവികളെ ബഹുമാനിച്ചു പോന്നു. റവ. ജെയിംസ് ഹ്യൂം എഴുതിയിരിക്കുന്നു: "മുൻകാലങ്ങളിൽ രാജാക്കന്മാർ ഇവരെ ഇത്രയധികം വിലമതിച്ച് പോന്നതിൽ അത്ഭുതപ്പെടാനില്ല. ഒരു രാജാവിനെ അയാളുടെ രാജ്യത്തിലുള്ള സുറിയാനി ക്രിസ്ത്യാനികളുടെ സംഖ്യാബലം അനുസരിച്ച് ഇതര രാജാക്കന്മാർ ഭയപ്പെടുകയോ ബഹുമാനിക്കുകയോ ചെയ്തിരുന്നു. സുറിയാനി ക്രിസ്ത്യാനികളുടെ വിശ്വസ്തതയും സത്യസന്ധതയും പോലെ തന്നെ അവരുടെ സാമർത്ഥ്യത്തെയും സൈനികപരാക്രമത്തെയും ഭരണകർത്താക്കൾ വിലമതിക്കുകയും സമാശ്രയിക്കുകയും ചെയ്യുന്നു."

ഇത്രയധികം സ്വാധീനവും ശക്തിയുമുണ്ടായിരുന്ന സുറിയാനി ക്രിസ്ത്യാനികൾ ഇവിടെ ചാതുർവർണ്ണ്യത്തിന്റെ ഫലമായി നിലനിന്ന സാമൂഹികമായ അനീതിക്കെതിരെ ശക്തമായി എന്തുകൊണ്ട് പ്രതികരിച്ചില്ല?

ക്രിസ്തുമതം ഇവിടെ പ്രചരിപ്പിച്ച മാർത്തോമ്മാശ്ലീഹാ തന്റെ ദിവ്യഗുരുവിന്റെ ആദ്ധ്യാത്മിക സന്ദേശങ്ങൾ മനുഷ്യഹൃദയങ്ങളിൽ വിതയ്ക്കുവാൻ മാത്രമേ ശ്രമിച്ചിരുന്നുള്ളു. ഇവിടുത്തെ ആചാര മര്യാദകൾ അതേ

www.malankaralibrary.com

പടി അത്യാവശ്യംവേണ്ട ക്രൈസ്തവീകരണത്തോടുകൂടി സ്വീകരിക്കുകയായിരുന്നു ചെയ്തത്. ഈ സാഹചര്യത്തിൽ സമൂഹത്തിൽ നിലനിന്ന ചാതുർവർണ്ണ്യവ്യവസ്ഥയ്ക്ക് എതിരായി പ്രവർത്തിക്കേണ്ടതിനെപ്പറ്റി ഗൗരവമായി അവർ ചിന്തിച്ചുകാണുകയില്ല. ഒരുപക്ഷേ ഇന്ത്യൻ സാമൂഹ്യ വ്യവസ്ഥിതിയുടെ ഒരു ഭാഗമായി ക്രിസ്തുമതം സ്വീകരിച്ച സുറിയാനി ക്രിസ്ത്യാനികൾ ഇവയെ കണ്ടിരിക്കാം. ഏതായാലും നൂറ്റാണ്ടുകളായി ഇവിടെ നിലനിന്ന അനീതിക്കെതിരെ വേണ്ടത്ര ഗൗരവത്തോടെ സുറിയാനി ക്രിസ്ത്യാനികൾ ശബ്ദിച്ചില്ലായെന്നത് ഒരു വസ്തുതയാണ്.

ഇന്ത്യയിൽ നിലനിന്ന സാമൂഹികമായ അനീതിക്കെതിരെയുള്ള പോരാട്ടത്തിന് തുടക്കം കുറിച്ചത് പാശ്ചാത്യ നാടുകളിൽ നിന്ന് ഇവിടെ എത്തിച്ചേർന്ന എൽ.എം.എസ്സ്, സി.എം.എസ്സ്. തുടങ്ങിയ ക്രൈസ്തവസഭാവിഭാഗങ്ങളിലെ മിഷനറിമാരായിരുന്നു. അവർ ആരംഭം കുറിച്ച ഈ സമരത്തോട് ഏതദ്ദേശീയരായ ക്രിസ്ത്യാനികളും പരസ്പരം കൈകോർത്ത് മുന്നോട്ട് നീങ്ങി. അന്ന് നിലവിലിരുന്ന വിദ്യാഭ്യാസരീതിയുടെ ഫലമായി പിന്നോക്ക ജനവിഭാഗങ്ങൾക്ക് വിദ്യ അഭ്യസിക്കുവാൻ സാധ്യമായിരുന്നില്ല. അന്നത്തെ ഗുരുക്കന്മാർ പ്രായേണ സവർണ്ണ വിഭാഗത്തിൽപ്പെട്ടവരായിരുന്നു. ആ ഗുരുക്കന്മാരുടെ മുമ്പിൽ ചെന്നിരുന്ന് വിദ്യയഭ്യസിക്കുവാൻ അവർണ്ണ ഹിന്ദുക്കൾക്കും അധഃകൃതഹിന്ദുക്കൾക്കും അനുവാദമുണ്ടായിരുന്നില്ല. ഗവൺമെന്റ് വിദ്യാലയങ്ങൾ ആരംഭിച്ചപ്പോഴും അവർണ്ണഹിന്ദുക്കൾക്കും അധഃകൃതഹിന്ദുക്കൾക്കും പ്രവേശനം നിഷേധിച്ചിരുന്നു. ഈ നിലയ്ക്ക് ഒരു മാറ്റം വരുത്തുവാൻ ഗ്രാമവിദ്യാലയങ്ങൾ സ്ഥാപിക്കുവാൻ മിഷനറിമാർ ശ്രമിച്ചു. ജാതിയും മതവും നോക്കാതെ എല്ലാ ജനവിഭാഗങ്ങളെയും ഇങ്ങനെ സ്ഥാപിച്ച ഗ്രാമവിദ്യാലയങ്ങളിൽ ചേർത്ത് പഠിപ്പിച്ച് വിജ്ഞാന വിതരണം നടത്തി. 1806-ൽ സി.എം.എസ്സ്. മിഷനറിമാരും 1816-ൽ ബാസൽ മിഷൻകാരും കേരളത്തിൽ എത്തി നിരവധി വിദ്യാലയങ്ങൾ സ്ഥാപിച്ചു. നാനാജാതിമതസ്ഥരായ വിദ്യാർത്ഥികൾ ഒന്നിച്ചിരുന്ന് പഠിക്കുന്ന ഒരു സാഹചര്യം സൃഷ്ടിച്ചത് ക്രൈസ്തവരായിരുന്നു. സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകുകയും ഫീസ് നൽകുന്നതിൽ നിന്നും അവരെ ഒഴിവാക്കുകയും ചെയ്തു. എന്നുതന്നെയുമല്ല പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഭക്ഷണം നൽകി, പുസ്തകം നൽകി, വസ്ത്രം നൽകി അവരുടെ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിച്ചു. വിദ്യാസമ്പന്നരായ ജനങ്ങൾക്ക് സമൂഹത്തിൽ ലഭിച്ച മാന്യമായ സ്ഥാനവും അവർക്ക് ലഭിച്ച ഉദ്യോഗങ്ങളും കൂടുതൽ ആളുകളെ വിദ്യാലയങ്ങളിലേക്കാകർഷിച്ചു. അങ്ങനെ കേരളത്തിലെ അവർണ്ണസമുദായങ്ങളുടെ വിദ്യാഭ്യാസത്തിന് ക്രിസ്ത്യൻ മിഷനറിമാർ അടിത്തറ പാകി.

www.malankaralibrary.com

നാട്ടുകാരായ ക്രിസ്ത്യാനികളും ആ വഴിയേ മുന്നോട്ട് നീങ്ങിയത് വിദ്യാഭ്യാസരംഗത്ത് അഭൂതപൂർവ്വമായ വളർച്ചയ്ക്ക് വഴിയൊരുക്കി.

ആൺകുട്ടികൾ വിദ്യാഭ്യാസത്തിൽ താൽപര്യം പ്രകടിപ്പിച്ചിരുന്നുവെങ്കിലും പെൺകുട്ടികളെ വിദ്യ അഭ്യസിപ്പിക്കുക ഒരു ആവശ്യമായി സമൂഹം അന്ന് കണക്കാക്കിയിരുന്നില്ല. ആ രംഗത്തും വിപ്ലവകരമായ ഒരു മാറ്റം വരുത്തിയത് ക്രൈസ്തവ മിഷനറിമാരാണ്. സ്ത്രീ വിദ്യാഭ്യാസംകൊണ്ട് മാത്രമേ സമൂഹത്തിന് പുരോഗതി ലഭിക്കുകയുള്ളുവെന്ന് മനസ്സിലാക്കുവാൻ സർക്കാരിനുപോലും അന്ന് സാധിച്ചിരുന്നില്ല. സ്ത്രീ വിദ്യാഭ്യാസത്തിന് നേതൃത്വം നൽകിയത് പ്രധാനമായും മിഷനറിവനിതകളായിരുന്ന മിസ്സിസ്സ് മീഡ്, മിസ്സിസ്സ് മില്ലർ, മിസ്സിസ് തോംപ്സൺ, മിസ്സിസ് ബയ്‌ലി, മിസ്സിസ് ബേക്കർ തുടങ്ങിയവരായിരുന്നു. പെൺകുട്ടികളെ വിദ്യാലയത്തിൽ അയക്കുന്നതിൽ രക്ഷകർത്താക്കൾ താൽപര്യം പ്രകടിപ്പിക്കാതിരുന്ന കാലഘട്ടത്തിൽ 1819-ൽ മിസ്സിസ് മീഡ് നാഗർകോവിലിൽ ഒരു പെൺപള്ളിക്കൂടം സ്ഥാപിക്കുകയും പെൺകുട്ടികളുടെ സകല വിദ്യാഭ്യാസച്ചെലവും മിഷനറിമാർതന്നെ വഹിക്കുകയും ചെയ്തു. സാധാരണ പാഠ്യവിഷയങ്ങൾക്ക് പുറമേ, ചിത്രത്തയ്യലും, റേന്തത്തയ്യലുകളും, തുന്നലും മറ്റും പഠിപ്പിച്ചിരുന്നു. ഇവിടുത്തെ റേന്തത്തയ്യലുകൾ ലണ്ടൻ, പാരീസ്, ചിക്കാഗോ മുതലായ സ്ഥലങ്ങളിൽ നടന്ന പ്രദർശനങ്ങളിൽ സമ്മാനാർഹമായതോടെ നല്ല വ്യവസായമായി തയ്യൽരംഗം വളരുകയുണ്ടായി. മിഷനറിമാർ ഈ രംഗത്ത് വിലപ്പെട്ട സേവനങ്ങൾ അനുഷ്ഠിച്ചിട്ടും സർക്കാർ സ്ത്രീ വിദ്യാഭ്യാസത്തിൽ യാതൊരു ശ്രദ്ധയും ചെലുത്തിയില്ല. അര നൂറ്റാണ്ടുകാലം ആ നില തുടർന്നു.

1859-ലെ കണക്കനുസരിച്ച് തിരുവിതാംകൂറിൽ 2003 പെൺകുട്ടികൾ വിദ്യാഭ്യാസം നടത്തിയിരുന്നു. എന്നാൽ, 1897-ൽ സ്കൂളിൽ പോകുന്ന പെൺകുട്ടികളുടെ എണ്ണം 36652 ആയി ഉയർന്നു. സ്ത്രീ വിദ്യാഭ്യാസത്തിൽ ഏറ്റം മുന്നണിയിൽ നിൽക്കുന്ന രാജ്യമെന്ന പ്രശസ്തി ഇന്ന് കേരളത്തിന് നിലനിൽക്കുമ്പോൾ അതിന് കേരളത്തെ അർഹമാക്കിയത് സാഹസികരായ ക്രിസ്ത്യൻ വനിതാ മിഷനറിമാരായിരുന്നുവെന്ന വസ്തുത നാം കൃതജ്ഞതാപൂർവ്വം സ്മരിക്കേണ്ടിയിരിക്കുന്നു. കേരളം സ്ത്രീ വിദ്യാഭ്യാസത്തിൽ മുന്നണിയിൽ നിൽക്കുക മാത്രമല്ല ആദ്യത്തെ വനിതാ ചീഫ് മെഡിക്കലാഫീസറായിരുന്ന മിസ്സിസ് പുന്നൻ ലൂക്കോസ്, ആദ്യത്തെ വനിതാ ഹൈക്കോടതി ജഡ്ജി മിസ്സിസ് അന്നചാണ്ടി, ആദ്യത്തെ വനിതാ ചീഫ് എൻജിനീയർ മിസ് പി.കെ. ത്രേസ്യാ മുതലായ പ്രഗത്ഭരെ രാഷ്ട്രത്തിന് സമ്മാനിക്കുകയും ചെയ്തു.

സാമാന്യ ജനങ്ങൾക്ക് വിദ്യാഭ്യാസം നൽകി അവരെ പ്രബുദ്ധരാക്കുവാൻ ശ്രമിച്ചതോടൊപ്പം അവരുടെ സാമൂഹികമായ നിലവാരം ഉയർത്തുന്നതിനും മിഷനറിമാർ പ്രത്യേകം ശ്രദ്ധ ചെലുത്തിയിരുന്നു. താണജാതി

www.malankaralibrary.com

ക്കാരുടെമേൽ അന്യായമായ നികുതി ചുമത്തിയിരുന്നു. ശ്രീ. എ. ശ്രീധരമേനോന്റെ കേരള ചരിത്രത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "പ്രാചീനകാലം മുതൽ തിരുവിതാംകൂറിൽ അതിരൂക്ഷമായിത്തീർന്ന ഒരു നികുതി സമ്പ്രദായമാണ് തലക്കരം, മുലക്കരം, തളൈക്കരം, ഏണിക്കാണം, മേനിപ്പൊന്ന് മുതലായവ. ജനിച്ചുപോയി എന്ന കുറ്റത്തിനുള്ള ശിക്ഷയാണ് തലക്കരം. സ്ത്രീ തൊഴിലാളികൾ കൊടുക്കേണ്ടത് മുലക്കരം. ചെത്തു തൊഴിലാളികൾ കൊടുക്കേണ്ട നികുതി തളൈക്കാണം. തെങ്ങുകേറ്റക്കാരുടെ നികുതി ഏണിക്കാണം, ആഭരണം അണിയുന്നതിനുള്ള നികുതി മേനിപ്പൊന്ന്. എന്തെങ്കിലും കാരണം പറഞ്ഞ് പിന്നോക്കസമുദായങ്ങളുടെമേൽ നികുതി ചുമത്തുകയെന്നതായിരുന്നു രാജ്യത്തിന് വരവുണ്ടാക്കുവാൻ ഒരേ ഒരു മാർഗ്ഗം. താണ ജാതിക്കാർ വിവാഹം നടത്തണമെങ്കിൽ ഒരു നിശ്ചിത തുക നാടുവാഴിക്ക് കൊടുക്കണമായിരുന്നു. എന്നല്ല തങ്ങളുടെ പൊട്ടക്കുടിലുകളുടെ പേരിൽ പോലും അവർ നികുതി കൊടുക്കണമായിരുന്നു. തരി, ചക്ക്, വള്ളം, വല, വണ്ടി എന്നിവയിലെല്ലാം നികുതി ഏർപ്പെടുത്തിയിരുന്നു.

തിരുവിതാംകൂറിൽ വേലുത്തമ്പിയുടെ ഭരണകാലത്ത് ഈ നികുതി പിരിവ് അതിരൂക്ഷമായിത്തീർന്നു. മരിച്ചുപോയവരുടെ പേരിലുള്ള തലക്കരം കൊടുക്കുവാൻ ജീവിച്ചിരിക്കുന്നവർ നിർബന്ധിതരായി. തിരുവിതാംകൂറിലെ നികുതിപിരിവുമൂലം പലരും അന്യനാടുകളിലേക്ക് ഒളിച്ചോടിപ്പോയി. സി. എച്ച്.ആഗൂർ എഴുതിയ തിരുവിതാംകൂർ ചർച്ച് ഹിസ്റ്ററിയിൽ 1807-ൽ ചാന്നാന്മാരിൽനിന്നും ഈഴവരിൽ നിന്നുമായി 88044 രൂപയും ചാന്നാന്മാർ ചെത്തിയിരുന്ന പനയുടെ പാട്ടം തളൈക്കാണമായി 18523 രൂപയും ചെട്ടികളിൽനിന്ന് തലക്കരമായി 4624 രൂപയും ഈടാക്കിയിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ഭാരിച്ച നികുതികളും കൂലിയില്ലാത്ത ജോലി ചെയ്യലും അവസാനിക്കുവാൻ ക്രൈസ്തവ മിഷനറിമാർ നടത്തിയ ശ്രമം വിജയിച്ചു. 1814 ജൂൺ 20 ന് തലക്കരം നിർത്തലാക്കി. അങ്ങനെ നിഷേധിക്കപ്പെട്ടിരുനന അവകാശങ്ങൾ പലതും അധഃസ്ഥിതർക്ക് നേടിയെടുക്കുവാൻ ക്രൈസ്തവ മിഷനറിമാർ നടത്തിയ ശ്രമങ്ങൾ കാരണമായി.

ഏറ്റവും വലിയ സമ്പന്ന രാഷ്ട്രങ്ങളിൽ ഒന്നാണ് യു.എസ്സ്.എ. പരിഷ്കാരത്തിലും പുരോഗതിയിലും അമേരിക്ക മുൻപന്തിയിൽത്തന്നെ നിൽക്കുന്നു. ലോകമാസകലം ശാന്തിയും സമാധാനവും സംസ്ഥാപിക്കാനായി ഒരു ലോകപോലീസിന്റെ വേഷം കെട്ടി നടക്കുന്ന അമേരിക്കയിൽ ഇന്നും വർണ്ണവിവേചനം നിലനിൽക്കുന്നു. അമേരിക്കയിൽ അടിമക്കച്ചവടം ഒരു കാലത്ത് നിലനിന്നിരുന്നു. എബ്രഹാം ലിങ്കൺ ആണ് അടിമക്കച്ചവടം നിരോധിച്ചത്.

ഈ കാലഘട്ടത്തിൽ കേരളത്തിലും അടിമകളും അടിമക്കച്ചവടവും നിലനിന്നിരുന്നു. ഇവിടെ അടിമസമ്പ്രദായം അതിന്റെ പ്രാകൃതമായ രീതി

www.malankaralibrary.com

യിൽ നിലനിർത്തുവാൻ ഇവിടുത്തെ സവർണ്ണർക്ക് കഴിഞ്ഞിരുന്നു. ഈ അടിമസമ്പ്രദായത്തിനെതിരെ ബഹുജനശബ്ദം ഉയർത്തുന്നതിൽ മിഷനറിമാരാണ് വിലപ്പെട്ട സേവനം അനുഷ്ഠിച്ചത്. എ. ശ്രീധരമേനോന്റെ 'കേരളചരിത്ര'ത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "കൃഷിപ്പണിക്കുവേണ്ടി ഭൂമിയുമായി ബന്ധപ്പെടുത്തി ഭൂവുടമകൾ സൂക്ഷിച്ചിരുന്ന അടിമകൾക്ക് കണക്കുണ്ടായിരുന്നില്ല. കന്നുകാലികളെപ്പോലെ അവരെ ക്രയവിക്രയം ചെയ്തിരുന്നു. അടിമകളെ കൊല്ലാൻപോലുമുള്ള ജന്മിമാരുടെ അവകാശത്തെക്കുറിച്ച് ചോദിക്കാനും പറയാനും ആരുമുണ്ടായിരുന്നില്ല തന്നെ. ചുരുക്കിപ്പറഞ്ഞാൽ, എന്തെങ്കിലും ജീവിതാവകാശമുള്ള മനുഷ്യരോടെന്നെ നിലയ്ക്കായിരുന്നില്ല അടിമകളോട് പെരുമാറിപ്പോന്നത്. കറവപ്പശുക്കളെ സൂക്ഷിക്കുക, നല്ല വസ്ത്രം ധരിക്കുക, വാഹനങ്ങളിൽ സഞ്ചരിക്കുക, ഓടുമേഞ്ഞ വീടുകളിൽ താമസിക്കുക, ഓട്ടു പാത്രങ്ങളുപയോഗിക്കുക മുതലായ സാധാരണ ജീവിതത്തിന്റെ സൗകര്യങ്ങളൊന്നും അവർ അറിഞ്ഞിരുന്നതേയില്ല." കേരളത്തിൽ നിന്നും മൗറീഷ്യസ് മുതലായ സ്ഥലങ്ങളിലേക്ക് അടിമകളെ കച്ചവടം നടത്തിയിരുന്നു. ഒരു അടിമയ്ക്ക് 14 രൂപാവരെ ലഭിച്ചിരുന്നുവെന്നാണ് കണക്കുകളിൽ കാണുന്നത്. ഇങ്ങനെ കച്ചവടം നടത്തുമ്പോൾ ഭാര്യയെ ഭർത്താവിൽനിന്നും വേർപെടുത്തി വിഭിന്ന സ്ഥലങ്ങളിലേക്ക് കച്ചവടം നടത്തിയിരുന്നു. അടിമകളെ പട്ടിണിക്കിടുവാനും, മർദ്ദിക്കുവാനും എന്തിന് കൊല്ലുന്നതിനുപോലും ഉള്ള അവകാശം ഉടമസ്ഥന്മാർക്കുണ്ടായിരുന്നു. അന്ന് തിരുവിതാംകൂറിൽ ഉണ്ടായിരുന്ന ഒരു ലക്ഷത്തി അറുപത്തയ്യായിരം അടിമകളിൽ നാൽപത്തിയോരായിരം അടിമകൾ സർക്കാർവക അടിമകളായിരുന്നു. അടിമകളിൽ നിന്നും തലവരിയായി 165000 പണം സർക്കാരിന് ലഭിക്കുകയും ചെയ്തിരുന്നു.

ഈ അടിമകളും മനുഷ്യരാണെന്നും അവർക്കും മറ്റുള്ളവരെപ്പോലെ സ്വതന്ത്രമായി ജീവിക്കാനുള്ള അവകാശമുണ്ടെന്നും അവരുടെ ദുരിതങ്ങൾക്ക് അറുതിവരുത്തണമെന്നും കാണിച്ച് തിരുവിതാംകൂർ മഹാരാജാവിന് 1847 ൽ റവ. മീഡ്, റവ. മോൾട്ട്, റവ. ബയ്ലി, റവ. ബേക്കർ എന്നീ മിഷനറിമാർ ചേർന്ന് ഒരു നിവേദനം സമർപ്പിച്ചു. കൊച്ചി മഹാരാജാവിനും ഇതേ നിവേദനം അവർ സമർപ്പിക്കുകയുണ്ടായി. അടിമവ്യാപാരം നിർത്തലാക്കിക്കൊണ്ടുള്ള വിളംബരം പുറപ്പെടുവിക്കണമെന്നും ആ നിവേദനത്തിൽ പ്രത്യേകം എടുത്ത് പറഞ്ഞിരുന്നു. അടിമവ്യാപാരം നിർത്തിയാൽ മാത്രം പോരാ, അവർക്ക് സ്വാതന്ത്ര്യം നൽകുന്നതോടൊപ്പം അവരുടെ ഉദ്ധാരണത്തിനായി അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് മിഷനറിമാരുടെ നിവേദനത്തിൽ ആവശ്യപ്പെട്ടു.

തിരുവിതാംകൂറിലെയും കൊച്ചിയിലെയും ജന്മിമാരും ഭൂവുടമകളുമായ സവർണ്ണ ഹിന്ദുക്കളും ഈ നീക്കത്തെ ശക്തിയായി എതിർത്തു. രാജകുടുംബങ്ങളിൽ വൻ സ്വാധീനമുണ്ടായിരുന്ന സവർണ്ണ ഹിന്ദുകകൾ അടിമ

www.malankaralibrary.com

കളെ മോചിപ്പിച്ചാൽ തങ്ങളുടെ കൃഷിഭൂമിയിൽ വേല ചെയ്യുവാൻ ആളുകളെ കിട്ടുകയില്ലെന്നും രാജ്യം കടുത്ത സാമ്പത്തികത്തകർച്ചയിലേക്ക് നീങ്ങുമെന്നും വാദിച്ചു. ഇവരുടെ സമ്മർദ്ദത്തിന് മുമ്പിൽ ധീരമായ ഒരു നിലപാട് സ്വീകരിക്കുവാൻ ഗവൺമെന്റിന് സാധിച്ചില്ല. അടിമകളും മറ്റുള്ളവരെപ്പോലെ മനുഷ്യരാണെന്ന് സമ്മതിക്കുവാൻപോലും സവർണ്ണഹിന്ദുക്കൾ തയ്യാറായിരുന്നില്ല. മിഷനറിമാരുടെ നിവേദനത്തിന്റെമേൽ ഒരു നടപടി എടുക്കാതെ സർക്കാർ കാലം തള്ളിനീക്കിക്കൊണ്ടിരുന്നു. മിഷനറിമാർ തുടരെത്തുടരെ സർക്കാരിൽ സമ്മർദ്ദം ചെലുത്തുകയും അടിമകളിൽ സ്വാതന്ത്ര്യബോധം വളർത്തുവാൻ ശ്രമിക്കുകയും ചെയ്തു. ക്രിസ്ത്യാനികളോട് സവർണ്ണഹിന്ദുക്കൾ വിദ്വേഷത്തോടെ പെരുമാറുന്നതിന് ഈ നടപടി കാരണമായി. മിഷനറിമാരുടെ ശക്തമായ പ്രചരണത്തെത്തുടർന്ന് 1853-ൽ തിരുവിതാംകൂർ സർക്കാർ അടിമകൾക്ക് സ്വാതന്ത്ര്യം അനുവദിച്ചു. അടിമകളുടെ മക്കൾ മേലാൽ അടിമകളായിരിക്കുകയില്ലെന്നും പ്രഖ്യാപിച്ചു. അടിമകളിൽ നിന്ന് പിരിച്ചിരുന്ന കരം നിർത്തൽ ചെയ്തു. എങ്കിലും നിയമത്തിന് വിധേയരാകുവാനും അടിമകളെ മോചിപ്പിക്കുവാനും സവർണ്ണർ തയ്യാറായില്ല. 1854-ൽ അടിമവ്യാപാരം നിർത്തലാക്കിക്കൊണ്ടും അവർക്ക് സ്വത്ത് സമ്പാദിക്കുവാൻ അനുവാദം നൽകിക്കൊണ്ടും അടിമ ഏർപ്പാട് ശിക്ഷാർഹമായ ക്രിമിനൽ കുറ്റമായി പ്രഖ്യാപിച്ചുകൊണ്ടും മഹാരാജാവ് രാജകീയ വിളംബരം പുറപ്പെടുവിച്ചു.

കൊച്ചിയിലെ സ്ഥിതിയും ഭിന്നമായിരുന്നില്ല. കൊച്ചിയിൽ അന്ന് ആകെ 40000 അടിമകളുണ്ടായിരുന്നു. ഇതിൽ 9000 അടിമകൾ സർക്കാർവകയായിരുന്നു. ബ്രിട്ടീഷ് റസിഡണ്ട് (ആക്ടിംഗ്) കേണൽ സ്റ്റുവാർട്ട്, തന്റെ യാത്രയ്ക്കിടയിൽ കാളയോടൊപ്പം ഒരു അടിമയെ കലപ്പയ്ക്ക് കെട്ടി പൂട്ടുന്നത് കാണുവാനിടയായി. കർശന നടപടികൾ സ്വീകരിക്കുവാൻ ആക്ടിംഗ് റസിഡണ്ടിനെ ഈ സംഭവം പ്രേരിപ്പിച്ചു. അടിമകളുടെമേൽ മൃഗീയമർദ്ദനമേൽപ്പിക്കുന്നതിനെ തടഞ്ഞുകൊണ്ടുള്ള വിളംബരം കൊച്ചി മഹാരാജാവ് 1812-ൽ പുറപ്പെടുവിക്കാൻ നിർബ്ബന്ധിതനായി. ഈ വിളംബരത്തിനുശേഷവും കൊച്ചിയിൽ അടിമവ്യാപാരം നിലനിന്നു. മിഷനറിമാരുടെ തുടരെത്തുടരെയുള്ള സമ്മർദ്ദത്തിന്റെ ഫലമായി 1854-ൽ അടിമത്ത സമ്പ്രദായം പൂർണ്ണമായി നിരോധിച്ചുകൊണ്ട് മഹാരാജാവ് ഉത്തരവ് പ്രഖ്യാപിച്ചു.

അടിമകളുടെ ഉയിർത്തെഴുന്നേൽപ്പിന് ഇത് വഴിയൊരുക്കി. മിഷനറിമാർ അടിമകളുടെ കുട്ടികൾക്ക് സ്കൂളുകളിൽ പ്രവേശനം നൽകി. വിദ്യാഭ്യാസത്തിന് കുട്ടികളെ അയയ്ക്കാൻ മാതാപിതാക്കളെ പ്രേരിപ്പിച്ചു. സ്കൂളിൽ എത്തിയ കുട്ടികളുടെ സകല ചിലവും മിഷനറിമാർതന്നെ വഹിച്ചു. അടിമക്കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്ന അദ്ധ്യാപകർക്ക് കുട്ടി ഒന്നിന് ഒരു പണം വീതം കൂടുതൽ വേതനം നൽകി. ആയിരത്തിലധികം അടമക്കുട്ടികൾ ഒരു വർഷത്തിനകം സ്കൂളുകളിൽ ചേർന്ന് പഠനം ആരംഭിച്ചു.

www.malankaralibrary.com

ക്രൈസ്തവമിഷനറിമാർ തങ്ങളുടെ വിദ്യാലയങ്ങളിൽക്കൂടി നൽകിയ വിജ്ഞാനം അടിമകളുടെയും താണജാതിക്കാരുടെയും ഉയിർത്തെഴുന്നേൽപ്പിന് കളമൊരുക്കി. താണ ജാതിക്കാർ വിദ്യാഭ്യാസത്തിലും സാമ്പത്തിക നിലയിലും ഉയരുന്നത് തങ്ങളുടെ പ്രതാപത്തിന് ഒരു വെല്ലുവിളിയായിത്തീരുമെന്ന് കരുതിയ സവർണ്ണ ഹിന്ദുക്കൾ, മിഷനറിമാരുടെ എല്ലാ നീക്കങ്ങളെയും ശക്തിയായി എതിർക്കുകയും, മിഷനറിമാരെ മർദ്ദനവിധേയരാക്കുവാൻ ശ്രമിക്കുകയും ചെയ്തു. എല്ലാ വെല്ലുവിളികളെയും നേരിടുവാനും അധഃസ്ഥിതവർഗ്ഗത്തിന്റെ വിമോചനത്തിനുവേണ്ടി പോരാടുവാനും ക്രൈസ്തവ മിഷനറിമാർ തയ്യാറായി.

ഈഴവരുൾപ്പെടെയുള്ള താണജാതികളിലെ സ്ത്രീകൾ മാറുമറയ്ക്കരുതെന്നും സവർണ്ണരെ കാണുമ്പോൾ സ്ത്രീകൾ മാറിൽ നിന്ന് മേൽമുണ്ട് എടുത്തുമാറ്റി ആചാരം ചെയ്യണമെന്നുമായിരുന്നു നിലവിലിരുന്ന നിയമം. ഈ നിയമത്തിനെതിരെ ആദ്യമായി നിലകൊണ്ടത് വിദ്യാഭ്യാസം ലഭിച്ച, ക്രിസ്തുമതം സ്വീകരിച്ച ചാന്നാർ സ്ത്രീകളായിരുന്നു. അവർ മാറുമറച്ച് പൊതുനിരത്തുകളിൽകൂടി സഞ്ചരിച്ചു തുടങ്ങി. ഇത് ഒരു വലിയ പ്രക്ഷോഭണത്തിന് ഇട നൽകി. മാറുമറച്ച് നടന്ന ചാന്നാർ സ്ത്രീകളെ വഴിയിൽവച്ച് മർദ്ദിക്കുവാനും, മേൽമുണ്ട് ബലമായി വലിച്ചുകീറിക്കളയുവാനും സവർണ്ണ ഹിന്ദു യുവാക്കൾ തയ്യാറായി. 1828-ൽ പൊട്ടിപ്പുറപ്പെട്ട ഈ ലഹളയെത്തുടർന്ന് ചാന്നാർ സ്ത്രീകൾ മാറുമറയ്ക്കുന്നത് നിയമവിരുദ്ധമാണെന്ന് 1829 ഫെബ്രുവരി 3-ാം തീയതി സർക്കാർ പ്രഖ്യാപിച്ചു. താണജാതിക്കാരായ സ്ത്രീകൾ മാറുമറയ്ക്കരുതെന്നും ക്രിസ്തുമതം സ്വീകരിക്കുന്ന താണജാതിക്കാർ, മേൽജാതിഹിന്ദുക്കളോട് മതപരിവർത്തനത്തിന് മുൻപ് വർത്തിച്ചതുപോലെ വർത്തിക്കണമെന്നും ഞായറാഴ്ചകളിൽ കൂലിയില്ലാത്ത വേല (ഊഴിയം) ചെയ്തുകൊള്ളണമെന്നും ഉത്തരവിൽ കർശനമായി നിർദ്ദേശിച്ചിരുന്നു. ഈ കിരാതമായ നിയമത്തിനെതിരെ മിഷനറിമാർ നടത്തിയ സമരം ഐതിഹാസികമായിരുന്നു. മിഷനറിമാരുടെ സ്കൂളുകളിൽ വിദ്യയഭ്യസിച്ചിരുന്ന ചാന്നാർ സ്ത്രീകൾ സംസ്കാരബോധമുള്ളവരായിത്തീർന്നു. അവർ മാന്യമായ രീതിയിൽ വസ്ത്രധാരണം ചെയ്തു തുടങ്ങി. സവർണ്ണ ഹിന്ദുക്കളെ ഇതു വല്ലാതെ ക്ഷോഭിപ്പിച്ചു. മാറുമറച്ച സ്ത്രീകളെ പൊതുസ്ഥലങ്ങളിൽ വച്ചുപോലും സവർണ്ണ ഹിന്ദുക്കൾ കഠിനമായി മർദ്ദിക്കുകയും അവരുടെ വസ്ത്രം ഉരിഞ്ഞുമാറ്റി അപമാനിക്കുകയും ചെയ്തിരുന്നു. ചാന്നാർ സ്ത്രീകളെ വിദ്യാഭ്യാസം ചെയ്യിച്ച്, അവരെ സംസ്കാരസമ്പന്നരാക്കുകയും മാറുമറച്ച് നടക്കാൻ പ്രേരിപ്പിക്കുകയും ചെയ്തത് മിഷനറിമാരായതുകൊണ്ട് അവരുടെനേരെയും ആക്രമണം നടത്തി. അടിമകളുടെ മോചനത്തിനു കാരണക്കാർ ക്രൈസ്തവരായതിനാൽ തിരുവിതാംകൂറിൽ ക്രൈസ്തവ മർദ്ദനം

www.malankaralibrary.com

അതിന്റെ ഭീകരരൂപത്തിൽത്തന്നെ നടന്നു. ഭീഷണികൊണ്ടും സർക്കാരിൽ സ്വാധീനം ചെലുത്തിയും കീഴ്ജാതിക്കാരെ വീണ്ടും തങ്ങളുടെ അടിമത്ത ത്തിലേക്ക് കൊണ്ടുവരാമെന്നാണ് സവർണ്ണഹിന്ദുക്കൾ വ്യാമോഹിച്ചത്.

ക്രിസ്ത്യൻ മിഷനറിമാർ തിരുവിതാംകൂർ സർക്കാരിനു നൽകിയ നിവേദനങ്ങൾക്കൊന്നും ഫലമുണ്ടായില്ല. പരിഷ്കൃതാശയനായ ദിവാൻ സർ ടി. മാധവറാവുവിന് പോലും സവർണ്ണഹിന്ദുക്കളെ നിലയ്ക്കു നിർത്തുവാൻ സാധിച്ചില്ല. ഗത്യന്തരമില്ലാതെ ഇവിടുത്തെ ക്രിസ്ത്യാനികൾ മദ്രാസ് ഗവർണ്ണർക്കു സങ്കടഹർജി സമർപ്പിച്ചു. സർ ചാറൽസ് ട്രവില്യനായിരുന്നു മദ്രാസ് ഗവർണ്ണർ. അദ്ദേഹം നേരിട്ട് ഇതേപ്പറ്റി അന്വേഷണം നടത്തി. സത്യം കണ്ടെത്തിയ ഗവർണ്ണർ, റസിഡണ്ട് കല്ലന് എഴുതിയ കത്തിൽ "സത്യവും നീതിയും" മാത്രമല്ല, മനുഷ്യത്വത്തെപ്പറ്റിയുള്ള നമ്മുടെ പൊതുവായ എല്ലാ വികാരങ്ങളും പൂർണ്ണമായി ഒരു ഭാഗത്തു മാത്രമുള്ള ഒരു കേസ് ഇതിനുമുൻപൊരിക്കലും എന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ലെന്നും ഇത്തരമൊരു സന്ദർഭത്തിൽ നാം ഒരു ഉറച്ച നിലപാട് സ്വീകരിക്കുന്നില്ലെങ്കിൽ പരിഷ്കൃ തലോകം മുഴുവൻ നമ്മെ നോക്കി ലജ്ജിക്കുമെന്നും എഴുതി. എന്നുതന്നെ യുമല്ല ചിന്താസ്വാതന്ത്ര്യത്തിനും പ്രവർത്തനസ്വാതന്ത്ര്യത്തിനും മൗലിക മായ സ്വാതന്ത്ര്യത്തിനും എതിരായിട്ടുള്ള തിരുവിതാംകൂർ മഹാരാജാവിന്റെ 1829-ലെ ഉത്തരവ് ഒരു പരിഷ്കൃത മഹാരാജാവിന് ഒരിക്കലും ഭൂഷണമാ യിരിക്കുകയില്ലെന്ന് തറപ്പിച്ചു പറയുകയും ചെയ്തു. ഇതു സംബന്ധിച്ച് തിരുവിതാംകൂർ മഹാരാജാവിന് വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകുവാൻ റസിഡന്റ് ജനറൽ കല്ലന് നിർദ്ദേശം നൽകുകയും ചെയ്തു.

മദ്രാസ് ഗവർണ്ണറുടെ ഉഗ്രമായ താക്കീതിനെത്തുടർന്ന് 1859 ജൂലൈ 26-ാം തീയതി തിരുവിതാംകൂർ മഹാരാജാവ് പുറപ്പെടുവിച്ച വിളംബരത്തിൽ "ചാന്നാർ സ്ത്രീകൾ മാറുമറയ്ക്കുന്നതിനെതിരായി 1829-ൽ പുറപ്പെടുവിച്ച വിളംബരം മൂലം ഉളവായിട്ടുള്ള സങ്കടം ശ്രദ്ധയിൽപെട്ടിരിക്കുന്നതിനാലും, യാതൊരുത്തർക്കും സങ്കടം ഉണ്ടാകാത്തവിധം എല്ലാ ജനങ്ങളോടും ഒന്നു പോലെ വർത്തിക്കുക നമുക്ക് ഹിതമായിരിക്കുന്നതിനാലും ഏതു മതവി ശ്വാസത്തിലും പെട്ട ചാന്നാർ സ്ത്രീകൾ പരുക്കൻ തുണികൊണ്ട് മാറുമറ യ്ക്കുന്നതിന് പൂർണ്ണ സ്വാതന്ത്ര്യം ഉണ്ടായിരിക്കും" എന്ന് പ്രത്യേകം രേഖ പ്പെടുത്തുകയും ചെയ്തു. സവർണ്ണഹിന്ദുക്കളുടെ വസ്ത്രധാരണത്തിൽ നിന്ന് വ്യത്യസ്തമായിരിക്കണം ചാന്നാർ സ്ത്രീകളുടെ വസ്ത്രധാരണമെന്ന് വിളംബരത്തിൽ സൂചിപ്പിച്ചിരുന്നുവെങ്കിലും അത്തരം നിയന്ത്രണങ്ങൾക്ക് യാതൊരു വിലയും ആരും കൽപ്പിക്കുകയുണ്ടായില്ല. അക്കാലത്ത് സമൂഹ ത്തിൽ നിലനിന്ന ഏറ്റവും വലിയ സാമൂഹിക തിന്മയായിരുന്നു അയിത്താ ചരണം. താണജാതിക്കാർക്ക് പൊതു നിരത്തുകളിൽ നടക്കാൻ അനുവാദ മുണ്ടായിരുന്നില്ല. തീണ്ടൽപ്പാട് കടന്ന് ഒരു സവർണ്ണനെ സമീപിക്കുന്ന

www.malankaralibrary.com

അയിത്തജാതിക്കാരനെ അപ്പോൾത്തന്നെ വെട്ടിവീഴ്ത്തുന്ന പതിവ് നിലനിന്നിരുന്നു. താണി ജാതിക്കാരെ കണ്ടാൽ തിരിച്ചറിയുന്നതിനുവേണ്ടി അവർ ശരീരം അരയ്ക്കുമേൽ മറയ്ക്കരുതെന്നായിരുന്നു നിയമം. നല്ല വസ്ത്രം ധരിക്കുന്നതിനോ, ആഭരണം ധരിക്കുന്നതിനോ ഒന്നും താണജാതിക്കാരെ അനുവദിച്ചിരുന്നില്ല. ബ്രാഹ്മണാധിക്യം അടിച്ചേൽപ്പിച്ച ഈ വ്യവസ്ഥിതി രാജസ്ഥാനത്തിന്റെ പിന്തുണയോടുകൂടി സമൂഹത്തിൽ പടർന്നുപിടിച്ചു. അയിത്തം ഹിന്ദുമതത്തിന്റെ ഒരു അവിഭാജ്യ ഘടകമായി കണക്കാക്കിയിരുന്നതിനാൽ അയിത്താചരണത്തിനെതിരായ ഏതു നീക്കവും ഹിന്ദുമതത്തിനെതിരായ നീക്കമായി വ്യാഖ്യാനിക്കുമായിരുന്നു. ഈ സാഹചര്യത്തിൽ ക്രിസ്ത്യാനികൾക്ക് അയിത്താചരണത്തിനെതിരെ ശബ്ദമുയർത്താനും ബോധവത്ക്കരണം നടത്തുവാനും മാത്രമേ സാദ്ധ്യമാകുമായിരുന്നുള്ളു.

ക്രൈസ്തവർ പ്രചരിപ്പിച്ച വിദ്യാഭ്യാസത്തിന്റെ ഫലമായി അധഃകൃതസമുദായങ്ങളിൽ സ്വാതന്ത്ര്യബോധവും ആത്മധൈര്യവും വളർന്നു. ക്രൈസ്തവമതം സ്വീകരിച്ച അധഃകൃതർ ഉന്നതവിദ്യാഭ്യാസം സിദ്ധിച്ച് ഉന്നത ഉദ്യോഗങ്ങൾ സ്വീകരിച്ച് ഉന്നത നിലയിൽ എത്തുകയും ചെയ്തത് അധഃകൃതവർഗ്ഗക്കാരുടെയിടയിൽ ഒരു ഉയിർത്തെഴുന്നേൽപ്പിനുള്ള കളമൊരുക്കി. ക്രിസ്തുമതത്തിൽ അയിത്തം ഇല്ലാതിരുന്നതുകൊണ്ട് ക്രിസ്തുമതം സ്വീകരിച്ച തീണ്ടൽ ജാതിക്കാരുടെ തീണ്ടൽ ഇല്ലാതായി. അതുകൊണ്ടാണ് പറയസമുദായാംഗമായിരുന്ന ഡോ. പീറ്റർ ലക്ഷ്മണനെ ശ്രീമൂലം തിരുനാൾ മഹാരാജാവ് തന്റെ സ്വന്തം ഭിഷഗ്വരനായും ഡർബാർ ഫിസിഷ്യനായും നിയമിച്ചത്. മതപരിവർത്തനം മൂലം ലഭിച്ച ഈ സാമൂഹ്യോന്നമനത്തെ ലക്ഷ്യംവച്ച് ധാരാളം തീണ്ടൽജാതിക്കാർ ക്രിസ്തുമതത്തെ ആശ്ലേഷിച്ചു. ഇത് ഹിന്ദുമതത്തിൽ ഒരു പുനർചിന്തനത്തിനു വഴിയൊരുക്കി. ക്രിസ്തുമതത്തിലേക്കുള്ള ഒഴുക്ക് തടയുന്നതിനുവേണ്ടിത്തന്നെ അയിത്തത്തിന്റെ കാർക്കശ്യം കുറയ്ക്കാൻ സവർണ്ണർ നിർബന്ധിതരായി. അങ്ങനെ മനുഷ്യത്വത്തിന്റെ മഹനീയത അംഗീകരിക്കുവാൻ സവർണ്ണരെ ക്രൈസ്തവ മിഷനറിമാരുടെ പ്രവർത്തനങ്ങൾ പ്രേരിപ്പിച്ചു.

അയിത്തത്തിന്റെ കാർക്കശ്യം കുറഞ്ഞെങ്കിലും താഴ്ന്നജാതിക്കാർക്ക് ക്ഷേത്രങ്ങളിൽ പ്രവേശിക്കുന്നതിനോ ചില റോഡുകളിൽകൂടി സഞ്ചരിക്കുന്നതിനോ അനുവാദമുണ്ടായിരുന്നില്ല. ക്ഷേത്ര പ്രവേശനത്തിനും സഞ്ചാര സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ശ്രമങ്ങൾ ആണ് പിന്നീട് നടന്നത്. ക്രൈസ്തവ മിഷനറിമാരുടെ സാമൂഹികരംഗത്തെ പ്രവർത്തനങ്ങളാണ് വൈക്കം സത്യാഗ്രഹത്തിനും വർഷങ്ങൾക്കുശേഷം ക്ഷേത്രപ്രവേശന വിളംബരം പുറപ്പെടുവിക്കുന്നതിനും പ്രേരണ നൽകിയത്. ക്രൈസ്തവർ, സമൂഹത്തിന്റെ മുഴുവൻ സമഗ്രമോചനം ലക്ഷ്യമാക്കിയാണു പ്രവർത്തിച്ചത്.

www.malankaralibrary.com

# 5. ക്രൈസ്തവ സംഭാവനകൾ

സാമൂഹിക തിന്മകൾക്കെതിരെയുള്ള പോരാട്ടത്തിനു നേതൃത്വം നല്കിയ ക്രൈസ്തവർ തന്നെ സാമ്പത്തിക സുരക്ഷിതത്വം എല്ലാവർക്കും ലഭ്യമാകുന്നതിനുവേണ്ടി പ്രവർത്തിച്ചു. ക്രൈസ്തവരുടെ താൽപര്യങ്ങൾ സംരക്ഷിക്കപ്പെടുന്നതിനുവേണ്ടി യത്നിക്കുന്നതുപോലെ തന്നെ അവഗണനയ്ക്കു വിധേയരായ മറ്റുള്ളവരേയും സംരക്ഷിക്കുന്നതിൽ ശ്രദ്ധ ചെലുത്തി. ക്രൈസ്തവർ പൊന്നരുളിക്കായും പൊൻകുരിശും വിറ്റ് പള്ളികളോടനുബന്ധിച്ച് സ്ഥാപിച്ച പള്ളിക്കൂടങ്ങളിൽ എല്ലാ ജാതികളിലും മതങ്ങളിലുംപെട്ടവരെ പ്രവേശിപ്പിച്ച് വിദ്യാഭ്യാസം നല്കി. അവിടെ അദ്ധ്യാപകരായി എല്ലാജാതിയിലും പെട്ടവരെ നിയമിക്കുകയും ചെയ്തു. അതേ മനോഭാവത്തോടുകൂടിയാണ് സാമ്പത്തിക കാര്യങ്ങളിലും ക്രൈസ്തവർ പ്രവർത്തിച്ചത്. തൊഴിൽരഹിതരായ യുവാക്കൾക്ക് വ്യവസായശാലകൾ ഏർപ്പെടുത്തി തൊഴിൽ ഉണ്ടാക്കികൊടുത്തു. ക്ഷാമകാലങ്ങളിൽ ധനവാന്മാരിൽനിന്നു പണം ശേഖരിച്ച് പാവപ്പെട്ടവർക്കു വിതരണം ചെയ്തു. 1813-ൽ തെക്കൻ തിരുവിതാംകൂറിൽ കടുത്തക്ഷാമം ഉണ്ടായപ്പോൾ, പട്ടിണിമരണങ്ങൾ നടമാടിയപ്പോൾ സർക്കാർയാതൊരുവിധ ദുരിതാശ്വാസ പ്രവർത്തനങ്ങളിലും ഏർപ്പെട്ടില്ല. എന്നുതന്നെയുമല്ല നിയമപ്രകാരമുള്ള നികുതികൾ അവരിൽ നിന്നും നിഷ്കരുണം ഈടാക്കുകയും ചെയ്തു. ഈ സമയത്ത് ദുരിതമനുഭവിച്ച സാധാരണക്കാർക്ക് ആലംബമായി പ്രവർത്തിച്ചത് റവ. റിഗ് ഗിൾറ്റാബ് ആണ്. കൊല്ലം മുതൽ പാളയംകോട്ടുവരെയുള്ള പ്രദേശങ്ങളിൽ ചുറ്റിസഞ്ചരിച്ചു കഴിയുന്നത്ര പണം ശേഖരിച്ചു സാധുക്കളുടെയിടയിൽ വിതരണം ചെയ്തു. വിദേശത്തുനിന്നും സുഹൃത്തുക്കളിൽ നിന്നും പണം ശേഖരിയ്ക്കുന്നതിലും അദ്ദേഹം തന്റെ സാമർത്ഥ്യം പ്രകടിപ്പിക്കുകയുണ്ടായി.

1860-ൽ ഉണ്ടായ കാലവർഷത്തെത്തുടർന്ന് കൃഷിപ്പിഴ തിരുവിതാംകൂറിൽ വലിയ ഭക്ഷ്യപ്രതിസന്ധിക്ക് കളമൊരുക്കി. ഭക്ഷ്യസാധനങ്ങൾ ലഭിക്കാനില്ലാതായി. ഉള്ളവയ്ക്ക് അമിതമായ വില ഈടാക്കുകയും ചെയ്തു. ആയിരക്കണക്കിന് ആളുകൾ പട്ടിണിമരണത്തിന് വിധേയരായി. പട്ടിണിയെത്തുടർന്ന് സന്നിപാതജ്വരം, അതിസാരം, വിഷൂചിക മുതലായ സാംക്രമിക രോഗങ്ങൾ നാടാകെ പടർന്നുപിടിച്ചു. പകർച്ചവ്യാധികൾ പിടിപെട്ടു മൂന്നുമാസത്തിനുള്ളിൽ ആയിരത്തിലധികം ആളുകൾ മരണവിധേയരായി. മിഷനറിമാർ കേരളത്തിനു വെളിയിൽ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലും ഇംഗ്ലണ്ടിലുമുള്ള സുഹൃത്തുക്കളെ ഇവിടുത്തെ ഭക്ഷ്യക്ഷാമത്തിന്റെയും പട്ടിണിമരണങ്ങളുടെയും പകർച്ചവ്യാധികളുടെയും വിവരം അറിയിച്ചു അവർ

www.malankaralibrary.com

ഉദാരമായി സംഭാവന ചെയ്തു. ദുരിതാശ്വാസ ക്യാമ്പുകൾ സ്ഥാപിച്ച് ജനങ്ങൾക്ക് ഭക്ഷണവും വസ്ത്രങ്ങളും രോഗികൾക്ക് മരുന്നും നൽകി. പാവപ്പെട്ട ജനങ്ങൾക്ക് തൊഴിൽ നല്കുന്നതിനുവേണ്ടി പുതിയ റോഡുകൾ വെട്ടിച്ചു. ദുരിത നിവാരണ പ്രവർത്തനങ്ങൾക്കായി ലഭിച്ചതിൽ മിച്ചം വന്ന തുക ഗവണ്മെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപിച്ചു. അതിന്റെ പലിശ വെല്ലൂർ മെഡിക്കൽ മിഷന്റെ പ്രവർത്തനങ്ങൾക്കായി നൽകാൻ ഏർപ്പാടു ചെയ്തു.

ക്രൈസ്തവർ രാഷ്ട്ര സേവനത്തിൽ അദ്വിതീയന്മാരായിരുന്നു. നസ്രാണി ക്രിസ്ത്യാനികളാകട്ടെ സൈനികപാരമ്പര്യമുള്ളവരും, വിശ്വസ്തരും സത്യസന്ധന്മാരുമായിരുന്നു. അതിനാൽ അവർ തിരുവിതാംകൂർ, കൊച്ചി രാജാക്കന്മാരുടെയിടയിൽ സ്വാധീനമുള്ളവരായിരുന്നു. സുറിയാനി ക്രിസ്ത്യാനികളുടെ നരവംശശാസ്ത്രം എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: “അവരുടെ പൊതുവായ വിശ്വസ്തതയും സത്യതൽപരതയുമെന്ന പോലെ തന്നെ അവരുടെ സാമർത്ഥ്യവും സൈനികപരാക്രമവും നിമിത്തം ഭരണാധികാരികൾ എല്ലായ്പ്പോഴും അവരെ ബഹുമാനിക്കുകയും സംരക്ഷിക്കുകയും ചെയ്തിരുന്നു. എന്നാൽ അവരുടെ ആകൃതി സമരമായിരുന്നെങ്കിലും പ്രകൃതി സമാധാനപരമായിരുന്നു. അവർ ദേവാലയത്തിൽ പ്രവേശിക്കുമ്പോൾ ആയുധങ്ങളെല്ലാം മുഖമണ്ഡപത്തിൽ നിക്ഷേപിച്ചിരുന്നു. അപ്പോൾ അത് ഒരു ആയുധപ്പുരപോലെ തോന്നിയിരുന്നു. ദൈവാരാധനയ്ക്കുശേഷം യാതൊരു കുഴപ്പവും കൂടാതെ ഓരോരുത്തരും അവരവരുടെ ആയുധങ്ങളുമെടുത്ത് നിശബ്ദരായി വീടുകളിലേയ്ക്ക് പോയിരുന്നു. മുൻകാലങ്ങളിൽ നല്ലവണ്ണം ആയുധം ധരിക്കാതെ അവർ പുറത്തിറങ്ങി സഞ്ചരിക്കുമായിരുന്നില്ല. വളരെ മൂർച്ചയുള്ള നീണ്ട ലോഹപ്പിടിയുള്ള ഒരു കത്തി അവർ കൊണ്ടുനടന്നിരുന്നു. ചിലർ നാടൻതോക്കുകളും കുന്തവും ഉപയോഗിച്ചിരുന്നു. അവർ യാത്ര ചെയ്യുമ്പോൾ ഉറയൂരിയ ഒരു വാളും പരിചയും ധരിച്ചിരുന്നു. കൊച്ചീരാജാവിന്റെ ഉയർച്ചയ്ക്ക് പ്രമുഖ കാരണക്കാർ അവിടുത്തെ നസ്രാണി ക്രിസ്ത്യാനികളായിരുന്നു.

നസ്രാണി ക്രിസ്ത്യാനികൾ വ്യാപാരരംഗത്തും ഒരു അതുല്യ ശക്തിയായിരുന്നു. ഫാ. പ്ലാസിഡിന്റെ സെന്റ് തോമസ് ക്രിസ്റ്റ്യൻസ് എന്ന ഗ്രന്ഥത്തിലും ഫാ. മുണ്ടാടന്റെ സെന്റ് തോമസ് ക്രിസ്ത്യാനികളുടെ 16-ാം നൂറ്റാണ്ടിലെ പാരമ്പര്യത്തെപ്പറ്റിയുള്ള പ്രതിപാദനത്തിലും ക്രൈസ്തവരുടെ വ്യാപാരരംഗത്തെ നേട്ടങ്ങളെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ട്. “കേരള രാജാക്കന്മാർ വ്യാപാര സംബന്ധമായി കൊടുത്തിട്ടുള്ള എല്ലാ ശാസനകളും യഹൂദന്മാർക്ക് കൊടുത്തിട്ടുള്ളതൊഴിച്ച് - ക്രിസ്ത്യാനികൾക്ക് നൽകിയിട്ടുള്ളതാണ്. ഇതിൽനിന്ന് പണ്ടത്തെ കേരളത്തിൽ വാണിജ്യവൃത്തിയിൽ പ്രധാനമായി ഏർപ്പെട്ടിരുന്നവർ ക്രിസ്ത്യാനികൾ മാത്രമാണെന്ന് കാണാവുന്നതാണ്. ചൈനയിലേയ്ക്കുള്ള മാർപാപ്പായുടെ പ്രതിനിധിയായിരുന്ന ജോൺ മരങ്ങോലി 1348-ൽ കൊല്ലം സന്ദർശിച്ചപ്പോൾ അവിടുത്തെ വാണിജ്യത്തിൽ

www.malankaralibrary.com

ആധിപത്യം വഹിച്ചിരുന്നത് ക്രിസ്ത്യാനികളായിരുന്നു. മാർത്തോമ്മാ ക്രിസ്ത്യാനികൾ കുരുമുളകിന്റെ ഉടമസ്ഥന്മാരും പൊതു വ്യാപാരസ്ഥലത്തിന്റെ നാഥന്മാരുമായിരുന്നെന്നും അവരെ മുതലാളിമാരെന്നു വിളിച്ചിരുന്നെന്നും അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു."

"പ്രാചീനകാലങ്ങളിൽ കേരള ക്രിസ്ത്യാനികൾ ഇവിടുത്തെ കച്ചവടക്കാരായിരുന്നുവെന്നു മാത്രമല്ല അവർ വിദേശരാജ്യങ്ങളുമായി നേരിട്ടു കച്ചവടം നടത്തുകയും ചെയ്തിരുന്നു. അവർക്ക് സ്വന്തമായി കപ്പലുകളും വിദേശങ്ങളിൽ കച്ചവട ഏജൻസികളും ഉണ്ടായിരുന്നു" ഈ പ്രസ്താവനകളിൽ നിന്നും വാണിജ്യരംഗത്ത് ക്രൈസ്തവർ വഹിച്ച നേതൃത്വം വ്യക്തമാവുന്നതാണ്.

"ഗതാഗതസൗകര്യവും വ്യാപാരസൗകര്യവും ഇല്ലാതിരുന്ന ഒരു കാലത്ത്-വാണിജ്യം ഒരു തൊഴിലായി സ്വീകരിച്ചിരുന്ന മറ്റു വർഗ്ഗങ്ങൾ ഇന്നാട്ടിൽ ഇല്ലാതിരുന്ന കാലത്ത്-രാജ്യഭണ്ഡാരം നിറയ്ക്കുന്നതിനും മുതലെടുപ്പ് വർദ്ധിപ്പിക്കുന്നതിനും നസ്രാണികളുടെ കപ്പലോട്ടവും വ്യാപാരസഹകരണവും ചുങ്കവും ഒരുതരത്തിലും ഒഴിച്ചുകൂടാത്തതായിരുന്നു. പടക്കോപ്പുകൾക്ക് ആവശ്യമായ ഉരുക്ക് മുതലായ ലോഹങ്ങളും കസ്തൂരി, കൊട്ടം. മാഞ്ചി, കായം മുതലായ അങ്ങാടി അറുപത്തിനാലും മറ്റ് ഔഷധധാതുക്കളും അവർ വിദേശങ്ങളിൽനിന്നു വിലയ്ക്കുവാങ്ങി കപ്പൽകയറ്റിക്കൊണ്ടുവരേണ്ടിയിരുന്നു. രാജകൊട്ടാരങ്ങളിലെയും പ്രഭുമന്ദിരങ്ങളിലെയും ഉപയോഗത്തിനായി പട്ടും ചകലാസും പരവതാനിയും കൊണ്ടുവരേണ്ടിയിരുന്നതും അവർ ആയിരുന്നു. കൃഷിസാധനങ്ങൾക്ക് നാണയരൂപത്തിൽ വിലകിട്ടുന്നതിന് അവന്റെ വെള്ളിക്കോലും മടിശീലയും സമീപത്ത് വേണ്ടിയിരുന്നു. രാജ്യത്തിന്റെ വാണിജ്യാധിഷ്ഠിതമായ ഉയർച്ചയ്ക്കും ഉണർവ്വിനും അവന്റെ ശ്വാസോച്ഛ്വാസം വരെ വിലയേറിയതായിരുന്നു." ഈ പ്രസ്താവനയിൽ നിന്നും കേരളത്തിലെ ക്രൈസ്തവർ വാണിജ്യരംഗത്തെ പ്രവർത്തനത്തിലൂടെ രാഷ്ട്രത്തിന് നൽകിയ സംഭാവന വ്യക്തമാകുന്നു.

ഇന്നും കേരളത്തിലെ കച്ചവടത്തിന്റെ ഗണ്യമായ ഒരു പങ്കു വഹിക്കുന്നത് മാർത്തോമ്മാ ക്രിസ്ത്യാനികളാണ്. ക്രിസ്ത്യാനികളുടെ സൈനികപാരമ്പര്യവും വ്യാപാരരംഗത്തെ നേതൃത്വവും രാഷ്ട്രനിർമ്മാണ പ്രക്രിയയിൽ നിർണ്ണായകമായ പങ്കുവഹിക്കുന്നതിനിടനൽകിയിട്ടുണ്ട്. അതേസമയം കാർഷികരംഗത്തും പുത്തൻപ്രവർത്തനസരണികൾ കെട്ടിപ്പടുക്കാൻ ക്രൈസ്തവർക്കു സാധിച്ചു. ജനങ്ങളിൽ സമ്പാദ്യശീലം വളർത്തുന്നതിന് ക്രൈസ്തവർ നേതൃത്വം നൽകി. ഇന്ന് കേരളത്തിൽ പ്രചാരത്തിലിരിക്കുന്ന ചിട്ടിയുടെയും ബാങ്കിംഗിന്റെയും ഉപജ്ഞാതാക്കൾ ക്രിസ്ത്യാനികളാണ്. ചെറുകിടക്കാരുടെ സമ്പാദ്യങ്ങൾ സ്വരൂപിച്ച് വൻപ്രസ്ഥാനങ്ങൾ ആരംഭിക്കുന്നതിനുള്ള കമ്പനിസമ്പ്രദായം തുടങ്ങിയതും ക്രൈസ്തവർ തന്നെ.

www.malankaralibrary.com

ഭാരതത്തിന് വിദേശനാണ്യം നേടിക്കൊടുക്കാനുപയുക്തമായ കൃഷികൾ ചെയ്തതും, ഭക്ഷ്യക്ഷാമത്തിനറുതിവരുത്താൻ സഹായകമാകും വിധം കായലുകൾ നികത്തി നെൽകൃഷി ചെയ്തതും, മലബാറിലെയും കിഴക്കൻമലയോരങ്ങളിലെയും വനഭൂമികൾ വെട്ടിത്തെളിച്ച്, മലമ്പനിയോടും മലമ്പാമ്പിനോടും എതിരിട്ട്, കാട്ടാന, കാട്ടുപന്നി, കടുവ മുതലായ ഹിംസ്ര ജന്തുക്കളുടെ അക്രമണങ്ങളെ നേരിട്ട്, മലയോരപ്രദേശങ്ങളെ കനകംവിളയിക്കുന്ന ഗ്രാമപ്രദേശങ്ങളാക്കി മാറ്റിയെടുത്തതും, ഇവിടുത്തെ ക്രൈസ്തവ സമൂഹമായിരുന്നു. ക്രൈസ്തവരുടെ ഈ രംഗത്തെ സേവനമാണ് ഭാരതത്തിന്റെ സാമ്പത്തിക അടിത്തറയ്ക്ക് രൂപം കൊടുത്തത്. ഈ വിഷയം സമഗ്രമായ പഠനത്തിന് വിധേയമാക്കേണ്ടതാണ്.

കേരള ക്രിസ്ത്യാനികളുടെ സൈനികപാരമ്പര്യം നമ്മുടെ രാജ്യത്തിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തിയെങ്കിൽ അവരുടെ വ്യാപാരരംഗത്തെ നേതൃത്വം വിദേശരാജ്യങ്ങളെ ഇന്ത്യയിലേക്കാകർഷിക്കുന്നതിനും ഇന്ത്യയുടെ സാമ്പത്തിക ഭദ്രത സുരക്ഷിതമാക്കുന്നതിനും സഹായിച്ചു. ഇവിടുത്തെ ക്രിസ്ത്യാനികൾ കാർഷികരംഗത്ത് അനുഷ്ഠിച്ച സേവനങ്ങൾ നൂറ്റാണ്ടുകൾക്കുമുമ്പേ കേരളത്തിന്റെ പ്രശസ്തി ലോകമെങ്ങും വ്യാപിപ്പിക്കുന്നതിനും വിദേശനാണ്യം നമ്മുടെ രാഷ്ട്രത്തിന് നേടിത്തരുന്നതിനും ഇടയാക്കി.

പ്രാചീനകേരളത്തിലെ പ്രധാനകൃഷി കുരുമുളകും തെങ്ങുമായിരുന്നു. ഈ രണ്ടുകൃഷിയും സുറിയാനിക്രിസ്ത്യാനികളുടെ കുത്തകയായിരുന്നു. കുരുമുളകിന് അന്താരാഷ്ട്രരംഗത്ത് എന്നും നല്ല പ്രശസ്തി ലഭിച്ചിരുന്നു. പോർട്ടുഗലിലേക്കു കയറ്റി അയച്ചിരുന്ന കുരുമുളക് മുഴുവൻ സുറിയാനി ക്രിസ്ത്യാനികളാണ് നൽകിക്കൊണ്ടിരുന്നത്. കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ പ്രധാന തൊഴിൽ എല്ലാത്തരം കൃഷികളും കച്ചവടവുമായിരുന്നുവെന്നും അവരുടെ സമ്പത്തുമുഴുവൻ കൃഷിയെയും കച്ചവടത്തെയും ആശ്രയിച്ചാണ് നിലകൊണ്ടിരുന്നതെന്നും വിവിധ ഭക്ഷ്യവിളകൾ കൃഷിചെയ്യുന്നതു സംബന്ധിച്ച് അനുഭവത്തിൽനിന്നും നിരീക്ഷണങ്ങളിൽനിന്നും അവർക്കു ശരിയായ ജ്ഞാനം ഉണ്ടായിരുന്നുവെന്നും എൽ. കെ. അനന്തകൃഷ്ണയ്യർ രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം തുടർന്നെഴുതുതന്നു. “റോമാക്കാരുടെ കാലംമുതൽ ഇന്ത്യയുടെ പശ്ചിമതീരത്തുനിന്നുള്ള പ്രധാന കയറ്റുമതിച്ചരക്കു കുരുമുളകായിരുന്നു. രാജ്യത്തിലെ പ്രധാന ഉൽപന്നമായ കുരുമുളക് കൃഷിചെയ്തതും വ്യാപാരം ചെയ്തതും ക്രിസ്ത്യാനികൾ തന്നെയായിരുന്നു. വ്യാപാരപരമായ കാര്യങ്ങളിൽ സുറിയാനിക്രിസ്ത്യാനികൾ കണിശമായ സത്യസന്ധത പാലിച്ചിരുന്നു. അവരിൽ വ്യാപാരമനോഭാവം ഇന്നും കുടികൊള്ളുന്നുമുണ്ട്.”

www.malankaralibrary.com

ഉൾനാടൻ പ്രദേശങ്ങളിൽ ജീവിച്ചിരുന്ന ക്രിസ്ത്യാനികൾ കുരുമുളകു കൃഷിയിൽ ഏർപ്പെട്ടപ്പോൾ തീരപ്രദേശങ്ങളിൽ വസിച്ച ക്രിസ്ത്യാനികൾ തെങ്ങുകൃഷിയിൽ ഏർപ്പെട്ടു. കർഷക ജനതയിൽ 24 ശതമാനവും ക്രിസ്ത്യാനികളായിരുന്നു. റബ്ബർകൃഷി ഇവിടെ വൻതോതിൽ തോട്ടവ്യവസായമായി ആദ്യം നടത്തിയത് പാശ്ചാത്യരായിരുന്നു. ബ്രസീലിൽനിന്നു പാശ്ചാത്യർ വഴിയാണ് കേരളത്തിൽ റബ്ബർ ഇറക്കുമതി ചെയ്തത്. ഇത് ആദായകരമാക്കാവുന്ന ഒരു കൃഷിയാണെന്ന് ബോധ്യമായതോടുകൂടി സുറിയാനി ക്രിസ്ത്യാനികൾ റബ്ബർകൃഷിയിൽ വലിയ താൽപര്യം പ്രകടിപ്പിച്ചു. വ്യക്തികൾ തനിച്ചും പലർചേർന്ന് കമ്പനികളായും വിപുലമായ തോതിൽ റബ്ബർകൃഷി നടത്തി ഈ രംഗത്ത് ആധിപത്യം സ്ഥാപിക്കാൻ ക്രൈസ്തവർക്കു സാധിച്ചു. ഇന്ന് റബ്ബർകൃഷിയിൽ ഏർപ്പെട്ടിരിക്കുന്നവരിൽ ബഹുഭൂരിപക്ഷവും ക്രൈസ്തവർ തന്നെയാണ്.

തേയില, ഏലം മുതലായ കൃഷികളും സുറിയാനി ക്രിസ്ത്യാനികളുടെ കുത്തകയായിരുന്നുവെന്നു പറയാം. കിഴക്കൻ മലയോരങ്ങളിൽ കുടിയേറി ഏലത്തോട്ടങ്ങളും തേയിലത്തോട്ടങ്ങളും ശാസ്ത്രീയമായ തോതിൽ കൃഷി ചെയ്തത് പാശ്ചാത്യരും പിന്നീട് സുറിയാനിക്രിസ്ത്യാനികളുമായിരുന്നു. ക്രൈസ്തവരോടു വൈരാഗ്യപൂർവ്വം പ്രവർത്തിച്ച ദിവാൻ സർ സി. പി. രാമസ്വാമി അയ്യർ ക്രിസ്ത്യാനികൾ നട്ടുപിടിപ്പിച്ച ഏല-തേയിലത്തോട്ടങ്ങൾ അവരിൽ നിന്നെടുത്ത് സവർണ്ണഹിന്ദുക്കൾക്ക് നൽകുകയുണ്ടായി. മലയോരങ്ങളെ മനോഹരങ്ങളായ തോട്ടങ്ങളാക്കി ഭാരതത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അടിത്തറപാകിയ ക്രിസ്ത്യാനികളോട് കടുത്ത ദ്രോഹം ഭരണാധികാരികൾ ചെയ്തിട്ടും ഇന്നും ആ രംഗത്തെ മേധാവിത്വം സുറിയാനി ക്രിസ്ത്യാനികൾക്കാണ്.

ക്രൈസ്തവ വിജ്ഞാനകോശത്തിൽ വനം കൃഷിയെപ്പറ്റി ഇപ്രകാരം എഴുതിയിരിക്കുന്നു: "അടുത്തകാലം വരെ വനംകൃഷി ഒരു സാഹസിക സംരംഭമായിരുന്നു. കിഴക്കൻ മലമ്പ്രദേശങ്ങൾ വെട്ടിത്തെളിച്ചു നാണ്യവിളകളും ഭക്ഷ്യവിളകളും ഉല്പാദിപ്പിക്കുന്നതിനെയാണ് വനംകൃഷികൊണ്ട് ഉദ്ദേശിക്കുന്നത്. മലമ്പനിയുടെയും ഹിംസ്രജന്തുക്കളുടെയും വിഹാരരംഗങ്ങളായിരുന്ന ആരണ്യപ്രദേശങ്ങളിൽ കടന്ന് കാടുവെട്ടിത്തെളിച്ച് കൃഷിചെയ്യുക ജീവൻ പണയംവച്ചുകൊണ്ടുള്ള സാഹസിക കർമ്മമായിരുന്നു. ആദ്യകാലങ്ങളിൽ ഹൈറേഞ്ചിലെയും മലബാറിലെയും വനങ്ങളിൽ കൃഷിക്കുപോയവർ അധികവും മലേറിയ പിടിപെട്ടും കാട്ടാന, കാട്ടുപന്നി, കടുവ മുതലായ ഹിംസ്രജന്തുക്കൾക്കിരയായും അകാലചരമമടയുകയായിരുന്നു. പക്ഷേ, അതുകൊണ്ട് ഭഗ്നാശരാകാതെ, ചത്തൊടുങ്ങിയവരുടെ സ്ഥാനത്ത് പുതിയ പുതിയ ആളുകൾ കടന്നുചെന്നു. ഒടുവിൽ പ്രകൃതിതന്നെ അവർക്കു കീഴ്പ്പെടേണ്ടി വന്നു. അങ്ങനെയാണ് കേരളത്തിലെ കിഴക്കൻ മേഖലകൾ

www.malankaralibrary.com

കനകം വിളയിക്കുന്ന നന്ദനവനങ്ങളായി രൂപാന്തരപ്പെട്ടത്. രക്തം വിയർപ്പാക്കി നാടിനു വിദേശനാണ്യവും നാട്ടാർക്കു ഭക്ഷ്യപദാർത്ഥങ്ങളും നൽകിയിരുന്ന ആ രാജ്യസ്നേഹികളെ അനധികൃത കയ്യേറ്റക്കാരെന്ന് മുദ്ര കുത്തി, അനന്തരകാല ഗവണ്മെന്റുകൾ നിഷ്കരണം പീഡിപ്പിക്കുകയും കുടിയിറക്കുകയും മറ്റും ചെയ്തെങ്കിലും അവർ സമൂഹത്തിന് ചെയ്തിട്ടുള്ള സേവനങ്ങൾ ഹൃദയമുള്ളവർക്കു മറക്കാവതല്ല."

കിഴക്കൻമേഖലകളിലെ കുടിയേറ്റം പോലെതന്നെ മലബാറിലേക്കും വ്യാപകമായയ കുടിയേറ്റം നടന്നു. ആദ്യകാല കുടിയേറ്റക്കാർ നാട്ടിലെ സകല വസ്തുവകകളും വിറ്റുപെറുക്കിയാണ് മലയോരങ്ങളിലേക്കു സാഹസികയാത്ര നടത്തിയത്. മുപ്പതും നാൽപ്പതും മൈലുകൾ കാൽനടയായി പുറപ്പെട്ടാണ് അവർ പുതിയ മേച്ചിൽസ്ഥലങ്ങളിൽ എത്തിച്ചേർന്നത്. ഇന്ന് മലബാറിലെയും കിഴക്കൻമലയോരങ്ങളിലെയും സൗകര്യങ്ങൾ വിപുലങ്ങളാണ്. അത് അനുഭവിച്ചുവരുന്ന ഇന്നത്തെ തലമുറയ്ക്ക് യാതൊരു സൗകര്യങ്ങളുമില്ലായിരുന്ന ആദ്യകാലകുടിയേറ്റ ചരിത്രം അജ്ഞാതമാണ്. നാട്ടിൽ ഭക്ഷ്യക്ഷാമം കൊടുമ്പിരി കൊണ്ടപ്പോൾ സർക്കാരിന്റെ ആഹ്വാനം കേട്ടാണ് മലയോരങ്ങളിൽ ഭക്ഷ്യസാധനങ്ങൾ ഉൽപാദിപ്പിക്കാനായി കർഷകർ-പ്രധാനമായും സുറിയാനി ക്രിസ്ത്യാനികൾ യാത്ര പുറപ്പെട്ടത്. മലയോരങ്ങളെ കനകം വിളയിക്കുന്ന ഗ്രാമങ്ങളാക്കി അവർ വളർത്തിയെടുത്തപ്പോൾ അവർ സമൂഹദ്രോഹികളായി വ്യാഖ്യാനിക്കപ്പെടുകയാണ്.

മലയോരങ്ങളിലേക്കുള്ള കുടിയേറ്റം പോലെതന്നെ സാഹസികമായ ഒരു സംരംഭമായിരുന്നു കായൽക്കൃഷി. ക്രൈസ്തവ വിജ്ഞാനകോശത്തിൽ കായൽക്കൃഷിയെപ്പറ്റി ഇപ്രകാരം എഴുതിയിരിക്കുന്നു: "സമുദ്രനിരപ്പിൽ നിന്നും വളരെ താണുകിടക്കുന്ന കായലുകളിൽ വരമ്പുപിടിപ്പിച്ച് വെള്ളം വറ്റിച്ച് കൃഷിയിറക്കുന്ന ഒരു ഭാഗ്യപരീക്ഷണമാണിത്. ഏറ്റംകൊണ്ട് വരമ്പുതകർന്ന് മട വീണാൽ മലവെള്ളം കയറി ചെയ്തിടത്തോളം പ്രയത്നം ശൂന്യമാകും. വിദ്യുച്ഛക്തി നടപ്പാക്കുന്നതിനു മുമ്പ് വെള്ളം വറ്റിക്കാൻ ചക്രം ചവിട്ടുക മാത്രമേ മാർഗ്ഗമുണ്ടായിരുന്നുള്ളു. മോട്ടോർ വച്ച് വള്ളം വറ്റിക്കുന്നതും ജലസേചനം നടത്തുന്നതുമായ സമ്പ്രദായം നടപ്പാക്കിയതും ക്രിസ്ത്യാനികളാണ്. വിദേശങ്ങളിൽ സർക്കാരുകൾ നേരിട്ടോ സർക്കാർ സഹായത്തോടെ വൻപിച്ച കോർപ്പറേഷനുകളോ മാത്രം ഏറ്റെടുക്കുവാൻ ധൈര്യപ്പെടുന്ന ഒരു സംരംഭമാണ് കായലിലെ വെള്ളം വറ്റിച്ചുള്ള കൃഷി. ഇവിടെ സർക്കാർ ഇതേപ്പറ്റി ചിന്തിക്കുന്നതിനു മുമ്പ് സർക്കാരിൽനിന്നുണ്ടായ പ്രതിബന്ധങ്ങളെയെല്ലാം നേരിട്ടുകൊണ്ട് കുട്ടനാട്ടിലെ ക്രിസ്ത്യാനികൾ ഈ മഹായജ്ഞം സാധിച്ചിരിക്കുന്നു. റാണി, ചിത്തിര, മാർത്താണ്ഡം തുടങ്ങിയ കായൽശേഖരങ്ങൾ ഇതിനുദാഹരണങ്ങളാണ്. കുട്ടനാടൻ ക്രിസ്ത്യാനികളുടെ നിസ്തന്ദ്രപരിശ്രമങ്ങളാണ് ആ സ്ഥലത്തെ

www.malankaralibrary.com

കേരളത്തിന്റെ നെല്ലറയാക്കി രൂപാന്തരപ്പെടുത്തിയത്. അതുമൂലം അനേകായിരങ്ങൾക്ക് തൊഴിലുണ്ടാക്കിക്കൊടുത്തതിനു പുറമേ ഇവിടുത്തെ ജനങ്ങളുടെ ജീവസന്ധാരണത്തിന് ഇറക്കുമതി ചെയ്യേണ്ടിയിരുന്ന അരിയുടെ പരിമാണം ഗണ്യമായി കുറയ്ക്കുകയും ചെയ്തിരിക്കുന്നു. അക്ഷരാർത്ഥത്തിൽ കേരളീയരുടെ അന്നദാതാക്കളായ ഈ ജനതയോട് ആരും കൃതജ്ഞരായിരിക്കേണ്ടതാണ്. എന്നാൽ അതൊരു ദ്രോഹമായിരുന്നാലെന്ന പോലെയാണ് അടുത്തകാലഗവണ്മെന്റുകളും രാഷ്ട്രീയകക്ഷികളും അവരോട് പെരുമാറിക്കൊണ്ടിരുന്നത്.

നൂറ്റാണ്ടുകളായി ഇവിടെ നിലനിന്ന ബ്രാഹ്മണ മേധാവിത്വവും ചാതുർവർണ്യവ്യവസ്ഥയും വരുത്തിവച്ച മനുഷ്യാവകാശധ്വംസനങ്ങളുടെ യഥാർത്ഥചിത്രം ഇന്ത്യൻ ഭരണഘടനയുടെ ശീതളച്ഛായയിൽ കഴിഞ്ഞുകൂടുന്ന ഇന്നത്തെ ജനങ്ങൾക്ക് ഊഹിക്കുവാൻപോലും സാദ്ധ്യമല്ല. ചാതുർവർണ്യ വ്യവസ്ഥയ്ക്കെതിരായ, അസ്പൃശ്യതക്കെതിരായി ഇന്ത്യയിൽ കഴിഞ്ഞ നൂറ്റാണ്ടിൽ നടന്ന വിപ്ലവകരമായ മുന്നേറ്റത്തിനു പ്രചോദനം നൽകിയത് ക്രൈസ്തവാദർശങ്ങളായിരുന്നു. സാമൂഹികമായ ഉച്ചനീചത്വങ്ങൾ ഉന്മൂലനം ചെയ്യുന്നതിന് ക്രൈസ്തവ സമുദായത്തിൽ മാന്യമായ സ്ഥാനം ലഭിക്കുന്നതിന് ക്രിസ്തീയാദർശങ്ങളുടെ പ്രചോദനം എന്തുമാത്രം സ്വാധീനം ചെലുത്തിയെന്നതിനെപ്പറ്റിയും കഴിഞ്ഞ ലക്കങ്ങളിൽ പ്രസ്താവിക്കുകയുണ്ടായല്ലോ. തെക്കൻ തിരുവിതാംകൂറിലെ അവർണ്ണസ്ത്രീകൾക്ക് മാറുമറച്ചു നടക്കുവാനുള്ള അവകാശത്തിനു വേണ്ടിയും അടിമത്തം ഉച്ചാടനം ചെയ്യുന്നതിനു വേണ്ടിയും മിഷനറിമാർ നൽകിയ നേതൃത്വം ആർക്കും വിസ്മരിക്കാനാവില്ല. നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ടിരുന്ന അധഃകൃതവർഗ്ഗക്കാരെ സമുദ്ധരിക്കുന്നതിനും അവർക്ക് നിഷേധിക്കപ്പെട്ടിരുന്ന വിദ്യാഭ്യാസാദിസൗകര്യങ്ങൾ നൽകി അവരുടെ നില മെച്ചപ്പെടുത്തുന്നതിനും ക്രിസ്ത്യൻ മിഷനറിമാരും ക്രിസ്ത്യൻ സ്ഥാപനങ്ങളും ചെയ്തിട്ടുള്ള സേവനങ്ങൾ രാജ്യ ചരിത്രത്തിന്റെ തന്നെ ഭാഗമായിത്തീർന്നിരിക്കുകയാണ്.

തിരുവിതാംകൂർ സ്റ്റേറ്റ് മാനുവലിൽ വി. നാഗമയ്യ ഇപ്രകാരം എഴുതിയിരിക്കുന്നു: "ഈ ക്രിസ്തീയ മിഷനറിമാർ ഇല്ലായിരുന്നുവെങ്കിൽ ഹൈന്ദവ സമുദായത്തിലെ താണ പടിയിൽപ്പെട്ട ഇവർ എന്നും ഇങ്ങനെ ഉദ്ധരിക്കപ്പെടാതെ കിടക്കുമായിരുന്നു. അവരുടെ വാസസ്ഥലങ്ങളിൽ പോയി, ഉത്തമാമാംവിധം ഈ ലോകത്തിൽ ജീവിക്കുന്നതിനുള്ള ഒരു ബോധം അവരിൽ ഉൽഭൂതമാക്കിയെന്നുള്ള മേന്മയ്ക്ക് ക്രൈസ്തവ മിഷനറിമാരാണ് അവകാശികൾ. മിഷനറിമാരുടെ ഈ പ്രവൃത്തി കേവലം പ്രാചീന ചരിത്രത്തിന്റെ ഒരു നവീകരണം - നിലവിലിരിക്കുന്ന മാതൃകയുടെ ഒരു മിനുസപ്പെടുത്തൽ

www.malankaralibrary.com

അഥവാ പരിഷ്കരണം ആയിരുന്നില്ല. പ്രത്യുത പ്രശംസനീയമായ ശുഷ്കാന്തിയോടും, പലപ്പോഴും എതിർപ്പിനെയും മതപീഡനത്തെയും അവഗണിച്ചും അവർ നടപ്പിൽ വരുത്തിയ പൂർണ്ണമായി നവീനവും ആദൃഷ്ടപൂർവ്വവും ആയ ഒരു ആശയമായിരുന്നു അത്."

സവർണ്ണ ഹിന്ദുക്കളിൽ നിന്നും അധഃകൃതർക്ക് ആദ്യകാലം തുടങ്ങിത്തന്നെ ലഭിച്ചുകൊണ്ടിരുന്ന പെരുമാറ്റം കരുണാരഹിതവും മനുഷ്യോചിതമല്ലാത്തതുമായിരുന്നു. അവർ അതിനെ എതിർത്തില്ല. മാത്രമല്ല അടിമ മനഃസ്ഥിതിയെ സഹിക്കുകയും ചെയ്തു. പുലയർ, പറയർ, വേടർ മുതലായി അവരിൽ ചില വർഗ്ഗക്കാരെ കന്നുകാലികളെപ്പോലെതന്നെ വാങ്ങിക്കുകയും വിൽക്കുകയും അവർ വേല ചെയ്തിരുന്ന നിലങ്ങളോടുകൂടി ക്രയവിക്രയം ചെയ്യുകയും ചെയ്തിരുന്നു. രാജവീഥികളോ, പബ്ലിക് വാഹനങ്ങളോ, ആശുപത്രികളോ ഉപയോഗപ്പെടുത്തുന്നതിനോ ക്ഷേത്രങ്ങളിൽ പ്രവേശിക്കുന്നതിനോ സമീപത്തുപോലും പോകുന്നതിനോ അനുവദിച്ചിരുന്നില്ല. ഈ വ്യവസ്ഥിതി മനസ്സിലാക്കിയ തിരുവിതാംകൂർ ഗവൺമെന്റിന്റെ ചീഫ് സെക്രട്ടറിയായിരുന്ന ഡോ. എൻ. കുഞ്ഞൻപിള്ള 1931-ലെ സെൻസസ് റിപ്പോർട്ടിൽ ഇപ്രകാരം എഴുതിയിരിക്കുന്നു: "തങ്ങളുടെ ദയനീയമായ നിലയെയും, അതിനെ അഭിവൃദ്ധിപ്പെടുത്തേണ്ടതിന്റെ ആവശ്യകതയേയും പറ്റി ഈ അധഃകൃതർക്ക് ഒരു ബോധമുണ്ടാക്കിക്കൊടുത്തത് ഈ മിഷനറിമാരാകുന്നു. സമുദായത്തിലെ താണപടിയിലുള്ള തങ്ങളുടെ നിർഭാഗ്യരായ സഹോദരന്മാരെ കഴിഞ്ഞകാലങ്ങളിൽ അവഗണിച്ചിരുന്നതിന്റെ ദുരന്തഫലങ്ങൾ ഉന്നതജാതികൾക്കു മനസ്സിലാക്കിക്കൊടുത്തും ഈ മിഷനറിമാരുടെ സേവനങ്ങളാണ്.

ഹിന്ദുക്കളിൽ മിക്ക അധഃകൃത വർഗ്ഗക്കാരുടെയും ഇടയിൽ അക്ഷരാഭ്യാസമുള്ളവരുടെ ശതമാനം തുലോം കുറവായിരുന്നു. ക്രിസ്തീയ മിഷനറിമാർ തിരുവിതാംകൂറിൽ വന്ന് മതപരിവർത്തന സംരംഭവും സമുദായോദ്ധാരണവേലകളും ആരംഭിക്കുന്നതുവരെ അധഃകൃത ഹിന്ദുക്കൾക്കു സാമുദായികമായും സാമ്പത്തികമായുമുള്ള ഉയർച്ചയുടെ ഗുണഗണങ്ങൾ മനസ്സിലാക്കുന്നതിന് സാധിച്ചിരുന്നില്ല. അവർ ക്രിസ്തുമതം ആശ്ലേഷിച്ച മാത്രയിൽ ഉയർന്ന ജാതിക്കാർ അവരോട് എത്രയും ഭേദമായ വിധത്തിൽ പെരുമാറുന്നതിനും പിന്നീട് ഒരിക്കലും അവരെ തൊട്ടുകൂടാത്തവരെന്നോ അടുത്തുകൂടാത്തവരെന്നോ ഗണിക്കുന്നില്ലാത്തതായും അവർ കണ്ടു....... ക്രിസ്ത്യൻ മിഷനറിമാരെ സംബന്ധിച്ച് പറയുമ്പോൾ അവർ അധഃകൃതരുടെ ഇടയിൽ പ്രേഷിതവേല മാത്രമല്ല സമുദായോദ്ധാരണവേലകളും ചെയ്തു വരുന്നു എന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു. അവരാണ് തങ്ങളുടെ പരിതാപകരമായ അവസ്ഥയിലേക്കും അതു ഭേദപ്പെടുത്തേണ്ടതിലേക്കും ഈ പാവങ്ങളുടെ കണ്ണുതുറപ്പിച്ചത്. അവരുടെ വേലയാണ് സമുദായത്തിൽ

www.malankaralibrary.com

താണവരായ ഈ നിർഭാഗ്യസഹോദരങ്ങളെ അവഗണിക്കുന്നതിന്റെ ഫലം ഉയർന്ന ജാതിക്കാരെ മനസ്സിലാക്കിയത്."

അധഃകൃതോദ്ധാരണത്തിനുവേണ്ടി ക്രൈസ്തവസമുദായം അനുഷ്ഠിച്ച വിവിധങ്ങളായ സേവനങ്ങളെപ്പറ്റി ചരിത്രകാരന്മാരും രാഷ്ട്രനേതാക്കളും ഭരണാധികാരികളും പല സന്ദർഭങ്ങളിലും പ്രശംസിച്ചിട്ടുണ്ട്. കൊച്ചി ദിവാനായിരുന്ന സർ ആർ.കെ. ഷൺമുഖം ചെട്ടി വത്തിക്കാൻ സന്ദർശനാവസരത്തിൽ പോലും നടത്തിയ പരസ്യ പ്രസ്താവനയിൽ അക്കാര്യം വെളിപ്പെടുത്തിയിട്ടുണ്ട്. പ്രമുഖ ചരിത്രകാരനായ കെ.പി. പത്മനാഭമേനോൻ കൊച്ചി രാജ്യചരിത്രത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു: "ക്രിസ്ത്യൻ മിഷനറിമാരുടെ വിദ്യാഭ്യാസ പ്രവർത്തനത്തെ എത്ര പ്രശംസിച്ചാലും അധികമാവുകയില്ല. അവരുടെ സ്തുത്യർഹമായ ഈ ഔദാര്യപ്രവൃത്തികൊണ്ട് ചെറുമക്കളുടെയും പുലയരുടെയുംകൂടി അവസ്ഥ നന്നായി വന്നിട്ടുണ്ട്. രാജ്യത്തെ ഓരോ തൊഴിലുകളുടെ നടത്തിപ്പിന് പണ്ടുപണ്ടേ വച്ചിട്ടുള്ള ഏർപ്പാടുകളെ മാറ്റിക്കളയുന്നതായ പാതിരിമാരുടെ ഈ പ്രവൃത്തിയെ കാലഗതിക്ക് ഒരു വിധത്തിലും തടുക്കത്തക്കതല്ല. അവർ താഴ്ന്ന ജാതിക്കാർക്ക് ഈ അമൂല്യമായ വിദ്യാധനം നൽകുകയും സാമുദായികാവസ്ഥയിൽ അവരെ ഉയർത്തുകയും ചെയ്തതുകൊണ്ട് പൊതുജനാഭിവൃദ്ധിക്കുണ്ടായിട്ടുള്ള സഹായത്തെ ചിന്തിച്ച് നാം അവരെ അഭിനന്ദിക്കേണ്ടതാണ്. താഴ്ന്ന ജാതിക്കാർ സദാ അഭിവൃദ്ധിയെ അഭിഗമിക്കുന്നു എന്നുള്ളത് ചാരിതാർത്ഥ്യജനകമായിരിക്കുന്നു. പുലയർ മുതലായവരുടെ സ്ഥിതിയും നന്നായി വരുന്നുണ്ട്. വഴിമാറുന്നതിനുള്ള അസഹ്യതയേയും വേലനടത്തിപ്പിനുള്ള ഉപദ്രവത്തെയും വിചാരിച്ചും ചില പ്രദേശത്ത് പാടത്തു പണിയെടുക്കുന്ന പുലയർ ഈവക ഉപദ്രവ നിവൃത്തിക്കായി കാലത്തു മുതൽ സന്ധ്യയാവുന്നതുവരെ കഴുത്തിൽ പഴയ കൂറ് ക്രിസ്ത്യാനികളുടെ അടയാളമായ വെന്തീങ്ങാ ധരിക്കുന്നതായി അറിയുന്നു."

അഡ്വക്കേറ്റ് പി. ചിദംബരൻപിള്ള ഇപ്രകാരം 1929-ൽ പ്രസ്താവിക്കുകയുണ്ടായി: "ഹിന്ദുമതനവീകരണശ്രമങ്ങൾ നമ്മുടെ അന്ധവിശ്വാസങ്ങളിലും ജാതി തടസ്സങ്ങളിലുംപെട്ട് കേവലം വനരോദനമായിത്തീർന്നിരിക്കുന്ന ഒരു കാലഘട്ടത്തിൽ, നമ്മുടെ ഹൈന്ദരാജ്യങ്ങളിൽ അൽപമെങ്കിലും വിവേകം കാണിക്കുവാൻ ആരെങ്കിലും ശ്രമിച്ചിട്ടുണ്ടെങ്കിൽ അത് ക്രൈസ്തവ മിഷനറിമാരായിരുന്നവെന്നുള്ള വസ്തുത ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു."

സി.വി. കുഞ്ഞുരാമന്റെ വാക്കുകൾ ശ്രദ്ധിക്കുക: "ഹിന്ദുമതത്തിൽ ദുർലഭം ചില ജാതിക്കാർക്കല്ലാതെ അഭിവൃദ്ധിക്ക് മാർഗ്ഗം കാണുന്നില്ല. ബഹുഭൂരിപക്ഷമുള്ള മറ്റു ജാതിക്കാരെ ഹിന്ദുമതം അധഃകൃതരാക്കി അടിമാവസ്ഥയിലാണ് ഇന്നും നിലനിർത്തിക്കൊണ്ടിരിക്കുന്നത്. ഈ അടിമാവ

www.malankaralibrary.com

സ്ഥയിൽനിന്ന് അധഃകൃതലക്ഷങ്ങൾക്ക് സ്വൽപ്പമായ മോചനമെങ്കിലും ലഭിച്ചിട്ടുണ്ടെങ്കിൽ അതിന് പ്രവർത്തിച്ചിട്ടുള്ളത് ക്രിസ്തുമതവും ക്രൈസ്തവമിഷനറിമാരുമാകുന്നു."

അധഃകൃതോദ്ധാരണത്തിനായി ക്രൈസ്തവർ ചെയ്തിട്ടുള്ള സേവനങ്ങളെ പ്രശംസിച്ച് അക്രൈസ്തവർ തന്നെ എഴുതിയിട്ടുള്ള നിരവധി ഉദ്ധരണികൾ എടുത്തുകാണിക്കുവാൻ സാധിക്കും. മലയാളത്തിന്റെ എല്ലാമായിരുന്ന എഴുത്തച്ഛനെപ്പോലും അന്നത്തെ ബ്രാഹ്മണമേധാവിത്വം വരിഞ്ഞുമുറുക്കി. ഒരു നായരായിരുന്ന എഴുത്തച്ഛനെ ശൂദ്രനാക്കി സ്വയം സമ്മതിപ്പിക്കുകപോലും ചെയ്തു. അക്ഷരവിദ്യ ബ്രാഹ്മണോചിതമെന്നും ഇതരന്മാർക്ക് അനുചിതമാണെന്നും അവർ പഠിപ്പിച്ചു.

കേരളത്തിൽ നിലനിന്ന ചാതുർവർണ്ണ്യവ്യവസ്ഥിതിമൂലം അടച്ചമർത്തപ്പെട്ട അധഃകൃതർക്ക് അത്താണിയായി പ്രവർത്തിച്ചത് ക്രൈസ്തവർ തന്നെയായിരുന്നു.

ആദ്യനൂറ്റാണ്ടിൽത്തന്നെ ക്രിസ്തുശിഷ്യനായ സെന്റ് തോമസ് കേരളത്തിൽ സുവിശേഷദീപം തെളിയിച്ചു. സെന്റ് തോമസ് ക്രൈസ്തവ സന്ദേശവുമായി കേരളത്തിലെത്തിയപ്പോൾ ബുദ്ധമതവും ജൈനമതവും ഹിന്ദുമതവും ഇവിടെ ശക്തമായ മതങ്ങളായിരുന്നു. ദൈവത്തിലോ ആത്മാവിന്റെ അമർത്ത്യതയിലോ മരണാനന്തരജീവിതത്തിലോ ജൈനബുദ്ധമതക്കാർക്ക് അന്ന് വ്യക്തമായ ഒരു കാഴ്ചപ്പാടില്ലായിരുന്നു. ബുദ്ധമതത്തിൽ ദൈവവിശ്വാസം കടന്നുകൂടിയതും ബുദ്ധനെത്തന്നെ ദൈവമായി കണക്കാക്കി ആരാധന തുടങ്ങിയതും എ.ഡി. രണ്ടാം നൂറ്റാണ്ടോടുകൂടിയാണ്. ബുദ്ധമതത്തിലുണ്ടായ ഈ ആദ്ധ്യാത്മിക നവോത്ഥാനം ക്രിസ്തുമതത്തിന്റെ സംഭാവന തന്നെയാണ്.

പശ്ചിമേഷ്യയിൽ നിന്നു കുടിയേറിയ ആര്യന്മാരാണല്ലോ ഇവിടെ ഹിന്ദുമതചിന്ത കൊണ്ടുവന്നത്. ക്രിസ്തുമതം ഇവിടെ രൂപം കൊള്ളുമ്പോൾ ഹിന്ദുമതം തീർത്തും അസംഘടിതാവസ്ഥയിലായിരുന്നു. ആര്യന്മാർക്ക് ആദ്ധ്യാത്മികമായ ചില ചിന്തകൾ ഉണ്ടായിരുന്നുവെങ്കിലും ആ മതം ഉൾക്കൊണ്ട ദ്രാവിഡന്മാർക്കും ആദിവാസികൾക്കും പ്രത്യേകമായ ദൈവിക സങ്കൽപ്പങ്ങൾ ഉണ്ടായിരുന്നില്ല. അതേസമയം ആദിവാസികളും ദ്രാവിഡന്മാരും നിരവധി പ്രാകൃതദേവന്മാരെ ആരാധിച്ചിരുന്നു. ആ ദേവന്മാരെയെല്ലാം ഹിന്ദുമതം അംഗീകരിക്കുകയും ചെയ്തിരുന്നു. ക്രൈസ്തവ വിജ്ഞാനകോശത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു: "അങ്ങനെ മുപ്പത്തുമുക്കോടി ദേവന്മാരിൽ ഇഷ്ടംപോലെ വിശ്വസിച്ചിരുന്ന ഹൈന്ദവസാമാന്യജനങ്ങളെ ഏക ദൈവവിശ്വാസികളാക്കുന്ന കാര്യത്തിൽ ക്രിസ്തുമതത്തിന്റെ സ്വാധീനശക്തി വളരെയേറെ സഹായിച്ചിട്ടുണ്ട്. അങ്ങനെ പിൽക്കാല ഹിന്ദു

www.malankaralibrary.com

മതം അംഗീകരിച്ച ഏക ദൈവവിശ്വാസവും ത്രിമൂർത്തി സങ്കൽപ്പവും ക്രിസ്തുമതത്തിൽ നിന്നു കടം കൊണ്ടു ഭാരതീകരിച്ചതാണെന്നുള്ളത് നിഷേധിക്കത്തക്കതല്ല. അതോടൊപ്പം ക്രിസ്തീയോപാഖ്യാനങ്ങളിൽ നിന്ന് പലതും ഭാരതീയ വേഷഭൂഷകളണിയിച്ച് സ്വാംശീകരിക്കുന്നതിനും അവർ മടിച്ചില്ല."

ക്രൈസ്തവ സംഭാവനകളെപ്പറ്റി ഫാ. ജെറോം ഡിസൂസാ എഴുതിയ ന്യൂ ഇന്ത്യാ എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: "ക്രിസ്തുമതം ആദിമനൂറ്റാണ്ടുകളിൽ ഏറ്റവും അധികം പ്രചരിച്ചിരുന്നത് കേരളത്തിലും തമിഴ്നാട്ടിലുമായിരുന്നു. ഹിന്ദുമതത്തിന്റെ ഭക്തിപ്രസ്ഥാനങ്ങളുടെ ഉത്ഭവകേന്ദ്രങ്ങളും ആ പ്രദേശങ്ങൾ തന്നെയായിരുന്നു. ഉഡുപ്പിക്കടുത്തു മാധവാചാര്യരും മൈലാപ്പൂരിൽ രാമാനുജാചാര്യരും ഹിന്ദുമതത്തിൽ നടപ്പാക്കിയ ഭക്തിപ്രസ്ഥാനത്തിന് ക്രിസ്തുമതത്തോട് കുറച്ചൊന്നുമല്ല കടപ്പാടുള്ളത്."

പോർട്ടുഗീസുകാരുടെ ആഗമനത്തോടുകൂടി അനുഭവപ്പെട്ട ക്രിസ്തുമതത്തിന്റെ അതിപ്രസരണത്തിൽനിന്നും ഹിന്ദുമതത്തെ രക്ഷിക്കാനാണ് മേൽപ്പത്തൂരും പൂന്താനവും എഴുത്തച്ഛനുമൊക്കെ ഭക്തിസാഹിത്യ പ്രണയനത്തിന് മുൻകൈയെടുത്തത്.

ശ്രീരാമനോടും ശ്രീകൃഷ്ണനോടും ഉള്ള ഭക്തിയും ഹൈന്ദവ ഗൃഹങ്ങളിൽ ഭഗവദ്ഗീതയ്ക്കുള്ള സ്ഥാനവും വ്യക്തമാക്കുന്നത് ഹിന്ദു ആദ്ധ്യാത്മികത, ക്രിസ്തീയ സിദ്ധാന്തങ്ങളോടും അനുഷ്ഠാനങ്ങളോടും വളരെ കടപ്പെട്ടിരിക്കുന്നുവെന്നാണ്. ക്രൈസ്തവ വിജ്ഞാനകോശത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: "ദൈവത്തിന്റെ പിതൃത്വം, മനുഷ്യന്റെ സാഹോദര്യം എന്നീ അടിസ്ഥാന ക്രിസ്തുമതതത്വങ്ങൾ ഇന്ന് ഭാരതീയ ജീവിതത്തിന്റെ ഭാഗമായിത്തീർന്നിരിക്കുകയാണ്. ദൈവത്തിന്റെ ഏകത്വമെന്ന ആശയം ഇന്ന് പല മതങ്ങളുടെയും തത്ത്വശാസ്ത്രത്തിൽ അന്തർലീനമായിട്ടുണ്ടെന്നു സമ്മതിക്കാം. എന്നാൽ ദൈവത്തിന്റെ പിതൃത്വം, മനുഷ്യന്റെ സാഹോദര്യം എന്നീ അടിസ്ഥാനക്രിസ്തുമത തത്വങ്ങൾ ഇന്ന് ഭാരതീയ ജീവിതത്തിന്റെ ഭാഗമായിത്തീർന്നിരിക്കുകയാണ്. ദൈവത്തിന്റെ പിതൃത്വവും മനുഷ്യന്റെ സാഹോദര്യവും എന്ന ആശയം ക്രിസ്തു നേരിട്ടു പഠിപ്പിച്ചിട്ടുള്ളതാണ്. മനുഷ്യർ സഹോദരന്മാരാണെന്ന് ബുദ്ധൻ ഉപദേശിച്ചിട്ടുണ്ട്. പക്ഷേ എല്ലാ മനുഷ്യരും ദൈവത്തിന്റെ മക്കളായതുകൊണ്ടാണ് ആ സാഹോദര്യമെന്ന് ഊന്നിപ്പറഞ്ഞത് ക്രിസ്തു മാത്രമാണ്. ഹൈന്ദവമത പരിഷ്ക്കർത്താക്കൾ ഹിന്ദുമത തത്വശാസ്ത്രത്തിനു രൂപം കൊടുത്തപ്പോൾ ഈ ക്രിസ്തീയ തത്വങ്ങൾ അവരുടെ ചിന്തയിലുണ്ടായിരുന്നവെന്നത് നിസ്തർക്കമായിരുന്നു. പരിത്യാഗം, ഭക്തി, സേവനം മുതലായ ക്രൈസ്തവാശയങ്ങളും ഹൈന്ദവ ചിന്തകർക്ക് സ്വീകാര്യമായിത്തോന്നി.

www.malankaralibrary.com

ഇന്ത്യയിൽ നൂറ്റാണ്ടുകളായി നിലനിന്നിരുന്ന സതി, നരബലി, തീണ്ടൽ, തൊടീൽ തുടങ്ങിയ സാമൂഹിക തിന്മകൾക്കെതിരെ ഇന്ത്യയിലെ ജനത ഉയിർത്തെഴുന്നേറ്റത് ക്രൈസ്തവ മിഷനറിമാരുടെ സാമൂഹിക പ്രവർത്തനങ്ങളുടെ ഫലമായിട്ടാണ്. ക്രിസ്തുമതം ഈ സാമൂഹിക തിന്മകൾക്കെതിരെ ഉയർത്തിയ വെല്ലുവിളിക്ക് സമാധാനം കണ്ടെത്തുവാനാണ് രാജാറാം മോഹൻ റായി ബ്രഹ്മസമാജത്തിനും സ്വാമി ദയാനന്ദ സരസ്വതി ആര്യസമാജത്തിനും രൂപം കൊടുത്തത്. രാമകൃഷ്ണമിഷന്റെ ലക്ഷ്യവും ഇതുതന്നെയായിരുന്നു. തീണ്ടൽ നിർത്തലാക്കാനും വിധവാ വിവാഹത്തിന് അനുമതി നൽകുവാനും സ്ത്രീവിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുവാനും സതി അവസാനിപ്പിക്കുവാനും മേൽപറഞ്ഞ നവീകരണ പ്രസ്ഥാനങ്ങൾ ശ്രമിച്ചില്ലായിരുന്നുവെങ്കിൽ ഹിന്ദുമതത്തിൽ നിന്നു ക്രൈസ്തവ മതത്തിലേക്കുള്ള പ്രവാഹം വളരെ ശക്തമാകുമായിരുന്നു. ഹൈന്ദവമതത്തിലെ ആധുനിക നവീകരണ പ്രസ്ഥാനങ്ങൾ ക്രിസ്തുമതത്തിന്റെ സ്വാധീനത്തിനു മുഖ്യ തെളിവാണ്.

മി. ജെ.പി. നായികി (കോത്താരി കമ്മീഷൻ സെക്രട്ടറി) ന്റെ വാക്കുകൾ ഉദ്ധരിക്കട്ടെ. "മനുഷ്യസേവനം ഒരു പദ്ധതിയായി അംഗീകരിക്കത്തക്കവണ്ണം സേവനത്തിനു പ്രാധാന്യം നൽകപ്പെട്ടത് ക്രിസ്തുമതവുമായുള്ള നമ്മുടെ സമ്പർക്കം വഴിയാണ്." നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ അഹിംസാ സിദ്ധാന്തത്തിന് ക്രിസ്തുമതത്തിന്റെ സ്വാധീനമാണ് മുഖ്യ കാരണമെന്ന് ഗാന്ധിജി തന്നെ അഭിപ്രായപ്പെട്ടിട്ടുണ്ട്."

ഫാ. ജറോം ഡിസൂസായുടെ ഏതാനും വാക്കുകൾ കൂടി ഉദ്ധരിക്കട്ടെ: ക്രിസ്തുമതം ഇന്ത്യയ്ക്ക് മനുഷ്യസ്നേഹപരമായ ഒരു വീക്ഷണവും ലോകത്തെയും ഭൗതിക യാഥാർത്ഥ്യങ്ങളെയും പറ്റി ഒരു ശുഭാപ്തിവിശ്വാസവും പ്രദാനം ചെയ്തിട്ടുണ്ട്. ഹൈന്ദവ ആദ്ധ്യാത്മികതയുടെ അമിതമായ പരലോകായതികത സമീകരിക്കുകയും ഏറ്റവും കൂടുതൽ ആളുകൾക്ക് ഏറ്റവും കൂടുതൽ നന്മ കൈവരത്തക്കവണ്ണം സാമൂഹിക ചുറ്റുപാടുകളെ രൂപാന്തരപ്പെടുത്തേണ്ടതിന്റെ ആവശ്യകത ഇന്ത്യൻ നേതാക്കന്മാർക്ക് ബോധ്യപ്പെടുത്തിക്കൊടുക്കുകയും ചെയ്തിരുന്നു. പാശ്ചാത്യ ക്രൈസ്തവ ഹ്യൂമനിസത്താൽ പ്രചോദിതമായ ഈ പുതിയ ഹ്യൂമനിസത്തിന്റെ മഹനീയ പ്രതിഫലനമാണ് ഇന്ത്യൻ ഭരണഘടനയിൽ നാം കാണുന്നത്. മൗലികാവകാശങ്ങളിലും രാഷ്ട്രനയത്തിന്റെ നിയാമക തത്വങ്ങളിലും അതാണ് നാം ദർശിക്കുന്നത്. രാഷ്ട്രീയ സ്വാതന്ത്ര്യത്തിനുവേണ്ടി ത്യാഗമനുഭവിച്ച നേതാക്കന്മാരാണ് അതിനു രൂപം കൊടുത്തത്. പക്ഷേ അവരെ നയിച്ചത് പാശ്ചാത്യ വിദ്യാഭ്യാസഫലമായി സ്വാംശീകരിക്കുന്നതിനു സാധിച്ച ക്രൈസ്തവ ഹ്യൂമനിസമായിരുന്നുവെന്നത് നിഷേധിക്കത്തക്കതല്ല."

ക്രൈസ്തവ മതത്തിന്റെ സ്വാധീനം ഇതരമതങ്ങളിലും ആദ്ധ്യാത്മിക രംഗത്ത് ഒരു ഉയിർത്തെഴുന്നേൽപ്പിനു കളമൊരുക്കി. ഇന്ത്യയിൽ പ്രചാര

www.malankaralibrary.com

ത്തിലിരുന്ന ബഹുഭാര്യാത്വം ബഹുഭർത്തൃത്വം മുതലായ ആചാരങ്ങൾ അവസാനിപ്പിക്കുന്നതിനു ക്രിസ്തുമതത്തിന്റെ പ്രേരകശക്തി വളരെയേറെ സഹായിച്ചു. ഒരു മുണ്ടുകൊടുത്ത് വിളിച്ചുകൊണ്ടുപോവുകയും വേണ്ടെന്നു തോന്നുമ്പോൾ പറഞ്ഞയയ്ക്കുകയും ചെയ്തിരുന്ന ശിഥിലബന്ധത്തിൽ നിന്നും വിവാഹത്തെ പവിത്രമായ ഭാര്യാഭർത്തൃബന്ധത്തിന്റെ മഹത്വത്തിലേക്ക് ഉയർത്തുന്നതിന് പ്രചോദനം നൽകിയതും ക്രൈസ്തവ മതത്തിന്റെ സ്വാധീനമായിരുന്നു.

സാമൂഹിക നീതിക്കുവേണ്ടി പോരാടിയ ക്രൈസ്തവർ ജീവകാരുണ്യരംഗത്ത് അനുഷ്ഠിച്ചിട്ടുള്ള സേവനങ്ങൾ ഭാരതത്തിന് ഒരു മാർഗ്ഗദർശനമായിരുന്നു. ബന്ധിതർക്കു മോചനവും കുരുടർക്കു കാഴ്ചയും രോഗികൾക്കു സുഖപ്രാപ്തിയും നൽകി ഈ ലോകത്തിന് ഒരു മാർഗ്ഗദീപമായി കടന്നുപോയ യേശുക്രിസ്തുവിന്റെ അനുയായികൾ ജീവകാരുണ്യപ്രവർത്തനങ്ങളിൽ പ്രത്യേകം തൽപ്പരരായിത്തീർന്നിരുന്നു. മദ്രാസിലെ ഹൈന്ദവ നേതാവായിരുന്ന എം.വി. അരുണാചലത്തിന്റെ വാക്കുകൾ ഉദ്ധരിക്കട്ടെ: "ദീനാനുകമ്പയുടെ മൂർത്തീമദ്ഭാവം യേശുക്രിസ്തു തന്നെയാണ്. ക്രൈസ്തവ മിഷനറിമാർ നടത്തുന്ന അഗതിമന്ദിരങ്ങളുടെ എണ്ണവും അവശരെ സഹായിക്കുവാൻ അവർ കാണിക്കുന്ന അതീവതാത്പര്യവും പ്രത്യേകം പ്രസ്താവ്യമാണ്. ഈ സേവനത്തിൽനിന്നു സമൂഹത്തിനു ലഭിക്കുന്ന നന്മ താഴ്ത്തിക്കാണിക്കുവാൻ ഒരിക്കലും സാദ്ധ്യമല്ല. വിവിധ സന്യാസ സഭകളിൽപ്പെട്ട ഒട്ടനവധി കന്യാസ്ത്രീകൾ നടത്തുന്ന വളരെയധികം അഗതിമന്ദിരങ്ങൾ ഇവിടെയുണ്ട്. അവയെല്ലം വളരെയധികം കാര്യക്ഷമതയോടും സ്നേഹതാത്പര്യങ്ങളോടും കൂടിയാണ് അവർ നടത്തുന്നത്. ഇവ പ്രദർശിപ്പിക്കാൻ വേണ്ടിയോ പ്രശസ്തിയാർജ്ജിക്കാൻ വേണ്ടിയോ നടത്തുന്നവയല്ല. ഹിന്ദുമതത്തിലെ ദുർബല വിഭാഗങ്ങളെ ഉയർത്തേണ്ടത് തങ്ങളുടെ കടമയാണെന്നു ക്രൈസ്തവമിഷനറിമാർ കരുതി അവരെ ഭൗതികമായും സാമ്പത്തികമായും ഉയർത്തിക്കൊണ്ടുവന്നു. ക്രൈസ്തവരുടെ സ്വാധീനംമൂലം ഗിരിവർഗ്ഗക്കാർക്കു ലഭിച്ചിട്ടുള്ള നന്മകൾ താഴ്ത്തിക്കാണിക്കേണ്ട ആവശ്യമില്ല. ഈ വർഗ്ഗക്കാരുടെ ഇടയിൽ ജീവിക്കുവാനും ജോലി ചെയ്യുവാനും കാണിക്കുന്ന താത്പര്യം ക്രൈസ്തവ മിഷനറിമാരുടെ മാത്രം പ്രത്യേകതയാണ്. ഈ പിന്തള്ളപ്പെട്ടവരുടെ ഇടയിലുള്ള അവരുടെ ലളിത ജീവിതം ഇവരെ ഉയർത്തുവാൻ വളരെ സഹായിക്കുന്നുണ്ട്. തീണ്ടൽ നിർമ്മാർജ്ജന പ്രചരണം, പിന്നോക്കക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും ഉന്നതിക്കായുള്ള യത്നങ്ങൾ, ഭരണഘടനയിൽ അവർക്കു നൽകിയിരിക്കുന്ന പ്രത്യേക സംരക്ഷണം തുടങ്ങയവയ്ക്കെല്ലാം അടിസ്ഥാന കാരണക്കാർ ക്രിസ്ത്യൻ മിഷനറിമാരാണ്. ക്രൈസ്തവരുടെ പ്രവർത്തനവും സ്വാധീ

www.malankaralibrary.com

നവും പിന്നോക്കവർഗ്ഗക്കാരുടെ കുറവുകൾ തുറന്നുകാണിക്കുവാൻ പര്യാപ്തമായി."

"സമൂഹം വെറുത്തിരുന്ന കുഷ്ഠരോഗികളുടെ ആത്മമിത്രമായി പ്രവർത്തിച്ച് അവരുടെ ശുശ്രൂഷയ്ക്കായി ജീവിതം ഉഴിഞ്ഞുവച്ച ഫാ. ഡാമിയൻ ഉയർത്തിവിട്ട സ്നേഹസന്ദേശം ഇവിടത്തെ ക്രൈസ്തവർ ഉൾക്കൊണ്ടു പ്രവർത്തിച്ചു. കുഷ്ഠരോഗീ സംരക്ഷണത്തിൽ ഭാരതത്തിൽ ഒരു നൂതനാദ്ധ്യായം എഴുതിച്ചേർത്തതു ക്രൈസ്തവരായിരുന്നു. കേരളത്തിലെ പ്രസിദ്ധങ്ങളായ കുഷ്ഠരോഗാശുപത്രികൾ ക്രൈസ്തവർ സ്ഥാപിച്ചു നടത്തുന്നതാണ്.

ചൊവ്വായൂരിലെ ലെപ്രസി സാനിട്ടോറിയം, പുത്തൻകുരിശിലെ ഇവാൻജലിൽ ബൂത്ത് കുഷ്ഠരോഗാശുപത്രി, ചേർത്തലയിലെ സെന്റ് ജോസഫ് കുഷ്ഠരോഗാശുപത്രി, തൃശൂരിലെ ഫാ. ഡാമിയൻ ലെപ്രസി ഇൻസ്റ്റിറ്റ്യൂട്ട്, പിരപ്പൻകോട്ടിലെ സെന്റ് ജോൺസ് ലെപ്രസി ഹോസ്പിറ്റൽ, ഇവയെല്ലാം ക്രൈസ്തവരുടെ ഈ രംഗത്തുള്ള വിലപ്പെട്ട സംഭാവനകളാണ്.

പോർട്ടുഗീസുകാരാണ് ആദ്യമായി കൊച്ചിയിലും കൊല്ലത്തും രണ്ട് ആശുപത്രികൾ സ്ഥാപിച്ചത്. സൗജന്യ ചികിത്സയായിരുന്നു അവിടെ നൽകപ്പെട്ടിരുന്നത്. പുരാതനകാലത്തുതന്നെ കേരളത്തിൽ നിരവധി വൈദ്യന്മാരും രോഗീചികിത്സകരും ഉണ്ടായിരുന്നുവെങ്കിലും പ്രതിഫലേച്ഛ കൂടാതെ നിസ്വാർത്ഥമായി രോഗീശുശ്രൂഷ നടത്തുന്ന ഡോക്ടർമാരും നഴ്സുമാരും പാശ്ചാത്യ ക്രൈസ്തവ സംസ്ക്കാരത്തിന്റെ സംഭാവനകളാണ്.

രോഗീ ശുശ്രൂഷയ്ക്കായി സർക്കാർ കാര്യമായി ഒന്നും ചെയ്യാതിരുന്ന കാലത്താണ് ക്രൈസ്തവർ ഈ രംഗത്തു സേവനം തുടങ്ങിയത്. ഭാരതത്തിലെ പ്രമുഖങ്ങളായ പല ആശുപത്രികളും ക്രൈസ്തവ സംഭാവനകളാണ്. രോഗീപരിചരണ രംഗത്ത് ക്രൈസ്തവരുടെ അർപ്പണ ചൈതന്യവും കാര്യക്ഷമതയും ഏവരുടെയും പ്രശംസയ്ക്ക് അർഹമായിട്ടുള്ളതാണ്. ഈ രംഗത്ത് ക്രൈസ്തവ മിഷനറിമാർ വലിയ സംഭാവനകൾ അർപ്പിച്ചിട്ടുണ്ട്. രോഗികളെ ശുശ്രൂഷിക്കയെന്ന ജോലി സന്തോഷത്തോടും താത്പര്യത്തോടുംകൂടി ഏറ്റെടുക്കാനുള്ള ചൈതന്യം ഭാരതീയർക്കു ലഭിച്ചത് ക്രിസ്തുമതത്തിന്റെ സ്വാധീനം മൂലമാണ്. എല്ലാവരാലും ഉപേക്ഷിക്കപ്പെട്ടവരെ സഹായിക്കുക മാത്രമല്ല, അവരെ സംരക്ഷിക്കുകയും ചെയ്യുന്നതിൽ പുതിയ ഒരു സമീപനം കൈക്കൊണ്ടത് ക്രൈസ്തവരാണ്. പാശ്ചാത്യ മിഷനറിമാരാണ് ആ രംഗത്ത് തുടക്കം കുറിച്ചത്. നാടു നീളെ ഉയർന്നു കാണുന്ന അനാഥാലയങ്ങളും, മന്ദബുദ്ധി പരിശീലന കേന്ദ്രങ്ങളും എല്ലാം പ്രത്യേകം എടുത്തു പറയേണ്ടവയാണ്. വൃദ്ധരേയും അംഗഹീനരേയും പ്രത്യേകം രക്ഷാകേന്ദ്രങ്ങളിൽ എത്തിച്ച് സംരക്ഷിക്കുക, അനാഥശിശുക്കളെ എടുത്തു വളർത്തുക, നിരാശ്രയരായ വിധവകൾക്കും യുവതികൾക്കും രക്ഷാസങ്കേതങ്ങൾ

www.malankaralibrary.com

ഏർപ്പെടുത്തി സംരക്ഷിക്കുക തുടങ്ങിയ സാമൂഹിക സേവനങ്ങൾക്ക് രൂപം കൊടുത്തത് ക്രൈസ്തവരാണ്. ഈ രംഗത്തെ ക്രൈസ്തവ നേതൃത്വം മറ്റിതര സമുദായങ്ങളിൽപ്പെട്ടവരേയും, സാമൂഹിക സംഘടനകളെയും പ്രചോദിപ്പിക്കുന്നതിനു സഹായിച്ചിട്ടുണ്ട്."

ഭാഷാരംഗത്ത് ക്രൈസ്തവ സംഭാവനകൾ വിലപ്പെട്ടതാണ്. വിദേശികൾ മലയാള ഭാഷ പഠിച്ച് കാവ്യങ്ങളും ശാസ്ത്രങ്ങളും, വ്യാകരണഗ്രന്ഥങ്ങളും, നിഘണ്ടുക്കളും രചിച്ച് ഭാഷയുടെ വളർച്ചയ്ക്കു നൽകിയ സംഭാവനകൾ പ്രശംസാർഹമാണ്. അച്ചടി പ്രസ്ഥാനം ആരംഭിച്ചതും വർത്തമാനപ്പത്രങ്ങൾ ആദ്യമായി പ്രസിദ്ധീകരിച്ചതും ക്രൈസ്തവർ തന്നെയാണ്. എല്ലാറ്റിനുമുപരിയായി ഓജസ്സുറ്റ ഒരു ഗദ്യരീതിക്ക് അടിസ്ഥാനമിട്ടത് ക്രൈസ്തവ മിഷനറിമാരാണ്. സംസ്കൃതഭാഷയെ അനുകരിച്ചുപോന്ന ഭാരതീയ ഭാഷകൾക്ക് സഹജമായ ഒരു ഗദ്യരീതി ഉണ്ടായിരുന്നില്ല. എന്തും ശ്ലോകത്തിൽ കഴിക്കുന്ന ഒരു പാരമ്പര്യമാണ് നിലനിന്നു പോന്നത്. പണ്ഡിതന്മാരുടെയും പ്രഭുക്കന്മാരുടെയും കുത്തകയായിരുന്ന സാഹിത്യത്തെ സാമാന്യ ജനങ്ങളുടെ ഇടയിലേക്ക് ഇറക്കിക്കൊണ്ടുവന്നത് ക്രൈസ്തവ മിഷനറിമാരാണ്. അതേത്തുടർന്ന് പാറേമ്മാക്കൽ തോമ്മാക്കത്തനാരും മാർ കരിയാറ്റിയും റവ. ജോർജ്ജ് മാത്തനും മറ്റും സുശക്തമായ ഒരു ഗദ്യശൈലിക്കു രൂപം കൊടുത്തു.

സഭയ്ക്കുള്ളിൽ ഉണ്ടായ പല സംഘർഷങ്ങളും ഇന്ത്യൻ ദേശീയ നവോത്ഥാനത്തിന്റെ വളർച്ചയിൽ വലിയ സംഭാവനകൾ നൽകുന്നതിന് ഇട നൽകിയിട്ടുണ്ട്. അവയെപ്പറ്റി എഴുതുമ്പോൾ അന്നത്തെ സഭയുടെ ഒരു ഏകദേശ ചിത്രം സമർപ്പിക്കേണ്ടത് ആവശ്യമാണ്.

www.malankaralibrary.com

# 6. ജനനവും ബാല്യവും

ജോർജ് ജോസഫ് ജനിച്ച കാലഘട്ടത്തിലെ മതപരവും രാഷ്ട്രീയവും സാമൂഹ്യവുമായ പശ്ചാത്തലങ്ങളെപ്പറ്റിയാണ് കഴിഞ്ഞ അദ്ധ്യായങ്ങളിൽ നാം കണ്ടത്. ഈ സാഹചര്യങ്ങൾ ബാരിസ്റ്റർ ജോർജ് ജോസഫിന്റെ ജീവിതത്തെ വളരെയധികം സ്വാധീനിക്കുകയുണ്ടായി. ഈ സാഹചര്യങ്ങളിൽ നിന്നാണ് ജോർജ് ജോസഫ് ഫീനിക്സ്പക്ഷിയെപ്പോലെ ഉയർത്തെഴുന്നേറ്റത്.

മദ്ധ്യതിരുവിതാംകൂറിൽ ചെങ്ങന്നൂർ എന്ന പ്രദേശത്താണ് ബാരിസ്റ്റർ ജോർജ് ജോസഫ് ജനിച്ചത്. അന്ന് ചെങ്ങന്നൂർ ചെറിയ ഒരു ഗ്രാമം മാത്രമായിരുന്നു.ഇന്ന് അതി വേഗം വളർന്നു കൊണ്ടിരിക്കുന്ന ഒരു പട്ടണമാണ്. ചെങ്ങന്നൂർ ഒരുക്രൈസ്തവ കേന്ദ്രമായിരുന്നുവെങ്കിലും താരതമ്യേന കത്തോലിക്കർ അവിടെ കുറവായിരുന്നു യാക്കോബായ മാർത്തോമ വിഭാഗങ്ങൾക്കായിരുന്നു അവിടെ കൂടുതൽ സ്വാധീനം ഉണ്ടായിരുന്നത്.

ഹിന്ദുക്കളും ക്രിസ്ത്യാനികളും തമ്മിൽ നല്ലബന്ധം ഒരു കാലത്ത് നിലനിന്നിരുന്നു. ആ ബന്ധം 1850 ഓടുകൂടി പല പ്രദേശത്തും തകരുകയുണ്ടായി. അമ്പലപ്പുഴ ക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ച് നടത്തുന്ന ഘോഷയാത്രയിൽ വി.തോമ്മാശ്ലീഹായുടെ തിരുസ്വരൂപം കൂടി എഴുന്നള്ളിക്കുന്ന പതിവുണ്ടായിരുന്നു. ചില സി.എം എസ്സ് പള്ളികളുടെ പുനരുദ്ധാരണത്തിനു വേണ്ടി കേണൽ മൺറോ തുകയനുവദിച്ചതിനെ തുടർന്നാണ് ഈ അഭിപ്രായ വ്യത്യാസം ഉടലെടുത്തത്. ജോർജ്ജ് ജോസഫിന്റെ ജന്മസ്ഥലമായ ചെങ്ങന്നൂരിലും ഹിന്ദുക്കളും ക്രിസ്ത്യാനികളും തമ്മിൽ അഭിപ്രായ വ്യത്യാസം ഉണ്ടായി. ഒരു വലിയ ക്ഷേത്രത്തിനു സമീപമാണ് ചെങ്ങന്നൂരെ പള്ളി സ്ഥിതിചെയ്തിരുന്നത്. പുതിയതായി ലഭിച്ച ധനസഹായം കൊണ്ട് പ്രധാന വീഥിയും ഘോഷയാത്രാമാർഗ്ഗവും പുതുക്കി പണിയാൻ തുടങ്ങിയപ്പോൾ അവിടുത്തെ ഹിന്ദുക്കൾ ഒരു സംഘം ബ്രാഹ്മണരെ അങ്ങോട്ടയച്ച് പണി തടസ്സപ്പെടുത്തി. സുറിയാനി ക്രിസ്ത്യാനികൾക്ക് ക്ഷേത്രത്തിന്റെ സമീപത്തുകൂടി പോലും നടക്കാൻ അവകാശമില്ലെന്നും അവരുടെ സാന്നിദ്ധ്യം കൊണ്ട് ക്ഷേത്രം അശുദ്ധമാകുമെന്നും ഹിന്ദുക്കൾ അഭിപ്രായപ്പെട്ടു. അത് ഹിന്ദുക്കളും ക്രിസ്ത്യാനികളും തമ്മിലുള്ള ബന്ധം തകരുന്നതിനിട നൽകി. മതപരിവർത്തനം ചെയ്ത പിന്നോക്ക വിഭാഗത്തിൽപ്പെട്ട ക്രിസ്ത്യാനികളും സുറിയാനിക്രിസ്ത്യാനികൾക്ക് സമശീർഷരാണെന്നും അവർക്കും ക്ഷേത്രവീഥികളിലൂടെ നടക്കാനുള്ള അവകാശം ലഭിക്കണ

www.malankaralibrary.com

മെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രക്ഷോഭണം തിരുവിതാംകൂറിന്റെ വടക്കൻ മേഖലയിലും കൊച്ചിയിലും സംഘർഷത്തിന് വഴി തെളിച്ചു.

ക്ഷേത്ര ചടങ്ങുകളിൽ പങ്കെടുക്കാനുള്ള അവകാശം ഹിന്ദുക്കൾ ക്രിസ്ത്യാനികൾക്കു നിഷേധിച്ചു. പരമ്പരാഗതമായ അവകാശമെന്ന നിലയിൽ ആരെങ്കിലും അതിന് മുതിർന്നാൽ അവരെ കായിക ശക്തികൊണ്ട് നേരിടാൻ ഹിന്ദുക്കൾ തയ്യാറായി. 1880 കളിലും 90 കളിലും പല സംഘട്ടനങ്ങളും രാജ്യത്ത് നടമാടി.

ഹൈന്ദവാചാരങ്ങളിൽ പലതും ഇവിടുത്തെ സുറിയാനി ക്രിസ്ത്യാനികൾ പാലിച്ചു കൊണ്ടിരുന്നു. അത് കത്തോലിക്കാ വിശ്വാസത്തിന് നിരക്കുന്നതല്ലെന്ന് വിദേശമിഷനറിമാർ മൺറോയെ ധരിപ്പിച്ചു. അതോടെ മൺറോ ഓർത്തഡോക്സ് സഭയോട് കൂടുതൽ താല്പര്യം കാണിച്ചു. അവർക്ക് കൂടുതൽ സാമ്പത്തിക സഹായം അനുവദിക്കുകയും ചെയ്തു. അത്മൂലം സംയുക്ത ഉടമയിലായിരുന്ന പള്ളികൾ ഏറ്റെടുക്കാൻ ഓർത്തഡോക്സ് വിഭാഗത്തിന് കഴിഞ്ഞു.

ചെങ്ങന്നൂർ, മാർത്താണ്ഡവർമ്മയുടെ യുദ്ധകാലം വരെ ചെറിയ ഒരു നാട്ടുരാജ്യമായിരുന്നു. ഇന്ന് ആലപ്പുഴ ജില്ലയിലെ ഒരു താലൂക്കാണ്. ആലപ്പുഴജില്ലയിൽപ്പെട്ട കരപ്പുറം, കായംകുളം, മാടത്തിൻകൂർ,ചെമ്പകശ്ശേരി, പന്തളം,ചെങ്ങന്നൂർ, തെക്കുംകൂർ എന്നീ രാജ്യങ്ങളുമായി ബന്ധപ്പെട്ടോ അവയുടെ നിയന്ത്രണത്തിലോ ആയിരുന്നു സമീപപ്രദേശങ്ങളെല്ലാം. കരപ്പുറം ദേശം1718-ൽ കൊച്ചിതമ്പുരാൻ കൈവശപ്പെടുത്തി 1754-ൽ മാർത്താണ്ഡവർമ്മ അത് പിടിച്ചെടുത്ത് വേണാടിനോട് ചേർത്തു. കായംകുളത്തിന്റെ രാജ്യധാനി ആദ്യകാലത്ത് മാവേലിക്കരയ്ക്കടുത്തുള്ള കണ്ടിയൂർമറ്റം ആയിരുന്നു. അതിനു ശേഷം രാജധാനി കായംകുളത്തേക്കുമാറ്റി. 1746-ൽ മാർത്താണ്ഡവർമ്മ കായംകുളവും വേണാടിനോട് ചേർത്തു. ചെങ്ങന്നൂർ രാജ്യം കായംകുളത്തിന്റെ അധികാര സീമയിൽപെട്ടിരുന്നത്കൊണ്ട് മാർത്താണ്ഡവർമ്മ കായംകുളം പിടിച്ചടക്കിയപ്പോൾ ചെങ്ങന്നൂരും തിരുവിതാംകൂറിനോട് ചേർക്കപ്പെട്ടു. അതോടെ ചെങ്ങന്നൂരിന്റെ രാജ്യ പദവി നഷ്ട്ടപ്പെട്ടു നെല്ല്, തെങ്ങ്, മരച്ചീനി, കാച്ചിൽ, വാഴ, പയർവർഗ്ഗങ്ങൾ, കുമ്പളം, പാവൽ, പടവലം, എള്ള്, കമുക് എന്നിവയായിരുന്നു ചെങ്ങന്നൂരിലെ പ്രധാന കൃഷികൾ.

പ്രധാനമായും ഒരു കാർഷിക കേന്ദ്രമാണ് ചെങ്ങന്നൂർ. എന്നാൽ ഒന്നര നൂറ്റാണ്ടായി സാക്ഷരതയിൽ മുന്നിട്ടു നിൽക്കുന്ന പ്രദേശമാണ് ചെങ്ങന്നൂർ. ഏതാണ്ട് 80-100 വർഷങ്ങൾക്ക് മുൻപ് ചെങ്ങന്നൂർ, തിരുവല്ലാ പ്രദേശങ്ങളിൽ നിന്നുമുള്ള വിദ്യാസമ്പന്നന്മാരായ ആളുകൾ മീനച്ചിൽ താലൂക്കിലെ പല സ്കൂളുകളിലും അദ്ധ്യാപകരായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ആദ്യകാലത്ത് അദ്ധ്യാപകരായിരുന്നത് ഈ പ്രദേശങ്ങളിൽ നിന്നുള്ളവരായിരുന്നു,

www.malankaralibrary.com

ഊരയിൽ എന്ന് കുടുംബപേരുള്ള കുടുംബത്തിലാണ് ബാരിസ്റ്റർ ജോർജ് ജോസഫ് ജനിച്ചത്.അതുവരെ ഒരു ഇടത്തരം കുടുംബമായിരുന്നു ഊരയിൽ കുടുംബം.ആ കുടുംബത്തിലെ അംഗങ്ങൾ വിദ്യാഭ്യാസപരമായി നല്ല നിലവാരം പുലർത്തിയിരുന്നു ഊരയിൽ കുടുംബത്തിൽ ജോസഫ് സാറാമ്മ ദമ്പതികളുടെ ഒൻപത് മക്കളിൽ മൂത്തവനായി 1887 ജൂൺ 5-നാണ് ജോർജ് ജനിച്ചത്.

പിതാവ് സി. ഐ.ജോസഫ്-സി.ഐ എന്ന പേരിലാണ് നാട്ടിൽ അറിയപ്പെട്ടിരുന്നത്.പ്രാഥമിക വിദ്യാഭ്യാസവും മറ്റും ചെങ്ങന്നൂരിലാണ് സി.ഐ. നിർവ്വഹിച്ചത് തുടർന്ന് ഉന്നത വിദ്യാഭ്യാസത്തിനായി മദ്രാസിലേയ്ക്ക് പുറപ്പെട്ടു. അക്കാലത്ത് മദ്രാസിൽ പോവുക വിദ്യാഭ്യാസം അവിടെ നടത്തുകയെന്നുള്ളതൊക്കെ സാധാരണക്കാർക്ക് സാദ്ധ്യമായിരുന്നില്ല എങ്കിലും കടുത്ത സാമ്പത്തിക ഭാരം പേറിക്കൊണ്ട് അദ്ദേഹത്തെ മദ്രാസിലേയ്ക്കയച്ചു. മദ്രാസിൽ നിന്നും എൻജിനിയറിംഗിൽ ബിരുദം നേടി നാട്ടിലെത്തി. തിരുവിതാംകൂർ സർക്കാർ സർവ്വീസിൽ ജോലിയിൽ പ്രവേശിച്ചു. സർക്കാർ സർവ്വീസിൽ ക്രൈസ്തവർക്ക് ഉന്നതമായ സ്ഥാനങ്ങൾ ലഭിക്കുക സാദ്ധ്യമായിരുന്നില്ല. എങ്കിലും അദ്ദേഹത്തിന് ഓവർസിയർ പദവി വരെ ലഭിച്ചു തിരുവിതാംകൂർ രാജ്യത്ത് പല ഭാഗങ്ങളിലും നടന്ന മരാമത്ത് പണികൾ സി. ഐ. യുടെ നേതൃത്തിലായിരുന്നു അദ്ദേഹത്തിന്റെ ഉത്തരവാദിത്വത്തിൽ പണിതീർത്ത കെട്ടിടങ്ങളും, പാലങ്ങളും ഒരു കേടും കൂടാതെ നിലനിന്നു. പിതാവ് സി. ഐ. ഒരു എൻജിനിയർ മാത്രമായിരുന്നില്ല. നല്ല ഒരു പ്രഭാഷകനും കൂടിയായിരുന്നു. തന്റെ പ്രസംഗത്തിൽ ഉപയോഗിച്ചിരുന്ന ഫലിതങ്ങൾ തന്നിലേക്ക് അനേകരെ ആകർഷിക്കാൻ കഴിഞ്ഞു. ഫലിതം മാത്രമല്ല ആക്ഷേപഹാസ്യം കലർന്ന പ്രയോഗങ്ങൾ അദ്ദേഹത്തിന്റെ പ്രഭാഷണത്തിന്റെ പ്രത്യേകതയായിരുന്നു. അന്ന് യാക്കോബായ- മാർത്തോമ്മ- കത്തോലിക്ക വിഭാഗങ്ങൾ തമ്മിൽ മത്സരം നടക്കുന്ന സമയമായിരുന്നു. തന്റെ വിശ്വാസങ്ങളും വാദഗതികളും സുന്ദരമായ ഭാഷയിൽ അവതരിപ്പിച്ച് ജനങ്ങളുടെ കൈയടി ഏറ്റുവാങ്ങുവാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു.

ജോർജ് ജോസഫിന്റെ അമ്മ സാറാമ്മയും പ്രത്യേക സ്വഭാവ വൈശിഷ്ട്യത്തിന് ഉടമയായിരുന്നു. ഒൻപതു മക്കളെ സംരക്ഷിച്ച് വളർത്തുകയെന്നതുതന്നെ വലിയ ഒരുഭാരമായിരുന്നു. എങ്കിലും വിശ്രമമെന്തന്നറിയാതെ വിവിധ കർമ്മ മേഖലകളിൽ സാറാമ്മ വ്യാപരിച്ചു സാധാരണഗതിയിൽ അന്ന് സുറിയാനി കുടുംബത്തിലെ സ്ത്രീകൾ കുടുംബ ജോലികൾ ചെയ്ത് ഒരു വീട്ടമ്മയായി ജീവിക്കുകയായിരുന്നുപതിവ്. വീട്ടുജോലികൾക്കപ്പുറമുള്ള യാതൊരു പ്രവർത്തനങ്ങളിലും അവർ പങ്കെടുത്തിരുന്നില്ല. സാറാമ്മ കുടുംബഭാരത്തിനപ്പുറം ധാരാളം പുസ്തകം വായിക്കുവാൻ സമയം കണ്ടെത്തി.

www.malankaralibrary.com

പുസ്തക വായനയിൽ സമയം കണ്ടെത്തിയ സാറാമ്മ ഒരു നിമിഷം പോലും വെറുതെ കളഞ്ഞിട്ടില്ല തന്റെ ഭർത്താവ് തെക്കൻ തിരുവിതാം കൂറിൽ ജോലിയെടുത്ത സന്ദർഭത്തിൽ അവിടെ ഭർത്താവിനോടൊപ്പം ചിലവഴിക്കുകയുണ്ടായി. നല്ല പരിശ്രമത്താൽ തമിഴ്ഭാഷ പഠിക്കുകയും തമിഴ് ഗ്രന്ഥങ്ങൾ വായിക്കാൻ മാത്രം പാണ്ഡിത്യം നേടുകയും ചെയ്തു. ധാരാളം തമിഴ് ഗ്രന്ഥങ്ങൾ വായിക്കുവാൻ ഈ കാലയളവിൽ സാറാമ്മക്കു സാധിച്ചു.

വായന ഹോബിയാക്കി മാറ്റിയ സാറാമ്മ തമിഴ് ഗ്രന്ഥങ്ങളും മലയാള ഗ്രന്ഥങ്ങളും ലഭ്യമായതെല്ലാം വായിച്ചു. അതിൽ നിന്ന് ലഭിച്ച അറിവുകൾ മറ്റുള്ളവർക്ക് പങ്കുവയ്ക്കാനും തയ്യാറായിരുന്നു തനിക്ക് ലഭിച്ച അറിവുകൾ ഹാസ്യത്തിൽ പൊതിഞ്ഞ് മറ്റുള്ളവർക്കു നൽകുവാൻ പ്രത്യേക ശ്രദ്ധപതിപ്പിച്ചിരുന്നു അവരുടെ പുസ്തകപ്രേമം വരും തലമുറകളിലേക്കും വ്യാപിച്ചിരുന്നുവെന്ന് പിൽക്കാല ചരിത്രം വ്യക്തമാക്കുന്നു.

ഒൻപത് മക്കളിൽ മൂത്തവനായിരുന്നു ജോർജ് ജോസഫ് മൂത്തവനും ഇളയവനും തമ്മിൽ 27 വയസിന്റെ വ്യത്യാസം ഉണ്ടായിരുന്നു പ്രായത്തിലെ ആ വ്യത്യാസം കൊണ്ട് ഇളയ സഹോദരങ്ങൾ ജ്യേഷ്ഠനായ ജോർജ് ജോസഫിന് പിതൃപദവി തന്നെ നൽകി ബഹുമാനിച്ചിരുന്നു.വീട്ടിലെ ജോലിക്കാരും ആ നിലയിലാണ് മൂത്തയാളെ കണക്കാക്കിയിരിക്കുന്നത്.കുടുംബസംരക്ഷണത്തിന്റെ ഭാരവും കൂടുതലായി മൂത്ത കുട്ടികൾ വഹിക്കേണ്ടിവന്നു.

പിൽക്കാലത്ത് ഇന്ത്യൻ രാഷ്ട്രീയത്തിലെ ഉജ്വല പ്രതിഭയായി തീർന്ന ജോർജ് ജോസഫ് ജനനസമയത്ത് വിവിധ രോഗങ്ങളുടെ പിടിയിൽ അമർന്നിരുന്നു. ജീവനോടുകൂടി ലഭിക്കുമോയെന്നു വരെ പലരും സംശയിച്ചിരുന്നു. എങ്കിലും മാതാപിതാക്കളുടെ സംരക്ഷണം രോഗങ്ങളിൽ നിന്നെല്ലാം ആ ബാലനെ രക്ഷിച്ചു. സ്കൂൾ പഠനം ചെങ്ങന്നൂരാണ് ആരംഭിച്ചത്.അടൂർ, ആലപ്പുഴ, കോട്ടയം തുടങ്ങിയ പ്രദേശങ്ങളിലെ വിദ്യാലയങ്ങളിലാണ് തുടർ പഠനം നടത്തിയത്. പഠനത്തിൽ പ്രത്യേക വൈദഗ്ദ്ധ്യമൊന്നും കാണിക്കാത്ത ഒരു സാധാരണ വിദ്യാർത്ഥിയായിരുന്നു അദ്ദേഹം.ഒരു ശരാശരി വിദ്യാർത്ഥിയെന്നതിൽ കവിഞ്ഞ് യാതൊരു പ്രത്യേകതകളും അദ്ദേഹത്തിൽ കാണാനില്ലായിരുന്നു.എന്നാൽ പുസ്തക വായനയിൽ അദ്ദേഹം താല്പര്യം കാണിച്ചിരുന്നു. അതിന്റെ ഫലമായി പ്രസംഗത്തിലും പ്രാവീണ്യം നേടി. ഹോമറും ഷെയ്ക്സിപിയറും മുതൽ വാൽമീകിയും കാളിദാസനും വരെയുള്ള മഹാപ്രതിഭകളുടെ കൃതികളിലെ പല ഭാഗങ്ങളും അദ്ദേഹം ഹൃദ്യസ്ഥമാക്കിയിരുന്നു. അതുപോലെ തന്നെ എബ്രഹാം ലിങ്കന്റെ ചരിത്രപ്രസിദ്ധമായ ഗെറ്റിസ്ബർഗ് പ്രസംഗവും ഗ്രീക്ക് ഇതിഹാസങ്ങളിൽ നിന്നുള്ള ഡെമസ്തനീസിന്റെയും പെരിക്ളിസിന്റെയും പ്രസംഗങ്ങളും അദ്ദേഹം വായിച്ച് ഹൃദിസ്ഥമാക്കിയിരുന്നു. അവയെല്ലാം ചെറുപ്രായത്തിൽ തന്നെ പലപ്രാവശ്യം ആവർത്തിച്ച് ഒരു നല്ല പ്രഭാഷകനായി അദ്ദേഹം ഉയർന്നു.

www.malankaralibrary.com

ജോർജ്ജ് ജോസഫിന്റെ വീടിനടുത്ത് ഒരു പാറയുണ്ടായിരുന്നു. പാണ്ഡവർ വനവാസക്കാലത്ത് ഈ പാറയിൽ വന്ന് അഭയം പ്രാപിച്ചിട്ടുള്ളതായിട്ടാണ് ഐതിഹ്യം. ചരിത്രത്തിൽ സ്ഥാനം നേടിയിട്ടുള്ള ഈ പാറയുടെ ഉയരത്തിൽ നിന്നുകൊണ്ടാണ് ജോർജ്ജ് ജോസഫ് പ്രസംഗം പരിശീലനം നേടിയിരുന്നത്. ഇന്നത്തെപ്പോലെ വിദ്യാർത്ഥികൾക്ക് പ്രസംഗ പരിശീലനം നൽകാൻ സംഘടനകളോ വ്യക്തികളോ, വിദ്യാഭ്യാസ സ്ഥാപനങ്ങളോ ശ്രമിച്ചിരുന്നില്ല. അന്ന് പാറമേൽ കയറി നിന്നുകൊണ്ടുള്ള പ്രസംഗങ്ങളും മറ്റുമാണ് അവർക്ക് ആശ്രയമായിരുന്നത്. തന്റെ പ്രസംഗങ്ങൾകേൾക്കാൻ വൃക്ഷലതാദികളും കിളികളും പൂമ്പാറ്റകളും ചെറുപ്രാണികളും മാത്രമാണുണ്ടായിരുന്നത്. സ്വയമായി നടത്തിയ ആ പ്രസംഗങ്ങളാണ് ഭാവിയിൽ ഗാന്ധിജിയോടും, നെഹ്റുവിനോടും കാമരാജിനോടും രാജാജിയോടും ഒപ്പം നിന്ന് പ്രസംഗിക്കുവാൻ അദ്ദേഹത്തെ പ്രാപ്തനാക്കിയത്.

ജോർജ് ജോസഫിന്റെ അമ്മയുടെ അമ്മയായിരുന്നു ചേച്ചമ്മ. അവരെപ്പറ്റി ബാരിസ്റ്റർ ജോർജ് ജോസഫ് കഥയും കാലവും എന്ന ഗ്രന്ഥത്തിൽ (പേജ് 36) ഇപ്രകാരം എഴുതിയിരിക്കുന്നു. "പത്തൊൻപതാം ശതകത്തിന്റെ ആദ്യപകുതിയിലാണവരുടെ ജീവിതകാലം. അന്ന് ഒരു ഇതിഹാസ കഥാപാത്രമായിരുന്നു അവർ. സ്ത്രീപക്ഷ വാദികളുടെ നെടുനായകത്വം വഹിക്കാനുള്ള കെൽപുണ്ടായിരുന്നു അവർക്ക്. പൊക്കം കുറഞ്ഞ ശരീരമാണ് എങ്കിലും പുരുഷന്മാർക്ക് മാത്രം ചെയ്യാവുന്നത് എന്ന് മുദ്രകുത്തപ്പെട്ടിരുന്ന പല പണികളും ചെയ്തു. വർഷകാലത്തിനോ വെള്ളപ്പൊക്കത്തിനോ ചേച്ചമ്മയെ ഭയപ്പെടുത്താനായില്ല. തന്റെ സാമൂഹിക കടമകൾ നിർവഹിക്കുവാൻ പുഞ്ചപ്പാടങ്ങളിലൂടെ കൊച്ചുവള്ളം തുഴയുകയും അതാസ്വദിക്കുകയും ചെയ്തു. അവരുടെ സമകാലീകരായ വനിതകൾ ഒരുപക്ഷേ അപമാനകരമായി കരുതുന്ന ഒരു പണിയും അവർ പറ്റിച്ചു. ഭർത്താവിനോടുള്ള സൗന്ദര്യപിണക്കത്തിൽ, നിറഞ്ഞൊഴുകുന്ന പമ്പാനദി ഒരു തടികഷണത്തിൽ പിടിച്ച് നീന്തിക്കടന്ന് കാട്ടിലൂടെ നടന്ന് ചെങ്ങന്നൂരിൽ നിന്ന് അൻപതു കിലോമീറ്റർ അകലെയുള്ള പുനലൂരിലെത്താൻ അവർക്ക് യാതൊരു ഭയവും തോന്നിയില്ല. സ്വന്തം ചെലവിൽ പണം കണ്ടെത്താൻ ഒരു മരുന്നു നിർമ്മാണശാലയിൽ തൂപ്പുകാരിയുടെ പണിയിലും അവരേർപ്പെട്ടു. എല്ലാറ്റിനും ഒടുവിൽ അവരെ തപ്പിപ്പിടിച്ച് വീട്ടിലേക്ക് കൂട്ടിക്കൊണ്ടുവന്നു. കേൾവിക്കാരെ ഒട്ടൊന്ന് ഞെട്ടിക്കുന്ന കഥകളുടെ ഉറവിടമാണവർ.

www.malankaralibrary.com

# 7. ഇംഗ്ലണ്ടിൽ

ചെങ്ങന്നൂർ സ്കൂളിലാണ് പ്രാഥമിക വിദ്യാഭ്യാസം നിർവ്വഹിച്ചത്. 1903 ൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. തുടർന്ന് മദ്രാസ് ക്രിസ്ത്യൻ കോളേജിൽ എഫ്.എ. കോഴ്സിനു ചേർന്നു. എഫ്.എ. കോഴ്സ് വിജയിച്ച് യൂണിവേഴ്സിറ്റിയിൽ പ്രവേശനം നേടിയാൽ അതേ കോളേജിൽ ബിരുദത്തിന് പഠിക്കാം. തോറ്റാൽ വിദേശത്തേക്ക് ഉപരിപഠനത്തിന് പോകേണ്ടി വരുമെന്നുമായിരുന്നു പിതാവ് പറഞ്ഞിരുന്നത്. ഏതായാലും എഫ്.എ. പരീക്ഷയ്ക്ക് ജോർജ് ജദോസഫ് പരാജയമടഞ്ഞു. അന്നത്തെ കാലത്ത് ഏതൊരു യുവാവിന്റെയും ആഗ്രഹമായിരുന്നു വിദേശത്ത് പ്രത്യേകിച്ച് ഇംഗ്ലണ്ടിലുള്ള വിദ്യാഭ്യാസം. എഫ്.എ. പരീക്ഷയ്ക്ക് തോറ്റ ജോർജ് ജോസഫിനെ ബ്രിട്ടനിൽ അയച്ചു പഠിപ്പിക്കുവാൻ തന്നെ പിതാവ് തീരുമാനിച്ചു. സാധാരണ ധനികകുടുംബങ്ങളിലെ അംഗങ്ങൾ വിദേശത്തുപോയി പഠനം നടത്തുന്ന സ്ഥിതിവിശേഷമാണ് അന്ന് ഉണ്ടായിരുന്നത്. ജോർജ് ജോസഫ് വിദേശത്തു പോകുന്നുവെന്ന വാർത്ത നാട്ടിൽ അത്ഭുതം ഉളവാക്കി. തിരുവിതാംകൂറിലെ സിറിയൻ കുടുംബത്തിൽ നിന്നും ഒരാൾ ആദ്യമായിട്ടാണ് വിദേശത്തേക്ക് ഉപരിപഠനത്തിനായി പോകുന്നത്. തിരുവിതാംകൂർ മഹാരാജാവിനെ മുഖം കാണിക്കാനുള്ള അനുവാദവും ജോർജ് ജോസഫിനു ലഭിച്ചു. ജോർജ് ജോസഫിന്റെ കൂട്ടത്തിൽ കോട്ടയത്തെ ഒരു സമ്പന്ന കുടുംബത്തിലെ അംഗമായ ഗോപാലമേനോനും ഉണ്ടായിരുന്നു. ഇരുവരെയും കോട്ടയത്തെ സി.എം.എസ്. കോളേജ് പ്രിൻസിപ്പൽ ചായക്ക് ക്ഷണിച്ചു ബഹുമാനിക്കുകയും ചെയ്തു.

തിരുവിതാംകൂർകാർക്ക് പൊതുവേ മറ്റൊരു നിർബന്ധമുണ്ടായിരുന്നു. ഏറ്റവും നല്ല സ്ഥാപനങ്ങളിൽ കുട്ടികളെ പഠിപ്പിക്കുക എന്നതായിരുന്നു അത്. അതിനുവേണ്ടി ത്യാഗങ്ങൾ സഹിക്കുന്നതിൽ അച്ഛനമ്മമാർ ആനന്ദം കണ്ടെത്തി. മാതൃകാ ജന്മങ്ങളായി അവർ ചൂണ്ടിക്കാണിച്ച അത്ഭുത മനുഷ്യർ കോടീശ്വരന്മാരോ സിനിമാതാരങ്ങളോ ആയിരുന്നില്ല. വിദ്യാഭ്യാസത്തിന്റെ ഉന്നതങ്ങൾ കീഴടക്കിയവരായിരുന്നു അന്നത്തെ ഹീറോമാർ. കോട്ടയത്ത് ഒരു കെ.പി.എസ്സ്. മേനോൻ, കുട്ടനാട്ടിൽ ഒരു കെ.എം. പണിക്കർ, ചെങ്ങന്നൂരിൽ ഒരു ജോർജ് ജോസഫ്.

ഇവരൊക്കെ ഇംഗ്ലണ്ട് റിട്ടേൺഡ് ആയിരുന്നു. എന്നുവച്ചാൽ ഇന്നത്തെ ഭാരത രത്നത്തേക്കാൾ വളരെ ഉയർന്ന ബഹുമതി. ഇംഗ്ലണ്ടിൽ ഉപരിപഠന

www.malankaralibrary.com

ത്തിനുപോകുന്ന പ്രജയ്ക്ക് മഹാരാജാവിനെ മുഖം കാണിക്കാനുള്ള ക്ഷണം കൊട്ടാരത്തിൽ നിന്നും ലഭിക്കുമായിരുന്നു. ഭാരതരത്നങ്ങൾക്ക് ലഭിക്കുമോ തത്തുല്യമായ അംഗീകാരം? വിദ്യാരത്നങ്ങളെയാണ് തിരുവിതാംകൂർകാർ ആദരിച്ചത്.

"രാജഭരണകാലത്ത് ഇംഗ്ലണ്ട് എന്ന സ്വർഗ്ഗം ഭാവനയിൽപ്പോലും ഊഹിച്ചെടുക്കാൻ സാധാരണക്കാർക്ക് അസാദ്ധ്യമായിരുന്നു. എങ്കിലും സ്വർഗ്ഗത്തിൽപ്പോയി അവിടെയുള്ള സായിപ്പുമാരെ പാണ്ഡിത്യത്തിൽ തോൽപ്പിക്കണമെങ്കിൽ തിരുവിതാംകൂർകാർതന്നെ വേണമെന്ന തിരുവിതാംകൂർകാരുടെ വിശ്വാസത്തെ ഉറപ്പിച്ച ദിവ്യന്മാരായിരുന്നു കെ.പി.എസ്സ്. മേനോൻ., കെ.എം. പണിക്കർ, ബാരിസ്റ്റർ ജോർജ് ജോസഫ് തുടങ്ങിയവർ."

(ടി.ജെ.എസ്സ്. ജോർജ്ജ് രചിച്ച ഘോഷയാത്ര എന്ന ഗ്രന്ഥത്തിൽ നിന്നും പേജ് 20)

എഡിൻബറോ സർവ്വകലാശാലയിൽ എത്തി രജിസ്റ്ററിൽ ഒപ്പുവച്ച് പ്രവേശന ഫാറം പൂരിപ്പിച്ചു കൊടുത്തു. 1904-905 അധ്യയന വർഷത്തിൽ 641-ാം നമ്പറായി പേര് രജിസ്റ്റർ ചെയ്തു. തന്റെ പേര് ജോർജ് ജോസഫ് എന്നും സ്ഥലം തിരുവിതാംകൂർ എന്നുമാണ് എഴുതിയിരുന്നത്. മദ്രാസ് ക്രിസ്ത്യൻ കോളേജിൽ ഇംഗ്ലീഷ് മലയാളം, സംസ്കൃതം, കണക്ക് എന്നിവയായിരുന്നു അദ്ദേഹം പഠിച്ചിരുന്നത്. സ്കോട്ടലണ്ടിലെ സർവ്വകലാശാലകളിൽ അടിസ്ഥാന പ്രവേശന യോഗ്യതയായ സ്കോട്ടിഷ് പായേഴ്സിന് തുല്യമായി ഈ വിഷയങ്ങൾ കരുതപ്പെടുന്നു.

യൂണിവേഴ്സിറ്റിയിൽ ആദ്യവർഷം ജോർജ് ജോസഫ് ഒരു വിഷയത്തിൽ മാത്രമേ പരീക്ഷ എഴുതിയിരുന്നുള്ളു. മോറൽ ഫിലോസഫി ആയിരുന്നു അത്. തുടർന്ന് അദ്ദേഹം പൊളിറ്റിക്കൽ ഫിലോസഫി പഠിക്കാൻ തീരുമാനിച്ചു. അവസാനവർഷം മെന്റൽ ഫിലോസഫിയിൽ പഠിക്കുന്ന ഒരു പ്രത്യേക സംഘം ഓണേഴ്സ് വിദ്യാർത്ഥികളിൽ ഒരാളായിരുന്നു ജോർജ് ജോസഫ്. അഡ്വാൻസ്ഡ് ഓണേഴ്സ് ക്ലാസിലെ ആറു വിദ്യാർത്ഥികളിൽ അഞ്ചാമനായ അദ്ദേഹം തർക്കശാസ്ത്രത്തിലും തത്വമീമാംസയിലും വിജയിയായി. 1908 ൽ ഡിഗ്രി ലഭിക്കുമ്പോൾ ജോർജ് ജോസഫ് യൂണിവേഴ്സിറ്റിയിൽ എത്തിയിരുന്നില്ല. നിയമ വിദ്യാഭ്യാസം തുടരണം എന്ന ഉദ്ദേശത്തോടെ അദ്ദേഹം അപ്പോഴേക്കും ലണ്ടനിലേക്ക് പോയിക്കഴിഞ്ഞിരുന്നു. സഹോദരങ്ങളായ ആൻഡ്രൂസ് സേത്പ്രിൻഗിൾ പാറ്റിസൺ തർക്കശാസ്ത്രവും തത്വമീമാംസയും പഠിപ്പിച്ചപ്പോൾ അനുജൻ ജെയിംസ് സേത് പഠിപ്പിച്ചത് ധർമ്മശാസ്ത്രവുമാണ്.

എഡിൻബറോയിലേക്ക് പോകുന്നതിന് മുൻപ് തന്നെ ജോർജ് ജോസഫ് ചർച്ചകളിലും പൊതുപ്രസംഗങ്ങളിലും മറ്റും വളരെ ആകൃഷ്ടനായിരുന്നു. യൂണിവേഴ്സിറ്റിയിൽ ഈ രണ്ട് ഇനങ്ങളിലും ജോർജ് ജോസഫ്

www.malankaralibrary.com

സജീവമായി പങ്കെടുത്തിരുന്നു. ഒരിക്കൽ ഇന്ത്യ സ്വയംഭരണത്തിന് സന്നദ്ധം എന്ന വിഷയത്തെപ്പറ്റി ജോർജ് ജോസഫ് പ്രബന്ധം അവതരിപ്പിച്ചു. അന്ന് പ്രസക്തമായിരുന്ന ഒരു വിപ്ലവചിന്തതന്നെയായിരുന്നു ആ പ്രബന്ധം. ജോർജ് ജോസഫിൽ മൊട്ടിട്ടു തുടങ്ങിയ ദേശസ്നേഹപരമായ വികാരങ്ങളുടെ ഒരു തെളിവായി ഇതിനെ കാണാം. 1908 ജനുവരി 18 ന് ഇന്ത്യൻ അസോസിയേഷൻ ആഫ്രോവെസ്റ്റ്-ഇന്ത്യൻസ് അസ്സോസ്സിയേഷനുമായി സഹകരിച്ച് ഒരു ചർച്ച സംഘടിപ്പിച്ചു. ഒരു പ്രവൃത്തിയുടെ വിജയം അതിന്റെ ന്യായത്തേക്കാളും അതിന്റെ സംഘാടനത്തെ ആശ്രയിച്ചിരിക്കുന്നു എന്നതായിരുന്നു വിഷയം.

എഡിൻബറോ ജീവിതകാലത്ത് ധാരാളം ഒഴിവ് സമയം ജോർജ് ജോസഫിന് ലഭിച്ചിരുന്നു. ആ സമയം മുഴുവൻ ജോർജ് ജോസഫ് വായനക്ക് ഉപയോഗിച്ചു. സ്വാഭാവികമായും വിദ്യാർത്ഥികൾ കൂടെ താമസിക്കുന്ന സതീർത്ഥരുമായി മാത്രമല്ല വീട്ടുടമസ്ഥരും പെൺമക്കളുമായോ ചിലപ്പോൾ വീട്ടുടമസ്ഥയുമായിതന്നെയോ ശൃംഗരിക്കുന്നതും പ്രേമബന്ധത്തിൽ ഏർപ്പെടുന്നതും സർവ്വസാധാരണമായിരുന്നു. ഒരു വാടകവീട്ടിൽവച്ച് സ്ത്രീയുടെ ആകർഷണത്തിന് ജോർജ് ജോസഫും വഴങ്ങിയതായി കേട്ടിട്ടുണ്ട്. അത് നീണ്ടുനിന്നില്ല.

അവധിക്കാലങ്ങളിൽ വായനമാത്രമായിരുന്നു ശരണം. സർവ്വകലാശാലയുടെ വായനാമന്ദിരത്തിൽ എല്ലാവരും ഒന്നിച്ചുകൂടും. ഏതു പുസ്തകം ആവശ്യപ്പെട്ടാലും അവിടെ ലഭിക്കും. വൈകുന്നേരങ്ങളിൽ സംഗീതസഭയിലെത്തി സംഗീതം ആസ്വദിക്കുക പതിവായിരുന്നു. ഞായറാഴ്ചകളിൽ ചില ദേവാലയങ്ങളിലെ മതപ്രസംഗങ്ങൾ കേൾക്കും. ഫാ. പവർ എന്ന ഈശോസഭാ വൈദികന്റെ പ്രഭാഷണം കേൾക്കാൻ അനേകർ എത്തിയിരുന്നു. കത്തോലിക്കർ അല്ലാത്തവരും ദേവാലയങ്ങളിൽ എത്തി പ്രഭാഷണങ്ങൾ കേൾക്കുവാൻ എത്തുമായിരുന്നു. വിദ്യാർത്ഥിയായിരുന്നപ്പോൾ ദൈവശാസ്ത്രപരമായ ചർച്ചകളിൽ ഏർപ്പെടുവാൻ ജോർജ് ജോസഫ് താൽപര്യം പ്രകടിപ്പിച്ചിരുന്നു. ലണ്ടനിൽ താമസിച്ചിരുന്ന ഇന്ത്യൻ വിദ്യാർത്ഥികൾ വീട്ടിൽ നിന്നും അയച്ചു കൊടുക്കുന്ന തുക കൊണ്ട് ജീവിതം തള്ളിനീക്കേണ്ടി വന്നിരുന്നു. എങ്കിലും അതതുകാലത്തെ പതിവുഫാഷനുകൾ ഉൾക്കൊള്ളാൻ അദ്ദേഹം ശ്രമിക്കുകയും ചെയ്തിരുന്നു. നാട്ടിൽ തിരിച്ചെത്തി കുറെ കാലത്തേയ്ക്ക് അദ്ദേഹം യൂറോപ്യൻ വസ്ത്രധാരണരീതി സ്വീകരിച്ചിരുന്നു.

അഭിഭാഷകവൃത്തിയിൽ പ്രവേശിക്കുന്നതിന് കുറേ പ്രാവശ്യം ഡിന്നർ പരിപാടിയിൽ പങ്കെടുക്കണമെന്ന് നിർബന്ധമുണ്ടായിരുന്നു. ഡിന്നറിൽ പങ്കെടുക്കുന്ന ഓരോ വിദ്യാർത്ഥിയും ഡിന്നറിനു മുമ്പുള്ള പ്രാർത്ഥന തുടങ്ങി അവസാന പ്രാർത്ഥനവരെ നിർബന്ധമായും പങ്കെടുത്തിരിക്കണം. ഏതായാലും 1908 നവംബർ 7-ാം തീയതി അദ്ദേഹം അഭിഭാഷകവൃത്തിയിലേക്ക് സ്വീകരിക്കപ്പെട്ടു.

www.malankaralibrary.com

മിഡിൽ ടെമ്പിൾ ഹാളിൽ വിദ്യാർത്ഥിയുടെ കുപ്പായവുമിട്ട് ഡിന്ന റിൽ പങ്കെടുക്കുന്നത് രസകരവും ആദായകരവുമായിരുന്നു. ഡിന്നറിന്റെ വിഭ വങ്ങൾ സൂപ്പ്, മത്സ്യം, രണ്ടുമൂന്നുകഷണം ഇറച്ചി, ഒരു മധുര വിഭവം പാൽക്ക ട്ടി, കോഫി, രണ്ടിനം പച്ചക്കറികൾ ഇവയായിരുന്നു. ഇഷ്ടംപോലെ ബിയ റും. കൂടാതെ വൈറ്റ്വൈനോ, ക്യാരറ്റോ, പോർട്ടുഗീസ് വീഞ്ഞോ, സ്പാനിഷ് വീഞ്ഞോ ഒക്കെ ലഭിക്കുമായിരുന്നു. ഇതിനെല്ലാംകൂടി രണ്ട് ഷില്ലിംഗ്മാത്രം നൽകിയാൽ മതി. ഈ ഡിന്നർ പരിപാടിയിലേക്ക് അനേകർ ആകർഷി ക്കപ്പെട്ടു.

മിഡിൽ ടെംപിളിൽ നടന്നിരുന്ന ഡിന്നറിനെപ്പറ്റി അൽപം വിശദമായി പറയേണ്ടിയിരിക്കുന്നു. അവിടെ നടക്കുന്ന ഓരോ ഡിന്നറിലും പങ്കെടുത്തി രുന്നത് സമ്മിശ്രമായ ആൾക്കൂട്ടമായിരുന്നു. അതിൽ വിദ്യാർത്ഥികളും യുവഅഭിഭാഷകരും സീനിയർ അഭിഭാഷകരും നരച്ചതാടിക്കാരുമുണ്ടായി രുന്നു. ഓക്ക് മരംകൊണ്ടുള്ള ബഞ്ചുകളിൽ ഇരുന്നപ്പോൾ പ്രായമായ വന്ദ്യ വയോധികർ മേശക്കു ചുറ്റുമാണ് ഇരുന്നിരുന്നത്. വീഞ്ഞും വിഭവങ്ങളും വയോധികർക്ക് മറ്റുള്ളവരേക്കാൾ കൂടുതൽ നൽകിയിരുന്നു. ഇന്ത്യൻ വിദ്യാർത്ഥികളുടെ സമീപം ഇരുന്ന് ഡിന്നർ കഴിയ്ക്കുന്നതിന് ബ്രിട്ടീഷ്കാർ കൂടുതൽ താൽപര്യം പ്രകടിപ്പിച്ചിരുന്നു. ഇന്ത്യൻ വിദ്യാർത്ഥികൾ വീഞ്ഞും മറ്റും വളരെ കുറച്ചു മാത്രമേ കഴിക്കുകയുള്ളു. തന്മൂലം കൂടുതൽ വീഞ്ഞു കുടിക്കാൻ സൗകര്യം ലഭിക്കുമെന്നുള്ളതുകൊണ്ടാണ് ബ്രിട്ടീഷ് സതീർത്ഥ്യർ ഇന്ത്യൻ വിദ്യാർത്ഥികളുടെ സാമീപ്യം ഇഷ്ടപ്പെട്ടിരുന്നത്. ഡിന്നർ ആരംഭിക്കുന്നതുതന്നെ വളരെ രസകരമാണ്. കസവ് കിന്നരിവെച്ച തൊപ്പി ധരിച്ച ഒരു ദ്വാരപാലകൻ വെള്ളികെട്ടിയ കൊമ്പ് (ഒരുതരം കുഴൽവാ ദ്യം) ഉറക്കെ ഊതി മിഡിൽ ടെംപിളിലെ മാന്യ അഭിഭാഷകരെ ആഹ്വാനം ചെയ്യുന്നതോടെയാണ് ഡിന്നറിനുള്ള വിളി തുടങ്ങുന്നത്. അഭിഭാഷകരെ ബഞ്ചേഴ്സ് എന്നാണ് വിളിച്ചിരുന്നത്. കൃത്യം ആറുമണി അടിക്കുമ്പോൾ ദ്വാരപാലകരുടെ തലവൻ തന്റെ ദണ്ഡും ഏന്തിക്കൊണ്ട് പാർലമെന്റ് ചേമ്പ റിന് വെളിയിലുള്ള ഇടനാഴിയിൽ സ്ഥാനം ഉറപ്പിക്കും. ഈ രണ്ടുപേർ ഉള്ള നിരയായി ബഞ്ചേഴ്സിനെയും മറ്റ് വിശിഷ്ട വ്യക്തികളെയും അയാൾ മുന്നോട്ടു നയിക്കും. വിദ്യാർത്ഥികൾ അവരെ പിന്തുടർന്ന് ഭക്ഷണമുറിയുടെ പിൻഭാഗത്തെത്തും. ഒരു സീനിയർ ബഞ്ചർ പ്രാർത്ഥനചൊല്ലും. ദൈവത്തെ വാഴ്ത്തുകയും ചെയ്യും, അതോടെ ദ്വാരപാലകരുടെ തലവൻ ഒരു കൊട്ടുവ ടികൊണ്ട് മേശപ്പുറത്ത് മൂന്നുപ്രാവശ്യം അടിക്കും. അതോടെ ഡിന്നർ ആരം ഭിക്കും. ഡിന്നർ സമയത്ത് നിശബ്ദത പാലിച്ചിരുന്നു. ഡിന്നർ കഴിയു മ്പോൾ ബഞ്ചേഴ്സ് ജാഥയായി ഹാളിന്റെ തെക്കുവശത്തേയ്ക്ക്. ജൂണിയർ വക്കീലന്മാരും വിദ്യാർത്ഥികളും ഇടതിങ്ങിയ നിര നടന്നു നീങ്ങുമ്പോൾ അവർ ഉറക്കെ കൈയ്യടിക്കുകയും ഹർഷാരവം മുഴക്കുകയും ചെയ്യും. ഈ

www.malankaralibrary.com

നാടകീയ പ്രകടനങ്ങളെല്ലാം മദ്ധ്യകാലഘട്ടത്തിലെ വീരയോദ്ധാക്കളായിരുന്ന Konight Templass ന്റെ നടപടികളെ മാതൃകയാക്കിയായിരുന്നു.

ഓരോ ഇന്നിലും വക്കീൽപ്പണിയിലേക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുത്തിരുന്നത് ഓരോ ടേമിലെയും 16-ാം ദിവസമായിരുന്നു. അതിന് മുൻപായി ഓരോ വിദ്യാർത്ഥിയും ഒരു പ്രഖ്യാപനം നൽകേണ്ടിയിരുന്നു. തൽസമയത്ത് താൻ ഒരു പുരോഹിതനോ വക്കീലോ, നിയമസ്ഥാപനത്തിലെ ഗുമസ്തനോ, കച്ചവടക്കാരനോ ബാധ്യതകളിൽനിന്ന് വിമുക്തനാക്കപ്പെടാത്ത ഒരു നിർദ്ധനനോ അല്ല എന്നതായിരുന്നു ആ പ്രഖ്യാപനം. കൂടാതെ 5 വർഷത്തിൽ കുറയാത്ത പ്രവർത്തന പരിചയമുള്ള ഒരു അഭിഭാഷകന്റെ സർട്ടിഫിക്കറ്റും വേണ്ടിയിരുന്നു. അഭിഭാഷകർ ആ സർട്ടിഫിക്കറ്റിൽ പ്രസ്തുത വിദ്യാർത്ഥിയുടെ പേര് തെരഞ്ഞെടുപ്പിനായി നിർദ്ദേശിക്കുകയും അയാൾ അഭിഭാഷകവൃത്തിക്ക് യോജിച്ച വ്യക്തിയാണെന്ന് സാക്ഷ്യപ്പെടുത്തുകയും വേണം. മിഡിൽ ടെമ്പിളിലെ ഒരു ബഞ്ചിൽനിന്ന് ലഭിച്ച അത്തരം ഒരു സർട്ടിഫിക്കറ്റും തന്റെ പ്രഖ്യാപനവും ജോർജ് ജോസഫ് 1908 നവംബർ 4-ാം തീയതി സമർപ്പിച്ചിരുന്നു.

നിയമവിദ്യാഭ്യാസ കൗൺസിൽ നടത്തിയ സാർ എക്സാമിനേഷൻ പാസായതിന്റെ ഒരു സർട്ടിഫിക്കറ്റും വിദ്യാർത്ഥി പ്രവേശനത്തിന് മുമ്പ് നൽകിയിരിക്കണം.

സ്വത്ത് പിന്തുടർച്ചാവകാശം, വിവാഹ ബന്ധങ്ങൾ വേർപെടുത്തൽ മുതലായ സങ്കീർണ്ണങ്ങളായ നിയമപ്രശ്നങ്ങളെക്കുറിച്ചായിരുന്നു ചോദ്യങ്ങൾ എല്ലാംതന്നെ. ഒരു നിയമ വിദ്യാർത്ഥി എന്ന നിലയ്ക്ക് ഈ വിഷയങ്ങളുമായെല്ലാം ലണ്ടനിൽവച്ച് ജോർജ് ജോസഫിന് അടുത്തിടപഴകേണ്ടി വന്നു. ഓരോ സമുദായങ്ങൾക്കും മതസമൂഹങ്ങൾക്കും വേറെ വേറെ വ്യക്തി നിയമം എന്ന പതിവിനോട് അദ്ദേഹത്തിന് ഉണ്ടായിരുന്ന ആജീവനാന്ത വൈരാഗ്യത്തിന് ലണ്ടനിലെ ഈ അനുഭവങ്ങളായിരിക്കും കാരണമായത്. പരീക്ഷകൾ എല്ലാം പാസ്സായതിനുശേഷം ജോർജ് ജോസഫ് 1908 നവംബർ 17 ന് മിഡിൽ ടെമ്പിളിലേക്ക് അഭിഭാഷകവൃത്തി പഠിക്കാനായി പ്രവേശിപ്പിക്കപ്പെട്ടു.

മിഡിൽ ടെംമ്പിളിലെ വിദ്യാർത്ഥിജീവിതം വായനയിലും യാത്രയിലും കേന്ദ്രീകരിച്ചിരുന്നു. വെസ്റ്റ് മിനിസ്റ്ററിന് അടുത്ത് പവിസ്ഗാർഡനിൽ ആയിരുന്നു താമസം. അവിടെ നിന്ന് ഒരു മണിക്കൂർ നടന്നാൽ മിഡിൽ ടെമ്പിളിൽ എത്തും. കെൻസിംഗ്ടൺ ഗാർഡൻസ്, ബക്കിംഗ്ഹാംപാലസ്, സെന്റ് ജെയിംസ് പാർക്ക്, ക്ലിയോപാട്രാസ്നീഡിൽ, വാട്ടർലുബ്രിഡ്ജ്, മുതലായ മനോഹരദൃശ്യങ്ങളും ഗംഭീര മന്ദിരങ്ങളും കടന്ന് മിഡിൽ ടെംബിളിലെത്തും. ജോർജ് ജോസഫ് ഈ വഴി പല പ്രാവശ്യം നടന്നിട്ടുണ്ടാകണം. മറ്റു വിദേശീയ വിദ്യാർത്ഥികളെപ്പോലെ അദ്ദേഹവും വളരെയേറെ സമയം ലൈബ്രറിയിൽ ചിലവഴിച്ച് കാണണം.

www.malankaralibrary.com

ലണ്ടൻ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ സിരാകേന്ദ്രമായിരുന്നു. അതുകൊണ്ടുതന്നെ ലോകത്തിലെ എല്ലാ സംഭവ വികാസങ്ങളും യഥാസമയം നേരിട്ടറിയാൻ കഴിയുന്ന സ്ഥലത്തായിരുന്നു ജോർജ് ജോസഫും കൂടെയുണ്ടായിരുന്ന നാട്ടുകാരും പാർത്തിരുന്നത്.

ജോർജ് ജോസഫ് കഥയും കാലവും എന്ന ഗ്രന്ഥത്തിൽ (പേജ് 89) ഇപ്രകാരം എഴുതിയിരിക്കുന്നു. "ഫാബിയൻ സൊസൈറ്റിയുടെ സ്ഥാപകനായ ബർണാർഡ് ഷാ, എച്ച്.ജി.വെൽസ്, വെസ്റ്റ് മുതലായവർ നാസ്തികത്വം, ലൈംഗികത, സോഷ്യലിസം, അഥവാ സ്ഥിതി സമത്വവാദം തുടങ്ങിയവയെക്കുറിച്ച് ഗൗരവതരമായ ചോദ്യങ്ങൾ ചോദിച്ചു തുടങ്ങിയതും ഇക്കാലത്താണ്. എഡ്വേർഡിയൻ ബുദ്ധിജീവികൾ അന്വേഷണത്തിന്റേതും ചർച്ചകളുടേയും ആയ ഒരു അന്തരീക്ഷത്തിലാണ് ജീവിച്ചിരുന്നത്. ആ അർത്ഥത്തിൽ ജോർജ് ജോസഫ് തന്റെ ജീവിതകാലം മുഴുവൻ അവരിൽ ഒരാളായിരുന്നുവെന്ന് പറയാം. ഈ ധിഷണാശാലികൾ അന്യോന്യമുള്ള സ്വകാര്യ സംഭാഷണത്തിലും ഒരു സദസ്സിന് മുമ്പിലും തങ്ങളുടെ തുടർച്ചയായ പ്രസിദ്ധീകരണങ്ങളിലും എപ്പോഴും തർക്കിക്കാൻ സന്നദ്ധരായിരുന്നു. ധാരാളം പേർക്ക് ഷായും വെയിൽസുമൊക്കെ നേതാക്കളും പ്രചോദകരും പ്രവാചകന്മാരും ആയിരുന്നപ്പോൾ മറ്റുള്ളവരുടെ ദൃഷ്ടിയിൽ അവർ കുറുമ്പു കാട്ടുന്നവരായിരുന്നു. ഈ പുരോഗമനചിന്താഗതിക്കാരുടെ വാദങ്ങൾക്ക് മറുഭാഗത്ത് യഥാസ്ഥിതികപക്ഷത്തെ എഴുത്തുകാരായ ജെ.കെ. ചെസ്റ്റർട്ടൺ, ഹിലാരി ബല്ലോക്ക് മുതലായവരുടെ പ്രവർത്തനങ്ങൾ സന്തുലിതാവസ്ഥ പകർന്നു. ജോർജ് ജോസഫിന്റേതായി മറ്റൊന്നുംതന്നെ രേഖപ്പെടുത്തിയതായി കാണുന്നില്ല."

www.malankaralibrary.com

# 8. ലണ്ടനിലെ വിദ്യാർത്ഥി രാഷ്ട്രീയം

ലണ്ടനിൽ ജീവിച്ച കാലമത്രയും ഭാരതത്തിലെ സ്വാതന്ത്ര്യസമരത്തിന്റെ നാൾവഴികൾ ജോർജ് ജോസഫ് ശ്രദ്ധിച്ചുകൊണ്ടാണിരുന്നത്. ഇവിടുത്തെ ജനങ്ങളുടെ ഹൃദയസ്പന്ദനങ്ങൾ മനസ്സിലാക്കി ലണ്ടനിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്ന പത്രങ്ങളിൽ നിരവധി ലേഖനങ്ങൾ പ്രസിദ്ധീകരിച്ചുകൊണ്ടിരുന്നു. 1901 ൽ ശ്രീമതി ഭിക്കാജികാമ ചികിത്സക്കായി ലണ്ടനിലെത്തി. ഇന്ത്യൻ ദേശീയ ചിന്തയുടെ പ്രധാനിയായിട്ടാണ് അവർ അറിയപ്പെട്ടിരുന്നത്. ലണ്ടനിൽ വിപ്ലവകാരികളുടെ ഒരു ചെറുസംഘത്തെ കാമാ കണ്ടെത്തി. അവരിൽ പ്രധാനികൾ, എസ്.കെ. വർമ്മ, എസ്.ആർ. രാമാ എന്നിവരായിരുന്നു. ദാദാബായി നവറോജി, ഒക്ടേവിയൻ ഹ്യൂം മുതലായി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിലെ നേതാക്കളുമായി അവർ ബന്ധം പുലർത്തിയിരുന്നു. ലണ്ടനിൽവച്ച് പരിചയപ്പെട്ട വിപ്ലവകാരികളോടൊപ്പം ഒന്നിച്ചുചേർന്ന് ഇന്ത്യൻ സോഷ്യോളജിസ്റ്റ് എന്ന പത്രം തുടങ്ങി. ഇതിനിടെ ഇന്ത്യൻ ഹോം റൂൾസൊസൈറ്റി എന്ന പേരിൽ തുടങ്ങിയ പ്രസ്ഥാനത്തിന്റെ ആശയങ്ങളുടെയും ലക്ഷ്യങ്ങളുടെയും പ്രചാരണമായിരുന്നു ഇന്ത്യൻ സോഷ്യോളജിസ്റ്റ് പത്രത്തിന്റെ പ്രധാന ലക്ഷ്യം.

എഡിൻബറോ യൂണിവേഴ്സിറ്റിയിൽ ഇന്ത്യൻ അസോസിയേഷൻ ഹോംറൂൾ അഥവാ സ്വയം ഭരണം എന്ന വിഷയത്തെപ്പറ്റി നടത്തിയ ചർച്ചയിൽ ജോർജ് ജോസഫ് പങ്കെടുത്തുകൊണ്ട് നടത്തിയ പ്രസംഗം ലണ്ടനിലെ ഇന്ത്യാക്കാരിൽ ദേശീയബോധം വളർത്തുന്നതിനിട നൽകുകയും ചെയ്തു. സ്വയംഭരണം എന്നത് നൂതനമായ ഒരു ആശയമായി ഇന്ത്യൻ ജനത അംഗീകരിച്ചു. കോൺഗ്രസ്സിന്റെ മിതവാദസമീപനത്തിൽനിന്നുള്ള വലിയ ഒരു മാറ്റവും ബ്രിട്ടീഷ് ആധിപത്യത്തിൻകീഴിൽ ഇന്ത്യാക്കാർക്ക് ചില നിയന്ത്രണങ്ങൾക്ക് വിധേയമായി ഭരണസംവിധാനം ആണ് കോൺഗ്രസ്സ് അന്നുവരെ ആവശ്യപ്പെട്ടിരുന്നത്. അതിനെതിരായി സ്വയംഭരണം എന്ന ആശയം ഉയർത്തിക്കാട്ടി നടത്തിയ പ്രചരണങ്ങളും ജനലക്ഷങ്ങളെ ആകർഷിക്കുകയുണ്ടായി.

ലണ്ടനിലെ ഹൈഗേറ്റ് എന്ന സ്ഥലത്ത് ഒരു വലിയ കെട്ടിടം ഇന്ത്യൻ ഹോം റൂൾ ലീഗ് വാങ്ങി അവിടെ ആഫീസ് പ്രവർത്തനം ആരംഭിച്ചു. ആഴ്ചയിൽ ഒരു ദിവസം അവിടെവച്ച് ഇന്ത്യൻ പ്രശ്നങ്ങളെപ്പറ്റി ചർച്ച നടത്തിയിരുന്നു.

ഇന്ത്യയുടെ പ്രഥമ സ്വാതന്ത്ര്യസമരം നടന്നത് 1857 ൽ ആണല്ലോ. അതിന്റെ സുവർണ്ണജൂബിലി ആഘോഷിക്കാൻ ബ്രിട്ടീഷ്കാർ തീരുമാനിച്ചു. ഇന്ത്യൻ ലഹളക്കാർക്കെതിരെ ബ്രിട്ടീഷുകാർ നേടിയ വിജയം ആഘോ

www.malankaralibrary.com

ഷിക്കാനാണ് അവർ തീരുമാനിച്ചത്. ബ്രിട്ടീഷുകാർ ആഘോഷത്തിന് തിര ഞ്ഞെടുത്തത് 2007 മെയ് 10-ാം തീയതിയായിരുന്നു. എന്നാൽ അതിന് തലേ ദിവസം മേയ് 9-ാം തീയതി മാഡം കാമയുടെ നേതൃത്വത്തിൽ വിപ്ലവകാരി കളുടെ ഒരു യോഗം ചേർന്നു. ഒരു അത്താഴസൽക്കാരം എന്ന പേരിലായി രുന്നു ആ ഒത്തുചേരൽ. ബ്രിട്ടീഷുകാർക്കെതിരെ ജനങ്ങൾ പ്രക്ഷോഭണം നടത്തുകയും അവരെ നാട്ടിൽ നിന്നും തുരത്തുകയും ചെയ്താലെ ഇന്ത്യയ്ക്ക് രാഷ്ട്രീയ സ്വാതന്ത്ര്യം ലഭിക്കുവെന്ന് ആ യോഗം ഏകകണ്ഠ മായി തീരുമാനിച്ചു. ഇന്ത്യാക്കാർക്ക് ആയുധപരിശീലനം നൽകുക, ആയു ധങ്ങൾ ലഭിക്കാൻ ജപ്പാൻകാരുടെയും അയർലണ്ടുകാരുടെയും സഹായം സ്വീകരിക്കുക തുടങ്ങിയ കാര്യങ്ങളെപ്പറ്റി ചർച്ച നടത്തുകയും ചെയ്തു. പിന്നീട് എല്ലാ വർഷവും ഈ ദിവസം കൂടുന്ന യോഗത്തിൽ ബ്രിട്ടനിലും മറ്റു രാജ്യങ്ങളിലും ഉള്ള ഇന്ത്യാക്കാർ ഒത്തുകൂടി. അവരുടെ പ്രതിജ്ഞ പുതുക്കികൊണ്ടിരുന്നു.

1908-ൽ ആണ് ജോർജ് ജോസഫ് ലണ്ടനിൽ എത്തിച്ചേർന്നത്. ഇതി നിടയിൽ ഇന്ത്യൻ വിദ്യാർത്ഥികളുടെയിടയിൽ ഒരു അഭിപ്രായ ഐക്യം വളർന്നു വന്നു കഴിഞ്ഞു. കോൺഗ്രസ്സ് അംഗങ്ങൾ സ്വയം ന്യായീകരിക്കാൻ ശ്രമിച്ചെങ്കിലും ബ്രിട്ടനിൽ അധിവസിക്കുന്ന ഇന്ത്യാക്കാരും ഇന്ത്യൻ വിദ്യാർത്ഥികളും വിപ്ലവചിന്തകളിൽ ഉറച്ചുനിന്നു.

കോൺഗ്രസ്സിലെ മുതിർന്ന നേതാക്കന്മാരും ബ്രിട്ടീഷുകാരും നമുക്ക് സ്വയംഭരണം അനുവദിക്കാത്തതിന്റെ കാരണം നമ്മുടെ നിശ്ചയദാർഢ്യമി ല്ലായ്മയും പരിശ്രമത്തിന്റെയും കുറവാണെന്ന് കുറ്റപ്പെടുത്തി. കോൺഗ്ര സ്സിന്റെ സ്ഥാപകനായ ഒക്ടേവിയൻ ഹ്യൂം ഇക്കാര്യം തുറന്നു പറഞ്ഞു. അതിപ്രകാരമായിരുന്നു. "മുന്നൂറോ, നാനൂറോ ആയിരം കോൺഗ്രസ്സ് അംഗ ങ്ങൾ ഉള്ളതിൽ രണ്ടുശതമാനംപേരെങ്കിലും ഈ ലക്ഷ്യത്തിനുവേണ്ടി മാന്യ മായി ജീവാർപ്പണം ചെയ്യാൻ തയ്യാറായി മുന്നോട്ട് വന്നിരുന്നുവെങ്കിൽ അവ രുടെ ആവശ്യങ്ങൾ അംഗീകരിക്കുവാൻ ബ്രിട്ടീഷ് ഗവൺമെന്റ് നിർബന്ധി തരായേനെ. എന്നാൽ ഗോഖലെയെപ്പോലെ ത്യാഗത്തിന് തയ്യാറാകുന്നവർ കൂടിയാൽ ഒരു ഡസൻ പേരെ കാണും. അവരിൽ തന്നെ ഈ ലക്ഷ്യത്തിനു വേണ്ടി മരിക്കാൻ തയ്യാറുള്ളവർ ആരുംതന്നെ കാണുകയില്ല."

ഹ്യൂമിന്റെ ഈ പ്രസ്താവന ജോർജ് ജോസഫിനെ വളരെ സ്വാധീ നിച്ചിരിക്കണം. ജോർജ് ജോസഫ് ഇന്ത്യാഹൗസിൽവച്ച്തന്നെ പല ദേശീയ വാദികളെയും കണ്ടുമുട്ടിയിട്ടുണ്ട്. ഇന്ത്യാഹൗസിൽവച്ച് ബാപത് എന്ന ഒരു തീവ്രവാദിയെ കണ്ടുമുട്ടി. എപ്പോഴും പ്രസംഗത്തിൽമാത്രം വിപ്ലവകാരി യായിരുന്നു അദ്ദേഹം. ഇന്ത്യയിൽ തിരിച്ചെത്തിയ അദ്ദേഹം ഒരു ഹിന്ദുദേ ശീയവാദിയായി മാറികഴിഞ്ഞിരുന്നു. ഇന്ത്യാഹൗസിൽ കൂടിയ യോഗത്തിൽ വിതരണം ചെയ്യപ്പെട്ട ഒരു ലഘുലേഖയിലെ ഒരുഭാഗം 1908 മെയ് 23ലെ ടൈംസ് ദിനപത്രം പ്രസിദ്ധീകരിച്ചിരുന്നു. അതിപ്രകാരമായിരുന്നു.

www.malankaralibrary.com

"ഇന്ന് മെയ് 10 ആണ്. അവിസ്മരണീയമായ 1857ൽ ഇതേ ദിവസമാണ്, അല്ലയോ വീരരക്തസാക്ഷികളേ, നിങ്ങൾ സ്വാതന്ത്ര്യസമരത്തിന്റെ ആദ്യ ഘട്ടം ഭാരതത്തിലെ യുദ്ധഭൂമികളിൽ തുടങ്ങിവച്ചത്. ക്ഷീണിതയായ നമ്മുടെ മാതൃഭൂമി അവളുടെ ലജ്ജാകരമായ അടിമത്തത്തെക്കുറിച്ച് ബോധവതിയായി ഉണർന്നെഴുന്നേറ്റു. വിലങ്ങുകൾ പൊട്ടിച്ചെറിഞ്ഞു, ഉറയിൽനിന്ന് വാൾ വലിച്ചൂരി തന്റെ സ്വാതന്ത്ര്യവും അഭിമാനവും വീണ്ടെടുക്കാനായി ആദ്യത്തെ പ്രഹരം നടത്തി. അടിമത്വത്തെ തവിടുപൊടിയാക്കി, സ്വാതന്ത്ര്യത്തെ സിംഹാസനസ്ഥയാക്കുന്ന വിപ്ലവം സമാഗതമാകുന്നതുവരെ 1857 ലെ യുദ്ധം അവസാനിക്കുകയില്ല. ഇല്ല വിപ്ലവകരമായ സമരത്തിൽ സന്ധിയില്ല. സ്വാതന്ത്ര്യമോ മരണമോ രണ്ടിലൊന്നു മാത്രം." മനോഹരമായ വാക്കുകൾകൊണ്ട് തയ്യാറാക്കിയ ലഘുലേഖ വിതരണം ചെയ്തു. വിപ്ലവ പ്രസംഗങ്ങൾ നടത്തിയും നേതാക്കൾ അവരുടെ വഴിക്കുപോയി. ആദ്യം സ്ഥലം വിട്ടത് മാഡം കാമ പാരീസിലേക്കാണ്. അവൾ ഇന്ത്യയിലേക്ക് തിരിഞ്ഞു നോക്കിയില്ല. എസ്. കെ. വർമ്മയും മാഡം കാമയെ പിന്തുടർന്നു. എല്ലാവർഷവും മെയ് 10 ന് ഇന്ത്യാഹൗസിൽ എത്തി വിപ്ലവ പ്രസംഗങ്ങൾ നടത്തി പിരിയുന്ന ഈ നേതാക്കളാണ് ഭാരതസ്വാതന്ത്ര്യസമരത്തെ തല്ലിക്കെടുത്തുന്നതെന്ന് ബോദ്ധ്യമായി. എന്നാൽ ജോർജ് ജോസഫ് പ്രവർത്തനമില്ലാതെ വിപ്ലവം പ്രസംഗിക്കുന്നവരുടെ നീക്കങ്ങളെ എതിർത്തിരുന്നു. ലക്ഷ്യപ്രാപ്തിക്ക് സംഘടനയും പ്രവർത്തനവും ആവശ്യമാണെന്ന് തുറന്നു പറയുകയും ചെയ്തു.

ഒരു ദേശീയ വാദിയായിട്ടാണ് സവർക്കർ രംഗപ്രവേശനം ചെയ്തിരുന്നതെങ്കിലും പിന്നീട് അദ്ദേഹം നിലപാട് മാറ്റി. അദ്ദേഹം തനി ഹിന്ദുത്വ വാദിയായിതീർന്നു. സവർക്കറുടെ പുരോഗമനാശയങ്ങൾ വർഗീയതയിൽ അലിഞ്ഞു ചേർന്നു. മതം, സമുദായം, വർഗ്ഗം തുടങ്ങിയ വികാരങ്ങൾ ആളികത്തിക്കുവാനാണ് സവർക്കർ ശ്രമിച്ചത്. ചരിത്രത്തിന്റെ പ്രതിപാദനമാണ് ഇതെന്നാണ് സവർക്കറുടെ വിലയിരുത്തൽ. പുരാതന കാലത്ത് സിന്ധു നദികടന്ന് ഒരു പുതിയ പ്രദേശത്തെത്തിച്ചേർന്ന സാഹസികരായ ആര്യന്മാർ ഹിന്ദുക്കൾ എന്ന ഒരു പുതിയ ജനതയായി പുനർജനിക്കുകയായിരുന്നു. സവർക്കറുടെ അഭിപ്രായത്തിൽ സിന്ധുമുതൽ സാഗരംവരെയുള്ള പ്രദേശത്തെ തന്റെ പിതൃഭൂമിയും മാതൃഭൂമിയും പുണ്യഭൂമിയുമായി കരുതുന്നവർ ആരോ അവരാണ് ഹിന്ദു (സവർക്കർ 1923,3) പിതൃഭൂമിയും മാതൃഭൂമിയും പുണ്യഭൂമിയും എന്ന പ്രയോഗം ക്രിസ്ത്യാനികളെയും മുസ്ലീംകളെയും ഹിന്ദുരാഷ്ട്രത്തിൽ ഉൾപ്പെടുത്താൻ സാധിക്കുകയില്ലെന്നുള്ള പ്രഖ്യാപനമാണ്. സവർക്കറുടെ ആ ചിന്തയാണ് ആർ.എസ്. എസ്സിന്റെ രൂപീകരണത്തിന് വഴി തെളിച്ചത്.

എസ്.കെ. വർമ്മ സംഘടിപ്പിച്ചുകൊടുത്ത സ്കോളർഷിപ്പുമായിട്ടാണ് സവർക്കർ ലണ്ടനിലേക്ക് തിരിച്ചത്. ബ്രിട്ടനിലെത്തിയ സവർക്കർ ബ്രിട്ടീഷ് ഭരണത്തെ തകിടം മറിക്കുക എന്ന ലക്ഷ്യത്തോടെ ഫ്രീ ഇന്ത്യാ സൊസൈ

www.malankaralibrary.com

റ്റി എന്ന സംഘടന രൂപീകരിച്ചു. ഒരുകൂട്ടം ചെറുപ്പക്കാരെ സമരസന്നദ്ധരാക്കി. ബോംബിന്റെ നിർമ്മാണവിദ്യ അവരെ പഠിപ്പിക്കാൻ സവർക്കർ ഒരു റഷ്യൻ വിപ്ലവകാരിയെ നിയമിച്ചു. സവർക്കർ മാഡം കാമിയുമായി പലകാര്യങ്ങളിലും സഹകരിച്ചു പ്രവർത്തിച്ചു. ബ്രിട്ടീഷ് സർക്കാർ സവർക്കറെ അറസ്റ്റ് ചെയ്ത് ഇൻഡ്യയിലേക്കയച്ചു. രാജാവിനെതിരെ ഗൂഢാലോചന നടത്തിയെന്ന കുറ്റം ആരോപിച്ച് അദ്ദേഹത്തെ വിസ്തരിക്കുകയും ആൻഡമാൻ ദ്വീപിലെ ജയിലിൽ 50 വർഷം തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുകയും ചെയ്തു. 14 വർഷത്തിലെ തടവുശിക്ഷ അനുഭവിച്ച് പരോളിലിറങ്ങി. ഇതിനകം ഒരു ഹിന്ദു തീവ്രവാദിയായി മാറിയ സവർക്കർ വലിയ ഒരു പ്രസ്ഥാനത്തിന്റെ നേതാവായി വളർന്നു.

ജോർജ് ജോസഫിന് സവർക്കറെപ്പറ്റി നല്ല അഭിപ്രായമില്ലായിരുന്നു. ഉദ്ദേശരഹിതനായ വിപ്ലവകാരി എന്നാണ് സവർക്കറെ ജോർജ് ജോസഫ് വിശേഷിപ്പിച്ചത്.

ഏതെങ്കിലും തരത്തിലുള്ള അശ്ലീലതകൾ അദ്ദേഹത്തിന് ഇഷ്ടമാകുമായിരുന്നില്ല. മറ്റുള്ളവരെപ്പറ്റി പരിഹസിക്കുന്നത് അദ്ദേഹത്തിന് സഹിക്കുവാൻ സാധിക്കുമായിരുന്നില്ല. ഏതെങ്കിലും സമയത്ത് അതിഥികൾ അനീതിപരമോ, പ്രകോപനപരമോ പരുഷമോ ആയ രീതിയിൽ സംസാരിച്ചാൽ അദ്ദേഹം അവിടെ നിന്നും ഒരു പത്രമോ പുസ്തകമോ എടുത്തുകൊണ്ട് എണീറ്റ് പോകും.

(മായാ തോമസ് രചിച്ച ഗ്രന്ഥത്തോട് കടപ്പാട്)

www.malankaralibrary.com

# 9. തിരുവിതാംകൂറിലേക്ക്

ലണ്ടനിലെ എഡിൽബറോ സർവ്വകലാശാലയിൽ നിന്നും എം.എ. ബിരുദവും മിഡിൽ ടെമ്പിളിൽ നിന്ന് ബാരിസ്റ്റർ ബിരുദവും നേടിയ ജോർജ്ജ് ജോസഫ് ജന്മനാട്ടിലേക്ക് പോരുന്നതിന് തീരുമാനിച്ചു. ഇംഗ്ലണ്ടിലെ ജീവിത കാലത്ത് ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തെപ്പറ്റി കൂടുതലായി പഠിക്കുകയും ബ്രിട്ടനിലെ പ്രമുഖ രാജ്യതന്ത്രജ്ഞരുമായി ഇന്ത്യൻ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. യൂറോപ്യൻ പത്രപംക്തികളിലൂടെ നിരവധി ലേഖന ങ്ങൾ എഴുതി ഭാരതദേശാഭിമാനിയായി യശസ് സമ്പാദിച്ചു. ജോർജ്ജ് ജോസഫിന്റെ ഇംഗ്ലണ്ടിലെ പ്രവർത്തനങ്ങളെപ്പറ്റി ഇന്ത്യയിലും ചർച്ച നടന്നു. ബ്രിട്ടനിലും തിരുവിതാംകൂറിലും പരക്കെ അറിയപ്പെടുന്ന ഒരു ചിന്തകനായി ജോർജ്ജ് ജോസഫ് ഇതിനകം മാറിക്കഴിഞ്ഞു.

ബ്രിട്ടനിൽ നിന്നും മറ്റും ലഭിച്ച അറിവുകളുമായി തിരുവിതാംകൂറി ലേക്ക് 1908 ഡിസംബറിൽ അദ്ദേഹം യാത്രതിരിച്ചു. ഒരുമാസം ദീർഘിച്ച യാത്രയ്ക്കുശേഷം തിരുവിതാംകൂറിലെ കൊട്ടാരക്കരയിൽ എത്തിച്ചേർന്നു. 28 അലങ്കരിച്ച കാളവണ്ടികളുടെ അകമ്പടിയോടെയാണ് കൊട്ടാരക്കരയിൽ ഘോഷയാത്രയായി അദ്ദേഹത്തെ സ്വീകരിച്ചത്. അവിടെനിന്നും ചെങ്ങ ന്നൂരിലെ വീട്ടിലേക്കും. വീട്ടിൽ എത്തിയ ജോർജ്ജ് ജോസഫിന് നാട്ടുകാരും അയൽക്കാരും ഗംഭീരസ്വീകരണം നല്കി. കരിമരുന്ന് കലാപ്രകടനങ്ങൾ ഉൾപ്പെടെയുള്ള പരിപാടികൾ ഏവർക്കും ഹൃദ്യമായി തോന്നി. ബ്രിട്ടനിൽ നിന്നും എത്തിച്ചേർന്ന ജോർജ്ജ് ജോസഫിൽ വലിയ പ്രതീക്ഷകൾ ജനങ്ങൾ അർപ്പിച്ചു.

ബ്രിട്ടനിൽ ആയിരിക്കുമ്പോൾ തന്നെ വീട്ടുകാർ ജോർജ്ജ് ജോസഫിന് വിവാഹാലോചനകൾ നടത്തിയിരുന്നു. സുന്ദരിയായ ഒരു യുവതിയുടെ ഫോട്ടോ വീട്ടുകാർ ബ്രിട്ടനിലേക്ക് അയച്ചു കൊടുക്കുകയും ചെയ്തു. ആ ഫോട്ടോ ജോർജ്ജ് ജോസഫിന്റെ മനസ്സിനെ വളരെയധികം സ്വാധീനിച്ചിരിക്കണം. ബ്രിട്ടീഷ് ഭരണത്തോട് വളരെയധികം കൂറുപുലർത്തി യിരുന്ന ഒരു സബ്ബ് രജിസ്ട്രാറുടെ മകളുടെ ഫോട്ടോ ആയിരുന്നു അത്. സബ്ബ് രജിസ്ട്രാർക്ക് ഒരു മകനും 4 പെൺമക്കളുമായിരുന്നു ഉണ്ടായിരുന്നത്. ഇവരിൽ മൂന്നാമത്തെ മകൾ സൂസന്നയെ വീട്ടിൽ എല്ലാവർക്കും ഇഷ്ട മായിരുന്നു. ബ്രിട്ടീഷ് ഭരണത്തോട് കൂറുപുലർത്തിയിരുന്ന ഒരാൾ തന്റെ മകളെ ബ്രിട്ടീഷ് ഭരണത്തെ എതിർക്കുന്ന ഒരാൾക്ക് കല്യാണം കഴിച്ചു

www.malankaralibrary.com

കൊടുക്കുക അന്നത്തെ കാലത്ത് അത്ര എളുപ്പമായിരുന്നില്ല. തന്റെ മകളുടെ ഭർത്താവ് ഒരിക്കൽ ജയിലിൽ കിടക്കേണ്ടിവരുമെന്ന് അദ്ദേഹം ചിന്തിച്ചിരിക്കാനും ഇടയില്ല.

പ്രായമായപ്പോൾ സൂസന്നയെ അമ്മയുടെ നിർദ്ദേശപ്രകാരം സ്കൂളിലേക്ക് അയച്ചിരുന്നില്ല. പിതാവ് തന്നെ വീട്ടിലിരുത്തി അവളെ പഠിപ്പിച്ചു. കൃത്യമായ സിലബസ് ഒന്നുമില്ലാതെ കുറെ കാര്യങ്ങൾ അവളെ പഠിപ്പിച്ചു. ഒരു ബ്രിട്ടീഷ് പാതിരി പിന്നീട് വീട്ടിൽവന്ന് കണക്കും തയ്യലും പഠിപ്പിച്ചു. സൂസന്നക്ക് ഇംഗ്ലീഷിൽ നല്ല പരിജ്ഞാനം ലഭിക്കണമെന്ന് പിതാവ് ആഗ്രഹിച്ചിരുന്നു. അതിനുവേണ്ടി സൂസന്ന വളരെയധികം ഇംഗ്ലീഷ് കവിതകളും നിഘണ്ടുവിലെ പല വാക്കുകളും കാണാതെ പഠിച്ചു. സൂസന്ന പിതാവിന്റെ നിർദ്ദേശാനുസരണം മാതൃസ്നേഹത്തെക്കുറിച്ചുള്ള ഒരു കവിത ജോർജ്ജ് ജോസഫിനെ ചൊല്ലിക്കേൾപ്പിച്ചു. സൂസന്നയുടെ ഹൃദയം കവരുവാൻ ജോർജ്ജ് ജോസഫിന് നിമിഷങ്ങൾ മാത്രം മതിയായിരുന്നു. സൂസന്നക്കും വരനെ ഇഷ്ടപ്പെട്ടു.

ജോർജ്ജ് ജോസഫിന് 22 വയസ്സും സൂസന്നയ്ക്ക് 14 വയസ്സും ഉള്ളപ്പോൾ അവരുടെ വിവാഹം നടന്നു. അന്നത്തെ നാട്ടുനടപ്പനുസരിച്ച് വിവാഹം മോടിയായി തന്നെ നടത്തി. വിവാഹത്തോടെ രണ്ടു വലിയ കാര്യങ്ങൾ ജോർജ്ജ് ജോസഫ് ഏറ്റെടുത്തു. തന്റെ ഗ്രാമീണയായ ഭാര്യ സൂസന്നയെ നന്നായി ഇംഗ്ലീഷ് പഠിപ്പിക്കുക അതിന് അവളെ സഹായിക്കുവാനായി ഒരു അദ്ധ്യാപികയെ നിയമിച്ചു. ബ്രിട്ടണിലെ ജീവിതത്തിനുശേഷം ഇന്ത്യയിലേക്കുവന്ന ജോർജ്ജ് ജോസഫ് തീർത്തും പാശ്ചാത്യമായ വീക്ഷണവും ജീവിതരീതികളും ഇഷ്ടപ്പെട്ടിരുന്നു. തന്റെ ഭാര്യ സൂസന്നയെ കഴിയുന്നവേഗം പാശ്ചാത്യമായ വീക്ഷണത്തിലേക്കും ജീവിതരീതിയിലേക്കും കൂട്ടിക്കൊണ്ടുപോവുകയെന്നതായിരുന്നു അദ്ദേഹം ഏറ്റെടുത്ത രണ്ടാമത്തെ കാര്യം. സാമൂഹ്യമര്യാദകളും ഉപചാരക്രമങ്ങളും സൂസന്നയെ പഠിപ്പിക്കുന്നതിൽ ജോർജ്ജ് ജോസഫ് പ്രത്യേകം ശ്രദ്ധ ചെലുത്തി. ജോർജ്ജ് ജോസഫിന്റെ താല്പര്യങ്ങളോട് സൂസന്ന സന്തോഷപൂർവ്വം പ്രതികരിച്ചു. അന്നുവരെ അവൾ ഉപയോഗിച്ചിരുന്ന നാടൻ വസ്ത്രങ്ങൾ ഉപേക്ഷിച്ച് പാശ്ചാത്യവസ്ത്രങ്ങൾപോലും ധരിക്കാൻ അദ്ദേഹം അവളെ പ്രേരിപ്പിച്ചു. സൂസന്നക്ക് ഭർത്താവ് ആദ്യമായി നല്കിയ സമ്മാനം ലൂയിസ് കരോളിന്റെ Alice in wonderland എന്ന പുസ്തകത്തിന്റെ കോപ്പിയായിരുന്നു. ആ പുസ്തകത്തിൽ ഒരു കുറിപ്പ് അദ്ദേഹം എഴുതിച്ചേർത്തിരുന്നു. സൂസന്നക്ക് ആലീസിനോടൊപ്പം അത്ഭുതലോകത്ത് അനുഭവങ്ങൾ പങ്കിടാൻ കഴിയട്ടെയെന്നായിരുന്നു ആ കുറിപ്പിൽ ഉണ്ടായിരുന്നത്.

ഭർത്താവിന്റെ ചിന്താധാരകൾ എന്തെന്ന് മനസ്സിലാക്കി പ്രവർത്തിക്കുന്നതിൽ സൂസന്ന അസാമാന്യമായ കഴിവാണ് പ്രകടിപ്പിച്ചത്. കാലത്തിന്റെ കഴിവുകളെ ഫലപ്രദമായി നേരിടുന്നതിന് സൂസന്നയെ സജ്ജമാക്കുകയെന്ന

www.malankaralibrary.com

ഭാരിച്ച ശ്രമവും ജോർജ്ജ് ജോസഫ് ഏറ്റെടുത്തു. അതിനുവേണ്ടി ഉദ്ദേശിച്ചിടത്തോളം പ്രയത്നിക്കേണ്ടി വന്നില്ല. അദ്ദേഹത്തിന് തന്റെ ചിന്തകളുമായി ഒന്നുചേർന്ന് പോകുന്നതിന് സൂസന്നക്ക് യാതൊരു പ്രയാസവും നേരിടേണ്ടി വന്നില്ല. പഠനത്തിലും ഉപചാരക്രമങ്ങൾ പഠിക്കുന്നതിനും അവൾ തല്പരയുമായിരുന്നു. ടെന്നീസ് കളിയിൽ അസാമാന്യമായ കഴിവ് അവൾ പ്രകടിപ്പിച്ചു. അതിനേക്കാൾ ഉപരിയായി കുതിരസവാരിയിൽ ജോർജ്ജ് ജോസഫിനെക്കാൾ സമർത്ഥയായിരുന്നു സൂസന്ന. അവളുടെ കഴിവുകൾ അദ്ദേഹത്തെ സന്തുഷ്ടനാക്കിയെന്നു പറയാം.

ഇശ്വരാരാധനയിൽ ഭർത്താവിനേക്കാൾ മുൻപിലായിരുന്നു സൂസന്ന. ആ രീതിയിലുള്ള ശിക്ഷണമാണ് സൂസന്നക്ക് സ്വന്തം വീട്ടിൽനിന്നും ലഭിച്ചത്. ഈശ്വരാരാധനയിൽ അത്ര തല്പരനല്ലായിരുന്നു ജോർജ്ജ് ജോസഫ്. ഉറങ്ങാൻ കിടക്കുന്നതിന് മുൻപ് മുട്ടുകുത്തി പ്രാർത്ഥിക്കണമെന്ന് സൂസന്നയെ മാതാപിതാക്കൾ പഠിപ്പിച്ചിരുന്നു. ഈ രീതി വിവാഹത്തിനു ശേഷവും സൂസന്ന തുടർന്നു. ആ ജീവിതചര്യയെ ആക്ഷേപിക്കുകയും സൂസന്നയെ കളിയാക്കുകയും ചെയ്യുന്നതിൽ ജോർജ്ജ് ജോസഫ് ആനന്ദം കണ്ടെത്തിയിരുന്നു. ആ വക സംരംഭങ്ങളിൽ നിന്നും അവരെ പിന്തിരിപ്പിക്കുവാനാണ് അദ്ദേഹം അങ്ങനെ ചെയ്തത്. ഭർത്താവിന്റെ കളിയാക്കലിനെ യുക്തികൊണ്ട് നേരിടുവാൻ അവൾക്ക് കഴിയാതെ വന്നു. അവൾ ഒരിക്കൽ പൊട്ടിക്കരഞ്ഞുകൊണ്ട് പറഞ്ഞു "ഞാൻ ചെയ്യുന്ന ഈ കർമ്മം നൂറുശതമാനവും ശരിയാണെന്ന് എനിക്ക് ബോദ്ധ്യം ഉണ്ട്. അതിന്റെ ന്യായന്യായതകളിലേക്ക് കടന്ന് അങ്ങയെ ബോദ്ധ്യപ്പെടുത്തുവാൻ എനിക്ക് കഴിവില്ല. എന്റെ പ്രവർത്തികൾ നൂറുശതമാനവും ശരിയാണെന്നുള്ളതുകൊണ്ടാണ് ഞാൻ ഇത് തുടർന്നുകൊണ്ടുപോരുന്നത്. സൂസന്നയുടെ നിഷ്കളങ്കമായ കരച്ചിൽ ജോർജ്ജ് ജോസഫിന്റെ ഹൃദയത്തെ പിടിച്ചു കുലുക്കി. താൻ ചെയ്ത തെറ്റിൽ അദ്ദേഹം പശ്ചാത്തപിക്കുകയും ഇനി ഇത് ആവർത്തിക്കുകയില്ലെന്ന് സൂസന്നയ്ക്ക് ഉറപ്പ് കൊടുക്കുകയും ചെയ്തു. മരണംവരെ ആ ഉറപ്പ് പാലിക്കുകയും ചെയ്തു.

ബ്രിട്ടനിൽ നിന്ന് ഉന്നതബിരുദങ്ങൾ നേടി തിരുവിതാംകൂറിൽ എത്തിയ ജോർജ്ജ് ജോസഫിന് സർക്കാർ സർവ്വീസിൽ ഉന്നതമായ ഒരു ഉദ്യോഗത്തിനുവേണ്ടി ശ്രമിച്ചു. ഭരണമണ്ഡലമാകെ നായർ-ബ്രാഹ്മണ മേധാവിത്വത്തിൽ കഴിഞ്ഞ ഒരു കാലഘട്ടമായിരുന്നു അത്. അന്ന് തിരുവിതാംകൂറിൽ നിലനിന്ന ഉദ്യോഗസ്ഥമേധാവിത്വത്തെപ്പറ്റി അന്നത്തെ രാഷ്ട്രീയപശ്ചാത്തലം എന്ന അദ്ധ്യായത്തിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഡോ. പൽപ്പുവിനുപോലും തിരുവിതാംകൂർ സർക്കാർ ജോലി നിഷേധിച്ചു. അദ്ദേഹം മദ്രാസിൽപോയി ജോലിനോക്കുകയാണ് ചെയ്തത്. ഈ സാഹചര്യത്തിൽ തിരുവിതാംകൂറിൽ ജോലിക്കു ശ്രമിച്ചു സമയം നഷ്ടപ്പെടുത്തേണ്ടെന്ന് തന്നെ അദ്ദേഹം തീരുമാനിച്ചു. താൻ ജനിച്ചുവളർന്ന

www.malankaralibrary.com

തിരുവിതാംകൂറിൽ തനിക്ക് നീതിലഭിക്കുകയില്ലെന്ന് ബോദ്ധ്യമായപ്പോൾ അന്യ സംസ്ഥാനമായ മദ്രാസിലേക്ക് പോയി. ഭർത്താവുമൊന്നിച്ച് സൂസന്നയും യാത്രയായി. ജോർജ്ജ് ജോസഫ് ഒന്നിച്ച് ലണ്ടനിലേക്ക് ഉപരിപഠനത്തിനു പോയ ഗോപാലമേനോൻ മദ്രാസിൽ ഒരു ക്രിമിനൽ വക്കീലായി ജോലി ചെയ്തിരുന്നു പരക്കെ അറിയപ്പെട്ട ഒരു അഭിഭാഷകനായിരുന്നു ഗോപാലമേനോൻ.

www.malankaralibrary.com

# 10. മധുരയിലേക്ക്

തന്റെ സതീർത്ഥനായ ഗോപാലമേനോൻ മധുരയിൽ പോയി അഭിഭാഷകവൃത്തിയിലേർപ്പെടാനാണ് ജോർജ്ജ് ജോസഫിനെ ഉപദേശിച്ചത്. അതനുസരിച്ച് മധുരയിൽ എത്തി ചുരുങ്ങിയകാലംകൊണ്ട് ദക്ഷിണേന്ത്യയിലെ ഏറ്റം പ്രമുഖനായ അഭിഭാഷകൻ എന്ന നിലയിലേക്ക് അദ്ദേഹം ഉയർന്നു. അഭിഭാഷകരംഗത്ത് ജോർജ് ജോസഫിനുണ്ടായ പ്രശസ്തി അഖിലേന്ത്യാ തലത്തിൽ ശ്രദ്ധിക്കപ്പെട്ടു. അഭിഭാഷക ജോലിക്കിടയിൽ അനുദിന രാഷ്ട്രീയ പ്രശ്നങ്ങളിൽ സജീവമായി പങ്കുചേർന്നു. ആ രീതിയിൽ ലേഖനങ്ങൾ എഴുതുകയും ചെയ്തിരുന്നു. അതോടൊപ്പം ഒരു പത്രപ്രവർത്തകൻ എന്ന നിലയിലും അദ്ദേഹം വ്യക്തിമുദ്ര പതിപ്പിച്ചു. സമകാലീന രാഷ്ട്രീയ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന ഒരു ലേഖകൻ എന്ന നിലയിൽ ദേശീയരംഗത്തും അദ്ദേഹം ശോഭിച്ചു. മലയാളിയുടെ നേതൃത്വത്തിലും പത്രാധിപത്യത്തിലും നടത്തി വന്ന സൗത്ത് ഇന്ത്യൻ മെയിൽ എന്ന ദിനപത്രത്തിലൂടെയാണ് ജോർജ്ജ് ജോസഫ് തന്റെ വ്യക്തിപ്രഭ ചൊരിഞ്ഞത്. കുറേനാൾ ആ പത്രത്തിന്റെ പത്രാധിപരുമായിരുന്നു അദ്ദേഹം.

ജോർജ്ജ് ജോസഫ് ക്രിമിനൽ കേസുകൾ കൈകാര്യം ചെയ്യുന്നതിലാണ് താല്പര്യം കാണിച്ചത്. മദ്രാസിലെ പ്രമുഖനായ നോർട്ടൺ എന്ന അഭിഭാഷകന്റെ വാദമുഖങ്ങളെയാണ് ജോർജ്ജ് ജോസഫ് മാതൃകയാക്കിയത്. നോർട്ടൺ ഒരു അഭിഭാഷകനും ദേശീയരംഗത്തെ അതിപ്രമുഖനായ ഒരു നേതാവുമായിരുന്നു ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ സ്ഥാപകാംഗവുമായിരുന്നു നോർട്ടൺ. നാഷണൽ കോൺഗ്രസ്സിനെ പടുത്തുയർത്താനായി തന്റെ സമയവും സമ്പത്തും വിനിയോഗിച്ച ഒരു ദേശാഭിമാനിയായിരുന്നു അദ്ദേഹം. 1908-ലെ അലിപ്പൂർ ഗൂഡാലോചനക്കേസിൽ അന്ന് വിപ്ലവകാരിയായിരുന്ന അരവിന്ദ്ഘോഷ് ഉൾപ്പെടെയുള്ള 18 പേർക്കെതിരെ സർക്കാർ വക്കീലായി വക്കാലത്തെടുത്തതിനെ തുടർന്ന് കേസു വാദിച്ചപ്പോഴാണ് നോർട്ടന്റെ നിയമവൈദഗ്ദ്ധ്യം ജനം അറിയുന്നത്. ജോർജ്ജ് ജോസഫ് മദ്രാസിൽ പ്രാക്ടീസ് ആരംഭിച്ച കാലത്ത് നോർട്ടന്റെ അഭിഭാഷക ജീവിതത്തിന്റെ അവസാനകാലമായിരുന്നു. നോർട്ടന്റെ ക്രോസ് വിസ്താരം ജോർജ്ജ്ജോസഫിന്റെ ശ്രദ്ധയ്ക്ക് പ്രത്യേകം വിഷയീഭവിച്ചു.

ഇന്ത്യൻനാഷണൽ കോൺഗ്രസ്സിന്റെ ആദ്യകാലാംഗങ്ങളായിരുന്ന

www.malankaralibrary.com

ഉദ്യോഗസ്ഥരും വ്യാപാരികളുമായിരുന്ന ഇന്ത്യാക്കാരുടെ നിർവികാരതയേയും അത്യാഗ്രഹത്തേയും നോർട്ടൺ വിമർശിച്ചിരുന്നു. ഇന്ത്യാക്കാരുടെ ആത്മധൈര്യമില്ലായ്മയും പിടിപ്പുകേടും നോർട്ടന്റെ വിമർശനത്തിന് വിധേയമായി. ബ്രിട്ടീഷ് ഭരണത്തിനെതിരെ പ്രവർത്തന സന്നദ്ധരാകാൻ മടിച്ചുനിന്ന ദേശീയവാദികളോട് നോർട്ടന് അവജ്ഞയായിരുന്നു. നോർട്ടന്റെ അഭിപ്രായങ്ങളുമായി ജോർജ്ജ് ജോസഫ് പങ്കുചേരുകയും അവരിരുവരും തമ്മിലുള്ള സൗഹൃദം വളർന്നു വികസിക്കുകയും ചെയ്തു. ഉറച്ച തീരുമാനങ്ങൾ എന്നും എടുത്തിരുന്ന ജോർജ്ജ് ജോസഫ് അഭിഭാഷകവൃത്തിയിൽ വിജയകരമായി മുന്നേറാനാണ് ശ്രമിച്ചത്. രാഷ്ട്രീയത്തോട് അന്ന് അദ്ദേഹത്തിന് വലിയ താല്പര്യമായിരുന്നു.

ചുരുങ്ങിയകാലം കൊണ്ടുതന്നെ അഭിഭാഷകവൃത്തിയിൽ ഉയരാൻ അദ്ദേഹത്തിന് സാധിച്ചു. വലിയ ഒരു വീടും കുതിരയും കുതിരവണ്ടിയുമൊക്കെ സ്വന്തമാക്കാൻ അധികനാൾ വേണ്ടിവന്നില്ല. മധുരയിലാണെങ്കിലും ഒരു കേരളീയന്റെ സൽക്കാരപ്രിയം അദ്ദേഹം നിലനിർത്തി. ധാരാളം ആളുകളെ തന്റെ ഭവനത്തിൽ ക്ഷണിച്ചുവരുത്തി അവരെ സൽക്കരിക്കുന്നത് ഒരു ഹോബിയായി. ഈ പ്രവണത നല്ല ഒരു ആതിഥേയ എന്ന പേരിന് സൂസന്നയെ അർഹയാക്കി. ജോർജ്ജ് ജോസഫ്-സൂസന്ന ദമ്പതികൾക്ക് 1910-ൽ മോൻസിയും 1913-ൽ മോളിയും 1917-ൽ മായയും ജനിച്ചു. ഭാരതത്തിലെ ഒരു ഉന്നത അഭിഭാഷകൻ എന്ന പേര് സമ്പാദിക്കുവാൻ അധികനാളുകൾ വേണ്ടിവന്നില്ല.

ഇന്ത്യയിലെ ആദ്യത്തെ തൊഴിലാളി സംഘടനകളിൽ ഒന്നായ മധുരയിലെ തൊഴിലാളി യൂണിയന്റെ രൂപീകരണത്തിൽ മുഖ്യപങ്കുവഹിച്ചത് ജോർജ്ജ ജോസഫാണ്. അദ്ദേഹം രാഷ്ട്രീയരംഗത്തേക്കും കടക്കുവാൻ ഈ തൊഴിലാളി യൂണിയൻ പ്രവർത്തനം കാരണമായി. രാഷ്ട്രീയ രംഗത്തേക്ക് അദ്ദേഹത്തെ വലിച്ചിഴച്ചത് പിറമലൈ കള്ളന്മാർ എന്ന് അറിയപ്പെട്ടിരുന്ന ഒരു വർഗ്ഗക്കാരുടെയിടയിൽ അദ്ദേഹം നടത്തിയ സേവനങ്ങളാണ്. ജോർജ്ജ് ജോസഫ് അവരുമായി അടുത്തബന്ധം പുലർത്തിയിരുന്നു. കോടതികളിൽ അവരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി നിരന്തരം വാദിച്ചിരുന്നു. അവരുടെ പ്രശ്നങ്ങൾ അവതരിപ്പിച്ചുകൊണ്ടും അവരെ പിന്തുണച്ചുകൊണ്ടും വർത്തമാന പത്രങ്ങളിൽ ധാരാളം ലേഖനങ്ങൾ എഴുതിയിരുന്നു. കുറ്റവാളികളുടെ വംശം എന്ന് പരക്കെ അറിയപ്പെട്ടിരുന്നവരുടെ നന്മക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ജോർജ്ജ് ജോസഫ് സ്വയം ഏറ്റെടുത്തതാണ്. അതിന്റെ പിന്നിൽ ആരുടെയും പ്രേരണയില്ലായിരുന്നു. സാമ്പത്തികനേട്ടം മോഹിച്ചുമായിരുന്നില്ല ഈ പ്രവർത്തനം.

www.malankaralibrary.com

തൊഴിലാളി യൂണിയൻ സംഘടിപ്പിക്കലും കുറ്റവാളികളുടെ വംശത്തിന്റെ അവകാശസംരക്ഷണത്തിനുംവേണ്ടിയുള്ള ശ്രമങ്ങളും ഒരു ഈശ്വര നിയോഗം പോലെയാണ് നടത്തിയത്. പക്ഷെ അതേപ്പറ്റി ആധികാരികമായി സ്ഥാപിക്കാനുള്ള രേഖകളൊന്നും തന്നെയില്ലെന്നതാണ് സത്യം. പോലീസിന്റെ അധികാരവും അധിനിവേശ ഭരണവും എന്ന ഒരു ഗ്രന്ഥം ഡേവിഡ് ആർനോൾഡ് രചിച്ചിട്ടുണ്ട്. ആ ഗ്രന്ഥത്തിൽ കുറ്റവാളി വംശങ്ങൾക്ക് എതിരെയുള്ള പോലീസ് നീക്കങ്ങളെല്ലാം അതിന്റെ പശ്ചാത്തലത്തെപ്പറ്റിയും വിവരിച്ചിട്ടുണ്ട്. 1915-നും 1920-നും ഇടയ്ക്ക് മധുരയിൽ വക്കീലായിരുന്ന ജോർജ്ജ് ജോസഫ് പിറമലൈ കള്ളരെ സഹായിക്കാൻ ശ്രമിച്ചിട്ടുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പിറമലൈ കള്ളന്മാർ എന്നറിയപ്പെട്ടിരുന്ന കുറ്റവാളി വംശത്തിലെ പിന്മുറക്കാർ ജോർജ്ജ് ജോസഫിന്റെ മരണശേഷവും അദ്ദേഹത്തെ ആദരിക്കുകയും അദ്ദേഹത്തിന്റെ സ്മരണ നിലനിർത്തുവാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. ജോർജ്ജ് ജോസഫിന്റെ ചരമദിനത്തിൽ അവർ ദീർഘനാൾ ഒന്നിച്ചുകൂടി അദ്ദേഹത്തിന്റെ സേവനങ്ങളെപ്പറ്റി ചർച്ചകൾ നടത്തിയിരുന്നു.

കുറ്റവാളിവംശത്തെ സംബന്ധിച്ച നിയമം ഇന്ത്യയിൽ ആദ്യമായി ഏർപ്പെടുത്തിയത് 1870-ൽ ആണ്. ആദ്യം വടക്കേ ഇന്ത്യയിലായിരുന്നു ഈ നിയമം പ്രാബല്യത്തിൽ വന്നത്. ആ നിയമം പല കാലയളവിലും പരിഷ്കരിക്കുകയുണ്ടായി. ഇന്ത്യയുടെ വടക്കുപടിഞ്ഞാറൻ അതിർത്തിയിലെയും പഞ്ചാബിലെയും ഗ്രാമങ്ങളുടെ നിയന്ത്രണത്തിൽ ചില കുറ്റവാളി വംശങ്ങൾ നിർണ്ണായകമായ പങ്കുവഹിച്ചിരുന്നു. ഈ നിയമം മദ്രാസിൽ ഉണ്ടായിരുന്നില്ല. എന്നാൽ പോലീസ് കുറ്റകൃത്യങ്ങളുടെ കണക്കു പരിശോധിച്ചു തുടങ്ങിയപ്പോൾ ചില പ്രദേശങ്ങളിൽ നടക്കുന്ന കുറ്റകൃത്യങ്ങളും ചിലസമുദായങ്ങളും തമ്മിൽ വളരെ ബന്ധമുണ്ടെന്ന് മനസ്സിലാക്കി. അതേ തുടർന്നാണ് കുറ്റാന്വേഷണ വകുപ്പുതന്നെ മദ്രാസിൽ ഏർപ്പെടുത്തിയത്. 1870 മുതൽ കുറ്റവാളികളുടെ എണ്ണം വളരെയധികം വർദ്ധിച്ചുകൊണ്ടിരുന്നു. മൂന്നുവർഷം കൊണ്ട് കുറ്റവാളികളുടെ എണ്ണം 64631-ൽ നിന്ന് 112080 ആയി ഉയർന്നു. ചില സമുദായങ്ങളിൽ കുറ്റം ചെയ്യാനുള്ള വാസന കൂടുതലുണ്ടെന്ന് ഗവേഷണങ്ങൾ തെളിയിച്ചു. ക്രിമിനൽ വംശങ്ങളിൽ നിന്നാണ് പല കുറ്റകൃത്യങ്ങളും ഉണ്ടാകുന്നതെന്നും ധാരണയുണ്ട്. ഗവേഷണങ്ങൾ ഈ ധാരണ ശരിയാണെന്ന് തെളിയിച്ചു. മദ്രാസ് പ്രവിശ്യയിൽ കുറ്റവാളി വംശത്തിൽപ്പെട്ട രണ്ടു സമുദായങ്ങളെ കാണാൻ സാധിച്ചു. ദക്ഷിണ തമിഴ്നാട്ടിലെ കള്ളർ, മറവർ എന്നിവരായിരുന്നു അവർ.

ഇങ്ങനെ ചില സമുദായങ്ങളെ മൊത്തത്തിൽ അക്രമി സംഭവങ്ങളായി മാറ്റുന്നതുകൊണ്ട് നിയമപാലകർക്ക് പല സൗകര്യങ്ങളും ഉണ്ടായിരുന്നു. കുറ്റകൃത്യങ്ങൾ നടക്കുമ്പോൾ ഓരോരുത്തരെയായി എതിർക്കേണ്ടി വന്നില്ല.

www.malankaralibrary.com

ഒരു സമുദായത്തെ മുഴുവനായിത്തന്നെ ശിക്ഷിക്കുകയോ അടക്കി നിറുത്തുന്ന കല്പനകൾക്ക് വിധേയമാക്കുകയോ ചെയ്യാമായിരുന്നു. ഓരോ വ്യക്തിയുടെയും പ്രശ്നങ്ങൾ പ്രത്യേകം പ്രത്യേകം തെളിയിക്കേണ്ട ആവശ്യം ഉണ്ടായില്ല. നിരപരാധികൾ കുറ്റക്കാരെ പോലീസിന് കാട്ടിക്കൊടുത്ത് സ്വയംരക്ഷപെടാൻ ശ്രമിക്കുമെന്ന് അധികാരികൾ വിശ്വസിച്ചു. മധുരയിലെ തിരുമംഗലം താലൂക്കിലെ പിറമലൈകള്ളന്മാർക്കെതിരെ ഈ അധികാരം കൂട്ടത്തോടെ വിനിയോഗിക്കുന്നതിനെ പോലീസ് മേധാവികൾ ന്യായീകരിക്കുകയും ചെയ്തു.

കുറ്റവാളി വംശത്തിൽപ്പെട്ടവർ ജീവിക്കുന്നതുതന്നെ പരിപൂർണ്ണമായും കുറ്റകൃത്യങ്ങളെ ആശ്രയിച്ചാണ്. അവർ വളരെ സാമർത്ഥ്യത്തോടെയാണ് പെരുമാറുന്നത്. കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടിരിക്കുമ്പോൾ അവരെ പിടികൂടിയില്ലെങ്കിൽ അവരെ ശിക്ഷാവിധിക്ക് വിധേയമാക്കുവാൻ പ്രയാസം വരും. കുറ്റവാളി നിയമത്തിലെ വകുപ്പുകൾ അനുസരിച്ചുമാത്രമേ അവരെ നിരീക്ഷണ വിധേയരാക്കുവാനും അവരുടെ ചലനങ്ങൾ നിയന്ത്രിക്കാനും പോലീസിനും മുഖ്യമന്ത്രിക്കും കഴിയുകയുള്ളു.

കുറ്റവാളിനിയമത്തിലെ ഒരു പ്രധാനവകുപ്പാണ് ചില കൂട്ടരെ കുറ്റവാളി വംശം എന്ന് പേരുവിളിക്കാനുള്ള അധികാരം സർക്കാരിന് നല്കിയത്. ഏതെങ്കിലും വംശത്തിലോ കൂട്ടത്തിലോ ഗോത്രത്തിലോ ഉള്ള വ്യക്തികളെ അവർ ജാമ്യം ലഭിക്കുന്ന കുറ്റങ്ങൾ മുറക്കുചെയ്തുവരുന്നവരാണെങ്കിൽ അവരെ കുറ്റവാളി വംശം എന്ന് വിളിക്കാമെന്നായിരുന്നു നിയമം. ഒരിക്കൽ പേരുവിളിക്കപ്പെട്ടു കഴിഞ്ഞാൽ പിന്നെ ആ വംശത്തിലെ അംഗങ്ങൾക്ക് ഈ നടപടിക്കെതിരെ അപ്പീൽ കൊടുക്കുവാൻപോലും സാധിക്കുമായിരുന്നില്ല. തങ്ങൾ കുറ്റവാളികളല്ലെന്ന് ബോദ്ധ്യപ്പെടുത്തേണ്ട ചുമതല -തങ്ങൾ നിരപരാധിയാണെന്ന് ബോദ്ധ്യപ്പെടുത്തേണ്ടഭാരം കുറ്റം ചുമത്തപ്പെടുന്നവരുടേതായിരുന്നു. അല്ലാതെ ഗവണ്മെന്റിന്റെ ഉത്തരവാദിത്വമായിരുന്നില്ല. ഇങ്ങനെ കുറ്റവാളിവംശത്തിൽപ്പെട്ടവർക്കുവേണ്ടി പ്രത്യേക താമസസ്ഥലങ്ങൾ ഒരുക്കാനും കുറ്റവാളി വശത്തിൽപ്പെട്ടവരെ നന്നാക്കിയെടുക്കാനുമുള്ള വ്യവസ്ഥ 1871-ലെ നിയമത്തിൽ ഉണ്ടായിരുന്നു. 1911-ലെ നിയമത്തിൽ ഗവണ്മെന്റിന്റെ ഈ ബാദ്ധ്യത ഒഴിവാക്കപ്പെട്ടു.

പേര് രജിസ്റ്റർ ചെയ്യുമ്പോൾ കുറ്റവാളി വംശത്തിലെ അംഗങ്ങളുടെ വിരലടയാളം ശേഖരിച്ചിരുന്നു. അതിന് സമ്മതിക്കാതിരുന്നാൽ അതും ക്രിമിനൽ കുറ്റമാണ്. 6 മാസത്തെ തടവും 200 രൂപാ പിഴയും ആയിരുന്നു ശിക്ഷ. അവരുടെ സഞ്ചാരസ്വാതന്ത്ര്യവും നിരോധിച്ചിരുന്നു. ഈ വംശത്തിലെ ഏറ്റം ഹീനസ്വഭാവക്കാരോട് പോലീസ് സ്റ്റേഷനിൽ ഹാജരായി ഒപ്പ് രേഖപ്പെടുത്തുവാൻ ആവശ്യപ്പെട്ടിരുന്നു. അതിന് നിർദ്ദേശിച്ചിരുന്ന സമയം രാത്രി 11 മണിക്കും വെളുപ്പിനെ 4 മണിക്കും ഇടയിലായിരുന്നു. ഇതിന്റെ ഫലമായി

www.malankaralibrary.com





അവർക്ക് രാത്രി ഉറങ്ങാൻ പോലും സാധിച്ചിരുന്നില്ല. കൊള്ള നടത്താൻ രാത്രിയിൽ പോകാതിരിക്കുന്നതിനുവേണ്ടിയാണ് ഈ സമയം നിശ്ചയിച്ചതുതന്നെ. ഇത് മനഃപൂർവ്വം നടപ്പിലാക്കിയ ഒരു വ്യവസ്ഥയായിരുന്നു. ഈ വ്യവസ്ഥകൾ ഒരു ന്യൂനപക്ഷത്തിന്റെ പേരിൽ മാത്രമേ എടുത്തിരുന്നുള്ളുവെങ്കിലും അത് മറ്റുള്ളവർക്കു ഒരു മുന്നറിയിപ്പുകൂടിയായിരുന്നു. 1920 ഏപ്രിലിൽ പിറമലൈകള്ളന്മാർ മധുരയിൽ ലഹളയുണ്ടാക്കി. ആ ലഹളയെപ്പറ്റി നടന്ന ഔദ്യോഗികാന്വേഷണത്തിൽ ജോർജ്ജ് ജോസഫും സന്നിഹിതനായിരുന്നു.

വളരെ കാർക്കശ്യത്തോടെയാണ് പിറമലൈകള്ളന്മാരുടെ കാര്യത്തിൽ ഈ നിയമം പ്രയോഗിച്ചിരുന്നത്. മധുരയിലെ തിരുമംഗലത്തും അതോട് ചേർന്നുള്ള പ്രദേശങ്ങളിലുമായി 75000 കള്ളന്മാർ ജീവിച്ചിരുന്നതായി കണക്കെടുത്തു. 1920 ആയപ്പോഴേക്കും അതിൽ ഇരുപതുശതമാനമാളുകളെയും കുറ്റവാളികളുടെ ലിസ്റ്റിൽ രജിസ്റ്റർ ചെയ്തു. 1929 ആയപ്പോഴേക്കും അത് അമ്പതുശതമാനമായി ഉയർന്നു.

അതോടെ ജോർജ്ജ് ജോസഫ് കള്ളന്മാരുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധാലുവായി. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ കള്ളന്മാരെ സംബന്ധിച്ച് പല നിവേദനങ്ങളും നടത്തി. തൽഫലമായി മനുഷ്യത്വപരമായ ഒരു സമീപനം സ്വീകരിക്കാൻ സർക്കാർ തയ്യാറായി. കള്ളന്മാരെയും മറ്റുള്ളവരെയും കുറ്റകൃത്യങ്ങളിൽ നിന്ന് പിന്തിരിപ്പിക്കുവാനും ശ്രമം ആരംഭിച്ചു. അവരുടെ കുട്ടികൾക്ക് പ്രത്യേകമായ വിദ്യാലയങ്ങൾ തുടങ്ങുക, അവർക്കായി കുടിൽ വ്യവസായങ്ങൾ ആരംഭിക്കുക, മധുരയിലെ തുണിമില്ലുകളിലും നീലഗിരിയിലെയും ആനമലയിലെയും കാപ്പി തേയിലത്തോട്ടങ്ങളിൽ തൊഴിൽ നേടികൊടുക്കുക മുതലായവയായിരുന്നു ജോർജ്ജ് ജോസഫ് അവർക്ക് നൽകിയ സഹായങ്ങൾ.

കുറ്റവാളി വംശങ്ങളുമായി ജോർജ്ജ് ജോസഫ് നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരുന്നു. 1915-ൽ ആരംഭിച്ച സൗഹൃദം മരണംവരെ പിന്തുടർന്നു. പീറമല കള്ളന്മാർ തനിക്ക് പോലീസിൽ നിന്നും കിട്ടിയ പീഢനങ്ങളെപ്പറ്റി ജോർജ്ജ് ജോസഫിനോടു പരാതിപ്പെട്ടു. ജോർജ്ജ് ജോസഫ് കള്ളറിന്റെ കേസ് ഏറ്റെടുത്തു വിജയം നേടി. ആ കേസിന് പത്രമാധ്യമങ്ങളിൽകൂടി നല്ല പ്രചാരം സിദ്ധിച്ചു. കള്ളന്മാരുടെ ഇടയിലും ഈ വിജയവാർത്ത പ്രചരിച്ചു. അതോടെ കള്ളന്മാർ അവരുടെ പരാതികളുമായി ജോർജ്ജ് ജോസഫിനെ സമീപിച്ചു. കള്ളർ മറവർ തുടങ്ങിയ സമുദായങ്ങളിൽ നിന്നുള്ള തടഞ്ഞുവയ്ക്കലും അവരോടുള്ള പോലീസ് അതിക്രമവും സംബന്ധിച്ച് അനേകം കേസുകളുമായി അദ്ദേഹം ബന്ധപ്പെട്ടു. കള്ളർ മറവർ തുടങ്ങിയ സമുദായങ്ങളിൽപ്പെട്ടവരെ - തങ്ങളുടെ അവകാശങ്ങളെപ്പറ്റി പഠിപ്പിക്കുവാൻ ഒരു യുവജനവേദി രൂപീകരിക്കുവാൻ ജോർജ്ജ് ജോസഫ്

www.malankaralibrary.com

അവരെ സഹായിച്ചു. കള്ളർ, മറവർ തുടങ്ങിയവരുടെ കേസുകളുമായി കുറ്റവാളിസംഘത്തിലെ അനേകർ ജോർജ്ജ് ജോസഫിന്റെ അടുത്തെത്തി. ഈ പോക്ക് തന്റെ വക്കീൽപണിക്ക് സഹായകരമായിരുന്നുവെങ്കിലും തന്റെ സാമ്പത്തികഭദ്രത തകരാൻ ഇത് ഇടയാകുമെന്ന് അദ്ദേഹത്തിന് തോന്നി. കള്ളർമാരുടെ കേസുകളുടെ എണ്ണം ചുരുക്കാൻ അദ്ദേഹം ഒരു പദ്ധതി ഇട്ടു. വക്കീൽ ഫീസ് തന്നാലേ കേസ് വാദിക്കുകയുള്ളുവെന്ന് ഒരു നിലപാടെടുത്തു. കള്ളർമാർക്കെതിരെ കേസ് നടത്തിയതിൽ ഭാര്യ സൂസന്ന അതീവ സന്തുഷ്ടയായിരുന്നു. വക്കീൽ ഫീസ് ഇല്ലാതെവരുന്ന കള്ളർമാർക്ക് ഭർത്താവ് അറിയാതെ സൂസന്ന ഫീസ് അടക്കാനുള്ള പണം കൊടുത്തു.

ജോർജ്ജ് ജോസഫിന്റെ പ്രശസ്തി ഭാരതമാകെ പടർന്നു. നിയമലോകത്തെ ഒരു അത്ഭുതതാരമായിട്ടാണ് അദ്ദേഹത്തെ എല്ലാവരും കണ്ടത്. ഒരു ജഡ്ജി ഉദ്യോഗം അദ്ദേഹത്തെ തേടിവരുമെന്ന് എല്ലാവരും പ്രതീക്ഷിച്ചു. മൂന്നു കുട്ടികളടങ്ങിയ അദ്ദേഹത്തിന്റെ കുടുംബം നല്ല ആർഭാടത്തിലായിരുന്നു ജീവിതം നയിച്ചിരുന്നത്. സാഹിത്യം, പെയിന്റിംഗ്, തത്വശാസ്ത്രം, രാഷ്ട്രീയം തുടങ്ങിയ എല്ലാ കാര്യങ്ങളിലും പാശ്ചാത്യലോകത്തോട് അദ്ദേഹം വളരെ താല്പര്യം പ്രകടിപ്പിച്ചിരുന്നു.

വക്കീൽപണിയിൽ നിന്നും അദ്ദേഹത്തിന് ചില കാര്യങ്ങൾ ബോദ്ധ്യമായി. ബ്രിട്ടീഷ് ഭരണകൂടത്തിന്റെ ആവശ്യാനുസരണം ബ്രിട്ടീഷുകാർ നിയമിച്ച പോലീസിന് നാട്ടുകാരോട് ഒരു കാര്യത്തിലും സമാധാനം പറയേണ്ട ആവശ്യമില്ല. അവർ എന്തുതെറ്റു ചെയ്തെങ്കിലും അതിനെ സംരക്ഷിക്കുവാൻ ബ്രിട്ടീഷ് ഭരണകൂടം തയ്യാറാകും. ബ്രിട്ടീഷുകാർ ഏർപ്പെടുത്തിയ കുറ്റവാളിനിയമം കോളനി ഭരണത്തിന്റെ മൃഗീയത വെളിപ്പെടുത്തുന്നതായിരുന്നു. കുറ്റവാളി വംശജരുടെ മേൽ അടിച്ചേൽപ്പിക്കപ്പെട്ട നിയമങ്ങൾ മനുഷ്യസ്വാതന്ത്ര്യത്തെ തകർക്കുന്നതായിരുന്നുവെന്ന് അദ്ദേഹത്തിന് ബോദ്ധ്യപ്പെട്ടു. ഇതിനെ നേരിടാൻ ദേശീയസമരത്തിൽകുറേക്കൂടി സജീവമാകണമെന്ന ചിന്ത അദ്ദേഹത്തിനുണ്ടായിരുന്നു. ഗാന്ധിജിയുടെ ആഹ്വാനം ശിരസ്സാവഹിക്കുവാൻ പ്രചോദനം നല്കിയത് ഈ സാഹചര്യമാണ്.

ഒരു നൂറ്റാണ്ടു മുൻപ് ഇന്നത്തേതുപോലുള്ള തൊഴിലാളി സംഘടനകൾ ഒന്നും ഇല്ലായിരുന്നു. തൊഴിൽ സമരങ്ങളും നാമമാത്രമായിരുന്നു. മദ്രാസ് കോട്ടൺമില്ലിലെ തൊഴിലാളി സമരങ്ങളെപ്പറ്റി 1870 മുതൽ വാർത്തകൾ പ്രചരിച്ചിരുന്നു. ഇന്ത്യൻ ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ട പ്രഥമ പണിമുടക്ക് ബക്കിംഗ് ഹാം മില്ലിലാണ് നടന്നത്. തൊഴിലാളികൾ നെയ്തെടുത്ത നൂലിന്റെ മേന്മയെപ്പറ്റിയുള്ള തർക്കമാണ് പണിമുടക്കിൽ എത്തിച്ചത്. പണിമുടക്കിയവർ തങ്ങളുടെ പണിയായുധങ്ങൾ ഇട്ടിട്ടുപോയി. മാനേജ്മെന്റ് അന്ന് ശക്തമായിരുന്നു. മാനേജുമെന്റുകളോട് കൂറുള്ള

www.malankaralibrary.com

തൊഴിലാളികൾ പണിമുടക്കിയ തൊഴിലാളികൾക്കെതിരെ അക്രമണം അഴിച്ചുവിട്ടു. ബ്രിട്ടീഷുകാരുടെ പിന്തുണയോടെയാണ് അക്രമങ്ങൾ നടന്നത്. ആ ക്രൂരമർദ്ദനം കണ്ട മറ്റു ഫാക്ടറികളിലെ തൊഴിലാളികൾ പണിമുടക്കി അവരുടെ സഹായത്തിനെത്തി. പിന്നീട് ഫാക്ടറികളിൽ ഒരു യുദ്ധത്തിന്റെ പ്രതീതി തന്നെ അനുഭവപ്പെട്ടു. കല്ലും കവണിയും ഉപയോഗിച്ച് വീശിയുള്ള യുദ്ധങ്ങളായി മാറി. ഫാക്ടറിയിൽ നിന്നും ശല്യക്കാരെ ഒഴിക്കാനായി മാനേജ്മെന്റ് പോലീസിന്റെയും പട്ടാളത്തിന്റെയും സഹായം തേടി. പണിമുടക്കിയവരെ തീവ്രവാദികളെന്നും വിപ്ലവകാരികളെന്നും വിളിച്ചു പിരിച്ചുവിട്ടു. ഗവണ്മെന്റും പത്രങ്ങളും എല്ലാം സർക്കാരിന്റെ സ്വാധീനതയിൽ ആയിരുന്നു. അവയെല്ലാം പണിമുടക്കിയവർക്കെതിരായി പ്രവർത്തിച്ചു.

ഇക്കാലഘട്ടത്തിലാണ് ഒന്നാംലോകമഹായുദ്ധം പൊട്ടിപ്പുറപ്പെടുന്നത്. വിലക്കയറ്റത്തിന്റെ ഫലമായി ഇന്ത്യയിലെ ജനങ്ങളും വിശിഷ്യാ തൊഴിലാളികളും വല്ലാതെ വലഞ്ഞു. വിലവർദ്ധനവിനെ നേരിടാൻ-അനുദിന ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ- ശമ്പളവർദ്ധനവിനായി തൊഴിലാളികൾ മുറവിളികൂട്ടി. എന്നാൽ സർക്കാർ പിന്തുണയോടെ മാനേജുമെന്റ് തൊഴിലാളി പ്രക്ഷോഭണത്തെ അടിച്ചൊതുക്കി. ജാതിയും മതവും തമ്മിലുള്ള വിടവ് വർദ്ധിപ്പിച്ച്-തൊഴിലാളികളെ ഭിന്നിപ്പിച്ച് പണിമുടക്കിനെ നേരിടുവാനാണ് മാനേജുമെന്റുകൾ തയ്യാറായത്. നിരാശരായ തൊഴിലാളികൾ മറ്റുപൗരമുഖ്യരുടെ സഹായം തേടി. ദേശീയ സ്വാതന്ത്ര്യ സമരത്തിന് നേതൃത്വം നല്കിയ ദേശീയവാദികളായ രാഷ്ട്രീയക്കാരാണ് തൊഴിലാളികളുടെ രക്ഷയ്ക്കായി ആദ്യം ഓടിയെത്തിയത്. തൊഴിലാളി സ്നേഹം കൊണ്ടാണോ രാഷ്ട്രീയലക്ഷ്യം വച്ചാണോ അവർ ഇങ്ങനെ പ്രവർത്തിച്ചതെന്ന് പറയുക സാദ്ധ്യമല്ല.

ഭക്ഷ്യക്ഷാമം കൊടുംപിരി കൊണ്ടതിനെ തുടർന്ന് മധുരയിലും മദ്രാസിലും ഭക്ഷ്യലഹളകൾ പൊട്ടിപ്പുറപ്പെട്ടു. തൊഴിലാളിപ്രശ്നങ്ങൾ രൂക്ഷമായപ്പോൾ സർക്കാരോ മാനേജുമെന്റോ അവരെ സഹായിക്കാൻ എത്തിയില്ല. ശെൽവപതിച്ചെട്ടി, രാമാനുജൻ നായിഡു എന്നീ രണ്ടു യുവ പ്രവർത്തകർ അവരുടെ സഹായത്തിനെത്തി. തൊഴിലാളികളുടെ ആത്മീയാവശ്യങ്ങൾ നിർവ്വഹിക്കുന്നതിൽ ഈ യുവാക്കൾ നിർണ്ണായക പങ്കുവഹിച്ചു. അവർ ഒരു സംഘടനയുടെ പ്രവർത്തകരുമായിരുന്നു. കൂലിവർദ്ധന ആവശ്യപ്പെട്ടുകൊണ്ട് ഒരു നിവേദനം അവർ തയ്യാറാക്കി കൊടുത്തു. അപേക്ഷകരുടെ പേരുവയ്ക്കാതെയാണ് നിവേദനം നല്കിയത്. മദ്രാസിലെ ഏറ്റവലിയ മിൽ ഉടമയായ 'ബിന്നീസ്' തൊഴിലാളികളുടെ അഭ്യർത്ഥന തള്ളിക്കളഞ്ഞു. നിയമജ്ഞരായ വി.പി. വാഡിയ, ശക്തമായ ഒരു തൊഴിലാളി യൂണിയൻ കെട്ടിപ്പടുക്കുന്നതിന് സഹായിച്ചു. ഭാരതത്തിലെ ആദ്യത്തെ തൊഴിലാളി സംഘടന (ട്രേഡ് യൂണിയൻ) വാഡിയ തന്നെ ഉൽഘാടനം ചെയ്തു.

www.malankaralibrary.com

മദ്രാസിലേതുപോലെ തന്നെ മധുരയിലും വലിയ ഒരു തൊഴിൽ സമരം പൊട്ടിപ്പുറപ്പെടുന്നതിന് സാഹചര്യം ഉണ്ടായി. മൂന്ന് ബ്രിട്ടീഷ് മില്ലുകളിൽ ജോലി ചെയ്യുന്ന 1200-ൽപരം തൊഴിലാളികൾ അവിടെയുണ്ടായിരുന്നു. ഏറെ താമസിയാതെ രണ്ടുമില്ലുകൾകൂടി മധുരയിൽ ആരംഭിച്ചു. മൂന്ന് മില്ലുകൾകൂടി യോജിപ്പിച്ച് മധുരമിൽ രൂപീകരിച്ചു. ഈ മിൽ ലോകത്തിലെ തന്നെ ഏറ്റം വലിയ മിൽ ആയിരുന്നു. തൊഴിലാളികളുടെ ആവശ്യങ്ങളോട് യാതൊരു ദയയും കാണിക്കാതിരുന്ന മാനേജ്മെന്റിനോട് ന്യായമായ അവ കാശങ്ങൾ ചോദിച്ചു വാങ്ങാൻ കഴിവുള്ള വ്യക്തികളെ അവർ അന്വേഷിച്ചു. അവർ കണ്ടുമുട്ടിയത് ബാരിസ്റ്റർ ജോർജ്ജ് ജോസഫ്, ജെ.എൻ.രാമനാഥ് എന്നിവരെയായിരുന്നു. ഇവർ ഇരുവരും പിൽക്കാലത്ത് ജസ്റ്റീസ് പാർട്ടിയിലെ അംഗങ്ങളുമായിരുന്നു. മദ്രാസിൽ ലേബർ യൂണിയൻ സംഘടിപ്പിച്ച വാഡി യായുമായി ജോർജ്ജ് ജോസഫിന് ആത്മബന്ധമുണ്ടായിരുന്നു.

മധുരയിലെ ആദ്യത്തെ യൂണിയൻ-മധുര ലേബർ യൂണിയൻ എന്ന പേരിൽ പടുത്തുയർത്താൻ രാമനാഥനും ജോർജ്ജ് ജോസഫും ഒരുമിച്ച് പ്രവർത്തിച്ചു. പിൽക്കാലത്ത് രാഷ്ട്രീയ കാരണങ്ങളാൽ രാമനാഥൻ യൂണിയൻപ്രവർത്തനത്തിൽ നിന്നും അകന്നു. ജോർജ്ജ് ജോസഫാകട്ടെ മഹാത്മജിയുടെ ആഹ്വാനം ശിരസാവഹിച്ച് വടക്കേഇന്ത്യയിലേക്കും പോയി.

മധുരമിൽസിലെ സാങ്കേതിക ജോലിക്കാർ എല്ലാംതന്നെ ബോംബെ ക്കാരോ ഇംഗ്ലീഷുകാരോ ആയിരുന്നു. സാധാരണതൊഴിലാളികൾ ഗ്രാമപ്ര ദേശങ്ങളിൽ നിന്നുള്ളവരും. പരിചയസമ്പന്നന്മാരായ തൊഴിലാളികൾ ഗ്രാമപ്രദേശങ്ങളിൽ ഉണ്ടായിരുന്നില്ല. തുണിമില്ലുകൾക്ക് തൊട്ടടുത്തുള്ള ഗ്രാമപ്രദേശങ്ങളിൽ നിന്നും വന്നവരായിരുന്നു എല്ലാ തൊഴിലാളികളും തന്നെ. ജോലിക്കാരെ നിശ്ചയിക്കുന്നതിൽ ജാതീയ ചിന്താഗതികളും നിലനിന്നിരുന്നു. അവിടുത്തെ തൊഴിലാളികളിൽ 15 ശതമാനം പേരും കൊടി ക്കൽപിള്ളമാരും പത്തുശതമാനത്തോളം പേർ മുസ്ലീം ക്രിസ്ത്യാനികളും ആയിരുന്നു. ബാക്കിയുണ്ടായിരുന്ന തൊഴിലാളികളിൽ ഭൂരിഭാഗവും നഗരത്തിലെ പരമ്പരാഗത നെയ്ത്തുകാരും കച്ചവടക്കാരുമായിരുന്നു. പുലയർ-പള്ളർ എന്നീ ജാതിക്കാർ ആ ജില്ലയിലെ ജനസംഖ്യയിൽ ഭൂരിപക്ഷമായിരുന്നു. എന്നാൽ അവരിൽ നിന്നും 5 ശതമാനം ആളുകൾ മാത്രമേ മിൽ തൊഴിലാളികളായി ഉണ്ടായിരുന്നുള്ളു. മധുര ജില്ലയിലെ മൂന്ന് കുറ്റവാളി സംഘങ്ങളിൽപ്പെട്ടവരായിരുന്നു 15 ശതമാനം വരുന്ന തൊഴിലാളികൾ. കുറ്റവാളിസംഘത്തിൽപ്പെട്ടവരായിരുന്നതിനാൽ അവർ കൂടുതൽ നിരീക്ഷണങ്ങൾക്ക് വിധേയരായിരുന്നു. ഏറ്റം കുറഞ്ഞ കൂലി യായിരുന്നു അവർക്ക് നല്കിയിരുന്നത്. മനുഷ്യാവകാശ സംരക്ഷണത്തി നുവേണ്ടി കള്ളർമാർ, മായർ എന്നിവരോട് അടുത്തുപെരുമാറിയിരുന്നതിൽ ജോർജ്ജ് ജോസഫ് അവർക്ക് പ്രിയങ്കരനായിരുന്നു.

www.malankaralibrary.com

തൊഴിലാളി നേതാവായിരുന്നു രാമനാഥനെ ഒറ്റപ്പെടുത്തുവാൻ മാനേജ്മെന്റും ബ്രിട്ടീഷുകാരും ശ്രമിച്ചു. തൊഴിലാളികൾ ജോർജ്ജ് ജോസഫിനോട് നേതൃത്വം ഏറ്റെടുക്കാൻ ആവശ്യപ്പെട്ടു. എന്നാൽ അദ്ദേഹം നാട്ടുവൈദ്യനായ വരദരാജലുവിന്റെ പേര് നിർദ്ദേശിച്ചു. തിരുപ്പൂർകാരനായിരുന്ന നായിഡു ആനിബസന്റിന്റെയും ജോർജ്ജ് ജോസഫിന്റെയും നേതൃത്വത്തിലുള്ള ഹോംറൂൾ പ്രസ്ഥാനത്തിന്റെ സമുന്നത നേതാവുമായിരുന്നു. അദ്ദേഹത്തിന്റെ ആവേശഭരിതമായ തമിഴ് പ്രസംഗം കേൾക്കാൻ ആയിരങ്ങൾ വന്നുചേർന്നു. ഇംഗ്ലീഷ് അറിയാൻ പാടില്ലാത്ത ജനങ്ങളുടെയിടയിൽ സ്വദേശിപ്രസ്ഥാനത്തിന്റെ സന്ദേശം എത്തിച്ചത് നായിഡുവായിരുന്നു.

1918 ആഗസ്റ്റ് 15-ന് നായിഡു മധുര റെയിൽവേ സ്റ്റേഷനിലെത്തിയപ്പോൾ ജോർജ്ജ് ജോസഫിന്റെ നേതൃത്വത്തിൽ തൊഴിലാളികൾ അദ്ദേഹത്തിന് ഗംഭീര സ്വീകരണം നല്കി. 12.5 ശതമാനം ശമ്പളവർദ്ധനവും ജോലി സമയം 12 മണിക്കൂറിൽ നിന്നും 10 മണിക്കൂർ കുറവു ചെയ്യണമെന്നതായിരുന്നു തൊഴിലാളികളുടെ പ്രധാന ഡിമാന്റ്. തൊഴിലാളി നേതാവ് നായിഡുവിനോട് സംസാരിക്കുവാൻ പോലും മാനേജുമെന്റ് തയ്യാറായില്ല. മാനേജുമെന്റിന്റെ സമ്മർദ്ദത്തിന് വഴങ്ങി നായിഡുവിനെ അറസ്റ്റു ചെയ്തു. ജോർജ്ജ് ജോസഫായിരുന്നു നായിഡുവിന്റെ അഭിഭാഷകൻ ഹാർവേകൾ നടത്തിയ സമ്മർദ്ദത്തിന്റെ ഫലമാണ് നായിഡുവിന്റെമേൽ നടപടി എടുത്തത്. മധുരയിലെ കോടതി കെട്ടിടത്തിന് പുറമെ നിന്നും ആൾക്കൂട്ടത്തിന് നേരെ പോലീസ് വെടിവച്ചു. ധാരാളം പേർക്ക് മുറിവേറ്റു. ഇന്ത്യയിലെയും ബ്രിട്ടനിലെയും മാധ്യമങ്ങൾ പോലീസ് നടപടിയെ ശക്തമായി എതിർത്തു. അതേസമയം കോടതി നായിഡുവിനെ രാജ്യദ്രോഹക്കേസിൽ കുറ്റക്കാരനായി വിധിച്ചു. ഏതായാലും തൊഴിലാളികൾ ആവശ്യപ്പെട്ടതിന്റെ ഇരട്ടി 25 ശതമാനം ശമ്പള വർദ്ധന നല്കാൻ മാനേജ്മെന്റ് സമ്മതിച്ചു. തൊഴിൽ സമയവും കുറച്ചു എങ്കിലും മാനേജ്മെന്റു -തൊഴിലാളികളുമായുള്ള ബന്ധം എന്നും ചാഞ്ചാടിക്കൊണ്ടിരുന്നു.

ഇക്കാലത്ത് ബ്രിട്ടീഷുകാർ ഇന്ത്യവിട്ടുപോകണമെന്ന ആവശ്യത്തിന് കൂടുതൽ പ്രാധാന്യം ലഭിച്ചു. ആ നിലപാട് കോൺഗ്രസ്സ് സ്വീകരിക്കുകയും ചെയ്തു. വക്കീലന്മാർ, പത്രപ്രവർത്തകർ, ഡോക്ടർമാർ, അദ്ധ്യാപകർ തുടങ്ങി ജീവിതത്തിന്റെ വിവിധ തുറകളിലുള്ളവർ ദേശീയ പ്രസ്ഥാനത്തിലേക്ക് കുതിച്ചു ചാടി. കർഷകരും സാധാരണജനങ്ങളും തൊഴിലാളികളും സമരത്തിൽ കൂടുതൽ പങ്കെടുത്തു. ബാരിസ്റ്റർ ജോർജ്ജ് ജോസഫ് മധുരയിൽ പ്രാദേശിക കാര്യങ്ങളിൽ നിന്നും അകന്നു.

അഭിഭാഷക വൃത്തിയിലൂടെ ജോസഫ് ധാരാളം പണം സമ്പാദിച്ചു. എന്നാൽ അതെല്ലാം അതിവേഗതയിൽ തന്നെ ചിലവഴിക്കുകയും

www.malankaralibrary.com

ചെയ്തിരുന്നു. പണം നിക്ഷേപമായി സൂക്ഷിച്ചില്ലെന്ന വസ്തുത അദ്ദേഹ ത്തെ ഒരിക്കലും അലോസരപ്പെടുത്തിയിട്ടില്ല. ഒരുപക്ഷേ അദ്ദേഹത്തിന്റെ അവസാനനാളുകളിൽ അനാരോഗ്യം അദ്ദേഹത്തെ പിടികൂടുന്നതുവരെയും സാമ്പത്തിക പ്രശ്നങ്ങളെപ്പറ്റി അദ്ദേഹം ഖേദിക്കുകയുണ്ടായിട്ടില്ല. ഒരുപക്ഷെ അവസാന നാളുകളിൽ ഭാര്യയ്ക്കും മക്കൾക്കും ഭാവിയിൽ എന്തു സംഭവിക്കും എന്നതിനെപ്പറ്റിപ്പോലും.

## Baristor George Joseph A Memoir

ജോർജ്ജ് ജോസഫിന്റെ മകൾ മായാ തോമസ് ഒരു ലഘുജീവചരിത്രം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആ പുസ്തകത്തിന്റെ അവതാരികയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു "ബാരിസ്റ്റർ ജോർജ്ജ് ജോസഫിനെപ്പറ്റിയുള്ള ജീവചരിത്രപരമായ കാര്യങ്ങൾ വളരെയധികം കരുതലോടെയാണ് ഞാൻ ഇവിടെ വരച്ചുകാണിക്കുവാൻ ഉദ്യമിക്കുന്നത്' വിഭിന്നങ്ങളായ അനേകം കഴിവുകളുള്ള വ്യക്തി, അവന്റെ പൂർണ്ണതോതിലുള്ള ആത്മാർത്ഥത, ഏറ്റെടുത്ത ജോലികളോടുള്ള പ്രതിബദ്ധത, ലാഭമോ നഷ്ടമോ എന്ന് നോക്കാതെ ലാഭനഷ്ട കണക്കുകളോടുള്ള അദ്ദേഹത്തിന്റെ അശ്രദ്ധ, വിജയത്തിലോ പരാജയത്തിലോ അദ്ദേഹത്തിന് ബൗദ്ധികമായി ഉണ്ടായിരുന്ന പൂർണ്ണത അല്ലെങ്കിൽ പരിശുദ്ധി, ഇത്രയും കാര്യങ്ങളെപ്പറ്റി ചിന്തിച്ചു കഴിയുമ്പോൾ അദ്ദേഹം എന്തായിരുന്നുവെന്നതിനെപ്പറ്റിയുള്ള മങ്ങിക്കത്തുന്ന ചിന്തകൾ വിവരിച്ചാൽ എന്റെ പ്രയത്നം സഫലീകൃതമാകും. കാലഘട്ടങ്ങളിലെ വ്യത്യസ്തതയും ആവശ്യത്തി നുള്ളത്ര വിവരണങ്ങൾ പ്രമാണഗ്രന്ഥങ്ങളെ അടിസ്ഥാനപ്പെടുത്തി ഇല്ലാത്തതിന്റെ കുറവുകൾ കൂടാതെ, എന്റേതായ നിയന്ത്രിതമായ കഴിവുകൾ, അത്തരത്തിലുള്ള കുറവുകൾ ഈ ബോദ്ധ്യങ്ങൾ എന്നെ ഈ കൃതി രചിക്കുവാനുള്ള ഉദ്യമത്തിൽ മുന്നോട്ടുനയിക്കുന്നു"

(തർജ്ജിമ സ്വന്തം)

www.malankaralibrary.com

# 11. ആനിബസന്റും ബാരിസ്റ്റർ ജോർജ്ജ് ജോസഫും

ഇന്ത്യൻസ്വാതന്ത്ര്യസമരത്തിൽ ഒരു തീവ്രവാദിയെപ്പോലെ പ്രവർത്തിച്ച ആനിബസന്റ് ഇന്ത്യയുടെ ഹൃദയം കവർന്ന ധീരവനിതയായിരുന്നു. 1847-ൽ ഇംഗ്ലണ്ടിൽ ആയിരുന്നു അവരുടെ ജനനം. അമ്മ അയർലണ്ടുകാരിയും പിതാവ് ഇംഗ്ലണ്ടിലും അയർലണ്ടിലും ബന്ധമുള്ള ഒരു സാമൂഹ്യപ്രവർത്തകനുമായിരുന്നു. ബസന്റ് ഒരു ആംഗ്ലിക്കൻ വൈദികനെ വിവാഹം ചെയ്തു. വിവാഹജീവിതം അമ്പേപരാജയമായിരുന്നു. വൈവാഹിക ജീവിതത്തിലെ തകർച്ച അവരെ നിരീശ്വരവാദിയാക്കിത്തീർത്തു. ഇക്കാലഘട്ടത്തിൽ ആനിബസന്റിന്റെ മാർഗ്ഗദർശി ചിന്തകനായ ചാൾസ് ബ്രാഡ്ലാ ആയിരുന്നു. മതത്തെ അദ്ദേഹം അനാദരിച്ചു. അതേസമയം സ്ത്രീകളുടെ അവകാശസംരക്ഷണം, ജനനനിയന്ത്രണം മുതലായ ആധുനികാശയങ്ങളോട് ചാൾസ് ബ്രാഡ്ലായ്ക്കുണ്ടായിരുന്ന വ്യത്യസ്തമായ നിലപാട് പലരുടെയും അതൃപ്തിക്ക് കാരണമായി.

മാന്ത്രികവിദ്യയിൽ തല്പരയായ മാഡം ഹെലേനബ്ലാവാറ്റ്സ്കിയുടെ സ്വാധീനംകൊണ്ട് ആനിബസന്റ് തിയോസഫിക്കൽ സൊസൈറ്റിയിൽ ചേർന്നു. ബ്രഹ്മവിദ്യയിൽ തല്പരയായ ആനി ഇന്ത്യയിൽ 1892-ൽ എത്തി. പിന്നീടുള്ള പതിനഞ്ചുവർഷക്കാലം മാന്ത്രികവിദ്യയെപ്പറ്റി പഠിക്കാനും ബ്രഹ്മവിദ്യയെപ്പറ്റി ഭാരതത്തിന് വെളിയിൽ പ്രചരണം നടത്താനും ചിലവഴിച്ചു. സാമൂഹ്യപരിഷ്കരണത്തിലും സ്ത്രിവിദ്യാഭ്യാസത്തിലും ആനി പ്രത്യേകം ശ്രദ്ധ ചെലുത്തി പ്രവർത്തിക്കുകയും ചെയ്തു. തിയോസഫിക്കൽ സൊസൈറ്റിയുടെ പ്രസിഡന്റ് 1907-ൽ ദിവംഗതനായി. അതേതുടർന്ന് പ്രസിഡന്റിന്റെ ചുമതല ആനിബസന്റ് ഏറ്റെടുത്തു. പിന്നീട് ഉള്ള അഞ്ചുവർഷക്കാലം അവർ തിയോസഫിക്കൽ സൊസൈറ്റിയുടെ പ്രവർത്തനങ്ങളിൽ മുഴുകി ജീവിച്ചു. സാമൂഹ്യപരിഷ്കരണവും സ്ത്രീവിദ്യാഭ്യാസവും ലക്ഷ്യംവച്ചുകൊണ്ട് 1923-ൽ മദ്രാസിൽ ഒരു പ്രസംഗപരമ്പര തന്നെ നടത്തി. അന്നത്തെ എട്ടുപ്രസംഗങ്ങൾ ഉൾക്കൊള്ളിച്ച് ഭാരതമേ ഉണരുക എന്ന പേരിൽ ഒരു ഗ്രന്ഥം പ്രസിദ്ധീകരിച്ചു. ഇക്കാലത്ത് ഭാരതീയ തത്വചിന്തയിൽ അഭിമാനം കൊണ്ടിരുന്ന ആനി ഭാരതീയർ തങ്ങളുടെ കഴിഞ്ഞ കാലത്തെപ്പറ്റി അഭിമാനിക്കേണ്ടതാണെന്നും ഉൽഘോഷിച്ചു. ഹിന്ദുക്കളുടെ അനാസ്ഥയും ഉദാസീനതയുമാണ് ജാതി സമ്പ്രദായം ഇവിടെ നിലനിർത്തിക്കൊണ്ടുപോരുന്നതെന്നും പരസ്യമായി പ്രഖ്യാപിച്ചു. തിയോസഫിൽ

www.malankaralibrary.com

സൊസൈറ്റിയുടെ പ്രവർത്തനങ്ങളിൽ ബാരിസ്റ്റർ ജോർജ്ജ് ജോസഫും പങ്കു ചേർന്നു.

ജോർജ്ജ് ജോസഫ് ജനിക്കുന്നതിന് രണ്ട് വർഷം മുൻപ് 1885-ൽ ആണ് ആരംഭിച്ചത്. ബ്രിട്ടീഷ് ക്രൈസ്തവനായ എ.ഒ.ഹ്യൂം ഔപചാരികമായി ആരംഭിച്ചതാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ്. ഇന്ത്യാക്കാരുടെ പ്രശ്നങ്ങൾ ബ്രിട്ടീഷുകാരുടെ ശ്രദ്ധയിൽപ്പെടുത്തുക, അവയ്ക്ക് പരിഹാരം കാണുകയെന്നതായിരുന്നു അന്ന് കോൺഗ്രസ്സിന്റെ മുഖ്യലക്ഷ്യം. 1885 മുതൽ 1904 വരെയുള്ള കാലഘട്ടം പ്രമേയം പാസ്സാക്കലിന്റെയും വൻയോഗങ്ങളുടെയും കാലഘട്ടമായിരുന്നു ബംഗാൾ വിഭജനം നടന്ന 1905 മുതൽ 1918 വരെയുള്ള കാലഘട്ടം. ഇന്ത്യാക്കാരുടെ ദേശാഭിമാനത്തെ തട്ടിയുണർത്തുന്നതിനും സ്വാതന്ത്ര്യസമരത്തിന് ജനങ്ങളെ സജ്ജരാക്കുന്നതിനുമായി ചർച്ചാ സമ്മേളനങ്ങളും കൺവെൻഷനുകളും നടത്തുകയാണ് ചെയ്തത്. 1918 മുതൽ സ്വാതന്ത്ര്യപ്രാപ്തിവരെയുള്ള കാലഘട്ടത്തിൽ നിരവധി പ്രക്ഷോഭണങ്ങൾക്ക് കോൺഗ്രസ്സ് നേതൃത്വം നല്കി.

കോൺഗ്രസ്സിന്റെ ആദ്യകാല പ്രവർത്തനശൈലിയോട് തീവ്രവാദികൾക്ക് പൊരുത്തപ്പെടുവാൻ സാധിച്ചില്ല. ആ തീവ്രവാദികളുടെ മുൻപിൽ നിന്ന് പ്രവർത്തിച്ചവരിൽ ബഹുഭൂരിഭാഗവും ക്രൈസ്തവരായിരുന്നു. ഈ സന്ദർഭത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിലെ ക്രൈസ്തവ പങ്കാളിത്തത്തെക്കുറിച്ച് അല്പം പരാമർശിക്കേണ്ടിയിരിക്കുന്നു. ക്രൈസ്തവനായ എ.ഒ. ഹ്യൂം കോൺഗ്രസ്സിന്റെ ജനറൽ സെക്രട്ടറിയായി ദീർഘനാൾ പ്രവർത്തിച്ചു. കോൺഗ്രസ്സിന്റെ ആദ്യത്തെ പ്രസിഡന്റ് ക്രൈസ്തവനായ ഡബ്ല്യു.സി. ബാനർജി (1885-1886) ആയിരുന്നു. ക്രൈസ്തവ നേതാക്കളായ ജോർജ്ജ് കൂർ (1886-1889) വില്യം ബേഡർ ജോൺ (1889-90) ഡബ്ലു.സി. ബാനർജി (രണ്ടുപ്രാവശ്യം 1892-93) ആൽഫ്രഡ് വെബ് (1894-95) ഹെൻട്രി കോട്ടൺ (1904-1905) വില്യം ബേഡർ ബേൺ (രണ്ടാംപ്രാവശ്യം 1910-11) പി. ആനന്ദവാർലു (1911-12) ഡോ. ആനിബസന്റ് (1917-18) എന്നിവർ കോൺഗ്രസ് പ്രസിഡന്റുമാരായി പ്രവർത്തിച്ചു. സ്വാതന്ത്ര്യ സമരത്തിന് ഇവരെല്ലാം നിർണ്ണായകമായ പങ്കുവഹിച്ചു. 1920-ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നേതൃത്വം മഹാത്മാഗാന്ധി ഏറ്റെടുക്കുന്നതുവരെ ക്രൈസ്തവ നേതാക്കളായിരുന്നു സംഘടനയെ പ്രധാനമായും നയിച്ചത്. 1920-ന് ശേഷം ഇന്ത്യൻ ദേശീയ രംഗത്ത് മഹാത്മാഗാന്ധിക്കുണ്ടായിരുന്ന അധിനായകത്വം അതിന് മുമ്പുള്ള നാലുദശാബ്ദക്കാലം ശ്രീമതി ആനി ബസന്റിന് ഉണ്ടായിരുന്നു.

ബ്രിട്ടീഷുകാരുടെ വരവിന് മുൻപുതന്നെ ഗ്രാമീണ പഞ്ചായത്ത് ഭരണസംവിധാനങ്ങളെ വിശ്വാസത്തിലെടുത്തു പ്രവർത്തിക്കുകയാണ്

www.malankaralibrary.com

നല്ലതെന്ന അഭിപ്രായക്കാരിയായിരുന്നു ആനിബസന്റ്. 1914-ൽ അവർ ഇംഗ്ലണ്ടിൽ സഞ്ചരിച്ച് ഇന്ത്യയിലെ സ്ഥിതിഗതികളെക്കുറിച്ച് പ്രസംഗ പര്യടനം നടത്തി. മേയ് 29-ന് The times-ൽ അവർ എഴുതിയ കത്ത് വികാര നിർഭരമായിരുന്നു. ആനിബസന്റ് കത്തിലൂടെ ചോദിച്ചു "അവൻ ഒരിക്കലും സ്വതന്ത്രരായ ആളുകൾക്കിടയിൽ സ്വതന്ത്രരായി ജീവിക്കരുതെന്നോ? അവന്റെ സ്വഭാവം, അവന്റെ ബുദ്ധി, അവന്റെ ഹൃദയം ഇതൊന്നും കൊണ്ട ല്ലാതെ അവന്റെ തൊലിയുടെ നിറം നോക്കി ആയിരിക്കുമോ അവൻ എന്നും വിലയിരുത്തപ്പെട്ടത്. സ്വതന്ത്രഇന്ത്യ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ഊന്നു കോൽ ആയിരിക്കും കീഴടക്കപ്പെട്ടവർ ആയി ഇനിയും തുടർന്നാൽ അവൾ സാമ്രാജ്യത്തിന്റെ ഉറപ്പിന് എന്നുമൊരു ഭീഷണിയായിരിക്കും.

ഇംഗ്ലണ്ട് പര്യടനം കഴിഞ്ഞ് തിരിച്ചെത്തിയപ്പോൾ ന്യൂ ഇന്ത്യാ എന്ന പേരിൽ ഒരു ഇംഗ്ലീഷ് പത്രം പ്രസദ്ധീകരിച്ചു. ഇന്ത്യയിൽ വരാൻ പോകുന്ന മാറ്റങ്ങൾക്കായുള്ള തയ്യാറെടുപ്പിനെ ഊർജ്ജിതപ്പെടുത്തുകയും ബ്രിട്ടീഷ് സാമ്രാജ്യത്തിൽ ഇന്ത്യക്കുള്ള സ്ഥാനം ഉറപ്പിക്കുകയും ചെയ്യുക. സ്വയം ഭരണം എന്ന ആശയം ജനങ്ങളിൽ വേരുറപ്പിക്കുന്നതിനാണ് ആനി ബസന്റ് ശ്രമിച്ചത്.

1885-ൽ ആരംഭിച്ച കോൺഗ്രസ്സിന് കാൽനൂറ്റാണ്ടുകഴിഞ്ഞിട്ടും സ്വയം ഭരണത്തിനുവേണ്ടി ശക്തിയേറിയ പ്രക്ഷോഭണം നടത്തുവാൻ സാധിച്ചില്ല. കോൺഗ്രസ്സിന്റെ ഈ മെല്ലെപ്പോക്കു നയത്തിൽ പലരും ദുഃഖിതരായിരുന്നു. ഒന്നാംലോകമഹായുദ്ധകാലത്ത് സ്വയംഭരണത്തിനുവേണ്ടി ശക്തിയേറിയ ഒരു നീക്കം റോമൻ കത്തോലിക്കനായ ജോസഫ് ബാപ്റ്റിസ്റ്റായുടെ നേതൃത്വത്തിൽ നടന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിലെ തീവ്രവാദി കളായ ബോംബയിലെ ജനങ്ങളുടെ ഒരു സമ്മേളനം 1915 മേയ് 8-ന് ജോസഫ് ബാപ്റ്റിസ്റ്റായുടെ അദ്ധ്യക്ഷതയിൽ ബോംബെയിൽ ചേർന്നു. സ്വാതന്ത്ര്യ ത്തിനായി പ്രക്ഷോഭണം നടത്തുവാൻ ആഹ്വാനം ചെയ്ത ബാപ്റ്റിസ്റ്റാ, ഒന്നാം ലോകമഹായുദ്ധത്തിൽ ബ്രിട്ടനെ സഹായിക്കുന്നതിനു പകരമായി സ്വയംഭരണം ഭാരതജനതക്ക് നല്കണമെന്നാവശ്യപ്പെട്ടു. 1916 ഏപ്രിൽ 28-ന് ബൽഗാമിൽ ചേർന്ന തീവ്രവാദികളുടെ സമ്മേളനം ഹോം റൂൾ പ്രസ്ഥാന ത്തിന് രൂപം നല്കി. ഹോം റൂൾ പ്രസ്ഥാനത്തിന്റെ പ്രഥമ പ്രസിഡന്റായി ജോസഫ് ബാപ്റ്റിസ്റ്റായും സെക്രട്ടറിയായി എൻ.സി. കെൽക്കാറും തിരഞ്ഞെടുക്കപ്പെട്ടു. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലെ മുന്നണി പോരാളിയും തീവ്രവാദിയുമായിരുന്ന ബാലഗംഗാധര തിലകനും ഇന്ത്യൻ ജനതയുടെ ഹൃദയം കവർന്ന ഡോ. ആനിബസന്റും ഹോം റൂൾ പ്രസ്ഥാന ത്തിൽ സജീവമായി പങ്കുചേർന്നു. ന്യൂ ഇന്ത്യാ എന്ന പ്രസിദ്ധീകരണ ത്തിലൂടെ ആനിബസന്റ് ഹോം റൂൾ ലീഗിന്റെ ലക്ഷ്യം വിശദീകരിച്ചു.

www.malankaralibrary.com

സ്വയംഭരണത്തെക്കുറിച്ചു തന്റെ ആശയങ്ങൾ അർത്ഥശങ്കയ്ക്കിടയാകാത്ത വിധത്തിൽ പ്രചരിപ്പിച്ചു. ഇതോടെ ആനിബസന്റിനെ ഭാരതീയർ അങ്ങേയറ്റം ബഹുമാനിച്ചു. അവർ കരുത്തുറ്റ ഒരു പ്രഭാഷകയായിരുന്നുവെന്ന യാഥാർത്ഥ്യം ജനങ്ങൾ തിരിച്ചറിഞ്ഞു. ഇന്ത്യാക്കാരുടെ രാഷ്ട്രീയാവശ്യങ്ങൾ ഒന്നാംലോകമഹായുദ്ധം കൊടുപിരി കൊണ്ടിരുന്ന സന്ദർഭത്തിൽ ഉറക്കെ പ്രഖ്യാപിച്ച ആനിബസന്റിന്റെ പ്രവർത്തനങ്ങളെ നിരോധിക്കാനും മരവിപ്പിക്കാനും ബ്രിട്ടീഷ് ഭരണകൂടം ശ്രമിക്കുകയുണ്ടായി. യുദ്ധകാലത്ത് ഇംഗ്ലീഷ്കാർ ഏർപ്പെടുത്തിയ എല്ലാ നിയന്ത്രണങ്ങളെയും ധീരമായി എതിർക്കാനുള്ള തന്റേടം അവർ കാട്ടി. ആനിബസന്റിന്റെ ഈ ധീരത ഇന്ത്യൻ ജനതയെ ആവേശം കൊള്ളിച്ചു. ന്യൂ ഇന്ത്യാ പ്രസിദ്ധീകരണത്തെ വരിഞ്ഞു മുറുക്കാനാണ് ഗവണ്മെന്റ് ശ്രമിച്ചത്. ന്യൂ ഇന്ത്യാ എന്ന പ്രസിദ്ധീകരണം തുടർന്നു നടത്തണമെങ്കിൽ വലിയ ഒരു കരുതൽ ധനം കെട്ടിവയ്ക്കണമെന്ന് ആവശ്യപ്പെട്ടു. ആനിബസന്റിന്റെ ജനപ്രീതി വർദ്ധിപ്പിക്കുന്നതിന് ഇത് ഇട നല്കി.

ലീഗിന്റെ പ്രചരണത്തിനുവേണ്ടി ആനിബസന്റ് പല മാർഗ്ഗങ്ങളും സ്വീകരിച്ചു. ലീഗിന്റെ പ്രവർത്തനങ്ങൾ വലിയ പട്ടണങ്ങളായ മദ്രാസ്, ബോംബെ എന്നിവിടങ്ങളിൽ ഒതുക്കി നിർത്താതെ അടുത്തുള്ള ഗ്രാമപ്രദേശങ്ങളിലേക്കുംകൂടി വ്യാപിപ്പിക്കണമെന്ന അവരുടെ അഭിപ്രായം എല്ലാവർക്കും സ്വീകാര്യമായി. ഗ്രാമപ്രദേശങ്ങളിലും ലീഗിലേക്ക് അംഗങ്ങളെ ചേർത്തു തുടങ്ങി.

ലീഗിന്റെ പ്രചരണത്തിനായി 1916 മാർച്ച് 20-ാം തീയതി ആനിബസന്റ് മധുരയിൽ എത്തി. അപ്പോഴാണ് ആനിബസന്റിനെ ബാരിസ്റ്റർ ജോർജ്ജ് ജോസഫ് ആദ്യമായി കാണുന്നത്. ആ പ്രഥമദർശനത്തിൽ തന്നെ ജോർജ്ജ് ജോസഫ് ആനിയുടെ ആരാധകനായി മാറി. ആനിബസന്റിന്റെ പ്രേരണയുടെ ഫലമായി മധുര തിയോസഫിക്കൽ ലോഡ്ജ് ഹോം റൂൾ സെല്ലായി പരിവർത്തനം ചെയ്തു. ആദ്ധ്യാത്മവിദ്യയും രാഷ്ട്രീയവുമായുള്ള ഈ ലയനം ജോർജ്ജ് ജോസഫിനെപ്പോലെയുള്ളവരുടെ ബുദ്ധിക്കും സ്വഭാവത്തിനും ചേർന്നതായിരുന്നു. ബ്രഹ്മവിദ്യാസംഘത്തിന്റെ നിഗൂഢവിശ്വാസങ്ങളും ആചാരങ്ങളുമായി പൊരുത്തപ്പെടാൻ കഴിയാതിരുന്ന ജോർജ്ജ് ജോസഫിന് മധുര തിയോസഫിക്കൽ ലോഡ്ജ് ഹോം റൂൾ സെല്ലായി പരിവർത്തനം ചെയ്തതിൽ വളരെയധികം സന്തോഷിച്ചു. മധുരയിൽവച്ച് ആനിബസന്റും ജോർജ്ജ് ജോസഫുംകൂടി നടത്തിയ അഭിമുഖം ജോർജ്ജ് ജോസഫിന്റെ രാഷ്ട്രീയ രംഗത്തേക്കുള്ള പ്രവേശനത്തിന് വഴിതെളിച്ചു. ഹോം റൂൾ ലീഗിന്റെ പ്രചരണാർത്ഥം നടത്തുന്ന യോഗങ്ങളിൽ ഇംഗ്ലീഷിൽ അല്ലാതെ അവരുടെ മാതൃഭാഷയിൽത്തന്നെ പ്രസംഗിക്കണമെന്ന് ആനിബസന്റ് അഭിപ്രായപ്പെട്ടു. തമിഴിലും തെലുങ്കിലും ഹോം റൂൾ ലീഗിനെ പിന്തുണച്ചുകൊണ്ട് അനേകം ലഘുലേഖകളും ലഘുഗ്രന്ഥങ്ങളും പ്രസദ്ധീ

www.malankaralibrary.com

കരിക്കുകയും ചെയ്തു. ജോർജ്ജ് ജോസഫിനോടൊപ്പം തൊഴിലാളി യൂണിയൻ കെട്ടിപ്പടുക്കാൻ ശ്രമിച്ച വരദരാജുലു നായിഡു മധുരയിലും സമീപപ്രദേശങ്ങളിലും തമിഴ്ഭാഷയിൽ ഒരു പ്രസംഗപര്യടനം തന്നെ നടത്തി. ഇംഗ്ലീഷ് അറിഞ്ഞുകൂടാത്ത വലിയ ജനക്കൂട്ടം തമിഴ്പ്രസംഗം കേട്ട് ആവേശഭരിതരായി.

ഒന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രവർത്തനം പല കാരണങ്ങളാലും ക്ഷയിച്ചുകൊണ്ടിരുന്നു. പ്രവർത്തകർ തമ്മിൽ ഏകോപനമില്ലായ്മയായിരുന്നു പ്രവർത്തനം ക്ഷയിക്കാനുള്ള പ്രധാനകാരണം. ലക്ഷ്യങ്ങളെയും മാർഗ്ഗങ്ങളെയും കുറിച്ച് വിവിധ ചേരികൾ തമ്മിലുണ്ടായിരുന്ന അഭിപ്രായവ്യത്യാസമെല്ലാം ദേശീയ പ്രസ്ഥാനങ്ങളുടെ ബലക്ഷയത്തിന് കാരണമായി. ഹോം റൂൾ പ്രസ്ഥാനത്തിലൂടെ ജോസഫ് ബാപ്റ്റിസ്റ്റാ, ആനിബസന്റ്, എൽ.സി. കേൽക്കർ, ബിജിറ്റിലക് എന്നിവർ ശക്തിയേറിയയ പ്രക്ഷോഭണം നടത്താൻ തയ്യാറായി മുന്നോട്ടു വന്നു. ഈ പ്രക്ഷോഭണത്തിന്റെ ഫലമായിട്ടാണ് യുദ്ധാനന്തരം ഭാരതത്തിന് സ്വയം ഭരണം നല്കാമെന്ന് സെക്രട്ടറി ഓഫ് സ്റ്റേറ്റ് ഇ.എസ്. മൊണ്ടേഗു പ്രഖ്യാപിച്ചത്. യുദ്ധം അവസാനിച്ചാലുടനെ സ്വയംഭരണം നല്കുമെന്ന് ഭാരതീയർ പ്രതീക്ഷിച്ചു. ആ പ്രതീക്ഷ അസ്ഥാനത്തായി. 1918-ൽ മോൺടെഗു-ചെംസ് ഫോർഡ് റിപ്പോർട്ട് തയ്യാറായി. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1919-ലെ ഗവണ്മെന്റ് ഓഫ് ഇന്ത്യാ ആക്ട് നിലവിൽ വന്നു. സംസ്ഥാനങ്ങളിൽ ദ്വിഭരണവും കേന്ദ്രത്തിൽ-ഡൽഹിയിൽ-തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് ഭൂരിപക്ഷമുള്ള അഖിലേന്ത്യാ അസംബ്ലിയും നിലവിൽ വരുത്തി.

## മോൺടഗു ചെസ്ഫോർഡ് ഭരണപരിഷ്കാരം

ഒന്നാംലോകമഹായുദ്ധാനന്തരം ഇന്ത്യയ്ക്ക് ബ്രിട്ടൻ സ്വാതന്ത്ര്യം നല്കുമെന്നാണ് ഇന്ത്യൻ ജനത വിചാരിച്ചത്. പക്ഷെ അതു നടന്നില്ല. എന്നാൽ കൂടുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ഇന്ത്യയുടെ ഭരണം നിലനിർത്തുവാനുള്ള ശ്രമം ആണ് ബ്രിട്ടീഷ്കാർ രൂപം കൊടുത്തത് 1919-ലെ ഭരണപരിഷ്ക്കാരം ഒരു ദ്വിഭരണം വ്യവസ്ഥ ചെയ്യുന്നതായിരുന്നു. കേന്ദ്രത്തിൽ ബ്രിട്ടീഷ് ഗവർണ്ണർ ജനറലിലും, പ്രവിശ്യയിൽ ബ്രിട്ടീഷ് ഗവർണർമാരിലും അധികാരം കേന്ദ്രീകരിച്ചതിനാൽ അത് അതൃപ്തികരം എന്ന് പ്രഖ്യാപിച്ച് കോൺഗ്രസ്സ് അത് നിരാകരിച്ചു. ഈ രീതിയിലുള്ള ദ്വിഭരണവ്യവസ്ഥ-മോൺടേഗു ചെസ് ഫോർഡ് റിപ്പോർട്ട് ഒരു പാർലമെന്റ് രേഖ എന്ന നിലയിൽ പ്രസദ്ധീകരിച്ചു. ഡൽഹിയോടും അത്യന്തികമായി ബ്രിട്ടീഷ് പാർലമെന്റിനോടും ബാധ്യത പുലർത്തുന്ന ഒരു ഭരണപരിഷ്കാര നിർദ്ദേശത്തെ അംഗീകരിക്കുവാൻ ആർക്കും സാധിക്കുമായിരുന്നില്ല. മോൺടെഗു ചെംസ് ഫോർഡിലെ സമുദായിക സംവരണം സംബന്ധിച്ച

www.malankaralibrary.com

നിലപാടിനെ ഒഴിവാക്കിയാൽ മറ്റെല്ലാ കാര്യത്തിലും ജസ്റ്റിസ് പാർട്ടി ഗവണ്മെന്റിനെ പിന്തുണച്ചിരുന്നു. അബ്രാഹ്മണർ ബ്രാഹ്മണരുടെ നാലിരട്ടി ഉണ്ടായിരുന്നെങ്കിലും അവരെ പ്രത്യേകം പരിഗണിക്കണമെന്ന ആശയം കാലക്രമേണ അംഗീകരിക്കപ്പെടും എന്ന് വ്യക്തമായി. മോൺടെഗു ചെംസ്ഫോർഡ് റിപ്പോർട്ടിനോട് മദ്രാസിലെ കോൺഗ്രസ് ശത്രുതാമനോഭാവത്തോടെയാണ് സമീപിച്ചത്. ചില മിതവാദികൾ ഇതിനെ ഭാഗികമായി അംഗീകരിക്കുകയും ചെയ്തിരുന്നു. തീവ്രവാദികൾ റിപ്പോർട്ട് പൂർണ്ണമായും തള്ളിക്കളയണമെന്ന അഭിപ്രായക്കാരുമായിരുന്നു. ജോർജ്ജ് ജോസഫും കസ്തൂരി രംഗാ അയ്യങ്കാർ, സി. രാജ ഗോപാലാചാരി എന്നിവർ ഒപ്പിട്ട ഒരു വിജ്ഞാപനം പുറപ്പെടുവിച്ചു. ആ പ്രസ്താവനയിൽ മോൺടെഗു ചെസ് ഫോർഡ് റിപ്പോർട്ടിനെ പൂർണമായും തള്ളിക്കളഞ്ഞു.

മദ്രാസിന് വെളിയിലുള്ള കോൺഗ്രസ്സുകാരിൽ തിലകൻ ഉൾപ്പെടെയുള്ളവർ ഈ റിപ്പോർട്ടിനെ അസാദ്ധ്യം എന്നും ഗാന്ധിജി അനുഭാവപൂർവ്വം കൈകാര്യം ചെയ്യേണ്ട വിഷയം എന്നുമാണ് വിശേഷിപ്പിച്ചത്. രണ്ടുവർഷം കഴിഞ്ഞപ്പോൾ ഗാന്ധിജി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ തള്ളിക്കളഞ്ഞ് നിസഹകരണ മാർഗ്ഗം സ്വീകരിക്കുകയായിരുന്നു.

1919-ലെ ഭരണപരിഷ്കാരത്തെ തുടർന്ന് ഗാന്ധിജി നിസ്സഹകരണപ്രസ്ഥാനത്തിന് ആഹ്വാനം ചെയ്തു. എന്നാൽ അതിന് ചില കാരണങ്ങളും ഉണ്ടായിരുന്നു. ഇന്ത്യയിലെ വിപ്ലവപ്രസ്ഥാനങ്ങളെപ്പറ്റി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ബ്രിട്ടീഷ് ജഡ്ജി റൗലറ്റിനെ അദ്ധ്യക്ഷനായി ഒരു കമ്മറ്റിയെ ചുമതലപ്പെടുത്തി. യുദ്ധകാലത്ത് നിലവിലിരുന്ന ഇന്ത്യൻ സുരക്ഷാ നിയമം നടപ്പാക്കാനായിരുന്നു റൗലറ്റ് കമ്മറ്റിയുടെ നിർദ്ദേശം "ഇന്ത്യയുടെ സുരക്ഷിതത്വത്തെ ഭീഷണിപ്പെടുത്താൻ ഇടയുള്ള വിപ്ലവകാരികൾ" എന്നാണ് റൗലറ്റ് ഇന്ത്യയിലെ സ്വാതന്ത്ര്യസമരഭടന്മാരെ വിശേഷിപ്പിച്ചത്. വിപ്ലവകാരികളെ നിയന്ത്രിക്കാനും തടവിലാക്കാനും ജുറിയല്ലാതെ വിസ്തരിക്കാനും ഉള്ള കുറുക്കുവഴിയിലുള്ള അധികാരം ഇന്ത്യൻ ഗവണ്മെന്റിന് നല്കുന്നതായിരുന്നു ഈ നിർദ്ദേശം. മോൺടെഗു ചെസ് ഫോർഡ് പരിഷ്കാരം ഏർപ്പെട്ടിട്ട് ഒരു മാസം പോലും തികയുന്നതിന് മുൻപ് ഇത്തരം ഒരു കർശന നിയമം ഏർപ്പെടുത്തിയതിൽ ജനങ്ങളെല്ലാം ക്ഷോഭിച്ചു. റൗളറ്റ് ആക്ട്കൾ പത്രങ്ങളെ കർശനമായി നിയന്ത്രിക്കാനും വിചാരണ കൂടാതെ രാഷ്ട്രീയവിപ്ലവകാരികളെ ജയിലിൽ സൂക്ഷിക്കുവാനും രാഷ്ട്രീയകുറ്റവാളികളെ ജഡ്ജിമാർതന്നെ വിസ്തരിക്കാനുള്ള നിയമങ്ങളോട് ജനങ്ങൾക്കുണ്ടായ പ്രതിഷേധം മനസ്സിലാക്കുവാൻ സർക്കാരിന് സാധിച്ചില്ല. റൗളറ്റ് നിയമങ്ങൾക്കെതിരെയുള്ള പ്രക്ഷോഭണത്തിന്റെ പശ്ചാത്തലത്തിലാണ് ഗാന്ധിജി ദേശീയരാഷ്ട്രീയത്തിൽ പ്രവേശിച്ചതെന്നു

www.malankaralibrary.com

പറയാം. തുടർന്ന് ഗാന്ധിജി ഒരു സത്യാഗ്രഹദിനം പ്രഖ്യാപിച്ചു. ഉപവാസവും ഹർത്താലുമായിരുന്നു ഗാന്ധിജിയുടെ ആയുധങ്ങൾ. കൂടാതെ എല്ലാ വാണിജ്യ വ്യവസായ പ്രവർത്തനങ്ങളും നിർത്തിവയ്ക്കുവാനും, ഈ നിയമങ്ങളോട് പ്രതിഷേധിച്ചുകൊണ്ട് ജനകീയ മഹാസമ്മേളനം നടത്തുവാനും ഗാന്ധിജി ആവശ്യപ്പെട്ടു. ഗാന്ധിജിയുടെ ആഹ്വാനം ശിരസ്സാവഹിക്കുവാൻ ജനം തയ്യാറായി മുന്നോട്ടു വന്നു. തുടർന്നുള്ള മൂന്നുദശാബ്ദക്കാലം മഹാത്മജി സ്വാതന്ത്ര്യസമര നേതൃത്വം ഏറ്റെടുത്തു.

റൗലറ്റ് നിയമങ്ങൾക്കെതിരെയുള്ള പ്രതിഷേധത്തിന്റെ കേന്ദ്രം പഞ്ചാബിലെ അമൃതസർ നഗരമായിരുന്നു. അവിടുത്തെ ജനങ്ങളുടെ പ്രതിഷേധത്തെ തകർക്കാനുള്ള എല്ലാ ഹീനമാർഗ്ഗങ്ങളും ബ്രിട്ടീഷുകാർ സ്വീകരിച്ചു. പട്ടാളനിയമം പ്രഖ്യാപിച്ചും പൊതുയോഗങ്ങൾ വിലക്കിയും ജനങ്ങളുടെ പ്രതിഷേധത്തെ നേരിട്ടു. ജാലിയൻവാലാ ബാഗിലെ കൂട്ട ക്കൊലയെപ്പറ്റി പബ്ലിക്കേഷൻസ് ഡിവിഷൻ പ്രസദ്ധീകരിച്ച ഗ്രന്ഥത്തിന്റെ മുഖവുരയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു.

"റൗലത്ത് കമ്മറ്റിയുടെ റിപ്പോർട്ട് പ്രസദ്ധീകരിച്ചപ്പോൾ ഗാന്ധിജിക്ക് അസുഖമായിരുന്നു. അതിലെ ശുപാർശകൾ എന്നെ ഞെട്ടിച്ചു എന്ന് ഗാന്ധി പറഞ്ഞു. റൗലറ്റ് ബില്ലിനെപ്പറ്റിയുള്ള വാദപ്രതിവാദം കേൾക്കാൻവേണ്ടി അദ്ദേഹം പതിവിന് വിപരീതമായി അന്ന് നിയമസഭയിൽ പോയി. ഈയൊ രവസരത്തിൽ മാത്രമേ അദ്ദേഹം നിയമസഭയിൽ പോയിട്ടുള്ളു. അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നതിങ്ങനെ. "ശ്രീനിവാസ ശാസ്ത്രി ക്ഷോഭം കൂടാതെ പ്രസംഗിച്ചു. എന്നാൽ അദ്ദേഹം ശാന്തമായി നൽകിയ മുന്നറിയിപ്പ് സർക്കാർ തീരെ ചെവിക്കൊണ്ടില്ല. ഞാൻ ആത്മാർത്ഥമായി വൈസ്രോ യിയോട് അഭ്യർത്ഥിച്ചു. സർക്കാർ നടപടിയുടെ ഫലമായി എനിക്ക് സത്യാ ഗ്രഹമല്ലാതെ മറ്റു മാർഗ്ഗമൊന്നും അവലംബിക്കാൻ തരം കാണുന്നില്ലെന്നും ഞാനദ്ദേഹത്തോടു പറഞ്ഞു"

അദ്ദേഹം മദ്രാസിൽപോയിട്ട് അവിടെ വച്ച് ഒരു രാത്രിയിൽ അദ്ദേഹത്തിനൊരു വഴി തോന്നി "ഞാൻ ഉറക്കത്തിനും ഉണർവ്വിനും ഇടക്ക് ഒരു അന്തരാള ഘട്ടത്തിലായിരുന്നപ്പോൾ എനിക്ക് പെട്ടെന്നൊരു ആശയം ഉള്ളിലുദിച്ചു. സ്വപ്നത്തിലെന്നപോലെ.. നമുക്ക് രാജ്യത്തൊമ്പാടും ഒരു ഹർത്താൽ നടത്താൻ ഉത്ബോധനം നല്കണം. ഭാരതീയരെല്ലാവരും പ്രാർത്ഥനയും ഉപവാസവുമായി കഴിയണം. തീർച്ചയായും അവർ ഒരു തൊഴിലും അന്നു ചെയ്യുകയില്ല.

ആളുകൾ എടുക്കേണ്ടിയിരുന്ന സത്യപ്രതിജ്ഞ ഇങ്ങനെയായിരുന്നു. "റൗലത്ത് ബില്ലുകൾ ന്യായരഹിതവും, സ്വാതന്ത്ര്യത്തിനും നീതിക്കും നിരക്കാത്തതും ആണ്. സമുദായത്തിന്റെയും രാജ്യത്തിന്റെയും മുഴുവൻ

www.malankaralibrary.com

തന്നെയും സുരക്ഷിതത്വത്തിന് അടിസ്ഥാനമായിരിക്കുന്ന പ്രാഥമികവും വ്യക്തിപരവുമായ അവകാശങ്ങൾക്ക് വിരുദ്ധമാണിത്. അതിനാൽ ഈ ബില്ലുകൾ നിയമമായി നടപ്പാക്കുമ്പോൾ അവയേയും ഇനിയുണ്ടാകാൻ പോകുന്ന കമ്മറ്റി നിർദ്ദേശിക്കുന്ന മറ്റുനിയമങ്ങളെയും ഞങ്ങൾ അനുസരിക്കുകയില്ലെന്ന് സത്യപ്രതിജ്ഞ ചെയ്യുന്നു. ഈ സമരത്തിൽ നമ്മൾ സത്യത്തെ പിന്തുടരുമെന്നും ജീവനും ശരീരത്തിനും വസ്തുവകകൾക്കും ഹാനികരമായ ഒരുതരം അക്രമത്തിലും ഏർപ്പെടുകയില്ലെന്നുംകൂടി ഉറപ്പു നൽകുന്നു.

ഗാന്ധി പറഞ്ഞു "ഈ നടപടി ഒരുപക്ഷേ ഭാരതചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട സംഭവമാകാം... സിവിൽ സർവ്വീസ് കോർപ്പറേഷൻ ഇന്ത്യയിൽ നിലനിൽക്കുകയാണെങ്കിൽ അത് ഇന്ത്യയുടെ ട്രസ്റ്റി എന്ന നിലയിലും സേവനത്തിനുവേണ്ടിയും മാത്രമേ നിലനിൽക്കൂ. പേരിലല്ല പ്രവർത്തിയിൽ. ഭരണയന്ത്രത്തിന് പിടിപെട്ടിട്ടുള്ള ഒരു മഹാവ്യാധിയുടെ തെളിഞ്ഞ ലക്ഷണമായി മാത്രമേ ഈ ബില്ലുകളെക്കാണാൻ എനിക്കു കഴിയുകയുള്ളൂ. ഇതിന് ശരിയായ ചികിത്സ തന്നെ വേണം. ലഘുചികിത്സകൾ തികച്ചും ഫലരഹിതമായിത്തീർന്നിരിക്കുന്നു. ശേഷം ഇശ്വരേച്ഛയാണെന്ന് കരുതാം.

1919 മാർച്ച് 30-ാം തീയതിയായിരുന്നു രാജ്യവ്യാപകമായ പ്രതിഷേധത്തിന് നിശ്ചയിച്ചിരുന്നത്. പിന്നീടത് ഏപ്രിൽ ആറാംതീയതിയിലേക്ക് മാറ്റിവച്ചു. ഇത് എളിയതെങ്കിലും കിടയറ്റൊരു പൊതുജനപ്രസ്ഥാനമായിരുന്നു. ഒരു അച്ചടക്ക പരിപാടിയായി 24 മണിക്കൂർ നിരാഹാരം, എല്ലാ ജോലിയും നിർത്തിവയ്ക്കുക, എല്ലാ അങ്ങാടികളും വ്യവസായശാലകളും അടച്ചിടുക. പൊതുയോഗങ്ങൾകൂടുക ഇവയെല്ലാമായിരുന്നു പരിപാടികൾ.

പ്രതിഷേധത്തീയതിയായി പലയിടങ്ങളിലും നേരത്തെ നിശ്ചയിച്ചിരുന്ന മാർച്ച് 30-ന് തന്നെ ഹർത്താൽ നടന്നു. തലസ്ഥാനനഗരിയിൽ ഹർത്താൽ ഘോഷയാത്രയെ പോലീസ് തടഞ്ഞു. ആൾക്കൂട്ടത്തിനു നേരെ വെടിവച്ചു. ആളുകൾക്ക് സമീപമുള്ള ഗ്രീൻഗാർഡനിൽ അഭയം പ്രാപിക്കേണ്ടിവന്നു. പിന്നീട് ജനങ്ങൾ ൗൺഹാളിന് മുന്നിൽ സമ്മേളിച്ചു. അവിടെയും പോലീസ് വെടിവച്ചു. ചുരുങ്ങിയത് എട്ടുപേരെങ്കിലും മരിച്ചു. ദൽഹിയിൽ മർദ്ദനമുറകൾ ആരംഭിച്ചുവെന്ന് ഗാന്ധിജി എഴുതി. ഡൽഹിയിൽ ആറാംതീയതി ഉണ്ടായ വെടിവപ്പ് സമാധാനപരമായിരുന്നു. പത്തിലധികം ദിവസം അത് തുടർന്നു. ഏപ്രിൽ ഏഴാംതീയതി ബല്ലിമാരൻ എന്ന സ്ഥലത്ത് വീണ്ടും വെടിവയ്പ്പുണ്ടായി.

ഡൽഹിയിലെ സംഭവങ്ങൾ ലാഹോറിലും അമൃതസരസ്സിലും ആവർത്തിച്ചു. പഞ്ചാബിലെ സംഭവങ്ങൾ നിർണ്ണായകമായ ഘട്ടത്തിലേക്ക് മുന്നേറുകയായിരുന്നു. സർക്കാർ കർശനനടപടികൾ ആരംഭിച്ചു. ഡൽഹി

www.malankaralibrary.com

യും പഞ്ചാബും സന്ദർശിക്കാൻ ഗാന്ധിയോട് വീണ്ടും വീണ്ടും അഭ്യർത്ഥിച്ചു. ഏപ്രിൽ 7-ാം തീയതി ഗാന്ധിജി ഡൽഹിയിലേക്കും അമൃതസരസ്സിലേക്കും പുറപ്പെട്ടു. വണ്ടിപൽവാൽ എന്ന സ്ഥലത്തെത്തിയപ്പോൾ പഞ്ചാബിലേക്ക് കട ക്കുന്നത് നിരോധിച്ചുകൊണ്ടുള്ള ഉത്തരവ് അദ്ദേഹത്തിന് കിട്ടി. പൻവേലിൽവച്ച് അദ്ദേഹത്തെ പോലീസ് കസ്റ്റഡിയിലെടുത്തു. അടുത്തദിവസം ബോംബെയ്ക്ക് പോകുന്ന ഒരു ഗുഡ്സ്ട്രെയിനിൽ അദ്ദേഹത്തെ ഇരുത്തി. സവായ്മേധാപ്പൂരിൽ നിന്ന് മറ്റൊരുവണ്ടിയിൽ കയറ്റി ബോംബെയ്ക്കും അയച്ചു.

ഗാന്ധിയുടെ അറസ്റ്റുവാർത്ത ഭാരതത്തിലങ്ങോളമിങ്ങോളം ധാർമ്മിക രോഷത്തിന്റെ തിരമാലകളുയർത്തി. ബോംബെയിൽ പിരിമുറുക്കം വർദ്ധിച്ചു. നഗരവീഥികളിൽ ജനക്കൂട്ടത്തെ പിരിച്ചുവിടാൻ കുതിരപ്പട്ടാളം എത്തി. പലർ ക്കും ചവിട്ടേറ്റു. ഗുജറാത്തിലും വിപുലമായ തോതിൽ പ്രതിഷേധമുണ്ടായി ജനരോഷത്തിന്റെ അഭൂതപൂർവ്വമായ പ്രകടനം നഡിയാഡിലും വീരം ഗാമിലും നടന്നു.

റൗളറ്റ് നിയമത്തിനെതിരെയുള്ള പ്രതിഷേധത്തിന്റെ കേന്ദ്രം പഞ്ചാബിലെ അമൃതസാർ നഗരമായിരുന്നു. അവിടെ ബ്രിട്ടീഷ് ഗവണ്മെന്റ് പട്ടാളനിയമം പ്രഖ്യാപിച്ചും പൊതുയോഗങ്ങൾ വിലക്കിയും ജനങ്ങളുടെ പ്രതിഷേധത്തെ നേരിട്ടു. ബ്രിട്ടീഷ് അധികാരികളുടെ മർദ്ദിത കല്പനകളെ വകവയ്ക്കാതെ ജനങ്ങൾ മതിലുകൾ കെട്ടി അടച്ചിരുന്ന ഒരു തോട്ടമായ ജാലിയൻ വാലാബാഗിൽ 1919 ഏപ്രിൽ 13-ന് സമ്മേളിച്ചു. സമ്മേളനം നടന്നു കൊണ്ടിരുന്നപ്പോൾ ഒരു ബ്രിട്ടീഷ് ജനറലിന്റെ നായകത്വത്തിൽ പട്ടാളം തോട്ടത്തിന്റെ പ്രവേശനകവാടത്തിൽ പെട്ടെന്ന് പ്രത്യക്ഷപ്പെട്ടു. യാതൊരു മുന്നറിയിപ്പുകളുമില്ലാതെ ഇരുപതിനായിരത്തോളം വരുന്ന ജനക്കൂട്ടത്തിന്റെ നേരെ സൈന്യം വെടിവച്ചു. വെടിയുണ്ടകൾ തീരുന്നതുവരെയായിരുന്നു ആ വെടിവയ്പ്. ഗവണ്മെന്റ് കണക്കനുസരിച്ച് 379 പേർ കൊല്ലപ്പെട്ടു. 1200 പേർക്ക് മുറിവേറ്റു. ജനറൽ ഡയറിന്റെ നേതൃത്വത്തിലാണ് ആ വെടിവയ്പ് നടത്തിയത്.

ജാലിയൻവാലാബാഗിലെ കൂട്ടക്കൊല ദേശീയസമരത്തിലെ ഒരു നിർണ്ണായക സംഭവമാണ്. ബ്രിട്ടീഷുകാരുടെ ജാതീയ അഹങ്കാരത്തിന്റെ കിരാതപ്രകടനമായി ഭാരതദേശീയവാദികൾ ഈ കൂട്ടക്കൊലയെ കണ്ടു. ബ്രിട്ടീഷുകാരുടെ നീതിബോധത്തിലും അവർ ന്യായമായി പെരുമാറുന്നവർ എന്നുള്ള ധാരണയിലും ഉണ്ടായിരുന്ന വിശ്വാസം എന്നന്നേയ്ക്കുമായി ഭാരതീയർ ത്യജിക്കുന്നതിന് ഈ സംഭവം ഇടനല്കി.

ജാലിയൻ വാലാബാഗിലെ കൂട്ടക്കൊല നടന്ന സ്ഥലം ഈയിടെ ഞാൻ സന്ദർശിച്ചു. ഡയറിന്റെ ഉത്തരവുപ്രകാരം പായിച്ച വെടിയുണ്ടകളുടെ പാട് ജാലിയൻവാലാബാഗിൽ ഈ ലേഖകൻ കഴിഞ്ഞവർഷം കാണു കയുണ്ടായി.

www.malankaralibrary.com

ഏപ്രിൽ 18-ന് സത്യാഗ്രഹം പിൻവലിച്ചുകൊണ്ടുള്ള പ്രസ്താവന ഗാന്ധിജി പ്രസദ്ധീകരിച്ചു. മദ്രാസിൽരാജഗോപാലാചാരിക്കും ബാരിസ്റ്റർ ജോർജ്ജ് ജോസഫിനും അതിന്റെ കോപ്പി നല്കുകയും ചെയ്തു. മധുരയിലെ സമരവും അതോടെ പിൻവലിച്ചു. ജാലിയൻ വാലാബാഗിലെ കൂട്ടക്കൊലയുടെ വാർത്ത ലോകം മുഴുവനിലും എത്തി. ജോർജ്ജ് ജോസഫ് ഉൾപ്പെടെയുള്ള അനേകരെ മഹാത്മജിയിലേക്ക് അടുപ്പിച്ചത് ജാലിയൻവാലാബാഗ് സംഭവമായിരുന്നു. ഇന്ത്യയിൽ സംഭവിച്ചുകൊണ്ടിരുന്ന രാഷ്ട്രീയ വ്യതിയാനങ്ങൾ ആനിബസന്റിന്റെ ഹോം റൂൾ ലീഗിൽ നിന്നും ജോർജ്ജ് ജോസഫ് പിൻവലിയുന്നതിനിട നൽകി. എങ്കിലും ആനിബസന്റിന്റെ മരണംവരെ ജോർജ്ജ് ജോസഫ് അവരുമായി ബന്ധം പുലർത്തിയിരുന്നു.

1919 മാർച്ച് 22-ാം തീയതി മദ്രാസ് കടപ്പുറത്ത് വച്ചായിരുന്നു ഗാന്ധിയുമായി ജോർജ്ജ് ജോസഫ് കണ്ടുമുട്ടുന്നത്. കടപ്പുറത്തെ പ്രസംഗത്തിൽ ഗാന്ധിജി ആവശ്യപ്പെട്ടത് നിയമലംഘന സമരത്തിന്റെ മുന്നോടിയായി ഏപ്രിൽ ആറാംതീയതി നിരാഹാരത്തിന്റെയും ഹർത്താലിന്റെയും സമാധാനപരമായയ യോഗങ്ങളുടെയും ദിവസമായി ആചരിക്കണം എന്നാണ് ആ യോഗത്തിന് മുൻപായി രാജഗോപാലാചാരി, സരോജനി നായിഡു, സത്യമൂർത്തി, ജോർജ്ജ് ജോസഫ് എന്നിവരെ പ്രത്യേകം കാണാനായി ഗാന്ധിജി ക്ഷണിച്ചിരുന്നു ഇതായിരുന്നു ഇരുവരുടെയും ആദ്യകണ്ടുമുട്ടൽ. പ്രഥമകൂടികാഴ്ചയിൽ തന്നെ ഗാന്ധിജിയെ ജോർജ്ജ് ജോസഫിന്റെ സ്നേഹ വലയത്തിലാക്കാൻസാധിച്ചു. അതുകൊണ്ടാണല്ലോ ഗാന്ധിജിയുടെ ആതിഥേയനാകാൻ ജോർജ്ജ് ജോസഫിന് അവസരം ലഭിച്ചത്. ഗാന്ധിജിയുടെ സാന്നിദ്ധ്യവും വാക്കുകളും കൊണ്ട് ജോർജ്ജ് ജോസഫ് മയങ്ങിപ്പോയി. ജോർജ്ജ് ജോസഫിന്റെ മക്കൾ മോൻസിക്ക് അന്ന് ഒൻപതുവയസ്സും മോളിക്ക് ഏഴുവയസ്സും ആണ് ഉണ്ടായിരുന്നത്. തിരക്കുകൾക്കിടയിലും തന്റെ പാവ നന്നാക്കി തരുവാൻ ഗാന്ധിജി കാണിച്ച താല്പര്യം മോളി എന്നും സ്മരിക്കുമായിരുന്നു.

മിതവാദികളാൽ നയിക്കപ്പെട്ട ഇന്ത്യൻ നാഷണൽ കോൺഗ്രസ്സും, തീവ്രവാദികളാൽ നയിക്കപ്പെട്ട ഹോം റൂൾ ലീഗും, മുസ്ലീം ലീഗും ഇന്ത്യക്ക് സ്വയംഭരണം നേടുന്നതിന് ഒരുമിച്ചു പ്രവർത്തിക്കുവാൻ തീരുമാനിച്ചു. ഇതാണ് ലക്നൗ ഉടമ്പടി. ലക്നൗ ഉടമ്പടിയിലെ വിശദവിവരങ്ങൾ പൊതുജനങ്ങളെ അറിയിക്കാനായി പ്രചരണ പ്രവർത്തനങ്ങൾ നടത്തി. ജോർജ്ജ് ജോസഫായിരുന്നു അതിന്റെ പ്രധാന പ്രചാരകൻ. ഉടമ്പടിക്കനുകൂലമായി തമിഴിൽ നിവേദനങ്ങൾ അച്ചടിപ്പിച്ച് വിതരണം ചെയ്തു. അതിനെ പിന്തുണക്കുന്ന ആളുകൾ ഒപ്പിട്ട് ഒരു ഭീമഹർജിയും തയ്യാറാക്കി.

www.malankaralibrary.com

1917-ൽ ഇന്ത്യ സന്ദർശിക്കുന്ന സ്റ്റേറ്റ് സെക്രട്ടറിയായിരുന്ന എഡ്വിൻ മൊണ്ടുഗവിന് സമർപ്പിക്കുവാനാണ് ഭീമഹർജി തയ്യാറാക്കിയത്.

ഇതിനിടയിൽ ഹോം റൂൾ പ്രസ്ഥാനത്തിന്റെ പ്രസിഡന്റ് എന്ന നിലയിൽ ജോസഫ് ബാപ്റ്റിസ്റ്റാ 1917-ൽ ഇംഗ്ലണ്ട് സന്ദർശിച്ചു. ഭാരതത്തിന്റെ സ്വയംഭരണത്തിനായുള്ള ആവശ്യം വിശദീകരിച്ചുകൊണ്ട് അദ്ദേഹം ഇംഗ്ലണ്ടിൽ ഒരു കാംപെയിൻ നടത്തി. 1919-ലെ ലേബർ കക്ഷിയുടെ കോൺഫറൻസിലും ഹോംറൂൾ പ്രസ്ഥാനത്തെ പ്രതിനിധീകരിച്ചുകൊണ്ട് ബാപ്റ്റിസ്റ്റാ സംസാരിച്ചു. 1918-ൽ സയ്ദ് ഹുസൈൻ, കല്യാണസുന്ദരം, ജോർജ്ജ് ജോസഫ് എന്നിവർ ഉൾക്കൊള്ളുന്ന ഒരു പ്രതിനിധി സംഘത്തെ പ്രക്ഷോഭണത്തിന്റെ ലക്ഷ്യങ്ങൾ വിശദീകരിക്കുവാൻ ഇംഗ്ലണ്ടിലേക്കയച്ചു. ഈ യാത്രയ്ക്ക് മുൻപ് ഹോം റൂൾ ലീഗിന്റെ നയം വിശദീകരിച്ചുകൊണ്ട് മധുരയിലും മദ്രാസിലും നടത്തിയ പല സമ്മേളനങ്ങളിലും ഭാരതസ്വയം ഭരണത്തിനായുള്ള പ്രക്ഷോഭണത്തെ ശക്തിയോടെ ന്യായീകരിച്ചു.

പൊതുപ്രവർത്തനത്തിലേക്ക് ജോർജ്ജ് ജോസഫ് സജീവമാകുന്നത് ഹോം റൂൾ പ്രസ്ഥാനത്തിലൂടെയാണെന്ന് മുൻപ് പറഞ്ഞിട്ടുണ്ടല്ലോ. രാഷ്ട്രീയ രംഗത്തേക്കുള്ള പുറപ്പെടലിനെ വീട്ടുകാരും നാട്ടുകാരും അത്ര പ്രോത്സാഹിപ്പിച്ചിരുന്നില്ല. എന്നാൽ ഭാര്യ സൂസന്ന അദ്ദേഹത്തിന് സമ്പൂർണ്ണ പിന്തുണയും പ്രോത്സാഹനവും നൽകി. സൂസന്നയുടെ പിതാവ് ബ്രിട്ടീഷ് ഗവണ്മെന്റിന്റെ വിശ്വസ്ത സേവകനായിരുന്നു. മകളുടെ ഭർത്താവ് ബ്രിട്ടീഷ്കാർക്കെതിരായി പ്രവർത്തിക്കുന്നതിൽ ദുഃഖിതനുമായിരുന്നു. സൂസന്ന, ഭർത്താവിനെ ബ്രിട്ടീഷ്കാർക്കെതിരെയുള്ള നീക്കത്തിൽ നിന്ന് പിന്തിരിപ്പിക്കാൻ ശ്രമിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. പക്ഷെ അതു നടന്നില്ല. ജോർജ്ജ് ജോസഫിന്റെ മാതാപിതാക്കളും ബന്ധുക്കളും രാഷ്ട്രീയ രംഗത്തേക്കുള്ള പ്രവേശനത്തെ ഭയത്തോടെയാണ് വീക്ഷിച്ചത്. ഒരു അഭിഭാഷകൻ എന്ന നിലയിൽ അദ്ദേഹത്തിന്റെ ഭാവി അപകടത്തിലേയ്ക്ക് നീങ്ങുമെന്നായിരുന്നു കുടുംബങ്ങളുടെ ചിന്ത. ജോർജ്ജ് ജോസഫ് വ്യക്തമായും തന്റെ കുടുംബവും സമുദായവും സൂക്ഷിക്കുന്ന അതിർവരമ്പുകൾ ലംഘിച്ചുകൊണ്ട് പുറത്തേക്കു കടക്കുകയായിരുന്നു. ചെങ്ങന്നൂരിൽ നിന്നും മദ്രാസിലേക്കും മധുരയിലേക്കും താമസം മാറ്റിയതോടെ അവർ തങ്ങളുടെ കുടുംബങ്ങളിൽ നിന്നും അകലം പാലിക്കേണ്ടിവന്നു. രാഷ്ട്രീയ ജീവിതത്തിന്റെ ബുദ്ധിമുട്ടുകളും മറ്റും മനസ്സിലാക്കിക്കൊണ്ടുതന്നെയായിരുന്നു ഈ വഴി അവർ സ്വീകരിച്ചത്. ബ്രിട്ടീഷ് ഗവണ്മെന്റിന്റെ സേവകനായ തന്റെ വീട്ടിൽ ബ്രിട്ടീഷ് ഗവണ്മെന്റിനെ എതിർത്ത ജോർജ്ജ് ജോസഫിന്റെ സാന്നിദ്ധ്യമുണ്ടാകുന്നതിനെ സൂസന്നയുടെ പിതാവ് എതിർക്കുകയും ചെയ്തു. എങ്കിലും, വച്ച കാൽ പുറകോട്ടെടുക്കാൻ സൂസന്നപോലും തയ്യാറായില്ല. പിൽക്കാലത്ത് വൈക്കം സത്യാ

www.malankaralibrary.com

ഗ്രത്തിൽ സജീവമാകുവാനും മഹായോഗങ്ങളിൽ പ്രസംഗിക്കുവാനും സൂസന്നയെ പ്രേരിപ്പിച്ചത് അവളുടെ നിശ്ചയദാർഢ്യത്തിന് മതിയായ തെളിവാണ്.

ഹോം റൂൾ പ്രക്ഷോഭണം ഏറ്റവും ശക്തമായിരുന്നത് മദ്രാസ് പ്രവിശ്യയിലായിരുന്നു. അതിനെ അടിച്ചമർത്തുവാനും ഹോം റൂൾ പ്രവർത്തകരെ പീഢിപ്പിക്കുവാനും ബ്രിട്ടീഷ് സർക്കാർ ശ്രമിച്ചു. ന്യൂ ഇന്ത്യയുടെ പത്രാധിപർ ആയിരുന്ന വാഡിയായേയും ഇംഗ്ലീഷുകാരനും ബ്രഹ്മവിദ്യാ പ്രചാരകനുമായിരുന്ന ജോർജ്ജ് അരുൺഡേലുമായിരുന്നു. അക്കാലത്തെ ഹോം റൂൾ ലീഗിലെ രണ്ടു മുഖ്യപ്രവർത്തകർ. അവർ ഇരുവരെയും ആനിബസന്റിനേയും ഹോം റൂൾ പ്രസ്ഥാനത്തിൽ പങ്കെടുക്കുന്നതിനെ വിലക്കുകയും അവർ നീലഗിരി ജില്ലയ്ക്ക് പുറത്തു പോകരുതെന്നും സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

വിദ്യാർത്ഥികൾ ഹോം റൂൾ പ്രസ്ഥാനത്തിൽ പങ്കുചേരുന്നതിനെ മദ്രാസ് ഗവർണ്ണർ പെന്റ്‌ലാന്റ് വിമർശിക്കുകയും ആ ലക്ഷ്യം വച്ചുകൊണ്ട് നിയമനിർമ്മാണം നടത്തുകയും ചെയ്യുമെന്ന് പ്രഖ്യാപിച്ചു. ഇതിനെതിരെ മദ്രാസ് പ്രവിശ്യയിൽ വലിയ പ്രക്ഷോഭണം നടന്നു. 1917 ജൂൺ 17-ന് മധുരയിൽ നടന്ന ഒരു വമ്പിച്ച മഹായോഗത്തിൽ പെന്റ് ലാൻഡിന്റെ പ്രസ്ഥാനത്തെ അപലപിച്ചുകൊണ്ടുള്ള ഒരു പ്രമേയം അവതരിപ്പിക്കുകയും ജോർജ്ജ് ജോസഫ് ആ പ്രമേയത്തെ അനുകൂലിച്ചുകൊണ്ട് ദീർഘനേരം സംസാരിക്കുകയും ചെയ്തു. പെന്റ് ലാന്റിന്റെ മർദ്ദനനയം അവസാനിപ്പിക്കണമെന്ന് കാണിച്ച് ജോർജ്ജ് ജോസഫ് മെന്റഗുവിന്, ലണ്ടനിലേക്ക് ടെലഗ്രാം അയക്കുകയും ചെയ്തു.

ഒരാഴ്ചയ്ക്കുശേഷം മധുരയിൽ സംഘടിപ്പിച്ച മറ്റൊരുയോഗത്തിലേക്ക് ആനിബസന്റിന്റെ ഒരു എണ്ണച്ഛായാചിത്രം ജാഥയായി കൊണ്ടുവരികയും ആ ചിത്രത്തിന് സമീപം നിന്ന് ആനിബസന്റിനെ വിട്ടയക്കണമെന്നും സ്വതന്ത്രയാക്കണമെന്നും അഭ്യർത്ഥിക്കുകയും ചെയ്തു. ഇതോടെ ലീഗിന്റെ പ്രവർത്തനങ്ങൾ അന്താരാഷ്ട്ര പ്രസിദ്ധി നേടി. ഇന്ത്യയിൽ നടക്കുന്ന ഭീകരമർദ്ദനങ്ങളെപ്പറ്റി ഹോം റൂൾലീഗ് മധുര പ്രസിഡന്റ് സർ സുബ്രഹ്മണ്യ അയ്യർ അമേരിക്കൻ പ്രസിഡന്റിന് ഒരു കത്തയച്ചു. അയ്യർ മുൻപ് ഹൈക്കോടതി ജഡ്ജിയുമായിരുന്നു. അമേരിക്കൻ പ്രസിഡന്റ് വിൽസൺ അയ്യരുടെ കത്ത് അമേരിക്കൻ സെനറ്റിലെയും പ്രതിനിധി സഭയിലെയും അംഗങ്ങളെ കാണിച്ചു. ഇത് ബ്രിട്ടീഷ് പാർലമെന്റിന്റെ ഇരുസഭകളിലും കോളിളക്കം സൃഷ്ടിച്ചു. ഇപ്രകാരം ഒരു കത്തയച്ചതിനെ ഇംഗ്ലണ്ടിലെ ഇന്ത്യയുടെ സ്റ്റേറ്റ് സെക്രട്ടറി പരസ്യമായി വിമർശിച്ചു. ബ്രിട്ടീഷ് ഗവണ്മെന്റ് അയ്യർക്ക് മുൻപ് സമ്മാനിച്ച നൈറ്റ് പദവി (സർസ്ഥാനം) ഉപേക്ഷിച്ച് ഗവണ്മെന്റിനെ വെല്ലുവിളിച്ചു.

www.malankaralibrary.com

ഹോം റൂൾ ലീഗിന്റെ പ്രവർത്തനങ്ങളെ അടിച്ചമർത്തുവാൻ നടത്തിയ ശ്രമങ്ങൾ ആപ്രസ്ഥാനത്തെ വളർത്തുന്നതിന് മാത്രമാണ് സഹായിച്ചത്. ഭാരതം സ്വാതന്ത്ര്യം നേടിയാൽ ആര് ഭരണം നിർവ്വഹിക്കുമെന്ന് മാത്രമല്ല ഭാവിഭാരതത്തിൽ മതങ്ങളുടെയും ന്യൂനപക്ഷങ്ങളുടെയും പങ്ക് എന്തായിരിക്കും എന്നതിനെക്കുറിച്ചും ലീഗ് ചർച്ച നടത്തി. ഈ കാര്യങ്ങൾ പത്രങ്ങളിലെ പ്രധാനചർച്ചാ വിഷയമായി. 1918-ന്റെ ആദ്യകാലത്ത് ജോർജ്ജ് ജോസഫ് അനേകയോഗങ്ങളിൽ സ്വയം ഭരണത്തെ അനുകൂലിച്ച് സംസാരിച്ചു. പൊതുയോഗങ്ങളും പ്രക്ഷോഭണങ്ങളും പട്ടണങ്ങളിൽ കേന്ദ്രീകരിക്കാതെ ഗ്രാമപ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കണമെന്ന് ജോർജ്ജ് ജോസഫ് അഭിപ്രായപ്പെട്ടു. സ്വയംഭരണത്തിന്റെ ആവശ്യകതയെപ്പറ്റി ബ്രിട്ടനിൽ പ്രചരണം നടത്തുന്നതിനും ബ്രിട്ടീഷ് അധികാരികളെ ബോദ്ധ്യപ്പെടുത്തുന്നതിനുമായി ഒരു പ്രതിനിധി സംഘത്തെ ലീഗ് അയക്കാൻ തീരുമാനിച്ചു. ബ്രിട്ടനിലേക്ക് പോകുന്നതിനുള്ള അനുവാദം ഗവണ്മെന്റ് നിഷേധിച്ചതിനാൽ ആ ദൗത്യം നിർവഹിക്കുവാൻ അദ്ദേഹത്തിന് സാധിച്ചില്ല.

ആനി ബസന്റ് പല അഭിപ്രായങ്ങളും തുറന്ന് പറയുന്ന സ്വഭാവക്കാരി ആയിരുന്നു. അധഃകൃത ജനവിഭാഗങ്ങൾക്കും ന്യൂനപക്ഷങ്ങൾക്കും പ്രത്യേക പരിഗണന നല്കണം എന്ന അഭിപ്രായത്തിനെതിരെ ആനി ബസന്റ് ഗർജ്ജിച്ചു. ഭാഷാപരമായി വിഭജിക്കപ്പെടാതെ ഏകീകൃതമായ ഒരു ഭാരതത്തെ പിന്തുണച്ചുകൊണ്ടുള്ള അവരുടെ നിലപാടും ഒട്ടേറെ എതിർപ്പുകൾ വിളിച്ചുവരുത്തി. ഒരു ഏകീകൃതഭാരതം ആയിരുന്നു ബസന്റിന്റെ ലക്ഷ്യം. ഇന്ത്യൻ സഹായങ്ങളെപ്പറ്റിയുള്ള അജ്ഞതയാണ് ഈ നിലപാടെടുക്കാൻ അവരെ പ്രേരിപ്പിച്ചതെന്നായിരുന്നു പലരും കണക്കാക്കിയത്. ഭിന്നിപ്പിച്ചു ഭരിക്കുകയെന്ന നിലപാട് ബ്രിട്ടീഷ്കാർ സ്വീകരിച്ചു. അതേ കാരണത്താൽ ബസന്റിന്റെ അഭിപ്രായത്തിന് എതിരായി ബ്രിട്ടീഷുകാർ നിലകൊണ്ടു.

www.malankaralibrary.com

# 12. മഹാത്മജിയുടെ സമീപം

ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ ആദ്യകാലങ്ങളിൽ മിതവാദി കൾക്കായിരുന്നു ശക്തി. പ്രമേയം പാസ്സാക്കലിനു പുറമേ അവകാശങ്ങൾ നേടിയെടുക്കുന്നതിനുള്ള സമരത്തെപ്പറ്റി കോൺഗ്രസിലെ അധികം ആളു കളും ചിന്തിച്ചിരുന്നില്ല. എന്നാൽ ആദ്യകാലത്തുതന്നെ തീവ്രവാദം ശക്തി പ്പെട്ടുകൊണ്ടിരുന്നു. കോൺഗ്രസിന്റെ മിതവാദത്തിൽ അസംതൃപ്തരായ വരുടെ എണ്ണം അനുദിനം വർദ്ധിച്ചു. മിതവാദികളുടെ പ്രവർത്തന ശൈലി യിലോ ബ്രിട്ടീഷ് ഗവൺമെന്റിന്റെ ന്യായദീക്ഷയിലോ അവർക്കു തെല്ലും വിശ്വാസമില്ലായിരുന്നു. കോൺഗ്രസ് ഉന്നയിച്ച മിതമായ ആവശ്യങ്ങൾ പോലും ഗവൺമെന്റ് തള്ളിക്കളഞ്ഞതിലുള്ള അമർഷവും നിരാശാബോ ധവും സംഘടനയിൽ തീവ്രവാദികളുടെ വളർച്ചക്ക് വഴിയൊരുക്കി.

ദേശീയവാദികളായ എഴുത്തുകാരും പ്രക്ഷോഭകാരികളും ഇന്ത്യയുടെ ദാരിദ്ര്യത്തിന്റെയും അധഃസ്ഥിതിയുടെയും കാരണം ബ്രിട്ടീഷ് ഭരണമാണെന്ന് കുറ്റപ്പെടുത്തി. അവരുടെ പ്രധാന ലക്ഷ്യം തന്നെ സാമ്പത്തികമായി ഇന്ത്യയെ ചൂഷണം ചെയ്യുകയാണെന്ന് രാഷ്ട്രീയബോധമുള്ള ഇന്ത്യൻ ജന തക്ക് ബോദ്ധ്യമായി. അതോടുകൂടി ബ്രിട്ടീഷ് ഭരണത്തെക്കുറിച്ച് ജനങ്ങൾക്കു ണ്ടായിരുന്ന ആദരവ് കുറഞ്ഞു സർക്കാരിന്റെ മർദ്ദനനയങ്ങളും പൗരാവ കാശധ്വംസനവും ജനങ്ങളെ അമർഷം കൊള്ളിച്ചു.1892-ലെ ഇന്ത്യൻ കൗൺസിൽസ് ആക്ട് ഇന്ത്യാക്കാർക്ക് തികച്ചും നിരാശജനകമായിരുന്നു. നിലവിലുള്ള രാഷ്ട്രീയ അവകാശങ്ങൾ പോലും ഹനിക്കപ്പെട്ടു. 1904-ലെ ഇന്ത്യൻ യൂണിവേഴ്സിറ്റി ആക്ട് ഇന്ത്യൻ സർവ്വകലാശാലകളെ സർക്കാർ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനും ഉന്നതവിദ്യാഭ്യാസത്തെ തടയുന്ന തിനുള്ള ഒരു സംരംഭമായി ദേശീയ വാദികൾ കണ്ടു. അങ്ങനെ രാജ്യത്തിന്റെ സാമ്പത്തിക രാഷ്ട്രീയ,സാംസ്ക്കാരിക ഉന്നമനത്തിന് സ്വയം ഭരണം അനി വാര്യമാണെന്നും രാഷ്ട്രീയ അടിമത്തം രാജ്യത്തിന്റെ പുരോഗതിയെ തട സ്സപ്പെടുത്തുമെന്നും ജനങ്ങൾക്ക് ബോദ്ധ്യമായി.

പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ ഇന്ത്യൻ ദേശീയ വാദികൾ ആത്മാഭിമാനത്തിലും ആത്മവിശ്വാസത്തിലും വളർന്നു കഴിഞ്ഞി രുന്നു. സ്വയം ഭരണം നടത്തുവാനുള്ള കഴിവിനെപ്പറ്റി അവർക്ക് തികഞ്ഞ വിശ്വാസമുണ്ടായിരുന്നു. തിലകൻ, വിപിൻചന്ദ്രപാൽ തുടങ്ങിയ നേതാ ക്കൻമാർ ആത്മാഭിമാനത്തിന്റെ സന്ദേശം പരത്തി. വളർന്നു വന്ന ആത്മവി ശ്വാസം ദേശീയ പ്രസ്ഥാനത്തിന് ശക്തി പകർന്നു.

www.malankaralibrary.com

അഭ്യസ്തവിദ്യരുടെ എണ്ണം വർദ്ധിക്കുകയും തൊഴിലില്ലായ്മ രൂക്ഷമാകുകയും ചെയ്തതോടുകൂടി യുവജനങ്ങളിൽ നിരാശാബോധം ഉളവായി. പലരും തീവ്രവാദികളോടുകൂടെ ചേർന്നു. ഇതിനേക്കാൾ പ്രധാനം വിദ്യാഭ്യാസത്തിന്റെ അദർശപരമായ വശമായിരുന്നു. ജനാധിപത്യം ദേശീയത്വം എന്നിവയുടെ അന്തഃസത്ത മനസ്സിലാക്കിയ അവർ തീവ്രദേശീയത്വത്തിന്റെ ഏറ്റം നല്ല പ്രചാരകരും അനുയായികളുമായിത്തീർന്നു.

ഇക്കാലത്ത് വിദേശങ്ങളുലുണ്ടായ പല സംഭവങ്ങളും നാട്ടിൽ തീവ്രവാദത്തിന്റെ വളർച്ചക്ക് വളമിട്ടു. 1905-ൽ വൻ യൂറോപ്യൻ ശക്തിയായ റഷ്യക്കെതിരെ ചെറിയ രാജ്യമായ ജപ്പാൻ നേടിയ വിജയം ഇന്ത്യാക്കാരെ ആവേശം കൊള്ളിച്ചു. 1896-ൽ എത്യോപ്യ, ഇറ്റാലിയൻ സൈന്യത്തെ പരാജയപ്പെടുത്തിയത് യൂറോപ്യൻ ശ്രേഷ്ഠത എന്ന മിഥ്യയെ പൊളിച്ചു. ദക്ഷിണാഫ്രിക്കയിലെ ബൂവർ സമരം ത്യാഗസന്നദ്ധമായ ഒരു ജനതക്ക് ശക്തമായ ഏകാധിപത്യ ശക്തികളെ വെല്ലുവിളിക്കാൻ കഴിയുമെന്ന് ഇന്ത്യാക്കാരെ ബോദ്ധ്യപ്പെടുത്തി. ഇങ്ങനെയുള്ള സമകാലീന ലോകസംഭവവികാസങ്ങൾ തീവ്രവാദ രാഷ്ട്രീയത്തിന് ആവേശം പകർന്നു.

ദേശീയപ്രസ്ഥാനത്തിന്റെ ആരംഭം മുതൽ തന്നെ രാജ്യത്ത് ഒരു തീവ്രദേശീയ ചിന്താഗതി നിലനിന്നിരുന്നു. ബംഗാളിലെ നാരായൺബോസ്, അശ്വതി കുമാർ ദത്ത്, മഹാരാഷ്ട്രയിലെ വിഷ്ണു ശാസ്ത്രി എന്നിവർ ഈ ചിന്താഗതിക്കാരായിരുന്നു. തീവ്രവാദത്തിന്റെ ശക്തനായ വക്താവ് ബാലഗംഗാധരതിലകൻ ആയിരുന്നു. ബിപിൻ ചന്ദ്രപാൽ, അരവിന്ദഘോഷ്, ലാലാലജ്പത്റായി എന്നിവരും സമാനചിന്താഗതിക്കാരായിരുന്നു. വിദേശമേധാവിത്വത്തെ അവർ കഠിനമായി എതിർക്കുകയും സ്വരാജ്യമാണ് തങ്ങളുടെ ലക്ഷ്യമെന്ന് അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുകയും ചെയ്തു.

പ്രകടനം, പൊതുയോഗം, പ്രമേയം എന്നിവയിൽ മാത്രം ഒതുങ്ങാതെ പ്രക്ഷോഭകർ സ്വദേശിപ്രസ്ഥാനവും വിദേശ വസ്ത്ര ബഹിഷ്ക്കരണവും ആരംഭിച്ചു. ഇന്ത്യൻ സാധനങ്ങളുടെ ഉപയോഗവും ബ്രിട്ടീഷ് സാധനങ്ങളുടെ ബഹിഷ്ക്കരണവും ദേശീയ പ്രസ്ഥാനത്തെ സജീവമാക്കി സാംസ്ക്കാരിക രംഗത്തും സ്വദേശിപ്രസ്ഥാനം ധാരാളം നേട്ടങ്ങളുണ്ടാക്കി. ദേശീയ കവിതയും ഗദ്യവും പത്രപ്രവർത്തനവും ഉടലെടുത്തു. രവീന്ദ്രനാഥടാഗോർ, രജനീകാന്ത് സെൻ, മുകുന്ദദാസ്, ബങ്കിംചന്ദ്ര ചാറ്റർജി എന്നിവരുടെ സാഹിത്യസൃഷ്ടികൾ ജനലക്ഷങ്ങളെ ദേശാഭിമാനപുളകിതരാക്കി. ദേശീയ വിദ്യാഭ്യാസവും ഇക്കാലത്ത് ശക്തി പ്രാപിച്ചു. അഭിഭാഷകർ വിദ്യാർത്ഥികൾ വനിതകൾ, എന്നിവർ ഇക്കാലത്ത് സ്വദേശിപ്രസ്ഥാനത്തിലും ദേശീയപ്രക്ഷോഭണത്തിലും സജീവമായി പങ്കെടുത്തു. ഇങ്ങനെ ദേശീയ പ്രസ്ഥാനം വിപ്ലവപ്രസ്ഥാനമായി മാറി. ക്രമേണ തീവ്രവാദികൾ ശക്തമായി തീർന്നു.

www.malankaralibrary.com

അസ്വസ്ഥരായ ഇന്ത്യയിലെ മുസ്ലീംങ്ങൾ ഖിലാഫത്ത് പ്രസ്ഥാനം രൂപീകരിച്ചുകൊണ്ട് ബ്രിട്ടീഷ്കാർക്കെതിരെ പോരാടാൻ തീരുമാനിച്ചു. ഈയവസരത്തിൽ ഖിലാഫത്ത് പ്രസ്ഥാനത്തെപ്പറ്റി അല്പമൊന്ന് പ്രതിപാദിക്കുന്നത് ഉചിതമായിരിക്കും. ഖലീഫ എന്ന അറബി വാക്കിന്റെയർത്ഥം "പ്രതിനിധി" എന്നാണ്. ദൈവത്തിന്റെ പ്രതിനിധി എന്ന പ്രത്യേകാർത്ഥത്തിലാണ് ആ വാക്ക് ഉപയോഗിക്കുന്നത്. മുഹമ്മദ് നബിയുടെ സ്വർഗ്ഗാരോഹണത്തിനു ശേഷം രാജ്യത്തിലെ ഭരണാധികാരവും മതത്തിന്റെ നേതൃത്വവും ഒരാളിൽ തന്നെയാണ് സ്ഥിതിചെയ്തിരുന്നത്. ആദ്യകാലത്ത് ഖലീഫിനെ തിരഞ്ഞെടുത്തിരുന്നു. പിന്നീട് കുറെക്കാലം ആ പദവി അറേബ്യായിലെ രാജകുടുംബത്തിലേക്ക് പരമ്പരയായി ലഭിച്ചു. അവസാനം അത് തുർക്കി സുൽത്താന് കിട്ടി. സുൽത്താന്റെ ഈ വലിയ പദവി മുസ്ലീംങ്ങൾ പൊതുവേ അംഗീകരിക്കുകയും ചെയ്തു. ഖലീഫ് പദവി വഹിക്കുന്ന ആൾ സ്വയാധികാരം നടത്തുവാൻ പ്രാപ്തിയുള്ള ഒരു മഹമ്മദീയ രാജാവായിരിക്കണം എന്ന നിർബന്ധം മുഹമ്മദീയർക്കുണ്ടായിരുന്നു. കൂടാതെ ഖലീഫ് മുഹമ്മദീയ പുണ്യസ്ഥലങ്ങളുടെ രക്ഷാകർത്താവാക്കികൊണ്ട് അവയെ അന്യന്മാരുടെ ആക്രമണങ്ങളിൽ നിന്ന് രക്ഷിക്കുവാനുള്ള ശക്തിയും അദ്ദേഹത്തിനുണ്ടാകണം. അതു രണ്ടും തുർക്കി സുൽത്താനുണ്ടായിരുന്നതുകൊണ്ട് അദ്ദേഹത്തിന്റെ ഈ വലിയ പദവി ആരും ചോദ്യം ചെയ്തില്ല. ഇന്ത്യയിലെ മുഹമ്മദീയരും അതു സമ്മതിച്ചിരുന്നു. തുർക്കി സുൽത്താനെ ഖലീഫിന്റെ നിലയിൽ ബ്രിട്ടീഷുകാരും അംഗീകരിച്ചു പോന്നു.

ഖലീഫിന്റെ കല്പനകളെ അള്ളാവിന്റെയും നബിയുടെയും കല്പനപോലെ വിചാരിയ്ക്കണമെന്നും അതിന്നു വിരോധമായി നടക്കുന്ന മുസ്ലീമിന്നു ഗതിയില്ലെന്നും ആണ് മുഹമ്മദീയരുടെ വിശ്വാസം. അതുകൊണ്ടു ഖലീഫിന്റെ അവസ്ഥയ്ക്കും അധികാരത്തിനും യാതൊരു ഭംഗവും വരാതെ നോക്കേണ്ടത് എല്ലാ മുസ്ലീംങ്ങളുടെയും ധർമ്മമാണെന്ന് അവർ കരുതുന്നു. അതുപോലെതന്നെ ഇസ്ലാംമതത്തിന്റെ പ്രധാന കേന്ദ്രമായ അറേബിയ മുഹമ്മദീയരുടെ അധീനതയിലും രക്ഷയിലും ആയിരിക്കണമെന്നും അവർക്കു ശാഠ്യമുണ്ട്.

ഖിലാഫത്ത് വിഷയത്തെപ്പറ്റി നിരൂപണം ചെയ്യുമ്പോൾ അതിന്റെ കാതലായ ഈ രണ്ടു തത്വങ്ങളും ഓർമ്മവെക്കേണ്ടതാണ്. – ഒന്നാമത് ഖലീഫിന്റെ പദവിയും അധികാരവും നിലനിർത്തേണ്ടതിനുള്ള ഉത്തരവാദിത്വം എല്ലാ മുഹമ്മദീയർക്കുമുണ്ടെന്നും, രണ്ടാമത് ഇസ്ലാം മതത്തിന്റെ കേന്ദ്രമായ അറബിരാജ്യവും അതിലുള്ള പുണ്യസ്ഥലങ്ങളും അന്യമതസ്ഥന്മാരുടെ അധികാരത്തിൽ പെട്ടുപോകാതെ സൂക്ഷിക്കേണ്ടത് അവരുടെ ചുമതലയാണെന്നും. ഈ രണ്ടു വിശ്വാസവും വളരെക്കാലമായി മുഹമ്മദീയരിൽ

www.malankaralibrary.com

ദൃഢമായി സ്ഥിതിചെയ്തിരുന്നു.

1914 ൽ ആരംഭിച്ച ആദ്യത്തെ ലോകമഹായുദ്ധത്തിൽ തുർക്കി സുൽത്താൻ ബ്രിട്ടീഷുകാർക്കെതിരായി ജർമ്മനിയുടെ ഭാഗത്തു ചേർന്നു. ആ സംഭവം ഇന്ത്യയിലെ മുഹമ്മദീയരുടെ ഇടയിൽ വലിയ കുഴപ്പമുണ്ടാക്കി. അവർ ബ്രിട്ടീഷ് ചക്രവർത്തിയുടെ പ്രജകളാണ്. ആ സ്ഥിതിക്ക്, .യുദ്ധത്തിൽ ബ്രിട്ടീഷ് കാരെ സഹായിക്കേണ്ട കടമ അവർക്കുണ്ട്. എന്നാൽ തുർക്കി സുൽത്താൻ തങ്ങളുടെ ഖലീഫയാണ്. അങ്ങിനെയിരിക്കെ അദ്ദേഹത്തിനു വിരോധമായി പ്രവർത്തിക്കുവാനും തരമില്ല. ഖലീഫയുടെ പദവിയും ശക്തിയും കാത്തുരക്ഷിക്കുവാനുള്ള ബാദ്ധ്യത എല്ലാ മുസ്ലീംങ്ങൾക്കുമുള്ളതല്ലേ? ഇന്ത്യയിലെ മുസ്ലീംങ്ങളുടെ ഈ വിഷമസ്ഥിതി നല്ലപോലെ മനസ്സിലാക്കിയ ബ്രിട്ടീഷുകാർ യുദ്ധാവശ്യത്തിന് അവരുടെ സഹായം ലഭിക്കുവാൻ ഒരുപായമെടുത്തു.

മുസ്ലീംങ്ങളുടെ പുണ്യസ്ഥലങ്ങൾക്കു യാതൊരു നാശവും ബ്രിട്ടീഷുകാർ ചെയ്യുന്നതല്ലെന്നും, തുർക്കി ഗവൺമെന്റിനോടല്ലാതെ ഖലീഫയോടല്ല തങ്ങൾ യുദ്ധം ചെയ്യുന്നതെന്നും, യൂറോപ്യൻകോയ്മകളുടെ അധീനതയിൽ പെടാതെ സ്വയാധികാരം നടത്തുവാനുള്ള സ്ഥിതി ഖലീഫിന്നുണ്ടാകേണ്ടതാണെന്നും ബ്രിട്ടീഷ് ചക്രവർത്തിയുടെ പ്രതിനിധിയെന്നനിലയിൽ അന്നത്തെ ഇന്ത്യാ വൈസ്രോയി ഒരു പ്രഖ്യാപനം പുറപ്പെടുവിച്ചു. അത് ഇന്ത്യയിലെ മുഹമ്മദീയരെ തല്ക്കാലം തൃപ്തിപ്പെടുത്തി. അതിന്റെ ഫലമായി അവരുടെ പണവും സഹായവും ധാരാളമായി യുദ്ധാവശ്യത്തിനു ബ്രിട്ടീഷുകാർക്കു ലഭിക്കുകയും ചെയ്തു.

യുദ്ധം അവസാനിച്ചു. വിജയികളായ ബ്രിട്ടീഷുകാർ വാഗ്ദാനം പാലിക്കുന്നതിൽ അത്രതന്നെ ജാഗ്രത പ്രദർശിപ്പിച്ചില്ല. 1920 ജൂൺമാസത്തിൽ പാരീസിൽവെച്ചുണ്ടായ ഉടമ്പടി തുർക്കി സുൽത്താന്റെ ഖലീഫ് പദവിക്ക് അതിയായ ഹാനിയുണ്ടാക്കി. സുൽത്താന്റെ അധികാരവും പദവിയും ജയിച്ച കക്ഷികൾ വെട്ടിച്ചുരുക്കി. തുർക്കി സാമ്രാജ്യത്തിന്റെ പല ഭാഗങ്ങളും അന്യാധീനങ്ങളായി. അധികാരം യാതൊന്നുമില്ലാതെ വെറും പേരുമാത്രം സുൽത്താനു ശേഷിച്ചു.

ഖലീഫിന്നു നേരിട്ട ഈ ആപത്ത് ഇന്ത്യയിലെ മുഹമ്മദീയരെ ക്ഷുഭിതരാക്കി. ഖലീഫിന്റെ പഴയ പദവിയും അധികാരവും അദ്ദേഹത്തിനു വീണ്ടും കൊടുക്കണമെന്ന് അവരാവശ്യപ്പെട്ടു. അഭ്യർത്ഥനയും അപേക്ഷയും കൊണ്ട് ഫലം കാണാതിരുന്നപ്പോൾ തങ്ങളുടെ ഉദ്ദേശസിദ്ധിക്ക് ഒരു പ്രക്ഷോഭണം നടത്തുവാൻ മുഹമ്മദീയർ ഉറച്ചു. ഈ ലക്ഷ്യപ്രാപ്തിക്ക് അവരെ സഹായിക്കുവാൻ കോൺഗ്രസും തീർച്ചപ്പെടുത്തി. അങ്ങിനെയാണ് നിസ്സഹകരണ പ്രസ്ഥാന പരിപാടിയുടെ ഒരിനമായി ഖിലാഫത്തുകാര്യം ഉൾപ്പെടുത്തിയതും ഖിലാഫത്തു കമ്മറ്റികൾ നാട്ടിലെങ്ങും സ്ഥാപിച്ചതും.

www.malankaralibrary.com

ഖിലാഫത്തിനെപ്പറ്റി വിശദമായ അറിവ് സാധാരണക്കാരനുണ്ടായിരുന്നില്ല. ഇസ്ലാം മതത്തിനു വിരോധമായി എന്തോ ബ്രിട്ടീഷ് ഗവൺമെന്റ് പ്രവർത്തിച്ചിട്ടുണ്ടെന്നും അതുകൊണ്ട് ആ ഗവൺമെന്റിനോടു സഹകരിക്കരുതെന്നും മാത്രമാണ് സാധാരണക്കാരുടെ ഇടയിലുണ്ടായിരുന്ന വിശ്വാസം. അതാണ് അവരെ അസ്വസ്ഥരാക്കിയത്. തങ്ങളുടെ മതാഭിമാനം വ്രണപ്പെടുത്തിയെന്നു വിശ്വസിക്കുന്ന മുഹമ്മദീയർ അതിനെ വീണ്ടെടുക്കുവാൻ എന്തു സാഹസത്തിനും സന്നദ്ധരാകുമെന്ന് അധികാരസ്ഥന്മാർക്കറിയാമായിരുന്നു. അതുകൊണ്ട് മുഹമ്മദീയർ അധികമുള്ള ഏറനാട്ടിൽ ഖിലാഫത്ത് കമ്മിറ്റികൾ വർദ്ധിച്ചുവരുന്നത് എങ്ങിനെയെങ്കിലും തടയണമെന്നും അവർ തീർച്ചപ്പെടുത്തി.

കേരളത്തിൽ വിശിഷ്യ മലബാറിൽ ഖിലാഫത്ത് പ്രസ്ഥാനത്തിന് വേരോട്ടമുണ്ടായി. മലബാർ ലഹളക്കുള്ള അടിസ്ഥാനകാരണവും ഇതുതന്നെയായിരുന്നു. ഖിലാഫത്ത് കമ്മറ്റി രൂപീകരണത്തിൽ കോൺഗ്രസും സഹകരിച്ചു. മുസ്ലീംങ്ങളെ ദേശീയ സമരത്തിലേക്ക് കൊണ്ടു വരുന്നതിൽ ഖിലാഫത്ത് പ്രസ്ഥാനം സഹായകമാകുമെന്ന് ഗാന്ധിജി അഭിപ്രായപ്പെട്ടു. കോൺഗ്രസും ഖിലാഫത്തു പ്രസ്ഥാനവും യോജിച്ച് പ്രവർത്തിക്കുന്നതിന് പ്രക്ഷോഭണം നടത്തുന്നതിന് ഗാന്ധിജി തയ്യാറായി. പക്ഷെ മിതവാദികളായ കോൺഗ്രസുകാർ അതിനെ എതിർത്തു. ഖിലാഫത്ത് പ്രസ്ഥാനവും കോൺഗ്രസ്സും ഒരൊറ്റ പ്രസ്ഥാനമായി നിലകൊണ്ടു. മൗലാനാ ഷൗക്കത്ത് അലിയും മഹാത്മജിയും ഒന്നിച്ച് രംഗത്തുവന്നു. ഖിലാഫത്ത് കമ്മറ്റിയുടെ പ്രവർത്തനം കേരളത്തിലും വ്യാപകമായി. ഗാന്ധിജിയുടെ സത്യാഗ്രഹമുറയോടും മോൺടേഗു ചെംസ്ഫോർഡ് പരിഷ്ക്കരണങ്ങളോടും മിതവാദികൾക്ക് യോജിപ്പുണ്ടായിരുന്നില്ല. എങ്കിലും 1920-ൽ കോൺഗ്രസ്സിന്റെ നേതൃത്വം മഹാത്മജി ഏറ്റെടുത്തതോടെ കോൺഗ്രസ്സ് അണികളിൽ ആവേശം പകർന്നു. ആ വർഷം നാഗപ്പൂർ കോൺഗ്രസ് സമ്മേളനം സ്വരാജ് ആണ് കോൺഗ്രസിന്റെ ലക്ഷ്യമെന്ന് പ്രഖ്യാപിച്ചു. അതുനേടാൻ നിസഹകരണം ഒരു നയമായി പ്രഖ്യാപിക്കപ്പെട്ടു. നാട്ടുരാജ്യങ്ങളിൽ കൂടി കോൺഗ്രസ് പ്രവർത്തനം വ്യാപിപ്പിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

മലബാറിൽ ഖിലാഫത്ത് പ്രസ്ഥാനം ശക്തമായപ്പോൾ അതിനെ പരാജയപ്പെടുത്താൻ ബ്രിട്ടീഷ് സർക്കാർ പാർലർ മുസ്ലിംങ്ങളെ രംഗത്തിറക്കി. അവർ പാർലർ സംഘടനയുണ്ടാക്കി ഖിലാഫത്ത് പ്രസ്ഥാനത്തെ എതിർത്തു.

ദേശീയസ്വാതന്ത്ര്യ സമരത്തിന്റെ ആദ്യപടിയായി അസംബ്ലിയും കോടതിയും ബഹിഷ്ക്കരിക്കാൻ ഗാന്ധിജി ആഹ്വാനം ചെയ്തു. വിദ്യാർത്ഥികളോട് പഠിപ്പ് മുടക്കുവാനും ഭാരതീയരോട് വിദേശവസ്ത്രങ്ങൾ ബഹിഷ്ക്കരിക്കുവാനും , ബ്രിട്ടീഷ് സർക്കാരിൽ നിന്ന് ബഹുമതികൾ ലഭിച്ചവരോട്

www.malankaralibrary.com

അത് ഉപേക്ഷിക്കാനും, നികുതിനൽകാതിരിക്കുവാനും സർക്കാരിൽ നിന്ന് ഉദ്യോഗസ്ഥൻമാരും സൈന്യത്തിൽ നിന്നും സൈനികരും വിട്ടുപോരുവാനും ഗാന്ധിജി ഉൽബോധിപ്പിച്ചു. ശക്തമായ ഒരു സിവിൽ നിയമലംഘനം എന്നതായിരുന്നു ഗാന്ധിജിയുടെ ലക്ഷ്യം.

ഗാന്ധിജിയുടെ ആഹ്വാനമനുസരിച്ച് ആയിരക്കണക്കിന് വിദ്യാർത്ഥികൾ പഠിപ്പ് മുടക്കി. അഭിഭാഷകർ വക്കീൽ പണി ഉപേക്ഷിച്ചു. ഭാരതീയർ ദേശീയസ്വാതന്ത്ര്യ സമരത്തിലെ സജീവപങ്കാളികളായി.

1919 മാർച്ചിലാണ് ജോർജ്ജ് ജോസഫ് മഹാത്മജിയെ ആദ്യമായി കാണുന്നത്. അപ്പോൾതന്നെ ഗാന്ധിജിയുടെ ആരാധകനായി മാറിയിരുന്നു. മാറുന്ന രാഷ്ട്രീയ പശ്ചാത്തലത്തിൽ തനിക്കും ചില ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കേണ്ടി വരുമെന്ന് ജോർജ് ജോസഫിന് തോന്നിയിരുന്നു. നല്ല ആദായം ലഭിച്ചുകൊണ്ടിരുന്ന വക്കീൽ പണി ഉപേക്ഷിച്ച ഗാന്ധിജിയുടെ പുറകേ പോകണമോ അതോ വക്കീൽ പണിയിൽ തുടർന്ന് നീതിന്യായവ്യവസ്ഥയുടെ പടവുകൾ ചവിട്ടിക്കയറണമോ ഇതിൽ ഏതാണ് അഭികാമ്യം? ജോർജ്ജ് ജോസഫിനോ സൂസന്നക്കോ ഇക്കാര്യത്തിൽ ആലോചിക്കേണ്ടി വന്നില്ല. ഗാന്ധിജിയുടെ ആഹ്വാനം ശിരസാവഹിച്ച് വക്കീൽ പണി ഉപേക്ഷിച്ചു. ജോർജ്ജ് ജോസഫും സൂസന്നയും 1920 ജനുവരിയിൽ അവരുടെ ഇളയമകൾ മായയോടുകൂടി അഹമ്മദാബാദിലെ സബർമതി ആശ്രമത്തിലേക്ക് യാത്രതിരിച്ചു. മധുരയിൽ നിന്നുള്ള വിടവാങ്ങൽ നാടകീയതനിറഞ്ഞതായിരുന്നു. വിദേശവസ്ത്രങ്ങൾ മുഴുവൻ അഗ്നിക്കിരയാക്കി. വർഷങ്ങൾകൊണ്ട് വീട്ടിൽ സമ്പാദിച്ചിരുന്ന വീട്ടുപകരണങ്ങളും മറ്റും യാതൊരു മടിയും കൂടാതെ പലർക്കും വിതരണം ചെയ്തു. പാശ്ചാത്യ വേഷധാരിയായിരുന്ന ബാരിസ്റ്റർ ഒറ്റ ദിവസം കൊണ്ട് മുണ്ടും ജൂബയും ധരിച്ച് ഒരു സത്യാഗ്രഹി ആയി മാറി.

സ്വന്തം വീട്ടിലെ സുഖസൗകര്യങ്ങൾ എല്ലാം ഉപേക്ഷിച്ച് സബർമതി ആശ്രമത്തിലെത്തിയ ജോർജ്ജ് ജോസഫിനും സൂസന്നയ്ക്കും ആശ്രമത്തിലെ ലളിത ജീവിതവുമായി പൊരുത്തപ്പെടുവാൻ പ്രയാസമൊന്നും തോന്നിയില്ല. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ പ്രഗത്ഭനേതാക്കന്മാരുമായും സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഇന്ത്യയുടെ ഭരണകർത്താക്കളായി തീർന്ന നിരവധി മഹാന്മാരോടും പരിചയപ്പെടുവാൻ സബർമതിയിലെ ജീവിതം സഹായകരമായി. ഗാന്ധിജിയുടെ പ്രഭാത പ്രാർത്ഥനയിലും തുടർന്നു നടക്കുന്ന പ്രഭാത സവാരിയിലും ജോർജ്ജ് ജോസഫും സൂസന്നയും എന്നും പങ്കെടുത്തിരുന്നു.

ഒന്നാം ലോകമഹായുദ്ധത്തിനു ശേഷമുള്ള കാലഘട്ടത്തിൽ ഇന്ത്യൻ ദേശീയപ്രസ്ഥാനം പൂർവ്വാധികം ശക്തിപ്പെട്ടു. യുദ്ധാനന്തരം ഇന്ത്യക്ക് ഗണ്യമായ രാഷ്ട്രീയാനുകൂല്യങ്ങൾ ലഭിക്കുമെന്നുള്ള പ്രതീക്ഷയും അസ്ഥാനത്തായി.

www.malankaralibrary.com

ഇക്കാലഘട്ടത്തിലെ വിലക്കയറ്റവും സാമ്പത്തികവിഷമതകളും ദേശീയ പ്രസ്ഥാനത്തിന്റെ ആക്കം കൂട്ടി. ജാലിയൻ വാലാബാഗ് സംഭവവും ഖിലാഫത്തു പ്രസ്ഥാനവും നിസഹകരണ പ്രസ്ഥാനവും ജനങ്ങളിൽ കൂടുതൽ സ്വാതന്ത്ര്യ ചിന്ത വളർത്തി. ഈ കാലത്താണ് മഹാത്മാഗാന്ധി സ്വാതന്ത്ര്യ സമരത്തിന്റെ നേതൃത്വം ഏറ്റെടുത്തത്. ഗാന്ധിജിയുടെ ആഹ്വാനമനുസരിച്ച് അഭിഭാഷകർ കോടതി വിട്ടിറങ്ങി. വിദ്യാർത്ഥികൾ വിദ്യാലയങ്ങൾ ബഹിഷ്ക്കരിച്ചു. വിദേശവസ്ത്രങ്ങൾ ബഹിഷ്ക്കരിച്ച് സ്വദേശി പ്രസ്ഥാനത്തെ പ്രോൽസാഹിപ്പിച്ചു. നിസ്സഹകരണപ്രസ്ഥാനത്തെ ഉരുക്കി മുഷ്ടി ഉപയോഗിച്ച് അടിച്ചമർത്താൻ ഗവൺമെന്റ് ശ്രമിച്ചു.

രാജ്യവ്യാപകമായി ലാത്തിചാർജ്ജും വെടിവയ്പുകളും നടത്തി ആയിരക്കണക്കിനാളുകളെ ജയിലിലടച്ചു. നികുതി നിഷേധം ഉൾപ്പെടെയുള്ള പരിപാടികൾ നിസ്സഹകരണപ്രസ്ഥാനത്തെ സജീവമാക്കി. ഭീകരമായ മർദ്ദനമുറകൊണ്ട് സഹികെട്ട ജനങ്ങൾ പലയിടത്തും അക്രമാസക്തരായി. 1922-ൽ അക്രമാസക്തമായ ഒരു ജനക്കൂട്ടം ചൗരിചൗരാ പോലീസ് സ്റ്റേഷൻ ആക്രമിച്ച് തീവച്ചു നശിപ്പിച്ചു. 22 പോലീസുകാർ ഈ സംഭവത്തിൽ കൊല്ലപ്പെട്ടു. അക്രമാസക്തമായ ഈ സംഭവത്തെ തുടർന്ന് ഗാന്ധിജി നിസ്സഹകരണപ്രസ്ഥാനം പിൻവലിച്ചു എങ്കിലും ഗവൺമെന്റ് ഗാന്ധിജിയെ അറസ്റ്റ് ചെയ്ത് ജയിലിലടച്ചു. കോൺഗ്രസ്സിലെ പലനേതാക്കൻമാർക്കും സമരം നിർത്തിവെച്ചത് ഇഷ്ടപ്പെട്ടില്ല. പ്രക്ഷോഭത്തിന്റെ തുടക്കം ബോംബെക്കടുത്തുള്ള ബർദോളിയിലാണ് നിശ്ചയിച്ചിരുന്നത് 137 ചെറു ഗ്രാമങ്ങളിലായി 87000 നിവാസികളാണ് ബർദോളിയിൽ ഉണ്ടായിരുന്നത്. ഗാന്ധിജിയുടെ നേരിട്ടുള്ള നിയന്ത്രണത്തിലായിരുന്നു സമരം നടത്തിയിരുന്നത്. അന്നത്തെ വൈസ്രോയി റീഡിംഗ് പ്രഭുവിനെ വിവരം അറിയിച്ചതിനു ശേഷമാണ് സമരം ആരംഭിച്ചത്. ഈ സമരത്തിൽ ജയിലിൽ കിടന്നവരും എല്ലാ അർത്ഥത്തിലും സഹകരിച്ചു.ജയിലിൽ കിടന്ന ജോർജ്ജ് ജോസഫ് ഉൾപ്പെടെയുള്ളവർ ജയിലിൽ ഉപവാസം അനുഷ്ഠിച്ചു കൊണ്ട് പങ്കു ചേർന്നു.

ചൗരിചൗരാ പോലീസ് സ്റ്റേഷൻ ആക്രമിച്ച് പോലീസുകാരെ വധിച്ചതും പോലീസ് സ്റ്റേഷൻ ആക്രമിച്ച് പോലീസ് സ്റ്റേഷൻ തീവച്ച് നശിപ്പിച്ചതും ഒരു ചെറിയ വാർത്തയായി മാത്രമേ പത്രങ്ങളിൽ വന്നിരുന്നുള്ളു. അന്ന് ഗാന്ധിജി ബർദോളിയിലായിരുന്നു. സിവിൽ നിയമലംഘനം അവിടെ വച്ച് ഫെബ്രുവരി 12- ന് സമാരംഭിക്കുമെന്ന് ഗാന്ധിജി പ്രഖ്യാപിച്ചിരുന്നു. എന്നാൽ രാജ്യത്തെ സ്ഫോടകാത്മകമായ അന്തരീക്ഷം കണക്കിലെടുത്ത് ഗാന്ധിജി സമരം പിൻവലിച്ചു.

ഗാന്ധിജി നിസ്സഹകരണ സമരം നിർത്തിവച്ചതിൽ പ്രതിഷേധിച്ച് ചില കോൺഗ്രസ്സ് നേതാക്കൻമാർ മോട്ടിലാൽ നെഹ്റു, ലാലാലജ്പത്റായ്,

www.malankaralibrary.com

സി.ആർ. ദാസ് എന്നിവരുടെ നേതൃത്വത്തിൽ കൗൺസിലുകളിൽ പ്രവേശിച്ചു ഗവൺമെന്റിനെതിരെ സമരം ചെയ്യണമെന്ന് തീരുമാനിച്ചു. ഇതേ തുടർന്ന് കോൺഗ്രസ്സിൽ വീണ്ടും ചേരികൾ ആവിർഭവിച്ചു. ഇതിനിടെ നടന്ന നിയമ സഭാതിരഞ്ഞെടുപ്പിൽ സ്വരാജ് കക്ഷിക്ക് വമ്പിച്ച വിജയം ലഭിച്ചു. നിയമ സഭയിലെത്തിയ സ്വരാജ് കക്ഷിക്കാർ രൂക്ഷമായ വിമർശനങ്ങൾകൊണ്ട് ഗവൺമെന്റിനെ ശ്വാസം മുട്ടിച്ചു. ബംഗാളിലും സെൻട്രൽ പ്രോവിൻസിലും സ്വരാജ് കക്ഷിക്ക് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചു.

ചൗരിചൗരാ സംഭവത്തെതുടർന്ന് ഗാന്ധിജി പ്രക്ഷോഭണം നിറുത്തി വച്ചതിനെപ്പറ്റി ചർച്ച ചെയ്യാൻ ഗാന്ധിജി കോൺഗ്രസ് വർക്കിംഗ് കമ്മറ്റിയുടെ യോഗം വിളിച്ചു. പെട്ടെന്നുള്ള അറിയിപ്പായരുന്നതിനാൽ ബർദോളിയിൽ ഉണ്ടായിരുന്ന ജമൻലാൽ ബജാജിനും പൂനയിൽ നിന്നും എൻ.സി.കേൽ ക്കർക്കും ബോംബെയിൽനിന്നും വി.ജെ. പട്ടേലിനും മാത്രമേ യോഗത്തിൽ പങ്കെടുക്കാൻ സാധിച്ചുള്ളു. സമരം നിർത്തിവച്ചതിൽ എല്ലാവരും അസന്തുഷ്ടരായിരുന്നു. എങ്കിലും ഗാന്ധിജിയെ ആരും എതിർത്തില്ല.

ചൗരിചൗരയിലെ ജനക്കൂട്ടത്തിന്റെ മനുഷ്യത്വരഹിതമായ പ്രവർത്തിയേയും പോലീസ് സ്റ്റേഷൻ ചുട്ടുകരിച്ചതിനെയും അപലപിക്കുന്ന ഒരു പ്രമേയം അംഗീകരിച്ചു. സമരഭടന്മാരെ തിരഞ്ഞെടുക്കുന്നതിൽ കർശനമായ നിയന്ത്രണം ഏർപ്പെടുത്തണമെന്നും യോഗം അംഗീകരിച്ചു.

ചൗരി ചൗരായിലെ സംഭവങ്ങൾ ഗാന്ധിജിയെ അക്ഷരാർത്ഥത്തിൽ തന്നെ ഞെട്ടിച്ചു. ഏന്നാൽ ഗാന്ധിജിയുടെ അനുയായികളിൽ ഉളവായ ഞെട്ടൽ അതിഭയങ്കരമായിരുന്നു. മഹാത്മജിയോട് ഏറ്റം അടുപ്പമുണ്ടാ യിരുന്ന അദ്ദേഹത്തിന്റെ പേഴ്സണൽ സെക്രട്ടറി മഹാദേവ് ദേശായി ഗാന്ധി ജിയുടെ സമരംനിർത്തിവയ്ക്കൽ തീരുമാനം നിർഭാഗ്യകരവും വേദനാ ജനകവുമായിരുന്നെന്ന് അഭിപ്രായപ്പെട്ടു.

ചൗരിചൗരാ സംഭവത്തിന്റെ പേരിൽ സമരം നിർത്തിവെച്ചതിൽ ജയിലിൽ ആയിരുന്ന ജോർജ്ജ് ജോസഫും നിരാശനായി ഗാന്ധിജിയുടെ നിലപാടിനെ എതിർത്തു. ജോർജ്ജ് ജോസഫ് തുടർന്നെഴുതി..ഒരു വർ ഷത്തെ പ്രചാരണം കൊണ്ട് പ്രസ്ഥാനം വീണ്ടെടുക്കാമെന്ന് ഗാന്ധിജി വിശ്വ സിക്കുന്നു. എന്നാൽ ഒരു ആയിരം വർഷം കൊണ്ട് പോലും അത് സാധി ക്കുമെന്ന് ഞാൻ വിചാരിക്കുന്നില്ല. പ്രക്ഷോഭം ശക്തമായി മാറുമ്പോൾ അക്ര മസംഭവങ്ങൾ ഉണ്ടാവുക സാധാരണമാണ്. പ്രക്ഷോഭം ശക്തമാവുമ്പോൾ ഇനിയും അക്രമപരമ്പര ഉണ്ടാകും ഒരു പക്ഷേ അത് ഭീകരവുമായിരിക്കും.

ഫെബ്രുവരി 16-ന് രാജ ഗോപാലാചാരി തന്റെ ജയിൽ ഡയറിയിൽ ഇപ്രകാരം എഴുതി " ചൗരിചൗരയിൽ ജനക്കൂട്ടം കാട്ടികൂട്ടിയ ആക്രമണ ങ്ങളുടെ ഗൗരവം ഞാൻ പൂർണ്ണമായും മനസ്സിലാക്കുന്നു. എങ്കിലും എന്റെ ഗുരുവിന്റെ ആദർശങ്ങളോട് പൂർണ്ണമായ കൂറുണ്ടെങ്കിലും സമരം പിൻ വലിക്കേണ്ടിവന്നത് എന്തു കൊണ്ടാണെന്ന് മനസ്സിലാവുന്നില്ല. ഗാന്ധിജി

www.malankaralibrary.com

യുടെ ഗൗരവമേറിയ നടപടിയുടെ പിന്നിലെ യുക്തി പിടികിട്ടുന്നില്ല."

മോത്തിലാൽ നെഹ്റു, ജവഹർലാൽ നെഹ്റു ചിത്തരഞ്ജൻ ദാസ് തുടങ്ങിയവരും ബർദോളി പ്രമേയത്തെ ശക്തിയായി എതിർത്തു. ലാഹോർ ജയിലിലായിരുന്ന ലാലാലജ്പത്റായി വർക്കിംഗ് കമ്മിറ്റിയിലെ പ്രവർത്തകർക്കെഴുതി " മഹാത്മാവ് വളരെ ഉയർന്ന മാനദണ്ഡങ്ങളാണ് സ്വയം അടിച്ചേൽപിക്കുന്നത്. ഭരണ കൂടത്തിന്റെ മനസ്സുമാറ്റാതെ ജനക്കൂട്ടം ഇത്തരം ക്രൂരപ്രവർത്തികളിൽ നിന്ന് വിട്ടുനിൽക്കാനുള്ള മനമാറ്റം നേടിയെടുക്കുക അസംഭവ്യമാണ്".

എന്നാൽ ജയിലിൽ കിടന്ന ജോർജ്ജ് ജോസഫ് മറ്റുള്ള എല്ലാവരേക്കാളും അസന്തുഷ്ടനായിരുന്നു. അദ്ദേഹം ഗാന്ധിജിക്ക് എഴുതിയ കത്തിൽ "രാജവ്യാപകമായി അഹിംസയിൽ അധിഷ്ഠിതമായ ചെറുത്തുനില്പ് എന്ന ഗാന്ധിയൻ ആശയം പ്രായോഗികമല്ലെന്ന് ഉള്ളതിന്റെ തെളിവാണ് ചൗരിചൗരാ സംഭവം"....

ജോർജ്ജ് ജോസഫ് ഗാന്ധിക്കുള്ള ഒരു കത്തിൽ എഴുതി "പ്രചാരണംകൊണ്ടും വ്യക്തിപരമായ മാതൃകകൾ കൊണ്ടും ഇങ്ങനെയുള്ള പൊട്ടിത്തെറികൾ ഒഴിവാക്കാൻ കഴിയും എന്നതായിരുന്നു നമ്മുടെ വിശ്വാസത്തിന്റെ കാതലും അച്ചടക്കത്തിന്റെ പിന്നിലെ തത്വശാസ്ത്രവും. നമ്മുടെ വിശ്വാസം അസ്ഥാനത്താണ് എന്ന ഗുണപാഠമാണ് ഞാൻ ഗോരഖ്പൂർ സംഭവത്തിൽ ദർശിക്കുന്നത്. മറ്റൊരു നിഗമനത്തിൽ എത്തുക യാഥാർത്ഥ്യത്തിന് നിരക്കാത്തതാവും. അതുകൊണ്ട് നാം ഉൾക്കൊള്ളേണ്ട പാഠമിതാണ്. ഇതുമാത്രമാണ് നമ്മുടെ പ്രസ്ഥാനത്തിന്റെ മൗലികമായ വ്യവസ്ഥ പരാജയപ്പെട്ടിരിക്കുന്നു. ഈ പരാജയം നിസ്സഹകരണത്തിന്റെയും മരണമാണ്. ഈ അവസ്ഥയിൽ ഞാൻ എന്താണ് ചെയ്യേണ്ടത്? ഞാൻ അഹിംസയുടെ സാധ്യതകളിൽ വിശ്വസിച്ചു. ഒരു കുരിശുയുദ്ധപ്പോരാളിയുടെ വിശ്വാസത്തോടും സന്തോഷത്തോടും കൂടി അതിനുവേണ്ടി പ്രയത്നിച്ചു. നഷ്ടപ്പെട്ടതെല്ലാം ഭൂമിയിൽ ദൈവരാജ്യം വരുന്നതിനുവേണ്ടിയാണല്ലോ എന്നോർത്ത് സമാധാനിച്ചു. ഇതുവരെ ആനന്ദമായിരുന്നു കാരാഗൃഹവാസം. ഇപ്പോൾ ശിക്ഷയായി മാറിയിരിക്കുന്നു. അബദ്ധമെന്ന് ഇന്ന് ഞാൻ മനസ്സിലാക്കിയിരിക്കുന്ന ഒരു തത്വശാസ്ത്രം ആയിരങ്ങളോട് നിത്യവും ഉപദേശിച്ചതിനുള്ള ശിക്ഷ. സമൂലം മാറിയ എന്റെ വീക്ഷണങ്ങൾ പ്രകാശിപ്പിക്കുക എന്നത് ഇനി എന്റെ കടമയാണ്. അതിന്റെ പ്രത്യാഘാതങ്ങൾ എന്തുമാവട്ടെ മറ്റൊന്നു നേടിയെടുക്കാതെ എന്റെ രാജ്യം ഞാൻ എറിഞ്ഞുകളഞ്ഞിരിക്കുന്നു."

ഗാന്ധി ഈ കത്തിന്റെ അടിസ്ഥാനത്തിൽ ഇപ്രകാരം പറഞ്ഞു. ദേശീയപ്രസ്ഥാനത്തിൽ പങ്കാളിയായ കാലം മുതൽതന്നെ ഒരുമാർഗ്ഗം എന്ന നിലയിൽ അഹിംസയെ അംഗീകരിക്കാൻ ജോർജ്ജ് ജോസഫിന് അനേകം വിലങ്ങുതടികൾ ഉണ്ടായിരുന്നു.

www.malankaralibrary.com





ഈ മാനസികാവസ്ഥയിൽ നിന്ന് ജോർജ്ജ് ജോസഫ് പെട്ടെന്ന് മാറുകയുണ്ടായി. ഭയമോ ആശങ്കയോ ഇല്ലാതെ ഭാവിയെ അഭിമുഖീകരിക്കാൻ കഴിയുമെന്ന് തോന്നുന്നതായി സൂസന്നയ്ക്കയച്ച കത്തിൽ വ്യക്തമാക്കി. രാഷ്ട്രീയ സ്വഭാവമുള്ള ഏത് അക്രമവും സമരങ്ങളെ പെട്ടെന്ന് നിറുത്തിവയ്ക്കുവാൻ പ്രേരണയാവില്ലെന്നും ഓരോന്നിന്റെയും ഗൗ രവും ഗാന്ധിജി തന്നെ തീരുമാനിക്കുമെന്നും ബോംബെക്രോണിക്കളിലൂടെ ഗാന്ധിജി പുറപ്പെടുവിച്ച അഭിപ്രായം സ്വീകാര്യമാണെന്നും ജോർജ്ജ് ജോസഫ് പറഞ്ഞു. ഓരോ പ്രശ്നത്തെപ്പറ്റിയും പഠിച്ച് തീരുമാനമെടുക്കാൻ ഗാന്ധിജിക്ക് കഴിയുമെന്നും ജോർജ്ജ് ജോസഫ് വ്യക്തമാക്കി. എന്നാൽ ഗാന്ധിജി അറസ്റ്റ് ചെയ്യപ്പെടുന്ന നിമിഷം എന്തും സംഭവിക്കുമെന്ന് കണ്ടറിയണം. ഗാന്ധിജി ഉടനെയെങ്ങും അറസ്റ്റ് ചെയ്യപ്പെടുകയില്ലെന്ന പൊതുധാരണയോട് ജോർജ്ജ് ജോസഫ് യോജിച്ചില്ല. അദ്ദേഹം അറസ്റ്റ് ചെയ്യപ്പെട്ടാൽ കൂടുതൽ അപകടകരമായ അവസ്ഥ നിലവിൽ വരും എന്ന് ജോർജ്ജ് ജോസഫ് അഭിപ്രായപ്പെട്ടു.

ജയിലിൽ അടക്കപ്പെട്ടിരുന്ന ഗാന്ധിജിയുടെ സുഹൃത്തുക്കളുടെ അഭിപ്രായങ്ങളും പ്രതിഷേധങ്ങളും ഗാന്ധി യഥാവസരം അറിഞ്ഞിരുന്നില്ല. എന്നുതന്നെയുമല്ല അവരുടെ അഭിപ്രായങ്ങൾ പൊതുജനങ്ങളിലേക്ക് എത്തിയതുമില്ല. ഫെബ്രുവരി 25-ന് ഡൽഹിയിൽ ചേർന്ന എ.ഐ.സി.സി. സമ്മേളനം പ്രക്ഷുബ്ധമായിരുന്നു. സിവിൽ നിയമലംഘനം പിൻവലിച്ചതിനെ ഭൂരിപക്ഷം പേരും എതിർക്കുകയുണ്ടായി. അതേസമയം നിയമലംഘനം പ്രഖ്യാപിച്ചതിൽ കാണിച്ച തിടുക്കത്തെപ്പറ്റിയും ചിലർ വിമർശിച്ചു. ഗാന്ധി ജനവികാരം മാനിച്ച് ചില ഭേദഗതികൾ അംഗീകരിച്ചു. ഇതുപ്രകാരം പൊതുനിയമലംഘനത്തിനുപകരം വ്യക്തിഗതമായ നിയമലംഘനം ആവാം എന്ന നിലപാട് ഗാന്ധിജി സ്വീകരിച്ചു. ഇതോടെ ബർദോളി പ്രമേയങ്ങൾക്ക് എ.ഐ.സി.സി. ഔപചാരികമായ അംഗീകാരം നല്കി. നിസ്സഹകരണസമരം പിൻവലിച്ചതിന്റെ പേരിൽ ഉണ്ടായ എതിർപ്പിന്റെ രൂക്ഷത ഗാന്ധി ശരിക്കും ഗ്രഹിച്ചു. ഗാന്ധിജി യംഗ് ഇന്ത്യയിൽ എഴുതി "എന്റെ വാദഗതികളോടും അഭിപ്രായങ്ങളോടും ജനങ്ങൾ യോജിക്കുന്നതുകൊണ്ടല്ല ഞാൻ ഗാന്ധിയായതുകൊണ്ടാണ് അവർ എന്നെ പിന്തുണച്ചത്. 1922 മാർച്ച് 10-ന് ഗാന്ധിജിയെ അറസ്റ്റു ചെയ്തു. വിചാരണയ്ക്കുശേഷം ആറുവർഷത്തെ തടവിനു വിധിച്ചു. ആരോഗ്യപരമായ കാരണങ്ങളാൽ 1924 ജനുവരിയിൽ അദ്ദേഹത്തെ മോചിപ്പിച്ചു. ഗാന്ധിജി ജയിലിൽ ആയിരുന്ന കാലത്ത് സ്വാതന്ത്ര്യസമരം പിന്നോട്ടായി ചൗരി ചൗരാ സംഭവത്തെ തുടർന്ന് നിസ്സഹകരണ പ്രസ്ഥാനം പിൻവലിച്ചതോടെ പ്രക്ഷോഭണം കെട്ടടങ്ങി. വിദ്യാർത്ഥികൾ സ്കൂളുകളിലേക്കും അഭിഭാഷകർ കോടതിയിലേക്കും കയറി.

www.malankaralibrary.com

മോത്തിലാൽ നെഹ്റു, ചിത്തരഞ്ജൻദാസ് തുടങ്ങിയ മുതിർന്ന നേതാക്കൾ മറ്റൊരു സമീപനം മുന്നോട്ടുവച്ചു. തിരഞ്ഞെടുപ്പിൽ പങ്കെടുത്ത് പ്രാദേശിക, പ്രവശ്യ, ദേശീയ നിയമസഭകളിൽ അംഗമായി ഉത്തരവാദ സഹകരണം അല്ലെങ്കിൽ തിരഞ്ഞെടുപ്പിൽ ജയിച്ചാലും സഭകളിലെ അംഗത്വം സ്വീകരിക്കാതെ 'ഉത്തരവാദി നിസ്സഹകരണം' എന്നതായിരുന്നു ഈ സമീപനം. അംഗത്വം സീകരിച്ച് നിയമസഭകളുടെ പ്രവർത്തനത്തെ സ്തംഭിപ്പിക്കുകയെന്നതായിരുന്നു ചിലർ മുന്നോട്ടു വച്ച നിർദ്ദേശം. നാലുവർഷം മുൻപ് ന്യൂ ഇന്ത്യയിൽ ജോർജ്ജ് ജോസഫ് ഇതേ ആശയം ഉന്നയിച്ചുകൊണ്ട് ഒരു ലേഖനം എഴുതിയിരുന്നു. ഏതായാലും കോൺഗ്രസ്സുകാരിൽ ഒരു വിഭാഗം ചേർന്ന് സ്വരാജ് പാർട്ടി രൂപീകരിച്ചു. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനുള്ളിൽതന്നെ ഡൊമീനിയൻ പദവി എന്നതായിരുന്നു അവരുടെ ലക്ഷ്യം. ഈ തത്വത്തെ ചിലർ ശക്തിയായി എതിർത്തു. ഈ രണ്ടു വിഭാഗങ്ങളും കടുത്ത ശത്രുതയിലാണ് പിന്നീട് പ്രവർത്തിച്ചത്. ജയിൽ വിമോചിതനായി വന്ന ഗാന്ധിജിക്ക് ഈ ഇരുവിഭാഗത്തെയും തമ്മിൽ യോജിപ്പിച്ചുകൊണ്ടുപോകാൻ സാധിച്ചില്ല. എന്നുതന്നെയുമല്ല ഗാന്ധി ഇന്ത്യൻ രാഷ്ട്രീയത്തിൽ നിന്നും മാറി നിർമ്മാണപ്രവർത്തനങ്ങളുമായി മുന്നോട്ടുപോയി. ഇതോടെ സ്വരാജ് പാർട്ടിക്കാർ അവരുടെ പദ്ധതികളുമായി മുന്നോട്ടുനീങ്ങി. ഇതോടെ നേതാവില്ലാത്ത ഒരു പാർട്ടിയായി കോൺഗ്രസ്സ് മാറി. ഈ സ്ഥിതിവിശേഷത്തിന് ഒരു അറുതിവരുത്തുവാൻ ജോർജ്ജ് ജോസഫ്, രാജേന്ദ്രപ്രസാദ്, വല്ലഭായി പട്ടേൽ, രാജഗോപാലാചാരി തുടങ്ങിയവർ ശ്രമിച്ചു. രാജഗോപാലാചാരി പുതിയ ഒരു നിർദ്ദേശം മുന്നോട്ടുവച്ചു. 1923 മേയ് മാസം മുതൽ സിവിൽ നിയമ നിഷേധത്തിനും വേണ്ടി വന്നാൽ വ്യക്തികളെന്ന നിലയിലുള്ള നിയമനിഷേധത്തിനും തയ്യാറാവുക. സ്വരാജ് വിഭാഗത്തെ എതിർത്തവർ പരിവർത്തനവിരുദ്ധർ എന്ന നിലയിലാണ് അറിയപ്പെട്ടത്. മേയ് 25-ാം തീയതി ബോംബെയിൽ നടന്ന എ.ഐ.സി.സി. സമ്മേളനത്തിൽ ഇരുവിഭാഗവും ധാരണയിലെത്താൻ ശ്രമിച്ചു. അതിന് നേതൃത്വം നല്കിയത് ലക്നൗ ജയിലിൽ ജോർജ്ജ് ജോസഫിനോടൊപ്പമുണ്ടായിരുന്ന പുരുഷോത്തമ ദാസ് ടണ്ടൻ ആണ്. സ്വരാജ് വിഭാഗവും പരിവർത്തന വിരുദ്ധവിഭാഗവും കോൺഗ്രസ്സിന്റെ കൊടിക്കീഴിൽ തന്നെ നിലനിൽക്കുക. പക്ഷെ ഇരുകൂട്ടർക്കും തങ്ങളുടേതായ വഴികൾ തേടാം. പൊതുവിമർശനം പാടില്ല. ഈ നിർദ്ദേശത്തെ മഹാദേവ് ദേശായിയും രാജ്ഗോപാലാചാരിയും എതിർത്തു. ആശയങ്ങളുടെയും പ്രവർത്തനപരിപാടികളുടെയും വെളിച്ചത്തിൽ ഇരുകക്ഷികളും വ്യത്യസ്തകക്ഷികളായി മാറുകയാണ് വേണ്ടതെന്ന നിലപാട് ആണ് അവർ സ്വീകരിച്ചത്. ഈ സമയം ജയിൽമോചിതനായി വന്ന ജോർജ്ജ്ജോസഫ് ഒരു ഉറച്ച നിലപാട് ആണ് സ്വീകരിച്ചത്. നിസ്സഹകരണപ്രസ്ഥാനം എന്ന കോൺഗ്രസ്സിന്റെ പ്രഖ്യാപിത നയത്തോട് കലാപം പ്രഖ്യാപിച്ച ന്യൂനപക്ഷത്തോട് യാതൊരു സന്ധിയും

www.malankaralibrary.com

ആവശ്യമില്ലെന്നും അങ്ങനെ ചെയ്താൽ അതു കൂടുതൽ കലാപങ്ങൾ ക്ഷണിച്ചു വരുത്തുമെന്നുമാണ് ജോർജ്ജ് ജോസഫ് അഭിപ്രായപ്പെട്ടത്. ജോർജ്ജ് ജോസഫും മോത്തിലാൽ നെഹ്റുവും തമ്മിലുള്ള ഭിന്നത പരിഹരിക്കപ്പെടുന്ന അവസ്ഥയിലെത്തി. കൗൺസിൽ പ്രവേശനത്തിന് തിരക്കു കൂട്ടരുതെന്ന് രാജേന്ദ്രപ്രസാദ് സ്വരാജ് പാർട്ടിയോട് അഭ്യർത്ഥിച്ചു. എന്നാൽ ടണ്ടൻ അവതരിപ്പിച്ച സന്ധിപ്രമേയം 71–ന് എതിരെ 96 വോട്ടോടെ പാസ്സായി. ഉടൻ തന്നെ വർക്കിംഗ് കമ്മറ്റിയംഗമായ രാജഗോപാലാചാരി, രാജേന്ദ്രപ്രസാദ്, വല്ലഭായി പട്ടേൽ എന്നിവർ രാജിവച്ചു.

സ്വരാജ് പാർട്ടിയും പരിവർത്തനവിരുദ്ധരും തമ്മിലുള്ള സമരം കുറേക്കാലം നീണ്ടുനിന്നു. രാജഗോപാലാചാരി മദ്രാസിലേക്ക് യാത്രയായി. സന്ധിപ്രമേയത്തിന് നിയമപരമായി നിലനില്പില്ലെന്ന് രാജഗോപാലാചാരി പരസ്യമായി പ്രസ്താവിച്ചു. ഇതേതുടർന്ന് സ്വരാജ് പാർട്ടിയുടെ നേതാവായ സത്യമൂർത്തി രാജാജിയുടെമേൽ നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ടു. ഈപ്രശ്നത്തിൽ ജോർജ്ജ് ജോസഫ് ശക്തമായ നിലപാടെടുത്തു. കോൺഗ്രസ്സ് പ്രവശ്യാ കമ്മറ്റികൾ ടണ്ടൻ സന്ധിപ്രമേയത്തെ അവഗണിച്ചുകൊണ്ട് പക്ഷം ചേരാൻ തുടങ്ങി. ഈ സന്ദർഭത്തിൽ നാഗപൂരിൽ ചേർന്ന കോൺഗ്രസ്സ് കമ്മറ്റിയോഗത്തിൽ ഈ പ്രവശ്യാ കമ്മറ്റികളെ അപലപിക്കുന്ന ഒരു പ്രമേയം ജവഹർലാൽ നെഹ്റു അവതരിപ്പിച്ചു. ജോർജ്ജ് ജോസഫ് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് നെഹ്റുവിന്റെ പ്രമേയത്തെ എതിർത്തു. പ്രവശ്യാകമ്മറ്റികൾ രൂപീകരിച്ചത് എ.ഐ.സി.സി.യാണെന്നും അവർക്ക് നിർദ്ദേശങ്ങൾ നല്കുവാൻ എ.ഐ.സി.സി.യുടെ വാർഷിക സമ്മേളനത്തിന് മാത്രമേ അധികാരമുള്ളുവെന്നും ജോർജ്ജ് ജോസഫ് വാദിച്ചു.

സ്വരാജ് പാർട്ടിയും പരിവർത്തന വിരുദ്ധരും തമ്മിൽ ഉള്ള തർക്കങ്ങൾ തുടർന്നു. ഈ സമയത്താണ് മോൺടഗു ചെംസ്ഫോർഡ് പരിഷ്കാരങ്ങൾ അനുസരിച്ചുള്ള രണ്ടാംതിരഞ്ഞെടുപ്പിന് സമയമായത്. 1920–ൽ നടന്ന ഒന്നാമത്തെ തിരഞ്ഞെടുപ്പ് കോൺഗ്രസ്സ് ബഹിഷ്കരിച്ചിരുന്നു. ഈ സന്ദർഭത്തിൽ മോൺടെഗു ചെംസ്ഫോർഡ് പരിഷ്കാരത്തെപ്പറ്റി അല്പം പറയേണ്ടിയിരിക്കുന്നു. ദേശീയപ്രസ്ഥാനം ശക്തിപ്പെടുകയും ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെടുകയും ചെയ്തതോടുകൂടി ബ്രിട്ടീഷ് ഗവണ്മെന്റ് വലിയ ഒരു പ്രതിസന്ധിയെ നേരിട്ടു. യുദ്ധയത്നങ്ങൾക്ക് ഇന്ത്യൻ സഹായം ആവശ്യപ്പെട്ടു. ഇന്ത്യയിലെ എല്ലാ വിഭാഗങ്ങളും ബ്രിട്ടീഷ് ഗവണ്മെന്റിന് പിന്തുണപ്രഖ്യാപിക്കുകയും യുദ്ധയത്നങ്ങളിൽ ആത്മാർത്ഥമായി പങ്കുചേരുകയും ചെയ്തു. ഇന്ത്യയുടെ ധനവും വിദ്യാസമ്പത്തും സൈനികവിജയങ്ങൾ നേടുന്നതിന് ബ്രിട്ടനെ സഹായിച്ചു. ഈ സഹകരണത്തിന് പ്രതിഫലമായി കൂടുതൽ മെച്ചപ്പെട്ട ഭരണപരിഷ്കാരങ്ങൾ ഏർപ്പെടുത്തുന്നതാണെന്ന് ഇന്ത്യാസ്റ്റേറ്റ് സെക്രട്ടറിയായ മോൺടെഗു പ്രഭു ബ്രിട്ടീഷ് പാർലമെന്റിൽ പ്രഖ്യാപിച്ചു. അതിന്റെയടിസ്ഥാനത്തിൽ ബ്രിട്ടീഷ് പാർല

www.malankaralibrary.com

മെന്റ് പാസ്സാക്കിയ 1919-ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ട് ആണ് മോണ്ടെ ഗു-ചെംസ് ഫോർഡ് പരിഷ്കാരങ്ങൾ എന്നറിയപ്പെടുന്നത്.

ഈ ആക്ട് അനുസരിച്ച് കൗൺസിൽ ഓഫ് സ്റ്റേറ്റ്സ്, സെൻട്രൽ ലജിസ്ലേറ്റീവ് അസംബ്ലി എന്നീ രണ്ടു മണ്ഡലങ്ങളുള്ള ഒരു നിയമനിർമ്മാണസഭ കേന്ദ്രത്തിൽ നിലവിൽ വന്നു. കൗൺസിലിലെ അറുപത് അംഗങ്ങളിൽ 34 പേർ തിരഞ്ഞെടുക്കപ്പെട്ടവരായിരുന്നു. അതിന്റെ കാലാവധി 5 വർഷം. കേന്ദ്ര ലജിസ്ലേറ്റീവ് അസംബ്ലിയിൽ 145 അംഗങ്ങളുണ്ടായിരുന്നു. അവരിൽ 100 പേർ തിരഞ്ഞെടുക്കപ്പെട്ടവരും മറ്റുള്ളവർ നാമനിർദ്ദേശം ചെയ്യപ്പെട്ടവരുമായിരുന്നു. കേന്ദ്രനിയമ സഭയുടെ തീരുമാനങ്ങളെ വീറ്റോ ചെയ്യുന്നതിന് ഉള്ള അധികാരം ഗവർണർ ജനറലിന് നല്കിയിരുന്നു. വൈസ്രോയിയുടെ എക്സിക്യൂട്ടീവ് കൗൺസിലിലേക്ക് ഈ ആക്ട് അനുസരിച്ച് സംസ്ഥാനങ്ങളിൽ തിരഞ്ഞെടുക്കപ്പെട്ട മെമ്പർമാർക്ക് ഭൂരിപക്ഷമുള്ള നിയമസഭകൾ നിലവിൽ വന്നു. ദ്വിഭരണ സമ്പ്രദായമാണ് അവിടെ ഏർപ്പെടുത്തിയിരുന്നത്.

മോണ്ടെഗു ചെംസ്ഫോർഡ് ഭരണപരിഷ്കാരത്തോട് വിയോജിച്ചാണ് കോൺഗ്രസ്സ് 1920-ൽ നടന്ന പ്രഥമതിരഞ്ഞെടുപ്പ് ബഹിഷ്കരിച്ചത്. 1923-ൽ നടന്ന തിരഞ്ഞെടുപ്പിൽ സ്വരാജ് കക്ഷി ഏറ്റംവലിയ ഒറ്റക്കക്ഷിയായി. മൂന്നിലൊന്ന് സീറ്റുകളോടെ 145 അംഗകേന്ദ്രനിയമസഭയിൽ അവർ മേൽക്കൈ നേടി. ബംഗാൾ, ബോംബെ, എന്നീ പ്രവശ്യകളിൽ സ്വരാജ്പാർട്ടി നിർണ്ണായക ശക്തിയായി മാറി.

സ്വരാജ്പാർട്ടി വിജയത്തിലേറിയപ്പോൾ മദ്രാസിൽ ജസ്റ്റിസ് പാർട്ടിയാണ് വിജയിച്ചത്. ജനസംഖ്യയുടെ 95 ശതമാനം വരുന്ന അബ്രാഹ്മണരുടെ താല്പര്യസംരക്ഷണത്തിനായിട്ടാണ് ജസ്റ്റിസ് പാർട്ടി രൂപീകരിച്ചത്. അന്ന് കോൺഗ്രസ്സ് നേതൃത്വം ഉത്തരേന്ത്യയിലും ദക്ഷിണേന്ത്യയിലും ബ്രാഹ്മണരുടെയും ഉയർന്ന ജാതിക്കാരുടെയും കരങ്ങളിലായിരുന്നു. അതിനാൽ കോൺഗ്രസ്സ് പാർട്ടി ആരുടെ താല്പര്യത്തിന് വേണ്ടി നില കൊള്ളുമെന്ന് സാധാരണ ജനങ്ങളുടെയിടയിൽ സംശയം ഉദിച്ചിരുന്നു. അന്ന് രാജഗോപാലാചാരിയും സത്യമൂർത്തിയും തമ്മിൽ നടന്ന പ്രസ്താവനായുദ്ധങ്ങൾ കോൺഗ്രസ്സിന് തിരഞ്ഞെടുപ്പിൽ തിരിച്ചടിയായി. ജസ്റ്റിസ് പാർട്ടിയുടെ മുന്നേറ്റം പ്രാദേശികദേശീയത ഉയർത്തിക്കൊണ്ടുള്ളതായിരുന്നു. രാജ്യത്തിന്റെ മൊത്തം വക്താവ് എന്ന കോൺഗ്രസ്സിന്റെ സ്ഥാനത്തിന് ജസ്റ്റിസ് പാർട്ടി ഒരു വെല്ലുവിളിയായേക്കുമെന്ന് പലരും ധരിച്ചു. ജസ്റ്റിസ് പാർട്ടിയുടെ ആഭ്യന്തര ദൗർബല്യങ്ങൾ ആ പാർട്ടിയേയും തകർത്തുകൊണ്ടിരുന്നു. ബ്രാഹ്മണ വിരുദ്ധതയൊഴിച്ചാൽ മറ്റ് യാതൊരു ലക്ഷ്യവും ജസ്റ്റിസ് പാർട്ടിക്കില്ലായിരുന്നു.

www.malankaralibrary.com

# 13. ദേശീയ രാഷ്ട്രീയത്തിൽ

ഹോം റൂൾ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് രാഷ്ട്രീയത്തിലിറങ്ങിയ ജോർജ്ജ് ജോസഫ് അധികം കഴിയുന്നതിന് മുമ്പ് ദേശീയ രാഷ്ട്രീയത്തിലെ പ്രധാനിയായി ഉയർന്നു. ഒന്നാം ലോകമഹായുദ്ധാനന്തരം ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിക്കുമെന്ന് ഭാരതീയർ വിശ്വസിച്ചിരുന്നു. എന്നാൽ ബ്രിട്ടീഷു കാർ അതിന് തയ്യാറായില്ല. ആ സാഹചര്യത്തിൽ ഇന്ത്യ മുഴുവൻ പ്രക്ഷു ബ്ധമായി മാറി. റൗലക്ട് ആക്ടും ജാലിയൻ വാലാ ബാഗ് കൂട്ടക്കൊലയും മോൺടേഗു ചെംസ്ഫോർഡു ഭരണപരിഷ്ക്കാരങ്ങളും ഇന്ത്യാക്കാരുടെ അമർഷം വർദ്ധിക്കുന്നതിനിട നൽകി. അതേ സമയം മുസ്ലീംങ്ങൾ ലോക രാഷ്ട്രീയസ്ഥിതിഗതികൾ വിലയിരുത്തുകയും ഖിലാഫത്ത് കമ്മറ്റി രൂപീ കരിച്ചു കൊണ്ട് ബ്രിട്ടീഷുകാർക്കെതിരെ പോരാടാൻ മുന്നോട്ടു വരികയും ചെയ്തു.

ഹോം റൂൾ ലീഗിന്റെ നേതാവായിരുന്ന ആനിബസന്റ് 1917-ൽ തടവി ലായിരുന്നപ്പോഴാണ് മോത്തിലാൽ നെഹ്റു ദേശീയ രാഷ്ട്രീയത്തിൽ സജീ വമായത്. ഹോം റൂൾ ലീഗിന്റെ അലഹബാദ് ശാഖയുടെ അദ്ധ്യക്ഷനായി. 1918 -ലെ മോൺടേഗു ചെംസ്ഫോർഡ് പരിഷ്ക്കാരങ്ങളിൽ കാതലായ മാറ്റം വരുത്തണമെന്ന് മോത്തിലാൽ അഭിപ്രായപ്പെട്ടു. അതേ തുടർന്ന് കോൺഗ്ര സിലെ മിതവാദികളുമായി അഭിപ്രായവ്യത്യാസത്തിലായി. അന്ന് ദ ലീഡർ എന്ന പ്രാദേശിക പത്രം മിതവാദികളുടെ ഔദ്യോഗികജിഹ്വയെപ്പോലെയാണ് പ്രവർത്തിച്ചത്. ദ ലീഡർ പത്രത്തിന്റെ നിലപാടിനോട് മോത്തിലാൽ വിയോ ജിച്ചു. തുടർന്നദ്ദേഹം പുതിയ പ്രസിദ്ധീകരണം 1919- ഫെബ്രുവരി 5-ന് ആരംഭിച്ചു. അതാണ് ദ ഇൻഡിപെൻഡന്റ്. ഏകാധിപത്യത്തിനെതിരെ പോരാ ടുക, ഇന്ത്യക്ക് വേണ്ടി ചിന്തിക്കുക എന്നിവയാണ് പത്രത്തിന്റെ ലക്ഷ്യമെന്ന് മോത്തിലാൽ പ്രഖ്യാപിച്ചു. എന്നാൽ അതനുസരിച്ചുള്ള വാർത്തകളോ ലേഖ നങ്ങളോ പത്രത്താളുകളിൽ പ്രസിദ്ധീകരിച്ചിരുന്നില്ല. ആ പ്രസിദ്ധീകര ണത്തെ അതിന്റെ ലക്ഷ്യങ്ങളിലെത്തിക്കുവാൻ കഴിവുള്ള ഒരു പത്രാധി പരെ മോത്തിലാൽ അന്വേഷിച്ചുകൊണ്ടിരുന്നു.

സബർമതി ആശ്രമത്തിൽ അധികനാൾ തങ്ങുവാൻ ജോർജ്ജ് ജോസഫിനായില്ല. അപ്പോഴേക്കും പുതിയ ഉദ്യോഗങ്ങൾ ഏറ്റെടുക്കുവാൻ അദ്ദേഹത്തിന് നിയോഗം വന്നു. അതിന് കാരണക്കാരൻ മഹാത്മജി തന്നെ

www.malankaralibrary.com

ആയിരിക്കാം. മോത്തിലാലിന്റെ ഇൻഡിപെൻഡന്റിന്റെ പത്രാധിപരാകാൻ യോഗ്യൻ ജോർജ്ജ് ജോസഫ് ആണെന്ന് മഹാത്മജി അഭിപ്രായപ്പെട്ടിരിക്കാം. സബർമതി ആശ്രമത്തിൽ വച്ച് മോത്തിലാൽ നെഹ്റുവിനെയും ജവഹർലാൽ നെഹ്റുവിനെയും ജോർജ്ജ് ജോസഫ് പരിചയപ്പെട്ടിരുന്നു. ജോർജ്ജ് ജോസഫിന്റെ ദേശസ്നേഹത്തിലും പ്രാഗത്ഭ്യത്തിലും ആകൃഷ്ടനായ മോത്തിലാൽ ദി ഇൻഡിപെൻഡന്റ് എന്ന പത്രത്തിന്റെ പത്രാധിപരായി നിയമിക്കാൻ ആഗ്രഹിച്ചു. തന്റെ മകൻ ജവഹർലാലിന് മോത്തിലാൽ അയച്ചകത്തിൽ ജോർജ്ജ് ജോസഫിനെ ദി ഇൻഡിപെൻഡന്റിന്റെ പാത്രാധിപരാക്കാൻ ശ്രമിക്കണമെന്നും അയാളെക്കാൾ യോഗ്യനായ ഒരാളെ കിട്ടാൻ സാദ്ധ്യതയില്ലെന്നും സൂചിപ്പിച്ചിരുന്നു. മോത്തിലാന്റെ ക്ഷണം സ്വീകരിച്ച് ജോർജ്ജ് ജോസഫ് പത്രാധിപത്യം സ്വീകരിച്ചു. അതിനാൽ ഏതാണ്ട് രണ്ടുമാസം മാത്രമേ സബർമതിയിൽ താമസിച്ചുള്ള നെഹ്റുകുടുംബവുമായി അടുത്തിടപെടുന്നതിന് ഈയവസരം സഹായകരമായി.

നെഹ്റു കുടുംബവുമായി ജോർജ്ജ് ജോസഫ് അടുത്ത ബന്ധം പുലർത്തിയിരിക്കുന്നു. അലഹബാദിലെ ബാങ്ക് സ്ട്രീറ്റിലുള്ള വീട്ടിൽ ആയിരുന്നു ജോർജ്ജ് ജോസഫ് താമസിച്ചിരുന്നത്.

മോത്തിലാൽ ആ വീട്ടിലെ നിത്യ സന്ദർശകനായിരുന്നു ജവഹർലിന്, ജോർജ്ജ് ജോസഫിനേക്കാൾ രണ്ട് വയസിളപ്പമായിരുന്നു. ജവഹർലാൽ രാവിലത്തെ നടപ്പുകഴിഞ്ഞു തിരികെ വരുമ്പോൾ ജോർജ്ജ ജോസഫിന്റെ വീട്ടിൽ കയറി ഒരുകപ്പ് ചായ കുടിക്കുക പതിവായിരുന്നു. ഇതിനിടയിൽ മോട്ടിലാലിന്റെ ഭവനത്തിൽ അസ്വരസ്യങ്ങൾ സൃഷ്ടിച്ചു. അതിൽ പ്രധാനമായ ഒന്ന് മോത്തിലാലിന്റെ മകൾ വിജയലക്ഷ്മിയും സൈയ്ദ് ഹുസൈനും തമ്മിലുള്ള പ്രേമബന്ധം ആയിരുന്നു. സൈയ്ദ് ഹുസൈൻ ഹോംറൂൾ പ്രസ്ഥാനത്തിലെ ഒരു പ്രമുഖൻ ആയിരുന്നു. ഹോം റൂൾ ലണ്ടനിലേക്ക് പോകുവാൻ തിരഞ്ഞെടുത്ത പ്രതിനിധികളിൽ ഒരാളുമായിരുന്നു. ലണ്ടനിലേക്ക് ഉള്ള പ്രവേശനം നിഷേധിച്ചതിനാൽ ജിബ്രാൾട്ടറിൽ വച്ച് അദ്ദേഹം മടങ്ങിപ്പോരുകയാണുണ്ടായത്. ഒരു മുസ്ലീം കുടിയായ സൈയ്ദ് ഹുസൈനുമായുള്ള ബന്ധത്തെ മോത്തിലാൽ അനുകൂലിച്ചില്ല. ഈ പ്രശ്നം പരിഹരിക്കുന്നതിന് മുൻ നിന്ന് പ്രവർത്തിച്ചത് സൂസന്നയായിരുന്നു.ഗാന്ധിജിയും ഇക്കാര്യത്തിൽ ഇടപെട്ടു. ഏതായാലും പ്രശ്നം പരിഹരിച്ചു വിജയലക്ഷ്മിയും സൈയ്ദ് ഹുസൈനുമായുള്ള വിവാഹം നടന്നു. ഗാന്ധിജിയുടെ മകൻ ദേവദാസും രാജഗോപാലാചാരിയുടെ മകൾ ലക്ഷ്മിയും തമ്മിൽ പ്രണയത്തിലായി. അവരുടെ വിവാഹവും മംഗളകരമായി തീർക്കുവാൻ ശ്രമിച്ചവരിൽ പ്രമുഖയായിരുന്നു സൂസന്ന. സൂസന്നയുടെ നയജ്ഞതയും ആദർശധീരതയും എല്ലാവരുടെയും പ്രശംസപിടിച്ചു പറ്റുകയുണ്ടായി.

www.malankaralibrary.com

ഇൻഡിപെൻഡന്റ് പത്രത്തിന്റെ ആദ്യകാലങ്ങളിൽ അതിന്റെ ലക്ഷ്യത്തിലെത്താൻ സാധിച്ചില്ല അതിനെ നയിക്കാൻ കഴിവുള്ള ഒരു പത്രാധിപർ ഇല്ലായിരുന്നുവെന്നതാണ് വാസ്തവം. സാധാരണ യുദ്ധകാല വാർത്തകളും ചക്രവർത്തിയെപ്പറ്റിയുള്ള വാർത്തകളും ആരോഗ്യപംക്തിയും ഒക്കെയായിരുന്നു പത്രത്തിലെ വിഭവങ്ങൾ, അതിൽ താല്പര്യമില്ലാത്തവർക്കായി കുതിരപ്പന്തയം ക്രക്കറ്റ്, സിനിമ തുടങ്ങിയവയെപ്പറ്റിയും പത്രത്തിൽ ചേർത്തിരുന്നു.

ശക്തമായ ദേശീയ ലൈൻ സ്വീകരിക്കണമെന്ന വ്യവസ്ഥയോടുകൂടിയാണ് ജോർജ്ജ് ജോസഫിനെ പത്രാധിപരായി മോത്തിലാൽ നിയോഗിച്ചത്. തന്റെ ദേശീയ ചിന്തകൾ മൂർച്ചയേറിയ തൂലികയിലൂടെ അവതരിപ്പിച്ചു. അദ്ദേഹത്തിന് വ്യക്തമായ ഒരു രാഷ്ട്രീയലൈനും ഉണ്ടായിരുന്നു. അതെല്ലാം കൂടിച്ചേർന്നപ്പോൾ ഇൻഡിപെൻഡന്റ് പത്രം മറ്റു ദേശീയ പത്രങ്ങൾക്ക് മാതൃകയായിതീർന്നു.

ജോർജ്ജ് ജോസഫ് ബ്രിട്ടീഷ് ഭരണകൂടത്തെ രൂക്ഷമായി വിമർശിച്ചിരുന്നു. അദ്ദേഹം എഴുതിയിരുന്നമുഖപ്രസംഗങ്ങൾ പത്രാധിപക്കുറിപ്പുകൾ എന്ന പേരിലായിരുന്നു. പത്രാധിപരുടെ സ്വന്തം അഭിപ്രായങ്ങൾ ധീരതയോടെ എഴുതുവാൻ അദ്ദേഹം മടികാണിച്ചില്ല. ജോർജ്ജ് ജോസഫിന്റെ മൂന്നു സുഹൃത്തുക്കൾ പത്രാധിപസമിതിയിൽ ഉണ്ടായിരുന്നു. ജോർജ്ജ് ജോസഫിനോടൊപ്പം ഗാന്ധിയുടെ നേതൃത്വം സ്വീകരിച്ച ദക്ഷിണേന്ത്യയിലെ അഭിഭാഷകനായിരുന്ന വെങ്കിട്ടരാമനായിരുന്നു അവരിൽ ഒരാൾ. ജോർജ്ജ് ജോസഫിന്റെയും സൂസന്നയുടെയും ഒപ്പം താമസിച്ചിരുന്ന സദാനന്ദ് ആയിരുന്നു മറ്റൊരാൾ. ജോർജ്ജ് ജോസഫിന്റെ ദത്തുപുത്രനെന്നായിരുന്നു സദാനന്ദ് സ്വയം വിശേഷിപ്പിച്ചിരുന്നത്. പിൽക്കാലത്ത് പ്രഗത്ഭനായ ഒരു പത്രപ്രവർത്തകനായി അദ്ദേഹം ഉയർന്നു. ഫ്രീ പ്രസ് ജേർണലിസത്തിന്റെ പത്രാധിപരും ഫ്രീ പ്രസ്സ് പ്രസിദ്ധീകരണങ്ങളുടെ ഉടമയും ആയി തീർന്ന സദാനന്ദ് ഇന്ത്യയുടെ നോർത്ത് ക്ലിഫ് എന്നും അറിയപ്പെട്ടിരുന്നു. ഗാന്ധിജിയുടെ സെക്രട്ടറിയായിരുന്ന മഹാദേവ് ദേശായിയായിരുന്നു മൂന്നാമൻ. ഇവർ മൂവരും ജോർജ്ജ് ജോസഫും കൂടി ദി ഇൻഡിപെൻഡന്റിനെ ഉന്നതനിലവാരം പുലർന്ന പത്രമാക്കി മാറ്റി.

ഭീകരതയുടെ ഭ്രാന്തൻ തേർവാഴ്ച എന്ന ശീർഷകത്തിൽ 1921 മെയ് 10-ാം തീയതി പ്രസിദ്ധീകരിച്ച പത്രാധിപക്കുറിപ്പിൽ ഇപ്രകാരം എഴുതിയിരുന്നു. “റീഡിങ്പ്രഭു ആക്രമത്തെ അപലപിക്കുന്നു. അതിൽ അദ്ദേഹം ശരിയുമാണ്. വൈസ്രോയി എന്ന നിലയിൽ അദ്ദേഹത്തിൽനിന്ന് ഞങ്ങൾ ഒരു തരത്തിലുള്ള ആനുകൂല്യങ്ങളും പ്രതീക്ഷിക്കുന്നില്ല. പക്ഷേ അദ്ദേഹം മിഡിൽ ടെംപളിലെ ഒരു ബഞ്ചർ ആണെന്നും നീതിയിൽ താൽപര്യമുള്ള ഒരു വ്യക്തിയാണെന്നും നമുക്കറിയാം. അതുകൊണ്ടുതന്നെ തത്വദീക്ഷയി

www.malankaralibrary.com

ല്ലാത്ത ഒരു പോലീസുകാരന്റെ പ്രാകൃതമായ ചെയ്തികൾ അദ്ദേഹത്തെ ഞെട്ടിപ്പിക്കുമെന്ന് , ഞങ്ങൾ ന്യായമായും കരുതുന്നു. ആ നിലയിൽ സുൽത്താൻപൂരിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ട ഒരു സംഭവം അദ്ദേഹത്തിന്റെ ശ്രദ്ധയിൽപെടുത്തട്ടെ. ഒരു വന്യമൃഗം മാത്രം ചെയ്തേക്കാവുന്ന ക്രൂരതയുടെ കഥയാണിത്. (ഇങ്ങനെ പറയുന്നത് മൂകരായ മൃഗങ്ങളോട് കാട്ടുന്ന അനീതിയാണെങ്കിൽ ദൈവം മാപ്പുനൽകട്ടെ).

മുകളിൽ ഉദ്ധരിച്ചിരിക്കുന്ന ഖണ്ഡികയിൽ സൂചിപ്പിച്ചിരിക്കുന്നത് റീഡിംഗ്പ്രഭുവിന് സുൽത്താൻപൂരിലെ പാവപ്പെട്ട കർഷകരെ ഉപദ്രവിക്കുന്ന ഭ്രാന്തൻ ഓഫീസറെ നിയന്ത്രിക്കാനുള്ള താൽപര്യമോ അധികാരമോ ഇല്ലന്നാണ്. ഇങ്ങനെ തുറന്നടിക്കുന്നത് ബ്രിട്ടീഷ് ഗവൺമെന്റിന്റെ ഉന്നതതലങ്ങളിലുള്ളവരെ കോപാകുലരാക്കുവാൻ ഇടയായി. പിൽക്കാലത്ത് ജോസഫിനെതിരെ അക്രമത്തിന് പ്രേരിപ്പിച്ചുവെന്ന കുറ്റം ചുമത്തി കേസെടുത്തപ്പോൾ തെളിവായി ഉന്നയിച്ചിരുന്നത് മേൽപറഞ്ഞ പത്രാധിപക്കുറിപ്പായിരുന്നു. അതുപോലെതന്നെ 1921 ഫെബ്രുവരി 13-ാം തീയതിയിലെ പത്രാധിപക്കുറിപ്പുകളിൽ വന്ന ലേഖനവും തെളിവായി യു.പി. സർക്കാർ ഉപയോഗിച്ചിരുന്നു. ബ്രിട്ടീഷ് രാജകുടുംബത്തിലെ ഒരു പ്രമുഖനായ ഡ്യൂക് ഓഫ് കൊണാട്ട് ഇന്ത്യ സന്ദർശിച്ചതിനെക്കുറിച്ചായിരുന്നു പത്രാധിപക്കുറിപ്പ്. പ്രശ്നങ്ങളെല്ലാം പരിഹരിക്കപ്പെടുമെന്ന രീതിയിലായിരിക്കണം അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ എന്ന് നേരത്തെ അദ്ദേഹത്തെ അറിയിച്ചിരുന്നു. അതുപോലെതന്നെ അദ്ദേഹം പ്രശ്നം പരിഹരിക്കുമെന്ന സൂചനയോടുകൂടി പ്രസംഗിക്കുകയും ചെയ്തു. ഈ പ്രസംഗങ്ങൾ മുൻനിർത്തിയാണ് ജോർജ് ജോസഫ് പത്രാധിപക്കുറിപ്പ് തയ്യാറാക്കിയത്. ഡ്യൂക് ഓഫ് കൊണാട്ടിന്റെ പ്രസംഗവും പ്രവർത്തിയും തമ്മിലുള്ള അന്തരം ചൂണ്ടിക്കാട്ടി എഴുതിയ വിമർശനപരമായ പത്രാധിപക്കുറിപ്പ് ബ്രിട്ടീഷ് സർക്കാരിന്റെ അതൃപ്തിക്ക് കാരണമായി.

ഇന്ത്യയിലെ ജനജീവിതം താറുമാറായിക്കഴിഞ്ഞിരിക്കുന്നു. ലോകത്തൊരിടത്തും ഉണ്ടാകാത്ത സ്ഥിതിവിശേഷമാണ് ഇന്ത്യയിൽ നിലനിൽക്കുന്നത്. അപ്പോഴാണ് ഡ്യൂക്ഓഫ് കൊണാട്ട് എന്ന രാജപ്രഭു സമാധാന സന്ദേശവുമായി ഇന്ത്യയിൽ എത്തിയിരിക്കുന്നത്. യഥാർത്ഥത്തിൽ സത്യം പറയാൻ ധൈര്യം പ്രദർശിപ്പിക്കുന്ന ഓരോ പൊതുപ്രവർത്തകനുനേരെയും ഭരണകൂടം വ്യവസ്ഥാപിതമായ രീതിയിൽ കുരിശുയുദ്ധം നടത്തുന്നു. ജനങ്ങളോട് മാപ്പു ചോദിച്ചുകൊണ്ടുള്ള പ്രഭുവിന്റെ അപേക്ഷ ചെവിക്കൊള്ളുക സാദ്ധ്യമല്ല. ലാലാലജ്പത്റായിയുടെ പ്രവശ്യയിൽ നിലനിൽക്കുന്ന കാർഷിക മേഖലയിലെ ഗുരുതരാവസ്ഥയും സംഘർഷവും ജനങ്ങളെ വെടിവച്ചുകൊല്ലുന്ന അവസ്ഥയിലെത്തിയിരിക്കുന്നു. അതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കാതെ സമാധാന സന്ദേശവുമായി വരുന്നവരോട് എന്തുപറയാനാണ്.

ഇൻഡിപെൻഡന്റ് പത്രത്തിലെ തുടരെത്തുടരെയുള്ള പത്രാധിപക്കുറിപ്പുകൾ സർക്കാരിനെ അലോസരപ്പെടുത്തി. തൽഫലമായി 1921 ജൂൺ

www.malankaralibrary.com

11-ാം തീയതി യുണൈറ്റഡ് പ്രോവിൻസിന്റെ ചീഫ് സെക്രട്ടറി, പത്രാധിപർ ജോർജ് ജോസഫിനും പ്രസാധകനായ സി.ബി.രങ്കഅയ്യങ്കാർക്കും പ്രത്യേകം പ്രത്യേകം കത്തുകൾ അയച്ചു. കത്തുകളോടൊപ്പം മേൽപറഞ്ഞ പത്രാധിപക്കുറിപ്പുകളുടെ കോപ്പിയും ഉണ്ടായിരുന്നു. അക്രമത്തിന് പ്രേരിപ്പിക്കുന്ന അന്തരീക്ഷം സൃഷ്ടിക്കുന്ന പ്രസ്താവനകൾ പ്രസിദ്ധീകരിക്കുകയില്ലായെന്ന ഉറപ്പ് നൽകാത്തപക്ഷം അവയ്ക്കെതിരെ നടപടിയുണ്ടാകുമെന്നായിരുന്നു കത്തിലെ മുന്നറിയിപ്പ്. അതിന് ജോർജ് ജോസഫ് നൽകിയ മറുപടിയിൽ ആരോപണങ്ങൾ മുഴുവൻ നിഷേധിച്ചു. തന്റെ ലേഖനങ്ങളിൽ അക്രമപരമോ, അക്രമത്തിന് പ്രേരിപ്പിക്കുന്നതോ ആയ ഒന്നും തന്നെയില്ലെന്ന് അദ്ദേഹം തറപ്പിച്ചു പറഞ്ഞു. താൻ ഒരു തരത്തിലും സഹകരിക്കാത്ത ഭരണകൂടത്തിൽ നിന്ന് സ്വന്തം സ്വാതന്ത്ര്യം വിലക്കുവാങ്ങാനായി മാപ്പു പറയുന്ന പ്രശ്നമേയില്ലെന്ന് ജോർജ് ജോസഫ് വ്യക്തമാക്കി.

ഏതുദിവസവും അറസ്റ്റുണ്ടായേക്കാമെന്ന പ്രതീക്ഷയിൽ ജോർജ് ജോസഫ് കാത്തിരുന്നു. അറസ്റ്റ് ഭീഷണി അവരെ തെല്ലും ഭയപ്പെടുത്തിയില്ല. അന്ന് സൂസന്ന തിരുവിതാംകൂറിൽ കോട്ടപ്പടിയിൽ മാതാപിതാക്കളോട് ഒപ്പമായിരുന്നു. അറസ്റ്റിനെ സൂചിപ്പിച്ചുകൊണ്ട് ജോർജ് ജോസഫ്, സൂസന്നയ്ക്ക് കത്തുകൾ അയച്ചു. വ്യക്തിഗതമായ കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് എഴുതിയിരിക്കുന്ന ആ കത്തുകളിൽ ഏതുസമയവും അറസ്റ്റ് ഉണ്ടാകാൻ സാദ്ധ്യതയുണ്ടെന്ന് സൂചിപ്പിച്ചിരുന്നു. താൻ അറസ്റ്റ് ചെയ്യപ്പെട്ടാൽ മഹാത്മജിയുടെയും രാജഗോപാലാചാരിയുടെയും കൈകകളിൽ സ്വയം സമർപ്പിക്കണമെന്ന് എഴുതിയിരുന്നു. ആ കത്തിന്റെ അടിസ്ഥാനത്തിൽ സൂസന്ന സബർമതിയിലേക്ക് പോയി. അറസ്റ്റ് നീണ്ടുപോയി. സബർമതിയിലെത്തിയ സൂസന്നയെ ഗാന്ധിജിയുടെ നിർദ്ദേശാനുസരണം ദേവദാസ് അലഹബാദിൽ ജോർജ് ജോസഫിന്റെയടുക്കൽ എത്തിച്ചു.

1921 ഡിസംബർ 6-ാം തീയതി ജോർജ് ജോസഫിനെ അറസ്റ്റു ചെയ്തു. നെഹ്റുകുടുംബത്തിലെ അംഗങ്ങളെയും മറ്റുപലരെയും ഇക്കൂട്ടത്തിൽ അറസ്റ്റ് ചെയ്തു. വിചാരണയിൽ പ്രതികളാരും കേസ് വാദിക്കാൻ പോയില്ല. പ്രതികൾക്ക് വ്യത്യസ്തമായ ശിക്ഷയാണ് ലഭിച്ചത്. അക്രമത്തിന് പ്രേരിപ്പിച്ചു എന്ന കുറ്റം ചുമത്തി ജോർജ് ജോസഫിന് 18 മാസത്തെ വെറും തടവിനും ആയിരം രൂപാ പിഴയും ശിക്ഷ നൽകി. പിഴ അടയ്ക്കാത്തപക്ഷം മൂന്നുമാസത്തെ തടവുംകൂടി. മറ്റൊരു വകുപ്പിൽ ആറുമാസത്തെ തടവും ശിക്ഷ ലഭിച്ചു. എല്ലാം കൂടി മൂന്നു വർഷം. ആദ്യത്തെ ആറുമാസം ആഗ്രാ ജയിലിൽ ആയിരുന്നു വാസം. പിന്നീട് അദ്ദേഹത്തെ ലക്നൗ ജയിലിലേക്കു മാറ്റി.

നെഹ്റു ജയിലിൽ കിടന്നുകൊണ്ട് മകൾ ഇന്ദിരക്കയച്ച കത്തുകൾ പ്രസിദ്ധമാണല്ലോ. ഇന്ദിരയുടെ സ്വഭാവരൂപീകരണത്തിനും വ്യക്തിത്വവി

www.malankaralibrary.com

കസനത്തിനും ആ കത്തുകൾ സഹായകരമായിട്ടുണ്ട്. ബാരിസ്റ്റർ ജോർജ് ജോസഫ് ജയിലിൽ കിടന്നുകൊണ്ട് ഭാര്യ സൂസന്നക്കയച്ച കത്തുകളും പ്രാധാന്യമേറിയതാണ്. ജോർജ് ജോസഫിന്റെ കത്തുകളും ജയിലിന് പുറത്ത് നടക്കുന്ന സംഭവങ്ങളെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ എല്ലാം വിശദമാക്കുന്നതായിരുന്നു കത്തുകൾ. അദ്ദേഹത്തിന്റെകൂടെ ജയിലിൽ കിടക്കുന്നവരുടെ ഒരു നീണ്ടലിസ്റ്റുതന്നെ അമ്പരപ്പുളവാക്കുന്നതായിരുന്നു. മോത്തിലാൽ നെഹ്റു, ജവഹർലാൽ നെഹ്റു, മഹാദേവ്ദേശായി, പുരുഷോത്തം ദാസ്ടണ്ടൻ, ദേവദാസ്ഗാന്ധി, ഗോവിന്ദ് വല്ലഭ്പന്ത്, രാജേന്ദ്രപ്രസാദ്, ലാൽബഹാദൂർശാസ്ത്രി തുടങ്ങി ഒട്ടേറെ സ്വാതന്ത്ര്യസമരസേനാനികൾ ജോർജ്ജ് ജോസഫിനോടൊപ്പം ജയിലിൽ കഴിഞ്ഞിരുന്നു. ഓരോ ജയിലിലും വ്യത്യസ്ത സാഹചര്യങ്ങളാണുണ്ടായിരുന്നത്. കുളിമുറിയും കക്കൂസുമുള്ള ഒരു സെൽ ആഗ്രാജയിലിൽ ജോർജ് ജോസഫിന് മാത്രമായിക്കിട്ടി. കരിമ്പടം വിരിച്ച തറയായിരുന്നു. ഒരു കട്ടിലും മേശയും ദിവസവും ഓരോ പത്രവും ആവശ്യത്തിന് പുസ്തകങ്ങളും ലഭിച്ചിരുന്നു. വിശാലമായ ആ മുറിയിൽ ഒരു ഭാഗത്ത് സ്വീകരണമുറിയും സജ്ജീകരിച്ചു. ആ സ്വീകരണമുറിയിൽ പുസ്തകങ്ങളും.

ജൂലൈ 22 ന് ആഗ്രാജയിലിൽ നിന്നും ജോർജ് ജോസഫിനെ ലക്നൗ ജയിലിലേക്കുമാറ്റി. ആഗ്രയിൽ ലഭിച്ച എല്ലാ സൗകര്യങ്ങളും ഇവിടെയും ലഭിച്ചിരുന്നു. കൂടുതൽ നിയന്ത്രണങ്ങളും ഏർപ്പെടുത്തിയിരുന്നു. രണ്ടാഴ്ചയിൽ ഒരിക്കൽ മാത്രമേ കത്തയക്കാൻ അവകാശമുണ്ടായിരുന്നുള്ളു. ലക്നൗ ജയിലിൽ ആദ്യത്തെ ദിവസം ഉണർന്നത് സർ, ചായ എന്ന വിളി കേട്ടാണ്. ലണ്ടനിൽനിന്നും തിരിച്ച് നാട്ടിലേക്ക് പോന്നത് കപ്പലിൽ ആയിരുന്നു. കപ്പലിൽനിന്നും പ്രഭാതത്തിൽ സർ, ചായ എന്ന വിളി കേട്ടിരുന്നു. ആ കപ്പൽ യാത്രയെ അനുസ്മരിക്കുന്ന വിധത്തിലായിരുന്നു ലക്നൗ ജയിലിലും സംഭവിച്ചത്. ഇന്ത്യയിലെ വിവിധ ജയിലുകളിൽ തടവുകാർക്ക് ലഭിച്ച സൗകര്യങ്ങളും ഏർപ്പെടുത്തിയ നിയന്ത്രണങ്ങളും പലവിധത്തിലായിരുന്നു. വെല്ലൂർ ജയിലിൽനിന്നും രാജഗോപാലാചാരി മഹാത്മജിക്ക് എഴുതിയ കത്തിൽ ജയിലിലെ ദുരനുഭവങ്ങൾ വിവരിച്ചിരുന്നു. അതിനോട് പ്രതികരിച്ചുകൊണ്ട് യംഗ് ഇൻഡ്യയിൽ മഹാത്മജി എഴുതി.

"രാജ്യത്തൊട്ടാകെ ഒരു നിയമമാണ് നിലനിൽക്കുന്നതെന്ന് പറയുന്നുണ്ടെങ്കിലും അത് ഫലത്തിൽ ശരിയല്ല. വിവിധ പ്രദേശങ്ങളിൽ വിവിധ തരങ്ങളിലാണ്. ബംഗാളിൽ കുറ്റകൃത്യങ്ങൾ കണക്കാക്കപ്പെടുന്നത് മദ്രാസിലെത്തുമ്പോൾ കുറ്റമല്ലാതാകുന്നു. മദ്രാസിലെ ജയിലുകളിലെ സാഹചര്യമല്ല യു.പി.യിലെ ജയിലുകളിൽ. ആഗ്രാ ജയിലിൽ ജോർജ് ജോസഫിന് എല്ലാ സൗകര്യങ്ങളും ലഭിക്കുമ്പോൾ രാജഗോപാലാചാരിക്ക് ദിനപത്രം കിട്ടിയില്ലെന്ന് മാത്രമല്ല ഏകാന്ത തടവും അനുഭവിക്കണം. ആഗ്രാജയിലിൽ ജോർജ് ജോസഫിന് എല്ലാ സൗകര്യങ്ങളും ലഭിച്ചിരുന്നു. ഈ വിവേചനം മാറ്റിയേ തീരൂ.

www.malankaralibrary.com

ലക്നൗ ജയിലിൽ നിന്നും ഭാര്യ സൂസന്നക്കയച്ച കത്തിൽ ജയിലിലെ ദിനചര്യ വിവരിക്കുന്നുണ്ട്. ദിവസം ആരംഭിക്കുന്നത് റൊട്ടിയും വെണ്ണയുമായാണ്. മധുരപലഹാരങ്ങളും പഴങ്ങളും ചായയുമുണ്ടാകും. ഒൻപതുമണിയോടെ ജയിലർ എത്തും. ചിലപ്പോൾ അദ്ദേഹവും ചായ കഴിക്കും. പിന്നീട് ഇളം വെയിലുംകൊണ്ട് വായനയിൽ മുഴുകും. 9-നും 10-നും ഇടയ്ക്ക് വായന. അതിനുശേഷം കുക്കർ ഉപയോഗിച്ച് ചില പാചകങ്ങൾ ഉണ്ടാക്കാനുള്ള ശ്രമം നടത്തും. അടുക്കളയിൽ പാചകക്കാരുമുണ്ട്. 10.30 ന് വീണ്ടും വായന തുടങ്ങും. 11.45 കുളി. ആവശ്യക്കാർക്ക് ചൂടുവെള്ളം കിട്ടും. 12 മണിക്ക് ഉച്ച ഭക്ഷണം. പിന്നീടുള്ള നാലു മണിക്കൂർ വായനക്കും ചർച്ചക്കും ഉപയോഗിക്കും. വൈകുന്നേരം ചായ. 5.15 ന് ബാരക്ക് പൂട്ടും. വ്യായാമത്തിനായി കുറേ സമയം നടക്കും. ചിലപ്പോൾ കുറേസമയം വോളിബോൾ കളിക്കും. 8 മണിക്ക് അത്താഴം. ഉറങ്ങുന്നതിന് മുൻപ് വീണ്ടും വായന. ഈ ജയിലിലെ ജീവിതത്തെപ്പറ്റി പരാതി പറയുവാൻ ഒന്നുമില്ല. ഇത്രയും എഴുതിയതിനുശേഷം ജോർജ് ജോസഫ് സരസമായി സൂസന്നയ്ക്കെഴുതുകയാണ് "ഏതാണ്ട് ക്രമമായിത്തന്നെ എന്റെ തൂക്കം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഈ നില തുടർന്നാൽ എന്നെ നീ തിരിച്ചറിഞ്ഞില്ലെന്നുവരും.

നല്ല ഒരു ജീവിതക്രമമായിരുന്നു ലക്നൗ ജയിലിൽ ജോർജ് ജോസഫിന് ലഭിച്ചത്. ജയിൽ വാസത്തിലെ ഏറിയപങ്കും വായനയിലാണ് ചിലവഴിച്ചത്. അറസ്റ്റ് ചെയ്യപ്പെട്ട്, ആഗ്രയിലേക്ക് പോലീസ് അകമ്പടിയോടെ ട്രെയിനിൽ സഞ്ചരിച്ചപ്പോൾ അദ്ദേഹത്തെക്കാണാൻ അനുജൻ പോത്തൻ ജോസഫ് എത്തി. അപ്പോൾ ജോർജ് ജോസഫ് അനുജനോട് പറഞ്ഞു. കുറേ പുസ്തകങ്ങൾ വേണമെന്നായിരുന്നു. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെപ്പറ്റിയുള്ള പഠനത്തിന് സഹായകരമായ ഗ്രന്ഥങ്ങളാണ് ആവശ്യപ്പെട്ടത്. അത് പോത്തൻജോസഫ് ജോർജ് ജോസഫിന് എത്തിച്ചുകൊടുത്തു. രാഷ്ട്രീയ സാമ്പത്തിക കാര്യങ്ങളിൽ ജോസഫിന് ഉണ്ടായിരുന്ന താൽപര്യം ജീവിതകാലം മുഴുവൻ നിലനിന്നു. പുസ്തകങ്ങളെല്ലാം എത്തിക്കഴിഞ്ഞപ്പോൾ ജോർജ് ജോസഫ് ഭാര്യ സൂസന്നയ്ക്കെഴുതി "കിട്ടിയ പുസ്തകങ്ങളെല്ലാം ഉപകാരപ്രദമായവയാണ്. ഇനിയും പുസ്തകത്തിനുവേണ്ടി ഞാൻ കാത്തിരിക്കുന്നു. ഭാവിയിൽ ഇന്ത്യയുടെ ധനകാര്യമന്ത്രിയുടെ സ്ഥാനമേൽക്കേണ്ടി വന്നാൽ ഈ പഠനം അതിന് സഹായകരമാകും."

പുസ്തകവായന ജോർജ് ജോസഫിന് എന്നും ഹരമായിരുന്നു. തങ്കശ്ശേരി പ്രശ്നം വൈസ്രോയിയുടെ മുമ്പിൽ അവതരിപ്പിക്കാനായി എം.എം. വർക്കിയും, ജോർജ് ജോസഫുംകൂടിയാണല്ലോ ഡൽഹിയിലേക്ക് പോയത്. ആ യാത്രയിൽ ജോർജ് ജോസഫ് വായനയിൽ മുഴുകിയിരുന്നുവെന്നും വായിച്ചുകൂട്ടുന്ന മാസികകളും പത്രങ്ങളും താഴേക്ക് (ട്രെയിനിനുള്ളിൽതന്നെ) ഇടുമായിരുന്നുവെന്നും ശ്രീ. എം.എം. വർക്കി തന്റെ ഓർമ്മകളിലൂടെ എന്ന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

www.malankaralibrary.com

കൂടുതൽ പുസ്തകങ്ങൾക്കുവേണ്ടി ജോർജ് ജോസഫ് വീണ്ടും എഴുതിക്കൊണ്ടിരുന്നു. ഇതിനിടയിൽ പേർഷ്യൻ ഭാഷ പഠിക്കാനും ശ്രമിച്ചു. ഉർദ്ദു പഠിക്കുന്നതിനുവേണ്ടിയാണ് പേർഷ്യൻ ഭാഷയുടെ പ്രാഥമിക പാഠങ്ങൾ പഠിക്കാൻ ശ്രമിച്ചത്. ഉർദ്ദു സാഹിത്യം വായിക്കുന്നതിനും ആസ്വദിക്കുന്നതിനും പേർഷ്യൻ ഭാഷയുമായുള്ള പരിചയം സഹായകരമാകുമെന്നതിനാലാണ് ഈ പേർഷ്യൻഭാഷാ പഠനം ആരംഭിച്ചത്. മലയാള ഭാഷ പഠിക്കുന്നതിന് സംസ്കൃതപരിജ്ഞാനം സഹായകരമാകുന്നതുപോലെ ഒരു അനാട്ടമി പുസ്തകത്തിലും പഞ്ച് മാസികയുടെ പഴയ ലക്കങ്ങളിലും ജോർജ് ജോസഫ് ആകൃഷ്ടനായി. തടവുകാർ സ്വയം സംഘടിപ്പിക്കുന്ന കലാപരിപാടികളിലും ആഘോഷങ്ങളിലും അദ്ദേഹം സജീവമായി പങ്കുചേർന്നു.

വസന്തപഞ്ചമി ജയിലിൽ ആഘോഷിച്ചതിനെപ്പറ്റി അദ്ദേഹം വിശദമായി കത്തെഴുതി. വസന്തപഞ്ചമി ഒരു പ്രധാന ആഷോഘമായിരുന്നു. രാവിലെ എഴുന്നേറ്റ് ആഴികൂട്ടി അതിന് ചുറ്റുമിരുന്ന് വേദമന്ത്രങ്ങൾ ഉരുവിടുക പ്രധാന ചടങ്ങായിരുന്നു. വൈകുന്നേരം വലിയ ഒരു ഡിന്നർ ഒരുക്കിയിരുന്നു. ഭക്തിഗാനങ്ങളും പ്രേമഗീതങ്ങളും പ്രധാന ഐറ്റമായിരുന്നു. ഈ ആഘോഷത്തിന് കൊഴുപ്പുകൂട്ടാൻ പല ജയിൽ നിയമങ്ങളിലും നീക്കുപോക്കു വരുത്തിയിരുന്നു. വസന്തത്തിന്റെ ആഗമനം ആഘോഷിക്കുന്ന ചടങ്ങിന് പ്രത്യേക പ്രാധാന്യം എല്ലാവരും നൽകിയിരുന്നു.

ജയിലിൽ ഒരു മതത്തിന്റെ മാത്രം വിശേഷദിവസങ്ങൾ ആചരിക്കുകയായിരുന്നില്ല. എല്ലാ മതങ്ങളുടെയും വിശേഷദിവസങ്ങൾ തുല്യപ്രാധാന്യം നൽകി ആചരിച്ചിരുന്നു. മുഹറവും വലിയ ആഘോഷമായിരുന്നു. മുഹറദിവസം മുസ്ലീംങ്ങൾക്ക് ഉപവാസത്തിന്റെ ദിനമാണ്. രാവിലെ മുതൽ വൈകിട്ട് 5 മണിവരെയാണ് ഉപവാസം. മുഹറം ആഘോഷത്തിൽ ജോർജ് ജോസഫ് ഒരു മുസ്ലീം നവാബുമായി ചേർന്ന് ഭക്ഷണം കഴിച്ചു. മുസ്ലീങ്ങളുടെയിടയിൽ അവരിൽ ഒരാളായി കഴിഞ്ഞ ജോർജ് ജോസഫ് മുഹറത്തിന്റെ പ്രാധാന്യം അന്നാണ് മനസ്സിലാക്കിയത്.

ഇസ്ലാമിക് കലണ്ടർ പ്രകാരം മുഹറമാസം വർഷാരംഭമാണ്. മുഹറമാസത്തിലെ ഒന്നാം തീയതിതൊട്ട് 10-ാം തീയതി വരെ ദുഃഖാചരണമാണ്. മുസ്ലീംസമുദായത്തിലെ പല വിഭാഗങ്ങളും വ്യത്യസ്തമായ രീതിയിലാണ് മുഹറം ആഘോഷിച്ചിരുന്നത്. ഏതായാലും ജയിലിലെ മുഹുറാഘോഷം മുസ്ലീംങ്ങളുടെയിടയിലെ ചരിത്രത്തെപ്പറ്റി മനസ്സിലാക്കാൻ അദ്ദേഹത്തിന് സാധിച്ചു. പ്രവാചകനായ മുഹമ്മദ് നബിയുടെ പേരക്കിടാവിന്റെ രക്തസാക്ഷിദിനമാണ് മുഹറം. രക്തസാക്ഷിയുടെ കബറിടത്തിന്റെ വർണ്ണശോഭമായ കബറിട സാദൃശ്യം വഹിച്ചുകൊണ്ട് പ്രത്യേകിച്ച് ഷിയാ സമുദായങ്ങൾ റോഡിലൂടെ പ്രദക്ഷിണം നടത്തും. ആ പേടകത്തെ വിളിക്കുന്ന പേരാണ്

www.malankaralibrary.com

തസ്സിയാസ്. മുഹറത്തിന്റെ അർത്ഥവ്യാപ്തിയും അതിൽ ഉൾക്കൊണ്ടിരുന്ന ഗൗരവവും വ്യാകുലതയും മനസ്സിലാക്കാൻ ജോർജ് ജോസഫിന് കഴിഞ്ഞു.

ജയിലിൽ കഴിയുന്ന സ്വാതന്ത്ര്യസമരസേനാനികൾ - അവരുടെ ഭാര്യമാരും കുട്ടികളും അനുഭവിക്കുന്ന വ്യാകുലതകളെപ്പറ്റി ബോധവാന്മാരായിരുന്നു, ജോർജ് ജോസഫ്, ജയിലിൽ ആയിരുന്നപ്പോൾ സൂസന്നയും മകൾ മായയും ബന്ധുക്കളാരും തന്നെയില്ലാതെ കഴിഞ്ഞുകൂടുകയായിരുന്നു. ബന്ധുക്കളിൽ നിന്നും മാനസികമായ അകലവും സൂസന്ന അനുഭവിക്കേണ്ടിവന്നു. കുടുംബത്തിലെ അംഗങ്ങൾ ജോർജ് ജോസഫ് ജയിലിൽ പോകാനുണ്ടായ കാരണങ്ങളെപ്പറ്റി ശരിക്കു മനസ്സിലാക്കിയിരുന്നില്ല എന്നു തന്നെയുമല്ല അഭിഭാഷക പ്രമുഖനായ അദ്ദേഹം ജയിലിൽ കിടന്നതിന്റെ പേരിൽ അദ്ദേഹത്തിന്റെ ബന്ധുക്കൾക്ക് ലജ്ജയും മാനഹാനിയും തോന്നി. ഭർത്താവിന്റെ സ്വതന്ത്രമായ ഈ പോക്കിനെ കടിഞ്ഞാണിട്ട് നിർത്തുവാൻ സൂസന്ന ശ്രമിച്ചില്ലെന്ന കുറ്റവും അവളുടെമേൽ ബന്ധുക്കൾ ആരോപിച്ചിരുന്നു. രാഷ്ട്രീയ തടവുകാരുടെ ഭാര്യമാർ ചിലർ ജയിൽ പരിസരത്ത് താമസിച്ചിരുന്നു. എന്നാൽ അവിടെവന്ന് താമസിക്കുവാൻ സൂസന്നയോട് അദ്ദേഹം ആവശ്യപ്പെട്ടില്ല. ജയിൽ സന്ദർശനം സാധ്യമാകുമായിരുന്നെങ്കിലും തീർത്തും അപരിചിതമായ സ്ഥലത്ത് പരിചയക്കുറവുള്ള ഭാഷയുംകൊണ്ട് സാമ്പത്തിക ബാദ്ധ്യതയും ഏറ്റെടുത്ത് സൂസന്ന തനിയെ മല്ലടിക്കേണ്ടിവരുമെന്ന് ജോർജ് ജോസഫിന് അറിയാമായിരുന്നു.

സാധാരണ തടവുകാരുടെ ഭാര്യമാരെ അപേക്ഷിച്ച് സൂസന്ന ഭാഗ്യവതിയായിരുന്നു. ഭർത്തൃസഹോദരൻ പോത്തൻ ജോസഫിന്റെ കുടുംബത്തോടൊപ്പം കൽക്കത്തയിൽ താമസിക്കുവാൻ സാധിച്ചതുതന്നെ ഭാഗ്യം. ഇൻഡിപെൻഡസ് പത്രത്തിന്റെ ഉടമസ്ഥരോട് ഗാന്ധിജി നിർദ്ദേശിച്ചതനുസരിച്ച് ഒരു നിശ്ചിത തുക അലവൻസായി നൽകിക്കൊണ്ടിരുന്നു. ജോർജ് ജോസഫ് ജയിലിൽ കഴിഞ്ഞകാലം മുഴുവൻ ഈ അലവൻസ് ലഭിച്ചത് ഒരു ഭാഗ്യംതന്നെയായിരുന്നു. കേരളത്തിലുള്ള സൂസന്നയുടെ ബന്ധുക്കളും പോത്തൻ ജോസഫിന്റെ കുടുംബവും വ്യത്യസ്തമായിരുന്നു. പോത്തൻ ജോസഫിന്റെ കുടുംബം വളരെ ആത്മാർത്ഥതയോടും സ്നേഹത്തോടും കൂടി സ്വീകരിച്ചപ്പോൾ കേരളത്തിലുള്ള കുടുംബാംഗങ്ങൾ കുറ്റപ്പെടുത്തലുകൾ മാത്രമാണു നടത്തിയിരുന്നത്. 1920-ൽ യൂറോപ്യൻ ഉടമസ്ഥതയിലുള്ള സാമ്പത്തികകാര്യ പ്രസിദ്ധീകരണം - ക്യാപ്പിറ്റലിന്റെ ഉപപത്രാധിപരായി പോത്തൻ ജോസഫിനെ നിയമിച്ചിരുന്നു. ആ പദവി ലഭിച്ച ആദ്യത്തെ ഇന്ത്യാക്കാരനായിരുന്നു പോത്തൻ ജോസഫ്. ആ ഉദ്യോഗത്തിൽ ഇരിക്കുന്നതിന് അദ്ദേഹത്തിന് അധികംതാമസിയാതെ മടുപ്പ് തോന്നിയിരുന്നു. പത്രപ്രവർത്തനരംഗത്ത് ഒരു അതികായകനായിരുന്നു അദ്ദേഹം. ഇത്രയേറെ പ്രസിദ്ധീകരണങ്ങൾ തുടുങ്ങുകയോ പത്രാധിപരാവുകയോ ചെയ്തിട്ടുള്ള മറ്റൊരു വ്യക്തി ഇന്ത്യയിലില്ല.

www.malankaralibrary.com

പോത്തൻ ജോസഫ് പേരുവയ്ക്കാതെ എഴുതിയിരുന്ന ഒരു പംക്തിയായിരുന്നു ഓവർ എ കപ്പ് ഓഫ് ടീ. ഇരുപതുവർഷത്തോളം ആ പംക്തി തുടർന്നു. പോത്തൻ ജോസഫ് ഏത് പത്രത്തിലായിരിക്കുമോ ആ പത്രത്തിലായിരിക്കും ആ പംക്തി. ദിനപത്രങ്ങളുടെ വായന വർദ്ധനവിനും സർക്കുലേഷൻ വർദ്ധനവിനും ആ പംക്തി സഹായകരമായിരുന്നു. നർമ്മത്തിന്റെയും പാണ്ഡിത്യത്തിന്റെയും തൂവൽസ്പർശമായിരുന്ന ആ പംക്തി അന്നും ഇന്നും ഇന്ത്യൻ പത്രലോകത്തെ ഒരു അപൂർവ്വതയായിരുന്നു. ഓവർ എ കപ്പ് ഓഫ് ടീ പോത്തൻ ജോസഫിന്റെ ട്രേഡ്മാർക്കായി മാറി.

ജോർജ് ജോസഫ് ജയിലിൽ കഴിയുമ്പോൾ സൂസന്നയ്ക്ക് വെറും 26 വയസ് മാത്രമാണുണ്ടായിരുന്നത്. ഭർത്താവ് ജയിലിൽ കിടക്കുമ്പോൾ ഭാര്യയുടെ മാനസികാവസ്ഥ എന്തായിരിക്കുമെന്ന് ജോർജ് ജോസഫ് ചിന്തിച്ചു. ജോർജ് ജോസഫ് സൂസന്നക്കയച്ച കത്തുകളിൽ നിന്നും അതു വ്യക്തമാകുന്നതാണ്. തന്നെ അറസ്റ്റുചെയ്ത 1921 ഡിസംബർ 8 ന് സൂസന്നയ്ക്ക് ജോർജ് ജോസഫ് എഴുതിയ കത്തിൽ "സന്തോഷവതിയായിരിക്കുക. ബ്രിട്ടീഷുകാരുടെ കാഴ്ചപ്പാടിൽ ഞാൻ ഇതിലും കടുത്തശിക്ഷ അനുഭവിക്കേണ്ടവനാണ്. ഞാൻ തികച്ചും ഉന്മേഷവാനാണ്. മായയേയും സദാനന്ദനെയും ഓർത്തെങ്കിലും നീ സമചിത്തത പാലിക്കണം."

ജോർജ് ജോസഫ് കൂടെക്കൂടെ സൂസന്നയ്ക്ക് കത്ത് എഴുതിക്കൊണ്ടിരുന്നു. ഒരു കത്തിൽ സൂസന്നയോട് ജോർജ് ജോസഫ് ചോദിച്ചു. നീ എങ്ങിനെയാണ് കൽക്കത്തയിൽ സമയം ചിലവിടുന്നത്. ജയിലിൽ കിടക്കുന്ന എന്റെ മഹത്വത്തെയോർത്ത് നീ ചിന്തിക്കുന്നുണ്ടാകാം. ബാക്കിയുള്ള സമയം നീ എങ്ങനെ ചിലവഴിക്കുന്നു? നാടകങ്ങളോ സിനിമകളോ കാണാൻ പോകാറുണ്ടോ. തന്റെ സഹോദരങ്ങളായ പോത്തൻ ജോസഫിനോടോ പി.എം. ജോസഫിനോടോ പറയണം നാടകങ്ങൾ കാണാൻ കൊണ്ടുപോകണമെന്ന്. സൂസന്ന സാധാരണ നിലയിൽ എത്തിയില്ലെന്നാണ് ജോർജ് ജോസഫ് മനസ്സിലാക്കിയത്. ജോർജ് ജോസഫ് സൂസന്നയ്ക്ക് വീണ്ടും എഴുതി. ഞാൻ ഏത് അവസ്ഥയിലാണെങ്കിലും സന്തോഷവാനാണ്. നല്ല കൂട്ടുകാർ ഇവിടെയുണ്ട്. ജയിൽ അധികൃതർ മാന്യമായി പെരുമാറുകയും ചെയ്യുന്നു. ഇതെല്ലാം സന്തോഷകരമാണെങ്കിലും വേർപെട്ടുള്ള നമ്മുടെ ജീവിതം എന്ന യാഥാർത്ഥ്യം അതിനെപ്പറ്റി ചിന്തിച്ച് ദുഃഖിതനായിരിക്കാൻ എനിക്കു കഴിയുകയില്ല. എന്റെ മനസ്സാക്ഷിക്ക് ചേർന്ന വിധത്തിലുള്ള പ്രവർത്തനം എന്നെ സന്തുഷ്ടനാക്കുന്നുവെന്നു പറയാം. സൂസന്ന മൗനത്തിലാണെന്നാണ് ഞാൻ മനസ്സിലാക്കുന്നു. അത് എന്തുകൊണ്ടാണ്. നീ കര്യങ്ങളെല്ലാം വീക്ഷിക്കുന്നത് ഒരേ ദിശയിലാണ്. അതിന്റെ മറുവശവും നോക്കിക്കാണാൻ നിനക്ക് സാധിക്കണം. വസ്തുതകളെ ആകെ മൊത്തവും ഓരോന്നോരോന്നായും

www.malankaralibrary.com

വിശകലനം ചെയ്ത് കാണുവാൻ ശ്രമിച്ചാൽ നിന്റെ മനസ്സ് സന്തോഷമാകുമെന്നാണ് എന്റെ വിശ്വാസം.

വീണ്ടും ജോർജ് ജോസഫ്, സൂസന്നയ്ക്കെഴുതിയ കത്തിൽ സൂന്ന നല്ല മാനസികാവസ്ഥയിലാണെന്നറിഞ്ഞതിലെ സന്തോഷം രേഖപ്പെടുത്തി. ഒരു ദുരന്തത്തിന്റെ പരിവേഷമില്ലാതെ കാര്യങ്ങളെ കാണാൻ നിനക്കു കഴിയുന്നുണ്ടെന്നാണ് എന്റെ വിശ്വാസം. അത് സന്തോഷകരമാണ്. സസ്യാഹാരത്തിലുള്ള തന്റെ താൽപര്യത്തെപ്പറ്റിയും ജോർജ്ജ് ജോസഫ് എഴുതി അറിയിച്ചു. ബുദ്ധമത പ്രഭാഷണങ്ങൾ ക്രിസ്തീയമത പ്രഭാഷണങ്ങളുടെ അതേ നിലവാരം പുലർത്തുന്നവയാണ്.

എല്ലാ ആഴ്ചയിലും തൂക്കം നോക്കി അറിയിക്കണമെന്ന് ജോർജ് ജോസഫ് സൂസന്നയ്ക്കെഴുതി. "ഞാൻ തടവിൽ കിടന്ന് തടിയനാവുകയും നീ എന്നെക്കുറിച്ചുള്ള ചിന്തകളിൽ മുഴുകി എല്ലും കോലുമായി തീരുകയും ചെയ്യരുത്." ഭർത്താവ് ജയിലിലും ഭാര്യ പുറത്തുമായി കഴിയുന്ന വിരഹ ജീവിതത്തെപ്പറ്റി ദുഃഖിതയായി സൂസന്ന എഴുതി. അപ്പോൾ ജോർജ് ജോസഫ് നൽകിയ മറുപടി ഏറെ ശ്രദ്ധേയമാണ്. "ഞാൻ ഇംഗ്ലണ്ടിലേക്ക് പോകുന്നതിന് മുൻപാണ് നമ്മുടെ വിവാഹം നടന്നിരുന്നതെങ്കിൽ മൂന്നു നാലു വർഷം നീ ഒറ്റയ്ക്ക് താമസിക്കേണ്ടി വരുകയില്ലായിരുന്നോ? ഇന്നത്തേതുപോലെയാകുമായിരുന്നോ നിന്റെ കാഴ്ചപ്പാട്. ശാന്തമായി ചിന്തിക്കുക. പല കാരണങ്ങളാലും നമ്മുടെ പെൺകുട്ടികൾക്ക് വിവാഹശേഷം ദീർഘനാളത്തേയ്ക്ക് വേർപിരിഞ്ഞ് ജീവിക്കേണ്ടി വരുന്നുണ്ട്. ആ കാരണങ്ങൾ വിലയിരുത്തി അവർ അതിനെ സന്തോഷപൂർവ്വം ഉൾക്കൊള്ളുന്നു. ഞാൻ തടവിൽ കിടക്കുന്നത് വലിയ ഒരു കാര്യസാദ്ധ്യത്തിനാണ്. അതിന്റെ ഗൗരവം നീ മനസ്സിലാക്കിയിരുന്നുവെങ്കിൽ നീ സന്തോഷത്തോടെ ഈ വിരഹ ജീവിതത്തെ കാണുമായിരുന്നു.

ഇറ്റാലിയൻ ഒപ്പേറ കണ്ട വിവരം സൂസന്ന ഭർത്താവിനെ എഴുതി അറിയിച്ചു. മലയാളത്തിൽ ആദ്യമായി സൂസന്ന ജയിലിലേക്ക് ഒരു കത്തയച്ചു. മലയാളമറിയാവുന്ന സെൻസർമാർ അവിടെ വിരളമാണ്. അതുകൊണ്ട് ജയിലധികൃതർക്ക് കുറെ ബുദ്ധിമുട്ടേണ്ടിവന്നു. മലയാളത്തിൽ കത്തെഴുതി ആശയങ്ങൾ അവതരിപ്പിക്കാൻ സൂസന്നക്കുള്ള കഴിവിനെ ജോർജ് ജോസഫ് അഭിനന്ദിച്ചു. നിന്റെ ഏകാന്തജീവിതവും വേണ്ടപ്പെട്ടവരിൽനിന്നും സ്നേഹ പ്രകടനങ്ങൾ ലഭിക്കാതെ വരുന്നതും ഞാൻ മനസ്സിലാക്കുന്നു. കൽക്കത്തയിൽ എന്റെ സഹോദരങ്ങളും അവിടെയുള്ള മറ്റുള്ളവരും നിന്നോട് എന്തുമാത്രം സ്നേഹത്തോടും അനുതാപത്തോടുംകൂടിയാണ് പെരുമാറിയത്. നാട്ടിലേക്കു പോയാൽ അവിടെയുള്ളവരും അങ്ങനെതന്നെയാകുമെന്നാണ് എന്റെ വിശ്വാസം. അവരുടെ ഹൃദയങ്ങളെ കീഴടക്കാൻ നിനക്കു സാധിക്കും. അവർ അയച്ച കത്തുകളിലൂടെ അവർ രേഖപ്പെടുത്തിയ വികാരങ്ങൾ മുൻനിർത്തി ഒരു അഭിപ്രായം രൂപീകരിക്കുന്നത് ശരിയായിരിക്കുകയില്ല. നിന്നെ മറ്റെല്ലാ

www.malankaralibrary.com

വരെക്കാളും സ്നേഹത്തോടെ നാട്ടിലുള്ളവർ സ്വീകരിക്കുമെന്നാണ് എന്റെ അഭിപ്രായമെന്നും ജോർജ് ജോസഫ് എഴുതി.

1922 മദ്ധ്യത്തോടെ സൂസന്നയിൽ പ്രകടമായ ചിന്തകൾ ആരെയും ആവേശംകൊള്ളിക്കുന്നതായിരുന്നു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വനിതകൾ സ്വാതന്ത്ര്യസമരത്തിലേക്ക് എടുത്തു ചാടുന്നത് അവർ പത്രദ്വാരാ അറിഞ്ഞു. അതിൽ സൂസന്നയും ആകൃഷ്ടയായി. ആ വിവരം ഭർത്താവിനെ ജയിലിലേക്ക് എഴുതി അറിയിച്ചു. എന്നാൽ അതിനെ പൂർണ്ണമായി ഉൾക്കൊള്ളാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. സൂസന്ന സ്വതന്ത്രയായിരിക്കുന്നിടത്തോളംകാലം അവൾ തന്നെയാണ് കുടുംബമെന്നും നീ തടവിലായാൽ കുട്ടികളെ ആരു നോക്കും? ജയിലിൽ ആയിരിക്കുന്നതായിരിക്കും നിനക്കും കൂടുതൽ സന്തോഷകരം. ഞാൻ ഒരു കാര്യവും നിന്നിൽ അടിച്ചേൽപ്പിക്കുവാൻ ശ്രമിക്കുകയില്ല. എല്ലാ വശങ്ങളും വിലയിരുത്തി നീ തന്നെ ഒരു തീരുമാനത്തിലെത്തുക.

ഭർത്താവ് ജയിലിൽ ഉപവാസമനുഷ്ഠിക്കുന്ന അതേ ദിവസങ്ങളിൽ താനും ഉപവസിക്കുന്നതാണെന്ന് സൂസന്ന എഴുതി അറിയിച്ചു. അതിനെ ജോർജ് ജോസഫ് സ്വാഗതം ചെയ്തില്ല. കടുത്ത നിഷ്ഠകളൊന്നും നീ സ്വയം അടിച്ചേൽപ്പിക്കേണ്ട ആവശ്യമില്ല. ഞാൻ ചെയ്യുന്നത് ധാരാളമാണ്. ആയാസരഹിതവും സുഖപ്രദവുമായ ഒരു ജീവിതം നിനക്ക് അവകാശപ്പെട്ടതാണ്. ജീവിതം വ്യർത്ഥമായി പോവുകയാണെന്ന ചിന്തക്ക് ഒരാവശ്യവുമില്ല. നീ ഭർത്താവിന്റെയും ഭാര്യയുടെയും ഉത്തരവാദിത്വങ്ങൾ ഒറ്റയ്ക്ക് നിർവഹിക്കുകയാണിപ്പോൾ അതിൽപ്പരം മഹത്തായി മറ്റൊന്നുമില്ല.

ജോർജ് ജോസഫിന്റെ ഉപദേശം സൂസന്ന ചെവിക്കൊണ്ടില്ല. ജോർജ് ജോസഫ് സൂസന്നക്ക് വീണ്ടും എഴുതി. 8-ാം തീയതിയും 18-ാം തീയതിയും നീ ഉപവസിക്കുന്നതിലേക്ക് എടുത്ത തീരുമാനം നിനക്ക് അനിവാര്യതയാണെന്ന് തോന്നുന്നുവെങ്കിൽ എനിക്ക് അതിനെതിരെ ഒന്നും പറയാനില്ല. ഈ രണ്ടു തീയതികൾക്കും നീ കാണുന്ന പ്രധാന്യം ഞാൻ മനസ്സിലാക്കുന്നു. ഈ ഉപവാസം നിനക്ക് ശക്തിയും ആത്മബലവും പ്രദാനം ചെയ്യട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു. നീ ആ ദിവസങ്ങളിൽ ഉപവാസം അനുഷ്ഠിക്കുമ്പോൾ എനിക്ക് ആ ദിവസങ്ങളിൽ നിന്റെ സാമീപ്യം അനുഭവപ്പെടും.

മൂത്തകുട്ടികളോടൊപ്പം കുറച്ചുനാൾ കഴിയാനായി സൂസന്ന നാട്ടിലേക്ക് പോകുവാൻ തീരുമാനിച്ചു. അതനുസരിച്ച് സൂസന്ന പിതാവിന് കത്തയച്ചു. ഒരു മറുപടിപോലും പിതാവിൽ നിന്നുണ്ടായില്ല. മകളെ തന്റെ വീട്ടിലേക്ക് സ്വീകരിച്ചാൽ അത് ബ്രിട്ടീഷ് സാമ്രാജ്യത്തോട് കൂറില്ലായ്മയായി കരുതുമോ എന്ന ഭയത്തിലായിരുന്നു സൂസന്നയുടെ അച്ഛൻ. ആ സ്ഥിതിവിശേഷണത്തെ ജോർജ് ജോസഫ് വളരെ പക്വതയോടെയാണ് നേരിട്ടത്. നിന്റെ അച്ചന്റെ സമീപനത്തിൽ എനിക്ക് ദുഃഖമുണ്ട്. പക്ഷേ അതിന്റെയടിസ്ഥാനത്തിൽ പിതാവിനോട് ദ്വേഷവും പിണക്കവും തോന്നരുത്. അദ്ദേഹത്തിന് നല്ലആരോഗ്യമുണ്ടെന്ന് ഞാൻ കരുതുന്നു. അദ്ദേഹത്തിന് എന്തെ

www.malankaralibrary.com

ങ്കിലും അസുഖം വന്ന് കിടപ്പിലായാൽ അമ്മയെ ദീർഘനാൾ ശുശ്രൂഷിച്ച തുപോലെ പിതാവിനെയും ശുശ്രൂഷിക്കാൻ നീ മാത്രമേ ഉണ്ടാവുകയുള്ളു.

ആശയ ഐക്യമുള്ള രണ്ടു മനസ്സുകളുടെ കൂടിച്ചേരലാണ് ജോർജ് ജോസഫും സൂസന്നയും തമ്മിൽ നടത്തിയ കത്തുകളിൽ ദർശിക്കുക. ഇതി നിടയിൽ ജോർജ് ജോസഫ് ജൈനജീവിതരീതിയിലും ആത്മീയതയിലും ആകൃഷ്ടനായി എന്നു പറയാം. ജൈനമതസംബന്ധിയായ ചില പുസ്ത കങ്ങൾ ജയിലിൽ വായിക്കാനായി ജോർജ് ജോസഫിന് കിട്ടി. താൻ ജൈന ദീക്ഷകളൊന്നും സ്വീകരിച്ചിട്ടില്ലെങ്കിലും അതിനെപ്പറ്റി കൂടുതലായി പഠി ക്കാൻ ശ്രമിക്കുന്നുണ്ടെന്നു സൂസന്നയ്ക്കെഴുതിയ കത്തിൽ പറയുന്നു.

അവരൊരുമിച്ചുള്ള ജീവിതത്തെക്കുറിച്ചും വാർദ്ധക്യത്തെക്കുറിച്ചുമുള്ള ജോർജ് ജോസഫിന്റെ ചിന്ത അദ്ദേഹം എഴുതുന്നു. "എനിക്ക് വയസ്സായി എന്ന ചിന്ത തോന്നിത്തുടങ്ങിയിരിക്കുന്നു. എത്ര വർഷം ജീവിച്ചുവെന്നതല്ല അനുഭവങ്ങൾക്കാണ് പ്രസക്തി. നമ്മുടെ അനുഭവങ്ങൾ സന്തുഷ്ടി നൽകു ന്നവയും മികച്ചതും ആയിരുന്നു. ഒരു മനുഷ്യന് ജീവിതത്തിൽ നിന്നും ലഭി ക്കാവുന്ന ആനന്ദവും ലഭിച്ചു, എന്നെനിക്കു തോന്നുന്നു. നീയാണ് ഇതിന്റെ യൊക്കെ കേന്ദ്രബിന്ദുവെന്നും ഞാനറിയുന്നു. നമ്മൾ ഒരുമിച്ച് കഴിഞ്ഞ 13 വർഷങ്ങളിൽ 13-ാം വർഷമാണ് മുൻകാലങ്ങളെക്കാൾ സന്തുഷ്ടിയും പര സ്പരധാരണയും ഉണ്ടായതെന്നാണ് ഈ പതിമൂന്ന് വർഷങ്ങളുടെ തിളക്കം.

മഹാദേവ് ദേശായിയുടെ ഭാര്യ ജയിലിൽ എത്തി ഭർത്താവിനെ സന്ദർശിച്ചു. അത് ജോർജ് ജോസഫിലും സ്വാധീനം ചെലുത്തി. അതുപോ ലെതന്നെ രാജബഹദൂറിന്റെ ഭാര്യയും ഇവിടെ വന്ന് രണ്ടു പ്രാവശ്യം ഭർത്താ വിനെ കണ്ട കാര്യവും ജോർജ് ജോസഫ് കത്തുകളിലൂടെ സൂസന്നയെ അറിയിച്ചു. സൂസന്നയുടെ സാന്നിദ്ധ്യവും ജോർജ് ജോസഫ് ആഗ്രഹിച്ചു വെന്ന് കത്തുകളിൽ നിന്നും വ്യക്തമാകുന്നു.

ജോർജ് ജോസഫ് ദേശീയ പ്രസ്ഥാനങ്ങളിൽ സജീവമായി നിലകൊ ള്ളുന്നത് അദ്ദേഹത്തിന്റെയും സൂസന്നയുടെ കുടുംബത്തിൽപ്പെട്ടവർക്കും ഉൾക്കൊള്ളാൻ സാധിക്കുന്നില്ലെന്നതാണ് ഏറ്റം ദുഃഖകരം. അവരുടെ ആശ ങ്കകളും പരിഭ്രാന്തിയും ജോർജ് ജോസഫ് മനസ്സിലാക്കിയിട്ടുണ്ട്. ജയിൽവാസം സാധാരണ മനുഷ്യരെ അസ്വസ്ഥരാക്കുന്നു. രാഷ്ട്രീയമെന്ന് കേട്ടാലും സാധാരണക്കാർക്ക് അമ്പരപ്പാണ്. ഇവയെപ്പറ്റിയുള്ള പത്ര വാർത്ത കൾ സാധാരണക്കാരെ വിഷമസ്ഥിതിയിലാക്കുന്നു. ദേശീയ പ്രസ്ഥാനത്തിൽ ചേർന്ന് പ്രവർത്തിക്കുന്നതിനെ അവരുടെ വീടുകൾ എതിർക്കുന്നത്, അവ രോട് സ്നേഹമില്ലാഞ്ഞിട്ടല്ല. അവരുടെ ഭാവനയെ മനസ്സിലാക്കാൻ സാധി ക്കാത്തതുകൊണ്ടു മാത്രമാണ്. അവരെ കുറ്റപ്പെടുത്താതെ അവരോട് ക്ഷമ കാട്ടുകയാണാവശ്യം. അവരെ കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കാൻ സാധി ച്ചുവെന്ന് വരില്ല.

ജയിൽ മോചിതനായിക്കഴിഞ്ഞ് തന്റെ ജീവിതം എവിടെയായിരിക്ക

www.malankaralibrary.com

ണമെന്നതിനെപ്പറ്റി ഗൗരവമായി ചിന്തിച്ചുകൊണ്ടിരുന്നു. ഭാവിയിൽ തിരുവിതാംകൂറിലാണോ, മറ്റെവിടെയങ്കിലുമാകണോയെന്ന് അദ്ദേഹം ചിന്തിച്ചുകൊണ്ടിരുന്നു. മഴകുറവുള്ള ഏതെങ്കിലും പ്രദേശത്ത് പോയി താമസിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. എന്റെ കുട്ടികളുടെ ഭാഷ ഭാവിയിൽ മലയാളമായിരിക്കുകയില്ല എന്നാണ് അദ്ദേഹം വിചാരിച്ചത്. നമ്മുടെ കുട്ടികൾ എവിടെ നിന്നാണ് വിവാഹബന്ധത്തിലേർപ്പെടുകയെന്നും അദ്ദേഹം ചിന്തിച്ചു. തിരുവിതാംകൂറിൽ നിന്നായിരിക്കാൻ സാധ്യതയില്ലെന്നും അദ്ദേഹം ചിന്തിച്ചിരുന്നു.

രാജാജിയുമായി നല്ല ബന്ധം ജോർജ് ജോസഫ് പുലർത്തിയിരുന്നു. വീണ്ടും മധുരയിലേക്ക് താമസംമാറ്റാൻ ജോർജ് ജോസഫിനെ പ്രേരിപ്പിച്ചതിൽ നിർണ്ണായകമായ പങ്കു വഹിച്ചത് രാജാജിയായിരുന്നു.

ജോർജ് ജോസഫ് ജയിലിൽവച്ച് സഹതടവുകാരായിരുന്ന മഹാദേവ്ദേശായിയുമായും ജവഹർലാൽ നെഹ്യവുമായി അടുത്തബന്ധം പുലർത്തിയിരുന്നു. മഹാദേവ് ദേശായിയുടെ ഉപദേശങ്ങളും അഭിപ്രായങ്ങളും എന്നും ജോർജ് ജോസഫ് തേടാറുണ്ടായിരുന്നു. ദേശായിയുടെ ഭാര്യ ഇതിനിടയിൽ നല്ല ഒരു രാഷ്ട്രീയക്കാരിയായി മാറിക്കഴിഞ്ഞിരുന്നു. അതിൽ മഹാദേവ് ദേശായി സംതൃപ്തനായിരുന്നു. ശ്രീമതി ദേശായി തന്റെ ആശങ്കകളും മാനസികപ്രശ്നങ്ങളും അവർ മഹാദേവുമായി ചർച്ച ചെയ്തു പരിഹരിക്കുവാൻ ശ്രമിക്കുകയാണ്.

നെഹ്യവിന്റെ ആത്മകഥയിൽ ജോർജ് ജോസഫുമായുള്ള ബന്ധത്തെപ്പറ്റി നെഹ്യ അനുസ്മരിക്കുന്നുണ്ട്. "ഞങ്ങൾ കുറേപേർ പ്രശ്നമുണ്ടാക്കുന്നവരാണ് എന്ന് അധികാരികൾ കരുതിയിരുന്നു. അതുകൊണ്ട് ഞങ്ങൾ ഏഴുപേരെ മറ്റുള്ളവരിൽ നിന്നും അകറ്റി ജയിലിന്റെ മറ്റൊരു കോണിലാണ് പാർപ്പിച്ചിരുന്നത്. പുരുഷോത്തമദാസ് ടണ്ടൻ, മഹാദേവ് ദേശായി, ജോർജ് ജോസഫ്, ബാലകൃഷ്ണശർമ്മ, ദേവദാസ് ഗാന്ധി, പിന്നെ ഞാനും ആയിരുന്നു. ആ ഏഴുപേർ. ഭാവി അവ്യക്തമായിരുന്നു. എന്നാൽ അത് ഏതു രൂപമെടുത്താലും ഞങ്ങളിൽ പലരുടെയും ജീവിതത്തിന്റെ നല്ലൊരുപങ്ക് കൽത്തുറുങ്കുകളിലായിരിക്കും എന്നുറപ്പായിരുന്നു. അതുകൊണ്ട് ഞങ്ങൾ ഇതേപ്പറ്റി വിശദമായി ചർച്ച ചെയ്യാറുണ്ടായിരുന്നു. ജോർജ് ജോസഫുമായുണ്ടായ സംഭാഷണവും അതിലൂടെ ഞങ്ങൾ എത്തിച്ചേർന്ന നിഗമനവും ഞാൻ പ്രത്യേകം ഓർമ്മിക്കുന്നു. അതിനൊക്കെശേഷം ജോർജ് ജോസഫ് ഞങ്ങളിൽ നിന്നൊക്കെ അകലുകയും ഞങ്ങളുടെ ഒരു നിശിത വിമർശകനായി മാറുകയും ചെയ്തു. ലക്നൗ ജയിലിലെ സിവിൽ വാർഡിൽ ഒരു ശരത്കാല സായാഹ്നത്തിൽ ഞങ്ങൾ സംസാരിച്ചിരുന്നത് അദ്ദേഹം ഓർക്കുന്നുപോലുമുണ്ടാവില്ല!!

ഈ സംഭാഷണവിഷയം എന്തായിരുന്നുവെന്ന് നമുക്കറിയില്ല. അനേകം വർഷംകഴിഞ്ഞ് സഹോദരൻ പോത്തൻ ജോസഫ് ജോർജ് ജോസ

www.malankaralibrary.com

ഫിനോട് ചോദിച്ചപ്പോൾ വ്യക്തമായ മറുപടി പറഞ്ഞില്ല. എങ്കിലും ചർച്ചാ വിഷയത്തെപ്പറ്റി ബിനോയ് ജോസഫ് വിശ്വസനീയമായ കേന്ദ്രത്തെ ഉദ്ധരിച്ച് ഒരു ലേഖനം എഴുതിയിരുന്നു. അതിൽ ആ സംഭാഷണ വിഷയം സാഹസികമായ ഒന്നായിരുന്നുവെന്ന് സൂചിപ്പിച്ചിട്ടുണ്ട്. എന്തുകൊണ്ട് അഫ്ഗാനിസ്ഥാൻ രാജാവിനെ ഇന്ത്യ ആക്രമിക്കാൻ പ്രേരിപ്പിച്ചുകൂടാ? വീണ്ടും മുസ്ലീം ഭരണം ഇവിടെ അധികാരത്തിൽ വരുമെങ്കിലും ബ്രിട്ടീഷുകാരെ പറപ്പിക്കാൻ കഴിയുമല്ലോ. ഇതായിരുന്നിരിക്കാം സംഭാഷണ വിഷയം. തടവറയിൽ കഴിഞ്ഞിരുന്നവരുടെ ചിന്ത എങ്ങനെയും ബ്രിട്ടീഷുകാരെ കെട്ടുകെട്ടിക്കുക എന്നുള്ളതായിരുന്നു.

ജവഹർലാലിന്റെ ജയിൽ ഡയറിയിലും ജോർജ് ജോസഫ് പ്രത്യക്ഷപ്പെടുന്നുണ്ട്. "പനി ബാധിച്ച് കിടക്കുന്ന ജോസഫിനെ കണ്ടു. ദിവസവും നല്ലതുപോലെ വായിക്കുകയും ചെയ്യുന്നു. നൂൽനൂക്കുന്നതിലും ഉറുദുഭാഷ പഠിക്കുന്നതിനും കൂടുതൽ സമയം ജോർജ് ജോസഫ് ചിലവഴിക്കുന്നുണ്ട്. ജോർജ് ജോസഫ് വളരെ ശുഷ്കാന്തിയോടെയാണ് ഉറുദു പഠിക്കുന്നത്.

ജോർജ് ജോസഫ്, ജവഹർലാലിനെ ജെ. എന്നാണ് സൂചിപ്പിക്കാറുള്ളത്. ജെയുമൊത്ത് ഡിന്നർ കഴിച്ച കാര്യവും വയറ്റിൽ ഉണ്ടായ അസുഖത്തിന്റെ കാര്യവും അത്താഴം കഴിഞ്ഞ് നെഹ്റുവുമൊത്ത് തോട്ടത്തിലൂടെ നിലാവത്ത് നടത്തുന്ന സവാരി കാര്യവുമെല്ലാം ജോർജ് ജോസഫിന്റെ കത്തുകളിൽ കാണാമായിരുന്നു.

ലാഹോറിലെ തണുത്തു വിറക്കുന്ന ശൈത്യത്തിൽ രാത്രി ഒന്നര മണിക്ക് ലാലാലജ്പത്റായിയെ മോചിപ്പിച്ചതും ഏതാനും സമയം കഴിഞ്ഞ് അദ്ദേഹത്തെ വീണ്ടും അറസ്റ്റുചെയ്ത് ജയിലിലാക്കിയ കാര്യവും എല്ലാം ജോർജ് ജോസഫ് എഴുതിയ കത്തിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. മോത്തിലാൽ നെഹ്റുവിന്റെ ഒരു പ്രസംഗത്തെ തുടർന്ന് അദ്ദേഹം അറസ്റ്റ് ചെയ്യപ്പെട്ടു. ജയിലിലേക്ക് പോയപ്പോൾ ഉണ്ടായിരുന്ന അതേ ദാർഢ്യത്തോടെയാണ് അദ്ദേഹം പുറത്തു വന്നിരിക്കുന്നത്.

രാജ്യദ്രോഹപരമായ ലേഖനങ്ങൾ മഹാത്മജി യംഗ് ഇന്ത്യയിൽ എഴുതി എന്ന പേരിൽ ഗാന്ധിജിയെ അറസ്റ്റു ചെയ്തു. ബാബുജിക്ക് തടവുശിക്ഷയാണ് വിധിയെങ്കിൽ എന്തൊക്കെ നീക്കങ്ങളാണ് നടത്തേണ്ടതെന്ന് ജോർജ് ജോസഫ് ആലോചിച്ചു. ഇതേപ്പറ്റി ഉചിത തീരുമാനമെടുക്കാൻ കോൺഗ്രസ്സ് വർക്കിംഗ് കമ്മറ്റി പോലും തയ്യാറാവുകയില്ലെന്നായിരുന്നു ജോർജ് ജോസഫിന്റെ നിഗമനം.

ഈ പ്രശ്നം പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ രാജാജി, ജവഹർലാൽ, സെൻഗുപ്താ, ആലിഗഡ് മുസൻമാൻ ഷ്വാബ് എന്നിവരെ ചുമതലപ്പെടുത്തേണ്ടിയിരുന്നുവെന്ന് ജോർജ് ജോസഫ് അഭിപ്രായപ്പെട്ടു. ഇതിനെ നേരിടുവാൻ ജോർജ് ജോസഫിന് വ്യക്തമായ ഒരു പദ്ധതി

www.malankaralibrary.com

യുണ്ടായിരുന്നു. അതിൽ ഒന്നാമത്തെ ആശയം എല്ലാ കറൻസി നോട്ടുകളും ട്രഷറിയിൽ ഏൽപ്പിച്ച് പണം ആവശ്യപ്പെടുക. രണ്ട് ഉപ്പുനികുതി കൊടുക്കാതിരിക്കുക, തപാൽ സംവിധാനം തകരാറാക്കുക, ഗാന്ധിയെ ശിക്ഷിക്കാൻ ആധാരമാക്കിയ ലേഖനങ്ങൾ പുനഃപ്രസിദ്ധീകരിക്കുക-സർക്കാരിനെ അങ്ങനെ നിശ്ചലമാക്കണമെന്നായിരുന്നു ജോർജ് ജോസഫിന്റെ അഭിപ്രായം. ഇതേ ലക്ഷ്യത്തോടെയായിരുന്നു "സ്തംഭനാവസ്ഥ" എന്ന ലേഖനം വർഷങ്ങൾക്കുമുൻപ് ജോർജ് ജോസഫ് പ്രസിദ്ധീകരിച്ചത്.

ഗാന്ധിജിയെ ആറുവർഷത്തേക്ക് തടവിന് ശിക്ഷിച്ചു. ഇതിനോട് പ്രതികരിച്ചുകൊണ്ട് ജോർജ് ജോസഫ് എഴുതി. സാധാരണ കണ്ടുവരുന്ന ശിക്ഷാകാലാവധികൾ വച്ചുനോക്കുമ്പോൾ ആറുവർഷം വലിയ നീണ്ട ഒരു കാലയളവ് തന്നെയാണ്. എന്നാൽ ഗാന്ധിജി അതിനെ തികഞ്ഞ ശാന്തതയോടും സന്തോഷത്തോടുംകൂടിയാണ് സ്വീകരിച്ചത്. പാറ്റ്നായിൽ നിന്നുള്ള രാജേന്ദ്രപ്രസാദ് അഹമ്മദബാദിൽ നിന്ന് തിരിച്ചു വരുന്നവഴി ഇവിടെ വന്നിരുന്നു. കോടതിരംഗങ്ങൾ വളരെ തന്മയത്വത്തോടെ അവതരിപ്പിച്ചു. അതുകേട്ട എല്ലാവരുടെയും കണ്ണുകൾ നിറഞ്ഞു. ഈ പ്രായത്തിൽ താൻ നൂറുവർഷം ജയിലിൽ കിടക്കേണ്ടിവന്നാലും അത് രാജ്യത്തിന് നല്ലതേ വരുത്തുകയുള്ളുവെന്ന് അദ്ദേഹം ദൃഢമായി വിശ്വസിക്കുന്നു.

ചുക്കാൻ പിടിക്കാൻ ഗാന്ധിയില്ലാതെ വന്നാൽ ഭാവിയെന്താകുമെന്ന് സൂസന്ന കത്തിലൂടെ ജോർജ് ജോസഫിനോടു ചോദിച്ചു. ഗാന്ധിജിയുടെ തടവറയുടെ കാലാവധി നിശ്ചയിക്കേണ്ടത് ഈ രാജ്യമാണ്. ജയിലിലായാലും അല്ലെങ്കിലും ഗാന്ധിജിക്ക് അത് ഒരു പ്രശ്നമല്ല. അദ്ദേഹം സന്തോഷവാനായിരിക്കും. ഈ രാജ്യം അദ്ദേഹത്തെ നാളെത്തന്നെ സ്വതന്ത്രമാക്കും. അതിനുള്ള ശക്തി ഈ രാജ്യത്തിനുണ്ട്. അതിനാവശ്യമായ അച്ചടക്കവും ത്യാഗസന്നദ്ധതയും നമുക്കുണ്ടാകണം. അതില്ലെങ്കിൽ രാജ്യത്തിന് അദ്ദേഹത്തെ ലഭിക്കുകയില്ല. അതിനു വേണ്ട വില കൊടുക്കുവാൻ രാജ്യം എന്നു തയ്യാറാകുമെന്ന് എനിക്ക് നിശ്ചയമില്ല.

1922 മദ്ധ്യം ആയപ്പോഴേക്കും ജയിൽ നിയമങ്ങൾ കർശനമാക്കി. ജയിൽ അധികൃതരും തടവുപുള്ളികളും തമ്മിൽ തർക്കങ്ങൾ ഉത്ഭവിച്ചു. സംഘട്ടനങ്ങൾ കൂടെക്കൂടെയുണ്ടായി. എഴുത്തുകുത്തുകൾ നടക്കുന്നതിനുപോലും നിയന്ത്രണമായി. സന്ദർശനങ്ങൾക്ക് പരിധി നിശ്ചയിച്ചു. തടവുകാർ എഴുത്തുകൾ അയയ്ക്കാതെയായി. സന്ദർശനാനുമതി ചോദിക്കാതെയും ആയി. പുറത്തുള്ള വാർത്തകൾ ഒന്നും ജയിലിൽ ലഭിക്കാതെയായി. കോൺഗ്രസ്സിനെ ശിഥിലമാക്കുന്ന പ്രവണതകൾ വളർന്നുകൊണ്ടിരിക്കുന്നുവെന്ന വാർത്തകൾ ജയിലിൽ അറിഞ്ഞുകൊണ്ടിരുന്നു. ഗാന്ധിജിയും ജയിലിലായിരുന്നു. ശക്തമായ ഒരു നേതൃത്വമില്ലാതെ കോൺഗ്രസ്സ് കറങ്ങി

www.malankaralibrary.com

ക്കൊണ്ടിരുന്നു. ജയിൽ അധികൃതരും ജയിൽപുള്ളികളുമായി ഏറ്റുമുട്ടലുകൾവരെ പലപ്പോഴും നടന്നു. തൻഫലമായി ജവഹർലാൽ നെഹ്റു, മഹാദേവ് ദേശായി, ജോർജ്ജ് ജോസഫ്, ദേവദാസ്ഗാന്ധി തുടങ്ങിയ തടവുപുള്ളികളെ മറ്റുതടവുകാരിൽ നിന്നും മാറ്റി പാർപ്പിക്കുകയും ചെയ്തു. ഈ ഒറ്റപ്പെടൽ ജോർജ്ജ് ജോസഫിനെ സംബന്ധിച്ചിടത്തോളം അനുഗ്രഹമായി. കൃത്യമായി ജോലി ചെയ്യുന്നതിലും വ്യായാമം ചെയ്യുന്നതിലും ജോർജ്ജ് ജോസഫ് ശ്രദ്ധിക്കുന്നതിന് ഈ തടവുമാറ്റം സഹായിച്ചു. നൂൽനൂൽക്കലും പച്ചക്കറികൃഷിയും അദ്ദേഹത്തിന്റെ ജയിലിലെ ഇഷ്ടവിനോദമായിരുന്നു. ജയിൽജീവിതം ഏറെക്കുറെ ദുർവ്വഹമായ കാലഘട്ടത്തിൽ 1923 ജനുവരി 31-ന് സർക്കാർ ലക്നൗ ജയിലിലുണ്ടായിരുന്ന ഏല്ലാ തടവുപുള്ളികളെയും മോചിപ്പിച്ചു.

ജയിലിൽ നിന്നും മോചിതനായ ജോർജ്ജ് ജോസഫ് തന്റെ കുടുംബാംഗങ്ങളെ കാണാനായി നാട്ടിലേക്ക് പോയി. ഇക്കാലത്ത് ഭാര്യ സൂസന്ന ഒരു രോഗിയായി മാറിക്കഴിഞ്ഞിരുന്നു. രോഗം ക്ഷയമാണെന്ന് നിർണ്ണയിക്കപ്പെട്ടപ്പോൾ ജോർജ്ജ് ജോസഫ് വിഷമത്തിലായി. നാട്ടിൽ തങ്ങിയ സമയത്ത് ഇവിടെ നിലനിന്നിരുന്ന തൊട്ടുകൂടായ്മയും അതുണ്ടാക്കുന്ന ഗൗരവതരമായ പ്രശ്നങ്ങളെപ്പറ്റിയും ജോർജ്ജ് ജോസഫ് ശരിയാംവണ്ണം മനസ്സിലാക്കി. സമൂഹത്തിലെ അടിത്തട്ടിൽ കഴിയുന്ന പിന്നോക്ക വിഭാഗങ്ങളുടെ ഒരു സമരമുണ്ടാകുന്നുവെങ്കിൽ അതിൽ താൻ മുഖ്യപങ്കു വഹിക്കുമെന്ന് ജോർജ്ജ് ജോസഫ് തീരുമാനമെടുത്തു. തന്റെ കുട്ടി മായയെ ബോർഡിംഗ് സ്കൂളിലാക്കി ജോർജ്ജ് ജോസഫും സൂസന്നയും അലഹബാദിൽ മടങ്ങിയെത്തി.

കോൺഗ്രസ്സിലെ ഇരുവിഭാഗങ്ങൾ തമ്മിലുള്ള അകൽച്ചയ്ക്ക് വിരാമമിടാനുള്ള ശ്രമം ആരംഭിച്ചുകഴിഞ്ഞിരുന്നു. ജോർജ്ജ് ജോസഫ് ആ ശ്രമങ്ങളുടെ മുൻപന്തിയിൽ നിലകൊണ്ടു. ഇതിനിടയിൽ സർദാർ വല്ലഭായി പട്ടേലിന്റെ നേതൃത്വത്തിൽ ഒരു മൂന്നാംപക്ഷം-സെന്റർ പാർട്ടി രൂപം കൊണ്ടു. ടണ്ടന്റെ സന്ധിയെ ഉയർത്തിപ്പിടിക്കുന്നവരായിരുന്നു ഇതിന്റെ പ്രണേതാക്കൾ. ഈ സമയത്ത് ഹിന്ദുമുസ്ലീം ലഹളകൾ രാജ്യത്തിന്റെ പല ഭാഗത്തും പൊട്ടിപ്പുറപ്പെട്ടു. കോൺഗ്രസ്സിലെ മൂന്നുഭാഗങ്ങളും എല്ലാറ്റിനും പരസ്പരം കുറ്റപ്പെടുത്തിക്കൊണ്ടിരുന്നു.

ഈ ദുർഘടാവസ്ഥയിൽ ഉറച്ചനിലപാടെടുക്കാൻ ജോർജ്ജ് ജോസഫ് തയ്യാറായി. ബോംബെയിൽ നടന്ന എ.ഐ.സി.സി. സമ്മേളനത്തിൽ ടണ്ടൻ സന്ധിയ്ക്കെതിരെ ജോർജ്ജ് ജോസഫ് പ്രസംഗിച്ചു. സ്വരാജ്പാർട്ടി കീഴടങ്ങണമെന്ന് ജോർജ്ജ് ജോസഫ് ശക്തമായി വാദിച്ചു. സ്വരാജ് പാർട്ടി കീഴടങ്ങുന്നില്ലെങ്കിൽ ഒരു സന്ധിയും സാധ്യമല്ല എന്ന് ജോസഫ് പറഞ്ഞു. രണ്ടാഴ്ച കഴിഞ്ഞ് നാഗപൂർ ചേർന്ന കോൺഗ്രസ്സ് സമ്മേളനത്തിൽ വച്ച് പുതിയ കമ്മറ്റി നിലവിൽ വന്നു. ആ വർക്കിംഗ് കമ്മറ്റിയിലേക്ക് ജോർജ്ജ്

www.malankaralibrary.com

ജോസഫിനെയും ഉൾപ്പെടുത്തിയിരുന്നു. കോൺഗ്രസ്സിലെ മൂന്നുവിഭാഗ ത്തിൽപ്പെട്ടവരും പുതിയ വർക്കിംഗ് കമ്മറ്റിയിൽ ഉണ്ടായിരുന്നു. 1923 നവംബർ 25-ന് മറ്റൊരു കമ്മറ്റി രൂപീകരിക്കുവാനും വർക്കിംഗ് കമ്മറ്റി തീരുമാനിച്ചു. അകാലികളുടെ പ്രശ്നങ്ങൾ രാജ്യവ്യാപകമായി ഉന്നയിക്കുക, അവർക്കുവേണ്ട സഹായങ്ങൾ-സാമ്പത്തികസഹായങ്ങൾ ഉൾപ്പെടെ നല്കാനുമായിരുന്നു ഈ കമ്മറ്റി. ജോർജ്ജ് ജോസഫും ഈ കമ്മറ്റിയിൽ അംഗമായിരുന്നു. കോൺഗ്രസ്സിനോടും അകാലികർഷകരോടും അനുഭാവം പുലർത്തിയിരുന്ന ജനപ്രിയനായിരുന്ന നഭാമഹാരാജാവിനെ അധികാര ഭ്രഷ്ടനാക്കിയതിനെ തുടർന്നുണ്ടായ പ്രതിസന്ധിയായിരുന്നു ചർച്ചാ വിഷയം. പിന്നീട് എ.റ്റി. ഗിഡ്വാനി അറസ്റ്റിലായപ്പോൾ അമൃതസാറിൽ പ്രവർത്തിച്ചിരുന്ന കോൺഗ്രസ് സഹായക് ബ്യൂറോയുടെ ചുമതലയേൽ ക്കാൻ ജോർജ്ജ് ജോസഫിനോടാവശ്യപ്പെട്ടു.

ജയ്റ്റോയിൽ അകാലി ജാഥക്കുനേരേയുണ്ടായ വെടിവയ്പിൽ അനേകംപേർ കൊല്ലപ്പെടുകയും ഏറെ ആളുകൾക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു. ദൃക്സാക്ഷികളോടും മറ്റുള്ളവരെടും സംസാരിച്ച നിജസ്ഥിതി മനസ്സിലാക്കാൻ ശ്രമിക്കുകയായിരുന്നു ജോർജ്ജ് ജോസഫിന്റെ പ്രധാനജോലി. ഇതിനിടയിലാണ് നഭമഹാരാജാവുമായി അടുക്കുന്നത്. ആ ബന്ധം ദീർഘനാൾ നിലനിന്നു. തുടർന്ന് ജോർജ്ജ് ജോസഫ് രാജാവിന്റെ നിയമോപദേശകനായി. നാടുകടത്തപ്പെട്ട് കൊടൈക്കനാലിൽ രാജാവ് താമസിച്ചപ്പോഴും ജോർജ്ജ് ജോസഫുമായുള്ള ബന്ധം തുടർന്നു.

ഡിസംബർമാസത്തിൽ കാക്കനാഡായിൽ ചേർന്ന കോൺഗ്രസ്സ് സമ്മേളനം സരോജനി നായിഡുവിനോടും ജോർജ്ജ് ജോസഫിനോടും കെനിയായിൽ വച്ചു നടക്കുന്ന ഇന്ത്യൻ കോൺഗ്രസ്സിൽ പങ്കെടുക്കാൻ ആവശ്യപ്പെട്ടു. കെനിയായിലെ ഇന്ത്യൻ വംശജരുടെ പ്രശ്നങ്ങൾ പഠിക്കുക, അവർക്കുവേണ്ട ഉപദേശങ്ങൾ നല്കുക, അവർക്ക് സഹിക്കേണ്ടിവന്ന അപമാനങ്ങൾക്കും കഷ്ടപ്പാടുകൾക്കുമെതിരെ അവർ നടത്തിയിരുന്ന ചെറുത്ത് നില്പ് മുന്നോട്ടുകൊണ്ടുപോകാൻ വേണ്ട നടപടികൾ നിർദ്ദേശി ക്കുക എന്നൊക്കെയായിരുന്നു ആ കമ്മറ്റിയുടെ ചുമതല. ഭാര്യ സൂസന്ന യുടെ രോഗം മൂർഛിച്ചതിനാൽ കെനിയയിലേക്കുപോകാൻ സാധിച്ചില്ല. നാട്ടി ലേക്കു മടങ്ങി.

സൂസന്നയുടെ രോഗം ജോർജ്ജ് ജോസഫിന് ആകുലത സൃഷ്ടിച്ചു. മഹാത്മജിയേയും രോഗവിവരം ദുഃഖിതനാക്കി. രോഗിയായ സൂസന്നയെ തന്റെ ആശ്രമത്തിലേക്ക് കൊണ്ടുവന്നാലും സൂസന്ന സന്തുഷ്ടയാകണ മെന്നില്ല. അതിനാൽ നല്ല ഒരു ആശുപത്രിയെ അഭയം പ്രാപിക്കണമെന്ന് ഗാന്ധിജി, ജോർജ്ജ് ജോസഫിനോടുപറഞ്ഞു. പല ആശുപത്രിക്കളപ്പറ്റിയും

www.malankaralibrary.com

ജോർജ്ജ് ജോസഫിന് ഗാന്ധിജി എഴുതി അറിയിച്ചു. അവയെപ്പറ്റി കൂടുതൽ അന്വേഷിക്കാമെന്നും ഗാന്ധിജി ജോർജ്ജ് ജോസഫിനെ അറിയിച്ചു.

1918-ൽ റൗലക്ട് ആക്ടിനെതിരെയുള്ള പ്രക്ഷോഭണം രാജ്യമെങ്ങും ആഞ്ഞടിക്കുകയുണ്ടായി. ഈ സന്ദർഭത്തിൽ തന്റെ ആശയങ്ങൾ ജനങ്ങളിലെത്തിക്കുന്നതിന് ഗാന്ധിജി ഒരു പ്രസിദ്ധീകരണം ആരംഭിക്കുവാൻ തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിലാണ് യംഗ് ഇൻഡ്യാ എന്ന ഇംഗ്ലീഷ് വാരിക ആരംഭിച്ചത്. വാർഷിക വരിസംഖ്യ നിശ്ചയിക്കുകയും ചെയ്തു. കോപ്പികൾ വിറ്റുകിട്ടുന്ന തുകയായിരുന്നു യംഗ് ഇൻഡ്യയുടെ സാമ്പത്തിക ശ്രോതസ്. യംഗ് ഇൻഡ്യയിലെ മിക്ക ലേഖനങ്ങളും ഗാന്ധിജി തന്നെയായിരുന്നു എഴുതിയിരുന്നത്. എന്നാൽ ചില പ്രത്യേക വിഷയങ്ങളെപ്പറ്റിയും ലേഖനങ്ങൾ മറ്റുള്ളവരിൽ നിന്നും എഴുതിവാങ്ങി പ്രസദ്ധീകരിക്കുകയും ചെയ്തു. ഗാന്ധിജി തടവിലായിരുന്ന സമയം അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം ജോർജ്ജ് ജോസഫ് യംഗ് ഇന്ത്യയുടെ പത്രാധിപസ്ഥാനം ഏറ്റെടുത്തു. തന്റെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിൽ യംഗ് ഇന്ത്യയിലെ സേവനം സഹായിക്കുമെന്ന ചിന്തയാണ് ആസ്ഥാനം ഏറ്റെടുക്കാൻ പ്രേരിപ്പിച്ചത്. 1923 സെപ്റ്റംബറിൽ രാജഗോപാലാചാരിയിൽ നിന്നും യംഗ് ഇന്ത്യയുടെ പത്രാധിപത്യം ജോർജ്ജ് ജോസഫ് ഏറ്റെടുത്തു. ജോർജ്ജ് ജോസഫ് എഴുതിയ ആദ്യലക്കത്തിൽ തന്നെ ഒരു താൽക്കാലിക സംവിധാനമെന്ന നിലയിലാണ് താൻ പത്രാധിപത്യവും ഏറ്റെടുക്കുന്നതെന്നും ശസ്ത്രക്രിയ കഴിഞ്ഞ് വിശ്രമിക്കുന്ന ഗാന്ധിജി തിരിച്ചെത്തിയാലുടൻ അദ്ദേഹം പത്രാധിപരുടെ ചുമതല ഏറ്റെടുക്കുമെന്നും എഴുതിയിരുന്നു. ഗാന്ധിജി ധർമ്മശാസ്ത്രം, രാഷ്ട്രീയ പ്രശ്നങ്ങൾ, സാമൂഹ്യപ്രശ്നങ്ങൾ തുടങ്ങിയ വിഷയങ്ങൾ കേന്ദ്രീകരിച്ച് എഴുതിയ ലേഖനങ്ങൾ ജനങ്ങളെ വളരെയധികം ആകർഷിക്കുകയുണ്ടായി. ഏതാണ്ട് ഇരുപതിനായിരത്തിൽ പരം വരിക്കാർ യംഗ് ഇന്ത്യക്കുണ്ടായിരുന്നു. ഗാന്ധിജിയുടെ അസാന്നിദ്ധ്യത്തിൽ ഷുവെയ്സ് കുറേഷിയും, രാജഗോപാലാചാരിയും ജോർജ്ജ് ജോസഫുമായിരുന്നു പത്രാധിപസ്ഥാനം വഹിച്ചിരുന്നത്. ഇക്കാലത്ത് യംഗ് ഇന്ത്യയുടെ വരിക്കാരുടെ എണ്ണം വളരെയധികം കുറഞ്ഞുപോയിയെന്ന് ജോർജ്ജ് ജോസഫ് രേഖപ്പെടുത്തിയിട്ടുണ്ട്. ജോർജ്ജ് ജോസഫ് പത്രാധിപരായിരുന്ന കാലത്ത് സി.എഫ്. ആൻഡ്രൂസും രാജഗോപാലാചാരിയും യംഗ് ഇന്ത്യയിൽ സ്ഥിരമായി എഴുതിക്കൊണ്ടിരുന്നു. ഇന്ത്യയിലെ സമകാലികപ്രശ്നങ്ങളെപ്പറ്റിയായിരുന്നു രാജാജി എഴുതിയിരുന്നത്. സി.എഫ്. ആൻഡ്രൂസ് ദക്ഷിണാഫ്രിക്ക, കിഴക്കൻ ആഫ്രിക്ക, ബ്രിട്ടീഷ് സാമ്രാജ്യത്തിലെ ഇതരപ്രദേശങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ അധിവസിക്കുന്ന ഇന്ത്യാക്കാരുടെ പ്രശ്നങ്ങളെപ്പറ്റി എഴുതിയിരുന്നു. മഹാനായ ഇന്ത്യൻ ശാസ്ത്ര

www.malankaralibrary.com

ജ്ഞൻ, പ്രഫുല്ല ചന്ദ്രറേ, ഖാദിയുടെ ഗുണഗണങ്ങളെ പുകഴ്ത്തിക്കൊണ്ട് നിരവധി ലേഖനങ്ങൾ യംഗ് ഇന്ത്യയിൽ എഴുതിയിരുന്നു. ഡുപിയേഴ്സൺ എന്ന അമേരിക്കക്കാരനും യംഗ് ഇന്ത്യയിലെ സ്ഥിരം ലേഖകനായിരുന്നു വെന്ന് പറയാം. മഹാത്മാഗാന്ധിയുടെ ആശയാഭിലാഷങ്ങൾ വാരികയിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നു. ഗാന്ധിജിയുടെ ജീവചരിത്രം ഇക്കാലത്ത് റൊമേയൻ റോളിംഗ് രചിച്ചിരുന്നു. അതിൽ പലഭാഗങ്ങളും യംഗ് ഇന്ത്യയിൽ പ്രസിദ്ധീകരിച്ചിരുന്നു. 10 പേജുകളുണ്ടായിരുന്ന വാരിക വ്യാഴാഴ്ചതോറു മാണ് പ്രസിദ്ധീകരിച്ചിരുന്നത്. വിവിധലേഖകന്മാരുടെ ലേഖനങ്ങൾ നീക്കി 10 പേജ് മാറ്റർ തയ്യാറാക്കിയത് ജോർജ്ജ് ജോസഫ് തന്നെയായിരുന്നു. ഏതാണ്ട് 12 മണിക്കൂർ വച്ച് ദിവസവും ജോർജ്ജ് ജോസഫ് യംഗ് ഇന്ത്യക്കു വേണ്ടി എഴുതേണ്ടി വന്നു.

ജോർജ്ജ് ജോസഫിൽ നിന്നും പത്രാധിപസ്ഥാനം ഏറ്റെടുത്തതി നുശേഷം ആദ്യം ഇറക്കിയ യംഗ് ഇന്ത്യയിൽ ഗാന്ധിജി എഴുതി "ജോർജ്ജ ജോസഫിന്റെ തീക്ഷ്ണമായ ശൈലി വായനക്കാരുടെ മനസ്സിൽ ഇപ്പോഴും ജ്വലിച്ച് നിൽപുണ്ടാവും. സ്വാതന്ത്ര്യസമരത്തിലെ നിർണ്ണായക ഘട്ടത്തിലാണ് ജോർജ്ജ് ജോസഫ് യംഗ് ഇന്ത്യയുടെ പത്രാധിപരാകുന്നത്. സ്വരാജ്പക്ഷക്കാരും പരിവർത്തനവിരുദ്ധ ഗ്രൂപ്പുകാരും തമ്മിൽ നടന്ന ആശയസമരത്തെപ്പറ്റി യംഗ് ഇന്ത്യയുടെ താളുകളിൽ നിറഞ്ഞുനിന്നിരുന്നു. കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ നടന്ന വിവിധ സമ്മേളനങ്ങളുടെ റിപ്പോർട്ടുകൾ, ചർച്ചകളെക്കുറിച്ചുള്ള അഭിപ്രായ പ്രകടനങ്ങൾ മുഴുവൻ വിശദമായി യംഗ് ഇന്ത്യയിൽ ജോർജ്ജ ജോസഫ് എഴുതിയിരുന്നു. സ്വാതന്ത്ര്യ സമരത്തിലെ പ്രധാനപങ്കാളികളെപ്പറ്റിയുള്ള വിവരണങ്ങളും യംഗ് ഇന്ത്യാ ഇക്കാലത്ത് പ്രസദ്ധീകരിച്ചിരുന്നു.

രാഷ്ട്രീയമായി കോൺഗ്രസ്സിൽ ഭിന്നിപ്പുണ്ടായിരുന്ന കാലമായിരുന്നു ജോർജ്ജ് ജോസഫ് പത്രാധിപരായിരുന്ന കാലം. അന്ന് കോൺഗ്രസ്സ് 3 മൂന്നുഗ്രൂപ്പുകളായി അറിയപ്പെട്ടിരുന്നു. പരിവർത്തന വിരുദ്ധരിൽതന്നെ മൂന്ന് വ്യത്യസ്തഗ്രൂപ്പുകൾ നിലനിന്നു. ദീർഘകാലമായി ആശയസമരത്തിൽ പങ്കെടുത്ത് സന്ധിക്ക് തയ്യാറായ വല്ലഭായി പട്ടേലിന്റെ നേതൃത്വത്തിലു ള്ളവരായിരുന്നു ഒന്നാംഗ്രൂപ്പ്. അണികളിൽ വളർന്നുവന്ന ഐക്യത്തി നുവേണ്ടിയുള്ള മോഹത്തിന്റെയും അവർക്കെതിരെ അണിനിരന്ന വൻശക്തി കേന്ദ്രങ്ങളുടെയും മുന്നിൽ കീഴടങ്ങേണ്ടിവന്ന രാജേന്ദ്രപ്രസാദ്, മഹാദേവ് ദേശായ്, ജോർജ്ജ് ജോസഫ് ഉൾപ്പെടെയുള്ളവർ നേതൃത്വം നല്കിയ വരായിരുന്നു രണ്ടാംഗ്രൂപ്പ്. ഒരു കാരണവശാലും സന്ധിയുടെ വഴി വിടില്ല എന്ന് ശഠിച്ച തീവ്രവാദികളുടെ ഗ്രൂപ്പായിരുന്നു മൂന്നാമത്തേത്. പ്രക്ഷു ബ്ധമായ അന്തരീക്ഷത്തിൽ, എല്ലാ ലക്കത്തിലും ജോർജ്ജ് ജോസഫ് എഴു തിയ ലേഖനങ്ങൾ ശ്രദ്ധേയങ്ങളായിരുന്നു. കൗൺസിൽ പ്രവേശനവുമായി ബന്ധപ്പെട്ട സ്വരാജ് പാർട്ടിയുടെ നിലപാടുകളിലെ പൊരുത്തമില്ലായ്മ ചൂണ്ടി

www.malankaralibrary.com

ക്കാണിച്ച് എഴുതിയ ലേഖനങ്ങൾ സ്വരാജിസ്റ്റുകൾക്ക് തൃപ്തികരമായില്ല. ബ്രിട്ടീഷുകാരെ എതിർക്കാൻ കൈവന്ന സുവർണ്ണാവസരം ഭിന്നിപ്പിന്റെ ഫലമായി നഷ്ടപ്പെട്ടതിനെയും ജോർജ്ജ് ജോസഫ് തുറന്നെഴുതിയിരുന്നു. വളരെയധികം ആവേശത്തോടെയും, ഊർജ്ജസ്വലതയോടെയുംകൂടിയാണ് ജോർജ്ജ് ജോസഫ് എഴുതിയിരുന്നത്. എന്നാൽ ഒരിക്കൽപോലും സ്വരാജിസ്റ്റുകളുടെ ഉദ്ദേശശുദ്ധിയെ ജോർജ്ജ് ജോസഫ് ചോദ്യം ചെയ്തിരുന്നില്ല. സ്വരാജ് പാർട്ടിയിലെ രണ്ട് പ്രധാനികളായിരുന്ന മോത്തിലാൽ നെഹ്റുവിനോടും ചിത്തരഞ്ജൻദാസിനോടും ജോർജ്ജ് ജോസഫ് ബഹുമാനവും മര്യാദയും കാണിച്ചുകൊണ്ടാണ് എഴുതിയിരുന്നത്.

കോൺഗ്രസ്സിലെ ഇരുവിഭാഗങ്ങളും തമ്മിൽ നടന്നുവന്ന തർക്കത്തെപ്പറ്റി ജോർജ്ജ് ജോസഫിന്റെ കാഴ്ചപ്പാട് വ്യക്തമാക്കിയത് അദ്ദേഹം ജവഹർലാൽ നെഹ്റുവിനയച്ച കത്തിലൂടെയാണ്. ഞാൻ സ്വരാജിസ്റ്റ് വിരുദ്ധനും ഭരണഘടനാ വിരുദ്ധനുമാണെന്ന് തുറന്നുപറഞ്ഞുകൊണ്ടാണ് ജോർജ്ജ ജോസഫ് കത്തെഴുതിയത്. ഉടൻതന്നെ തിരഞ്ഞെടുപ്പ് വരികയാണെന്നും തെരഞ്ഞെടുപ്പുകളെയും കൗൺസിലുകളെയും നൂതന മാർഗ്ഗത്തിലൂടെ കൈകാര്യം ചെയ്യണമെന്നും ജോർജ്ജ് ജോസഫ് കത്തിലൂടെ ആവശ്യപ്പെട്ടു. ഇതിനെതിരായി പിക്കറ്റിംഗും മറ്റും നടത്തിയാൽ വോട്ടിംഗ് ശതമാനം കുറക്കുവാൻ മാത്രമേ ഇടവരുകയുള്ളു എങ്കിലും കുറേയാളുകൾ കൗൺസിലുകളിലേക്ക് തിരഞ്ഞെടുക്കപ്പെടും. ആ സാഹചര്യം ഒഴിവാക്കണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു. ഓരോ നിയോജകമണ്ഡലത്തിലും ജനഹിതപരിശോധന ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരുവലിയ പ്രസ്ഥാനത്തിനാണ് ജോർജ്ജ് ജോസഫ് പ്ലാനിട്ടത്. നിയമസഭാംഗങ്ങൾക്ക് തങ്ങളെ പ്രതിനിധീകരിക്കാനുള്ള അവകാശം നിരാകരിച്ചുകൊണ്ടുള്ള ഒരു പ്രഖ്യാപനത്തിന് രൂപം കൊടുക്കണമെന്നും അതിന് ആവശ്യമെങ്കിൽ 50 ശതമാനത്തിലധികം സമ്മതിദായകരുടെ ഒപ്പു ശേഖരിക്കണന്നുമായിരുന്നു ജോർജ്ജ് ജോസഫ് ആവശ്യപ്പെട്ടത്. നിയമസഭകളുടെ പൊള്ളത്തരം തുറന്നുകാട്ടുന്ന കർമ്മപരിപാടികളുമായി ജനങ്ങളെ സമീപിച്ചാൽ ആവേശകരമായ പ്രതികരണമുണ്ടാവുമെന്നും ജോർജ്ജ് ജോസഫ് എഴുതി. രാജേന്ദ്രപ്രസാദ് തുടങ്ങിയ മഹാന്മാരുമായി ഈ പ്രശ്നം ചർച്ച ചെയ്യണമെന്നും നെഹ്റുവിനോടഭ്യർത്ഥിച്ചു. ജോർജ്ജ് ജോസഫ് മുൻപു തന്നെ പ്രഖ്യാപിച്ച സ്തംഭിപ്പിക്കൽ തത്വംതന്നെയായിരുന്നു ഇത്. എന്നാൽ നെഹ്റു, ജോർജ്ജ് ജോസഫിന്റെ നിർദ്ദേശങ്ങളെ അവഗണിക്കുകയും മറുവശത്തുചേർന്ന് അലഹബാദ് കോർപ്പറേഷന്റെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ഇതോടെ നെഹ്റുവും ജോർജ്ജു ജോസഫും തമ്മിലുള്ള ബന്ധം അവസാനിക്കുകയും ചെയ്തു.

www.malankaralibrary.com

യംഗ് ഇന്ത്യയിൽക്കൂടി തന്റെ സുദൃഢമായ അഭിപ്രായങ്ങൾ തുറന്നു പറയുവാൻ ജോർജ്ജ് ജോസഫ് ഒരിക്കലും വിമുഖത കാണിച്ചില്ല. 1924-ൽ ലണ്ടനിൽ വച്ച് ഒരു ബ്രിട്ടീഷ് സാമ്രാജ്യപ്രദർശനം നടന്നു. ആ പ്രദർശനത്തിലേക്ക് ഒരു സംഘം നൃത്തക്കാരികളെ ഇന്ത്യയിൽ നിന്നും അയക്കണമെന്ന് ആവശ്യപ്പെട്ടു. അതിനെ എതിർത്ത് ജോർജ്ജ് ജോസഫ് യംഗ് ഇന്ത്യയിൽ സദാചാരം എന്നപേരിൽ ഒരു മുഖപ്രസംഗം എഴുതി. ഇവിടെ നിന്നും സംഘത്തെ അയച്ചാൽ ആ സഹോദരിമാർ അവരുടെ ദൃഷ്ടിയിൽ കലാംഗനകൾ ആവില്ലാ, മറിച്ച് മാംസനിബദ്ധമായ വികാരങ്ങളുടെ വാഹകരായി തീരും"

ചൗരിചൗരാ കൂട്ടക്കൊലക്കുശേഷം രാജ്യവ്യാപകമായി അക്രമരഹിത സത്യാഗ്രഹം എന്ന സമരമുറയുടെ സാധ്യതകളെപ്പറ്റി ഗാന്ധിയോട് പല സംശയങ്ങളും പ്രകടിപ്പിച്ചു. എങ്കിലും സ്വാതന്ത്ര്യസമരത്തിന്റെ ഈ ഘട്ടത്തിൽ സത്യാഗ്രഹത്തിനെ ഒരു രാഷ്ട്രീയ പോരാട്ടമായി ജോർജ്ജ് ജോസഫും അംഗീകരിച്ചു. അഹിംസയും സത്യാഗ്രഹവും ഉപയോഗിച്ച് ആത്യന്തിക വിജയം നേടാൻ കഴിയുമോ എന്ന കാതലായ പ്രശ്നം അദ്ദേഹം ഉന്നയിച്ചു. ഈ മാർഗ്ഗത്തെക്കുറിച്ച് സംശയങ്ങൾ വച്ചുപുലർത്തിയവരെ ജോർജ്ജ് ജോസഫ് രണ്ടായി തിരിച്ചു. ജോർജ്ജ് ജോസഫ് കഥയും കാലവും എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു" ബലപ്രയോഗം സ്നേഹത്തെ വെല്ലുമെന്നും അങ്ങനെതന്നെയാണ് സംഭവിക്കേണ്ടതെന്നും വിശ്വസിക്കുന്ന ഒരു കൂട്ടരുണ്ട്. യുദ്ധത്തെ ഇഷ്ടപ്പെടുന്നവരുമുണ്ട്. ഇനി ഇഷ്ടപ്പെട്ടില്ലെങ്കിലും ജീവിതത്തിന്റെ മുന്നോട്ടുള്ള പോക്കിന് അനിവാര്യമായ ഒന്നായി പ്രകൃതിതന്നെ സജ്ജീകരിച്ചിട്ടുള്ള ഒരു മാർഗ്ഗമെന്ന നിലയിൽ അവർ യുദ്ധത്തെ മാനിക്കുന്നു. പരിണാമ പ്രക്രിയയുടെ ഏതോ ഒരു ഘട്ടത്തിൽ ഹിംസയെ അഹിംസ വെല്ലുന്ന ഒരു കാലം വരുമെന്ന് വിശ്വസിക്കുന്ന മറ്റൊരു കൂട്ടരുണ്ട്. എന്നാൽ ഇന്നത്തെ മനുഷ്യാവസ്ഥ അത്രക്ക് വികസിച്ചിട്ടില്ല. അഹിംസ കൊണ്ട് ജയിക്കാൻ വേണ്ട ഇച്ഛാശക്തിയും നിശ്ചയദാർഢ്യവും പൊതുമനസ്സിന് ഇന്നും അപ്രാപ്യമാണ്. രക്തസാക്ഷികൾക്കും യോഗിവര്യന്മാർക്കും വ്യക്തികളെന്ന നിലയിൽ സ്വതന്ത്രചേതനയെ കീഴടക്കാനുള്ള സേഛാധിപതിയുടെ ലക്ഷ്യത്തെ മുഖാമുഖം നേരിടാനും അചഞ്ചലമായ ആത്മീയ വീര്യം കൊണ്ട് പരാജയപ്പെടുത്താനും കഴിഞ്ഞേക്കും. അഹിംസയിലൂന്നിയ സംഘടിതസമരങ്ങൾക്ക് രാഷ്ട്രീയലക്ഷ്യങ്ങൾ നേടാൻ കഴിയില്ല എന്നാണ് ഈ വിഭാഗത്തിന്റെ ചിന്താഗതി. നിരന്തരമായ ബലപ്രയോഗത്തെ അതിജീവിക്കാൻ പൊതു ഇഛാശക്തിക്ക് ഇനിയും കഴിയില്ല."

ഈ രണ്ടുവാദഗതികളെയും യുക്തികൊണ്ടുമാത്രം നേരിടാൻ കഴിയുകയില്ലെന്നായിരുന്നു ജോർജ്ജ് ജോസഫിന്റെ അഭിപ്രായം.

വന്യവും വിജനവുമായ വനത്തിലൂടെയാണ് അഹിംസയുടെ പാത ആസൂത്രണം ചെയ്യേണ്ടതും നിർമ്മിക്കേണ്ടതും. വെറുപ്പും അക്രമവും

www.malankaralibrary.com

ഘനകവചമാക്കിയ രാഷ്ട്രീയത്തിൽ അഹിംസയിൽ അധിഷ്ഠിതമായ ഒരു രാഷ്ട്രീയ സമരമുറ പരാജയപ്പെടാൻ വിധിക്കപ്പെട്ടതല്ലേ? വ്യക്തിസ്വാതന്ത്ര്യവും ദേശീയസ്വാതന്ത്ര്യവും സ്ഥാപിച്ചെടുക്കാൻ പീഡനവും യാതനയും ആവശ്യമായി വരും. സ്വാതന്ത്ര്യസമ്പാദനത്തിനായി തെറ്റുകുറ്റങ്ങളില്ലാത്ത പരിപൂർണ്ണതയിലെത്തിയ ഒരു പ്രക്രിയ പരിപോഷിപ്പിച്ചെടുക്കാൻ അനേകം പരാജയങ്ങളെ നേരിടേണ്ടി വരും. അഹിംസയുടെ അന്തിമവിജയം മനുഷ്യരാശിക്ക് ദൈവങ്ങളുടെ ഒരു വരദാനമായി, ഒരു വിശിഷ്ടായുധമായി പെട്ടെന്നൊരു ദിവസം ലഭിക്കില്ല എന്ന നമ്മുടെ വിശ്വാസം സത്യത്തിൽ അധിഷ്ഠിതമാണെന്ന് തെളിയിക്കേണ്ട ഭാരിച്ച ഉത്തരവാദിത്വം, ദൈവങ്ങളും ഹിംസയുടെ കൈപ്പിടിയിലായിരിക്കില്ല ഭൂമി എക്കാലവും എന്ന് വിശ്വസിക്കുന്നവരും ചേർന്ന് നമ്മുടെ മേൽ ചാർത്തിയിരിക്കുകയാണ്. നാം നമ്മുടെ പരിശ്രമങ്ങളിൽ പരാജയപ്പെട്ടേക്കാം ആ പരാജയങ്ങൾക്ക് വിലയായി നമ്മുടെ ജീവിതം നമ്മളാൽ നയിക്കപ്പെടുന്നവരുടെ ജീവിതം നല്കേണ്ടി വന്നേക്കാം. എന്നാൽ വിശ്വാസത്തിന്റെ പിൻബലത്തോടെയാണ് സമരസേനാനികൾ മരണം വരിക്കുന്നതെങ്കിൽ അവർക്കുണ്ടാകുന്ന ദുരന്തത്തിൽ നാം നമ്മെത്തന്നെ കുറ്റപ്പെടുത്തേണ്ടതില്ല. സ്വാതന്ത്ര്യത്തിന്റെ വില മരണം തന്നെയാണ്.

ജോർജ്ജ് ജോസഫിന്റെ വിചാരധാരകൾ ഗാന്ധിയുടേതുമായി ഏറ്റവും അടുപ്പം പുലർത്തിയിട്ടുള്ളത് മേൽപ്പറഞ്ഞ ലേഖനത്തിൽ മാത്രമാണ്. ഗാന്ധിജിയുടെ പല സമര തന്ത്രങ്ങളോടും ജോർജ്ജ് ജോസഫിന് അഭിപ്രായ വ്യത്യാസമുണ്ടായിരുന്നു. നിർണായക വിജയങ്ങൾ കൈയെത്തും ദൂരത്തണിയുമ്പോൾ പെട്ടെന്ന് തന്ത്രങ്ങൾ മാറ്റുന്നത് യുക്തിസഹമായി ജോസഫിന് തോന്നിയില്ല. ചൗരിചൗരാ സംഭവവും ഗാന്ധിജി ജയിൽവിമോചിതനായതും, ഗാന്ധിജി രാഷ്ട്രീയത്തിൽനിന്നും വിരമിച്ചതും ഒരു വഞ്ചനയായി ജോർജ്ജ് ജോസഫിന് തോന്നിയിരിക്കണം. എന്നാൽ ഗാന്ധിജിയെപ്പറ്റി തെറ്റായി ചിന്തിച്ചതിലുള്ള കുറ്റബോധവും ജോർജ്ജ് ജോസഫിനെ അലട്ടിയിരുന്നു. പൊതുജനങ്ങളുടെ വികാരം മനസ്സിലാക്കാനുള്ള ഗാന്ധിയുടെ അപാരമായ കഴിവിൽ ജോർജ്ജ് ജോസഫിനും വിശ്വാസമുണ്ടായിരുന്നു.

ഇന്ത്യയിലെ ക്രിസ്ത്യാനികൾ ദേശീയതയിൽ നിന്നും വളരെ അകലത്തിൽ കഴിയുകയാണെന്ന് ജോർജ്ജ് ജോസഫിന് അഭിപ്രായമുണ്ടായിരുന്നു. അതേസമയം രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വർഗ്ഗീയ സംഘർഷം ഉണ്ടാക്കുന്നതിൽ ജോർജ്ജ് ജോസഫ് ദുഃഖിതനുമായിരുന്നു. മുസ്ലിംങ്ങളെ പ്രീണിപ്പിച്ച് സംഘർഷത്തിന് അയവുണ്ടാക്കാൻ കോൺഗ്രസ്സ് ശ്രമിച്ചപ്പോൾ ഹിന്ദുവികാരങ്ങൾ മനസ്സിലാക്കാൻ ശ്രമിച്ചില്ലെന്നും ജോർജ്ജ് ജോസഫിന് അഭിപ്രായമുണ്ടായിരുന്നു.

www.malankaralibrary.com

ബ്രിട്ടനിലെ തിരഞ്ഞെടുപ്പിനെ ഇന്ത്യൻ ജനങ്ങൾ ഉറ്റുനോക്കേണ്ട കാര്യമില്ലെന്ന അഭിപ്രായക്കാരനായിരുന്നു ജോർജ്ജ് ജോസഫ്. അദ്ദേഹം എഴുതിയിരിക്കുന്നു. നമ്മുടെ ഭാഗധേയം നിർണ്ണയിക്കുന്നത് കരുത്തോ അലസതയോ അല്ല, മറിച്ച് ഒരു വിദേശരാജ്യത്തെ പൊതുതിരഞ്ഞെടുപ്പാണ് എന്നു വരുന്നത് നമ്മുടെ ജീവിതത്തെ കളങ്കപ്പെടുത്തുന്ന അനേകം അപമാനങ്ങളിൽ ഒന്നാണ്. ത്യാഗസന്നദ്ധത നിലനിർത്താൻ കഴിയാത്ത തുമൂലം നമ്മുക്ക് സാധ്യമാകുന്നതിന്റെ പരമാവധിപോലും ഒരു ഇംഗ്ലീഷ് രാഷ്ട്രീയ കക്ഷിയുടെ ജയപരാജയങ്ങളെക്കാൾ മൂല്യം കുറഞ്ഞതാണ് എന്നാണ് ഇത് വെളിപ്പെടുത്തുന്നത്. ബ്രിട്ടനിലെ പൊതുതിരഞ്ഞെടുപ്പ് കഴിഞ്ഞ് അധികാരമേറ്റെടുത്ത പ്രധാനമന്ത്രി റെംസേമക് ഡൊണാൾഡ് ഭാരതീയരോട് പറഞ്ഞു "സമരപരിപാടികൾ ഉപേക്ഷിച്ച് ഭരണഘടനാ പരമായി മാർഗ്ഗങ്ങളിലേക്കും അനുനയത്തിലേക്കും വരാൻ ഇന്ത്യൻ ജനത തയ്യാറാകണം" ആ സന്ദേശം യംഗ് ഇന്ത്യയിൽ ചേർത്തതിനുശേഷം അതിൽ ജോർജ്ജ് ജോസഫ് എഴുതിയ മറുപടി ശ്രദ്ധേയമാണ്. അത് താഴെ ചേർക്കുന്നു" അവരുടെ നീണ്ട ചരിത്രത്തിൽ ഇന്നുവരേക്കും ബ്രിട്ടീഷ് രാജ്യതന്ത്രജ്ഞർ നീതിയുടെ വിളികൾക്ക് ചെവി കൊടുത്തിട്ടില്ല. അദമ്യമായ ശക്തിയുടെയോ സ്തംഭനാവസ്ഥയുടെ സാധ്യതകൾക്ക് മുന്നെയോ മാത്രമേ മുട്ടുമടക്കിയിട്ടുള്ളു. ക്യാനഡായ്ക്ക് സ്വാതന്ത്ര്യം ലഭിച്ചത് അവർ യുദ്ധം ചെയ്തിട്ടാണ്. മൂന്നുവർഷത്തെ രക്തരൂക്ഷിതമായ സമരങ്ങൾക്കുശേഷം അവരുടെ ക്യാബിനിറ്റ് അയർലണ്ടിന് മുന്നിൽ കീഴടങ്ങി. കലാപത്തിന്റെ ഭീഷണിയുടെ മുന്നിലാണ് കെനിയയിൽ അവർ മുട്ടുമടക്കിയത്. ഇതിലൊന്നും തന്നെ, രാജ്യതന്ത്രജ്ഞർ സാധാരണ ആ വാക്കുകൾക്ക് കൽപിക്കുന്ന അർത്ഥത്തിൽ അനുനയമോ നീതിയുടെ വിജയമോ ഉണ്ടായിരുന്നില്ല. അവിടെയുണ്ടായിരുന്നത് കരുത്താണ് അവിടെയുണ്ടായിരുന്നത് യുക്തിരാഹിത്യമാണ്. വാക്കുകൾകൊണ്ടുള്ള അനുനയത്തെ മറികടന്ന് പ്രവർത്തിയിലൂടെ പ്രകടമായ യുക്തിരാഹിത്യം.

യംഗ് ഇന്ത്യയുടെ പത്രാധിപത്യം വീണ്ടും മഹാത്മജി തന്നെ ഏറ്റെടുത്തു. എന്നാൽ ഗാന്ധി ജോർജ്ജ ജോസഫിന്റെ സേവനം തുടർന്നു ആഗ്രഹിച്ചിരുന്നു. സമയം അനുവദിക്കുമെങ്കിൽ എല്ലാ ആഴ്ചയും ഓരോ ലേഖനം യംഗ് ഇന്ത്യക്ക് അയച്ചുതരണമെന്ന് ഗാന്ധിജി ജോർജ്ജ ജോസഫിനോട് ആവശ്യപ്പെട്ടു. ധൃതിപിടിച്ച് ലേഖനങ്ങൾ എഴുതരുതെന്നും സുചിന്തിതവും വസ്തുതകൾ നിറഞ്ഞതും താങ്കളുടെ ഏറ്റവും ഉന്നതമായ ശൈലിയിലും ആകണം ലേഖനങ്ങൾ എന്നും ഗാന്ധിജി നിർദ്ദേശിച്ചിരുന്നു. ഖദർ നിർമ്മാണം, ദേശീയ വിദ്യാഭ്യാസം, തൊട്ടുകൂടായ്മ തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് ഉള്ള ലേഖനങ്ങൾ എഴുതണമെന്നാണ് ജോർജ്ജ് ജോസഫിനോട് ആവശ്യപ്പെട്ടിരുന്നത്.

www.malankaralibrary.com

ഗാന്ധിജിയെ കാണാൻ വന്ന സിക്ക് സുഹൃത്തുക്കൾ ഓൺവേഡ് എന്ന സിക്കുകാരുടെ പത്രം എഡിറ്റു ചെയ്യാൻ സമർത്ഥനായ ഒരാളെ കിട്ടിയാൽ കൊള്ളാമെന്ന് പറഞ്ഞു. പ്രസിദ്ധനായ ഗിഡ്വാനിയായിരുന്നു ആ പത്രത്തിന്റെ പത്രാധിപർ, ഗാന്ധിജി, ജോർജ്ജ് ജോസഫിനെ ഓൺവേർഡ് പത്രത്തിന്റെ പത്രാധിപരാക്കാൻ അഗ്രഹിച്ചിരുന്നു. എന്നാൽ സൂസന്നയുടെ അനാരോഗ്യം ആ ജോലി ഏറ്റെടുക്കാൻ സാധിക്കാത്ത സ്ഥിതിയിലായി. 1923-ൽ അകാലികളുടെ പ്രശ്നങ്ങളെപ്പറ്റി പഠിക്കാനും അതിന് വേണ്ടത്ര പ്രചാരണം നല്കാനും പരിക്കേറ്റവർക്ക് സാമ്പത്തികവും അല്ലാത്തതുമായ സഹായങ്ങൾ നല്കുന്നതിനും കോൺഗ്രസ്സ് വർക്കിംഗ് കമ്മറ്റി ഒരു ഉപസമിതിയെ നിയോഗിക്കുകയുണ്ടായി. അതിന്റെ നേതൃത്വം വഹിച്ചത് എ.ടി. ഗീഡ്വാനിയായിരുന്നു. അദ്ദേഹത്തെ അറസ്റ്റ് ചെയ്ത് ജയിലിലടച്ചപ്പോൾ അമൃത് സാറിലെ പ്രചരണത്തിന്റെ ചുമതല ജോർജ്ജ് ജോസഫിനെയായിരുന്നു ഏല്പിച്ചത്. അകാലി പ്രക്ഷോഭണവുമായി ബന്ധപ്പെട്ട് നിരവധി ലേഖനങ്ങൾ അക്കാലത്ത് യംഗ് ഇന്ത്യയിൽ ജോർജ്ജ് ജോസഫ് എഴുതിയിരുന്നു. അകാലി പ്രക്ഷോഭണത്തിൽ മാത്രമല്ല ഒരു പ്രക്ഷോഭണത്തിലും അക്രമം നടത്താൻ പാടില്ലെന്നും അറസ്റ്റിലായാൽ കോടതികളിൽ സ്വയം പ്രതിരോധിക്കരുതെന്നും ലേഖനങ്ങളിലൂടെ പ്രക്ഷോഭകാരികളെ ജോർജ്ജ് ജോസഫ് ഉൽബോധിപ്പിച്ചിരുന്നു. ആ പശ്ചാത്തലം കണ്ടുകൊണ്ടാണ് ഓൺവോഡ് പത്രാധിപത്യം ജോർജ്ജ് ജോസഫിനെ ഏല്പിക്കുന്നതിനെപ്പറ്റി ഗാന്ധിജി ചിന്തിച്ചത്.

അലഹബാദിൽ ഇൻഡിപെൻഡന്റ് എന്ന പത്രം മോത്തിലാൽ നെഹ്റു വാണ് തുടങ്ങിയത്. ഇന്ത്യയ്ക്കുവേണ്ടി ഉറക്കെ ചിന്തിക്കുക എന്ന നയമാണ് പത്രം പ്രഖ്യാപിച്ചത്. പക്ഷേ ഇറങ്ങി മാസങ്ങൾ കഴിഞ്ഞിട്ടും പത്രത്തിൽ ചിന്തയുടെ ലക്ഷണങ്ങളൊന്നും കണ്ടില്ല.

പ്രശ്നപരിഹാരത്തിനായി തനിക്കു പരിചയമുള്ള ഒരു ചിന്തകനെ മോത്തിലാൽ ക്ഷണിച്ചു. ജോർജ് ജോസഫ് ഇംഗ്ലണ്ടിൽ നിന്ന് ബാരിസ്റ്റർ ബിരുദമെടുത്ത് മധുരയിൽ സാധുക്കളുടെ കേസുകൾ നടത്തിക്കൊണ്ടിരുന്ന ദേശീയ വാദിയുമായിരുന്നു. മഹാത്മാഗാന്ധിയുടെ സ്നേഹിതനായിരുന്നു ജോർജ് ജോസഫ്. അദ്ദേഹത്തിന്റെ ദേശസേവനശൈലിയിൽ ആകൃഷ്ട രായ ഒരു പറ്റം ചെറുപ്പക്കാർ ജോസഫ് ദമ്പതികളുടെ വീട്ടിൽ അന്തേവാ സികളായി കഴിഞ്ഞിരുന്നു. അവരിൽ പ്രമുഖരായിരുന്നു കെ. കാമരാജ് നാടാ രും, എസ്. സദാനന്ദനും, സുബ്രഹ്മണ്യഭാരതിയും. മധുരയിൽ ജോസഫിന്റെ ദത്തുപുത്രനായിരുന്നു സദാനന്ദ്. അലഹബാദിൽ എത്തിയ ജോസഫ് മാന സപുത്രനെ പത്രത്തിലേക്ക് വിളിച്ചു. ജോസഫിന്റെയും ഭാര്യ സൂസന്നയു ടെയും അവരുടെ മകൾ മായയുടെയും കൂടെയാണ് സദാനന്ദ് അലഹബാ ദിൽ താമസിച്ചത്.

www.malankaralibrary.com

അവരുടെ ആത്മബന്ധം എടുത്തു കാണിക്കുന്ന ഒരു കത്ത് 1921 ൽ അറസ്റ്റിലായപ്പോൾ ജോർജ് ജോസഫ് സൂസന്നയ്ക്ക് അയച്ചു. "ധൈര്യമായിരിക്കുക" അദ്ദേഹം എഴുതി. സദാനന്ദനും മായയ്ക്കും വേണ്ടിയെങ്കിലും ധൈര്യം കാണിക്കണം. ഞാൻ സന്തുഷ്ടനായിരിക്കുന്നുവെന്ന് അറിയുക. പ്രശസ്ത പത്രാധിപർ പോത്തൻ ജോസഫിന്റെ ജ്യേഷ്ഠനായിരുന്നു ജോർജ് ജോസഫ്.

ജോർജ് ജോസഫിന്റെ ആത്മമിത്രമായിരുന്ന സദാനന്ദനെപ്പറ്റി ടി.ജെ.എസ്. ജോർജ്ജ് രചിച്ച ഘോഷയാത്ര എന്ന ഗ്രന്ഥത്തിൽ സദാനന്ദന്റെ മാസ്മരലോകം എന്ന അദ്ധ്യായത്തിൽ (പേജ് 70, 71) ഇപ്രകാരം എഴുതിയിരിക്കുന്നു. "ദേശീയ നേതാക്കന്മാർ ദിനപത്രങ്ങളെക്കുറിച്ച് ചിന്തിച്ചപ്പോൾ സദാനന്ദന്റെ ഭാവനയിൽ ഉദിച്ചത് ഒരു ദേശീയ വാർത്താ വിതരണ സ്ഥാപനമെന്ന ആശയമാണ്. റോയിട്ടർ കുത്തകസ്ഥാനം നേടിയിരുന്നു. ബ്രിട്ടീഷ് താൽപര്യങ്ങൾ പ്രകാശനം ചെയ്യുന്ന റോയ്ട്ടറിന്റെ കുത്തക അവസാനിപ്പിക്കേണ്ടത് നാടിന്റെ ആവശ്യമായി സദാനന്ദ് കണ്ടു.

പാറ്റ്ലൊവറ്റ് എന്ന പ്രഗത്ഭനായ പത്രാധിപർ (കൽക്കട്ടയിലെ ക്യാപിറ്റൽ എന്ന വാരികയെ പ്രശസ്തിയിലേക്കു നയിച്ച ആൾ) സംഗതികളുടെ നിജസ്ഥിതി ചിത്രീകരിച്ചത് ഇങ്ങനെയാണ്. "സജീവമായ പത്രങ്ങൾ എല്ലാം ഇന്ന് പ്രസിദ്ധപ്പെടുത്തുന്ന പ്രധാന വാർത്തകൾ ഒരേ ഉറവിടത്തിൽ നിന്നാണ് വരുന്നത്. ഈ യാഥാർത്ഥ്യത്തെ വെല്ലുവിളിച്ചുകൊണ്ട് ഒരു ചെറിയ മനുഷ്യൻ സദാനന്ദ്, ഇപ്പോൾ മുന്നോട്ടു വന്നിട്ടുണ്ട്. ഫ്രീ പ്രസ്സ് എന്ന കൊടിയാണ് ഈ ആൾ സധൈര്യം ഉയർത്തുന്നത്. ദേശീയ ദിനപത്രങ്ങൾ നൽകുന്ന പിന്തുണയെ ആശ്രയിച്ചിരിക്കും ഈ സാഹസികന്റെ വിജയം. ഇപ്പോൾ രംഗം അടച്ചുവാഴുന്ന ശക്തിയുടെ വർദ്ധിച്ചു വരുന്ന സർക്കാർ പ്രീണനത്തിന് ഒരു തിരുത്തലായിട്ടെങ്കിലും സദാനന്ദ് വിജയം അർഹിക്കുന്നു.

അർഹിച്ചത് കിട്ടിയില്ല സദാനന്ദന്. തുടക്കത്തിൽ സ്വദേശി വൃത്തങ്ങൾ അദ്ദേഹത്തെ പ്രോത്സാഹിപ്പിച്ചു. ജി.ഡി. ബർളാ, പുരുഷോത്തമദാസ്, തക്കൂർദാസ്, വാൽച്ചന്ദ് ഹിരാച്ചന്ദ്, എം.ആർ. ജയശങ്കർ, ഫിറോസ് സേത്ന എന്നീ അതികായന്മാർ സദാനന്ദിനോടൊപ്പം ഫ്രീ പ്രസ് ഓഫ് ഇന്ത്യാ ഡയറക്ടർമാരായി.

പൊതുജനങ്ങളും ഫ്രീ പ്രസ് ഓഫ് ഇന്ത്യ (എഫ്.പി.ഐ.) യുടെ സാഹസികതയെ സ്വാഗതം ചെയ്തു. ആദ്യമായി ഒരു ഇന്ത്യൻ ന്യൂസ് ഏജൻസി ഫോറിൻ കറസ്പോണ്ടിനെ നിയമിച്ച് വിദേശത്തേക്കയച്ചു. അതും അന്ന് ലോകത്തിന്റെ തന്നെ തലസ്ഥാനമായി പ്രശോഭിച്ചിരുന്ന ലണ്ടനിലേക്കല്ല, ചൈനയിലേക്ക്. അത്യപൂർവ്വമായ ദീർഘവീക്ഷണത്തിൽ വിടർന്ന ആശയമായിരുന്നു അത്.

പക്ഷേ എഫ്.പി.ഐ.യ്ക്ക് ജനസമ്മതി നേടിക്കൊടുത്ത മൗലികതയും ധൈര്യവും സർക്കാർ വൃത്തങ്ങളിൽ അനിഷ്ടം സൃഷ്ടിച്ചു. അധികാരിക

www.malankaralibrary.com

ളുടെ സമ്മർദ്ദം സഹിക്കാനാവാതെ ഡയറക്ടർമാർ ഒന്നൊന്നായി രാജിവച്ചു. എഫ്.പി.ഐ.യുടെ കമ്പി സന്ദേശങ്ങൾ സെൻസർ പരിശോധനക്ക് വിധേയമാക്കി. ഒടുവിൽ പ്രസ് ഓർഡിനൻസ് എന്ന പുതിയൊരു നിയമം (1930) വഴി എഫ്.പി.ഐ. വാർത്തകൾ പ്രസിദ്ധപ്പെടുത്തുന്ന പത്രങ്ങൾക്കെതിരായി നടപടി നടത്താനുള്ള സാഹചര്യം നിർമ്മിച്ചു. ദേശീയ പത്രങ്ങൾ എഫ്.പി.ഐ. സർവ്വീസ് നിർത്താൻ നിർബന്ധിതരായി.

സദാനന്ദ് കീഴടങ്ങിയില്ല. പത്രങ്ങൾ തന്റെ സർവ്വീസ് എടുക്കാൻ ഭയപ്പെടുന്നെങ്കിൽ, അത്തരം ഭയമില്ലാതെ ഒരു പത്രം തുടങ്ങുമെന്നായി. പുതിയ ആശയം. അങ്ങനെയാണ് 1930 ൽ ഫ്രീ പ്രസ് ജേണൽ എന്ന പ്രഭാത ദിന പത്രം ബോംബെയിൽ പിറക്കുന്നത്.

ശരിക്കും ഭയരഹിതമായിരുന്നു ഫ്രീ പ്രസ്സ്. ഒരുദാഹരണം. അതിഭയങ്കരമായ ക്വെറ്റഭൂകമ്പം 1935 ൽ ആയിരുന്നു. പതിനായിരങ്ങൾ കൊല്ലപ്പെട്ട ആ അത്യാഹിതത്തിൽ ആശ്വാസ പ്രവർത്തനത്തിനായി മുൻപോട്ടുവന്ന ജന പ്രതിനിധികളെ അകറ്റി നിർത്താൻ ബ്രിട്ടീഷ് ഭരണകൂടം നിശ്ചയിച്ചു. ക്വെറ്റ പ്രദേശം പട്ടാളം വളഞ്ഞു. ഗവൺമെന്റ് ചെയ്യുന്ന ദുരിതനിവാരണ നടപടികൾ ഫലവത്താണെന്ന് വരുത്തുവാൻ പത്രങ്ങളെ അണിനിരത്തി. ബഹുഭൂരിപക്ഷം ഗവൺമെന്റ് പറഞ്ഞതനുസരിച്ചു. അടിച്ചമർത്തൽ മനസ്സിലാക്കിയ ചിലർ മൗനം പാലിച്ചു.

പത്രപ്രവർത്തന രംഗത്തെ ഒരു വിശുദ്ധനായി പിൽക്കാലത്ത് അറിയപ്പെട്ട ഖാസാ സുബ്ബറാവു ആയിരുന്നു ഫ്രീ പ്രസ്സ് ജേർണലിന്റെ മുഖപ്രസംഗമെഴുത്തുകാരൻ. ക്വെറ്റയിലെ ഗവൺമെന്റ് സേച്ഛാധിപത്യത്തെ വിമർശിച്ചുകൊണ്ട് ഖാസാ ഒരു മുഖപ്രസംഗമെഴുതി സദാനന്ദനെ കാണിച്ചു. കാര്യം ഗൗരവമാണെന്നും പത്രത്തിനെതിരെ നടപടികളുണ്ടാകുമെന്നും ഉള്ള മുഖവുരയോടെയാണ് ലേഖനം സദാനന്ദന്റെ മുൻപിൽ വച്ചത്. ഖാസായ്ക്ക് ശരിയെന്നു തോന്നുന്നെങ്കിൽ പ്രസിദ്ധപ്പെടുത്തിക്കൊള്ളു എന്നായിരുന്നു സദാനന്ദന്റെ പ്രതികരണം.

മുഖപ്രസംഗം ബ്രിട്ടീഷ് അധികാരികളെ ചൊടിപ്പിച്ചു. മറ്റാരും ചെയ്യാത്ത ആക്രമണം നടത്തിയ ഫ്രീ പ്രസ്സിനെ ശിക്ഷിക്കാൻ തീരുമാനമായി. ജാമ്യം കെട്ടിവച്ചിരുന്ന ഇരുപതിനായിരം രൂപാ കണ്ടുകെട്ടി. ഇനി ഒരു ഇരുപതിനായിരം കൂടെ കെട്ടിവയ്ക്കണമെന്ന ആജ്ഞ വന്നു. ഇന്നത്തെ ലക്ഷങ്ങളുടെ മതിപ്പുണ്ടായിരുന്നു. അന്നത്തെ ആയിരങ്ങൾക്ക് സദാനന്ദനാണെങ്കിൽ നൂറുകൾ തന്നെ ബുദ്ധിമുട്ടായിരുന്നു.

പക്ഷേ, അതൊന്നും വകവയ്ക്കാതെ സർക്കാരിന്റെ ഉത്തരവുമായി ഖാസായുടെ കാബിനിൽ എത്തിയ സദാനന്ദ് വികാരപരവശനായി അദ്ദേഹത്തെ അനുമോദിക്കുകയാണ് ചെയ്തത്. ഔദ്യോഗികമായി ഖാസായ്ക്ക് ഒരു കത്തെഴുതി 'സ്വതന്ത്ര എന്ന വാരികയിൽ 1955 ൽ ഖാസാ തന്നെ ഈ എഴുത്തിന്റെ പ്രസക്തഭാഗങ്ങൾ ചേർത്തിരുന്നു." സർക്കാരിനോട് ഏറ്റുമു

www.malankaralibrary.com

ട്ടൽ ഒഴിവാക്കുവാൻ ശ്രമിക്കുമ്പോഴും സത്യം നാം പുറത്തുകൊണ്ടുവന്നു എന്നാണ് സദാനന്ദ് എഴുതിയത്. തികച്ചും സ്വതന്ത്രനായ പേടിയില്ലാത്ത പ്രവർത്തകനെന്ന് അറിയപ്പെടുന്നതാണ് ഒരു ജേർണലിസ്റ്റിന് കിട്ടാവുന്ന ഏറ്റവും വലിയ ബഹുമതി.

തുകകണ്ടു കെട്ടിയ വാർത്ത സദാനന്ദ് തന്റെ പത്രത്തിൽ പ്രസിദ്ധപ്പെടുത്തി. ഒരു ദിവസത്തിനകം ബോംബെ നഗര നിവാസികൾ ഏകദേശം ഇരട്ടിത്തുക സംഭരിച്ച് ഫ്രീ പ്രസ്സിന് നൽകിയെന്ന് ഖാസാ സുബ്ബറാവു രേഖപ്പെടുത്തി.

പൊതുജനം പ്രദർശിപ്പിച്ച ആവേശം ഹ്രസ്വകാല സാന്ത്വനം മാത്രമാണ് സദാനന്ദിന് സമ്മാനിച്ചത്. മദ്ധ്യാഹ്നത്തിൽതന്നെ സൂര്യാസ്തമനം ആരംഭിച്ചു. പെട്ടെന്ന് ചാടിവീണ ഈ പരാക്രമിയുടെ പ്രസിദ്ധീകരണങ്ങൾ വായനക്കാരുടെയിടയിൽ കോളിളക്കം സൃഷ്ടിച്ചപ്പോൾ ഭരണാധികാരികളേക്കാളധികം പരിഭ്രാന്തരായത് മറ്റു പത്ര ഉടമകളായിരുന്നു. സദാനന്ദ് ഇങ്ങനെപോയാൽ മറ്റെല്ലാവരെയും കവച്ചുവെയ്ക്കുമെന്ന് അവർ കണക്കുകൂട്ടി. വാർത്താവിതരണ ഏജൻസിതന്നെ സ്വന്തം നിലയിൽ പത്രവും നടത്തുന്നത് അധാർമ്മികമാണെന്നും മറ്റു പത്രങ്ങൾക്ക് നീതി നിഷേധിക്കലാണെന്നും വാദിച്ചുകൊണ്ട് അവർ പ്രതിഷേധം സംഘടിപ്പിച്ചു. മനുഷ്യന്റെ വ്യവഹാരങ്ങളെ നയിക്കുന്ന ഏറ്റവും വലിയ ശക്തി സ്വാർത്ഥതയാണ്.

സദാനന്ദ് കൽക്കട്ടയിൽ ആരംഭിച്ച ഫ്രീ ഇന്ത്യാ എന്ന പത്രത്തിനെതിരായിട്ടാണ് അടവുകൾ ആദ്യം ഉപയോഗിച്ചത്. സ്വാധീനമുള്ള പാർട്ടികളായിരുന്നു എതിരാളികൾ. അവരുടെ സമ്മർദ്ദങ്ങളുടെ ശക്തിയിൽ സദാനന്ദന്റെ സാമ്പത്തിക സഹായികൾ പതുക്കെ പിന്മാറാൻ തുടങ്ങിയപ്പോൾ ഫ്രീ ഇന്ത്യാ പൂട്ടി.

1935 ൽ ഫ്രീ പ്രസ് ഓഫ് ഇന്ത്യാ ന്യൂസ് ഏജൻസി അടച്ചു. തുടർന്ന് ഫ്രീ പ്രസ് ജേണലും സായി എന്ന സഹോദരിയായ ബുള്ളറ്റിനും നിർത്തി. മദ്രാസിൽ നടത്തിവന്ന ഇന്ത്യൻ എക്സ്പ്രസ്സും ദിനമണിയും കടബാദ്ധ്യതകൾമൂലം കൈവിട്ടുപോയി. 35-ാമത്തെ വയസ്സിൽ വഴികളെല്ലാം അടഞ്ഞതുപോലെ തോന്നി സദാനന്ദന്. തന്റെ ഏക ആലംബമായിരുന്ന ഭാര്യ സാഗരവതിയോട് പരീക്ഷിണനായ യോദ്ധാവു പറഞ്ഞു. ഇനി ഗതിയില്ലെന്നും മറ്റു വല്ലവരുടെയും പത്രത്തിൽ ജോലിയെടുക്കുകയാണ് ജീവിക്കാനുള്ള ഒറ്റ മാർഗ്ഗമെന്നും. സ്വപ്ന ജീവിയായിരുന്നു സദാനന്ദ് എങ്കിൽ, തമിഴ് ബ്രാഹ്മണ്യത്തിന്റെ സാമാന്യ ബുദ്ധി മുഴുവൻ ആവശിച്ചിരുന്ന ജീവിത പങ്കാളിയായിരുന്നു സാഗരവതി. അവർ തമ്മിലുള്ള സംഭാഷണത്തെക്കുറിച്ച് കേട്ടിരുന്ന മകൾ ഉമ ഇന്നും ആ കഥ ഓർമ്മിക്കുന്നു.

"മണ്ടത്തരം പറയല്ലേ" സാഗരവതി പറഞ്ഞ് "നിങ്ങൾക്ക് ജോലി തരാൻ ഏതു ബുദ്ധിശൂന്യൻ തയ്യാറാകും? അഥവാ ഒരു ഭോഷൻ തയ്യാറായാൽ ഒരു ദിവസത്തിൽകൂടുതൽ നിങ്ങൾക്ക് നിന്ന് പിഴയ്ക്കാനാവില്ല. മറ്റൊ

www.malankaralibrary.com

രാളുടെ വരുതിയിൽ ജോലി ചെയ്യാൻ നിങ്ങൾക്കു സാധിക്കുകയില്ല. എങ്ങനെയെങ്കിലും ഈ കടമ്പകൾ കടക്കാൻ നോക്കൂ."

മുഖം നോക്കാതെ പത്രം സ്വതന്ത്രമായിരിക്കണമെന്ന തത്വത്തിനു വേണ്ടി എന്തുവില കൊടുക്കാനും സദാനന്ദ് തയ്യാറായിരുന്നു. ഗാന്ധിഭക്തനായിരുന്നുവെങ്കിലും ഗാന്ധിയെ വിമർശിക്കാൻ അദ്ദേഹം മടിച്ചില്ല. കറകളഞ്ഞ ദേശീയവാദി ആയിരുന്നെങ്കിലും സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഗവൺമെന്റിന്റെ പല നടപടികളെയും അദ്ദേഹം എതിർത്തു. ഒരു ഘട്ടത്തിൽ കോപിഷ്ഠനായ ആഭ്യന്തരമന്ത്രി സർദാർ പട്ടേൽ ഫ്രീ പ്രസ്സ് ന്യൂസ് ഏജൻസിക്കുവേണ്ടി ബദ്ധപ്പെട്ടുണ്ടാക്കിയ സംവിധാനം തകർത്തു. സദാനന്ദന്റെ ജീവിതാഭിലാഷം അതോടെ നിലംപതിച്ചു. എന്നിട്ടും സ്വതന്ത്ര പത്രപ്രവർത്തനത്തിൽ വിട്ടുവീഴ്ച ചെയ്യാൻ അദ്ദേഹം തയ്യാറായില്ല. നിരവധി രോഗങ്ങൾക്കു വിധേയമായി 53-ാം വയസ്സിൽ സദാനന്ദ് മരണമടഞ്ഞു."

സദാനന്ദിന്റെ സ്വഭാവമഹിമയ്ക്ക് ഒരുപക്ഷേ ബാരിസ്റ്റർ ജോർജ് ജോസഫിനോട് കടപ്പാടുണ്ടാകാം. ജോർജ് ജോസഫിന്റെയും സൂസന്നയുടെയും മകൾ മായയുടെയും കൂട്ടത്തിൽ ദീർഘകാലം സദാനന്ദ് ജീവിച്ചു. നിർഭയത്വം ജോർജ് ജോസഫിന്റെയും സദാനന്ദന്റെയും പ്രത്യേകതകളായിരുന്നു. ഇരുവരും മഹാത്മജിയുടെ സുഹൃത് വലയത്തിൽപ്പെട്ടവരായിരുന്നു. ഇരുവരും ചില കാര്യങ്ങളിൽ മഹാത്മജിയെ വിമർശിക്കുകയും ചെയ്തിട്ടുണ്ട്. ഇരുവരും അകാലത്തിൽ നിര്യാതരായി. ജോർജ് ജോസഫ് 50-ാം വയസ്സിലും സദാനന്ദ് 53-ാം വയസ്സിലും. സ്വഭാവത്തിലും സ്വതന്ത്രചിന്തയിലും ഏറെക്കുറെ തുല്യരായിരുന്നു. ഭീഷണികൾക്ക് മുൻപിൽ ഒരിക്കലും അവർ തലകുനിച്ചിട്ടില്ല. സദാനന്ദന്റെ സ്വഭാവ രൂപീകരണത്തിൽ ജോർജ് ജോസഫ് പ്രധാന പങ്കുവഹിച്ചിരിക്കും.

ഇന്ത്യാക്കാർ ധാരാളം അധിവസിക്കുന്ന ഒരു രാജ്യമാണ് കെനിയ. കെനിയായിൽ 1920-കളിൽ ഉണ്ടായ രാഷ്ട്രീയ മാറ്റങ്ങൾ അവിടുത്തെ ഇന്ത്യൻ വംശജർക്ക് പല ബുദ്ധിമുട്ടുകളും ഉളവാക്കുകയുണ്ടായി. കെനിയായിലെ ഇന്ത്യൻ വംശജരുടെ പ്രശ്നങ്ങളെപ്പറ്റി പഠിക്കാനും അവിടുത്തെ ഇന്ത്യൻ വംശജർക്കുവേണ്ട ഉപദേശങ്ങൾ കൊടുക്കാനും ജോർജ്ജ് ജോസഫിനെയാണ് കോൺഗ്രസ്സ് നിയോഗിച്ചത്. 1923 ഡിസംബറിൽ സരോജനി നായിഡുവുമൊത്ത് കെനിയാ സന്ദർശിച്ചു. 1924 ജനുവരിയിൽ അവിടുത്തെ നിയമസഭ കെനിയ ഫ്രാഞ്ചൈസ് ബിൽ പാസ്സാക്കുകയുണ്ടായി. ഈ ബില്ലിൽകൂടി ഇന്ത്യാക്കാർക്കുള്ള വോട്ടവകാശം നിഷേധിച്ചു. പലതരം ജോലികളിൽ ഏർപ്പെടുന്നതിന് വിലക്ക് ഏർപ്പെടുത്തുകയും സ്ഥലത്തിന്റെ ഉടമകളാകാനുള്ള അവകാശം നിഷേധിക്കുകയും ചെയ്തു. ഇതിനെ എതിർത്തുകൊണ്ട് 1924 ജനുവരി 17-ലെ ലക്കത്തിൽ

www.malankaralibrary.com

ജോർജ്ജ് ജോസഫ് എഴുതിയ ലേഖനം പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു. ആ ബില്ലിനെ ഹീനമായ നിയമങ്ങൾ എന്നാണ് ജോർജ്ജ് ജോസഫ് വിശേഷിപ്പിച്ചത്. ബ്രിട്ടീഷ് സർക്കാരിന്റെ സന്മനസ്സുകൊണ്ടോ കോൺഫറൻസിലെ പ്രമേയങ്ങൾ കൊണ്ടോ പാർലമെന്ററി കമ്മറ്റികളുടെ ഹർജികൾ കൊണ്ടോ ഇല്ലാതാക്കാൻ കഴിയില്ലെന്ന് ജോർജ്ജ് ജോസഫ് വാദിച്ചു. ഇന്ത്യൻ വംശജർ ബ്രിട്ടീഷ് സർക്കാരിന്റെ ഈ നിയമങ്ങളെ നിരാകരിക്കാനുള്ള വാശിയും കരുത്തും ആത്മാഭിമാനവും പ്രകടിപ്പിച്ചേ മതിയാവൂ എന്നും ജോർജ്ജ് ജോസഫ് അഭിപ്രായപ്പെട്ടു. ആഫ്രിക്കയിലെ ഇന്ത്യൻ വംശജർ ഈ രീതിയിൽ നീങ്ങുമെന്ന് ഒരു പ്രത്യാശ ജോർജ്ജ് ജോസഫിന് ഉണ്ടായിരുന്നില്ല. അമേരിക്കൻ ഐക്യനാടുകളിലെ പൗരാവകാശങ്ങളുടെ അവസ്ഥ ചൂണ്ടിക്കാട്ടിക്കൊണ്ട് ജോർജ്ജ് ജോസഫ് ഇപ്രകാരം എഴുതി (ജോർജ്ജ് ജോസഫ് കഥയും കാലവും പേജ് 190)

"ഐക്യനാടുകളിലെ 15 കോടി മനുഷ്യജീവികളിൽ രണ്ടുമുതൽ മൂന്നുകോടി വരെ കറുത്തവർഗ്ഗക്കാരാണ്. ഒരു ആഭ്യന്തര യുദ്ധത്തിന് കൊട്ടിഘോഷിച്ച ഭരണഘടനാ ഭേദഗതിക്കുശേഷവും നീഗ്രോയ്ക്കും അവന്റെ പിന്തുടർച്ചക്കാർക്കും വോട്ടവകാശമില്ല. ഈ വ്യവസ്ഥിതിയിലെ അനീതി, നീതിബോധമുള്ള അമേരിക്കയ്ക്ക് പുറത്തുള്ള ആർക്കും നിഷേധിക്കാനാവില്ല. അമേരിക്കയിലെ കറുത്തവർഗ്ഗക്കാരുടെ അവസ്ഥ കെനിയായിലെ ഇന്ത്യാക്കാരുടേതിനാക്കാൾ തുലോം മോശമാണ്. എന്നിട്ടും ഭൂമിയിലെ ഓമനകളായ, വഴി തെറ്റിപ്പോയ ഉലകത്തെ നേർവഴിക്കു കൊണ്ടുവരുന്ന അമേരിക്കയിലെ നല്ല മനുഷ്യർക്ക്-രാഷ്ട്രീയക്കാർക്കും സമ്മതിദായകർക്കും-ദശലക്ഷക്കണക്കിന് മനുഷ്യരുടെ അടിമത്തം ഒരു വിഷയമേ അല്ല. എന്തുകൊണ്ടാണിങ്ങനെ എന്ന് കണ്ണുള്ളവർക്ക് വ്യക്തമാണ്. ഒരു വലിയ കൂട്ടം ജനങ്ങൾക്ക് സമ്മതിദാനാവകാശം നിഷേധിക്കുന്നത് യാതൊരു പ്രായോഗിക വൈഷമ്യങ്ങളും അവർക്കുണ്ടാകുന്നില്ല എന്നതു തന്നെ. നീഗ്രോയുടെ വോട്ടും വെറുക്കപ്പെട്ട ആ ജനുസ്സിന്റെ അമേരിക്കൻ കോൺഗ്രസിലെ സാന്നിദ്ധ്യവും അനിവാര്യമാണെന്ന് മനസ്സിലാകുന്ന ആ നിമിഷത്തിൽ അവർ തലമുറകളായി കൊണ്ടു നടക്കുന്ന നീഗ്രോയെ പുറത്തു നിറുത്തുന്നതിലെ ക്രൂരതയേയും അന്യായത്തെയുംപറ്റി അന്നു നാം ഒരു പാട്ടു കേൾക്കും. അതുവരെ നീഗ്രോകളുടെ സഹകരണത്തോടെ പോർട്ടർമാരായും കൂലിപ്പണിക്കാരായും കൃഷിപ്പണിക്കാരായും കുപ്പികഴുകൽക്കാരായും യജമാന്മാരുടെ കുപ്പിണികളായും അമേരിക്കൻ വെള്ളക്കാർക്ക് തങ്ങളുടെ സാമൂഹ്യ രാഷ്ട്രീയ ജീവിതം ഇതേപടി നിലനിർത്താനാവും"

ആഗോള തലത്തിലുള്ള രാഷ്ട്രീയ മാറ്റങ്ങൾ വിലയിരുത്തുന്നതിൽ ജോർജ്ജ് ജോസഫ് കാണിച്ച വ്യഗ്രത പഠനവിഷയമാക്കേണ്ടതാണ്.

www.malankaralibrary.com

# 14. വൈയ്ക്കം സത്യാഗ്രഹം

1924-ൽ ആരംഭിച്ചതും 603 ദിവസം നീണ്ടുനിന്നതുമായ വൈയ്ക്കം സത്യാഗ്രഹം ഒന്നു രണ്ട് ദിവസം കൊണ്ടോ, ആഴ്ച കൊണ്ടോ, വർഷം കൊണ്ടോ പടുത്തുയർത്തിയതായിരുന്നില്ല. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ സമ്മേളന തീരുമാനമനുസരിച്ചാണ് വൈയ്ക്കം സത്യാഗ്രഹം ആരംഭിച്ചതെങ്കിലും അതിന് മുൻപ് മൂന്നു ദശാബ്ദക്കാലമായി നീണ്ടുനിന്ന അശ്രാന്ത പരിശ്രമം നമുക്ക് വിസ്മരിക്കാവതല്ല.

1896-ലെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ സമ്മേളനം കൽക്കട്ടയിൽ ആണ് നടന്നത്. തിരുവിതാംകൂറിലെ ഈഴവർ അനുഭവിക്കുന്ന അവശതകളെപറ്റി ആ സമ്മേളനത്തിൽ ജി.പി.പിള്ള എന്ന കോൺഗ്രസ്സുകാരൻ വാചാലമായി സംസാരിച്ചു. തിരുവിതാംകൂറില ഈഴവരുടെ പ്രശ്നങ്ങൾ അഖിലേന്ത്യാ തലത്തിൽ ശ്രദ്ധിക്കപ്പെടുന്നതിന് ജി.പി. പിള്ളയുടെ പ്രസംഗം സഹായകരമായി. ജി.പി. പിള്ളക്കു ശേഷം ബാരിസ്റ്റർ എ.കെ.പിള്ളയും ഇതേ ലക്ഷ്യത്തോടെ പ്രവർത്തിച്ചു.

1917 ഏപ്രിൽ 23,24 തീയതികളിൽ കോഴിക്കോട് ചേർന്ന രണ്ടാം ജില്ലാ കോൺഗ്രസ്സ് സമ്മേളനത്തിന്റെ അദ്ധ്യക്ഷൻ സർ.സി.പി. രാമസ്വാമി അയ്യർ ആയിരുന്നു. ആനി ബസന്റ് ഈ സമ്മേളനത്തിൽ നടത്തിയ പ്രസംഗം അത്യന്തം ആവേശകരമായിരുന്നു. ആയോഗം അംഗീകരിച്ച ഒരു പ്രമേയം ജാതി വ്യത്യാസം കൂടാതെ എല്ലാ വിദ്യാർത്ഥികൾക്കും സാമൂതിരി കോളേജിൽ പ്രവേശനം ലഭിക്കണമെന്നതായിരുന്നു.

ആ വർഷം തന്നെ ആനിബസന്റിന്റെ അദ്ധ്യക്ഷതയിൽ കൽക്കത്തയിൽ ചേർന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ 32-ാം സമ്മേളനം ക്ഷേത്ര പ്രവേശനവാദത്തെ അനുകൂലിച്ചു കൊണ്ടുള്ള പ്രമേയം പാസ്സാക്കി 1920-ൽ നാഗപ്പൂരിൽ സേലം വിജയരാഘവയ്യാ ആചാര്യയുടെ അദ്ധ്യക്ഷതയിൽ ചേർന്ന 35-ാം കോൺഗ്രസ്സ് സമ്മേളനം ഹിന്ദു സമുദായത്തിന് അപമാനകരമായ അയിത്തത്തെ ഉച്ചാടനം ചെയ്യണമെന്ന് ആവശ്യപ്പെടുന്ന പ്രമേയം അംഗീകരിച്ചു.

കൊല്ലം ജില്ലയിലെ ആനന്ദവല്ലീശ്വരം ക്ഷേത്രമൈതാനത്ത് 1921 സെപ്റ്റംബറിൽ സി.ശങ്കരൻ മേനോന്റെ അദ്ധ്യക്ഷതയിൽ ചേർന്നതും തിരുവിതാംകൂർ ജില്ലാ കമ്മറ്റി സംഘടിപ്പിച്ചതുമായ യോഗത്തിൽ ടി.കെ.മാധവൻ. ഒരു പ്രസംഗം ചെയ്തു. കോൺഗ്രസ്സ് പ്രവർത്തകരെ ആവേശം കൊള്ളിച്ച ഒരു പ്രസംഗമായിരുന്നു അത്.

www.malankaralibrary.com

റ്റി.കെ. മാധവൻ ക്ഷേത്രപ്രവേശന കാര്യം ഗാന്ധിജിയുമായി ഇതിനകം സംസാരിച്ചിരുന്നു. ക്ഷേത്ര പ്രവേശനം ഈഴവരുടെ അവകാശമാണെന്നും അവർ നിയമം ലംഘിച്ച് ക്ഷേത്രത്തിൽ പ്രവേശിക്കണമെന്നും എന്നാൽ ഒരു കാരണവശാലും ഇതിന് അക്രമമാർഗ്ഗം സ്വീകരിക്കരുതെന്നും ഈഴവരുടെ ന്യായമായ അവകാശവാദത്തെ പിന്താങ്ങാൻ തിരുവിതാംകൂറിലെ കോൺഗ്രസ്സുകാർക്കു കടമയുണ്ടെന്നും ഗാന്ധിജി സ്വന്തം കൈപ്പടയിൽ എഴുതി മാധവനെ അറിയിച്ചു.

1921 ഡിസംബറിൽ അഹമ്മദാബാദിൽ ചേർന്ന 36-ാം കോൺഗ്രസ്സ് വാർഷികം അയിത്ത വിരോധവ്രതം കോൺഗ്രസ്സ് അംഗങ്ങൾക്കും വോളണ്ടിയർമാർക്കും നിർബന്ധിതമാക്കി.

കേരളാ പ്രദേശ് കോൺഗ്രസ്സിന്റെ രണ്ടാം സമ്മേളനം 1923 മേയ് 6-ാം തീയതി പാലക്കാട്ട് വച്ച് ശ്രീമതി സരോജനി നായിഡുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. തീണ്ടൽ, അയിത്തം തുടങ്ങിയ ദുരാചാരങ്ങൾ ആരും അനുഷ്ഠിക്കരുതെന്ന് ഉള്ള പ്രമേയം "വിമ്പൂർ കടലാപ്പിൽ" ശങ്കരൻ നമ്പൂതിരിപ്പാട് അവതരിപ്പിച്ചു. കേളപ്പൻ, കുറൂർ നമ്പൂതിരിപ്പാട്, പി. അച്യുതൻ തുടങ്ങിയവർ പ്രസ്തുത പ്രമേയത്തെ പിന്താങ്ങി. ഏതാനും പേർ പ്രസ്തുത പ്രമേയത്തെ എതിർത്തെങ്കിലും വൻഭൂരിപക്ഷത്തോടെ പ്രമേയം പാസ്സായി. ഇതേ തുടർന്ന് അവർണ്ണന്മാരോട് ഒരു അപേക്ഷ എന്ന പേരിൽ ശങ്കരൻ നമ്പൂതിരിപ്പാട് ഒരു ലേഖനം പ്രസിദ്ധീകരിച്ചു. അയിത്തോച്ചാടനത്തിനു വേണ്ടി സത്യാഗ്രഹനയം സ്വീകരിയ്ക്കണമെന്നും സത്യാഗ്രഹം നടത്താൻ തന്റെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുള്ള സന്നദ്ധ സംഘത്തിൽ ചേരാൻ തയ്യാറുള്ളവർ രണ്ടു മാസത്തിനകം വിവരം അറിയിക്കണമെന്നും ആയിരുന്നു ആ ലേഖനത്തിന്റെ ഉള്ളടക്കം. (വൈയ്ക്കം സത്യാഗ്രഹത്തിന്റെ പ്ലാറ്റിനം ജൂബിലി സ്മരണികയിൽ കെ.എം. ചുമ്മാർ എഴുതിയ ലേഖനത്തിലെ പേജ് 165 ഒരു ഭാഗം ആണ് മുകളിൽ ചേർത്തിരിക്കുന്നത്.) പ്രസ്തുത ലേഖനത്തിൽ കാക്കനാഡായിൽ ചേർന്ന രണ്ടാം സമ്മേളനത്തെപ്പറ്റി ചുമ്മാർ ഇപ്രകാരം എഴുതിയിരിക്കുന്നു.

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ 38-ാമതു സമ്മേളനം 1923 ഡിസംബറിൽ കാക്കിനാഡായിൽ നടന്നു കേരളാ പ്രദേശ് കോൺഗ്രസ്സ് സെക്രട്ടറി കെ.പി. കേശവമേനോൻ, സ്വരാജ് പത്രാധിപർ കെ.എം.പണിക്കർ എന്നിവരോടൊപ്പം ടി.കെ. മാധവനും കാക്കിനഡയിലെത്തി.

"ഇന്ത്യൻനാഷണൽ കോൺഗ്രസ്സിനോട് ഇന്ത്യയിലെ അയിത്തജാതിക്കാർക്കുവേണ്ടി ചെയ്യുന്ന ഒരു അപേക്ഷ എന്നപേരിൽ മാധവൻ തയ്യാറാക്കിയിരുന്ന ലഘുലേഖയുടെ കോപ്പികൾ വിഷയനിർണ്ണയക്കമ്മറ്റിയംഗങ്ങൾക്കും, പത്രപ്രതിനിധികൾക്കും, നിരീക്ഷകർക്കും, ഡെലഗേറ്റുകളായി

www.malankaralibrary.com

എത്തിയിരുന്ന നൂറുകണക്കിനു കോൺഗ്രസ്സു പ്രവർത്തകർക്കും വിതരണം ചെയ്യപ്പെടുകയുണ്ടായി.

കെ.എം.പണിക്കർ, ടി.കെ.മാധവനെ കോൺഗ്രസ്സ് പ്രസിഡന്റായിരുന്ന മൗലാന മുഹമ്മദാലിയുടെ മുമ്പിലേയ്ക്ക് ആനയിച്ചു. പണിക്കരും ടി.കെ.യും തിരുവിതാംകൂറിലെ അയിത്താചരണത്തെപ്പറ്റിയും അതിനെതിരായി നടന്നു കൊണ്ടിരിക്കുന്ന സമരങ്ങളെപ്പറ്റിയും കോൺഗ്രസ്സദ്ധ്യക്ഷനെ ധരിപ്പിക്കുകയും ഇക്കാര്യത്തിൽ കോൺഗ്രസ്സിന്റെ പിന്തുണയും നേതൃത്വവും ക്ഷണിക്കുയും ചെയ്തു.

അന്ന് കോൺഗ്രസ്സിൽ പ്രഥമികാംഗത്വം പോലും ഇല്ലാതിരുന്ന മാധവന് ഈ പ്രശ്നം വിഷയ നിർണ്ണയ കമ്മറ്റിയിൽ അവതരിപ്പിക്കാനുള്ള അവസരം കോൺഗ്രസ്സദ്ധ്യക്ഷന്റെ പ്രത്യേകാധികാരം ഉപയോഗിച്ചു നൽകാമെന്ന് മൗലാനാ മുഹമ്മദാലി പ്രസ്താവിച്ചു. മാധവന്റെ പ്രമേയത്തോട് വളരെ സാദൃശ്യമുള്ള രണ്ടു പ്രമേയങ്ങൾ കൂടി വിഷയ നിർണ്ണയ കമ്മറ്റിക്കു ലഭിച്ചിരുന്നു. ഒന്ന് സി.വി. വൈദ്യരുടേയും മറ്റൊന്ന് എം.അബ്ദുൾ ഹമീദ്ഖാന്റെയും ആയിരുന്നു. അഖിലേന്ത്യാ അടിസ്ഥാനത്തിൽ നടന്ന അയിത്തോച്ചാടനം കോൺഗ്രസ്സ് പ്രവർത്തകരുടെ ശ്രദ്ധയിൽപ്പെട്ടു കഴിഞ്ഞിരുന്നു എന്നാണല്ലോ ഇതു സൂചിപ്പിക്കുന്നത്.

സി.ആർ.ദാസ്, സി.രാജഗോപാലാചാരി തുടങ്ങിയ സമുന്നത കോൺഗ്രസ്സ് നേതാക്കളുമായി സംസാരിക്കാനും തിരുവിതാംകൂറിലെ അയിത്താചരണത്തിന്റെ ഭീകരത അവർക്കു വിവരിച്ചു കൊടുക്കാനും ടി.കെ.മാധവൻ സമയം കണ്ടെത്തി. നിയമം ലംഘിച്ചു കൊണ്ട് ക്ഷേത്രങ്ങളിൽ പ്രവേശിക്കാനുള്ള സമയം എത്തിക്കഴിഞ്ഞിരിക്കുന്നു എന്ന് അവരൊക്കെ സമ്മതിക്കുകയും അങ്ങനെയൊരു പരിപാടി ആവിഷ്ക്കരിക്കുന്ന പക്ഷം തങ്ങൾ നേരിട്ടുവെന്ന് സമരത്തിനു നേതൃത്വം നൽകാമെന്ന് വാഗ്ദാനം നൽകുകയും ചെയ്തു.

കാക്കിനഡാസമ്മേളനം അക്കൊല്ലത്തെ സൃഷ്ടിപര പ്രവർത്തനങ്ങൾക്കുള്ള വിഷയങ്ങളായി നിശ്ചയിച്ചത് അയിത്തോച്ചാടനം, ഖാദിപ്രചരണം, ഭിന്നസമുദായ മൈത്രി ഇവ മൂന്നുമായിരുന്നു. ഓരോ പ്രവിശ്യാ കോൺഗ്രസ്സു കമ്മറ്റിയും ഇവയിൽ ഏതെങ്കിലും ഒന്ന് തെരഞ്ഞെടുത്തു വിവരം ഫെബ്രുവരി 15-ന് മുമ്പ് ഏ.ഐ. സി.സി. സെക്രട്ടറിയ്ക്കു റിപ്പോർട്ടു ചെയ്യണമെന്നും നിർദ്ദേശിച്ചു.

1924 ജനുവരി 24-ാം തീയതി എറണാകുളത്തു ചേർന്ന കെ.പി.സി.സി യോഗം അടുത്ത കൊല്ലത്തെ പ്രവർത്തന പരിപാടിയിൽ അയിത്തോച്ചാടനത്തിനു പ്രത്യേക പ്രാധാന്യം നൽകാൻ തീരുമാനിച്ചു. ടി.കെ. മാധവൻ, വിമ്പൂർ ശങ്കരൻ നമ്പൂതിരിപ്പാട്, കണ്ണന്തോടത്തു വേലായുധ മേനോൻ, കെ.

www.malankaralibrary.com

കേളപ്പൻ (കൺവീനർ) എന്നിവരടങ്ങിയ ഒരു അയിത്തോച്ചാടന കമ്മറ്റി തെരഞ്ഞെടുക്കപ്പെട്ടു. കോൺഗ്രസ്സ് ആദർശങ്ങളെയും പരിപാടികളെയും കുറിച്ച് സംസ്ഥാനത്തുടനീളം പ്രചാരണം നടത്താനായി കെ.പി. കേശവമേനോൻ, ഏ.കെ.പിള്ള, ഹസ്സൻകോയ മൊല്ല, കുറൂർ നമ്പൂതിരിപ്പാട് എന്നിവരടങ്ങിയ ഒരു കമ്മറ്റിയും രൂപീകരിക്കപ്പെട്ടു.

അയിത്തോച്ചാടന കമ്മറ്റിയുടെ ഒരു യോഗം ഫെബ്രുവരി 16-ാം തീയതി കൊല്ലത്ത് സ്വരാജ്യ പത്രം ഓഫീസിൽ ചേരുകയും സഞ്ചാരസ്വാതന്ത്ര്യം, ക്ഷേത്രപ്രവേശനം എന്നിവയ്ക്കായി പ്രചാരണവേല ചെയ്യുവാനും ഭീമ ഹർജികൾ തയ്യാറാക്കി തിരുവിതാംകൂറിലേയും കൊച്ചിയിലേയും രാജാക്കന്മാർക്കു സമർപ്പിക്കാനും, വിഷുദിവസം അയിത്തോച്ചാടന ദിനമായി ആചരിക്കാനും, അയിത്ത ജാതിക്കാരുമായി ചേർന്ന് ഞായറാഴ്ച തോറും ഭജനയും, പ്രസംഗങ്ങളും, ഘോഷയാത്രകളും നടത്തുവാനും തീരുമാനിക്കുകയും ചെയ്തു.

സമരപ്രചരണ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 28-ാം തീയതി വൈക്കത്ത് ഒരു മഹായോഗം ചേർന്നു. മൂവായിരത്തോളം ആളുകൾ സംബന്ധിച്ച ആ യോഗത്തിൽ കെ.പി. കേശവമേനോൻ, ടി.കെ. മാധവൻ, ഏ.കെ.പിള്ള, കണ്ണന്തോടത്തു വേലായുധമേനോൻ മുതലായവർ പ്രസംഗിച്ചു. കേശവമേനോന്റെ ആവേശഭരിതമായ പ്രസംഗത്തിന്റെ അവസാന ഘട്ടത്തിൽ സദസ്യരോടായി അദ്ദേഹം ചോദിച്ചു. - “അയിത്തജാതിക്കാരോടൊരുമിച്ച് ക്ഷേത്ര റോഡിൽക്കൂടി ഒരു ഘോഷയാത്ര പോകുന്നതായാൽ ഇവിടെ കൂടിയിരിക്കുന്നവരിൽ എത്രയാളുകൾ അതിൽ പങ്കെടുക്കും?” “എല്ലാവരും എല്ലാവരും”എന്ന് സദസ്സ് വിളിച്ചു പറഞ്ഞു.

“ശരി, എന്നാൽ നാളെ നാലുമണിക്ക് അങ്ങിനെ ഒരു ഘോഷയാത്ര ഉണ്ടായിരിക്കും” കേശവമേനോൻ പ്രഖ്യാപിച്ചു.

വേണ്ടത്ര പ്രചാരണവും ഒരുക്കങ്ങളും കൂടാതെ അത്തരം ഒരു പരിപാടി സംഘടിപ്പിക്കുന്നതിന്റെ പ്രത്യാഘാതം ചൂണ്ടിക്കാണിച്ചു കൊണ്ട് തദ്ദേശവാസികളായ സഹപ്രവർത്തകർപോലും നിർബന്ധപൂർവ്വം ഉപദേശിച്ചതിന്റെ ഫലമായി പ്രസ്തുത ഘോഷയാത്ര ഒരു മാസം കഴിഞ്ഞ് മാർച്ച് 10-നു നടത്താൻ മാറ്റിവയ്ക്കേണ്ടി വന്നു.

സാഹചര്യങ്ങളെല്ലാം വിവരിച്ചു കൊണ്ട് മഹാത്മാഗാന്ധിയ്ക്ക് കേശവമേനോൻ ഒരു കത്തയച്ചു. മാർച്ച് 19-ാം തീയതി മേനോന് ലഭിച്ച മറുപടിയിൽ ഗാന്ധിജി പറഞ്ഞു.

“നിങ്ങളുടെ പ്രദേശത്തു മർദ്ദിത വിഭാഗങ്ങളുടെ അവസ്ഥ അത്യന്തം ശോചനീയമാണെന്ന് എനിക്കറിയാം. നിങ്ങൾ പറയുന്നതുപോലെ അവർ തൊട്ടു കൂടാത്തവർ മാത്രമല്ല, അവർക്ക് ചില വഴികളിൽക്കൂടി സഞ്ചരിക്കാൻ

www.malankaralibrary.com

പോലും പാടില്ല. അവരുടെ അവസ്ഥ യഥാർത്ഥത്തിൽ പരിതാപകരമാണ്. നമുക്ക് ഇനിയും സ്വരാജ് കിട്ടാത്തതിനെപ്പറ്റി എനിക്ക് ഒട്ടും അത്ഭുതം തോന്നുന്നില്ല. നമ്മുടെ നാട്ടുകാരായ ഇക്കൂട്ടർക്ക് പൊതുനിരപ്പുകളിൽക്കൂടി സഞ്ചരിക്കുന്നതിനുള്ള അവകാശം ഉറപ്പിച്ചു കിട്ടുന്നതിനു വേണ്ടിയാണല്ലോ പ്രദേശ് കമ്മറ്റി നിരോധിതമേഖലയിൽക്കൂടി സഞ്ചരിക്കുന്നതിന് അവരുൾപ്പെട്ട ഒരു ജാഥ സംഘടിപ്പിക്കുന്നത്, ഇതും സത്യാഗ്രഹത്തിന്റെ ഒരു വകഭേദം തന്നെ. ആരെങ്കിലും സത്യാഗ്രഹികളുടെ മുന്നോട്ടുള്ള പ്രയാണത്തെ തടയുന്നതിനു ശ്രമിച്ചാൽ അതിനെതിരായി ശക്തിപ്രയോഗം പാടില്ല. നിങ്ങൾ ശാന്തമായി അതിനു വഴങ്ങി കൊടുക്കുകയും അടിക്കുകയാണെങ്കിൽ അതു കൊള്ളുകയും വേണം. ജാഥയിൽ പങ്കെടുക്കുന്ന എല്ലാവർക്കും വ്യവസ്ഥകൾ പരിചയപ്പെടുത്തിക്കൊടുക്കണം. അവ നിറവേറ്റുവാൻ അവർ സന്നദ്ധരായിരിക്കണം. കുറച്ചാളുകൾ മാത്രമേ പാടുള്ളൂ. ധിക്കാരം ഒട്ടും പാടില്ല. വ്യവസ്ഥകൾ അനുസരിക്കുന്നതിന് ജാഥാംഗങ്ങൾ സന്നദ്ധരല്ലെന്നു തോന്നിയാൽ ജാഥ മാറ്റിവെയ്ക്കുവാൻ മടിക്കരുത്."

സത്യാഗ്രഹത്തിനും നിയമലംഘനത്തിനും ബഹുജന പിന്തുണ തേടിക്കൊണ്ടുള്ള ഒട്ടനവധി പ്രചരണ യോഗങ്ങൾ നടന്നു. മാർച്ച് 30-ാം തീയതി സത്യാഗ്രഹമാരംഭിക്കുമെന്നു പ്രഖ്യാപിക്കപ്പെട്ടു. അതിനു നാലുദിവസം മുമ്പ് ക്ഷേത്ര റോഡിലൂടെയുള്ള ഘോഷയാത്ര രണ്ടുമാസത്തേയ്ക്ക് നിരോധിച്ചുകൊണ്ടുള്ള ഡി. മജിസ്ട്രേട്ടിന്റെ ഉത്തരവു പുറത്തുവന്നു. എങ്കിലും നിശ്ചിത പരിപാടിയനുസരിച്ചു തന്നെ സമരമാരംഭിക്കാൻ തീരുമാനിച്ചു.

കേശവമേനോൻ, ടി.കെ.മാധവൻ, ഏ.കെ.പിള്ള, ചങ്ങനാശ്ശേരിപരമേശ്വരൻ പിള്ള, കൃഷ്ണസ്വാമി അയ്യർ, കേളപ്പൻ, എം.എൻ.നായർ, സി.വി. കുഞ്ഞുരാമൻ, ആലുമൂട്ടിൽ ചാന്നാർ തുടങ്ങിയ നേതാക്കൾ മൂന്നുനാലു ദിവസം മുമ്പേ തന്നെ വൈക്കത്തെത്തി. പണം പിരിക്കാനും, വിഭവങ്ങൾ ശേഖരിക്കാനും, പ്രചരണം സംഘടിപ്പിക്കാനും, സന്ദർശകരെ സ്വീകരിക്കാനും, വാളന്റിയർമാരെ സംഘടിപ്പിക്കാനും ഒക്കെ പ്രത്യേകം പ്രത്യേകം കമ്മറ്റികൾ രൂപീകരിച്ചു. നേതാക്കൾ അറസ്റ്റു ചെയ്യപ്പെട്ടാലും സമരം മുടക്കം കൂടാതെ തുടരാനുള്ള ഏർപ്പാടുകളുണ്ടാക്കി. സമരമാരംഭിക്കുന്നതിനു തൊട്ടു തലേദിവസം പോലും പല സുഹൃത്തുക്കളും സഹപ്രവർത്തകരും തന്നെ സമീപിച്ച് സമരം നീട്ടി വയ്പിക്കാൻ ശ്രമിക്കുകയുണ്ടായെന്ന് കേശവമേനോൻ ആത്മകഥയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

മാർച്ച് 30-ാം തീയതി തന്നെ സമരമാരംഭിച്ചു, കുഞ്ഞപ്പി എന്ന പുലയനും ബാഹുലേയനെന്ന ഈഴവനും ഗോവിന്ദപ്പണിക്കരെന്ന നായരുമായിരുന്നു ഒന്നാം ദിവസത്തെ നിയമലംഘകർ. തീണ്ടൽപ്പലകൾക്കപ്പുറം കടക്കാൻ ശ്രമിച്ച അവർ മൂന്നുപേരെയും അറസ്റ്റു ചെയ്തു. പിറ്റെ ദിവസം അവർ

www.malankaralibrary.com

ഓരോരുത്തർക്കും ആറുമാസം വെറും തടവു വിധിക്കുകയും തിരുവനന്ത പുരം വരെ കാൽനടയായി കൊണ്ടുപോയി സെൻട്രൽ ജയിലിലിടയ്ക്കുകയും ചെയ്തു.

രണ്ടാം ദിവസവും മൂന്നുപേർ നിയമം ലംഘിച്ചു. അവരെയും അറസ്റ്റു ചെയ്ത് ആറുമാസം വീതം ശിക്ഷിച്ച് ജയിലിടച്ചു. അന്ന് പോലീസുകാർ കോൺഗ്രസ്സ് ഓഫീസ് പരിശോധിക്കുകയും സമരസംബന്ധമായ പല രേഖ കൾ എടുത്തു കൊണ്ടുപോവുകയും ചെയ്തു.

ഈ രീതിയിൽ സമരം തുടരുന്നതിന് നേതാക്കളിലും അനുയായിക ളിലും ഒരു വിഭാഗത്തിന് നീരസവും അവിശ്വാസവും ജനിച്ചു. ഇങ്ങനെ തന്നെ തുടരണമെന്നും വേണ്ടായെന്നും രണ്ടുപക്ഷമുണ്ടായി. കൂടുതലാലോചിച്ച് ആവേശകരവും എല്ലാവർക്കും സ്വീകാര്യവുമായ സമരപരിപാടി ആവിഷ്ക്ക രിക്കുന്നതിനും അനുയായികളെയും ബഹുജനങ്ങളെയും ബോധവൽക്കരി ക്കുന്നതിനുമായി ഏതാനും ദിവസത്തേയ്ക്ക് സമരം നിറുത്തിവച്ചു.

സമരം പൊളിഞ്ഞു എന്ന് എതിർ ചേരിക്ക് പ്രചരണം നടത്താൻ ഇത് അവസരം കൊടുത്തു. അനുയായികൾ നിരാശരായി. ഈ അനിശ്ചിതാവസ്ഥ അവസാനിപ്പിച്ചില്ലെങ്കിൽ അപകടമുണ്ടെന്ന് നേതാക്കൾക്കു തോന്നി. ഏഴാം തീയതി സമരം പഴയപടി പുനരാരംഭിക്കാൻ തീരുമാനിച്ചു.

ഏപ്രിൽ 6-ാം തീയതി കേശവമേനോൻ ഗാന്ധിജിയ്ക്ക് അയച്ച കത്തിൽ പിറ്റേദിവസം സമരം പുനരാരംഭിക്കുകയാണെന്നും താനും ടി.കെ. മാധവനുമായിരിക്കും നിയമലംഘനത്തിനു നേതൃത്വം നൽകുന്നതെന്നും, തങ്ങൾ അറസ്റ്റു ചെയ്യപ്പെട്ടാൽ ബാരിസ്റ്റർ ജോർജ് ജോസഫ് സമര നേതൃത്വം ഏറ്റെടുക്കുമെന്നും കാണിച്ചിരുന്നു. അന്നുതന്നെ ഗാന്ധിജി ജോർജ് ജോസഫിനു ദീർഘമായ ഒരു കത്തെഴുതി. അതിന്റെ മൂന്നാം ഖണ്ഡിക താഴെ ഉദ്ധരിക്കുന്നു.

"വൈക്കത്തെ സംബന്ധിച്ചാണെങ്കിൽ അക്കാര്യം നിങ്ങൾ ഹിന്ദു ക്കൾക്കു വിട്ടു കൊടുക്കുകയാണു വേണ്ടതെന്നു ഞാൻ കരുതുന്നു. അവ രാണ് സ്വയം ശുദ്ധീകരിക്കേണ്ടവർ. നിങ്ങൾ നിങ്ങളുടെ സഹാനുഭൂതി കൊണ്ടോ തൂലിക കൊണ്ടോ മാത്രം സഹായിച്ചാൽ മതിയാവും. പ്രസ്ഥാനം നയിക്കാനോ സത്യാഗ്രഹം അനുഷ്ഠിക്കാനോ പോകേണ്ടതില്ല. നാഗപ്പൂർ കോൺഗ്രസ്സ് പ്രമേയവും അയിത്തം എന്ന ശാപം ഇല്ലായ്മചെയ്യാൻ മുന്നോ ട്ടിറങ്ങാൻ ക്ഷണിച്ചിട്ടുള്ളത് ഹിന്ദുക്കളായ കോൺഗ്രസ്സുകാരെയാണ്."

ഏഴാം തീയതി സമരം പുനരാരംഭിച്ചു. കേശവമേനോനും, ടി.കെ. മാധവനും നിയമലംഘനത്തിനു നേതൃത്വം നൽകി. പോലീസ് കമ്മീഷണർ പിറ്റും സത്യാഗ്രഹനേതാക്കളും തമ്മിൽ പതിനഞ്ചുമിനിട്ടോളം വാദപ്രതി വാദം നടന്നു. ഇരുവിഭാഗവും അവരവരുടെ നിലപാടുകളിൽ ഉറച്ചു നിന്ന തേയുള്ളൂ. അവസാനം നേതാക്കൾ രണ്ടു പേരെയും അറസ്റ്റ് ചെയ്ത് ആറു മാസം വീതം വെറും തടവു വിധിച്ച് സെൻട്രൽ ജയിലേയ്ക്ക് അയച്ചു.

www.malankaralibrary.com

ഏപ്രിൽ 9-ാം തീയതി രാവിലെ കേളപ്പൻ, ഏ.കെ.പിള്ള, കണ്ണന്തോടത്തു വേലായുധമേനോൻ എന്നിവരെ സത്യാഗ്രഹക്യാമ്പിൽ നിന്ന് അറസ്റ്റു ചെയ്ത് കോട്ടയത്തേയ്ക്കു കൊണ്ടുപോയി. മൂന്നു മണിയോടെ ഡി.മജിസ്ട്രേറ്റ് അവർ ഓരോരുത്തർക്കും നാലുമാസത്തെ വെറും തടവു വിധിച്ചു. അന്നുതന്നെ മൂന്നുപേരെയും സെൻട്രൽ ജയിലിലേയ്ക്കു കൊണ്ടുപോയി.

മലബാറിൽ നിന്നെത്തിയ ടി.വി. ചാത്തുക്കുട്ടി നായർ എന്ന സവർണ്ണനും കൃഷ്ണൻപാപ്പച്ചൻ, നാരായണൻ എന്നീ അവർണ്ണരുമായിരുന്നു പത്താം തീയതി നിയമലംഘനത്തിന് എത്തിയത്. അധികാരികൾ അന്ന് അടവൊന്നു മാറ്റി. ആരെയും അറസ്റ്റു ചെയ്തില്ല. നിരോധിത മേഖലയിൽ അവരെ തടഞ്ഞു നിർത്തുക മാത്രമാണ് ചെയ്തത്. സത്യാഗ്രഹികൾ നിലത്ത് ഇരുന്നു. അവർ ഉപവാസമാരംഭിച്ചു. ഇതോടെ സമരത്തിന്റെ ശൈലി ഒന്നുമാറി. അയിത്തോച്ചാടന കമ്മറ്റികൂടി സത്യാഗ്രഹം നാലുനടകളിലും നടത്താൻ തീരുമാനിച്ചു. അന്നുതന്നെ ഒരു കത്തുവഴി വിവരം ഗാന്ധിജിയെ അറിയിച്ചു.

ഏപ്രിൽ 10-ാം തീയതി ഗവൺമെന്റ് സത്യാഗ്രഹികളെ അറസ്റ്റു ചെയ്യുന്നത് നിർത്തി. മലബാറിൽ നിന്നും വന്ന ശ്രീ ചാത്തുക്കുട്ടി നായരുൾപ്പെടെ മൂന്നു സത്യാഗ്രഹികൾ കൊടുംവെയിലത്ത് തീണ്ടൽ പലകയുടെ അടുത്ത് നിരോധിത സ്ഥലത്ത് നിരാഹാരവ്രതം തുടങ്ങി. അന്ന് വൈകിട്ട് ബോട്ടുജെട്ടി മൈതാനിയിൽ ബാരിസ്റ്റർ ജോർജ് ജോസഫ് നടത്തിയ പ്രസംഗം താഴെ ചേർക്കുന്നു.

മാന്യജനങ്ങളെ,

നിങ്ങളുടെ ശ്രദ്ധപതിയേണ്ടത് ഈ കൈകൊട്ടുന്നതിലോ മീറ്റിംഗ് കൂടുന്നതിലോ അല്ല. യാതൊരു ആഹാരവും കഴിക്കാതെ മീനമാസത്തെ അതികഠിനമായ വെയിലിൽ ഉണങ്ങിപ്പൊരിഞ്ഞു കിടക്കുന്ന ആ മൂന്നു പേരുടെ പേരിലാണ്. അവർ ഈ നിലയിൽ കിടക്കുന്നതിന് കാരണം ആരാണ്? ഇതിന്റെ ഫലം എന്തായിരിക്കും. ഇവരെ ഈ തരത്തിൽ ആക്കിയത് ഇവിടെ താമസിക്കുന്ന, ഈ നിൽക്കുന്ന ഗവൺമെന്റ് ഉദ്യോഗസ്ഥരാണ്. ഇതിന്റെ ഉത്തരവാദിത്വം ഇവർ തന്നെ അനുഭവിക്കണം. ഇവർക്ക് നിയമം അറിഞ്ഞുകൂടെ? ഇവരുടെ നിയമവിരുദ്ധമായ ഈ പ്രവർത്തി അന്യായമെന്ന് പറഞ്ഞാൽ മതിയോ? ഈ സാധു ഗവൺമെന്റ് ഇതാ കീഴടങ്ങി കഴിഞ്ഞിരിക്കുന്നു. എനിക്ക് തിരുവിതാംകൂർ മഹാരാജാവ് തിരുമനസ്സിലെ നേർക്കും അവിടുത്തെ ഗവൺമെന്റിന്റെ പേരിലും ഭക്തിയും വിശ്വാസവും ഉണ്ടായിരുന്നു. അതിനു കാരണം ഇവിടെ യഥാർത്ഥമായ ഒരു ശക്തിയുള്ളതായിരുന്നു. 1920-ലും 1921 ലും ബ്രിട്ടീഷ് ഗവൺമെന്റ് ഇരുപതിനായിരത്തിൽ പരം ആളുകളെ അറസ്റ്റ് ചെയ്തതായി ഓർക്കുന്നു. എന്നിട്ടും അവിടുത്തെ

www.malankaralibrary.com

ഗവൺമെന്റ് അവരെ യഥായോഗ്യം ഉപചരിക്കാതിരുന്നില്ല. സങ്കടങ്ങളും ഉണ്ടായിട്ടുണ്ടെന്ന് സമ്മതിക്കാം. ഇതാ ഈ ഗവൺമെന്റാകട്ടെ പതിനേഴു പേരെ അറസ്റ്റു ചെയ്തു കഴിഞ്ഞപ്പോൾ തന്നെ ലജ്ജയില്ലാതെ അവരുടെ മുമ്പിൽ മുട്ടുകുത്തിക്കഴിഞ്ഞിരിക്കുന്നു. ഈ ശക്തിയെപ്പറ്റി ഗവൺമെന്റിൽ - ഈ ദയയില്ലാ ഗവൺമെന്റിന് - ഈ മൂന്നു യുവാക്കന്മാരെ അറസ്റ്റു ചെയ്യാതെ പെരുവഴിയിൽ ഇട്ട് ചവുട്ടി തേയ്ക്കുവാൻ ധൈര്യമില്ലെന്ന് എനിക്കു നല്ല വണ്ണം അറിയാം. തീർച്ചയായും യാതൊരു ആഹാരവും ഇല്ലാതെ അവർ മരിക്കുന്നതുവരെ അവിടെ ഇരുന്നു കൊള്ളട്ടെ. പോലീസു കാർ അവരെ ന്യായമായി മുന്നോട്ടു വിടേണ്ടതാണ്. അവരുടെ ന്യായമായ അവകാശബോധവും കൃത്യനിഷ്ഠയും പിന്നോട്ടു മാറാൻ അവരെ അനുവ ദിക്കുന്നതല്ല. ഗവൺമെന്റിന്റെ ധർമ്മം അവർ ചെയ്യുന്ന പ്രവർത്തി നീചമാ ണെങ്കിൽ അതിന് അവർ തന്നെയല്ലേ കുറ്റക്കാർ. സവർണ്ണ ഹിന്ദുക്കളുടെ തടസം കൊണ്ട് സമാധാന ഭംഗം വരുമെന്ന് ഗവൺമെന്റ് ഭയപ്പെടുന്നു. സവർണ്ണ ഹിന്ദുക്കൾ എല്ലാവരും ഈ അഭിപ്രായക്കാരല്ലന്ന് എനിക്കറിയാം. ഒരു മഹത്വമുള്ള വമ്പിച്ച ജനസമുദായം കോൺഗ്രസ്സിന്റെ അകത്തും പുറത്തും നിന്ന് സ്ഥാപനത്തെ എവിടെയും സഹായിക്കുന്നുണ്ട്. സവർണ്ണ ശബ്ദ നിർദ്ദിഷ്ടമായ വേറൊരു ശക്തിയാണ് ഇതിന് വിരോധമായി പ്രത്യ ക്ഷപ്പെട്ടിരിക്കുന്നത്. ഇവർക്ക് ഈ ശബ്ദം മാത്രമേ ബാക്കിയുള്ളു. അല്ലാതെ വല്ലതുമുള്ളവർ കാര്യം കഴിഞ്ഞാൽ നാടു കടക്കുന്നതാണ്. ഈ മാതിരി യുള്ള ചിലരുടെ ഹർജിയാണത്രെ സമാധാന ലംഘന ദ്യോതകമായി വന്നി രിക്കുന്നത്. മാന്യന്മാരും ഹൃദയമുള്ളവരും ദേശാഭിമാന മൂർത്തികളും ധീര ന്മാരും നിഷ്കളങ്കരുമായ യുവജനങ്ങളെയാണ് നമ്മുടെ അധികാരികൾ വെയിലത്തിട്ട് പഴിപ്പിച്ചു കൊല്ലാൻ തുടങ്ങുന്നത്. ഇതിനുത്തരവാദികൾ തീർച്ചയായും സവർണ്ണ ഹിന്ദുക്കൾ തന്നെ. ഈ ദയനീയ സ്ഥിതി അവ രുടെ ഹൃദയത്തെ പോലും അലിയിക്കുകയില്ലയോ? അവരോട് പ്രത്യേക മായി ഞാൻ പിന്നെയും, ഈ സമസ്യഷ്ടങ്ങളുടെ ന്യായമായ അവകാ ശത്തെ തടയരുതെന്ന് അപേക്ഷിക്കുന്നു. ഈ ഞാൻ ഗവൺമെന്റിനാൽ അപ ഹരിക്കപ്പെടുന്നതുവരെ ഇവിടെ ഇതിന്റെ പ്രവർത്തകനായിരിക്കുവാൻ സാധി ക്കുന്നതുവരെ ഇതുപോലെ സഹന ശക്തിയുള്ള വാളണ്ടിയർമാരെ അയച്ചു കൊണ്ടുതന്നെയായിരിക്കും. നാളെ ഞാൻ തെക്കേ നടയിൽക്കൂടി മൂന്നുപേരെ അയക്കും. ഇതെല്ലാവരും അറിഞ്ഞു കൊള്ളുക. എന്റെ പോലീസ് സഹോ ദരന്മാർ ഇന്ന് അല്പം വഴിപിഴച്ചാണ് പെരുമാറിയത്. എന്റെ സകല പ്രവൃത്തി പദ്ധതിയും ഞാൻ മുൻകൂട്ടി അവരെ അറിയിക്കാറുണ്ട്. എന്നാൽ അവരാ കട്ടെ ഇന്ന് അങ്ങനെ ചെയ്തില്ല. ഒരാഴ്ചയിലധികം സവർണ്ണ ഹിന്ദുക്കൾ ഈ മനസ്ഥിതി ഇനിയും വച്ചു കൊണ്ടിരിക്കുകയില്ലെന്ന് ഞാൻ വിചാരി ക്കുന്നു. ഈ ഒരാഴ്ച കിഴക്കും വടക്കുമുള്ള നടകൾ അവർക്കുവേണ്ടി ഞാൻ

www.malankaralibrary.com

ഒഴിച്ചിരിക്കുന്നു. അതു കഴിഞ്ഞാൽ ഞാൻ ആ ദിക്കുകൾ അവർണ്ണ ഹിന്ദുക്കളെ കൊണ്ട് നിറയ്ക്കുന്നതാണ്. കാണട്ടെ അധർമ്മമോ ധർമ്മമോ ജയിക്കുന്നതെന്ന് സത്യമോ അസത്യമോ വിജയിക്കുന്നതെന്ന്?" പതിനൊന്നാം തീയതി ജോർജ് ജോസഫ് ഡി. മജിസ്ട്രേട്ടിനെയും വിവരം രേഖാമൂലം അറിയിച്ചു.

ബാരക്കേഡിനപ്പുറത്തേക്ക് പോകുവാനുള്ള സത്യാഗ്രഹികളുടെ ശ്രമത്തെ തടഞ്ഞ പോലീസ് നടപടിക്കെതിരായി ജോർജ്ജ് ജോസഫ് ജില്ലാ മജിസ്ട്രേറ്റിന് ഇപ്രകാരം എഴുതി. "ഞാൻ നിങ്ങളിൽ നിന്നും എന്റെ വിചാരവികാരങ്ങൾ മറിച്ചു വയ്ക്കേണ്ട ആവശ്യമില്ല. ഗവണ്മെന്റിന്റെ നീക്കം ശരിയായിട്ടില്ല. വോളന്റിയർമാരുടെ മേൽ അനാവശ്യമായ വേദന അടിച്ചേൽപ്പിച്ചിരിക്കുകയാണ്. അത് പീഡനത്തിന്റെ അതിർത്തിവരെ എത്തിക്കഴിഞ്ഞിരിക്കുന്നു. എന്നാൽ അതേ സംബന്ധിച്ച് യാതൊരു പരാതിയും ഞാൻ ഉന്നയിക്കുന്നില്ല" ജോർജ്ജ് ജോസഫ് ഗവണ്മെന്റിന് ശക്തമായ താക്കീത് നല്കി. ഗവണ്മെന്റ് നിശ്ചയമായും കീഴടങ്ങാതിരിക്കുകയോ, സമരം ചെയ്യുന്ന വോളണ്ടിയർമാർക്ക് സംരക്ഷണം നല്കാതിരിക്കുകയോ വോളന്റിയർമാരുടെ പ്രതീക്ഷകളെ തച്ചുടക്കുകയോ ചെയ്താൽ അതിന്റെ പ്രത്യാഘാതം ഗുരുതരമായിരിക്കും. ധൈര്യശാലികളായ ഈ ചെറുപ്പക്കാർ തീർച്ചയായും നിരാഹാരം നടത്തും. അവർ വാടി തളരും. വിശപ്പും ദാഹവും കൊണ്ട് തീവ്രവേദന അനുഭവിക്കും. അവർ ഈ സമ്മാനം സന്തോഷത്തോടെ ഏറ്റുവാങ്ങും. അതിനവർ മടിക്കുകയില്ല. ഇതുമാത്രമാണ് അവകാശം നിഷേധിക്കപ്പെട്ട അധഃസ്ഥിതരുടെ അവകാശം പിടിച്ചുപറ്റുവാനുള്ള ഏകമാർഗ്ഗം. ജാതിഹിന്ദുവിന്റെ ഹൃദയശൂന്യതയിലും ഗവണ്മെന്റിന്റെ പിടിപ്പുകേടിലും ഞാൻ ദുഃഖിക്കുന്നു. ഇവിടുത്തെ പൊതുസമൂഹമാണ് ഈ പ്രശ്നത്തെപ്പറ്റി തീരുമാനമെടുക്കേണ്ടത്. കരുണയും രാഷ്ട്രതന്ത്രജ്ഞതയും ഉണ്ടായാൽ വളരെ പുരാതനമായ ഒരു തിന്മ തിരുത്തി അധഃസ്ഥിതരുടെ അവകാശങ്ങൾ പുനഃസ്ഥാപിക്കാം. പുതിയതായി ഉണ്ടാകാവുന്ന ഒരു വലിയ ദുരന്തം തടയുവാനും സാധിക്കും.

വൈക്കം സത്യാഗ്രഹത്തിൽ ഹിന്ദുക്കൾമാത്രം പങ്കെടുത്താൽ മതിയെന്ന ഗാന്ധിജിയുടെ നിർദ്ദേശം വിവാദപരമായി തീർന്നു. മഹാത്മജി ബാരിസ്റ്റർ ജോർജ്ജ് ജോസഫിനെഴുതി വാക്കുകളുടെയോ പേനയുടെയോ ശക്തികൊണ്ട് ജോസഫിന് ഒരു മാറ്റം ഉണ്ടാക്കാൻ ശ്രമിക്കാം എന്നാൽ ജോസഫ് ഒരു ക്രിസ്ത്യാനിയായതുകൊണ്ട് ജോസഫിന് ഒരു സജീവസത്യാഗ്രഹി ആകാൻ കഴിയുകയില്ല.

ജോർജ്ജ് ജോസഫ് ഗാന്ധിജിയുടെ ഉപദേശം സ്വീകരിച്ചുവെന്നും ക്ഷമ ചോദിച്ചുവെന്നും പിന്നീട് ഗാന്ധിജി അവകാശപ്പെട്ടു. ഇതു സംബന്ധിച്ച് ജോർജ്ജ് ജോസഫ് തന്റെ നിലപാട് വ്യക്തമാക്കി. അദ്ദേഹം പ്രസ്ഥാനത്തിൽ

www.malankaralibrary.com

നിന്നും പിൻവലിഞ്ഞത് ഗാന്ധിജി ശ്രമിച്ചിട്ടാണ്. ഇതു സംബന്ധിച്ച് ജോർജ്ജ് ജോസഫിന്റെ നിലപാട് താഴെ കാണുന്ന വിധമായിരുന്നു.

"വൈയ്ക്കം സത്യാഗ്രഹത്തിന് ക്ഷേത്രപ്രവേശനവുമായി യാതൊരു വിധ ബന്ധവുമില്ലായിരുന്നു. ഇതിലെ പ്രസക്തമായ ചോദ്യം കീഴ്ജാതിക്കാരന് പൊതുവഴിയിലൂടെയുള്ള യാത്രയെ തടസ്സപ്പെടുത്തുവാൻ അവകാശമുണ്ടോയെന്ന് മാത്രമായിരുന്നു. ഈ റോഡ് സംരക്ഷിച്ചിരുന്നത് സർക്കാരായിരുന്നു. ഒരു ക്ഷേത്രത്തിന്റെ സമീപമാണ് റോഡ് എന്ന കാരണത്താൽ മാത്രം കീഴ് ജാതിക്കാരനെ വഴിനടത്താൻ അനുവദിക്കാമോ എന്നതാണ് ഇവിടുത്തെ പ്രശ്നം. അയിത്തത്തിനും തീണ്ടലിനുമെതിരായിരുന്നു സമരം. വൈക്കം സത്യാഗ്രഹത്തിന് ക്ഷേത്രപ്രവേശനവുമായി യാതൊരു ബന്ധവുമില്ലായിരുന്നു. അതു പൂർണ്ണമായും പൗരാവകാശം സ്ഥാപിച്ചെടുക്കാനുള്ള സമരം മാത്രമായിരുന്നു. "ജോസഫ് ഗാന്ധിജിക്ക് എഴുതി" ഒരു ക്രിസ്ത്യാനിയായതുകൊണ്ട് എനിക്ക് അവിടെ പ്രവർത്തിക്കുവാൻ യാതൊരു അവകാശവുമില്ലെന്നാണല്ലോ അങ്ങയുടെ വീക്ഷണം.... ഞാൻ ക്ഷമാപണം നടത്തണമെന്ന അങ്ങയുടെ നിലപാടിനെ ഞാൻ അംഗീകരിച്ചില്ല. യാതൊരു ക്ഷമാപണവും നടത്തിയുമില്ല. അധഃസ്ഥിതരുടെ പൗരാവകാശം നിഷേധിച്ചത് ഏതൊരു ജാതി ഹിന്ദുവിന്റെയും പോലെ തന്നെ എന്നെയും ബന്ധപ്പെട്ടകാര്യമാണെന്നായിരുന്നു എന്റെ വിവക്ഷ.

എന്നാൽ കുറച്ചുനാൾ കഴിഞ്ഞ് ഒരു ഒത്തുതീർപ്പുണ്ടായി. ക്ഷേത്രത്തിനു സമീപമുള്ള റോഡിൽക്കൂടി അധഃസ്ഥിതർക്ക് യാത്ര ചെയ്യാമെന്നായിരുന്നു ഒത്തുതീർപ്പ്. വൈക്കം സത്യാഗ്രഹം ക്ഷേത്രപ്രവേശനത്തിനുള്ള ഒരു വഴികാട്ടി മാത്രമായിരുന്നു.

ജോർജ് ജോസഫിന് 11-ാം തീയതി ഗാന്ധിജി അയച്ച മറുപടി സന്ദേശത്തിൽ ഉപവാസം പാടില്ലെന്നും സത്യാഗ്രഹം തുടരാനും നിർദ്ദേശിച്ചു. കത്തിൽ ഗാന്ധിജി നൽകിയ ചില നിർദ്ദേശങ്ങൾ നോക്കുക.

"ഉപവാസത്തിനു ചില പരിധികളുണ്ട്. ഒരു ഏകാധിപതിയ്ക്കെതിരായി ഉപവാസം അനുഷ്ഠിക്കാൻ സാധിക്കുകയില്ല. അത് അയാൾക്കെതിരായി ചെയ്യുന്ന ഹിംസയാണ്.... ഉപവാസം നിങ്ങൾ സ്നേഹിക്കുന്ന ഒരാൾക്കെതിരായി മാത്രമെ പാടുള്ളു. അതുതന്നെ അയാളെ നന്നാക്കുന്നതിനാവണം. അയാളിൽ നിന്ന് അവകാശങ്ങൾ പിടിച്ചു വാങ്ങുന്നതിനാവരുത്.

മഹാരാജാവിനെയും ദിവാനെയും നിവേദനവുമായി പോയി കാണണം.. "ഈ പ്രസ്ഥാനത്തോട് ആനുകൂല്യമുള്ള യഥാസ്ഥിതിക ഹിന്ദുക്കളുടെ ഒരു ഭീമഹർജി തയ്യാറാക്കണം. നിങ്ങളെ എതിർക്കുന്നവരേയും പോയി കാണണം."

ഗാന്ധിജിയുടെ ഈ കത്ത് ജോസഫിനു ലഭിച്ചില്ല. കാരണം അന്ന് (ഏപ്രിൽ 11) നാലുമണിയോടെ അദ്ദേഹവും, പി.ഡബ്ള്യൂ. സെബാസ്റ്റ്യനും, കെ.ജി.നായരും അറസ്റ്റു ചെയ്യപ്പെട്ടു. കോട്ടയം ജില്ലാകോൺഗ്രസ്സ് കമ്മറ്റി

www.malankaralibrary.com

സെക്രട്ടറി കുരുവിള മാത്യുവിനും വാറന്റുണ്ടായിരുന്നെങ്കിലും ആൾ സ്ഥലത്ത് ഇല്ലാതിരുന്നതു കൊണ്ട് അറസ്റ്റു ചെയ്യാൻ കഴിഞ്ഞില്ല. പിറ്റെ ദിവസം തന്നെ അറസ്റ്റു ചെയ്യപ്പെട്ട മൂന്നു നേതാക്കൾക്കും ആറുമാസം വീതം വെറും തടവു വിധിച്ച് തിരുവനന്തപുരത്തേക്കു കൊണ്ടു പോയി. ഇതോടെ സത്യാഗ്രഹക്യാമ്പിന്റെ നേതൃത്വം കൃഷ്ണൻ നമ്പൂതിരി ഏറ്റെടുത്തു. ഉപവാസം അനുഷ്ഠിച്ചു പോന്ന ചാത്തുക്കുട്ടിനായർ, നാരായണൻ തുടങ്ങി എട്ടു സത്യാഗ്രഹികൾ ബോധരഹിതരായതിനെ തുടർന്ന് പോലീസ് അവരെ ആശുപത്രിയിലേയ്ക്കു നീക്കി, പതിമൂന്നാം തീയതി കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാടും ചിറ്റേടത്തു ശങ്കുപ്പിള്ളയും വൈക്കത്തെത്തി. കൃഷ്ണൻ നമ്പൂതിരിയോടൊപ്പം അവരും സമരപരിപാടികൾക്ക് നേതൃത്വം നൽകാൻ തുടങ്ങി. അന്നുതന്നെ തമിഴ്നാട് കോൺഗ്രസ്സ് കമ്മറ്റി പ്രസിഡന്റും ഈറോഡ് മുൻസിപ്പൽ ചെയർമാനുമായ ഈ.വി. രാമസ്വാമി നായ്ക്കരുടെ നേതൃത്വത്തിൽ തമിഴ്നാട്ടിൽ നിന്ന് ഒരു വാളന്റിയർ സംഘവും, തിരുവനന്തപുരത്തു നിന്ന് പതിനേഴുപേരടങ്ങിയ ഒരു സംഘവും വൈക്കത്തെത്തി.

ഗാന്ധിജിയുടെ 11-ാം തീയതിയിലെ കമ്പിയും കത്തും 14-ാം തീയതിയാണ് വൈക്കത്തു ലഭിച്ചത്. അതിലെ നിർദ്ദേശമനുസരിച്ച് സത്യാഗ്രഹികൾ അന്നു തന്നെ ഉപവാസമവസാനിപ്പിച്ചു.

പതിനാലാം തീയതിയിലെ "യംഗ് ഇന്ത്യയിൽ" ഗാന്ധിജി എഴുതി.

"സത്യാഗ്രഹികളുടെ കൂട്ടത്തിൽ മലബാറിലെ ഏറെ ഉറച്ച പ്രവർത്തകർ പലരും ഉൾപ്പെടുന്നു. കൂട്ടത്തിൽ എന്റെ മുൻഗാമിയായ ജോർജ് ജോസഫുമുണ്ട്.

(ഗാന്ധിജിയ്ക്കുമുമ്പ് ജോർജ് ജോസഫായിരുന്നു "യംഗ് ഇന്ത്യാ" യുടെ പത്രാധിപർ. അതുകൊണ്ടാണ് എന്റെ മുൻഗാമിയായ എന്ന വിശേഷണം ഗാന്ധിജി ഉപയോഗിച്ചിട്ടുള്ളത്. എന്തായാലും ഒരു ക്രിസ്ത്യാനിയായ ജോർജ് ജോസഫ് സത്യാഗ്രഹം അനുഷ്ഠിച്ചതിലോ അറസ്റ്റുവരിച്ചതിലോ ഗാന്ധിജി ഒരു അതൃപ്തിയും പ്രദർശിപ്പിക്കുന്നില്ല എന്ന കാര്യം ശ്രദ്ധിക്കുക.)

ഏപ്രിൽ 17-ാം തീയതി മദ്രാസിലെ സമുന്നത കോൺഗ്രസ്സ് നേതാവും പ്രസിദ്ധ അഭിഭാഷകനുമായിരുന്ന എസ്. ശ്രീനിവാസയ്യങ്കാർ വൈക്കത്തെത്തി. സമര നേതാക്കന്മാരിൽ നിന്നും ഈഴവ നേതാക്കളിൽ നിന്നും സമരത്തിന്റെ നാനാവശങ്ങളും മനസ്സിലാക്കിയശേഷം അദ്ദേഹം എസ്.കൃഷ്ണയ്യർ, വെങ്കിട്ടരാമയ്യർ, വഴുതനയ്ക്കാട്ടു തമ്പുരാൻ, ഇണ്ടൻ തുരുത്തി നമ്പൂതിരി തുടങ്ങിയ യാഥാസ്ഥിതിക നേതാക്കളുമായി സംസാരിച്ചു. മന്നം, ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള, എൻ. രാമകൃഷ്ണൻപിള്ള തുടങ്ങിയവർ സമരസമിതിയെ പ്രതിനിധീകരിച്ച് ഈ ഉഭയകക്ഷി ചർച്ചയിൽ പങ്കെടുത്തു.

www.malankaralibrary.com

എന്നാൽ ഈ ചർച്ചകൊണ്ട് യാതൊരു പ്രയോജനവും ഉണ്ടായില്ല.

തിരുവനന്തപുരത്ത് എത്തി മഹാരാജാവിനെയും ദിവാനെയും കണ്ടു സംസാരിക്കാൻ അയ്യങ്കാർ തയ്യാറായി. പുത്തൻകച്ചേരി മൈതാനത്ത് ഒരു പൊതുയോഗത്തിൽ സമരകാര്യങ്ങൾ വിശദീകരിച്ച് അദ്ദേഹം പ്രസംഗിക്കുകയും ചെയ്തു. തുടർന്ന് ഹിന്ദു പത്രത്തിൽ അദ്ദേഹം പ്രസിദ്ധപ്പെടുത്തിയ പ്രസ്താവന രാജ്യത്തിന്റെ നാനാഭാഗങ്ങളിലും വൈക്കം സത്യാഗ്രഹത്തെപ്പറ്റി ശരിയായ ഒരു ധാരണ പരത്തുവാൻ സഹായിച്ചു.

"കേരള ചന്ദ്രിക മാനേജിംഗ് എഡിറ്റർ കെ.അബ്ദുൾ റഹ്മാൻ കുട്ടിയുടെയും കോട്ടാറിൽ നിന്ന് എം.കെ. അബ്ദുൾ റഹീമിന്റെയും നേതൃത്വത്തിൽ ഏപ്രിൽ 18-ാം തീയതി ഏതാനും മുസ്ലീം വാളന്റിയർമാർ വൈക്കത്തെത്തി. 21-ാം തീയതി ടി.ആർ. കൃഷ്ണസ്വാമി അയ്യരെ അറസ്റ്റു ചെയ്തു. അദ്ദേഹത്തിന് രണ്ടുമാസം തടവുശിക്ഷ വിധിച്ചു.

24-ാം തീയതി കെ.പി.സി.സി. സെക്രട്ടറി പുറപ്പെടുവിച്ച ഒരു പ്രസ്താവനയിൽ കെ.പി.സി.സിയുടെ പ്രധാന നേതാക്കൾ മിക്കവരും തിരുവിതാംകൂറിലെ ജയിലുകളിൽ അടയ്ക്കപ്പെട്ടിരിക്കുകയാണെന്നു ചൂണ്ടിക്കാണിച്ചു. അവസാനമിതാ കൃഷ്ണസ്വാമി അയ്യരും ജയിലിലടയ്ക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. എന്നാൽ കമ്മറ്റിയിലെ ഒറ്റ മെമ്പറെങ്കിലും ശേഷിച്ചിരിക്കുന്ന കാലത്തോളം സമരം നടത്താൻ കമ്മറ്റി തീരുമാനിച്ചിട്ടുണ്ടെന്ന് അദ്ദേഹം പ്രസ്താവിച്ചു.

പഞ്ചാബിൽ നിന്നും ഏതാനും അകാലികൾ വൈക്കത്തേയ്ക്കു പുറപ്പെട്ടിരിക്കുന്നുവെന്നും അവർ വൈക്കത്ത് ഒരു സൗജന്യ ഭോജനശാല തുറക്കുന്നതുമാണെന്ന വാർത്ത വന്നു. ഇതിന്റെ ഔചിത്യത്തെ ചോദ്യം ചെയ്തുകൊണ്ട് സർദാർ കെ.എം. പണിക്കർ ഏപ്രിൽ 21-ാം തീയതി ഗാന്ധിജിക്ക് കമ്പിയടിച്ചു. അന്നുതന്നെ ഗാന്ധിജി അതിന് അയച്ചു കൊടുത്ത മറുപടിയിൽ സൗജന്യ ഭോജനശാല തുറക്കുന്നത് നന്നോ എന്ന കാര്യത്തിൽ സംശയമുണ്ട് എന്ന് പറഞ്ഞിരുന്നു.

ജോർജ് ജോസഫ് സമര നേതൃത്വം ഏറ്റെടുത്തതിൽ ഒരു തെറ്റും കാണാതിരുന്ന ഗാന്ധിജി തന്റെ നിലപാട് പെട്ടെന്നുമാറ്റി. എന്താണതിനു കാരണം, ശ്രീ.കെ.എം.ചുമ്മാറിന്റെ ലേഖനത്തിൽ തന്നെ ഇതിന്റെ മറുപടിയുണ്ട്. കെ.എം. പണിയ്ക്കർ ആണ് അതിന് പ്രധാന കാരണക്കാരൻ. ശ്രീ.കെ.എം. ചുമ്മാറിന്റെ ലേഖനത്തിൽ അക്കാര്യം തുറന്നു പറയുന്നുണ്ട്. ആ ഭാഗം ശ്രദ്ധിക്കുക.

അയിത്തോച്ചാടന പ്രവർത്തനങ്ങൾക്ക് തുടക്കം മുതൽ പിന്തുണ നൽകിപ്പോന്ന കെ.എം. പണിക്കർ ഇക്കാലത്തു പ്രസിദ്ധപ്പെടുത്തിയ ചില

www.malankaralibrary.com

ലേഖനങ്ങളിലും ഗാന്ധിജിക്ക് അയച്ചു കൊടുത്ത ചില കത്തുകളിലും കമ്പി സന്ദേശങ്ങളിലും വൈക്കത്തെ സമര നടത്തിപ്പിനെപ്പറ്റി ഗുരുതരമായ പല ആരോപണങ്ങളും അഭിപ്രായ വ്യത്യാസങ്ങളും ഉന്നയിച്ചിരുന്നു. സമരം തിരുവിതാംകൂർകാരുടേതുമാത്രമാണെന്നും അതിൽ അന്യസംസ്ഥാനക്കാർ ഇടപെടുന്നതു ശരിയല്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. സത്യാഗ്രഹികൾ വിളിക്കുന്ന മുദ്രാവാക്യങ്ങളും ആലപിക്കുന്ന ഗാനങ്ങളും അഹിംസയ്ക്കും മാന്യതയ്ക്കും നിരക്കാത്തവിധം ആഭാസപൂർണ്ണമാണെന്ന് പണിക്കർ ആരോപിച്ചു. അയിത്തോച്ചാടന പരിപാടികളിൽ അഹിന്ദുക്കൾ പങ്കെടുക്കുന്നത് ഒട്ടും ശരിയല്ലെന്ന് അദ്ദേഹം പറഞ്ഞു. സ്വന്തം ആത്മകഥയിൽ അദ്ദേഹം എഴുതിയിട്ടുള്ളതു നോക്കുക.

"സത്യാഗ്രഹം തുടങ്ങിക്കഴിഞ്ഞ ഉടനെ എന്റെ സ്നേഹിതൻ ശ്രീ. ജോർജ് ജോസഫ് അതു നയിക്കുന്നതിനായി വൈക്കത്തെത്തി. അതിൽ ഏർപ്പെടുന്നത് ഒന്നുകിൽ നിഷേധം കൊണ്ടു സങ്കടമനുഭവിക്കുന്നവരോ അല്ലെങ്കിൽ തടയുന്ന ഉന്നതജാതിക്കാരോ വേണമെന്നും, അല്ലാതെ ക്രിസ്ത്യാനികൾ മുതലായവർക്ക് അതിൽ പങ്കെടുക്കാൻ അവകാശമില്ലെന്നും ഒരു പ്രസ്താവന ഞാൻ മദ്രാസ് പത്രങ്ങളിൽ പുറപ്പെടുവിച്ചു. എന്റെ പ്രസ്താവനയും കേരള കോൺഗ്രസ്സിന്റെ മറുപടിയും ഞാൻ ഗാന്ധിജിയ്ക്ക് അയച്ചു കൊടുത്തു. അഹിന്ദുക്കൾ വൈക്കം സത്യാഗ്രഹത്തിൽ നേതൃത്വം വഹിക്കുകയാണെങ്കിൽ ഗാന്ധിജി അതിനു സഹായം ചെയ്തു കൂടെന്നും ഞാൻ വാദിച്ചു.

പണിക്കരുടെ നിലപാടിനെയും വാദഗതികളെയും വിമർശിച്ചു കൊണ്ട് അയിത്തോച്ചാടന കമ്മറ്റി ഒരു പ്രസ്താവന പുറപ്പെടുവിച്ചു. വൈക്കം സമരത്തിനു കാരണമായ പ്രശ്നം തിരുവിതാംകൂർകാരെ മാത്രം ബാധിക്കുന്ന ഒന്നല്ലെന്നും കോൺഗ്രസ്സ് അംഗീകരിച്ചിട്ടുള്ള അയിത്തോച്ചാടന പ്രസ്ഥാനത്തിന്റെ നിഷ്കാപട്യത്തെ സൂക്ഷ്മമായി പരീക്ഷിപ്പാനുള്ള ഒന്നാണ് ഈ സമരമെന്നും കോൺഗ്രസ്സിന്റെ കാര്യപരിപാടിയിൽ പെട്ട മറ്റു സംഗതികൾ തിരുവിതാംകൂറിനു പുറത്തുള്ള ഇന്ത്യാക്കാരെയെല്ലാം എങ്ങിനെ ബാധിക്കുന്നുവോ അതേപ്രകാരം ഈ സംഗതി അവരേയും ബാധിക്കുന്നതാണെന്നും പ്രസ്താവന ചൂണ്ടിക്കാണിച്ചു. പ്രസ്താവന ഇങ്ങനെ തുടരുന്നു.

വൈക്കത്തെ സത്യാഗ്രഹം ഹിന്ദുക്കൾക്കും, ക്രിസ്ത്യാനികൾക്കും മുസ്ലീംങ്ങൾക്കും ഗുണദോഷവിവേചന വിജ്ഞാനമുള്ള ഏതു സമുദായങ്ങൾക്കും ബാധകമായിട്ടുള്ള ഒരു കാര്യമാണ്. കാരണം മനുഷ്യസമുദായത്തിൽപ്പെട്ട ഒരു വിഭാഗം ജനങ്ങളുടെ ജന്മാവകാശത്തെ സംബന്ധിച്ചുള്ള ഒന്നാണ് ഈ കാര്യം. വൈക്കത്തെ സത്യാഗ്രഹം പരാജയത്തെ പ്രാപിക്കുന്ന പക്ഷം കേരളത്തിലുള്ള എല്ലാ കോൺഗ്രസ്സ് പ്രവൃത്തികളും ചുരുങ്ങിയതു ഒരു തലമുറക്കാലത്തേയ്ക്കെങ്കിലും തീരെ നശിക്കുന്നതായിരിക്കും."

www.malankaralibrary.com

സമരം നടക്കുന്നത് തെറ്റായ രീതിയിലും ആഭാസപരമായും ആണെന്ന് ആരോപണത്തെയും കമ്മറ്റി നിഷേധിച്ചു. തെറിപ്പാട്ടുകളല്ല സുബ്രഹ്മണ്യ ഭാരതിയുടെ ഗീതങ്ങളാണ് സത്യാഗ്രഹികൾ പാടുന്നത് എന്ന് കമ്മറ്റി ചൂണ്ടിക്കാണിച്ചു. നാട്ടുരാജ്യങ്ങളുടെ പ്രശ്നങ്ങളിൽ കോൺഗ്രസ്സ് ഇടപെടരുതെന്നുള്ള നയത്തിന് എതിരല്ല വൈക്കം സത്യാഗ്രഹമെന്ന് കമ്മറ്റി വിശദീകരിച്ചു. ആരോപണങ്ങൾ പരസ്യമായി ഉന്നയിക്കുന്നതിനു മുമ്പായി യാഥാർത്ഥ്യമെന്തെന്ന് മനസ്സിലാക്കാൻ പണിക്കർ ശ്രമിക്കേണ്ടതായിരുന്നുവെന്ന് കമ്മറ്റി അഭിപ്രായപ്പെട്ടു.

കമ്മറ്റിയുടെ പ്രസ്താവനയ്ക്ക് മറുപടിയായി ഏപ്രിൽ 30-ാം തീയതിയിലെ സ്വരാജ്യയിൽ പണിക്കർ പ്രസിദ്ധപ്പെടുത്തിയ ലേഖനത്തിലും തന്റെ പഴയ ആരോപണങ്ങൾ ആവർത്തിക്കുകയാണുണ്ടായത്. സത്യാഗ്രഹികളുടെ പെരുമാറ്റത്തെപ്പറ്റിയുള്ള തന്റെ ആരോപണം ശരിയാണോ എന്നറിയാൻ ഗാന്ധിജി ഒരന്വേഷണം നടത്തട്ടെയെന്നും പണിക്കർ നിർദ്ദേശിച്ചു.

കെ.എം. ചുമ്മാർ ചൂണ്ടിക്കാണിച്ചത് ശരിയാണ്. കെ.എം.പണിക്കരുടെ നിർദ്ദേശങ്ങൾക്കാണ് കെ.പി.സി.സി.യുടെ നിർദ്ദേശങ്ങളേക്കാൾ മഹാത്മാഗാന്ധി പ്രാധാന്യം നൽകിയത്. ഏപ്രിൽ 11-ാം തീയതി യംഗ് ഇന്ത്യയിൽ ഗാന്ധിജി എഴുതിയ ലേഖനത്തിൽ പോലും ബാരിസ്റ്റർ ജോർജ് ജോസഫ് വൈക്കം സത്യാഗ്രഹത്തിന് നേതൃത്വം നൽകിയതിൽ കുറ്റം കണ്ടില്ല. ഏപ്രിൽ 24-ാം തീയതി ഗാന്ധിജിയുടെ നിലപാട് മാറി. അദ്ദേഹം യംഗ് ഇന്ത്യയിൽ എഴുതി "തിരുവിതാംകൂറിന് പുറത്തു നിന്നും ആളോ അർത്ഥമോ കൊണ്ട് സമരത്തെ സഹായിക്കാനുള്ള ശ്രമം തടയണമെന്നും പുറത്തു നിന്നും സഹാനുഭാവത്തിൽ കവിഞ്ഞ ഒന്നും പാടില്ലെന്ന് ഗാന്ധിജി അഭിപ്രായപ്പെട്ടു. കെ.എം. പണിക്കരുടെ ലേഖനങ്ങളും കത്തുകളും ഗാന്ധിജിയിൽ വലിയമാറ്റം വരുത്തി തൽഫലമായിട്ടാണ് ബാരിസ്റ്റർ ജോർജ് ജോസഫിനെ സമര രംഗത്തു നിന്ന് പിന്മാറ്റിയത്.

ഈ.വി. രാമസ്വാമിനായ്ക്കർ, അയ്യാമുത്തു ഗൗണ്ടർ, എം.ഈ.നായിഡു എന്നിവർ തിരുവനന്തപുരം ജില്ലയിൽ വൈക്കം സത്യാഗ്രഹസമര പ്രചരണം നടത്തുന്നതു നിരോധിച്ചു കൊണ്ട് ഏപ്രിൽ 28-ാം തീയതി ഡി.മജിസ്ട്രേറ്റ് കല്പന പുറപ്പെടുവിച്ചു. ഇത്തരം ഒരു വിലക്ക് ചീറ്റേടുത്തു ശങ്കുപ്പിള്ളയുടെ പേർക്ക് കൊല്ലം ഡി.മജിസ്ട്രേറ്റും പുറപ്പെടുവിച്ചു.

ഏപ്രിൽ 29-ാം തീയതി ബോട്ടുജട്ടിമൈതാനത്തു ചേർന്ന പൊതുയോഗത്തിൽ ഒരു പ്രസംഗകനായിരുന്ന ഡീക്കൺപത്രോസ് "കോൺഗ്രസ്സ് വാളന്റിയർമാർ പ്രദർശിപ്പിക്കുന്ന ധൈര്യം കണ്ടു ഞാൻ അതിശയിക്കുന്നു." വെന്നും "എന്റെ അനുയായികളോട് ഈ ധർമ്മ സമരത്തിൽ ചേരാൻ ഞാൻ അഭ്യർത്ഥിക്കുന്നു" വെന്നും പ്രസ്താവിക്കുകയുണ്ടായി.

www.malankaralibrary.com

ഏപ്രിൽ 30-ാം തീയതി ചേർന്ന അയിത്തോച്ചാടന കമ്മറ്റിയോഗം ചങ്ങനാശ്ശേരി പരമേശ്വരൻ പിള്ള, എൻ. കുമാരൻ, കുറൂർ, കെ.ജി.കുഞ്ഞു കൃഷ്ണപിള്ള, എൻ.കുമാരപിള്ള എന്നിവരടങ്ങിയ ഒരു പ്രതിനിധിസംഘം ഗാന്ധിജിയെകണ്ട് വൈക്കം സത്യാഗ്രഹത്തേ സംബന്ധിച്ച് സർദാർ പണിക്കർ തുടങ്ങിയവർ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങളുടെ സത്യാവസ്ഥ അദ്ദേഹത്തെ ധരിപ്പിക്കണമെന്ന് തീരുമാനിച്ചു.

മെയ് 1-ാം തീയതിയിലെ യംഗ് ഇന്ത്യയിൽ വൈക്കം സത്യാഗ്രഹം എന്ന പേരിൽ ഗാന്ധിജിയുടെ ഒരു ദീർഘ ലേഖനം വന്നു. വൈക്കം സത്യാഗ്രഹത്തിന് ഗാന്ധിജി നേതൃത്വവും പിന്തുണയും നൽകുന്നത് നിറുത്തി വയ്ക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നിരവധി കത്തുകൾ തനിക്കു ലഭിക്കുന്നുണ്ടെന്ന് ഗാന്ധിജി എഴുതി. കേശവമേനോന്റെ അറസ്റ്റിനെ തുടർന്ന് സമര നേതൃത്വം ഒരു ക്രിസ്ത്യാനിയായ ജോർജ് ജോസഫിനെ ഏല്പിച്ചതിലായിരുന്നു പലർക്കും പ്രതിഷേധം. ഈ എതിർപ്പ് സമരവിജയത്തിന് സാരമായ ദോഷം ചെയ്യുമെന്ന് ഗാന്ധിജി മനസ്സിലാക്കി. ഹിന്ദുമതത്തെ നശിപ്പിക്കാൻ ബാഹ്യ ശക്തികൾ നടത്തുന്ന ഒരു ശ്രമമായി സമരത്തെ ചിത്രീകരിക്കാൻ യാഥാസ്ഥികപക്ഷത്തിന് ഇത് സൗകര്യം നൽകുമെന്ന് ഗാന്ധിജി ഭയപ്പെട്ടു. ഇതൊക്കെ മനസ്സിൽ വച്ചു കൊണ്ടാണ് ഏപ്രിൽ 6-ാം തീയതി ജോർജ് ജോസഫിന് എഴുതിയിരുന്ന കത്തിൽ വൈക്കം സമരത്തിന്റെ ചുമതല ഹിന്ദുക്കൾക്കു തന്നെ ഏല്പിച്ചു കൊടുക്കണമെന്നും അഹൈന്ദവർ സമരം സംഘടിപ്പിക്കുകയോ സമരത്തിൽ പങ്കെടുക്കുകയോ ചെയ്യരുതെന്നും ഗാന്ധിജി രേഖപ്പെടുത്തിയിരുന്നത്. "എന്നാൽ നിർഭാഗ്യവശാൽ എന്റെ എഴുത്ത് കിട്ടും മുമ്പ് മി.മേനോൻ തടവിലാക്കപ്പെടുകയും മി.ജോർജ് ജോസഫ് അദ്ദേഹത്തിന്റെ സ്ഥാനം ഏറ്റെടുക്കുകയും ചെയ്തു കഴിഞ്ഞിരുന്നു എന്ന് ഗാന്ധിജി ചൂണ്ടിക്കാണിക്കുന്നു."

'അയിത്തം ഹിന്ദുക്കളുടെ പാപമാണ്. അതിന് അവർ തന്നെ സ്വയം ശുദ്ധീകരിക്കണം. മർദ്ദിതരായ സഹജാതരോടുള്ള കടപ്പാട് അവർ തന്നെ വീട്ടിതീർക്കണം. അവർക്കാണ് ലജ്ജിക്കാനുള്ളത്. ആ കറുത്ത പാപത്തിൽ നിന്നും വിമോചനം നേടുമ്പോൾ ഉണ്ടാകുന്ന മഹത്വവും അവർക്കവകാശപ്പെട്ടതായിരിക്കണം. ഹിന്ദുക്കൾതന്നെ അതിനു വേണ്ടി യാതന അനുഭവിക്കണം, അവർ അതിനു വേണ്ടി പണം ചിലവഴിക്കണം, ആ ശാപം നിവാരണം ചെയ്യുന്നതിന് അവർ കളത്രപുത്രാദികളെ കൈവിടാൻ തയ്യാറാകണം" പുറമെ നിന്നുള്ള ഹിന്ദുക്കളുടെ സഹായം സ്വീകരിക്കുന്നതു പോലും ശരിയല്ലെന്ന് ഗാന്ധിജി എഴുതിയിട്ടുണ്ട്. അകാലികൾ സൗജന്യ ഭോജനശാല സ്ഥാപിക്കുന്നതിനെയും ഗാന്ധിജി അംഗീകരിച്ചില്ല.

www.malankaralibrary.com

തന്റെ ഈ അഭിപ്രായഗതികൾ ഒന്നുകൂടി വിശദീകരിച്ചു കൊണ്ട് മെയ് 6-ാം തീയതിയിലെ "യംഗ് ഇന്ത്യയിൽ വൈക്കം സത്യാഗ്രഹവും അഹിന്ദുക്കളും എന്ന പേരിൽ ഗാന്ധിജി മറ്റൊരു ലേഖനം പ്രസിദ്ധപ്പെടുത്തി. അതു തുടങ്ങുന്നതുതന്നെ "വൈക്കം സത്യാഗ്രഹം അതിരുകൾ കടന്നു പോകുന്നെന്നാണ് എനിക്കു തോന്നുന്നത്. സിക്കുകാർ നടത്തുന്ന സൗജന്യ ഭോജനശാല അടച്ചു പൂട്ടുമെന്നും ഈ പ്രസ്ഥാനം ഹിന്ദുക്കളിലേയ്ക്ക് ഒതുങ്ങി നിറുത്തുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു" എന്നു പറഞ്ഞു കൊണ്ടാണ്. ഹിന്ദുമത പരിഷ്ക്കരണത്തെ സംബന്ധിക്കുന്ന കാര്യങ്ങളിൽ മറ്റുള്ളവർ ഇടപെടുന്നതിനെ യാഥാസ്ഥിതിക ഹിന്ദുക്കൾ എതിർക്കും എന്ന് ഗാന്ധിജി ചൂണ്ടിക്കാണിക്കുന്നു.

മേയ് 6 മുതൽ 8 വരെ തീയതികളിൽ വൈക്കത്തുവച്ച് എസ്.എൻ.ഡി.പി യോഗത്തിന്റെ 21-ാം വാർഷികം നടത്തപ്പെട്ടു. അവസാന ദിവസം വിപുലമായ ഒരു നായരീഴവ സമ്മേളനവും ഉണ്ടായിരുന്നു. പ്രസ്തുത സമ്മേളനത്തിൽ ചങ്ങനാശ്ശേരി പരമേശ്വരൻ പിള്ള ചെയ്ത അദ്ധ്യക്ഷ പ്രസംഗത്തിൽ കോൺഗ്രസ്സുകാർക്ക് ബ്രിട്ടീഷിന്ത്യയിൽ ധാരാളം ജോലിയുണ്ടെങ്കിലും ഇവിടെ ഇതും കൂടി ചെയ്യുന്നതിൽ എന്താണു വിരോധം? അതുകൊണ്ട് കോൺഗ്രസ്സു മുഖാന്തിരം ഈ പ്രക്ഷോഭണം നടത്തുന്നതു ശരിയല്ല എന്നുള്ള വാദത്തിനു യാതൊരർത്ഥവുമില്ല. നല്ല കാര്യങ്ങൾ അവർ ചെയ്താൽ അവരെ സഹായിക്കുന്നതിൽ എന്താണു തെറ്റ് എന്നു ചോദിക്കുകയുണ്ടായി. "അതുകൊണ്ട് അവർ നടത്തിവരുന്ന ഈ ധർമ്മസമരത്തിൽ നാം എല്ലാവരും ഒരു പോലെ പങ്കുകൊണ്ട് ആ സംഗതി വിജയത്തിൽ വരുത്തുന്നതിന് വേണ്ടി ശ്രമിക്കണം" എന്ന അദ്ദേഹത്തിന്റെ നിർദ്ദേശത്തെ യോഗം ഹസ്താതഡനത്തോടെ സ്വാഗതം ചെയ്തു. ഒരു പ്രമേയം വഴിയായി വൈക്കം സത്യാഗ്രഹത്തിനു പിന്തുണ വാഗ്ദാനം ചെയ്ത പ്രസ്തുത സമ്മേളനം പിന്നോക്ക സമുദായങ്ങളുടെ അവശതകൾ രാജസമക്ഷം സമർപ്പിച്ച് പരിഹാരം കണ്ടെത്തുന്നതിന് ഈ.വി. രാമസ്വാമിനായിക്കർ, എം.ഈ. നായിഡു, മന്നം, എം.മാത്തുണ്ണി, ചിറ്റേടം, രാമകൃഷ്ണദാസ്, അയ്യാമുത്തു ഗൗണ്ടർ, ഏ.കെ.ഗോവിന്ദൻ ചാന്നാർ എന്നിവരടങ്ങിയ ഒരു ഡപ്യൂട്ടേഷന് രൂപം നല്കുകയും ചെയ്തു.

മെയ് 9-ാം തീയതി റവറന്റ് ചാൾസ് ബി.ഹിൽ എന്ന അമേരിക്കൻ പത്രപ്രതിനിധി വൈക്കം സന്ദർശിച്ചു. അദ്ദേഹത്തിന്റെ പത്രപ്രതിനിധി വൈക്കം സന്ദർശിച്ചു. അദ്ദേഹത്തിന്റെ കൺമുമ്പിൽ വച്ചായിരുന്നു വാളന്റിയർ സംഘതലവൻ ശിവശൈലത്തേയും ഏതാനും അനുയായികളേയും സവർണ്ണ ഗുണ്ടകൾ കല്ലുകൊണ്ടിടിച്ചും നാഭിക്കു തൊഴിച്ചും ബോധം കെടുത്തിയത്. അദ്ദേഹം ഈ സംഭവങ്ങളെല്ലാം ക്യാമറയിൽ പകർത്തുകയും ചെയ്തു.

www.malankaralibrary.com

പത്താം തീയതി കോട്ടയം ഡി.സി.സെക്രട്ടറി കുരുവിള മാത്യുവിനെ വൈക്കത്തു വച്ച് അറസ്റ്റു ചെയ്യുകയും കോട്ടയത്തിനു കൊണ്ടുപോവുകയും ചെയ്തു. അദ്ദേഹം കേസുവാദിച്ചില്ല. മൂന്നുമാസത്തെ വെറും തടവിനു വിധിച്ചു.

ഈ.വി. രാമസ്വാമി നായ്ക്കർ കോട്ടയം ജില്ലയിൽ പ്രസംഗിക്കുകയോ പ്രവേശിക്കുയോ ചെയ്യുന്നതിനെ മെയ് 14-ാം തീയതി ഡി.മജിസ്ട്രേറ്റ് വിലക്കി. താൻ ഈ വിലക്കിനെ ലംഘിക്കുന്നതാണെന്ന് ഇ.വി.ആർ.ഡി മജിസ്ട്രേറ്റിന് എഴുതി കൊടുത്തു. നായ്ക്കർ അറസ്റ്റു ചെയ്യപ്പെട്ടു. വൈക്കം, അടൂർ ജയിലുകളിൽ ഒരു മാസം പാർത്തു. ശിക്ഷ കഴിഞ്ഞു പുറത്തുവന്ന നായ്ക്കർ വീണ്ടും നിയമം ലംഘിച്ച് അറസ്റ്റിലായി. ഇത്തവണ സെൻട്രൽ ജയിലിൽ 6 മാസം കഴിഞ്ഞു.

മെയ് 19-ാം തീയതിയിലെ "ഹിന്ദു" ഗാന്ധിജിയുമായുള്ള ഒരു അഭിമുഖം പ്രസിദ്ധീകരിച്ചിരുന്നു. സിക്കുകാർ നടത്തുന്ന സൗജന്യഭോജനശാല അസ്ഥാനത്താണെന്നു തന്നെയല്ല അത് പ്രസ്ഥാനത്തിന്റെ ലക്ഷ്യത്തിനും കേരളീയരുടെ ആത്മാഭിമാനത്തിനു തന്നെയും ഹാനികരമാണെന്ന് ഗാന്ധിജി പറഞ്ഞു. ഈ പരിഷ്ക്കാരമൊന്നും ഇഷ്ടപ്പെടാത്ത യാഥാസ്ഥിതിക ഹിന്ദുക്കളെ അത് കാര്യമില്ലാതെ ക്ഷോഭിപ്പിക്കും എന്നായിരുന്നു ഗാന്ധിജിക്കുണ്ടായിരുന്ന ആശങ്ക.

കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട്, കെ.മാധവൻ നായർ, തുടങ്ങിയ വരടങ്ങിയ ഒരു നിവേദക സംഘം മെയ് 20-ാം തീയതി ഗാന്ധിജിയെ സന്ദർശിച്ച് സംഭാഷണം നടത്തിയപ്പോൾ ഗാന്ധിജി പറഞ്ഞ ചില അഭിപ്രായങ്ങൾ താഴെ ഉദ്ധരിക്കുന്നു.

"ഹിന്ദു സമുദായത്തിലുള്ള തിന്മ നിവാരണം ചെയ്യേണ്ടത് ഹിന്ദുക്കളുടെ കടമയാണ്. ആ ഒരു പരിഷ്ക്കരണ കർമ്മത്തിൽ പുറമെ നിന്നുള്ള സഹായം അവർ തേടിക്കൂടാ. അത് നിങ്ങളുടെ മനസ്ഥൈര്യം കെടുത്തും. നിങ്ങൾ യാഥാസ്ഥിതികന്മാരെ സ്നേഹം കൊണ്ടു കീഴ്പ്പെടുത്തി മാനസാന്തരപ്പെടുത്താൻ ശ്രമിക്കണം അല്ലെങ്കിൽ അവരെ അത് അനാവശ്യമായി പ്രകോപിപ്പിക്കും. അഹിന്ദുക്കളുടെ ഇടപെടൽ നിമിത്തം തങ്ങൾ അപമാനിതരായി എന്ന് യാഥാസ്ഥിതികർക്ക് തോന്നും.

അകാലികളുടെ സൗജന്യഭോജന ശാലയെക്കുറിച്ചു ഗാന്ധിജി പറഞ്ഞത് "ആത്മാഭിമാനമുള്ള ഒരാളും അമ്മാതിരി ഒരു ഭോജനശാലയിൽ നിന്ന് ആഹാരം കഴിക്കുകയില്ല. ആഹാരം കിട്ടാഞ്ഞ് പട്ടിണികിടക്കുന്നവരല്ലേ നിങ്ങൾ. നിത്യവൃത്തി കഴിക്കുന്നതിന് മറ്റുള്ളവർ നൽകുന്ന ഭിക്ഷയെ ആശ്രയിക്കേണ്ട ഒരവസ്ഥയിലേയ്ക്ക് നിങ്ങൾ നിപതിച്ചിട്ടില്ല" എന്നാണ്.

സമരം ഭാവിയിലെങ്ങനെ തുടരണം എന്ന ചോദ്യത്തിന് ഗാന്ധിജി

www.malankaralibrary.com

നൽകിയ മറുപടിയിലാണ് സവർണ്ണജാഥയുടെ ആശയം അവതരിപ്പിക്കപ്പെട്ടത്. അദ്ദേഹം പറഞ്ഞു.

"നിങ്ങൾ ഇതുവരെ പ്രവർത്തിച്ചരീതിയിൽ തന്നെ തുടർന്നു പ്രവർത്തിക്കണം. സത്യാഗ്രഹസമരം നടത്തുന്ന സന്നദ്ധഭടന്മാരുടെ സംഖ്യവർദ്ധിപ്പിക്കാം. കഴിയുമെങ്കിൽ മർദ്ദിതവർഗ്ഗക്കാർ ഇമ്മാതിരി അവശതകൾ അനുഭവിക്കുന്ന ഇതര സ്ഥലങ്ങൾ തിരഞ്ഞെടുത്ത് അവിടെയും സത്യാഗ്രഹം നടത്താം. ഇക്കാര്യത്തെക്കുറിച്ച് സവർണ്ണ ഹിന്ദുക്കൾക്കുള്ള വികാരങ്ങൾ പ്രകടമാക്കുന്നതിന് വൈക്കത്തു നിന്ന് തിരുവനന്തപുരത്തേയ്ക്ക് തികച്ചും സമാധാനപരവും അഹിംസാധിഷ്ഠിതവുമായ ഒരു ജാഥ സംഘടിപ്പിക്കാം. അതിൽ സവർണ്ണഹിന്ദുക്കൾ മാത്രമേ പാടുള്ളു. അവർ മഹാരാജാവിനെ കണ്ട് അവർണ്ണഹിന്ദുക്കൾ അനുഭവിക്കുന്ന അവശത നിവാരണം ചെയ്യേണ്ടതിന്റെ ആവശ്യകതയെപ്പറ്റി നിവേദനം നടത്തണം. ജാഥായിൽ പങ്കെടുക്കുന്ന സവർണ്ണഹിന്ദുക്കൾ കാൽനടയായി സഞ്ചരിക്കുകയും അതിൽ നിന്നുണ്ടാകുന്ന അസൗകര്യങ്ങൾ അനുഭവിക്കുകയും ചെയ്യുന്നതിന് തയ്യാറാകണം. അവർ പട്ടണങ്ങളിൽ നിന്നും ഗ്രാമങ്ങളിൽ നിന്നും അകന്നു വേണം താവളമടിക്കാൻ. ഭക്ഷണം സ്വയം തയ്യാറാക്കുന്നതിന് അവർ വേണ്ട ഏർപ്പാടുകൾ ചെയ്യണം, തികച്ചും അഹിംസാത്മകമായ ഒരന്തരീക്ഷം നിലനിറുത്താമെന്നു ബോദ്ധ്യമായാൽ മാത്രമേ അമ്മാതിരി ഒരു ജാഥസംഘടിപ്പിക്കാവൂ. ഈ ജാഥസംഘടിപ്പിക്കുന്ന കാലത്തേയ്ക്ക് വൈക്കത്തെ സത്യാഗ്രഹം നിറുത്തിവയ്ക്കണം."

മെയ് 20-ാം തീയതി രാജാജി വൈക്കത്തെത്തി സ്ഥിതിഗതികൾ മനസ്സിലാക്കി. ദിവാന്റെ ക്ഷണപ്രകാരം അദ്ദേഹം തിരുവനന്തപുരത്ത് ചെല്ലുകയും ദിവാനുമായി വൈക്കം പ്രശ്നം ചർച്ചചെയ്യുകയും ചെയ്തു. എന്നാൽ അതുകൊണ്ട് പ്രയോജനമൊന്നുമുണ്ടായില്ലെന്ന് അദ്ദേഹം തന്നെ പ്രസ്താവിച്ചു.

തമിഴ്നാടു കോൺഗ്രസ്സ് കമ്മറ്റി സെക്രട്ടറി തങ്കപ്പെരുമാൾ പിള്ളയുടെ നേതൃത്വത്തിൽ 20 വാളന്റിയർമാർ വൈക്കത്തെത്തി, മിസ്സിസ്സ്. രാമസ്വാമി നായ്ക്കർ, മിസ്സിസ്സ് ഗോവിന്ദൻ ചാന്നാർ, മിസ്സിസ്സ് മുത്തുസ്വാമി എന്നിവരുടെ നേതൃത്വത്തിൽ 6 വനിതകൾ ജൂൺ 5-ാം തീയതി സത്യാഗ്രഹമനുഷ്ഠിച്ചു.

ഗാന്ധിജിയുടെ ഉപദേശം മാനിച്ച് അകാലികൾ അവരുടെ സൗജന്യഭോജനശാല അടച്ചു. "വ്യസനത്തോടും ബഹുമാനത്തോടും കൂടി ഇന്ന് (ജൂൺ 7) ഉച്ചയ്ക്കു 12 മണിക്ക് ആശ്രമത്തിൽ നിന്ന് അവരെ യാത്ര അയയ്ക്കുകയുണ്ടായി എന്ന് ജൂൺ 12-ാം തീയതിയിലെ മാതൃഭൂമി റിപ്പോർട്ടു ചെയ്യുന്നു.

www.malankaralibrary.com

ഡൽഹിയിൽ നിന്നും തിരിച്ചെത്തിയ കുറൂർ പുറപ്പെടുവിച്ച ഒരു ദീർഘ പ്രസ്താവനയിൽ ഗാന്ധിജിയുമായി നടത്തിയ സംഭാഷണത്തിന്റെ വിവരങ്ങളും സവർണ്ണജാഥ നടത്താൻ പോകുന്ന കാര്യവും വിശദമായി പ്രതിപാദിച്ചിരുന്നു. സവർണ്ണ ജാഥായിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ അവരവരുടെ പ്രദേശത്തെ കോൺഗ്രസ്സ് കമ്മറ്റി സെക്രട്ടറിയുടെയോ മറ്റ് ഉത്തരവാദിത്വമുള്ള നേതാക്കളുടെയോ ശുപാർശയോടെ പേരു നാൽകാൻ കുറൂർ ആവശ്യപ്പെട്ടു.

തികച്ചും സമാധാനപരമായി സത്യാഗ്രഹം അനുഷ്ഠിച്ചു പോന്ന വാളന്റിയർമാരെയും പ്രചാരകന്മാരെയും ഗുണ്ടകളെക്കൊണ്ട് ക്രൂരമായി മർദ്ദിപ്പിക്കുന്നതായ പരാതികൾ ലഭിച്ചപ്പോൾ ആ സമീപനത്തെ അപലപിച്ചു കൊണ്ട് ജൂലൈ 1-ാം തീയതി ഏ.പി.ഐയ്ക്ക് ഗാന്ധിജി ഒരു പ്രസ്താവന നൽകി. 3-ാം തീയതിയിലെ "യംഗ് ഇന്ത്യ" യിലും അത്തരമൊന്ന് ഗാന്ധിജി പ്രസിദ്ധപ്പെടുത്തി. ആത്മാർത്ഥതയുള്ള സത്യാഗ്രഹികളുടെ മേൽ ഗുണ്ടകളെ അഴിച്ചുവിടുകയാണെങ്കിൽ ഇന്ത്യയിലെ പൊതുജനാഭിപ്രായത്തിന്റെ മുഴുവൻ ശക്തിയും സത്യാഗ്രഹികളെ സഹായിക്കാനെത്തും എന്ന് ഗാന്ധിജി താക്കീതു നൽകി.

സത്യാഗ്രഹികളോടായി ഗാന്ധിജി പറഞ്ഞു. "നൂറുകണക്കിനാളുകൾ മരിച്ചാൽ പോലും അത് തൊട്ടുകൂടാത്തവരുടെ സ്വാതന്ത്ര്യം നേടിയെടുക്കുന്നതിന് വേണ്ടി നൽകുന്ന വലിയ വിലയൊന്നുമായിരിക്കുകയില്ല. രക്തസാക്ഷികൾ മരിക്കുന്നത് വെടിപ്പായി വേണമെന്നുമാത്രം.

രാമനിളയത് എന്ന സത്യാഗ്രഹിയുടെ കണ്ണിൽ ചുണ്ണാമ്പെഴുതിയ നായർ ആത്മഹത്യ ചെയ്തു എന്ന് ജൂലൈ 6-ാം തീയതിലെ മാതൃഭൂമി റിപ്പോർട്ടു ചെയ്തു.

ഓഗസ്റ്റ് 7-ാം തീയതി ശ്രീമൂലം തിരുനാൾ മഹാരാജാവു നാടുനീങ്ങി. അടുത്ത കിരീടാവകാശിയായ ശ്രീ ചിത്തിര തിരുനാൾ വെറുമൊരു ബാലനായിരുന്നതു കൊണ്ട് മഹാറാണി സേതുലക്ഷ്മി റീജന്റായി ഭരണമേറ്റു. ഇതോടനുബന്ധിച്ച് സെപ്റ്റംബർ 1-ാം തീയതി തടവുകാരെ മോചിപ്പിച്ച കൂട്ടത്തിൽ വൈക്കം സത്യാഗ്രഹത്തോടനുബന്ധിച്ച് ജയിലുകളിൽ കഴിഞ്ഞിരുന്നവരും പുറത്തുവന്നു. നാടൊട്ടാകെ അവർക്ക് സ്വീകരണങ്ങൾ നൽകപ്പെട്ടു.

സെപ്റ്റംബർ 6-ാം തീയതി കൊച്ചിയിൽ ചേർന്ന കെ.പി.സി.സി യോഗം സമരപരിപാടികൾ വിലയിരുത്തി. ഈ യോഗം ടി.കെ. മാധവനെ ഒരു കെ.പി.സി.സി അംഗമായി കോ ഓപ്റ്റു ചെയ്തു.

സമരത്തിൽ പങ്കെടുക്കുകയും അറസ്റ്റുവരിക്കുകയും ചെയ്തതിന്റെ പേരിൽ നിരവധി സവർണ്ണ യുവാക്കൾക്ക് സാമൂഹ്യവും കുടുംബപരവുമായ

www.malankaralibrary.com

ബഹിഷ്കരണഭീഷണി നേരിടേണ്ടിവന്നു. സെപ്റ്റംബർ 18-ാം തീയതി യംഗ് ഇന്ത്യയിൽ പ്രസിദ്ധപ്പെടുത്തിയ ഒരു കുറിപ്പിലൂടെ ഗാന്ധിജി സത്യാഗ്രഹികൾ ഇത്തരം പ്രതികാരങ്ങൾ ക്ഷമയോടെ സഹിക്കുകയാണുവേണ്ടതെന്നും, കോടതിവഴി പരിഹാരം തേടാൻ ശ്രമിക്കരുതെന്നും ഉപദേശിച്ചു.

സെപ്റ്റംബർ 24-ാം തീയതി ടി.കെ.മാധവനും ജോർജ് ജോസഫും കെ.എം. പണിക്കരും ഡൽഹിയിലെത്തി ഗാന്ധിജിയെ കാണുകയും സമരഗതികൾ വിശദീകരിച്ചു കൊടുക്കുകയും ചെയ്തു. വൈക്കം പ്രശ്നത്തിൽ ഇടപെട്ട് പരിഹാരമുണ്ടാക്കാൻ നിർദ്ദേശിച്ചു കൊണ്ട് ഗാന്ധിജി പണ്ഡിറ്റ് മാളവ്യയ്ക്ക് ഒരു കത്തെഴുതി. ജോർജ് ജോസഫാണ് ആ കത്തുകൊണ്ടു പോയി മാളവ്യായ്ക്കു നൽകിയത്. ജവഹർലാൽ നെഹ്റു, ലാലാലജ്പത്റായി, മഹാദേവദേശായി, സി.എഫ്. ആൻഡ്രൂസ്, മുഹമ്മദാലി, സ്വാമി ശ്രദ്ധാനന്ദൻ തുടങ്ങിയ കോൺഗ്രസ്സു നേതാക്കളെയും കണ്ടുസംസാരിച്ച ശേഷമേ നിവേദകസംഘം തിരുവിതാംകൂറിലേയ്ക്കു മടങ്ങിയുള്ളൂ.

ക്രൈസ്തവ നേതാക്കളിൽ പലരും പ്രജാസഭയിൽ സഞ്ചാര സ്വാതന്ത്ര്യത്തിനു വേണ്ടി വാദിച്ചു. എം.എം. വർക്കിയെപ്പോലുള്ള സാമൂഹ്യപരിഷ്കർത്താക്കൾ സഞ്ചാരസ്വാതന്ത്ര്യസമരത്തെ അനുകൂലിച്ചു കൊണ്ട് ലേഖനങ്ങൾ എഴുതി പ്രസിദ്ധീകരിച്ചു. സത്യാഗ്രഹസമരത്തിൽ ബാരിസ്റ്റർ ജോർജ് ജോസഫിനെപ്പോലുള്ള ക്രൈസ്തവ നേതാക്കളുടെ സാന്നിദ്ധ്യം മഹാത്മജിയിൽ അമർഷം ഉളവാക്കി. സത്യാഗ്രഹത്തിന്റെ ആരംഭം മുതൽ ഗാന്ധിജി സ്വീകരിച്ച നിലപാട് വിവാദപരമായി തീർന്നിരുന്നു. സത്യാഗ്രഹത്തിൽ പങ്കെടുത്ത ജോർജ് ജോസഫിനെ ശാസിച്ച് സമരത്തിൽ നിന്നും മാറ്റി നിർത്തി ഹിന്ദുക്കളുടെയിടയിലെ ഒരു പ്രശ്നമാണിതെന്നും അതു കൊണ്ട് ഹിന്ദുക്കൾ മാത്രം ഈ സമരത്തിൽ പങ്കെടുത്താൽ മതിയെന്നുമായിരുന്നു ഗാന്ധിജിയുടെ നിലപാട്. സത്യാഗ്രഹത്തിൽ പങ്കെടുത്തവരെക്കൊണ്ട് ഹിന്ദുസമുദായാംഗമാണെന്ന് പ്രതിജ്ഞ എടുപ്പിക്കണമെന്ന് ഗാന്ധിജി അഭിപ്രായപ്പെട്ടു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ അംഗീകാരത്തോടും തീരുമാനത്തോടും കൂടി നടത്തപ്പെട്ട ഈ പ്രക്ഷോഭണത്തിൽ എല്ലാ കോൺഗ്രസ്സുകാർക്കും പങ്കെടുക്കാൻ അവകാശമുണ്ടായിരുന്നു. അതിൽ നിന്നും ജാതിയുടെയും മതത്തിന്റെയും പേരിൽ ആരെയും പങ്കെടുപ്പിക്കാതിരിക്കുവാൻ സാധിക്കുമായിരുന്നില്ല. എന്നാൽ ഗാന്ധിജിയുടെ നിലപാട് വൈക്കം സത്യാഗ്രഹത്തെ വർഗീയവൽക്കരിക്കുകയാണ് ചെയ്തത്.

ഗാന്ധിജിയുടെ ശാസനയെത്തുടർന്ന് സത്യാഗ്രഹ സമരത്തിൽ നിന്നു പിന്മാറിയ ജോർജ് ജോസഫ് സമരത്തിന്റെ പിൻപിൽ നിന്ന് എല്ലാ പ്രോത്സാഹനങ്ങളും നൽകി. ലക്ഷ്യത്തിലെത്തിക്കുവാൻ സ്വയം ശൂന്യനാകാൻ അദ്ദേഹം തയ്യാറായിരുന്നു. അദ്ദേഹത്തിന്റെ ശ്രമഫലമായി രാജഗോപാലാചാരി, ദീനബന്ധു, സി.എഫ്. ആൻഡ്രൂസ്, ആചാര്യവിനോബാഭവെ തുടങ്ങിയവരെ വൈക്കത്ത് കൊണ്ടുവന്ന് ഈ പ്രശ്നം ഒരു അഖിലേന്ത്യാ പ്രശ്ന

www.malankaralibrary.com

മായി വളർത്തിയെടുക്കുകയും അഖിലേന്ത്യാ ശ്രദ്ധയാകർഷിക്കുന്നതിന് ഇട നൽകുകയും ചെയ്തു. പഞ്ചാബിൽ നിന്നും സർദാർ ലാബ്സിംഗിന്റെ നേതൃത്വത്തിൽ 15 സിക്കുകാരുടെ ഒരു പ്രതിനിധി സംഘത്തെ വൈക്കത്തെ ത്തിക്കുവാൻ വേണ്ട അണിയറ പ്രവർത്തനങ്ങൾ നടത്തിയത് ബാരിസ്റ്റർ ജോർജു ജോസഫും , സർദാർ കെ.എം. പണിക്കരും, ടി.കെ. മാധവനുമാ യിരുന്നു. ആവശ്യത്തിനു പണവുമായിട്ടാണ് അകാലികൾ വൈക്കത്തുവ ന്നത്. പ്രതിദിനം ആയിരംപേർക്ക് ഭക്ഷണം കൊടുക്കാനുള്ള ഒരു ഭക്ഷണ ശാല അകാലികൾ തുറന്നു.

തമിഴ്നാട്ടിലെ അന്നത്തെ കോൺഗ്രസ് നേതാവായിരുന്ന ഇ.വി. രാമ സ്വാമി നായ്ക്കരെ വൈക്കത്ത് കൊണ്ടുവന്ന് സമരനേതൃത്വം ഏല്പിച്ചതിന്റെ പിൻപിലും തന്ത്രശാലിയായ ജോർജ് ജോസഫ് ആയിരുന്നു പ്രവർത്തിച്ച ത്. കെ.പി. കേശവമേനോനെപ്പോലെയുള്ളവർ ഗാന്ധിജിയുടെ നിലപാടി നോട് വിയോജിപ്പുള്ളവരായിരുന്നുവെങ്കിലും അത് പ്രകടിപ്പിക്കുവാൻ സാധി ച്ചില്ല. എന്നാൽ അടിപതറാതെ സമരത്തിന്റെ മുന്നണിയിൽ നിന്ന് റ്റി.കെ.മാ ധവനും. ഇ.വി.രാമസ്വാമി നായ്ക്കരും നേതൃത്വം നൽകി. ഇതിന്റെയെല്ലാം പിൻപിൽ ബാരിസ്റ്റർ തന്നെയാണ് പ്രവർത്തിച്ചിരുന്നത്.

അകാലികളുടെയും, തമിഴ്നാട് നേതാക്കളുടെയും ആര്യസമാജം പ്രവർത്തകരുടെയും സാന്നിദ്ധ്യം ഗാന്ധിജി ഇഷ്ടപ്പെട്ടിരുന്നില്ല. അവരെ യെല്ലാം തിരിച്ചയയ്ക്കണമെന്ന നിലപാട് ആയിരുന്നു ഗാന്ധിജി സ്വീകരിച്ച ത്. ആര്യസമാജം പ്രവർത്തകനായിരുന്ന ശ്രദ്ധാനന്ദസ്വാമികൾ ഗാന്ധിജിയെ സവർണ്ണതീവ്രവാദി നേതാവ് എന്ന് വിശേഷിപ്പിച്ചു.

അകാലികളുടെയും മറ്റും സാന്നിദ്ധ്യം ഇവിടെയുണ്ടാകണമെന്നായി രുന്നു സത്യാഗ്രഹികളുടെ ആഗ്രഹം. അകാലികളേയും മറ്റും ഇവിടെ നിറു ത്തുന്നതിന് സമ്മതം വാങ്ങാൻ ടി.കെ.മാധവനും കുറൂർ നമ്പൂതിരിപ്പാടും കൂടി ബോംബെയിൽ ചെന്ന് ഗാന്ധിജിയെ സന്ദർശിച്ചു. ഗാന്ധിജി അതനു വദിച്ചില്ല. അങ്ങനെ കോൺഗ്രസിന്റെ കാക്കനാട സമ്മേളനതീരുമാനം കോൺഗ്രസ്സുകാർക്ക് വിജയിപ്പിക്കുവാൻ സാധിച്ചില്ല. സത്യാഗ്രഹത്തിൽ നിന്നും മതത്തിന്റെ പേരിൽ മനുഷ്യസ്നേഹികളായ ഒട്ടേറെപ്പേരെ മാറ്റി നിറു ത്തിയത് ഒരിക്കലും അംഗീകരിക്കാവുന്നതല്ല. വൈക്കത്തു നിന്നും തിരികെ പോയ ഇ.വി.രാമസ്വാമി നായ്ക്കർ കോൺഗ്രസിന്റെ പ്രാഥമികാംഗത്വം പോലും രാജിവച്ചു. അകാലിദൾ കോൺഗ്രസിൽ നിന്നും അകലുവാനും ഇത് ഇടയാക്കി.

കോൺഗ്രസ്സിനുള്ളിൽ വളർന്നുവന്ന ജാതി മനോഭാവം കണ്ട് മനം മടുത്ത് ബാരിസ്റ്റർ ജോർജ് ജോസഫ് കോൺഗ്രസ്സിൽ നിന്നും രാജിവച്ചു. താൻ സർവ്വാധിപതിയായാൽ വിദേശ മിഷനിമാരെ ഇന്ത്യയിൽ നിന്നും തുരത്തും എന്നർത്ഥം വരത്തക്കവിധം ഗാന്ധിജി പ്രഖ്യാപിച്ചത് ഇക്കാല ഘട്ടത്തിലായിരുന്നു. ഗാന്ധിജിയുടെ ഈ അഭിപ്രായത്തെ ഖണ്ഡിച്ചു കൊണ്ട്

www.malankaralibrary.com

ജോർജ് ജോസഫ് ലേഖനം എഴുതി. ഗാന്ധിജിക്ക് ഹിന്ദുക്കളുടെ രക്ഷയാണ് സർവ്വപ്രധാന താല്പര്യമെന്ന് അദ്ദേഹം സമർത്ഥിച്ചു.

ഗാന്ധിജി വൈക്കം സത്യാഗ്രഹത്തിൽ നിന്നും പിന്തിരിപ്പിച്ചിട്ടും അതിന്റെ പിൻപിൽ നിന്ന് ശക്തി പകർന്നു കൊടുത്ത ബാരിസ്റ്റർ ജോർജ് ജോസഫിന്റെ സേവനങ്ങൾ ശരിക്കും വിലയിരുത്തപ്പെട്ടില്ല. വൈക്കം സത്യാഗ്രഹത്തിന്റെ പ്ലാറ്റിനം ജൂബിലി വർഷമായിരുന്നു 1999. മുൻപൊരിക്കലും ഉണ്ടാകാത്തവിധത്തിലാണ് ഈ വർഷം ജൂബിലി ആഘോഷിച്ചത്. എല്ലാ രാഷ്ട്രീയ സംഘടനകളും പ്രത്യേകം പ്രത്യേകം ജൂബിലിയാഘോഷിക്കുകയാണ് ചെയ്തത്. ജൂബിലിയാഘോഷം രാഷ്ട്രീയവൽക്കരിച്ചപ്പോൾ വൈയ്ക്കം സത്യാഗ്രഹത്തിന്റെ പ്ലാറ്റിനം ജൂബിലി വൈയ്ക്കത്ത് ജോർജ് ജോസഫ് നഗറിൽ വച്ചു കത്തോലിക്കാ കോൺഗ്രസ്സിന്റെ പേരിൽ ഈ ലേഖകൻ ആഘോഷിക്കുകയും ജോർജ് ജോസഫിന്റെ സേവനങ്ങളെ പൊതുജന ശ്രദ്ധയിൽ കൊണ്ടുവരുവാൻ എളിയ ശ്രമം നടത്തുകയും ചെയ്തു.

ജോർജ്ജ് ജോസഫ് ജനിച്ച കാലത്തെ സാമൂഹ്യ പശ്ചാത്തലത്തെപ്പറ്റി വിശദമായി നാലാം അദ്ധ്യായത്തിൽ ചേർത്തിട്ടുണ്ട്. കേരളത്തിൽ നിലനിന്ന ജാതിവ്യവസ്ഥയുടെ ദൂഷ്യഫലങ്ങൾ കണ്ടും കേട്ടുമാണ് കഥാനായകൻ വളർന്നത്. ആ സാമൂഹ്യ അനീതി ഇല്ലാതാക്കാനുള്ള ശ്രമത്തിൽ അദ്ദേഹവും പങ്കെടുത്തു.

ജോർജ്ജ് ജോസഫ് ജനിച്ചത് തിരുവിതാംകൂറിലാണെങ്കിലും അദ്ദേഹത്തിന്റെ പ്രധാനപ്രവർത്തനരംഗം പഴയ മദ്രാസ് പ്രവിശ്യയിലായിരുന്നു. പ്രധാനമായും മധുരയിൽ. ദേശീയപ്രസ്ഥാനത്തിന്റെ മുൻ നിരയിൽ നിന്ന് 1921-24 കാലഘട്ടത്തിൽ അദ്ദേഹം പ്രവർത്തിച്ചു. സബർമതി അലഹബാദ് എന്നിവിടങ്ങളിൽ താമസിച്ച് അദ്ദേഹം ദേശീയരംഗത്ത് സ്വന്തമായ ഒരു വ്യക്തിമുദ്ര പതിപ്പിക്കുകയുണ്ടായി. അലഹബാദ് ജില്ലാ ജയിലിലും അദ്ദേഹം അടയ്ക്കപ്പെട്ടിരുന്നു.

മദ്രാസ് പ്രവശ്യയാണ് തന്റെ പ്രധാന പ്രവർത്തനരംഗമെങ്കിലും തിരുവിതാംകൂർ കൊച്ചി ബ്രിട്ടീഷ് മലബാർ എന്നീ പ്രദേശങ്ങളിലെ സംഭവങ്ങളിൽ പ്രത്യേകം താല്പര്യമെടുത്തിരുന്നു. 1920കളുടെ ആരംഭത്തിൽ മലബാറിൽ നടത്തിയ കേരളാ സ്റ്റേറ്റ് കോൺഫറൻസിന്റെ ഒരു യോഗത്തിൽ അദ്ദേഹം അദ്ധ്യക്ഷ്യം വഹിച്ചു.

വൈക്കത്തിന്റെ വളർച്ച മഹാദേവക്ഷേത്രവുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. ക്ഷേത്രം ചതുരാകൃതിയിലുള്ള ഭിത്തിക്കുള്ളിൽ സ്ഥിതി ചെയ്യുന്നു. ഈ ഭിത്തിയ്ക്കു വെളിയിലൂടെ പോകുന്ന റോഡിലൂടെയായി

www.malankaralibrary.com

രുന്നു ക്ഷേത്രത്തിൽ നിന്നുള്ള പ്രദക്ഷിണങ്ങളും മറ്റു ചടങ്ങുകളും നടത്തിയിരുന്നത്. ഈ വഴികൾ എല്ലാം പൊതുവഴികൾ ആയിരുന്നുവെങ്കിലും താഴ്ന്ന ജാതിക്കാർ എന്നു മുദ്രയടിച്ചിരുന്ന ജനങ്ങൾക്ക് ആ പൊതുവഴി ഉപയോഗിക്കുവാൻ അവകാശമുണ്ടായിരുന്നില്ല. അവർ അയിത്തപ്പാട് അകലെ നില്ക്കണമായിരുന്നു. ഈ Pollution point കൾ യഥാർത്ഥ റോഡ് എത്തുന്നതിന് മുൻപ് തന്നെ ആയിരുന്നു. അതായത് റോഡുകളിലേക്കുള്ള വഴികളുടെ തുടക്കത്തിൽ തന്നെ. എല്ലാ ജാതിക്കാർക്കും ക്ഷേത്രപ്രവേശനമെന്ന ആശയം സ്വപ്നത്തിൽപ്പോലും കാണാതിരുന്ന കാലഘട്ടത്തിൽ സമൂഹത്തിലെ വളരെയധികം ആളുകൾക്കും പൊതുറോഡുകൾ ഉപയോഗിക്കാൻ അവകാശമുണ്ടായിരുന്നില്ല. ജാതി ചിന്ത അത്രമാത്രം തിരുവിതാംകൂറിൽ നിലനിന്നിരുന്നു. ഇത് നാട്ടുകാരിൽ അമർഷവും ദേഷ്യവും വളർത്തിയിരുന്നു. ഈ രീതിയിൽ വഴി നടക്കുവാൻ സാധിക്കാത്തവരുടെ ഇടയിൽ അസംതൃപ്തി വളർന്നുകൊണ്ടിരുന്നു. ഈ വ്യവസ്ഥിതിയെ എതിർക്കുന്നവരും അന്ന് ധാരാളമുണ്ടായിരുന്നു. രാഷ്ട്രീയ സാമുഹിക നവോത്ഥാന പ്രസ്ഥാനങ്ങളുടെ ആശയഗതികളിൽ ആകൃഷ്ടരായ ജനങ്ങൾ, വഴി നടക്കുന്നതിനെ തടയുന്ന സംവിധാനത്തിനെതിരെ പോരാടാൻ തീരുമാനിച്ചു വൈക്കം സത്യാഗ്രഹമെന്ന ഈ നവോത്ഥാന പ്രസ്ഥാനത്തിൽ ആകൃഷ്ടരായ വോളന്റിയർമാരുടെ നിശ്ചയദാർഢ്യത്തിന്റെ ഫലമാണ് വൈയ്ക്കത്ത് ഒരു ജനമുന്നേറ്റമുണ്ടായത്. പാരമ്പര്യം അടിച്ചേൽപ്പിച്ച വികല സമ്പ്രദായത്തിന്റെ നിർമ്മതിയിൽപ്പെട്ട നിയമത്തേക്കാൾ രൂക്ഷതയുള്ളതും സമൂഹ അംഗീകാരം നേടിയതുമായ ഈ സമ്പ്രദായത്തിന്റെ ഫലമായി അധഃസ്ഥിതർക്ക് റോഡ് ഉപയോഗിക്കുവാൻ അവകാശമുണ്ടായിരുന്നില്ല. ഈ വ്യവസ്ഥിതിയെ എതിർക്കുവാൻ ഉയർന്ന ജാതിയിൽപ്പെട്ടവരും തയ്യാറായി മുന്നോട്ടു വന്നത് നല്ല ഒരു അനുഭവമായിരുന്നു. കുറൂർ നമ്പൂതിരിപ്പാട്, മന്നത്ത് പത്മനാഭൻ, ഇ.വി. രാമസ്വാമി നായ്ക്കർ എന്നിവരുടെ ഈ കാലഘട്ടത്തിലെ നേതൃത്വം മറക്കാനാവാത്തതാണ്. അവരുടെയിടയിൽ നിന്ന് ഉയർന്നുവന്ന ടി.കെ. മാധവൻ ഒരു വിരേതിഹാസമാണ് രചിച്ചത്.

ബാരിസ്റ്റർ ജോർജ്ജ് ജോസഫ് വൈക്കത്തെത്തുന്നതിന് മുൻപുതന്നെ പ്രഗത്ഭരും തന്റേടികളുമായിരുന്ന സജീവപ്രവർത്തകരെ മുഴുവൻ പോലീസ് അറസ്റ്റ് ചെയ്തിരുന്നു. ഇവർ ആരംഭിച്ച അധഃസ്ഥിതരുടെ നീതിക്കു വേണ്ടിയുള്ള പോരാട്ടത്തിൽ വഹിച്ച പങ്ക് അവിസ്മരണീയമാണ്.

www.malankaralibrary.com

# 15. മുൻസിപ്പൽ തിരഞ്ഞെടുപ്പിൽ പരാജയം

1927-ൽ മദ്രാസിൽവച്ചു നടന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് സമ്മേളനത്തിൽ ജോർജ്ജ് ജോസഫ് പങ്കെടുത്തു. ബ്രിട്ടനിലെ ലേബർ പാർട്ടിയുടെ നേതാവും ഇന്ത്യയുടെ സുഹൃത്തുമായിരുന്ന ഫെന്നർ ബ്രോക്ക് വേയ് (Flenner Brock Way)മൊത്ത് ഈ സമ്മേളനത്തിലേക്ക് യാത്ര ചെയ്ത സമയം ജോസഫിന്റെ കാർ ഒരു വലിയ അപകടത്തിൽപ്പെട്ടു. അദ്ദേഹത്തിന്റെ ഇന്ത്യാ സന്ദർശനസമയത്തിൽ കൂടുതൽ സമയവും ആശുപത്രിയിൽ കഴിയേണ്ടി വന്നു. പി. വരദരാജുലുമായി ജോസഫിന്റെ സൗഹൃദം പുതുക്കുന്നതിനും പഴയകാലത്ത് മധുരയിലെ മീൻതൊഴിലാളികളെ സംഘടിപ്പിക്കുന്നതിന് വേണ്ടി എടുത്ത ധീരമായ നേതൃത്വത്തെപ്പറ്റിയും എല്ലാം ജോർജ്ജുജോസഫും വരദരാജലും തമ്മിൽ സംസാരിച്ച് ഓർമ്മകൾ പുതുക്കി.

സൈമൻ കമ്മീഷൻ മധുര സന്ദർശിച്ചപ്പോൾ അവരുടെ പരിപാടികൾ ബഹിഷ്കരിക്കുന്നതിന് വളരെ ധീരമായ നേതൃത്വം ജോർജ്ജ് ജോസഫ് നല്കുകയുണ്ടായി. അന്നവിടെ ഹർത്താൽ പൂർണ്ണമായി വിജയിപ്പിക്കുന്നതിലും ജോർജ്ജ് ജോസഫ് വിജയം വരിച്ചു.

ജോർജ്ജ് ജോസഫിന് വളരെയധികം വേദനയുണ്ടാക്കിയ ഒരു സംഭവമായിരുന്നു മധുര മുൻസിപ്പാലിറ്റിയിലേക്ക് നടന്ന തിരഞ്ഞെടുപ്പ്. ജോർജ്ജ് ജോസഫ് കോൺഗ്രസ്സിന്റെ സ്ഥാനാർത്ഥിയായി നിന്നു മത്സരിച്ചു താൻ തിരഞ്ഞെടുക്കപ്പെടുമെന്ന ആത്മവിശ്വാസവും അദ്ദേഹത്തിനുണ്ടായിരുന്നു. മധുരയിൽ അന്ന് കോൺഗ്രസ്സ് ശക്തവുമായിരുന്നു. അക്കാരണത്താൽ ജോർജ്ജ് ജോസഫിന്റെ വിജയം സുനിശ്ചിതമാണെന്ന് എല്ലാവരും കരുതി. എന്നാൽ വോട്ട് എണ്ണിക്കഴിഞ്ഞപ്പോൾ ഫലം മറിച്ചായിരുന്നു. ജാതീയമായ വേർതിരിവ് രാഷ്ട്രീയമായ വിധേയത്വത്തെക്കാൾ കൂടുതലായിരുന്നുവെന്ന് തിരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ വ്യക്തമായി. അന്ന് ആ മണ്ഡലത്തിൽ ബ്രാഹ്മണർ ധാരാളമുണ്ടായിരുന്നു. അവർ എല്ലാവരും തന്നെ കോൺഗ്രസ്സുകാരുമായിരുന്നു. എന്നാൽ ആ തിരഞ്ഞെടുപ്പിൽ ജാതിചിന്ത വർദ്ധിച്ചു. ജോർജ്ജ് ജോസഫിന്റെ എതിരാളിയായ ബ്രാഹ്മണന് കോൺഗ്രസ്സുകാരായ ബ്രാഹ്മണർ വോട്ടുചെയ്തു. ദേശീയവാദിയായ ജോർജ്ജ് ജോസഫിനെ ജാതിചിന്തകൊണ്ട് കോൺഗ്രസ്സുകാർതന്നെ

www.malankaralibrary.com

തോല്പിച്ചത് അദ്ദേഹത്തെ വേദനിപ്പിച്ചു. തന്റെ ദേശീയ ചിന്ത മനസ്സിലാക്കാതെ ജാതിചിന്ത മധുരയിലെ ജനങ്ങളെ നയിച്ചതിൽ അദ്ദേഹം ദുഃഖിതനായിരുന്നു. മധുരയിലുള്ള ജീവിതം മുഷിപ്പായി തോന്നിയതുകൊണ്ടും തന്റെ വക്കീൽ പണിക്ക് കൂടുതൽ സാദ്ധ്യതകൾ കണ്ടും അദ്ദേഹം മദ്രാസിലേക്ക് താമസം മാറ്റി.

മദ്രാസിലെ താമസകാലം സാമ്പത്തികമായും തൊഴിൽപരമായും വളരെ മോശമായിരുന്നു. എന്നാൽ ധാരാളം വായിക്കുവാനുള്ള സമയം ലഭിച്ചു. വായിച്ചു മനസ്സിലാക്കുവാൻ പ്രയാസമുള്ള തത്വശാസ്ത്രപരമായ പുസ്തകങ്ങൾ തൊട്ട് കുറ്റാന്വേഷണകഥകൾവരെ അദ്ദേഹം വായിച്ചുകൊണ്ടിരുന്നു. ലിറ്ററി സൊസൈറ്റിയിലും കൊണ്ണേമാരാ പബ്ലിക് ലൈബ്രറിയിലും ജോസഫിന്റെ സാന്നിദ്ധ്യം എപ്പോഴും കണ്ടിരുന്നു. അദ്ദേഹം ധാരാളം ആൾക്കാരെ കണ്ടുമുട്ടി. നേതാക്കന്മാരെ മാത്രമല്ല, വിശാലവീക്ഷണമുള്ളവരെയും. മദ്രാസിലെ ജീവിതകാലത്ത് സമ്പാദ്യം മുഴുവൻ തീരുകയും ധാരാളം കടം വന്നുചേരുകയും ചെയ്തു. ഇക്കാരണത്താൽ ജോർജ്ജ് ജോസഫ് വീണ്ടും മധുരക്കുപോയി.

ഈ കാലത്ത് സ്വാതന്ത്ര്യസമരം നിർണ്ണായകമായ കാലഘട്ടത്തിലൂടെ കടന്നു പോവുകയായിരുന്നു. ഗാന്ധിജിയുടെ നേതൃത്വത്തിൽ വിദേശ സാധനങ്ങൾ ഉള്ള കടകളുടെ മുൻപിൽ പിക്കറ്റിംഗ് നടത്തിക്കൊണ്ടിരുന്നു. അതിനുശേഷം ഉപ്പുസത്യാഗ്രഹം ദണ്ഡിമാർച്ച് മുതലായവ നടന്നു. ഈ രണ്ട് സമരപരിപാടികളിൽ നിന്നും ജോർജ്ജ് ജോസഫ് വിട്ടുനിന്നു. കോൺഗ്രസ്സിന്റെ ഈ പരിപാടികൾ രാജ്യത്തെ ഒരിടത്തും കൊണ്ടുപോയി എത്തിക്കുകയില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. അക്രമത്തെ ചെറുക്കാതിരിക്കുന്നത് മനുഷ്യന്റെ അന്തസ്സിനെ തന്നെ അപമാനിക്കലാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. വളരെ യുക്തിപൂർവ്വം അദ്ദേഹം എഴുതിയ ലേഖനത്തിൽ The Limitation of Non Violence-ൽ സ്വയരക്ഷാർത്ഥം പ്രതിരോധിക്കണമെന്ന് അദ്ദേഹം വാദിച്ചു. പ്രത്യേകിച്ചും തന്നെ മാത്രം ആശ്രയിച്ച് ജീവിയ്ക്കുന്നവർക്കുവേണ്ടി പ്രത്യേകിച്ചും സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി പ്രതിരോധം ഏർപ്പെടുത്തണമെന്ന് അദ്ദേഹം പറഞ്ഞു. എന്നാൽ ഗാന്ധിജി വിഭാവനം ചെയ്ത അഹിംസാ സിദ്ധാന്തത്തിന് ഉള്ള സാദ്ധ്യതകൾ ഗാന്ധിജി തന്നെ വ്യവസ്ഥ ചെയ്തിരുന്നു. അഹിംസാ സിദ്ധാന്തം ഒരു ധീരന്റെ പ്രവർത്തിയാണ് ഒരു ഭീരുവിന്റേതല്ലായെന്ന് ഗാന്ധിജി വിശദീകരിച്ചു. എന്നാൽ ജോർജ്ജ് ജോസഫിന് ഈ വാദം ബോദ്ധ്യപ്പെട്ടില്ല. വളരെ വിശ്വാസജനകമായ രീതിയിൽ പുതിയതായ ഒരുതരം സന്മാർഗ്ഗം സമൂഹത്തിന്റെ മുൻപിൽ അവതരിപ്പിക്കുന്നതിന്റെ പ്രത്യാഘാതത്തെപ്പറ്റി ജോർജ്ജ് ജോസഫ് കൃത്യമായി ചൂണ്ടിക്കാണിക്കുകയുണ്ടായി. ഭീരുവും ധീരനും തമ്മിലുള്ള

www.malankaralibrary.com

അന്തരം വളരെ ലോലമാണെന്നും, ഭീരുവും ധീരനായി ജനമദ്ധ്യത്തിൽ അവതരിപ്പിക്കുന്ന അവസ്ഥ, ജനങ്ങളുടെ കയ്യടി നേടുക എന്ന ലക്ഷ്യത്തോടെയാണെങ്കിൽ അത് അപകടകരമാണെന്നും ജോർജ്ജ് ജോസഫ് പറഞ്ഞു. വിശുദ്ധമായ അഹിംസാ സിദ്ധാന്തത്തിനുവേണ്ടിയെന്ന് പറഞ്ഞു നടത്തുമ്പോൾ അത് മറ്റൊരു സംസ്കാരം വളർത്തുകയായിരിക്കും ചെയ്യുകയെന്നും ജോർജ്ജ് ജോസഫ് പറഞ്ഞു.

മഹാത്മജിയും ജോസഫും തമ്മിലുള്ള വ്യക്തിബന്ധങ്ങൾ ഊഷ്മളവും തീക്ഷ്ണവുമായിരുന്നുവെങ്കിലും ജോർജ്ജ് ജോസഫ് ഗാന്ധിജിയുടെയും കോൺഗ്രസ്സിന്റെയും പരിപാടികളെയും നടപടികളെയും പരസ്യമായി വിമർശിച്ച് മുന്നോട്ടുപോയി. സ്വാതന്ത്ര്യം നേടുകയെന്ന ലക്ഷ്യം ഗാന്ധിജിയുടെയും കോൺഗ്രസ്സിന്റെയും പരിപാടിയിലൂടെ നടക്കുകയില്ലെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. നേതാജി സുഭാഷ്ചന്ദ്രബോസും ഇതേ അഭിപ്രായം തുറന്നു പറഞ്ഞിട്ടുണ്ടല്ലോ. അക്കാലത്തെ പത്രക്കുറിപ്പുകളിലും പത്രാധിപർക്കുള്ള കത്തുകളിലൂടെയും ഈ കാര്യങ്ങൾ വ്യക്തമാക്കുകയും ചെയ്തു.

1933-ൽ ഗാന്ധിജി അദ്ദേഹത്തിന്റെ ചരിത്രപരമായ സത്യാഗ്രഹം ആരംഭിച്ചു. അപ്പോൾ ജോർജ്ജ് ജോസഫ് വളരെ മ്ലാനവദനായി കാണപ്പെട്ടു. ആ അവസ്ഥ ജോർജ്ജ് ജോസഫിന്റെ എല്ലാ പ്രവർത്തനങ്ങളെയും ബാധിച്ചു. ഗാന്ധിജി ഈ സത്യാഗ്രഹം നടത്തിയത് താഴ്ന്ന വർഗ്ഗക്കാർക്ക് പ്രത്യേക സംവരണം ഏർപ്പെടുത്തിയതിനെതിരായിട്ടായിരുന്നു. ഈ സന്ദർഭത്തിൽ ജോർജ്ജ് ജോസഫ് ഗാന്ധിജിക്കെഴുതി "ആത്മഹത്യ പാപമാണ്. ഗാന്ധിജിക്ക് ഒരു ആത്മീയ പുരോഹിതന്റെ നേതൃത്വം ആവശ്യമാണ്. അങ്ങയുടെ മനസ്സാക്ഷി അങ്ങയെ തെറ്റിദ്ധരിപ്പിച്ചിട്ടുണ്ടാകാം. ഗാന്ധിജി യർവാദാ ജയിലിൽ കിടന്നുകൊണ്ട് ദീർഘമായ ഒരെഴുത്ത് എഴുതി. "ബലിയർപ്പണവും ആത്മഹത്യയും വേർതിരിച്ചുകൊണ്ട് എഴുതിയ കത്തിൽ ഗാന്ധിജി എഴുതി തന്റേത് ആത്മഹത്യ അല്ല; ഒരു ആത്മീയ പുരോഹിതന്റെ കാര്യത്തിൽ ഗാന്ധിജി എഴുതി, ആത്മീയ പുരോഹിതന് പാപം മായ്ക്കുവാനേ കഴിയൂ; പാപത്തെക്കുറിച്ച് ബോദ്ധ്യമില്ലെങ്കിൽ, ആത്മീയ പുരോഹിതന് യാതൊരു പങ്കും വഹിയ്ക്കുവാനില്ല. മാർഗ്ഗനിർദ്ദേശമോ പാപമോചനമോ ഒന്നും ചെയ്യുവാൻ കഴിയുകയില്ല. ഹിന്ദുശാസ്ത്ര വിധിപ്രകാരം ഗാന്ധിജി ഒരു ഗുരുവിനെയും കണ്ടിട്ടില്ല. ശിഷ്യഗണങ്ങളുടെ ആത്മീയമായ പാപങ്ങൾ ഏറ്റെടുക്കുവാൻ പറ്റിയ ഒരാളെ. യഥാർത്ഥ വസ്തുത ഇതായിരിക്കേ അദ്ദേഹത്തിന് മാർഗ്ഗനിർദ്ദേശം നല്കുവാൻ അദ്ദേഹത്തിന്റെ തന്നെ ഉൾവെളിച്ചം മാത്രമേ ആശ്രയിക്കുവാനുള്ളു. 1938-ൽ ജോർജ്ജ് ജോസഫ് മരിച്ചപ്പോൾ യാതൊരുവിധ അനുശോചനവും

www.malankaralibrary.com

അദ്ദേഹത്തിന്റെ ഭാര്യയ്ക്ക് അയച്ചുകൊടുത്തില്ല. എന്നാൽ ഒരു ടെലഗ്രാമിൽ 'courage' ധൈര്യമായിരിക്കണം എന്നു മാത്രമെഴുതി.

1936–38 കാലഘട്ടത്തിൽ ജോർജ്ജ് ജോസഫ് ദേശീയ നേതാക്കളുമായി വളരെ അടുത്ത് ബന്ധപ്പെട്ടിരുന്നു. നെഹ്റുവിന് അയച്ച കത്തുകളും നെഹ്റുവിൽ നിന്ന് ലഭിച്ചതുമായ കത്തുകളുടെയും ടെലിഗ്രാമുകളെയുംപറ്റിയുള്ള വിവരണങ്ങളും സർദാർവല്ലഭായി പട്ടേൽ, സത്യമൂർത്തി, സി. രാജഗോപാലാചാരി എന്നിവരുമായി നടത്തിയ യോഗങ്ങൾ എന്നിവയെ സംബന്ധിച്ച വിവരങ്ങൾ അദ്ദേഹത്തിന്റെ ഡയറിയിൽ കുറിച്ചിട്ടുണ്ട്. ജോർജ്ജ് ജോസഫിനെ ആൾ ഇന്ത്യാ കമ്മറ്റിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. നിരവധി ജില്ലാ കോൺഗ്രസ്സുയോഗങ്ങളിലും അദ്ധ്യക്ഷനായിരുന്നിട്ടുണ്ട്.

Letter from Mahatma Gandhi
Written from Yeravda Central Prison

Yeravda Central Prison,
13th January 1933

My dear Joseph,

You can better imaging than I can describe my joy at receiving your letter, and especially your letter to Pyarelal. I shall try to have your letter delivered to him. But let me say tow things in connection with that letter.

My fast was not a fast unto death in its literal sense. The Roman Catholic priest, who is a visitor to this prison, knows me, and when I was on the eve of taking that fast, he came over to me in his kindly manner just to say one word, and he said how he drew the distinction between a suicide and a sacrifice. A suicide carried with it a certainty of destruction. A sacrifice meant risking life; the greater the risk, the greater the sacrifice. But there should be nothing beyond risk. I had no hesitation in agreeing with the distinction, and my fast being conditional, was not a fast amounting to suicide, but it was a fast involving the greatest risk, but still a risk and no more.

You will be interested to know that some of my Roman Catholic friends have detected no flaw in that fast. Of course, in Hinduism some few extreme cases there are in which ending of life is peremptory, but these I need not consider at present. There is general agreement between Hinduism and other faiths that suicide is a sin.

www.malankaralibrary.com

Now, about the Inner Voice, Here again I can agree with you whole-heartedly when you say that the voice of God can never counsel or countenance sin. Encouragement to sin can only come from the devil. But the real difficulty comes in when the question of sin itself is debateable. Those who would consider a particular act to be sinful will naturally reject the claim that it was prompted by God. Hence it was that in answer to a question I said that whilst in self-defence and for the sake of truth which I worship I was bound to say what I believed, my claim was not to be accepted as part of argument in determining relevant questions. The opponents were found to rule that claim as wholly beside the point. Whether the claim for the Voice of God was well or ill made in a particular case can only be decided after the claimant's death, and in some extraordinary cases it may even then be difficult. Apart from the danger or hypocrisy there is the still greater danger of self-deception to which mankind is prone, and it is possible for self-deceived people to attain great things and yet their claim that the voice of God was behind their act might be wholly wrong. These are final difficulties which will remain to the end of time, but if the truth is to make any progress, then self deluded people must also be allowed full play

Finally comes the question of confession. You may not know that I have some very valued Roman Catholic friends also. I am in the habit of picking up knowledge more from personal contact than from printed texts. These friends have not yet been able to clearly define the function of Confession and the Confessor. For instance, what is one to confess who has no consciousness of guilt, and when there is I can understand a confessor granting absolution, but can he also guide the future acts of the penitent? In the place of the Confessor Hinduism has the Guru. I have all my life striven to find one both to whom I can shift all my burdens and roam about merely doing his will. But then such implicit limit less obedience is not a mechanical act, and having got the spirit of obedience instinctively within me I would be satisfied by nothing less than tendering complete obedience. But it seems to me that it is not given to all to find the true Guru in this short span of life. But it is given to all to make that diligent search, and it may be that very search is its own reward, and that it keeps him in possession of peace and joy everlasting. Anyway, you will accept my testimony that ceaseless search

www.malankaralibrary.com

has not only given me such joy and peace, but has protected me from conscious error.

I thank you for copying for me that extract from 'Imitation of Christ'. I read that book in one single sitting, I think, in the year 1905 or 1906, and a friend, only a few months ago, sent me another copy.

With our love to all of you,

Yours sincerely,

George Joseph, Esq., M.A.
Barrister-at-law
"Hill View"
Madura

ഈ സന്ദർഭത്തിൽ ജോർജ്ജ് ജോസഫിന്റെ വ്യക്തി ജീവിതത്തിൽ പല മാറ്റങ്ങളും സംഭവിച്ചു. ആർച്ച് ബിഷപ്പ് മാർ ഇവാനിയോസ് 1930 സെപ്റ്റംബർ 20-ാം തീയതി കത്തോലിക്കാസഭയിൽ ചേർന്നു. 1930 നവംബർ 7-ന് മാർ ഇവാനിയോസിന്റെ കാലടികളെ പിന്തുടർന്ന് ജോർജ്ജ് ജോസഫും കത്തോലിക്കാസഭയെ ആശ്ലേഷിച്ചു. ഭാരതം എപ്പോഴെങ്കിലും സ്വാതന്ത്ര്യം നേടിയാൽ ഇവിടെ ക്രിസ്ത്യാനികൾ വളരെയധികം പ്രയാസങ്ങൾ അനുഭവിക്കേണ്ടിവരുമെന്നുള്ള ചിന്ത അദ്ദേഹത്തിൽ വലിയ സ്വാധീനം ചെലുത്തി. തിരുവിതാംകൂറിലെ കത്തോലിക്കർ അനുഭവിക്കേണ്ടി വന്നിട്ടുള്ള-ദുരിതങ്ങൾ മനസ്സിലാക്കിയതുകൊണ്ടായിരിക്കും ഇങ്ങനെയൊരു ചിന്തയിലേക്ക് അദ്ദേഹത്തെ നയിച്ചത്. തിരുവിതാംകൂറിലെ ക്രിസ്ത്യാനികൾക്ക് സർക്കാർ സർവ്വീസിലും ജനപ്രതിനിധിസഭകളിലും ന്യായമായ പ്രാതിനിദ്ധ്യം കിട്ടാൻ വേണ്ടി നടത്തിയിട്ടുള്ള പ്രക്ഷോഭണ ങ്ങൾക്ക് നേതൃത്വം നല്കുവാൻ വരെ അദ്ദേഹം തയ്യാറായിട്ടുണ്ട്. 1932-ലെ ചമ്പക്കുളത്തു ചേർന്ന കത്തോലിക്കാ കോൺഗ്രസ്സ് വാർഷിക സമ്മേളനത്തിൽ അദ്ദേഹം നടത്തിയ പ്രസംഗം സമുദായ പ്രശ്നങ്ങളെപ്പറ്റി അദ്ദേഹത്തിനുള്ള അറിവ് വ്യക്തമാക്കുന്നതായിരുന്നു.

രാമരാജ്യസ്ഥാപനത്തെപ്പറ്റിയുള്ള ഗാന്ധിജിയുടെ ലേഖനത്തെ അദ്ദേഹം ചോദ്യം ചെയ്തു. ജോർജ്ജ് ജോസഫ് ചോദിച്ചു What is this Ramraj? രാംരാജ് എന്നതുകൊണ്ട് വിവക്ഷിക്കുന്നത് എന്താണ്? ജോർജ്ജ് ജോസഫ് തന്നെ ഈ ചോദ്യത്തിന് ഉത്തരം പറയാൻ ശ്രമിച്ചു. "ചിലർ ഇതിനെ ഗാന്ധിരാജെന്നും മറ്റുചിലർ സ്വരാജ് എന്നും പറയുന്നു. യഥാർത്ഥത്തിൽ ഇത് ഹിന്ദുരാജ് ആകുന്നു. ഗാന്ധിജിയുടെ വാദങ്ങളെ എതിർത്തുകൊണ്ട് ജോർജ്ജ് ജോസഫ് എട്ടുലേഖനങ്ങൾ എഴുതി. അതിന്

www.malankaralibrary.com

മഹാത്മജി മറുപടി എഴുതിയില്ല. ജവഹർലാൽ നെഹ്റു ഉൾപ്പെടെയുള്ള നേതാക്കൾക്ക് രാമരാജ്യം പോലുള്ള പേരുകൾ ഇഷ്ടമല്ലായിരുന്നു. എന്തുകൊണ്ടെന്നാൽ രാമരാജ്യം എന്ന പദത്തിന് ഹൈന്ദവ ചുവ ഉണ്ടായിരുന്നു. ജോസഫിനെപ്പോലുള്ള വ്യക്തിത്വങ്ങൾക്ക് ഇത്തരത്തിലുള്ള ഭയം പ്രത്യേകിച്ച് സ്വന്തം ജീവിതത്തിൽവച്ച് അനുഭവിച്ചറിഞ്ഞ ജാതി മശക്തികളുടെ സ്വാധീനം അദ്ദേഹത്തെ ചെറുതോതിൽ സ്വാധീനിച്ചതിൽ വച്ച് അദ്ദേഹം സ്വസമുദായത്തെക്കരുതി കുറച്ചുവർഗ്ഗീയമായി ചിന്തിച്ചു. ജോർജ്ജ് ജോസഫ് ജസ്റ്റിസ് പാർട്ടിയിൽ അംഗമായി ചേർന്നിരുന്നു. അബ്രാഹ്മണരുടെ സംഘടനയായിരുന്നു ജസ്റ്റിസ് പാർട്ടി. ഈ പാർട്ടി എല്ലാ കാര്യങ്ങളിലും അധികാരികളോട് രമ്യതയിൽ പോകണം എന്ന് ശഠിച്ചു. ജോസഫ് ഒരു ദേശീയവാദിയായിരുന്നു. അതുകൊണ്ട് എല്ലാ കാര്യങ്ങളിലും ജസ്റ്റിസ് പാർട്ടിയുമായി ചേർന്നു പോകുവാൻ സാധിച്ചില്ല.

1933-36 കാലഘട്ടത്തിൽ കോൺഗ്രസ്സിൽ നിന്നും അകന്നിരുന്ന കാലഘട്ടത്തിൽപോലും അദ്ദേഹത്തെ കോൺഗ്രസ്സിലേക്ക് അടുപ്പിച്ചു കൊണ്ടിരുന്നു. ജോസഫിനും ഗാന്ധിജിയ്ക്കുമിടയിൽ അന്യോന്യമുണ്ടായിരുന്ന സ്നേഹവും ബഹുമാനവും അദ്ദേഹം അയച്ച കത്തുകളിൽക്കൂടി വെളിവാകുന്നതാണ്. ഒരിക്കൽ മഹാത്മജി ഒരു പോസ്റ്റ് കാർഡിൽ ജോർജ്ജ് ജോസഫിനെഴുതി "George Joseph why have you for saken me? Bapuji" (നീ എന്തുകൊണ്ട് എന്നെ കൈ വിട്ടു? ബാപുജി) എത്രയോ ഹൃദയാവർജ്ജകമായ കത്തായിരുന്നു അത്. ഒരു ചെറുവാചകത്തിൽ എഴുതിയ കത്തിന്റെ ആഴം എത്ര വലുതായിരുന്നു.

www.malankaralibrary.com

# 16. ജസ്റ്റിസ് പാർട്ടിയിൽ

ബ്രാഹ്മണരും അബ്രാഹ്മണരും തമ്മിലുള്ള ഭിന്നത ദീർഘകാലമായി ഇന്ത്യൻസമൂഹത്തിന്റെ സവിശേഷതകളിൽ ഒന്നാണ്. അവശരും അടിമകളും അവഗണിക്കപ്പെട്ടവരുമായ അവശദുർബല വിഭാഗങ്ങളെ ഏതു രാജ്യത്തും കണ്ടെത്താൻ സാധിക്കും എങ്കിലും ഈ പിന്നോക്കാവസ്ഥ ഒരു സ്ഥിരം പ്രതിഭാസമല്ല. കാലത്തിന്റെ തികവിൽ തങ്ങളുടെ സാമൂഹിക നിലവാരം മെച്ചപ്പെടുത്തുവാനും സമൂഹജീവിതത്തിന്റേതായ എല്ലാ കർമ്മരംഗങ്ങളിലും തങ്ങളുടേതായ പങ്കുവഹിക്കാനും അവർ പ്രാപ്തരായിത്തീർന്നു. അനേകായിരം വർഷങ്ങളായി അവശരും അസ്വതന്ത്രരും അടിമകളുമായി കഴിഞ്ഞുകൂടുന്ന ഒരേയൊരു സമൂഹം മാത്രമേ ഭൂമുഖത്തുള്ളു. അവരാണ് ഇന്ത്യയിലെ അവർണ്ണ ഹിന്ദുക്കൾ. അത്ഭുതമൊന്നും സംഭവിക്കുന്നില്ലെങ്കിൽ അവരുടെ പിന്നോക്കാവസ്ഥയ്ക്ക് ഒരു കാലത്തും അറുതിവരാൻ പോകുന്നില്ല. ഒരുവലിയ അളവുവരെ അനുഷ്ടാനപരമായ പതിവുകളാലും ആചാരങ്ങളാലും ഭരിക്കപ്പെടുന്ന ദക്ഷിണേന്ത്യയിലെ പരമ്പരാഗത സമൂഹത്തിൽ ബ്രാഹ്മണർ മതപരമായ ജീവിതത്തിന്റെയും സാമൂഹ്യബന്ധങ്ങളുടെയും മദ്ധ്യസ്ഥനോ വിധികർത്താവോ ആയിട്ടാണ് കരുതപ്പെടുന്നത്. ദേവഭാഷയായ സംസ്കൃതവും സംസ്കൃതത്തിൽ രചിക്കപ്പെട്ട മതഗ്രന്ഥങ്ങളും പഠിക്കാനുള്ള അവകാശവും ബ്രാഹ്മണർ തങ്ങളുടേത് മാത്രമായി കയ്യടക്കി വച്ചിരുന്നു.

നൂറ്റാണ്ടുകൾ നീണ്ടുനിന്ന നിരന്തരയുദ്ധങ്ങളിലൂടെ രാജ്യം മുഴുവൻ വെട്ടിപ്പിടിച്ച് ഇന്ത്യയിൽ ആധിപത്യമുറപ്പിച്ച ആര്യന്മാരുടെ ദൃഷ്ടിയിൽ തങ്ങൾ കീഴടക്കിയ സകലരും അവർണ്ണരും അപരിഷ്കൃതരുമായിരുന്നു. അതേസമയം സവർണ്ണരും ശ്രേഷ്ഠന്മാരുമാണ് തങ്ങളെന്ന് അവർ സ്വയം അവകാശപ്പെടുകയും ചെയ്തിരുന്നു. ആര്യൻ എന്ന പദത്തിന്റെ അർത്ഥം ശ്രേഷ്ഠൻ എന്നാണല്ലോ. അവർണ്ണർ കരുത്തും കഴിവും ആർജ്ജിച്ച് തങ്ങൾക്കെതിരായി അണിനിരക്കാനും തങ്ങളെ ഒരുകാലത്തും വെല്ലുവിളിക്കാനും ഇടയാകരുതെന്ന് ആര്യന്മാർക്ക് നിർബന്ധമുണ്ടായിരുന്നു. അതുകൊണ്ട് രാജഭരണവുമായി ബന്ധപ്പെട്ട യാതൊരു ജോലിയും അവർണ്ണർക്ക് നൽകിയിരുന്നില്ല. അവരെ വെറും ആശ്രിതരും ഭൃത്യന്മാരുമായി കണക്കാക്കി താഴ്ന്ന ജോലികൾ മാത്രമേ അവർക്ക് നല്കിയിരുന്നുള്ളു. അതുകൊണ്ടാണ് അവർണ്ണർക്ക് അധഃകൃതർ എന്ന പേരു ലഭിച്ചത്.

ഏതുജോലിയും ചെയ്യാനുള്ള സ്വാതന്ത്ര്യം അധഃകൃതർക്കുണ്ടായിരുന്നില്ല. അവരെ പലപല സമൂഹങ്ങളായി വേർതിരിച്ച് ഓരോ സമൂഹ

www.malankaralibrary.com

ത്തിനും പ്രത്യേകം ജോലികളാണ് നല്കിയിരുന്നത്. തങ്ങളെ ഏല്പിച്ച ജോലിയല്ലാതെ മറ്റൊരു ജോലിയും ചെയ്യാൻ അവർക്ക് സ്വാതന്ത്ര്യ മുണ്ടായിരുന്നില്ല. പിതാവ് ചെയ്തിരുന്ന ജോലി അവകാശക്രമത്തിന് പുത്ര പൗത്രാദികളും ഏറ്റെടുക്കേണ്ടതായി വന്നുകൂടി. അങ്ങനെയാണ് ഓരോ സമൂഹത്തിനും കുലത്തൊഴിലും കുലത്തൊഴിലിന്റെ അടിസ്ഥാനത്തിൽ ജാതികളുമുണ്ടായത്. ഹീനജാതിക്കാർ എന്നപേരിൽ അവർ അറിയപ്പെട്ടു. ഹീനജാതിക്കാരായ അവർണ്ണരുടെ ആചാരാനുഷ്ഠാനങ്ങളത്രയും നിർണ്ണ യിച്ചിരുന്നത് സവർണ്ണരാണ്. ഓരോ ജാതിക്കും പ്രത്യേകമായ ആചാരങ്ങൾ ഏർപ്പെടുത്തിയും അന്ധവിശ്വാസങ്ങൾ പ്രചരിപ്പിച്ചും ഒരു കാലത്തും ഐക്യപ്പെടുത്താനാവാത്തവിധം അവർണ്ണരെ തിരിച്ചു നിർത്താൻ സവർ ണ്ണർക്ക് കഴിഞ്ഞിരുന്നു. ഒപ്പംതന്നെ അവരെ അയിത്തക്കാർ-തൊട്ടു കൂടാത്തവർ ആയി കണക്കാക്കി പൊതുസമൂഹത്തിൽ നിന്ന് അകറ്റി നിർത്തുകയും ചെയ്തിരുന്നു. പൊതുവഴികളിലൂടെ സഞ്ചരിക്കാൻപോലും അവരെ അനുവദിച്ചിരുന്നില്ല.

അവർണ്ണർ സ്വന്തമായി വസ്തുവകകൾ സമ്പാദിക്കുന്നത് കുറ്റകര മാക്കിയിരിക്കുന്നു. മേലാളന്മാർ കനിഞ്ഞു നല്കിയിരുന്ന കൂലികൊണ്ട് കഴിഞ്ഞുകൊള്ളണമെന്നായിരുന്നു നിയമം അനുശാസിച്ചിരുന്നത്. അടിമകളും ദാസന്മാരുമായ അവർണ്ണർ വിദ്യയഭ്യസിക്കുന്നതിനും നിയമം അനുകൂലമായിരുന്നില്ല. സവർണ്ണനായ ശൂദ്രനെപ്പോലും വിദ്യയഭ്യ സിക്കുവാൻ അനുവദിച്ചിരുന്നില്ല. ശൂദ്രനും ദാസനാണത്രേ. ദാസനെന്തിന് വിദ്യ എന്നാണ് നിയമദാതാക്കൾക്ക് ചോദിക്കാനുണ്ടായിരുന്നത്. അഭ്യസ്ത വിദ്യനായ ശൂദ്രനെ സമൂഹത്തിൽനിന്നും പുറംതള്ളുകയെന്നതായിരുന്നു മനുവിന്റെ തത്വം.

നിയമങ്ങൾ നിർമ്മിച്ചിരുന്നതാകട്ടെ ഭൂമിയിലെ ദേവന്മാരും മതാചാ ര്യന്മാരുമായിരുന്ന ബ്രാഹ്മണരാണ്. പൂർണ്ണമായും മതനിയമങ്ങളായിരുന്നു അവ. പിന്നീട് അതെല്ലാം രാജ്യത്തിന്റെ നിയമങ്ങളാക്കികൂടി അംഗീകരിക്കു കയാണുണ്ടായത്. അതികർക്കശങ്ങളായിരുന്ന ഈ നിയമങ്ങളിൽ നിന്ന് അവർണ്ണരായ ആരെയും ഒഴിവാക്കപ്പെട്ടിരുന്നില്ല. ഭരണാധികാരികൾക്കു മാത്രമല്ല സവർണ്ണരായ ആർക്കും അവർണ്ണരെ ശിക്ഷിക്കാൻ അവകാശ മുണ്ടായിരുന്നു. നിസാരകുറ്റത്തിനു പോലും വധശിക്ഷ ഏർപ്പെടുത്തി യിരുന്നു. അവർണ്ണരെ കൊല്ലുന്നത് പാപമോ ഹീനകൃത്യമോ ആയി സവർണ്ണർ കണക്കാക്കിയിരുന്നില്ല. സവർണ്ണരിൽ നിന്നും അവർണ്ണർ അനുഭവിക്കേണ്ടി വന്ന പീഡനങ്ങൾ വാക്കുകൾകൊണ്ട് വർണ്ണിക്കാവതല്ല.

കേരളത്തിലും ഇന്ത്യയിലും കാണുന്ന ജാതിവ്യവസ്ഥയുടെ പൂർവ്വരൂപം ചാതുർവർണ്യമാണ്. ചാതുർവർണ്യത്തിന്റെ ആരംഭകാലത്ത് നാലുജാതികൾക്കേ സ്ഥാനമുണ്ടായിരുന്നുള്ളു. ബ്രാഹ്മണ ക്ഷത്രിയവൈശ്യ ജാതിക്കാർ ഭരണകർത്താക്കളും ശൂദ്രർ അവരുടെ സേവകപ്പരിഷകളു

www.malankaralibrary.com

മായിരുന്നു. വേദകാലങ്ങളിൽ ക്ഷയിച്ചുതുടങ്ങിയ ഗോത്രജീവിത സമ്പ്രദായം പാടെതകരുകയും സമൂഹത്തെ ഉള്ളവരും ഇല്ലാത്തവരുമായി വിഭജിക്കുന്ന ചാതുർവർണ്യ വ്യവസ്ഥ ക്രമേണ പ്രബലപ്പെടുകയും ചെയ്തു. ഈ പരിവർത്തനത്തിന് നേതൃത്വം നല്കിയത് സ്വാർത്ഥതൽപരരായ വൈദികന്മാരാണ്. ബുദ്ധഭഗവാൻ ചാതുർവർണ്യത്തെ മാത്രമല്ല വേദമാഹാത്മ്യത്തെയും വൈദികമേധാവിത്വത്തെയും നിഷേധിച്ചു. ബൗദ്ധികാദർശങ്ങളുടെ പ്രചാരത്തോടുകൂടി ഇന്ത്യ വരിച്ച വെദികമേധാവിത്വത്തെ ഉന്മൂലനം ചെയ്യാൻ ബുദ്ധമതത്തിന് കഴിഞ്ഞില്ല. ബുദ്ധമതത്തിന്റെ തകർച്ചയോടുകൂടി മനുസ്മൃതിയും ചാണക്യസൂത്രവും വീണ്ടും പ്രാബല്യത്തിൽ വന്നു. ചാതുർവർണ്ണ്യത്തിന്റെ ഉയർത്തെഴുന്നേൽപ്പ് ജാതിസമ്പ്രദായത്തിന് വഴിയൊരുക്കി. നാലുജാതികളുടെ സ്ഥാനത്ത് അനേകശതം ജാതികളുണ്ടായി. ഓരോജാതിയേയും പ്രത്യേകം പ്രത്യേകം കുറ്റികളിൽ വരിഞ്ഞുകെട്ടി. ഋഗ്വേദത്തിലെ പുരുഷസൂക്തമാണ് ചാതുർവർണ്യത്തിന് ആധാരമായി കണക്കാക്കിയിരിക്കുന്നത്. ബുദ്ധമത പ്രഭാവകാലത്ത് അയിത്തജാതിക്കാരിയായ മുക്കവത്തിയുടെ മകൻ വ്യാസനാൽ രചിക്കപ്പെട്ട ബ്രഹ്മസൂത്രത്തിൽ ചാതുർവർണ്യത്തെ അരക്കിട്ടുറപ്പിക്കുകയാണ്. ചാതുർവർണ്യത്തെ ന്യായീകരിക്കുന്ന വ്യാസന്റെ ബുദ്ധിക്കസർത്ത് മുക്കവത്തിയുടെ മകന്-വ്യാസന് ബ്രാഹ്മണ്യം നേടാവുന്ന സാഹചര്യം ഉണ്ടാക്കിക്കൊടുത്തിരിക്കാം.

എണ്ണപ്പെട്ട ഒരു തത്വചിന്തകൻ എന്ന നിലയിൽ ലോകമെങ്ങും അറിയപ്പെട്ടിരുന്ന ശങ്കരാചാര്യരാണ് ചാതുർവർണ്ണ വ്യവസ്ഥിതിയെ അംഗീകരിക്കാൻ പാടുപെട്ട മറ്റൊരു പ്രതിഭാശാലി. ശൂദ്രന് ഇഹത്തിലും പരത്തിലും രക്ഷയില്ലെന്ന് ശങ്കരാചാര്യൻ സമർത്ഥിച്ചത് മനുസ്മൃതിയുടെ പിൻബലത്തിലാണ്. ബ്രാഹ്മണരുടെയും മറ്റു ദ്വിജന്മാരുടെയും മേധാവിത്വം ഉറപ്പിക്കുന്നതിനും ശൂദ്രന്മാരെ മോചനമില്ലാത്ത അടിമകളാക്കി വയ്ക്കുന്നതിനും വേണ്ടി രചിക്കപ്പെട്ട മനുസ്മൃതിക്കു മുൻപിൽ ശങ്കരന്റെ തത്വചിന്ത കീഴടങ്ങുകയാണ് ചെയ്തത്.

ബ്രിട്ടീഷുകാരുടെ ഭരണകാലത്തും ബ്രാഹ്മണരും അബ്രാഹ്മണരുമായുള്ള അകലം വർദ്ധിച്ചുകൊണ്ടിരുന്നു. അവർ തമ്മിൽ യോജിക്കാതിരിക്കണം എന്ന ആഗ്രഹമായിരുന്നു ബ്രിട്ടീഷുകാർക്കുണ്ടായിരുന്നത്. പാണ്ഡിത്യത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും നീണ്ടപാരമ്പര്യമുള്ള ബ്രാഹ്മണർ കിട്ടാവുന്ന എല്ലാ സർക്കാർ ജോലികളും കരസ്ഥമാക്കി. അബ്രാഹ്മണർക്ക് ഈ വ്യവസ്ഥിതി സഹിക്കാവുന്നതായിരുന്നില്ല. വർദ്ധിച്ചുവന്ന ഈ ഭിന്നതയെ പ്രോത്സാഹിപ്പിക്കാനാണ് ബ്രിട്ടീഷുകാർ ശ്രമിച്ചത്. സ്വയംഭരണം എന്ന ആശയത്തിന് പ്രചരണം ലഭിച്ചപ്പോൾ സ്വയംഭരണം വന്നാലും ബ്രാഹ്മണാധിപത്യം നിലനിൽക്കുമെന്ന് അബ്രാഹ്മണർ വിശ്വസിച്ചു. ഈ സാഹചര്യത്തിലാണ് ജസ്റ്റിസ് പാർട്ടി രൂപീകരിക്കുന്നത്.

www.malankaralibrary.com

1916 നവംബർ 20-ന് നല്ല സ്വാധീനശക്തിയുള്ള മുപ്പതോളം അബ്രാഹ്മണർ മദ്രാസിൽ സമ്മേളിച്ച് സൗത്ത് ഇന്ത്യൻ പീപ്പിൾസ് അസോസിയേഷൻ എന്ന ഒരു സംഘടനയുണ്ടാക്കി. ആ സംഘടനയുടെ നേതൃത്വത്തിൽ ജസ്റ്റിസ് (നീതി) എന്ന പേരിൽ ഒരു പുതിയ പത്രം ആരംഭിച്ചു. ജസ്റ്റിസ് എന്ന പേര് അവരുടെ സംഘടനയ്ക്കും കൊടുത്തു.

അബ്രാഹ്മണ സംഘടനയായ ജസ്റ്റീസ് പാർട്ടിയിൽ അദ്ദേഹം അംഗമായി ചേർന്നു. എല്ലാ കാര്യങ്ങളിലും വഴക്കിനും യുദ്ധത്തിനുംപകരം അധികാരികളോട് രമ്യതയിൽ പോകണം എന്ന് അദ്ദേഹം ശഠിച്ചു. ജോസഫ് ഒരു ദേശീയവാദിയായിരുന്നു. അതുകൊണ്ട് എല്ലാ കാര്യങ്ങളിലും ജസ്റ്റിസ് പാർട്ടിയുമായി ചേർന്ന് പോകുവാൻ പറ്റിയില്ല.

1933-1936 കാലഘട്ടത്തിൽ അദ്ദേഹം കോൺഗ്രസ്സിൽ നിന്ന് വിട്ടുനിന്നപ്പോൾ പോലും അദ്ദേഹത്തെ സാഹചര്യം കോൺഗ്രസ്സിലേക്ക് അടുപ്പിച്ചുകൊണ്ടിരുന്നു. ജോസഫിനും ഗാന്ധിയ്ക്കുമിടയിൽ അന്യോന്യം ഉണ്ടായിരുന്ന ബന്ധം ഊഷ്മളമായിരുന്നു. ആൾ ഇന്ത്യാ കോൺഗ്രസ്സ് കമ്മിറ്റിയിലേക്ക് ജോർജ്ജ് ജോസഫിനെ തിരഞ്ഞെടുത്തു. നെഹ്റുവിനയച്ചതും നെഹ്റുവിൽ നിന്ന് ലഭിച്ചതുമായ കത്തുകൾ-അവയെപ്പറ്റിയുള്ള വിവരണങ്ങൾ-സർദാർവല്ലഭായി പട്ടേൽ സത്യമൂർത്തി, സി. രാജഗോപാലാചാരി എന്നിവരുമായി ഒന്നുചേർന്ന് നടത്തിയ യോഗങ്ങൾ, തുടങ്ങിയവയെപ്പറ്റിയെല്ലാം 1936-ലെ ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ജസ്റ്റിസ് പാർട്ടിയും പത്രവും ആനിബസന്റിനെതിരായ ഒരു പോരാട്ടം തന്നെയാണ് പിന്നീട് നടത്തിയത്. അധഃകൃത വിഭാഗങ്ങൾക്കും ന്യൂനപക്ഷങ്ങൾക്കും പ്രത്യേക പരിഗണന നൽകണമെന്ന അഭിപ്രായത്തെ ആനിബസന്റ് എതിർക്കുകയുണ്ടായി. അത് ബ്രാഹ്മണാധിപത്യം ഉറപ്പിക്കാനുള്ള ശ്രമത്തിന് പിന്തുണയായി. ന്യൂനപക്ഷങ്ങൾ വ്യാഖ്യാനിച്ചു. ജസ്റ്റിസ് പാർട്ടിയുടെ സ്ഥാപക നേതാക്കളിൽ ഒരാളായ റ്റി. എം. നായർ പറഞ്ഞത് ബസന്റിന്റെ ഹോം റൂൾ പരിപാടി ബ്രാഹ്മണർക്കുവേണ്ടിയുള്ളതാണ്. ഏതായാലും ആനിബസന്റിന്റെ ഉദ്ദേശശുദ്ധിയെ ജസ്റ്റിസ് പാർട്ടി സംശയത്തോടെയാണ് വീക്ഷിച്ചത്. ഈ സന്ദർഭത്തിൽ ഇന്ത്യയുടെ സ്റ്റേറ്റ് സെക്രട്ടറിയായിരുന്ന മോൺടേഗ് ബ്രിട്ടീഷ് പാർലമെന്റിൽ നടത്തിയ പ്രസ്താവന മദ്രാസിൽ നിലനിന്നിരുന്ന അഭിപ്രായ വ്യത്യാസങ്ങളെ ഒന്നുകൂടി വളർത്തുക എന്ന ലക്ഷ്യം വച്ചുകൊണ്ടുള്ളതായിരുന്നു. കോൺഗ്രസ്സും ഹോംറൂൾ ലീഗും ജസ്റ്റിസ് പാർട്ടിയും പ്രവശ്യയിലെ ജനസംഖ്യയുടെ ഭൂരിഭാഗത്തെയും പ്രതിനിധീകരിക്കാൻ കഴിയുന്നത് തങ്ങളാണെന്ന് അവകാശപ്പെട്ടു. ഈ പ്രഖ്യാപനം തങ്ങളുടെ താല്പര്യങ്ങൾക്ക് വലിയ ഒരു ഭീഷണിയായിട്ടാണ് മദ്രാസിലെ ഇംഗ്ലീഷുകാരും അവരുടെയിടയിലെ വർത്തക സമൂഹവും കണക്കാക്കിയത്. സ്വയംഭരണത്തിന് എതിരായുള്ള പ്രക്ഷോഭണത്തിന് ഒരുപൊതുവേദി സംഘടിപ്പിക്കുക എന്ന ഉദ്ദേശത്തോടെ

www.malankaralibrary.com

ഇംഗ്ലീഷുകാരുടെ ഒരുവിഭാഗം ജസ്റ്റിസ് പാർട്ടിയെ സമീപിച്ചു. വ്യത്യസ്ത കാരണങ്ങൾ മുഖാന്തിരം ഇരുകൂട്ടർക്കും ആനിബസന്റിനോട് അനിഷ്ട മായിരുന്നു. മഹായുദ്ധത്തിന്റെ നടുക്കുവച്ച് സ്വയംഭരണം നല്കണമെന്നുള്ള ആനിബസന്റിന്റെ രാഷ്ട്രീയപ്രേരിതമായ അവകാശവാദത്തിന് ഇംഗ്ലീഷുകാർ എതിരായിരുന്നു. സ്വന്തം രാജ്യത്തോട് കൂറില്ലാത്തവളായി ആനിബസന്റിനെ ചിത്രീകരിക്കാൻ മദ്രാസ്മെയിൽ പത്രത്തിന്റെ പത്രാധിപരായിരുന്ന ആർ.ഇ.വൈൽബി മുന്നോട്ട് വന്നു. ജസ്റ്റിസ് പത്രവും മലബാർ മെയിലും ആനിബസന്റിനെയും അവരുടെ ബ്രാഹ്മണരായ സഹചാരികളെയും വിമർശിച്ചുകൊണ്ടുള്ള ലേഖനങ്ങൾ പതിവായി പ്രസദ്ധീകരിച്ചുകൊണ്ടിരുന്നു.

1917 സെപ്റ്റംബർ 17-ാം തീയതി ആനിബസന്റിനെയും രണ്ടുസഹപ്രവർത്തകരെയും കരുതൽ തടങ്കലിൽ നിന്നും മോചിപ്പിച്ചു. കരുതൽ തടങ്കലിലായിരുന്ന കാലത്ത് അവരുടെ ജനസമ്മതി വളരെ വലുതായിരുന്നു. അതുകൊണ്ടു കൂടിയായിരിക്കണം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ അടുത്തസമ്മേളനത്തിന്റെ അദ്ധ്യക്ഷയായി ആനിബസന്റിന്റെ പേര് നിർദ്ദേശിച്ചത്. ശിക്ഷയിൽ നിന്നും മോചിതയായി മദ്രാസ് റെയിൽവേ സ്റ്റേഷനിൽ എത്തിയപ്പോൾ അവരെ സ്വീകരിക്കാനായി അനേകായിരം തടിച്ചുകൂടി. രണ്ടുവെള്ളക്കുതിരകളെ പൂട്ടിയ ഒരു വാഹനത്തിലാണ് ബസന്റിനെ റെയിൽവേ സ്റ്റേഷനിൽ നിന്ന് അഡയാറിലെ തിയോസഫിക്കൽ സൊസൈറ്റി ഹെഡ്ക്വാർട്ടേഴ്സിലേക്കു കൊണ്ടുപോയത്. മദ്രാസ് നഗരാതിർത്തിക്കുപുറത്തുള്ള അഡയാറിലേക്ക് സ്വീകരിച്ചുകൊണ്ടുപോയത് രണ്ടുവിദ്യാർത്ഥികൾ ഉയർത്തിപ്പിടിച്ച പട്ടുമേലാപ്പിനു താഴെ അനേകം വാഹനങ്ങളിൽ അനുഗതയായിട്ടായിരുന്നു. വഴിനീളെ തേങ്ങാ ഉടക്കുകയും അവ പാപങ്ങൾക്ക് വിതരണം ചെയ്യുകയും ചെയ്തു. ഘോഷയാത്ര ടാങ്ക് സ്ക്വയറിൽ എത്തിയപ്പോൾ വേദമന്ത്രങ്ങൾ ചൊല്ലിക്കൊണ്ട് കൂട്ടത്തിൽ ചേർന്നു. ഈ സന്ദർഭത്തിൽ മദ്രാസിൽ ഉണ്ടായിരുന്ന ജോർജ്ജ് ജോസഫിന് ഇത് വലിയ അരോചകമായി തോന്നി. ആനി ബസന്റ് യഥാർത്ഥത്തിൽ ഒരു ഈശ്വരവിശ്വാസിയല്ലായിരുന്നു. അവളുടെ ഗുരു ചാൾസ് ബ്രാഡ്ലായും അങ്ങനെ തന്നെ. ആനിബസന്റിനെ ബ്രാഹ്മണരുടെ മതപരമായ ഒരു ജാഥയിൽ കൊണ്ടുപോകുന്നത് ശരിയല്ലെന്നായിരുന്നു ജോർജ്ജ് ജോസഫിന്റെ അഭിപ്രായം. അങ്ങനെയാണെങ്കിലും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ അദ്ധ്യക്ഷയായി തിരഞ്ഞെടുക്കപ്പെട്ടതിൽ ആരും വിയോജിച്ചില്ല. ഏറെനാൾ അവൾ കോൺഗ്രസ്സിന്റെ നേതൃസ്ഥാനത്ത് തുടരുകയും ചെയ്തു.

ആനിബസന്റിനെ മോചിപ്പിച്ചതിൽ ഇന്ത്യാക്കാർ സന്തുഷ്ടരായിരുന്നു. മോൺടെഗുവിനും മദ്രാസ് ഗവർണ്ണർ ലോഡ്പെന്റ് ലാൻഡിന് നിശിതമായ വിമർശനം കേൾക്കേണ്ടിവന്നു. ബോംബെ മുൻഗവർണ്ണറായിരുന്ന ലോർഡ്

www.malankaralibrary.com

സിഡ്നേഹം ഒരു പുതിയ പ്രസ്ഥാനത്തിന് രൂപം കൊടുത്തു. ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണത്തിന്റെ പരമാധികാരത്തെ ദുർബലപ്പെടുത്താനുള്ള എല്ലാ നീക്കങ്ങളെയും ചെറുക്കുകയെന്നതായിരുന്നു ആ സംഘടനയുടെ ലക്ഷ്യം. ഈ സംഘടനയെ ജസ്റ്റിസ് പത്രവും മദ്രാസ് മെയിലും ഇന്ത്യയിൽ താൽപര്യമുള്ള ചില ബ്രിട്ടീഷ് കമ്പനികളുടെ സാമ്പത്തിക സഹായവും ലഭിച്ചു. ഈ കാലഘട്ടത്തിൽ 1917-നും 1918-നും ഇടയിൽ ഇൻഡോ-ബ്രിട്ടീഷ് അസോസിയേഷൻ നിരവധി ലഘുലേഖകൾ അച്ചടിച്ച് വിതരണം ചെയ്തു. സ്വയംഭരണത്തിന് ഇന്ത്യയിൽ എതിർപ്പു, ബ്രിട്ടീഷ് ജനത അറിയേണ്ടത് ഇന്ത്യയുടെ പ്രശ്നങ്ങൾ ജാതിയും ജനാധിപത്യവും തമ്മിലുള്ള ബന്ധം, ഇന്ത്യയിലെ പ്രഭുജനാധിപത്യവും ജനാധിപത്യമൂല്യങ്ങളും, ഇന്ത്യയിലെ താണ വർഗ്ഗവും സ്വയംഭരണവും എന്നീ വിഷയങ്ങളെപ്പറ്റിയുള്ള ലഘുലേഖകൾ ആയിരുന്നു വിതരണം ചെയ്തിരുന്നത്. ഈ ലഘുലേഖകളിലെ പലതും ജസ്റ്റിസ് പാർട്ടിയിൽ നിന്നുള്ള ഉദ്ധരണികളായിരുന്നു. ഇന്ത്യയിലെ ബ്രിട്ടീഷ്ഗ്രൂപ്പുകളും ജസ്റ്റിസ് പാർട്ടിയിലെ ജനസ്വാധീനമുള്ളവരും ഒന്നിച്ചുചേർന്ന് പ്രവർത്തിച്ചു. അബ്രാഹ്മണ സമൂഹങ്ങൾക്ക് പ്രത്യേകം വോട്ടവകാശം എന്ന ലക്ഷ്യത്തിൽ അവർ വിജയം നേടി. ആ വിജയം ബ്രിട്ടനിലേക്ക് ഒരു നിവേദക സംഘത്തെ അയക്കുന്നതിന് പ്രേരണ നല്കി.

ജസ്റ്റിസ് പാർട്ടിയുടെ ശ്രമങ്ങൾ അബ്രാഹ്മണരുടെ ക്ഷേമം ഉറപ്പു വരുത്തുകയെന്നതായിരുന്നു. അതുപോലെ തന്നെ ബ്രാഹ്മണരുടെ അധികാരങ്ങൾക്ക് കടിഞ്ഞാണിടുക എന്നതും അവരുടെ ലക്ഷ്യമായിരുന്നു. സ്വാഭാവികമായും തെക്കേ ഇന്ത്യയിലെ അബ്രാഹ്മണരും ജസ്റ്റിസ് പാർട്ടിയോടടുത്തു. ജോർജ്ജ് ജോസഫും ഈ ലക്ഷ്യത്തോട് താല്പര്യമുള്ള ആളായിരുന്നു. മദ്രാസിൽ അഭിഭാഷകവൃത്തിക്കായി ചെന്ന ജോർജ്ജ് ജോസഫിന് അവിടുത്തെ ബ്രാഹ്മണ സമൂഹത്തിൽനിന്നുണ്ടായ അനുഭവങ്ങൾ ദുഃഖകരമായിരുന്നു. തന്റെ സുഹൃത്ത് ഗോപാലൻമേനോന്റെ നിർദ്ദേശമനുസരിച്ചാണല്ലോ അദ്ദേഹം മധുരയിലേക്ക് മാറിയത്. ഹോം റൂൾ ലീഗ് ബ്രാഹ്മണരുടെ പാർട്ടി അല്ല എന്ന ബോദ്ധ്യം ജനങ്ങൾക്കുവന്നു. മാറിയ പരിതസ്ഥിതിയിലാണ് ലണ്ടനിലേക്ക് ഒരു നിവേദക സംഘത്തെ അയക്കാൻ തീരുമാനിച്ചത്.

1918 മാർച്ച് 6-ന് ന്യൂ ഇന്ത്യ പത്രത്തിൽ മി.ബി.എൻ. നരസിംഹ അയ്യർ, മി. മായേരി രാമയ്യർ, മി. ജോർജ് ജോസഫ് എന്നിവർ ഹോം റൂൾ നിവേദക സംഘമായി ലണ്ടനിലേക്ക് പോകുന്നതായി റിപ്പോർട്ട് വന്നു. അവർക്ക് മദ്രാസ് ജനത സമുചിതമായ യാത്രയയപ്പു നൽകി. അന്നത്തെ സി.പി. രാമസ്വാമി അയ്യർ ജോർജ്ജ് ജോസഫിന്റെ ഉത്തമസുഹൃത്തായിരുന്നു. എന്നാൽ കുറേനാൾ കഴിഞ്ഞ് രാമസ്വാമി അയ്യർ തിരുവിതാംകൂർ ദിവാനായി വന്നു. പിന്നീട് നടന്ന തിരുവിതാംകൂർ രാഷ്ട്രീയത്തിൽ സർ സി.പി.യും

www.malankaralibrary.com

ജോർജ്ജ് ജോസഫും ഇരുചേരികളിൽ നിന്ന് പ്രവർത്തിക്കുകയാണ് ചെയ്തത്.

ലണ്ടനിലേക്കുള്ള നിവേദക സംഘത്തിലെ അംഗമായ ജോർജ്ജ് ജോസഫിന് ഗംഭീരമായ ഒരു യാത്രയയപ്പ് നൽകി. ടി.എം. കൃഷ്ണസ്വാമി അയ്യർ ആയിരുന്നു പ്രധാന പ്രാസംഗികൻ. ജോർജ്ജ് ജോസഫിന്റെ ആത്മാർത്ഥതയേയും അർപ്പണ മനോഭാവത്തെയും കൃഷ്ണസ്വാമി അയ്യർ പ്രശംസിച്ചു. ഏറ്റെടുക്കുന്ന കാര്യങ്ങൾ നൂറുശതമാനം ആത്മാർത്ഥതയോടെ നടപ്പിലാക്കാനുള്ള ജോർജ്ജ് ജോസഫിന്റെ ശ്രമങ്ങളെയും അദ്ദേഹത്തിന്റെ നിർഭയത്വത്തെയും പറ്റി ദീർഘനേരം പ്രസംഗിച്ചു.

ലണ്ടനിലേക്കുള്ള യാത്ര പല ഘട്ടങ്ങളിലാണ് പ്ലാൻ ചെയ്തത്. എല്ലാംവരുംകൂടി ഒന്നിച്ചു ചെന്നാൽ അവരുടെ പ്രവർത്തനം ചുരുങ്ങിയ ദിവസങ്ങൾകൊണ്ട് തീരും. പല ടീമുകളായി പോയാൽ ദീർഘനാൾ ഇംഗ്ലീഷുകാരുടെ ഇടയിൽ പ്രവർത്തിക്കുവാൻ അവസരം ലഭിക്കും. ഏതായാലും ലണ്ടനിലേക്കു പോയ പ്രതിനിധി സംഘത്തെ ജിബ്രാൾട്ടറിൽ ഇറക്കിവിട്ടു. ബ്രിട്ടനിലെ യുദ്ധകാല മന്ത്രിസഭയുടെ കല്പനയനുസരിച്ച് അവർ ജിബ്രാൾട്ടറിൽ എത്തി. തങ്ങളുടെ പ്രതിഷേധം ബ്രിട്ടനിലെ പ്രധാനമന്ത്രിയെ അറിയിച്ചതിനുശേഷം അവർ നാട്ടിലേക്ക് മടങ്ങി. അവരുടെ പാസ്സ്പോർട്ടും വിസായും റദ്ദാക്കുകയും ചെയ്തു.

തങ്ങളുടെ ന്യായമായ അവകാശങ്ങൾ ബ്രിട്ടീഷ് ഗവണ്മെന്റിനെയും ജനങ്ങളെയും അറിയിക്കുക എന്ന ലക്ഷ്യം മാത്രമായിരുന്നില്ല അവർക്കുണ്ടായിരുന്നത്. ഗ്രേറ്റ് ബ്രിട്ടന്റെയും സഖ്യകക്ഷികളുടെയും താല്പര്യത്തോട് ഇന്ത്യയ്ക്കുള്ള ഉറച്ച പിന്തുണ ബ്രിട്ടീഷ് ജനതയെ ബോദ്ധ്യപ്പെടുത്തുകയെന്നതായിരുന്നു അവരുടെ യാത്രയുടെ രണ്ടാമത്തെ ലക്ഷ്യം. ആ ലക്ഷ്യവും സാധിച്ചില്ല.

ലണ്ടനിലേക്ക് പോയവർ ആറാഴ്ചകൾക്കുശേഷം ഇന്ത്യയിൽ തിരിച്ചെത്തി. ഇങ്ങനെ തിരിച്ചുപോരേണ്ടിവന്നതിൽ ജോർജ്ജ് ജോസഫിന് ഒരു അത്ഭുതവും തോന്നിയില്ല. ന്യൂ ഇന്ത്യ എന്ന പത്രത്തിൽ ജോർജ്ജ് ജോസഫ് എഴുതിയ ലേഖനം ഒരു പ്രവാചക ദൗത്യത്തോടെയായിരുന്നു. സ്തംഭനത്തിന്റെ സിദ്ധാന്തമാണ് ആ ലേഖനത്തിൽ ഉയർത്തിക്കാട്ടിയത്. ജോർജ്ജ് ജോസഫ് അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം എഴുതി "ഇനി നമുക്ക് അവശേഷിക്കുന്ന ഏകമാർഗ്ഗം വ്യവസ്ഥാപിത ഭരണരീതിയ്ക്കെതിരെയുള്ള പ്രക്ഷോഭണമാണ് ഇപ്പോൾ നിലവിലിരിക്കുന്ന വ്യവസ്ഥിതി തുടരാൻ സാദ്ധ്യമല്ലെന്ന് ഗവണ്മെന്റിനെ ബോദ്ധ്യപ്പെടുത്തുവാൻ ശ്രമിക്കേണ്ടിയിരുന്നു. ഇത് ബോദ്ധ്യപ്പെടുത്തുവാൻ ഏറ്റം ഫലപ്രദമായ മാർഗ്ഗം ഭരണസ്തംഭനം സൃഷ്ടിക്കുകയും ഗവണ്മെന്റിനെ അമ്പരപ്പിക്കുകയുമാണ്. സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ട് നിയമസഭയിലും

www.malankaralibrary.com

സ്തംഭനം സൃഷ്ടിക്കണം" അയർലണ്ടനിലെ ജനകീയപ്രക്ഷോഭണത്തെ വിലയിരുത്തിക്കൊണ്ട് ജോർജ്ജ് ജോസഫ് എഴുതിയ വാക്കുകൾ. ഈ സ്തംഭനത്തിന്റെ മാർഗ്ഗത്തോട് ആനിബസന്റോ ഹോംറൂൾ ലീഗിലെ സ്വാധീനമുള്ള ആളുകളോ അനുഭാവം കാണിച്ചിരുന്നില്ല.

കോൺഗ്രസ്സുമായും ഗാന്ധിജിയുമായും പല കാര്യങ്ങളിലും ഭിന്നിച്ചുനിന്ന ജോർജ്ജ് ജോസഫ് എക്കാലവും കോൺഗ്രസ്സുമായി ഒരു ഹൃദയഐക്യം പാലിച്ചിരുന്നു. 1936-ൽ തൊഴിലാളി നേതാവായിരുന്ന തന്റെ പഴയസുഹൃത്ത് വരദരാജലുമൊത്ത് കോൺഗ്രസ്സിൽ അംഗമായി ചേർന്നു. അന്ന് അദ്ദേഹത്തിന് ലഭിച്ച സ്വീകരണം ആവേശോജ്ജ്വലമായിരുന്നു. ജോർജ്ജ് ജോസഫ് ഡയറിയിൽ എഴുതിയിരിക്കുന്നു "ലഭിച്ചതുപോലുള്ള സ്വീകണം എനിക്കുറപ്പില്ലായിരുന്നു എന്നാൽ എന്നെ സ്നേഹോഷ്മളമായി സ്വാഗതംചെയ്തു. വളരെയധികം സ്നേഹത്തോടും ആദരവോടുംകൂടി. അത് മറ്റൊരു തരത്തിലും ആകാമായിരുന്നു.

www.malankaralibrary.com

# 17. സഹോദരങ്ങളെപ്പറ്റി

*(ബാരിസ്റ്റർ ജോർജ്ജ് ജോസഫ് അദ്ദേഹത്തിന്റെ സഹോദരങ്ങളായ പോത്തൻ ജോസഫ് പി.എം. ജോസഫ് എന്നിവരെപ്പറ്റി മലയാള മനോരമ ശ്രീയിൽ 2006 ഏപ്രിൽ 6ന് പ്രസിദ്ധീകരിച്ച ലേഖനം)*

ഷർട്ടിട്ടൊരു ഗാന്ധി ഓർമ്മയിലുണ്ടോ? മുണ്ടിന്റെയും മേൽമുണ്ടിന്റെയും ഊന്നുവടിയുടെയും ബലത്തിൽ ചിരിച്ചു നീങ്ങുന്നതല്ലാതെയൊരു ചിത്രം. എന്നാൽ അങ്ങനെയൊരു ഗാന്ധിജിയുണ്ടായിരുന്നു. ആ ഗാന്ധിജി കോട്ടും ഷർട്ടുമൊക്കെ വേണ്ടെന്നു വച്ചത് എന്തിനാണെന്നൊരു പൊതുവിജ്ഞാന ചോദ്യത്തിന് ഉത്തരം എളുപ്പമായിരിക്കും. പക്ഷേ, അത് എവിടെവച്ചായിരുന്നു എന്നു ചോദിച്ചാലോ? ആ ഗാന്ധിജിയിലേക്ക് ഈ ഗാന്ധിജി എത്തിയത് ഒരു തിരുവിതാംകൂർ മലയാളിയുടെ വീട്ടിൽ വച്ചായിരുന്നു എന്നാണ് ഉത്തരമെങ്കിൽ?

ബാരിസ്റ്റർ ജോർജ് ജോസഫും ചെങ്ങന്നൂരിലെ ഊരയിൽ തറവാടും ഇന്ത്യാ ചതിത്രത്തിൽ പതിക്കുന്ന മുദ്രകളിലൊന്നാണത്. പുകഴ്ത്തിപ്പാടാതെപോയ അനേകം മുദ്രകളിലൊന്ന്. ഊരയിൽ കുടുംബം ഇന്ത്യയിൽ ആരായിരുന്നു എന്ന ചോദ്യത്തിന് ഒരുത്തരം മാത്രമാണു ബാരിസ്റ്റർ ജോർജ് ജോസഫ്. ഇന്ത്യൻ പത്രലോകത്തിനു കേരളത്തിന്റെ ഏറ്റവും വലിയ സംഭാവനയായ പത്മഭൂഷൺ പോത്തൻ ജോസഫ്, ഇന്ത്യൻ കായിക വിദ്യാഭ്യാസത്തിന്റെ കുലപതിയായ പത്മശ്രീ പി.എം. ജോസഫ് - ബാരിസ്റ്ററുടെ സഹോദരന്മാരുടെ രൂപത്തിൽ ആ ചോദ്യത്തിന് ഉത്തരം നീളുന്നു.

ഇന്ത്യൻ സ്വാതന്ത്ര്യലബ്ധിക്ക് ഒൻപതുവർഷം മുൻപു നിലച്ചുപോയൊരു ശബ്ദമാണു ബാരിസ്റ്റർ ജോർജ് ജോസഫ് എങ്കിൽ അദ്ദേഹത്തിന്റെ സഹോദരന്മാർ പിന്നീടു സ്വതന്ത്രഭാരതത്തിന്റെ ചരിത്രത്തെ മാറ്റിയെഴുതിയവരാണ്. തിരുവിതാംകൂറിൽനിന്ന് ഇന്ത്യൻ ദേശീയതയിലേയ്ക്കു വളർന്ന ആദ്യനേതാക്കളിലൊരാളായിരുന്നു ബാരിസ്റ്റർ എന്നു ചരിത്രം സമ്മതിക്കും. പക്ഷേ, ഗാന്ധിജിയും മോത്തിലാൽ നെഹ്റുവും രാജഗോപാലാചാരിയുമടക്കം ഇന്ത്യൻ നേതൃനിരയിൽ തലയുയർത്തിനിന്ന ബാരിസ്റ്ററുടെ ചരിത്രം അത്രകണ്ടു ശ്രദ്ധിക്കപ്പെടാതെ പോയി. ഒൻപതു സഹോദരങ്ങളുടെ തലമുറയിൽനിന്ന് ഇന്ന് ആ കഥ പറയാൻ ബാക്കിയുള്ളൊരാൾക്ക് ഏപ്രിൽ പത്തിന് 100 വയസ്സു തികയുന്നു. പി.എം. ജോസഫിന്റെ ഭാര്യ ആലീസ്. കൂട്ടിനു ബാക്കിയുള്ളത് ഒൻപതാമത്തെ സഹോദരൻ തോമസ് ജോസഫിന്റെ ഭാര്യ അന്നമ്മമാത്രം.

www.malankaralibrary.com

ആദ്യം ഗാന്ധിജിയെ അനുസരിക്കാനായി വീട്ടുകാരെ വെറുപ്പിക്കുക. പിന്നെ ഗാന്ധിജിയുമായുള്ള കൂട്ടുകെട്ടുതന്നെ വേണ്ടെന്നു വയ്ക്കുക – ബാരിസ്റ്റർ ജോർജ് ജോസഫിന് ഇങ്ങനെയൊരു മുഖം കൂടിയുണ്ടായിരുന്നു. ഇംഗ്ലണ്ടിൽനിന്നു ബാരിസ്റ്ററായി 1907–ൽ മടങ്ങിയെത്തിയ ജോർജ് ജോസഫ് കൊള്ളാവുന്നൊരു വക്കീലായി പേരെടുത്തുവരുമ്പോഴാണു സ്വാതന്ത്ര്യസമരം കത്തുന്നത്. ഗാന്ധിജിയുടെ താൽപര്യപ്രകാരം ജോർജ് ജോസഫ് അഭിഭാഷക കുപ്പായം വേണ്ടെന്നുവച്ചു. 1921 ൽ വീട്ടിലുണ്ടായിരുന്ന വിദേശ വസ്തുക്കൾ തീയിട്ടു. ഭാര്യ സൂസന്നയ്ക്കൊപ്പം സബർമതിയിലെത്തി. ആ വീട്ടിലെ വിശ്വസ്ത കുടുംബസുഹൃത്തുക്കളായി.

ഇനിയാണ് ആദ്യം പറഞ്ഞ കഥ. ജോർജ് ജോസഫിന്റെ മധുരയിലെ വീട്ടിൽ ഗാന്ധിജിയും കസ്തൂർബയും എത്തുന്നത് 1925 ൽ. ഗാന്ധിജിയുടെ ദർശനത്തിനായി കാത്തുനിന്ന അനേകശതങ്ങളിൽ മിക്കവരും അൽപവസ്ത്രധാരികളായിരുന്നു. ജോർജ് ജോസഫിനോടും രാജഗോപാലാചാരിയോടും അന്വേഷിച്ച ഗാന്ധിജിക്കു കിട്ടിയ മറുപടി പൊള്ളുന്നതായിരുന്നു. "ദാരിദ്ര്യം കൂടപ്പിറപ്പായൊരു ജനതയുടെ വേഷം അങ്ങനെയല്ലാതെ എന്താവാൻ?" അസ്വസ്ഥമായൊരു രാത്രിയായിരുന്നു ജോർജ് ജോസഫിന്റെ വീട്ടിൽ ഗാന്ധിജി ചെലവഴിച്ചത്. പിറ്റേന്നു രാവിലെ ഗാന്ധിജി ഷർട്ടില്ലാതെ പ്രത്യക്ഷപ്പെട്ട് എല്ലാവരെയും ഞെട്ടിച്ചു. പിന്നീടു ലോകത്തിന്റെ മനസ്സിൽ ആഴ്ന്നിറങ്ങിയ വേഷം. ജോർജ് ജോസഫിന്റെ വീട്ടിൽ ഗാന്ധിജിക്കു ഭക്ഷണം ഉണ്ടാക്കിയതു കസ്തൂർബ തന്നെയായിരുന്നു. പരത്തുമ്പോൾ തിരിച്ചിടാതെ തന്നെ കറങ്ങിക്കറങ്ങി വരുന്ന കസ്തൂർബ സ്പെഷൽ ചപ്പാത്തിയുടെ കഥ സൂസന്ന പറഞ്ഞത് ഇപ്പോളും ആലീസിന്റെ കൺമുമ്പിലുണ്ട്.

നെഹ്റുവിനൊപ്പമായിരുന്നു ജോർജ് ജോസഫിന്റെ ജയിൽവാസം. അഫ്ഗാൻ രാജാവിനെക്കൊണ്ട് ഇന്ത്യയെ ആക്രമിപ്പിച്ചു ബ്രിട്ടീഷുകാരെ തുരത്തുന്നതുവരെ അവർ ചർച്ച ചെയ്തതും ആ ജയിൽവാസത്തിനിടെയായിരുന്നു. ഗാന്ധിജിയുമൊത്തുള്ള ജീവിതം ജോർജ് ജോസഫിനെയും ഗാന്ധിജിയുടെ 'യങ് ഇന്ത്യ' യുടെ പത്രാധിപരാക്കി. മോത്തിലാൽ നെഹ്റു 'ദി ഇൻഡിപ്പെൻഡന്റ്' തുടങ്ങിയപ്പോൾ പത്രാധിപരും അവിടേക്കു വഴിമാറി.

ഗാന്ധിജിയുമായുള്ള ഇഴയടുപ്പത്തിന് അകലം വയ്ക്കുന്നതു വൈക്കം സത്യാഗ്രഹത്തിന്റെ പേരിലായിരുന്നു. സത്യാഗ്രഹത്തിന്റെ മുന്നണിപ്പോരാളിയായിരുന്നു ജോർജ് ജോസഫ്. അദ്ദേഹത്തെ വൈക്കത്തുനിന്നു മാറ്റിനിർത്തിയാൽ സമരത്തിന്റെ മുനയൊടിയുമെന്ന് അധികൃതർതന്നെ കരുതിയ കാലം. ഹിന്ദുക്കളുടെ പ്രശ്നമായതിനാൽ ഒരു ഹിന്ദുതന്നെ സത്യാഗ്രഹം നയിക്കണമെന്നു ഗാന്ധിജിയുടെ താൽപര്യം വന്നത് അപ്പോഴാണ്. മതത്തെക്കാളുപരി ദേശീയതയിൽ വിശ്വസിച്ച ജോർജ് ജോസഫിനു താൻ ഒരു

www.malankaralibrary.com

ക്രിസ്ത്യാനി കൂടി ആണെന്നു ബോധ്യപ്പെട്ടത് അപ്പോഴാണ്. ഗാന്ധിജിയുടെ ആ പ്രമാണത്തോടു നീതി കാട്ടാൻ കഴിയാതെ ജോർജ് ജോസഫ് സത്യാഗ്രഹവേദി വിട്ടു. ദേശീയ പ്രസ്ഥാനവും.

കാമരാജ് ഉൾപ്പെടയുള്ള നേതാക്കൾ മധുരയിലെ വീട്ടിൽ 'ശീമേലച്ചായനു' മായി (ശീമയിലൊക്കെ പോയി പഠിച്ച ജോർജ് ജോസഫ് - ശീമേലച്ചായൻ) രാത്രി വൈകുവോളം നടത്തുന്ന ചർച്ചകൾ ആലീസിന്റെ ഓർമ്മയിലുണ്ട്. ചർച്ചകൾക്കൊടുവിൽ മേൽമുണ്ടു വിരിച്ചു വരാന്തയിൽ മയങ്ങുന്ന കാമരാജിന്റെ ചിത്രവും. മധുരയിലെ വീട് ഒരു രാഷ്ട്രീയ സത്രമായിരുന്നു. ആൾക്കൂട്ടത്തിനായി തുറന്നിട്ട ആ വിടിന്റെ അടുക്കളയിൽ തിരക്കൊഴിഞ്ഞിട്ടില്ല. കിങ്മേക്കർമാരുടെയും നേതാക്കളുടെയും സുഹൃത്തായി കാലം കഴിച്ച ജോർജ് ജോസഫ് 1938-ൽ അൻപതാം വയസിൽ ഇന്ത്യൻ സ്വാതന്ത്ര്യം കാണാതെ മരിച്ചു. സ്വാതന്ത്ര്യലബ്ധിയിൽ അദ്ദേഹം ഉണ്ടായിരുന്നെങ്കിൽ ആരാകുമായിരുന്നു....?

ഇനി പോത്തൻ ജോസഫിലേക്ക്. ബാരിസ്റ്ററായി മടങ്ങിയെത്തുന്നതോടെ മറ്റു സഹോദരങ്ങളുടെ കാര്യം നോക്കിക്കോളുമെന്ന പിതാവിന്റെ സ്വപ്നം ഗാന്ധിജിയുടെ പിന്നാലെ നടന്ന ജോർജ് ജോസഫ് തകർത്തു. പക്ഷേ, ക്ലാസിക് പുസ്തകങ്ങളുടെ തീരത്തേക്കു പോത്തൻ ജോസഫിനെ വഴിപിടിച്ചു നടത്തിയത് ജോർജ് ജോസഫ് ആയിരുന്നു. ഷേക്സ്പിയറും ഹോമറും വാൽമീകിയും കാളിദാസനുമെല്ലാം ചെറുപ്പത്തിൽതന്നെ പോത്തൻ ജോസഫിനെ പിടികൂടി. നിലപാടുകൾക്ക് അടിവരയിടാൻ പോത്തൻ ജോസഫിന് ഉദ്ധരണികൾക്കു പഞ്ഞമില്ലാതാക്കിയത് ആ കൂട്ടുകെട്ടായിരുന്നു.

പത്രപ്രവർത്തനത്തിൽ കൈവച്ചപ്പോഴേ വീട്ടുകാർ പറഞ്ഞതാണ് ഇതു കുടുംബത്തിൽ പിറന്നവർക്കു പറ്റിയ പണിയല്ലെന്ന്. വീട്ടുകാരുടെ നിർബന്ധത്തിനു വഴങ്ങി ബി.എൽ എടുത്തു. പക്ഷേ, പോത്തൻ ജോസഫ് ബി.എ, ബി.എൽ എന്ന ബോർഡ് തൂക്കിയിരുന്ന് കേസില്ലാ വക്കീലായി തുടരുമെന്നു കണ്ടതും വീട്ടിലെത്തി പിതാവിനോടു കാര്യം പറഞ്ഞു. 'വീടു വിട്ടോളണം, മാന്യമായൊരു ജോലി കിട്ടാതെ തരിച്ചുവരേണ്ടെ'ന്നായിരുന്നു പിതാവിന്റെ ആജ്ഞ. തന്റെ നിശ്ചയദാർഢ്യത്തിനു വിത്തായത് അതാണെന്നു പോത്തൻ ജോസഫ് തന്നെ പിന്നീട് അനുസ്മരിക്കുന്നു.

ഇന്ത്യൻ പത്രരംഗത്തു പോത്തൻ ജോസഫ് എന്ന പേര് ഒരു ബ്രാൻഡ് ആയി. പത്രങ്ങൾ ഉണ്ടാക്കുകയായിരുന്നു അദ്ദേഹത്തിന്റെ കർമ്മം. ഒന്നുണ്ടാക്കുക, പിന്നെ അടുത്തതിലേക്കു നീങ്ങുക എന്നൊരു ശൈലി. 'ഓവർ എ കപ്പ് ഓഫ് ടീ' (ഒരു കപ്പ് ചായപ്പുറത്ത്) എന്ന പ്രതിദിന രാഷ്ട്രീയ പംക്തി ബ്രിട്ടീഷ് ഭരണത്തിൽ 20 വർഷവും സ്വതന്ത്ര ഭാരതത്തിൽ 20 വർഷവും പ്രഭാതങ്ങളെ വിളിച്ചുണർത്തി. ലോകത്തിലെ തന്നെ ആദ്യത്തെ

www.malankaralibrary.com

പ്രതിദിന രാഷ്ട്രീയ പംക്തി എന്നു റെക്കോർഡിട്ടു. ഗാന്ധിജിയുൾപ്പെടയുള്ളവർ ആ പംക്തിക്കായി കാത്തിരുന്നു. ഇന്ത്യൻ എക്സ്പ്രസും ഹിന്ദുസ്ഥാൻ ടൈംസും സ്റ്റാർ ഓഫ് ഇന്ത്യയും' പിന്നീടു പാക്കിസ്ഥാനിലേക്കു പോയ 'ഡോണും' ഉൾപ്പെടെ 26 ദിനപത്രങ്ങൾ, ചില പബ്ലിക് റിലേഷൻസ് തസ്തികകൾ, അധ്യാപകവൃത്തി.... പക്ഷേ പോത്തൻ ജോസഫിനെ കാലമോർക്കേണ്ടത് മറ്റൊരു കർമത്തിന്റെ പേരിൽക്കൂടിയാവണം. - ബോംബെയിലെ ഒരു ഷിപ്പിങ് കമ്പനിയിൽ ഗുമസ്തനായി അവസാനിക്കുമായിരുന്ന ശങ്കരപ്പിള്ളയെ കണ്ടെത്തി കാർട്ടൂണിസ്റ്റ് ശങ്കറാക്കിയിതിന്റേ പേരിൽ.

ബോംബെ മുനിസിപ്പൽ കൗൺസിലറായിരുന്ന ബാവ്ലായുടെ വധക്കേസിന്റെ ചുരുളഴിച്ച അന്വേഷണാത്മക പത്രപ്രവർത്തനത്തിന്റെ കഥകൂടി പറഞ്ഞാലേ ധൈര്യശാലിയായ പോത്തൻ ജോസഫിനോടു കുറേയെങ്കിലും നീതി ചെയ്യാനാവൂ. മുംതാസ് എന്ന സുന്ദരിക്കുവേണ്ടി ഇൻഡോർ മഹാരാരാജാവിനോടു മത്സരിച്ചു ജയിച്ച ബാവ്ലാ. മുംതാസുമൊത്തു കാറിൽ യാത്ര ചെയ്ത ബാവ്ലായെ അജ്ഞാതർ തടഞ്ഞുനിർത്തി കൊലപ്പെടുത്തി. മുംതാസിനെ കടത്താനുള്ള ശ്രമം പക്ഷേ പാളി. എല്ലാ പത്രങ്ങളും അത് ആഘോഷിച്ചെങ്കിലും പോത്തൻ ജോസഫ് എഡിറ്ററായ 'വോയ്സ് ഓഫ് ഇന്ത്യ' അതിന്റെ ഉൾക്കളികൾ ചികഞ്ഞു. ചൂണ്ടുവിരൽ ചെന്നത് ഇൻഡോർ മഹാരാജാവിനു നേരെ. അതിൽനിന്നു പിന്മാറാൻ പോത്തൻ ജോസഫിനു കിട്ടിയ വാഗ്ദാനം ഒരു ലക്ഷം രൂപയായിരുന്നു. എഴുത്തിനു കനം വച്ചതേയുള്ളു. ഒടുവിൽ കേസ് കോടതിയിൽ. മഹാരാജാവ് സിംഹാസനമൊഴിഞ്ഞു, കൊലയാളികൾ തൂക്കിലേറ്റപ്പെട്ടു, പത്രപ്രവർത്തനം വിജയിച്ചു.

ജോർജ് ജോസഫിനെ ഇംഗ്ലണ്ടിലേക്കയച്ചതിനു പിന്നിൽ അച്ഛൻ സി. ഐ. ജോസഫിന്റെ കാർക്കശ്യത്തിന്റെയും അമ്മ സാറാമ്മയുടെ പിശുക്കിന്റെയും കഥകളേറെയുണ്ട്. അമ്മയുടെ പിശുക്കിനെപ്പറ്റി പൊടിപ്പും തൊങ്ങലും വച്ചുള്ള കഥകൾ പ്രചരിപ്പിച്ചതു 'കോട്ടച്ചായൻ' (കോട്ടയത്തു പഠിച്ചിരുന്ന പോത്തൻ ജോസഫ് -കോട്ടച്ചായൻ) തന്നെയായിരുന്നെന്ന് ആലീസ് പറയുന്നു.

പുരയിടത്തിൽ കായ്ക്കുന്ന പ്ലാവുകൾ ഏറെയുള്ളതിനാൽ ചക്കയുടെ വിവിധ വേഷങ്ങളായിരുന്നു ചോറിനൊപ്പം പ്ലേറ്റിൽ പ്രത്യക്ഷപ്പെടുക. സ്ഥിരം ഭക്ഷണക്രമം. അങ്ങനെ പിശുക്കു കാട്ടിയിരുന്ന അമ്മയോട് ബാരിസ്റ്ററായി മടങ്ങിയെത്തിയ ജോർജ് ജോസഫ് പറഞ്ഞു. ഇംഗ്ലണ്ടിൽ തലയണയ്ക്കുള്ളിൽ വയ്ക്കുന്നതു പഞ്ഞിയല്ല. തൂവലാണത്രേ. എങ്കിൽ അത്രയും ലാഭപ്പെടുത്താമല്ലോ എന്നു കരുതിയ സാറാമ്മ ഏതോ സൽക്കാരത്തിനു കറിയാക്കിയ കോഴികളുടെ തൂവലുകൾ മുഴുവൻ തലയണയ്ക്കുള്ളിലാക്കി വിശിഷ്ടമായി തലയുണയുണ്ടാക്കി. മുള്ളുപോലെ കൊള്ളുന്ന തലയണ ആരു

www.malankaralibrary.com

പയോഗിക്കാൻ? ഒടുവിൽ ഒരു മൂല മുറിച്ചിട്ട് ഓരോരുത്തരായി ചെവിത്തോണ്ടിയായി തൂവലുകൾ ഉപയോഗിച്ചു തീർത്തു. സാറാമ്മയുടെ ഈ പിശുക്കുതന്നെയാണ് അക്കാലത്ത് ചിന്തിക്കാൻപോലുമാവാത്ത ഉന്നതവിദ്യാഭ്യാസത്തിനു ജോർജ് ജോസഫിനെ ലണ്ടനിലേക്കയച്ചതിനു മൂലധനമായതെന്നു പിൻതലമുറകൾ നന്ദിയോടെ ഓർക്കുന്നു.

ഇനി അനുജൻ പി.എം. ജോസഫിന്റെ കഥ. എൻജിനീയറിംഗ് പഠിക്കാൻ അമേരിക്കയ്ക്കു പോകാനായി ബോംബെയിലെത്തിയ ജോസഫ് പത്രത്തിൽ നിന്നാണറിഞ്ഞത് എച്ച്.സി. ബക്ക് കായിക വിദ്യാഭ്യാസത്തിനു കോളജ് തുടങ്ങുന്ന വിവരം. രണ്ടു വർഷം അങ്ങനെ മദ്രാസ് വൈ.എം.സി.എ. കോളജ് ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങാൻ. ഇന്ത്യയിലെ കായിക വിദ്യാഭ്യാസത്തിന്റെ നാഴികക്കല്ലാവുന്ന ആ സ്ഥാപനത്തിന്റെ ചുമതല പി.എം. ജോസഫിന്റെ ചുമലിലായി. മാതൃകയൊന്നു പഠിക്കാൻ റഷ്യയിൽ രണ്ടാഴ്ച, ചെക്കൊസ്ലൊവാക്യയിൽ ഒരാഴ്ച. തിരികെ വന്ന് ഭോപ്പാലിൽ സ്ഥലം നോക്കിയപ്പോൾ ഗ്വാളിയർ രാജാവ് പറഞ്ഞു. സ്വന്തം റേസ് കോഴ്സ് വിട്ടുതന്നേക്കാം. മാധവറാവു സിന്ധ്യയുടെ പിതാവ് ജീവാജിറാവു സിന്ധ്യ അങ്ങനെ വിട്ടുകൊടുത്ത സ്ഥലത്ത് പി.എം. ജോസഫ് ഇന്ത്യൻ കായിക വിദ്യാഭ്യാസത്തിന്റെ പെരുന്തച്ചനായി. 1957 ൽ ലക്ഷ്മി ഭായ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട ഓഫ് ഫിസിക്കൽ എജ്യൂക്കേഷനു തുടക്കം. ഒന്നുമില്ലായ്മയിൽ നിന്ന് ഇന്ത്യൻ കായിക വിദ്യാഭ്യാസത്തെ പി.എം. ജോസഫ് വിളിച്ചുണർത്തി. ചമ്പൽ താഴ്വരയിൽ നിന്ന് ഒരു ശിവ്നന്ദൻസിങ് അവിടെ ബി.എ. യ്ക്കു പഠിക്കാനെത്തി. ശിവ്നന്ദനെ കോളജിൽ എടുത്തപ്പോഴേ പലരും പ്രിൻസിപ്പൽ ജോസഫിനോടു പഞ്ഞിരുന്നു. 'വഴക്കാളിയാണ് സൂക്ഷിക്കണ' മെന്ന് ഒരു ദിവസം ശിവ്നന്ദനും കൂട്ടരും ബാസ്കറ്റ്ബോൾ കളിച്ചുകൊണ്ടു നിൽക്കേ പ്രിൻസിപ്പൽ ആ വഴി ചെന്നു. സഹകളിക്കാരനെ കടുത്തൊരു ഫൗൾ ചെയ്ത ശിവ്നന്ദനെ പിന്നെയൊരു നിമിഷം പോലും അവിടെ നിർത്തിയില്ല: 'ഡിസ്മിസ്ഡ്' ഗ്വാളിയർ മുഴുവൻ അതു പരന്നു. ചമ്പൽക്കാരനായ ശിവ്നന്ദനെ പ്രിൻസിപ്പൽ പുറത്താക്കിയിരിക്കുന്നു. കേട്ടവർ കേട്ടവർ പറഞ്ഞു: "സൂക്ഷിക്കണം, അവൻ തലവെട്ടും. സന്ധ്യയായാൽ പുറത്തിറങ്ങരുത്."

"അവൻ എന്തെങ്കിലും ചെയ്യുമെന്ന് എനിക്കും തോന്നി. ആരും വീട്ടിലില്ലാത്ത നേരത്ത് കയറി വന്ന് വല്ല ആക്രമവും കാണിച്ചാലോ?" - പി.എം. ജോസഫിന്റെ ഭാര്യ ആലീസിന് പേടിപ്പെടുത്തുന്ന ആ ദിനങ്ങൾ ഓർമയിലുണ്ട്. ഒരാഴ്ച കഴിഞ്ഞു. ഒരു ദിവസം ആരോ കോളിങ് ബെൽ അടിച്ചു. ചെന്നു നോക്കിയപ്പോൾ ശിവ്നന്ദൻ. ഉള്ളൊന്നു കാളി. പക്ഷേ അവൻ ക്ഷമ ചോദിക്കാൻ വന്നതായിരുന്നു. തനിക്ക് അദ്ദേഹത്തോടു ബഹുമാനമേ ഉള്ളു

www.malankaralibrary.com

വെന്നും നേരിൽ കാണാൻ പേടിയാണെന്നും ശിവ്നന്ദൻ പറഞ്ഞപ്പോൾ ഞാൻ പറഞ്ഞു, ഒരു കത്തെഴുതിക്കൊടുക്കാൻ. ആ കത്തിൽ ഒരു ചമ്പൽക്കഥ സമംഗളം പര്യവസാനിച്ചു.

മുംബൈയിലെയും മംഗലാപുരത്തെയും ചെന്നൈയിലെയും കോളജുകളിൽ ചട്ടയും മുണ്ടുമുടുത്തു പഠിപ്പിച്ച സാറ എബ്രഹാമായിരുന്നു ഈ ത്രിമൂർത്തികളുടെ സഹോദരിമാരിൽ ഒരാൾ. 22-ാം വയസ്സിൽ ഭർത്താവ് മരിച്ചിട്ടും വീണ്ടും വിവാഹം കഴിക്കാതെ ബിരുദവും ബിരുദാനന്തര ബിരുദവും പൂർത്തിയാക്കി. ഇന്ത്യൻ സ്വാതന്ത്ര്യദിനരാവിൽ മുംബൈ നഗരത്തിൽ വനിതകളുടെ പ്രകടനം നയിച്ച സാറ വേറിട്ട കാഴ്ചകളൊരുക്കി തലമുറകൾക്കു വിസ്മയമായി. തങ്കമ്മ മേരി കുര്യൻ, ഏലിയാമ്മ ലൂക്ക്, അന്ന തോമസ്, കോശി ജോസഫ്, തോമസ് ജോസഫ് എന്നിവർ മറ്റു സഹോദരങ്ങൾ. ഒരു മലയാളി കുടുംബം ഇന്ത്യാചരിത്രത്തിൽ പാദമുദ്രകൾ പതിച്ചും പതിക്കാതെയും നടത്തിയ യാത്രകൾ നാലു നാളിനുള്ളിൽ ശതാബ്ദിയിലേക്കെത്തുന്ന ആലീസിനായി ഒത്തു കൂടുന്ന കുടുംബം ഒരിക്കൽക്കൂടി ഓർക്കുന്നു. ഇന്നിനെക്കുറിച്ചറിയാൻ ഇന്നലയെക്കുറിച്ചു കൂടി അറിയണം എന്നാഗ്രഹിക്കുന്ന ആരും മറക്കരുതാത്ത ഓർമകൾ.

www.malankaralibrary.com

# 18. നിവർത്തനപ്രക്ഷോഭണം

ബാരിസ്റ്റർ ജോർജ്ജ് ജോസഫ് ജനിച്ചകാലത്തെ രാഷ്ട്രീയ പശ്ചാത്തലത്തെപ്പറ്റി മൂന്നാം അദ്ധ്യായത്തിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ടല്ലോ. മലയാളി മെമ്മോറിയൽ തുടങ്ങി പൗരസമത്വവാദ പ്രക്ഷോഭണം വരെയുള്ള ചരിത്രമാണ് അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരുന്നത്. പൗരസമത്വവാദ പ്രക്ഷോഭണം വിജയിച്ചെങ്കിലും അതിന്റെ ഫലം കത്തോലിക്കർക്ക് ലഭിക്കുകയുണ്ടായില്ല. പൗരസമത്വവാദപ്രക്ഷോഭണംകൊണ്ട് നേട്ടമുണ്ടായത് ഗവർണ്ണറും മാദാമ്മയും ഉൾപ്പെട്ടിരുന്ന പ്രോട്ടസ്റ്റന്റ് മതവിഭാഗത്തിനും അവരോടൊട്ടിനിന്നിരുന്ന മാർത്തോമ്മാക്കാർ മുതലായ വിഭാഗങ്ങൾക്കുമായി ചുരുങ്ങിപ്പോയി. ക്രിസ്ത്യാനികൾ എന്ന സമൂഹത്തിൽ സി.എം.എസ്.കാരെയും എൽ.എം.എസുകാരെയും മാർത്തോമ്മാക്കാരെയും മാത്രമേ അന്നത്തെ ഗവണ്മെന്റ് കണക്കാക്കിയിരുന്നുള്ളു. ആ സ്ഥിതിവിശേഷം മാറ്റിയെടുക്കുന്നതിനുവേണ്ടി നിരന്തരം പ്രവർത്തിച്ച ഒരു മഹാനായിരുന്നു എം.എം. വർക്കി. വർക്കിയുടെ പത്രാധിപത്യത്തിൽ തിരുവനന്തപുരത്തു നിന്നു പുറപ്പെട്ടിരുന്ന കേരളദാസൻ, ദാസൻ, യുവഭാരതി പത്രങ്ങൾ വഴിയും മറ്റുവിധത്തിലും വർക്കി ചെയ്തിട്ടുള്ളടത്തോളം പ്രയോജനകരമായ സമുദായ സേവനം മറ്റേതെങ്കിലും വ്യക്തിയോ സ്ഥാപനമോ ചെയ്തിട്ടുണ്ടെന്നു തോന്നുന്നില്ല. അദ്ദേഹത്തിന്റെ പ്രോജ്ജ്വലങ്ങളായ മുഖപ്രസംഗങ്ങളും ലേഖനങ്ങളും സമർത്ഥമായ നേതൃത്വവും കത്തോലിക്കരിൽ അദൃഷ്ടപൂർവ്വമായ ഒരു രാഷ്ട്രീയോത്തേജനം സംജാതമാക്കി. അദ്ദേഹം തന്റെ പത്രങ്ങളിൽ തുടരെ തുടരെ പ്രസിദ്ധം ചെയ്തുകൊണ്ടിരുന്ന സ്ഥിതിവിവരക്കണക്കുകൾ കത്തോലിക്കരുടെയെന്നപോലെ അധികാരികളുടെയും കണ്ണ് തുറപ്പിക്കുന്നതിന് കാരണമായി.

ഇതേതുടർന്ന് തിരുവിതാംകൂർ മഹാരാജാവിന് നാലുമെമ്മോറിയൽ സമർപ്പിക്കപ്പെട്ടു. കത്തോലിക്കരെ പ്രത്യേക സമുദായമായി അംഗീകരിക്കുന്നതിനും പ്രധാന തസ്തികകളിൽ കത്തോലിക്കർക്ക് പ്രാതിനിദ്ധ്യം ലഭിക്കുന്നതിനുവേണ്ടി സമർപ്പിച്ച നിവേദനം ആയിരുന്നു അതിൽപ്രധാനം. പബ്ലിക് സർവ്വീസിലെ സമുദായത്തിന്റെ ശോച്യമായ അവസ്ഥയെ ചൂണ്ടിക്കാണിച്ചുകൊണ്ട് രണ്ടാമത് സമർപ്പിച്ച മെമ്മോറിയൽ എല്ലാ വിഭാഗക്കാരുടെയും ശ്രദ്ധപിടിച്ചു പറ്റുന്നതിനിടയായി. ഈ രണ്ട് മെമ്മോറാണ്ടങ്ങളും ചേർന്ന് തിരുവിതാംകൂർ പബ്ലിക് സർവ്വീസും കത്തോലിക്കരുടെ അവകാശങ്ങളും എന്ന പേരിൽ ഒരു പുസ്തകം എം.എം. വർക്കി പ്രസദ്ധീ

www.malankaralibrary.com

കരിച്ചു. അന്ന് ദിവാനായിരുന്ന വാട്സ് വിദ്യാഭ്യാസ ഡയറക്ടർ മി.സി.വി. ചന്ദ്രശേഖരനോട് പറയുകയുണ്ടായി "Where was I go, I see only the book "Catholic Claims" who ever I meet they talk about the Catholic claims who is the wonderful author of this Catholic Claims"

രാജ്യത്തെ സമുന്നതമായ നീതിന്യായപീഠത്തിൽ ഹൈക്കോടതിയിൽ ഒരു കത്തോലിക്കനെ നിയമിച്ചു കിട്ടുവാൻ നടത്തിയ നിവേദനമായിരുന്നു മൂന്നാമത്തേത്. അതിന്റെ ഫലമായിട്ടാണ് ജോസഫ് തളിയത്തിനെ ഹൈക്കോടതി ജഡ്ജിയായി നിയമിച്ചത്.

സർക്കാർ സർവ്വീസിലെ വിവിധ വകുപ്പുകളിൽ വിവിധ സമുദായങ്ങൾക്ക് ലഭിച്ചിട്ടുള്ള പ്രാതിനിദ്ധ്യ സ്വഭാവം കാണിക്കുന്ന വളരെയേറെ പട്ടികകൾ സഹിതം സമർപ്പിച്ച നിവേദനമാണ് നാലാമത്തേത്.

ഈ നാലുനിവേദനങ്ങൾകൊണ്ടും ഭാഗികമായി കുറേ നേട്ടങ്ങൾ ഉണ്ടാക്കുവാൻ സാധിച്ചു. എന്നാൽ അതിനുശേഷം 1931 നവംബർ 26–ാം തീയതി തിരുവിതാകൂർ മഹാരാജാവിന് മറ്റൊരു നിവേദനം സമർപ്പിച്ചു. ഏതാണ്ട് ഡമ്മി 1/8 സൈസ് 132 പേജ് ഉള്ള ഈ മെമ്മോറാണ്ടം അച്ചടിച്ച് സമർപ്പിക്കുകയാണ് ചെയ്തത്. തിരുവിതാംകൂറിലെ ഓരോ സമുദായത്തിന്റെയും ജനസംഖ്യ എടുത്തു കാണിച്ച് തിരുവിതാംകൂറിലെ 22 ഡിപ്പാർട്ട്മെന്റുകളിൽ ഓരോ സമുദായത്തിനും ലഭിച്ചിരിക്കുന്ന സ്ഥാനം ചൂണ്ടിക്കാണിച്ചുകൊണ്ട് സമർപ്പിച്ച ഈ നിവേദനം ഇന്ത്യമുഴുവൻ ശ്രദ്ധേയമായി.

സർക്കാർ സർവ്വീസിൽ ഉയർന്ന ജാതികളിൽപ്പെട്ടവർക്ക് മാത്രമായിരുന്നു പ്രവേശനം ലഭിച്ചിരുന്നത്. അതിനെതിരെയുള്ള സമരമാണ് തിരുവിതാംകൂറിൽ നിരന്തരം നടന്നുകൊണ്ടിരുന്നത്. അധഃസ്ഥിത വിഭാഗങ്ങൾക്ക് നീതിന്യായ കോടതിയിലോ സർക്കാർ ആഫീസുകളിലോ പ്രവേശനം ലഭിച്ചിരുന്നില്ല. ഈ സാഹചര്യത്തിൽ 1932 ഒക്ടോബർ പതിനഞ്ചാം തീയതി തിരുവിതാംകൂർ മഹാരാജാവിന് ഒരു നിവേദനം സമർപ്പിച്ചു. ചരിത്രം സൃഷ്ടിച്ച ഒരു നിവേദനമായിരുന്നു അത്. ആ നിവേദനത്തെപ്പറ്റി അല്പം വിശദീകരിക്കാം.

പൗരാവകാശങ്ങൾ നേടിയെടുക്കുന്നതിനും അവശതകൾ പരിഹരിക്കുന്നതിനും പുറമേ നിന്നുള്ള പ്രക്ഷോഭണത്തോടൊപ്പം പ്രതിനിധി സഭകളിൽ കയറിപ്പറ്റി അവിടെന്നിന്നുകൂടി വാദിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് കത്തോലിക്കാ സമുദായം മനസ്സിലാക്കി. പക്ഷേ അന്നത്തെ വോട്ടവകാശ സമ്പ്രദായവും നിയോജക മണ്ഡലവിഭജനവും കത്തോലിക്കർക്ക്

www.malankaralibrary.com

അർഹമായ പ്രാതിനിധ്യം ലഭിക്കത്തക്കതരത്തിലല്ലായിരുന്നു. പോരെങ്കിൽ തിരഞ്ഞെടുപ്പു കാലത്ത് തിരുവിതാംകൂറിൽ വർഗ്ഗീയത കൊടികുത്തി വാഴുകയും ചെയ്തിരുന്നു. അതിനാൽ നിയമസഭകളിൽ കടന്നുകൂടാൻ സാധിച്ചവർ ജനസംഖ്യാനുപാതികമായ പ്രാതിനിധ്യത്തിനുവേണ്ടി ഉഗ്രസമരം നടത്തിയിരുന്നു. നിയമസഭയിൽ കടന്നുകൂടിയ നേതാക്കളെ സമരരംഗത്തേക്ക് തള്ളിവിടാനും അതിനാവശ്യമായ രേഖകൾ തയ്യാറാക്കി നൽകുന്നതിലും എം. എം. വർക്കിയാണ് മുന്നിൽ നിന്ന് പ്രവർത്തിച്ചത്.

ഈ പ്രക്ഷോഭണത്തിന് നേതൃത്വം നൽകിയ ഇലഞ്ഞിക്കൽ തര്യത് കുഞ്ഞിത്തൊമ്മൻ ഇതരസമുദായങ്ങളുടെ മാത്രമല്ല സ്വന്തസമുദായത്തിൽപ്പെട്ടവരുടെ പോലും പരിഹാസത്തിനും പാത്രീഭവിച്ചിരുന്നു. അതൊന്നും കുഞ്ഞിത്തൊമ്മനെ തന്റെ പ്രവർത്തനത്തിൽ നിന്നു പിന്തിരിപ്പിച്ചില്ല. നിയമസഭാ പ്രവർത്തനത്തിനുവേണ്ടി നടന്ന സമരത്തെപ്പറ്റി പറയുന്നതിനുമുമ്പ് തിരുവിതാംകൂറിലെ നിയമസഭകളെപ്പറ്റി അല്പം പ്രതിപാദിക്കേണ്ടിയിരിക്കുന്നു.

ഇന്ത്യയിലെ നാട്ടുരാജ്യങ്ങളുടെ ചരിത്രത്തിലാദ്യമായി ഒരു നിയമനിർമ്മാണസഭ ആരംഭിച്ചത് തിരുവിതാംകൂറിലാണ്. 1888-ൽ ആരംഭിച്ച നിയമനിർമ്മാണസഭ ലജിസ്ലേറ്റീവ് കൗൺസിൽ എന്ന പേരിലാണ് അറിയപ്പെട്ടത്. അഖിലേന്ത്യാതലത്തിൽ തിരുവിതാംകൂറിനു പ്ശസ്തി നേടിക്കൊടുത്ത നിയമനിർമ്മാണ സഭയുടെ രൂപീകരണം പൗരാവകാശ ലബ്ധിക്കുവേണ്ടിയുള്ള പ്രക്ഷോഭണം നടത്തുവാൻ തിരുവിതാംകൂർ ജനതയ്ക്കു പ്രചോദനം നൽകിയെന്നു പറയാം. അഞ്ചു ഗവണ്മെന്റ് ഉദ്യോഗസ്ഥന്മാരും മൂന്ന് അനുദ്യോഗസ്ഥാംഗങ്ങളും ഉൾപ്പെടെ 8 പേരായിരുന്നു സഭയിലെ അംഗങ്ങൾ തിരഞ്ഞെടുപ്പു തത്ത്വം അംഗീകരിച്ചിരുന്നുമില്ല. കൂടുതൽ അധികാരത്തിനു വേണ്ടിയുള്ള ജനങ്ങളുടെ മുറവിളി ഉയർന്നുകൊണ്ടിരുന്നു. തൽഫലമായി 1898-ൽ നിയമനിർമ്മാണസഭ പരിഷ്കരിച്ചു. 22 വർഷക്കാലം പരിഷ്കരണത്തിനു വിധേയമാകാതെ ആ നിയമനിർമ്മാണസഭ നിലകൊണ്ടു. ഇതേസമയം 1904-ൽ 100 അംഗങ്ങളുള്ള ശ്രീമൂലം പ്രജാസഭ രൂപവത്ക്കരിക്കുകയും പ്രജാസഭയിലെ 77 അംഗങ്ങൾ തിരഞ്ഞെടുക്കപ്പെട്ടവരായിരിക്കണമെന്നു വ്യവസ്ഥ ചെയ്യുകയും ചെയ്തു. തെരഞ്ഞെടുപ്പു തത്ത്വം അംഗീകരിച്ചത് ജനാധിപത്യത്തിലേക്കുള്ള വലിയൊരു കാൽവയ്പ്പായിട്ടാണ് ഇന്ത്യമുഴുവൻ ദർശിച്ചത്. നിവേദന സമർപ്പണത്തിനുള്ള അവകാശമല്ലാതെ മറ്റു യാതൊരു അവകാശവും സഭയിലെ അംഗങ്ങൾക്ക് ഉണ്ടായിരുന്നില്ല. അധികം താമസിയാതെ ശ്രീമൂലം പ്രജാസഭ നിറുത്തിക്കളഞ്ഞു. ലജിസ്ലേറ്റീവ് കൗൺസിലിന് കുടുതൽ അധികാരം വേണമെന്ന മുറവിളി ഉയർന്നുകൊണ്ടിരുന്നു. തന്മൂലം 1920-ൽ നിയമനിർമ്മാണസഭ വീണ്ടും പരിഷ്കരിച്ചു. ഗവണ്മെന്റിന്റെ ബഡ്ജറ്റിനെപ്പറ്റി ചർച്ച ചെയ്യുവാനും നിയമസഭയിൽ ചോദ്യങ്ങൾ ചോദിക്കുവാനുമുള്ള അവകാശം അംഗങ്ങൾക്കു ലഭിച്ചു. കൂടുതൽ അധികാര

www.malankaralibrary.com

ങ്ങൾക്കുവേണ്ടിയുള്ള പ്രക്ഷോഭണം വീണ്ടും തുടർന്നു. തൽഫലമായി തിരഞ്ഞെടുപ്പുവഴി അനുദ്യോഗസ്ഥ ഭൂരിപക്ഷമുള്ള ഒരു നിയസഭ 1921-ലെ ഭരണപരിഷ്കാരത്തോടു കൂടി നിലവിൽ വന്നു. 1932-വരെ ആ പരിഷ്കാരം നിലനിന്നു. അതിനിടെ നാല് തിരഞ്ഞെടുപ്പുകൾ നടന്നു. കരംതീരുവയുടെ അടിസ്ഥാനത്തിലായിരുന്നു വോട്ടവകാശം. നിയമസഭാ പ്രാതിനിധ്യം പൗരന്മാരിൽ രണ്ടര ശതമാനത്തിനു മാത്രമേ ലഭ്യമാകുകയുള്ളുവെന്ന വസ്തുത ഈ തിരഞ്ഞെടുപ്പുകളിൽ നിന്നു വ്യക്തമായി. അന്നത്തെ സമ്മതിദാന യോഗ്യതയും നിയോജക മണ്ഡലവിഭജനവും പൊതുവെ വളരെ തുച്ഛമായ ഒരു വിഭാഗത്തിനുമാത്രം പൗരാവകാശം ലഭിക്കത്തക്കതായിരുന്നുവെന്നതിനും പുറമെ ആ ചെറിയ വിഭാഗം തന്നെ സാമുദായികമായി സവർണ്ണ ഹിന്ദുക്കളിൽ മാത്രം ഉൾപ്പെടുന്നവരുമായിരുന്നുവെന്ന് അനുഭവപ്പെട്ടു.

1922, 1925, 1928, 1931 എന്നീ വർഷങ്ങളിൽ നടന്ന തിരഞ്ഞെടുപ്പിൽ ലഭിച്ച സീറ്റുകൾ താഴെകാണുന്ന പട്ടികയിൽ നിന്ന് വിശദമാകും

| | ആകെ ജനസംഖ്യ | ലഭിച്ചസീറ്റ് | | | |
|---|---|---|---|---|---|
| | 50.59 ലക്ഷം | 1922 | 1925 | 1928 | 1931 |
| നായന്മാർ | 8.68 ലക്ഷം | 12 | 13 | 14 | 15 |
| ക്രസ്ത്യാനി | 16.04 | 7 | 7 | 6 | 4 |
| ഈഴവർ | 8.69 | 0 | 0 | 0 | 0 |
| മുസ്ലിം | 3.53 | 0 | 0 | 1 | 0 |
| മറ്റു സവർണ്ണഹിന്ദുക്കൾ | 4.79 | 4 | 3 | 2 | 3 |
| മറ്റു അവർണ്ണ ഹിന്ദുക്കൾ | 9.17 | 0 | 0 | 0 | 1 |

വെറും 8.68 ലക്ഷം ജനസംഖ്യയുള്ള നായന്മാർക്ക് 4 തിരഞ്ഞെടുപ്പുകളിലും യഥാക്രമം 12,13,14, 15 സീറ്റുകൾ ലഭിച്ചപ്പോൾ അവരുടെ ഇരട്ടി ജനസംഖ്യയുടള്ള ക്രിസ്ത്യാനികൾക്ക് യഥാക്രമം 7, 7, 6, 4 എന്നീ ക്രമത്തിലായിരുന്നു സീറ്റുകൾ ലഭിച്ചത് നായന്മാരേക്കാൾ കൂടുതൽ അംഗങ്ങളുള്ള ഈഴവർക്ക് 4 തിരഞ്ഞെടുപ്പുകളിലും ഒരൊറ്റ സ്ഥാനാർത്ഥിയെപ്പോലും ജയിപ്പിക്കാൻ സാധിച്ചില്ല. പിന്നീട് നേട്ടം കൊയ്തത് സവർണ്ണ ഹിന്ദുക്കൾ ആണ്. മുസ്ലീംങ്ങളുടെയും മറ്റ് അവർണ്ണ ഹിന്ദുക്കളുടെയും നില എത്ര ദയനീയമായിരുന്നുവെന്ന് ഈ ചാർട്ടിൽ നിന്നും മനസിലാക്കാം. അന്നത്തെ നിയോജക മണ്ഡലവിഭജനവും വോട്ടവകാശ രീതിയും നായന്മാർക്കും സവർണ്ണ ഹിന്ദുക്കൾക്കും മാത്രം പ്രവേശനം ലഭിക്കുന്ന രീതിയിലായിരുന്നു.

ഈ കാലഘട്ടത്തിലെ സർക്കാർ സർവ്വീസിലെ പ്രാതിനിധ്യം താഴെ പറയുന്ന വിധമായിരുന്നു. 16.04 ലക്ഷമുള്ള ക്രിസ്ത്യാനികളിൽ നിന്നും 4042

www.malankaralibrary.com

ഉദ്യോഗസ്ഥന്മാർ സർവ്വീസിൽ ഉണ്ടായിരുന്നപ്പോൾ 8.68 ലക്ഷമുള്ള നായന്മാരിൽ നിന്ന് 13435 പേർ സർക്കാർ സർവ്വീസിൽ ഉണ്ടായിരുന്നു. 4.79 ലക്ഷമുള്ള സവർണ്ണ ഹിന്ദുക്കളിൽ നിന്നും 5257 പേരും ജോലിക്കാരായിരുന്നു. അതേസമയം 8.69 ലക്ഷമുള്ള ഈഴവരിൽ നിന്നും 913 പേരും 3.53 ലക്ഷമുള്ള മുസ്ലിംങ്ങളിൽ നിന്നും വെറും 613 പേരും 9.17 ലക്ഷമുണ്ടായിരുന്ന അധഃകൃതരിൽ നിന്നും 422 പേരും 0.03 ലക്ഷമുള്ള മറ്റു ജാതിക്കാരിൽനിന്നും വെറും 83 പേരും മാത്രമാണ് സർക്കാർ സർവ്വീസിലുണ്ടായിരുന്നത്.

ക്രൈസ്തവർ, ഈഴവർ മുസ്ലീംങ്ങൾ, മറ്റ് അധഃകൃതജാതിക്കാർ തുടങ്ങിയ വിഭാഗങ്ങൾക്ക് പ്രതിനിധി സഭകളിലും സർക്കാർ സർവ്വീസിലും ന്യായമായി ലഭിക്കേണ്ട അവകാശങ്ങൾ നിഷേധിക്കപ്പെട്ടിരുന്നുവെന്ന് മേൽ വിവരിച്ച സ്ഥിതിവിവരക്കണക്കുകൾ വെളിപ്പെടുത്തുന്നു.

1932-ൽ ശ്രീ ചിത്തിര തിരുനാൾ ബാലരാമവർമ്മ മഹാരാജാവ് അധികാരം ഏറ്റെടുത്തു. അദ്ദേഹം സർ. സി.പി.യെ തന്റെ ഉപദേഷ്ടാവായി നിശ്ചയിച്ചു. റീജൻസി ഭരണകാലത്ത് റീജൻസി ഭരണം അവസാനിപ്പിക്കുവാൻ ജൂണിയർ മഹാറാണിയുടെ താല്പര്യപ്രകാരം നായന്മാരുടെ നേതൃത്വത്തിൽ നടന്ന ഒപ്പിടീൽ പ്രസ്ഥാനത്തിൽ സഹകരിക്കണ്ടായെന്ന് കത്തോലിക്കാ കോൺഗ്രസ് തീരുമാനിച്ചു. വൈരാഗ്യബുദ്ധിയോടെയാണ് ജൂണിയർ മഹാറാണിയും സർ.സി.പി.യും കത്തോലിക്കരുടെ ഈ നടപടിയെ കണ്ടത്. 1932 ജൂൺ രണ്ടിന് പ്രഖ്യാപിച്ച ഭരണപരിഷ്കാരവും ക്രിസ്ത്യൻ ഈഴവ മുസ്ലീം സമുദായ താല്പര്യങ്ങൾക്ക് ഗുണകരമല്ലെന്ന് കേരളത്തിലെ ജനസമുദായങ്ങൾക്ക് ബോധ്യമായി.

ഈ അവഗണനകൾ അവസാനിപ്പിക്കണമന്നാവശ്യപ്പെട്ടുകൊണ്ട് 1932 ഒക്ടോബർ 15-ന് കവടിയാർ കൊട്ടാരത്തിലെത്തി ശ്രീചിത്തിര തിരുനാൾ മഹാരാജാവിന് ഒരു നിവേദനം സമർപ്പിച്ചു. 1921 -മുതൽ 1931 -വരെ നടന്ന നാലു തിരഞ്ഞെടുപ്പു ഫലങ്ങളെ അവലോകനം ചെയ്തുകൊണ്ട് ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം എല്ലാ സമുദായങ്ങൾക്കും നിയമനിർമ്മാണ സഭകളിൽ ലഭ്യമാക്കണമെന്നായിരുന്നു മെമ്മോറാണ്ടത്തിന്റെ രത്നച്ചുരുക്കം. ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം എല്ലാ സമുദായങ്ങൾക്കും കൊടുക്കേണ്ടതാണെന്ന തത്ത്വത്തെ അടിസ്ഥാനമാക്കി ബഹുഅംഗ നിയോജക മണ്ഡലങ്ങളിൽ സീറ്റുകൾ റിസർവ്വു ചെയ്യണമെന്ന സൃഷ്ടിപരമായ ഒരു പരിഷ്കാരപദ്ധതിയും കത്തോലിക്കാ കോൺഗ്രസ് ഈ നിവേദനത്തിലൂടെ സമർപ്പിച്ചിരുന്നു.

തിരുവിതാംകൂറിലെ രാഷ്ട്രീയ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനായി അഖിലകേരള കത്തോലിക്കാ കോൺഗ്രസ് രൂപീകരിച്ച തിരുവിതാംകൂർ സ്റ്റേറ്റ് കത്തോലിക്കാ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ പ്രസിഡന്റ് എൻ.വി. ജോസഫ്, സെക്രട്ടറി എ.സി. കുര്യാക്കോസ്, എ.ജെ. ജോൺ,

www.malankaralibrary.com

ഇ.പി. വർഗ്ഗീസ്, ജോസഫ് ചാഴികാടൻ എന്നിവർ ചേർന്നാണ് ചരിത്രപ്രസിദ്ധമായ ആ നിവേദനം സമർപ്പിച്ചത്. അതേവരെ നിയമസഭാപ്രാതിനിധ്യത്തിനായി തിരുവിതാംകൂറിലെ പല സമുദായങ്ങളും നിവേദനങ്ങളും മെമ്മോറാണ്ടങ്ങളും സമർപ്പിച്ചിട്ടുണ്ട്. എങ്കിലും അവയെല്ലാം അവരവരുടെ സമുദായ പ്രാതിനിധ്യം മാത്രമാണ് ആവശ്യപ്പെട്ടത്. എന്നാൽ കത്തോലിക്കാ കോൺഗ്രസാണ് എല്ലാ സമുദായങ്ങൾക്കും ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം വേണമെന്ന് ആദ്യമായി ആവശ്യപ്പെട്ടത്. ഇന്ത്യ മുഴുവൻ പ്രശംസ പിടിച്ചുപറ്റിയ നിവേദനമായിരുന്നു അത്. തിരുവിതാംകൂർ സംസ്ഥാനിക കത്തോലിക്കാ കോൺഗ്രസിന്റെ നിവേദനത്തിന് അനുകൂലമായ ഒരു മറുപടിപോലും സർക്കാർ ഭാഗത്തുനിന്നും തരികയുണ്ടായില്ല. കത്തോലിക്കാ കോൺഗ്രസിന്റെ ഈ നടപടി അവശസമുദായങ്ങളെ ഒന്നിപ്പിച്ച് വലിയ ജനകീയ മുന്നേററത്തിന് കളമൊരുക്കി. അവർ സംയുക്ത രാഷ്ട്രീയ കോൺഗ്രസ് രൂപീകരിച്ചു.

ചരിത്ര പ്രസിദ്ധമായ ഈ നിവേദനം തയ്യാറാക്കുന്നതിലും ശ്രീ. എം.എം വർക്കി തന്നെയാണ് നേതൃത്വം നൽകിയത്.

തിരുവിതാംകൂറിലെ ഓരോ സമുദായവും അതതു സമുദായങ്ങളുടെ മാത്രം താൽപര്യം സംരക്ഷിക്കുവാൻ ശ്രമിച്ചിരുന്ന ഒരു കാലഘട്ടത്തിലാണ് എല്ലാ സമുദായങ്ങളുടെയും താൽപര്യം സംരക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കത്തോലിക്കാ കോൺഗ്രസ് മഹാരാജാവിന് നിവേദനം സമർപ്പിച്ചത്. ആ നിവേദനത്തിലെ ഉള്ളടക്കം ഇന്ത്യ ഒട്ടാകെ പ്രശംസിക്കപ്പെട്ടു. കത്തോലിക്കാ കോൺഗ്രസ്സിന്റെ ഈ നടപടി അവശസമുദായങ്ങളെ മുഴുവൻ ഒന്നിപ്പിക്കുന്നതിന് സഹായകമായി. തിരുവിതാംകൂറിലെ രാഷ്ട്രീയ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് പരമാധികാരത്തോടുകുടി രൂപീകരിച്ച സംസ്ഥാനിക കത്തോലിക്കാ കോൺഗ്രസ് അവശസമുദായങ്ങളുടെ ഒരു സമ്മേളനം ഈ വിഷയത്തെപ്പറ്റി ചർച്ച ചെയ്യുവാൻ വിളിച്ചു കൂട്ടുന്നതിന് കളമൊരുക്കി. അവശ സമുദായങ്ങളുടെ യോഗം വിളിച്ചു കൂട്ടുന്നതിൽ ശ്രീ. എം.എം. വർക്കി നിർണ്ണായകമായ പങ്കു വഹിച്ചു. 1108 ധനു മൂന്നാം തീയതി (1932 ഡിസംബർ) തിരുവനന്തപുരം എൽ.എം. എസ് ഹാളിൽ ചേർന്ന യോഗത്തിൽ സാംസ്ഥാനിക കത്തോലിക്കാ കോൺഗ്രസ്, ലത്തീൻ കത്തോലിക്കാ മഹാജനസഭ, യാക്കോബായ മാർത്തോമ്മാ സഭകളിലെ പ്രതിനിധികൾ, ക്രൈസ്തവ സേവകസമിതി, ദക്ഷിണ തിരുവിതാംകൂർ ക്രിസ്ത്യൻ അസോസിയേഷൻ, എസ്.എൻ.ഡി.പി. യോഗം, മുസ്ലീം സർവ്വീസ് ലീഗ്, മുസ്ലീം അസോസിയേഷൻ തുടങ്ങിയ സംഘടനകളിലെ പ്രതിനിധികൾ പങ്കുകൊണ്ടു. പ്രസ്തുതു യോഗം താഴെ കാണുന്ന പ്രമേയം അംഗീകരിച്ചു. "തിരുവിതാംകൂർ സംസ്ഥാനത്തെ നിയമസഭയുടെ രണ്ടു

www.malankaralibrary.com

മണ്ഡലങ്ങളിലും വിവിധ സമുദായങ്ങൾക്ക് അവരുടെ സംഖ്യാബലമനുസരിച്ച് സ്ഥാനങ്ങൾ ക്ലിപ്തപ്പെടുത്തി കൊടുക്കേണ്ടതാണ്." മറ്റൊരു പ്രമേയം വഴി സമസ്ത തിരുവിതാംകൂർ രാഷ്ട്രീയസമിതി രൂപീകരിക്കാൻ തീരുമാനമെടുക്കുകുയം ചെയ്തു. തുടർന്ന് സംയുക്ത സമുദായ നേതാക്കൾ പുറപ്പെടുവിച്ച പ്രസ്താവനയിൽ "നമ്മുടെ രാഷ്ട്രീയ ആവശ്യങ്ങളുടെ സംസ്ഥാപനത്തിനുവേണ്ടി നാം അടുത്തുവരുന്ന തിരഞ്ഞെടുപ്പുകളിൽ നിസ്സഹകരിക്കുവാൻ നിർബന്ധിതരായിത്തീരാവുന്നതുമാണ്" എന്നു പറയുകയും ചെയ്തിരുന്നു. സംയുക്ത സമുദായ നേതാക്കളുടെ പ്രസ്താവനയിലെ ഈ വാചകം പിന്നീടുണ്ടായ നിവർത്തന പ്രമേയത്തിന്റെ വിത്തു തന്നെയായിരുന്നു. എൽ.എം.എസ്സ്. ഹാളിൽ സമ്മേളിച്ച സംയുക്ത കക്ഷികൾ അവശ സമുദായങ്ങളുടെ ഭാവി നടപടിയെപ്പറ്റി അവസാന നിശ്ചയം ചെയ്യുംവരെ നിയമസഭാ തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളാകാൻ ആഗ്രഹിക്കുന്നവർ ആ ശ്രമങ്ങളിൽ നിന്നും പിന്തിരിയണമെന്ന് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ ആ അഭ്യർത്ഥനയെ മാനിക്കാതെ അസമത്വസമുദായങ്ങളിലെ അവസരവാദികൾ സ്ഥാനാർത്ഥികളായി രംഗപ്രവേശം ചെയ്യുവാൻ തുടങ്ങി. ആ സന്ദർഭത്തിൽ ജനുവരി ആറാം തീയതി ദീപികയുടെ മുഖപ്രസംഗത്തിൽ ഇങ്ങനെ എഴുതി. "...... എന്നാൽ അസമത്വസമുദായങ്ങൾക്ക് ഉന്നതസ്ഥാനങ്ങളിലുള്ള സ്വാധീനക്കുറവും ഈ സമുദായങ്ങളുടെ ഓഹരികൂടി കൈയിൽ വച്ച് അനുഭവിച്ചുവരുന്നവരുടെ രീതിയും ആലോചിച്ചാൽ ഇതിൽ അധികമൊന്നും ആശ്ചര്യപ്പെടുവാനില്ല. അസമത്വ സമുദായങ്ങൾ ഏകോപിച്ചുനിന്നു പ്രക്ഷോഭണം നടത്തുന്നപക്ഷം ഇന്നത്തെ ദുരനുഭവം നീണ്ടു നിൽക്കുകയില്ല. വിജയത്തിനുള്ള കാലം അത്യാസന്നമാക്കാമെന്നുള്ളതിൽ തെല്ലും സംശയിക്കേണ്ടതില്ല. ഏതാദൃശ്യമായ ഒരു സന്ദർഭത്തിൽ അസമത്വസമുദായങ്ങളിൽപ്പെട്ട ആളുകൾ പ്രതിനിധിസഭകളിലേക്ക് സ്ഥാനാർത്ഥികളായി തുടരെ മുന്നോട്ടുവരികയും പ്രയത്നം നടത്തുകയും ചെയ്യുന്നത് കഷ്ടമെന്നേ പറയേണ്ടതുള്ളു. തങ്ങൾക്കു ശരിയായ പ്രാതിനിദ്ധ്യമില്ലാത്ത സഭയിൽ സംബന്ധിക്കുവാൻ ബദ്ധപ്പെടുന്നത് ഗുണത്തിലധികം ദോഷത്തിനാണ് ഇടവരുത്തുന്നതെന്നുള്ള വസ്തുതയെ സ്ഥാനാർത്ഥികളിൽ ഒരു കൂട്ടർ തീരെ വിസ്മരിച്ചുകളയുന്നു.... അസമത്വസമുദായങ്ങളുടെ പ്രക്ഷോഭണത്തിന്റെ അടുത്തപടി എന്തായിരിക്കുമെന്നുള്ളത് ഗവണ്മെന്റിൽ നിന്നും ഇതിനു ലഭിക്കുന്ന മറുപടിയെ ആശ്രയിച്ചിരിക്കുമെന്ന് എല്ലാവരും ധരിച്ചിരിക്കേണ്ടതാണ്. വെറും നീതിക്കു വേണ്ടിയുള്ള ഈ പ്രക്ഷോഭണം ഗവണ്മെന്റ് നിർദ്ദയം അവഗണിക്കാനാണു ഭാവമെങ്കിൽ പ്രതിനിധി സഭകളോടു പരിപൂർണ്ണമായി നിസ്സഹകരിക്കേണ്ട ഒരു പതനത്തിൽ അസമത്വ സമുദായങ്ങൾ എത്താതിരിക്കുകയില്ല.... അസമത്വസമുദായങ്ങൾ ഇപ്പോഴത്തേതുപോലെ ഏകോപിപ്പിച്ചും ഊർജ്ജിതമായും പ്രവർത്തിക്കുന്ന പക്ഷം അവരുടെ അവകാശവാദത്തിനു സാഫല്യം സിദ്ധിക്കുവാൻ അധികകാലവിളംബമൊന്നും വേണ്ടിവരുകയില്ല നിശ്ചയം."

www.malankaralibrary.com

എൽ.എം.എസ്സ്. ഹാളിൽ ചേർന്ന വിവിധ സമുദായ സംഘടനാ പ്രതിനിധികളുടെ തീരുമാനമനുസരിച്ച് ജനുവരി ഒൻപതാം തീയതി സംയുക്ത കക്ഷികൾ ദിവാൻജിയെ കണ്ട് വീണ്ടും നിവേദനം നടത്തി. നിവേദനത്തിന് അധികം താമസിക്കാതെ മറുപടി ലഭിച്ചു. റഗുലേഷനിൽ കാര്യമായ വ്യത്യാസമൊന്നും വരുത്താൻ സാദ്ധ്യമല്ലെന്നായിരുന്നു മറുപടി. ശ്രീ. കെ.റ്റി. തോമസ് ഈ മറുപടി ലഭിച്ചപ്പോൾ താഴെ കാണുന്ന കത്ത് അയച്ചു.

"ക്രിസ്ത്യൻ ഈഴവ സംയുക്തസമ്മേളന നിശ്ചയപ്രകാരമുള്ള ഡപ്യൂട്ടേഷൻ ദിവാൻജി അവർകൾക്കു മെമ്മോറിയൽ സമർപ്പിക്കുകയും ആയതിന് താമസംവിനാ മറുപടി ലഭിക്കുന്നതാണെന്നു പറയുകയുമുണ്ടായ വിവരം ഇതിനകം അറിഞ്ഞിരിക്കുമല്ലോ. എന്നാൽ നിയോജകമണ്ഡല വിഭജനം മാത്രം ഭേദപ്പെടുത്തുന്നതിലേക്ക് ഗവണ്മെന്റിൽ നിന്നും ഇപ്പോൾ തീരുമാനിച്ചിട്ടുള്ളതായും ആയതിലേക്കു ഗവണ്മെന്റിന്റെ ഇഷ്ടാനുസരണം ചിലരെ വിളിച്ചുവരുത്തി ആലോചന നടത്തുന്നതിന് ഒരുക്കമായിട്ടുള്ളതായുമാണ്അറിയുന്നത്. ഇപ്രകാരമുള്ള ഒരുക്കങ്ങൾ നമ്മുടെ വാദമുഖങ്ങൾക്കു മറുപടി ആയിട്ടെന്നപോലെ ചെയ്യുന്നതുകൊണ്ട് ഇനിയും അനന്തരകരണീയത്തെപ്പറ്റി വേണ്ടുംവണ്ണം ആലോചിച്ച് നമ്മുടെ ഭാവി പ്രവർത്തനപരിപാടികൾ രൂപീകരിക്കേണ്ടതാണെന്നുള്ളതുകൊണ്ടും അതേപ്പറ്റിയുള്ള തീരുമാനം സംയുക്തസമ്മേളനത്തിൽവച്ച് ചെയ്യേണ്ടതാണെന്നുള്ള കമ്മിറ്റിയുടെ തീരുമാനമനുസരിച്ചും സംയുക്ത ഡപ്യൂട്ടേഷന്റെ ആഗ്രഹപ്രകാരവും ഈ സംരംഭത്തിൽ പങ്കെടുക്കുന്ന സമുദായങ്ങളുടെ രാഷ്ട്രീയ സംഘങ്ങളാൽ നിയമിതരാകുന്നവരും ഇപ്പോൾ അവശസമുദായങ്ങളിൽ നിന്നും സ്ഥാനാർത്ഥികളായി നിൽക്കുന്നവരുമായവരുടെ ഒരു സംയുക്ത സമ്മേളനം തിരുവനന്തപുരത്തുവച്ച് 1108 മകരം പന്ത്രണ്ടാം തീയതി (1933 ജനുവരി 25) ഉച്ചയ്ക്ക് ഒരു മണിക്ക് സ്ഥലം എൽ.എം. എസ്സ് ലക്ചർ ഹാളിൽ കൂടണമെന്നു തീരുമാനിച്ചിരിക്കുന്നു. ആയതിലേക്ക് താങ്കളുടെ സാന്നിദ്ധ്യ സഹകരണങ്ങൾ ഉണ്ടാകണമെന്ന് സവിനയം പ്രാർത്ഥിച്ചുകൊള്ളുന്നു.

അവശ സമുദായങ്ങളുടെ പ്രക്ഷോഭണം കാട്ടുതീപോലെ ആളിക്കത്തുവാൻ തുടങ്ങുമ്പോളാണ് അവശസമുദായങ്ങളിലെ അവസരവാദികൾ കലങ്ങിയ വെള്ളത്തിൽ മീൻപിടിക്കുവാനായി ഇറങ്ങിത്തിരിച്ചത്. സ്ഥാനാർത്ഥികളായി രംഗപ്രവേശം ചെയ്തവരുടെ നേർക്ക് വിരൽ ചൂണ്ടിക്കൊണ്ട് 1933 ജനുവരി ഇരുപതാം തീയതി " അവസരം പാഴാക്കിയാൽ" എന്ന ശീർഷകത്തിൽ ദീപിക ഒരു മുഖപ്രസംഗം എഴുതി. ആ മുഖപ്രസംഗത്തിലെ ഏതാനും ഭാഗങ്ങൾ വായിക്കുക.

"രാഷ്ട്രീയാവശതകൾ പരിഹരിക്കുന്നതിനു യത്നിക്കുന്ന ജനവിഭാഗം ചില പ്രത്യേക സന്ദർഭങ്ങളിൽ ഉണർന്നു പ്രവർത്തിക്കേണ്ടതായുണ്ട്. തക്കതായ അവസരങ്ങൾ വന്നുചേരുമ്പോൾ പ്രക്ഷോഭണം നടത്തുകയും മറ്റു

www.malankaralibrary.com

സമയങ്ങളിൽ പ്രക്ഷോഭണം നടത്തുകയും ചെയ്യുന്നതു തമ്മിൽ വലിയ വ്യത്യാസമുണ്ട്. ഒരു കൂട്ടർ പുറപ്പെടുവിക്കുന്ന വാദം എത്ര ന്യായമുള്ളതായിരുന്നാലും ചില സന്ദർഭങ്ങൾ ഒത്തുചേരുമ്പോഴാണ് അവരുടെ വാദത്തിന് പ്രാബല്യമുണ്ടായി അതു കാര്യസാദ്ധ്യമാകുന്നത്. പുരാതനകാലം മുതൽ ഓരോ രാജ്യങ്ങളിൽ ചിലർ മറ്റുള്ളവരുടെ അവകാശങ്ങൾകൂടെ അനുഭവിക്കുകയും അവരെ ചവിട്ടിമെതിക്കുകയും ചെയ്തിട്ടുള്ള സ്ഥിതിവിശേഷങ്ങൾ ലോകത്തിൽ കാണാവുന്നതാണ്. അധഃസ്ഥിതർ കുറെക്കാലത്തേക്ക് അവശതകൾ അനുഭവിക്കുമെങ്കിലും മർമ്മസ്ഥാനമായ സന്ദർഭം വരുമ്പോൾ സർവ്വശക്തിയുപയോഗിച്ച് പ്രക്ഷോഭണം നടത്തി അവശതകൾ പരിഹരിക്കുന്നു. പുരാതന റോമാനഗര സംസ്ഥാനത്തിലെ 'പ്ലേബിയൻസ്" മുതൽ ഇങ്ങോട്ടുള്ള അവശതക്കാർ ചെയ്തിട്ടുള്ളത് മറ്റുള്ളവർക്കും മാതൃകയായിരിക്കേണ്ടതാണ്. സന്ദർഭം വരുമ്പോൾ പരിശ്രമിച്ച് ഒരു കൊല്ലത്തിനുള്ളിൽ സാധിക്കേണ്ട കാര്യം ആ അവസരം പാഴാക്കിയാൽ ആ ഒരു കൊല്ലത്തിന് പകരം ഒരു നൂറ്റാണ്ടായാലും സാദ്ധ്യമായെന്നു വരുന്നതല്ല. അസമത്വംഅനുഭവിക്കുന്ന സമുദായം യോജിച്ചുനിന്ന് പ്രക്ഷോഭണങ്ങൾ നടത്തേണ്ട സന്ദർഭം ഇതിനു മുമ്പ് ഉണ്ടായിട്ടുണ്ട്. എന്നാൽ അന്നൊക്കെയും തുല്യദുഃഖിതർ തന്നെ അവരവർക്കു രക്ഷകിട്ടുമെന്നു വ്യാമോഹിച്ച് പല തട്ടുകളിൽ നിന്നതിന്റെ ഫലമാണിതെന്ന് ഇപ്പോഴെങ്കിലും ബോദ്ധ്യമുണ്ടെന്നു തോന്നുന്നു. തിരുവിതാംകൂറിലെ ജനങ്ങൾ, ക്രിസ്ത്യാനികൾ, ഈഴവർ, മുഹമ്മദീയർ എന്നിവർ ഒന്നിച്ചുകൂടിയാൽ മഹാഭൂരിപക്ഷം വരുമെങ്കിലും അവർ യോജിച്ചു നിന്ന് ക്ഷോഭിക്കില്ലെന്നുള്ള ധൈര്യത്തിന്റെ കുടുതൽ കൊണ്ടാണ് ഇപ്പോഴത്തെ ഭരണപരിഷ്ക്കാരപദ്ധതി ഈ വിധത്തിൽ രൂപവൽക്കരിച്ചിരിക്കുന്നതെന്ന് പറയേണ്ടിയിരിക്കുന്നു. ഇത്ര വലിയ ഒരടി, ഇത്ര നഗ്നമായി എല്ലാവരേയും കൂട്ടിയടിച്ചിരിക്കുന്ന അവസരത്തിലെങ്കിലും അസമത്വക്കാർ യോജിച്ച് നിന്നു പ്രവർത്തിച്ചില്ലെങ്കിൽ ഇനി ഒരു കാലത്തും യോജിപ്പുണ്ടാവുകയില്ല. അസമത്വം അനുഭവിക്കുന്നവരുടെ അവശതകൾ പരിഹരിക്കപ്പെടുകയുമില്ല. അസമത്വസമുദായങ്ങൾ യോജിച്ചുനിന്ന് വല്ലതും ചില ആനുകൂല്യങ്ങൽ സ്വീകരിക്കുകയല്ല, അവശതകൾ പൂർണ്ണമായി പരിഹരിക്കപ്പെടുന്നതുവരെ തന്റേടത്തോടുകൂടി യത്നിക്കുകയാണു വേണ്ടത്. ഈ അവസരം പാഴാക്കിയാൽ ഭാവിയിൽ വളരെക്കാലത്തേക്കുകൂടെ അവശതകൾ അനുഭവിക്കാനുള്ള മാർഗ്ഗം ഇപ്പോഴേ ശരിയാക്കുകയാണ് ചെയ്യുന്നത്. ഇത് ആത്മഹൂതിക്ക് തുല്യമായ പ്രവൃത്തിയാണെന്ന് പറയേണ്ടിയിരിക്കുന്നു. ഈ ആപത്തിൽ തങ്ങളുടെ ഭാവി സന്താനങ്ങളെയും പതിക്കുവാൻ തിരുവിതാംകൂറിലെ അസമത്വസമുദായക്കാർ അത്രയ്ക്കു അന്ധതയുള്ളവരായിരിക്കുമോ?"

ശ്രീ. കെ.റ്റി. തോമസ് അയച്ച ക്ഷണക്കത്തിന്റെ വെളിച്ചത്തിൽ ജനുവരി 25-ന് ക്രൈസ്തവ, ഈഴവ, മുസ്ലീം സമുദായ പ്രതിനിധികൾ തിരുവ

www.malankaralibrary.com

നന്തപുരത്ത് എൽ.എം. എസ്സ്. ഹാളിൽ ചേർന്നു. ശ്രീ. ഇലഞ്ഞിക്കൽ ഇ. ജെ. ജോൺ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. രാഷ്ട്രീയമായ എല്ലാ പ്രശ്നങ്ങളും പരിഹരിച്ചു കിട്ടുന്നതുവരെ അസമത്വം അനുഭവിക്കുന്ന സമുദായക്കാർ നിയമസഭാ തിരഞ്ഞെടുപ്പുകളിൽ നിവർത്തനനയം അനുഷ്ഠിക്കണമെന്നുള്ള പ്രമേയം പ്രൗഢമായ ഒരു പ്രസംഗത്തോടുകൂടി ഇലഞ്ഞിക്കൽ തര്യതു കുഞ്ഞിത്തൊമ്മൻ അവതരിപ്പിച്ചു. മൂന്ന് സമുദായങ്ങളും കൂടി ചേർന്ന് സംയുക്ത രാഷ്ട്രീയ കോൺഗ്രസ് രൂപവത്ക്കരിക്കുകയും പ്രസിഡന്റായി ഇ.ജെ. ജോണും, ജനറൽ സെക്രട്ടറിയായി ശ്രീ. എൻ. വി. ജോസഫും ജോ. സെക്രട്ടറിമാരായി ശ്രീ.പി.കെ. കുഞ്ഞ്, സി. കേശവൻ, കെ.റ്റി. തോമസ് എന്നിവരും ഖജാൻജിയായി ശ്രീ. എ.വി. ജോർജ്ജും തിരഞ്ഞെടുക്കപ്പെട്ടു.

തിരുവനന്തപുരത്തു ചേർന്ന വിവിധ സമുദായ പ്രതിനിധികളുടെ യോഗം അംഗീകരിക്കുകയും ഓരോ സമുദായങ്ങളും പ്രത്യേകം പ്രത്യേകം പ്രമേയങ്ങൾ അംഗീകരിക്കുകയും ചെയ്യണമെന്ന് തീരുമാനിച്ചിരുന്നു. അതനുസരിച്ച് ആദ്യമായി യോഗം ചേർന്ന് നിവർത്തനപ്രമേയം അംഗീകരിച്ചത് തിരുവിതാംകൂർ സാംസ്ഥാനിക കത്തോലിക്കാ കോൺഗ്രസ്സ് ആയിരുന്നു. 1933 ഫെബ്രുവരി 15-ാം തീയതി പാലായിൽ ചേർന്ന സമ്മേളനം കേരള ചരിത്രത്തിലെ ഒരു സുപ്രധാന സംഭവമായിരുന്നു.

പാലാ സമ്മേളനത്തോടെ നിവർത്തന പ്രക്ഷോഭണം ആരംഭിച്ചുവെന്നുപറയാം.

പാലായിലെ നിവർത്തനയോഗത്തോടെ സർ.സി.പി. ഇളകിവശായി എങ്ങനെയും നിവർത്തന പ്രക്ഷോഭണത്തെ തകർക്കാനുള്ള ആലോചനകളിൽ അദ്ദേഹം ഏർപ്പെട്ടു. സർ.സി.പിയുടെ ഉറ്റമിത്രമായ വെല്ലിംഗ്ടൺ പ്രഭുവിനെ സ്വാധീനിച്ച് നിവർത്തന പ്രക്ഷോഭണത്തെ തച്ചുടക്കാമെന്നായിരുന്നു അദ്ദേഹം പ്രതീക്ഷിച്ചത്. ആ സംഭവപരമ്പരകളെപ്പറ്റി നിവർത്തന പ്രക്ഷോഭണത്തിന്റെ ശക്തി സ്രോതസായി പ്രവർത്തിച്ച എം.എം.വർക്കി തന്റെ ആത്മകഥയിൽ എഴുതിയിരിക്കുന്നത് താഴെചേർക്കുന്നു.

പ്രസിദ്ധനായ വില്ലിംങ്ടൺ പ്രഭുവായിരുന്നു അന്ന് ഇന്ത്യാ വൈസ്രോയി. ഗുണം ചെയ്യാനായാലും ദോഷം ചെയ്യാനായാലും അനന്യസാധാരണമായ ചങ്കുറ്റമുള്ള ഒരു സ്വേഛാധിപതി തന്നെയായിരുന്നു അദ്ദേഹം. അദ്ദേഹത്തിനു പണ്ടേ തുടങ്ങി തിരുവിതാംകൂറിൽ അസമത്വം അനുഭവിക്കുന്ന സമുദായങ്ങളോടു പ്രകടമായ അനുഭാവം ഉണ്ടായിരുന്നു. വില്ലിംഗ്ടൺ പ്രഭു മദ്രാസ് ഗവർണ്ണരായിരുന്ന കാലത്താണല്ലോ തിരുവിതാംകൂർ കാര്യങ്ങളിൽ ഇടപെട്ടു ദേവസ്വം വിഭജനം നടപ്പിൽ വരുത്തിയത്. അക്കാലം തുടങ്ങി തിരുവിതാംകൂ

www.malankaralibrary.com

റിൽ രാജ്യകാര്യങ്ങൾ നേരായ മാർഗ്ഗത്തിലൂടെയല്ല ചരിക്കുന്നതെന്നു ഒരു ധാരണയാണു അദ്ദേഹത്തിന് ഉണ്ടായിരുന്നത്. ജനങ്ങൾക്ക് അനുകൂലമായ പല ഉപദേശങ്ങളും നിർദ്ദേശങ്ങളും അന്നത്തെ ഭരണാധികാരികൾക്ക് അദ്ദേഹം അന്നു കൊടുത്തിരുന്നതായും അറിയാം.

അങ്ങനെ ഇരിക്കെയാണ് തിരുവിതാംകൂറിലെ ക്രൈസ്തവ- ഈഴവ -മുസ്ലീം സമുദായങ്ങൾ സുപ്രസിദ്ധമായ 'നിവർത്തന പ്രക്ഷോഭണം' ആരംഭിച്ചത്. 1931-ഒക്ടോബർ 28-ാം തീയതി തിരുവിതാംകൂർ മഹാരാജാവ് പ്രഖ്യാപനം ചെയ്ത ഭരണപരിഷ്ക്കാരം തിരുവിതാംകൂർ ഭാഗത്ത് അക്കാലത്തു തന്നെ ദുർവഹമായിരുന്ന സവർണ്ണമേധാവിത്വത്തെ ഒന്നുകൂടി അരക്കിട്ടുറപ്പിക്കുന്നതിനു പറ്റിയ വിധത്തിലാണു സംവിധാനം ചെയ്തിരുന്നത്. അതിന്റെ ഘടനയിൽ മാറ്റം വരുത്തുന്നതിനു അസമത്വമനുഭവിക്കുന്ന സമുദായങ്ങൾ ചെയ്ത എല്ലാ നിവേദനങ്ങളും വിഫലമായപ്പോൾ 1933 ജനുവരി 25-ാം തീയതി ക്രൈസ്തവ -ഈഴവ-മുസ്ലീം സമുദായ പ്രതിനിധികൾ എൽ. എം.എസ്. ഹാളിൽ യോഗം കൂടി പ്രസിദ്ധമായ നിവർത്തന പ്രമേയം പാസ്സാക്കി. ഭരണപരിഷ്ക്കാരം വിഭാവനം ചെയ്യുന്ന നിയമസമിതികളിൽ നിന്നു 'വിട്ടകന്നു നിൽക്കുക' എന്നതായിരുന്നു ആ പ്രമേയത്തിലെ ആശയം. അസമത്വസമുദായങ്ങളുടെ അവകാശസംരക്ഷണത്തിനുവേണ്ടിയുള്ള ഈ പ്രസ്ഥാനത്തോടു വൈസ്രോയി വെല്ലിംഗ്ടൺ പ്രഭുവിനു അനുഭാവമുണ്ടാവുക സ്വാഭാവികമാണല്ലോ. എന്നാൽ ബ്രിട്ടീഷിന്ത്യയിൽ നിസ്സഹകരണപ്രസ്ഥാനം മൂർദ്ധന്യത്തിലെത്തിയിരുന്ന കാലമായിരുന്നു അത്. ബ്രിട്ടീഷുഭരണത്തെ ഇന്ത്യയിൽ നിന്ന് നിഷ്കാസനം ചെയ്യുന്നതിന് ആസൂത്രണം ചെയ്യപ്പെട്ടിരുന്ന ആ പ്രക്ഷോഭണത്തോടു ഒരു തനി ഇംഗ്ലീഷുകാരനായ വൈസ്രോയിക്കു സ്വന്തനിലയിൽപോലും വലിയ എതിർപ്പായിരുന്നു. ആയതിനാൽ, വൈസ്രോയിയെ തങ്ങളുടെ പക്ഷത്താക്കുന്നതിന്, നിവർത്തനവും നിസ്സഹകരണവും ഒന്നുതന്നെയാണെന്നു സ്ഥാപിക്കുവാൻ തിരുവിതാംകൂർ ഭരണാധികാരികൾ വെമ്പൽകൊണ്ടു. അന്നു തിരുവിതാംകൂർ മഹാരാജാവിന്റെ രാഷ്ട്രീയോപദേഷ്ടാവായിരുന്ന സർ സി.പി. രാമസ്വാമി അയ്യർ, വെല്ലിംഗ്ടൺ പ്രഭുവിന്റെ വലിയൊരു ആശ്രിതനും കുടുംബസുഹൃത്തുമായിരുന്നു. സർ. സി.പിക്ക് പ്രഭുവിന്റെമേൽ വലിയ സ്വാധീനശക്തിയുണ്ടെന്നു പരക്കെ വിശ്വസിച്ചുപോന്നിരുന്നു. മുൻവൈസ്രോയി ഇർവിൻപ്രഭു നിശ്ചയിച്ചിരുന്ന സമയത്തിനു മുമ്പുതന്നെ ചിത്തിരതിരുനാൾ മഹാരാജാവായി അവരോധിക്കപ്പെട്ടത് ഈ സ്വാധീനശക്തിയുടെ ഫലമായിട്ടുമായിരുന്നല്ലോ. തന്റെ സ്ഥാനാരോഹണത്തെ തുടർന്നു ചെയ്ത നയപ്രഖ്യാപനത്തിൽ ചിത്തിര തിരുനാൾ സർ. സി.പി. യെ തന്റെ ഭരണോപദേഷ്ടാവായി നിയമിച്ചിരിക്കുന്നുവെന്നു പ്രസ്താവിക്കാൻ ഇടയായതും മേൽപ്പറഞ്ഞ ആശ്രിത താല്പര്യംകൊണ്ടുതന്നെയാണ്.

www.malankaralibrary.com

വൈസ്രോയിയുമായുള്ള ഈ അടുപ്പം കാരണം, പ്രഭുവിനെ നിവർത്തനപ്രക്ഷോഭണത്തിനെതിരായി തിരിച്ചു വിടുമെന്നു പലരും ഭയപ്പെട്ടിരുന്നു. സർ സിപി. തന്റെ തുടരെതുടരെയുള്ള പരസ്യപ്രസ്താവനകൾകൊണ്ട് അതിനു ശ്രമിക്കുകയും ചെയ്തിരുന്നു. നിവർത്തനം (Abstention)നിസ്സഹകരണം (Now- Co-operation) തന്നെയാണ് എന്നായിരുന്നു സർ.സി.പി.യുടെ ഇടതടവില്ലാതെയുള്ള പ്രചരണവും പിടിവാദവും. വ്യവസ്ഥാപിത ഗവണ്മെന്റിനോടുള്ള നിയമവിരുദ്ധമായ ഒരു തുറന്ന മത്സരമായിട്ടാണ് നിസ്സഹകരണം അന്നു വിവക്ഷിക്കപ്പെട്ടിരുന്നതെന്ന് പറഞ്ഞുവല്ലോ. അതു നിമത്തം 'നിസ്സഹകരണം' എന്നു കേട്ടാൽ ചുവപ്പുകണ്ട കാളയെപ്പോലെ ഏതു ബ്രിട്ടീഷുകാരനും അന്നു കയർക്കുമായിരുന്നു. ബ്രിട്ടീഷ് ഇന്ത്യയിൽ മഹാത്മജിയുടെ നേതൃത്വത്തിലുള്ള നിസ്സഹകരണ പ്രസ്ഥാനവുമായി സദാ ഏറ്റുമുട്ടിക്കൊണ്ടിരുന്ന വൈസ്രോയിക്ക് ഒരു നാട്ടുരാജ്യമായ തിരുവിതാംകൂറിലും നിസ്സഹകരണം തുടങ്ങിയെന്നു കേട്ടാലുണ്ടാകുന്ന മനക്ഷോഭം എന്തായിരിക്കുമെന്നു ഊഹിക്കാമല്ലോ. ഈ പരിതഃസ്ഥിതി നിവർത്തനവിരോധികൾ നന്നായി ചൂഷണം ചെയ്തു. എന്നാൽ തിരുവിതാംകൂറിലേതു നിസ്സഹകരണമല്ലെന്നും തങ്ങൾക്കു ദോഷകരമായ ഒന്നിൽ നിന്നു ഒഴിഞ്ഞു നിൽക്കുക മാത്രമാണെന്നും രാജാവിനോടു തങ്ങൾക്കു യാതൊരു മത്സരവുമില്ലെന്നും നിവർത്തനക്കാരും ശക്തിയായി പറഞ്ഞു പോന്നു. തങ്ങളുടെ ഈ വാദത്തിനു കരുത്തു കൂട്ടുവാൻവേണ്ടി ഭാഷാ പണ്ഡിതനായ ശ്രീ. ഐ.സി ചാക്കോയെക്കൊണ്ട് ആ പ്രസ്ഥാനത്തിനു 'നിവർത്തനം' എന്നൊരു പുതിയ പദം സൃഷ്ടിപ്പിക്കുകയും ചെയ്തു. നിവർത്തനക്കാരുടെ ഈ നിലപാട് രാഷ്ട്രീയപടുവായിരുന്ന ജോർജ്ജ് ജോസഫ് കൂടെകൂടെയുള്ള പത്രപ്രസ്താവനകളും പത്രസമ്മേളനങ്ങളും ബ്രിട്ടനിലും ഇന്ത്യയിലുമുള്ള അദ്ദേഹത്തിന്റെ സ്നേഹിതന്മാർക്കുള്ള കത്തുകൾ വഴിയും വിശദീകരിച്ചും സ്ഥാപിച്ചും വന്നിരുന്നു. ഇന്ത്യയിലും ഇംഗ്ലണ്ടിലും വൈസ്രോയിയുമായി അടുപ്പവും പരിചയവും ഉള്ളവരെ പ്രത്യേകം തിരിഞ്ഞു പിടിച്ച് ഈ വാസ്തവസ്ഥിതി മനസ്സിലാക്കാൻ ജോർജ്ജ് ജോസഫ് ചെയ്തിട്ടുള്ള ശ്രമം കുറച്ചൊന്നുമല്ല. നിവർത്തന പ്രസ്ഥാനത്തിന്റെ ജീവാത്മാക്കളിൽ ഒരാളായിരുന്ന അഡ്വക്കേറ്റ് കെ.ടി. തോമസും വർക്കിയും കുടി നിവർത്തന ആഫീസിൽ നിന്ന് നിരവധി പ്രസ്താവനകളും മെമ്മോറാണ്ഡങ്ങളും കത്തുകളും നാനാ വഴിക്കും നാനാപേർക്കും അയയ്ക്കുകയും ചെയ്തു. ഇതുമൂലം തങ്ങളുടെ വാദത്തിന് ഇന്ത്യയിലും പുറത്തും പൊതുവേ ഒരു അംഗീകാരം കിട്ടി. എങ്കിലും സർ. സി.പി.യുടെ സ്വാധീനശക്തിയും പ്രചരണസാമർത്ഥ്യവും അതിന് അദ്ദേഹത്തിനുള്ള അപാരമായ കഴിവും അതിവിപുലമായ സൗകര്യവും നിമിത്തം അധികാരസ്ഥാനങ്ങളിൽ തങ്ങൾ തെറ്റിദ്ധരിപ്പിക്കപ്പെടാമെന്നുതന്നെയായിരുന്നു നിവർത്തനക്കാരുടെ ഭയം. വൈസ്രോയി വെല്ലിംഗ്ടൺ

www.malankaralibrary.com

പ്രഭുവിന്റെ തിരുവിതാംകൂർ സന്ദർശനവേളയിൽ അദ്ദേഹം നിവർത്തനത്തെ, കെ.ആർ, നാരായണന്റെ ഭാഷയിൽ പറഞ്ഞാൽ "തല്ലിത്തരിപ്പണമാക്കു" മെന്നുതന്നെ സർ .സി.പി.യും അദ്ദേഹത്തിന്റെ പാർശ്വവർത്തികളും ഇടതട വില്ലാതെ പ്രചരിപ്പിച്ചിരുന്നു. ഈ വിപത്തുതരണം ചെയ്യുവാൻ നിവർത്തന ക്കാർ അവരുടെ കഴിവുകൾ അങ്ങേയറ്റം പ്രയോഗിക്കാതിരുന്നിട്ടില്ല. പ്രഭു തിരുവിതാംകൂറിലേക്കു തിരിച്ചപ്പോൾ മുതൽ ഓരോ സ്ഥലത്തുവച്ചും നിവർത്തനത്തിന്റെ സത്യാവസ്ഥ അദ്ദേഹത്തെ ധരിപ്പിക്കുന്നതിനു അദ്ദേഹ ത്തിന്റെ സുഹൃത്തുക്കളായിരുന്ന പല ഉന്നതന്മാരെയും നിവർത്തനക്കാർ ചട്ടം കെട്ടിയിരുന്നു. അവരുടെയെല്ലാം ഉപദേശമനുസരിച്ച് പ്രഭുവിന്റെ സന്ദർശവവേളയിൽ അദ്ദേഹത്തെ വെറുപ്പിച്ചേക്കാനിടയുള്ള യാതൊരു പരി പാടിയും സ്വീകരിക്കേണ്ടതില്ലെന്നു നിവർത്തനക്കാരും തീരുമാനിച്ചു. നിവർത്തനക്കാരുടെ 'അരാജകത്വം' കൊണ്ട് 'അരക്ഷിതാവസ്ഥ' വിളയാടു കയാണു തിരുവിതാംകൂറിലെന്നും ഭരണാധികാരികളുടെയും അവരുടെ ഉപ ദേശകരുടെയും സാമർത്ഥ്യംകൊണ്ട് അതെല്ലാം നിയന്ത്രണാധീനമാക്കുക യാണു ചെയ്തിട്ടുള്ളതെന്നും മറ്റുമായിരുന്നു എതിരുപക്ഷക്കാരും അന്നത്തെ ഗവണ്മെന്റും പ്രഭുവിനെ ധരിപ്പിച്ചു പോന്നിരുന്നത്.

ഇങ്ങനെ, തന്റെ ഹൃദയത്തിന്റെ അടിത്തട്ടിൽ അവശതയനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ, നിവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന സമുദായങ്ങളുടെ അവകാശവാദങ്ങളോടു അനുകമ്പയും, എന്നാൽ അതിന്റെ പരിഹാരത്തിന്നു സ്വീകരിച്ചിരിക്കുന്ന പ്രക്ഷോഭണ പരിപാടികളോടു കലശലായ രോഷവും കലർന്നുള്ള ഒരു വിഷമമനസ്ഥിതിയോടുകൂടിയാണ് പ്രഭു 1933 ഡിസംബർ മാസത്തിൽ തിരുവിതാംകൂറിൽ എത്തിയത്. പുതിയഭരണപരിഷ്കാരങ്ങളിൽ ജനങ്ങൾക്കു വലുതായ അതൃപ്തിയുണ്ടെന്നുള്ള വസ്തുത കാണിച്ചു അനേ കായിരം കമ്പികളും കത്തുകളും നിവേദനങ്ങളും പ്രഭുവിനു മുൻകൂട്ടി അയ ച്ചുകൊണ്ടിരിക്കാൻ നിവർത്തനക്കാർ നാടാകെ ഏർപ്പാടു ചെയ്തിരുന്നു. പ്രഭു വിനെക്കൊണ്ടു നിവർത്തനക്കാർക്കു പരമദോഷകരമായ വല്ലതും പറയിച്ച് അതിന്റെ മറപിടിച്ചു നിവർത്തനത്തെ തല്ലിക്കെടുത്താനായിരുന്നു അധികാ രികളുടെശ്രദ്ധയും പ്ലാനും പരിപാടിയും. ഈ ദുരന്തം ഒഴിവാക്കാനായിരുന്നു നിവർത്തനക്കാരുടെ ഭഗീരഥയത്നം. വൈസ്രോയിയുടെ സന്ദർശനവേള യിൽ ശാന്തമായ ഒരു അന്തരീക്ഷം സംജാതമാക്കുവാൻ മുഖ്യകാരണവും മറ്റൊന്നുമായിരുന്നില്ല.

എങ്കിലും പ്രഭുവിന്റെ സന്ദർശനം അടുക്കുംതോറും നിവർത്തനക്കാ രുടെ ഉള്ളിൽ ഒൻപതാമുത്സവം തന്നെയാണു നടന്നിരുന്നത്. അങ്ങനെയി രിക്കെ പ്രഭു വന്നെത്തുന്നതിനു ഏതാനും ദിവസം മുമ്പ് അസ്വസ്ഥ്യജനക മായ ഒരു വാർത്ത ശക്തിയായി പരന്നു എന്നു പറയുന്നതായിരിക്കും കൂടു തൽ ശരി. പ്രഭു വരുമ്പോൾ പതിവുപോലെ മഹാരാജാവു വിശിഷ്ടാതി

www.malankaralibrary.com

ഥിയെ സ്വാഗതം ചെയ്തുകൊണ്ടു ഒരു പ്രസംഗം ചെയ്യും. രാജ്യത്തിനുണ്ടായിരിക്കുന്ന പുരോഗതിയെപ്പറ്റിയുള്ള അതിവർണ്ണനയും വെള്ളയുടുപ്പും ആയിരിക്കും ആ പ്രസംഗം. ആ പ്രസംഗത്തിനു മറുപടിയിലാണു വൈസ്രോയിമാർ പല നിർദേശങ്ങളും താക്കീതുകളും ഉപായത്തിൽ ഉൾപ്പെടുത്താറുള്ളത്. പ്രഭുവിന്റെ സന്ദർശനം സംബന്ധിച്ചു നടത്തുന്ന സംസ്ഥാന വിരുന്നിൽ മഹാരാജാവു തന്റെ ഭരണപരിഷ്ക്കാരത്തെപ്പറ്റി പറയാതിരിക്കില്ല. അന്ന് എടുത്തു പറയാൻ തക്ക ഒരേ ഒരു കാര്യം അതുമാത്രമായിരുന്നു താനും. അതിനെ ആസ്പദമാക്കി പ്രഭു മറുപടി പറയും. അപ്പോൾ അതു സംബന്ധിച്ച പ്രക്ഷോഭണത്തെപ്പറ്റിയും സൂചിപ്പിക്കാതെ നിവർത്തിയില്ല. അതു സംഭവിക്കും: സംഭവിച്ചേ മതിയാവൂ എന്നും എല്ലാവർക്കും അറിയാം. എന്നല്ല ഈ പ്രസംഗവും മറുപടിയും തയ്യാറാക്കിക്കഴിഞ്ഞുവെന്നും അവയിൽ നിവർത്തനത്തെ മുതിരതല്ലും പടി തല്ലിത്തകർത്തിട്ടുണ്ടെന്നും നിവർത്തനവൈരികൾ 'വിശ്വാസയോഗ്യമായി' പറഞ്ഞുപരത്തി. ഉന്നതസ്ഥാനത്തിരുന്ന സ്വാധീനശക്തിയുള്ള ചിലരുടെ അറിവോടുകൂടിയാണ്, ആജ്ഞാനുസരണമാണ് ഈ വാർത്ത പ്രചരിപ്പിച്ചിരുന്നത്. നേരായാലും അല്ലെങ്കിലും, ഭയന്നു കഴിഞ്ഞിരുന്ന നിവർത്തനക്കാരെ ഈ വാർത്ത ഭയചകിതരും അസ്വസ്ഥരുമാക്കിത്തീർത്തുകളഞ്ഞു. ഇതിനെന്തു പ്രതിവിധി എന്ന് ഞങ്ങളിൽ ചിലർ തലപുകഞ്ഞാലോചിച്ചു. ഒരു എത്തും പിടിയും കിട്ടുന്നില്ല. ആ ഘട്ടത്തിൽ നിവർത്തനത്തിന്റെ ജീവനാഡികളിലൊരാളായിരുന്ന ഏ.സിഎം അന്ത്രപ്പേർ മേൽപ്പറഞ്ഞ അവസ്ഥാവിശേഷം കേട്ട് അവിടെ പാഞ്ഞെത്തി. അതിനെന്തെങ്കിലും പ്രതിവിധി ഉടനെ ചെയ്യിക്കാൻ വേണ്ടി അനേകം മൈൽ യാത്രചെയ്തു വരികയായിരുന്നു അദ്ദേഹം. ചത്തു കിടക്കുന്നവർക്കും ജീവൻ നൽകാൻ പോരുന്ന ഊർജ്ജസ്വലതയും വശ്യശക്തിയുമുള്ള ഒരു പുരുഷകേസരിയായിരുന്നുവല്ലോ അന്ത്രപ്പേർ. അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ ഞങ്ങൾ വീണ്ടും തിരക്കിട്ടു ആലോചന തുടർന്നു.

ഒടുവിൽ എന്റെ എളിയ ബുദ്ധിയിൽ ഒരു ഉപായം തോന്നി. ഞാൻ നേരിട്ട് ഒരു കത്തു വൈസ്രോയിക്കു അയക്കുക; ആ കത്തിൽ നാട്ടിൽ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന വാർത്തയുടെ ഉള്ളുകള്ളികൾ വിവരിക്കുക. ഈ ഉപായം എല്ലാവർക്കും സ്വീകാര്യമായി. എന്നാൽ, അങ്ങനെ കത്തയച്ചാൽ തപാലാഫീസുകാർ സ്വീകരിക്കുമോ? സ്വീകരിച്ചാൽ തന്നെയും സമയത്തിന് എത്തിച്ചുകൊടുക്കുമോ? എത്തിച്ചിരുന്നാൽ തന്നെ അത് അദ്ദേഹത്തിനു കിട്ടി അദ്ദേഹം വായിക്കുമോ? അദ്ദേഹം വായിച്ചു എന്ന് എങ്ങനെ അറിയാം? ഇങ്ങനെ പല പ്രശ്നങ്ങളും ഉദിച്ചു. അതിനൊക്കെ ഓരോ പോംവഴികൾ ഭാവനചെയ്തുകൊണ്ടു തന്നെ കത്തു തയ്യാറാക്കുന്ന ജോലിയിൽ ഏർപ്പെട്ടു. അന്ന് അത് അത്ര പ്രയാസമുള്ള ഒരു കാര്യമായിരുന്നില്ല. എഴുത്തുകുത്തുകൾക്ക് അസാമാന്യ വൈഭവമുള്ള അഡ്വക്കേറ്റ് കെ.റ്റി. തോമസ്

www.malankaralibrary.com

അവർകൾ എന്തെഴുതാനും എപ്പോഴും തയ്യാറാണ്. ഉറക്കത്തിൽ വിളിച്ചെഴു ന്നേൽപ്പിച്ചു ഒരു കത്തോ, പ്രസ്താവനയോ തയ്യാറാക്കാൻ പറഞ്ഞാലും അദ്ദേഹത്തിനതൊരു പ്രയാസമില്ലാത്ത ജോലിയാണ്. കാര്യം പറഞ്ഞു മന സ്സിലാക്കേണ്ട താമസമേയുള്ളൂ അതെഴുതി തന്നത്താൻ ടൈപ്പുചെയ്തു തരും. ഏതൊരു വിഷയവും പെട്ടെന്നു മനസ്സിലാക്കാനും ഞൊടിയിടയിൽ ഭാഷയിലാക്കാനുമുള്ള തോമസിന്റെ അത്ഭുതകരമായ കഴിവ് നിവർത്തന കാലത്തും പിന്നീടു സ്റ്റേറ്റു കോൺഗ്രസ്സിന്റെ ആരംഭകാലത്തും ആ പ്രസ്ഥാ നങ്ങളിൽ ഏർപ്പെട്ടിരുന്നവർക്കു ഒരു മഹാനേട്ടം തന്നെയായിരുന്നു. തോമസ് പ്ലാൻ അനുസരിച്ചുള്ള ഒരു കത്തു തയ്യാറാക്കി. അതിൽ മേൽപ്പറഞ്ഞ വാർത്തയുടെ വിശദവിവരണവും അതു പ്രചരിപ്പിക്കുന്നത് ആരെന്നും എന്തി നെന്നും അതുകൊണ്ടുണ്ടാകാവുന്ന ദോഷങ്ങൾ എന്തെന്നും വിവരിക്കുകയും അസാദ്ധ്യമെന്നു കരുതപ്പെട്ടിരുന്ന റവന്യൂ-ദേവസ്വം വിഭജനം നിഷ്പ്രയാസം സാദ്ധ്യമാക്കിത്തന്ന് അനേകലക്ഷങ്ങളുടെ കൃതജ്ഞത നേടിയതുപോലെ ഇക്കാര്യത്തിലും പ്രഭുവിന്റെ ഉള്ളഴിഞ്ഞ അനുകമ്പയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു.

അന്നു ഞാൻ 'യുവഭാരതി' നടത്തിവന്നിരുന്ന കാലമായിരുന്നു. നിവർത്തന പ്രക്ഷോഭണത്തിന്റെ മുന്നണിപ്പടയാളിയായിരുന്ന 'ദാസൻ' ഗവണ്മെണ്ടിന്റെ പത്ര റഗുലേഷൻ മർദ്ദനം ഏറ്റു നിലംപതിച്ചുകഴിഞ്ഞിരു ന്നു. ഭരണപരിഷ്കാരത്തേയും അതിനുത്തരവാദികളായവരെയും തിരിച്ചും മറിച്ചുമിട്ട്, യാതൊരു ദാക്ഷിണ്യവും കാട്ടാതെ വരുംവരായ്കകൾ അല്പം പോലും ഗൗനിക്കാതെ തല്ലിച്ചതക്കുക 'ദാസ' ന്റെ മുഖ്യനയമായിരുന്നു. 'ദാസൻ' നിരോധിക്കപ്പെട്ടപ്പോൾ രസകരമായ അക്കഥ ഇംഗ്ലീഷിൽ അന്നു തന്നെ 'Before the Government" എന്നപേരിൽ പുസ്തകരൂപത്തിൽ പുറ ത്തിറക്കി. അതും അതിന്റെ വിപുലമായ ഒരു രണ്ടാം പതിപ്പും ഇന്ത്യയിലും ഇംഗ്ലണ്ടിലും ധാരാളമായി പ്രചരിപ്പിച്ചു. അതു ഭരണപരിഷ്കാരക്കാരെ നട്ടം തിരിച്ചിട്ടുണ്ട്. തന്മൂലം 'ദാസൻ' എന്ന പേരിലാണ് ഞാൻ പിന്നീടും വളരെ ക്കാലം അറിയപ്പെട്ടിരുന്നത്. 'ദാസ' നെത്തുടർന്നു പ്രസിദ്ധപ്പെടുത്തിയ 'യുവ ഭാരതി' യും 'ദാസ'ന്റെ നയം തന്നെ തുടർന്നുപോന്നു. പ്രഭുവിനെ തിരുവി താംകൂറിലേക്കു സ്വാഗതംചെയ്തും പ്രഭു ചെയ്തിട്ടുള്ള നല്ല കാര്യങ്ങളെ പ്രശംസിച്ചും 'യുവഭാരതി' പത്രത്തിന്റെ പേരിൽ ഒരു സ്വാഗതാശംസാ പത്രി കയും, വൈസ്രോയിയുടെ പ്രൈവറ്റു സെക്രട്ടറിയുടെ പേർക്ക് അയച്ചു. തപാ ലാഫീസുകാർ കുരുത്തക്കേടുകളൊന്നും എഴുന്നള്ളിക്കാതിരിക്കാൻ "വൈസ്രോയിക്കു 'യുവഭാരതി' പത്രാധിപരുടെ സ്വാഗതാശംസകൾ" എന്നു കൂടി കവറിന്റെ പുറത്ത് എഴുതിയിരുന്നു. വൈസ്രോയിയും പരിവാരങ്ങളും കൊല്ലത്തെത്തി ക്യാമ്പ് ചെയ്ത് അവിടെനിന്നും തിരുവനന്തപുരത്തേക്കു പുറപ്പെടുന്നതിനായിരുന്നു പരിപാടി. വൈസ്രോയി കൊല്ലത്ത് എത്തി

www.malankaralibrary.com

ച്ചേർന്നാൽ ഉടനെ കിട്ടത്തക്കവണ്ണം നേരത്തെ തന്നെ അടിയന്തിരം കെട്ടി കൊല്ലത്തേക്കാണു സ്വാഗതപത്രവും കത്തും അടക്കം ചെയ്ത കവർ രജിസ്റ്റർ ചെയ്തത്.

എന്തെങ്കിലും മറുപടി കിട്ടിയാൽ ജയിച്ചു എന്നായിരുന്നു ഞങ്ങളുടെ മനോഭാവം. മറുപടി ഉണ്ടെങ്കിൽ തന്നെ പിറ്റേ ദിവസം ഉച്ചയോടുകൂടി മാത്രമേ കിട്ടാനും നിവർത്തിയുള്ളൂ. മറുപടി പ്രതീക്ഷിച്ചു പിറ്റേദിവസം 'യുവഭാരതി' ആഫീസിൽ നേരത്തെ തന്നെ പലരും എത്തിച്ചേർന്നിരുന്നു. തപാൽക്കാരന്റെ വരവും പ്രതീക്ഷിച്ചിരിപ്പായി ഞങ്ങൾ. തപാൽക്കാരൻ അതാ വരുന്നു! അയാൾ വന്നു വരാന്തയിൽ കയറിയ ഉടനെ ചിക്കുപായ്പോലുള്ള ഒരു ഊക്കൻ വെള്ളക്കവർ എടുത്ത് എന്റെ കയ്യിലേക്ക് തന്നു. വൈസ്രോയിയുടെ കൊല്ലം ക്യാമ്പിൽ നിന്നുതന്നെ. അതറിയാൻ വേണ്ടും മുദ്രകളും പണിത്തരങ്ങളും കവറിന്റെ പുറത്തു തന്നെയുണ്ട്. ഉള്ളടക്കം എന്തെന്നറിയാനുള്ള ഉൽകണ്ഠയായി എല്ലാവർക്കും. അത് അറിയുന്നതിനു മുമ്പു തന്നെ, ഏതാണ്ട് നേടിയെടുത്ത ഒരു പ്രതീതി ചിലരിൽ പ്രകടമാവുകയും ചെയ്തു. വിറയ്ക്കുന്ന കയ്യോടെ ഞാൻ കവർ പൊട്ടിച്ചു. ഞാനയച്ച സ്വാഗതാശംസ പത്രികയ്ക്ക് പ്രൈവറ്റു സെക്രട്ടറിയുടെ മറുപടിയാണ്. സ്വാഗതാശംസാ പത്രികയും അതോടൊന്നിച്ചയച്ചിരുന്ന കത്തും വൈസ്രോയിയുടെ മുൻപിൽ വെച്ചെന്നും സ്വാഗതപത്രികക്ക് വൈസ്രോയി നന്ദി പറയുന്നതോടൊപ്പം ഒന്നിച്ച് ഉള്ളടക്കം ചെയ്തിരുന്ന കത്തിലെ സംഗതികൾ വൈസ്രോയി ശ്രദ്ധിച്ചെന്നും എന്നെ അറിയിക്കുവാൻ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു എന്നുമായിരുന്നു ആ കത്തിന്റെ ചുരുക്കം. ഞങ്ങൾക്ക് അപ്പോഴുണ്ടായ സന്തോഷം ഊഹിക്കാമല്ലോ. പലരും തുള്ളിച്ചാടുക തന്നെ ചെയ്തു. ഇതിൽ അത്യന്ത്യം സന്തുഷ്ഠനായ അന്ത്രപ്പേർ, നിവർത്തന പ്രസ്ഥാനത്തിന്റെ ചിലവിലേക്ക് ഒരു വലിയ തുക ഉടനെ തന്നെ തന്നുകൊണ്ട് തന്റെ സന്തോഷാധിക്യത്തെ വെളിപ്പെടുത്തിയെന്നതും ഈ അവസരത്തിൽ പ്രസ്താവ്യമാണ്. അങ്ങനെ ഞങ്ങളുടെ ലക്ഷ്യങ്ങളിൽ ഒന്നു കൈവന്നു. എന്നാൽ ഇതുകൊണ്ടായില്ലല്ലോ. ബാങ്കറ്റ് പ്രസംഗംകൂടിക്കഴിഞ്ഞാലേ സമാധാനത്തിനു വകയുള്ളൂ. നിവർത്തനക്കാരുടെ കഥ അതോടെ കഴിയുമെന്നുള്ള വാർത്ത അപ്പോഴും ഞങ്ങളുടെ കാതുകളിൽ അലതല്ലിക്കൊണ്ടിരുന്നു. വൈസ്രോയി തിരുവനന്തപുരത്തെത്തി. ബാങ്കറ്റു പൊടിപൂരമായി നടന്നു. പിറ്റേദിവസം വന്ന പത്രങ്ങളിൽ വൈസ്രോയിയുടെ പ്രസംഗം പൂർണ്ണ രൂപത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. അതിൽ ഒരു കൊല്ലും കൊലയും ഉണ്ടായിരുന്നില്ല. നിവർത്തന പ്രസ്ഥാനത്തെ തല്ലിച്ചതച്ചിട്ടുമില്ലായിരുന്നു. നേരെമറിച്ച് നിവർത്തനക്കാർക്ക് ഒരു വൈഷമ്യവുമുണ്ടാക്കാതെ, എന്നാൽ നിവർത്തന വിരോധികളെ ഇച്ഛാഭംഗപ്പെടുത്തുമാറും ഏറ്റവും മിതമായ സ്വരത്തിലും ഭംഗിയായ ഭാഷയിലുമാണ് വൈസ്രോയി നിവർത്തന പ്രക്ഷോഭണത്തെപ്പറ്റി തന്റ മറുപടി പ്രസംഗത്തിൽ ഒരു വാചകം പറഞ്ഞത്.

www.malankaralibrary.com

"രാഷ്ട്രീയവും സാമുദായികവുമായ അഭിവൃദ്ധി ക്രമേണ വളർന്നു വരേണ്ടതാണെന്നും' അനേകം വർഷങ്ങളിൽകൂടി ക്രമേണ വന്നിട്ടുള്ള വ്യവസ്ഥകളെ തകിടം മറിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി പെട്ടന്നും വ്യാപകമായുമുള്ള മാറ്റങ്ങൾ അനുക്രമമായുള്ള വളർച്ചയെ പ്രതിബന്ധപ്പെടുത്തുകയേയുള്ളൂവെന്നും, ഈയിടെയുണ്ടായ നിയമസഭാ പരിഷ്കാരങ്ങളിൽ പങ്കുകൊള്ളാതെ ഒഴിഞ്ഞു നിൽക്കത്തക്കവണ്ണം വർത്തിക്കുന്ന പ്രജാവിഭാഗം ഓർത്തിരിക്കേണ്ടതാണ്." എന്നായിരുന്നു ആ വാചകം. "സംസ്ഥാന ഭരണകാര്യങ്ങളിൽ സേവനം നടത്തുന്നതിന് എല്ലാ പ്രജാവിഭാഗങ്ങൾക്കും അവസരസമത്വമനുവദിക്കുന്ന പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ സ്ഥാപനത്തെ അഭിനന്ദിക്കുകയും പൊതു കാര്യങ്ങളിൽ അല്പമാത്രമായി പങ്കുകൊണ്ടിട്ടുള്ള സമുദായക്കാർ ഇതുവരെ ജീവിച്ചിരുന്നത് എത്ര സംതൃപ്തിയോടുകൂടെ ആയിരുന്നുവെങ്കിലും ഇപ്പോൾ ഭരണപരവും സാമുദായികവുമായ പ്രവർത്തനങ്ങളിൽ കൂടുതൽ പങ്കുവേണമെന്ന് ആഗ്രഹിക്കുന്നത് ന്യായയുക്തം മാത്രമാണെന്നു" ചൂണ്ടിക്കാണിക്കുകയും ചെയ്തിരുന്നു. വൈസ്രോയിയുടെ മറുപടി അന്നത്തെ സാഹചര്യത്തിൽ ഞങ്ങൾക്കു അത്യധികം തൃപ്തികരമായെന്നു പറയേണ്ടതില്ലല്ലോ. അങ്ങനെ ഞങ്ങളുടെ തൽക്കാല ലക്ഷ്യങ്ങൾ രണ്ടും പൂർണ്ണമായും നേടുകതന്നെ ചെയ്തു. പ്രഭുവാകട്ടെ തന്റെ ആ പഴയ അനുകമ്പാമനോഭാവത്തിൽനിന്ന്, വളരെയേറെ സമ്മർദ്ദങ്ങളും തെറ്റിദ്ധരിപ്പിക്കലുകളും ഉണ്ടായിട്ടുകൂടിയും അല്പവും വ്യതിചലിക്കയുണ്ടായില്ല. പ്രശ്നങ്ങൾക്ക് ഒരു പരിഹാരം കണ്ടെത്താൻ പിന്നീട് അദ്ദേഹം, സർ മുഹമ്മദ് ഹബീബുള്ളായെ പല ഉന്നത സ്ഥാനങ്ങളിൽ നിന്നും ശക്തിമത്തായ എതിർപ്പുകൾ ഉണ്ടായിട്ടും ചുമതലപ്പെടുത്തി ദിവാനായി അയച്ച് ആ മനോഭാവം ഒന്നുകൂടി പ്രകടമാക്കുകയും ചെയ്തു. പിൽക്കാലത്തു തങ്കശ്ശേരിക്കാര്യം സംബന്ധിച്ചു ഞങ്ങൾ ഡൽഹിയിൽ ചെന്ന് അദ്ദേഹത്തെ നേരിട്ടു കണ്ടപ്പോഴും ആ സൗഹാർദ്ദ മനോഭാവം പ്രകടമായിരുന്നു. അദ്ദേഹത്തിന്റെ തിരുവിതാംകൂർ സന്ദർശനവേളയിൽ ഞങ്ങൾ പ്രയോഗിച്ച ഉപായം എത്രമാത്രം അവസരോചിതവും ഫലപ്രദവുമായിരുന്നുവെന്നു അന്നു ഞങ്ങൾക്കു ബോദ്ധ്യപ്പെടുകയും ചെയ്തു." നിവർത്തനത്തിന്റെ ഉദ്ദേശം എന്താണെന്ന് വിശദീകരിച്ചുകൊണ്ട് അഡ്വ. കെ.റ്റി. തോമസും എം. എം. വർക്കിയും എഴുതിയ ലേഖനങ്ങൾ ജനങ്ങളെ സമര സന്നദ്ധരാക്കി നിർത്തിയെന്നു പറയാം. നിവർത്തന പ്രക്ഷോഭണത്തിനിടയിൽ നടന്ന ചില സംഭവങ്ങളെപ്പറ്റി കൂടി പരാമർശിക്കേണ്ടിയിരിക്കുന്നു. നിവർത്തന പ്രക്ഷോഭണ കാലത്ത് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്ന പ്രഖ്യാപനങ്ങൾ ഇതായിരുന്നു. "സമുദായം ഉണ്ടെങ്കിൽ നമ്മളുണ്ട്. സമുദായം നശിച്ചിട്ടും വെള്ളം കോരുന്നവരും വിറകു വെട്ടുന്നവരുമായി ജീവിക്കുവാൻ തക്ക സമ്മതമുള്ളവരായി ആരും തന്നെയില്ല. 1934 ഉടനീളം സംഘർഷാത്മകമാ

www.malankaralibrary.com

യിരുന്നു. സർക്കാരിന്റെ നിരോധനാജ്ഞകളെയും മറ്റും അതിജീവിച്ചു പ്രക്ഷോഭണം ശക്തമായി. 1935 മേയ് 13-ാം തീയതി സംയുക്ത രാഷ്ട്രീയ സഭയുടെ ആഭിമുഖ്യത്തിൽ നടന്ന സമ്മേളനത്തിൽ സി. കേശവൻ അദ്ധ്യക്ഷനായിരുന്നു. അദ്ധ്യക്ഷ പ്രസംഗത്തിൽ സർക്കാരിന്റെ സേച്ഛാധികാരശ്രമത്തെയും മഹാരാജാവിന്റെ ഉപദേഷ്ഠാവായ സി.പി.യുടെ കുടില തന്ത്രങ്ങളെയും നിശിതമായി വിമർശിച്ചു. ഈ പ്രയോഗത്തെ ആസ്പദമാക്കി സി. കേശവന്റെ പേരിൽ രാജ്യദ്രോഹത്തിന് കേസെടുക്കുകയും അദ്ദേഹത്തെ ജയിലിൽ അടയ്ക്കുകയും ചെയ്തു. സി. കേശവന്റെ അറസ്റ്റും വിചാരണയും അക്ഷരാർത്ഥത്തിൽ തന്നെ തിരുവിതാംകൂറിനെ പ്രകമ്പനം കൊള്ളിച്ചു. ടി. എം. വർഗീസ്, ബാരിസ്റ്റർ ജോർജ് ജോസഫ്, മുതൽപേർ സി. കേശവന്റെ കേസ് വാദിച്ചു. ടി.എം. വർഗീസ് സംയുക്ത രാഷ്ട്രീയ സഭയുടെ നേതൃസ്ഥാനത്തേക്കുയർന്നു. കേശവനെ ശിക്ഷിക്കുവാനും തുറങ്കലിലടയ്ക്കുവാനും കഴിഞ്ഞുവെന്ന് സർക്കാർ അഭിമാനിച്ചു. തുറങ്കിലടയ്ക്കപ്പെട്ട രാജ്യദ്രോഹിയായ കേശവൻ രാഷ്ട്രീയമായി പതിന്മടങ്ങ് ശക്തനായി. സംയുക്ത രാഷ്ട്രീയ സഭയും അതോടൊപ്പം ശക്തി പ്രാപിച്ചു.

നിവർത്തനക്കാരുടെ നിവേദനങ്ങളെ അവഗണിച്ച് നടന്ന തിരഞ്ഞെടുപ്പിന്റെ ഫല പ്രഖ്യാപനത്തോടെ ഭരണപരിഷ്ക്കാരത്തിന്റെ പൊള്ളത്തരം എല്ലാവർക്കും ബോദ്ധ്യമായി. സംയുക്ത രാഷ്ട്രീയസഭയുടെ സുശക്തമായ പ്രക്ഷോഭണത്തിന്റെ മുമ്പിൽ ഗവണ്മെന്റിന് മുട്ടുമടക്കേണ്ടി വന്നു. മഹാസഭ ഉന്നയിച്ച അവകാശങ്ങൾ അംഗീകരിച്ചുകൊണ്ട് 'സമ്മതിദാന തത്വങ്ങളെക്കുറിച്ച് വിസ്തരിച്ചുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും നിയോജകമണ്ഡലങ്ങളെ ക്രമപ്പെടുത്തി പൂർണ്ണമായ ഒരു പദ്ധതി തയ്യാറാക്കുന്നതിനുമായി ലോ കോളേജ് പ്രിൻസിപ്പാൽ ഇ. സുബ്രഹ്മണ്യ അയ്യരെ കമ്മീഷണറായി നിയമിച്ചുകൊണ്ട് 1935 ആഗസ്റ്റ് 17-ാം തീയതി പ്രസ് കമ്മ്യൂണിക്കെ പ്രസദ്ധീകരിച്ചു. 1936 ആഗസ്റ്റ് 16-ാം തീയതി കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചു. ആ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ സംയുക്ത രാഷ്ട്രീയ മഹാജനസഭയ്ക്കും സ്വീകാര്യമായിരുന്നു. പുതിയ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കുവാൻ സർക്കാർ നീക്കങ്ങൾ ആരംഭിക്കുകയും ദിവാൻ പേഷ്കാർ ആയിരുന്ന എം.കെ. നീലകണ്ഠഅയ്യരെ നിയോജകമണ്ഡലങ്ങൾ വിഭജിക്കുന്നതിനും വോട്ടർ പട്ടിക തയ്യാറാക്കുന്നതിനും നിയോഗിക്കുകയും ചെയ്തു.

നിവർത്തന പ്രക്ഷോഭത്തിനിടയ്ക്ക് ദിവാനായി നിയമിക്കപ്പെട്ടിരുന്ന സർ മുഹമ്മദ് ഹബീബുള്ളയാണ് സംയുക്ത സമുദായങ്ങളെ തൃപ്തിപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾക്ക് നേതൃത്വം വഹിച്ചത്. പുതിയ ഭരണപരിഷ്കാരത്തെതുടർന്ന് അദ്ദേഹം സ്ഥാനത്തുനിന്ന് വിരമിക്കുകയും 1936 ഒക്ടോബർ 8-ാം തീയതി സർ.സി.പി. രാമസ്വാമി അയ്യർ ദിവാനായി ചാർജെടുക്കുകയും ചെയ്തു. അവർണ്ണ ഹിന്ദുക്കൾക്ക് ക്ഷേത്രപ്രവേശനം അനുവദിച്ചു

www.malankaralibrary.com

കൊണ്ടുള്ള വിളംബരത്തോടെ ഭരണം ആരംഭിച്ച സർ. സി.പി. ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം തത്വത്തിൽ അംഗീകരിച്ചു.

ക്രിസ്ത്യൻ ഈഴവ മുസ്ലീം സമുദായങ്ങൾ ചേർന്ന് രൂപീകരിച്ച സംയുക്ത രാഷ്ട്രീയ കോൺഗ്രസ്സ് ആണല്ലോ നിവർത്തന പ്രക്ഷോഭണം നടത്തിയത്. പ്രക്ഷോഭണത്തിന്റെ വിജയം നായർ സർവ്വീസ് സൊസൈറ്റിയെ വല്ലാതെ രോഷാകുലരാക്കി. അനർഹമായി അനേക വർഷങ്ങളായി കൈവശം വച്ചുകൊണ്ടിരുന്ന അധികാരം മറ്റുള്ളവർക്ക് പങ്കുവയ്ക്കുവാൻ ഉള്ള സൗമനസ്യം അപ്പോഴും നായർ സർവ്വീസ് സൊസൈറ്റി കാണിച്ചില്ല. എല്ലാ കാര്യത്തിലും ഗവണ്മെന്റിനെ പിന്താങ്ങികൊണ്ടിരുന്ന എൻ.എസ്സ്.എസ്സ് ഗവണ്മെന്റുമായി അകലുവാൻ തുടങ്ങി.

1108-ലെ ഭരണപരിഷ്കാരത്തിന് വരുത്തിയ ഭേദഗതികളുടെ ഫലമായി പബ്ലിക് സർവ്വീസിൽ പ്രാതിനിധ്യം കൊടുക്കുക, ഉദ്യോഗങ്ങൾക്കു വേണ്ടിയുള്ള പ്രത്യേക പരീക്ഷകൾ നടത്തുക, ഉദ്യോഗങ്ങൾക്കൊരു നിയന്ത്രണം വരുത്തുക, ഇതിന്റെ ചുമതലകൾ വഹിക്കുവാൻ പബ്ലിക് സർവ്വീസ് കമ്മീഷനെ നിയമിക്കുക, ജനസംഖ്യാനുപാതികമായി ഉദ്യോഗങ്ങൾ സംവരണം ചെയ്യുക. നിയമസഭയിൽ ജനസംഖ്യാനുപാതികമായ പ്രാതിനിദ്ധ്യം വിവിധ സമുദായങ്ങൾക്ക് ലഭിക്കുന്നതിനുള്ള ഏർപ്പാടുചെയ്യുക തുടങ്ങിയ നടപടികൾ സ്വീകരിച്ചു തുടങ്ങിയപ്പോൾ എൻ.എസ്സ്.എസ്സ്. ഏതു ഹീനമാർഗ്ഗം ഉപയോഗിച്ചും നായർ സമുദായത്തിന് മാത്രം രക്ഷലഭിക്കുന്നതിനെപ്പറ്റി ആലോചിച്ചു. അവരെപ്പോലെ അവസരവാദപരമായി മറ്റു സമുദായങ്ങളും പ്രവർത്തിക്കുമെന്നാണവർ ചിന്തിച്ചത്. നിവർത്തനപ്രക്ഷോഭണത്തിന്റെ പേരിൽ സി.പിയുടെയും നായർ സമുദായത്തിന്റെയും വിമർശനം മുഴുവൻ ഏറ്റുവാങ്ങിയ സിറിയൻ ക്രിസ്ത്യൻ സമുദായവുമായി ഒരു മുന്നണിയുണ്ടാക്കി ആസന്നമായ തിരഞ്ഞെടുപ്പിനെ നേരിടുവാൻ നായർ സർവ്വീസ് സൊസൈറ്റി ആഗ്രഹിക്കുകയും അതിനുവേണ്ടിയുള്ള പ്രഥമ ആലോചനായോഗം തിരുവനന്തപുരത്ത് ചേരുകയുംചെയ്തു.

സിറിയൻ ക്രിസ്ത്യൻ സമുദായവും നായർ സമുദായവും യോജിച്ചുകൊണ്ട് തെരഞ്ഞെടുപ്പിൽ മത്സരിച്ചാൽ ഭൂരിപക്ഷം സീററും കരസ്ഥമാക്കുവാൻ സാധിക്കുമെന്നായിരുന്നു സൊസൈററിയുടെ വാദം. നിവർത്തനപക്ഷത്തായിരുന്ന-നിവർത്തനപ്രസ്ഥാനത്തിന് ശക്തി പകർന്ന-സിറിയൻ ക്രിസ്ത്യൻ വിഭാഗം ഏതാനും സീററുകൾ ലഭിക്കുന്നതിനുവേണ്ടി സഹോദരസമുദായങ്ങളെ വഞ്ചിച്ച് എൻ.എസ്സ്.എസ്സിന്റെ കൂട്ടത്തിൽ കൂടുമെന്നാണവർ പ്രതീക്ഷിച്ചത്. മഞ്ഞപ്പിത്തം ബാധിച്ചവൻ നോക്കുന്നതെല്ലാം മഞ്ഞച്ചിരിക്കുമെന്നാണല്ലോ പറയുന്നത്. അതുപോലെ എൻ.എസ്സ്.എസ്സ്.

www.malankaralibrary.com

രണ്ടു സീററു ലഭിക്കുന്നതിനുവേണ്ടി എന്തു വേഷവും കെട്ടുന്നതുപോലെ സിറിയൻ ക്രിസ്ത്യൻ സമൂഹവും ചെയ്യുമെന്നായിരുന്നു അവർ പ്രതീക്ഷിച്ചത്. സംവരണം ചെയ്തുമാററിയിട്ടുള്ള സീററുകൾ ഒഴിച്ചുള്ള എല്ലാ സീറ്റുകളും നായർ സമുദായവും സിറിയൻ ക്രിസ്ത്യൻ വിഭാഗവും കൂടി വീതിച്ചെടുക്കുകയെന്നതായിരുന്നു സൊസൈററിയുടെ പദ്ധതി. ആ നിർദ്ദേശം സിറിയൻ ക്രിസ്ത്യൻ സമുദായവും ആദ്യമേപുറം തള്ളി. സമുദായങ്ങളെ തമ്മിൽ തല്ലിച്ച് രാജ്യത്ത് വീണ്ടും അനർത്ഥവും കുഴപ്പവുമുണ്ടാക്കുന്ന ഇത്തരം പ്രവണതകൾ ശരിയല്ലെന്ന് യോഗത്തിൽ പലരും വാദിച്ചു. ഈ യോഗത്തിൽ സംബന്ധിച്ച സിറിയൻ ക്രിസ്ത്യൻ നേതാക്കളായിരുന്ന ഇ.ജെ.ജോണും, എ.എ. പോളും ഈ നീക്കത്തിൽ സംതൃപ്തി പ്രകടിപ്പിച്ചുമില്ല. തന്മൂലം തീരുമാനമൊന്നുമെടുക്കാതെ യോഗം പിരിഞ്ഞു. എങ്കിലും ഇതേ കാര്യത്തെപ്പററി ചർച്ചചെയ്യുവാൻ മന്നത്തു പത്മനാഭപിള്ള സാർ, ഉണിച്ചക്കൻ വീട്ടിൽ ശ്രീ പരമേശ്വരപിള്ള, കോട്ടൂർ കൃഷ്ണപിള്ള മുതലായവർ മുൻകൈയ്യെടുത്ത് കൊല്ലത്ത് ഒരു യോഗം വിളിച്ചുകൂട്ടി. നായർ സർവ്വീസ് സൊസൈററിയുടെ ആ യോഗത്തിലും തീവ്രമായ ചർച്ച നടന്നു. നായർ സമുദായം ഒററക്കു നിൽക്കുന്നത് ദോഷകരമാണെന്നും സിറിയൻ ക്രിസ്ത്യാനികളുമായി യോജിച്ച് തിരഞ്ഞെടുപ്പിൽ മത്സരിക്കുകയാണ് വേണ്ടതെന്നുമുള്ള കുഞ്ഞുകൃഷ്ണപിള്ളയുടെ വാദത്തെ കുമ്പളത്തു ശങ്കുപ്പിള്ള, കെ.പി. നീലകണ്ഠപ്പിള്ള തുടങ്ങിയവർ എതിർത്തു. അവസാനം വോട്ടിനിട്ടു. ക്രിസ്ത്യൻ-നായർ കൂട്ടുകെട്ട് എന്ന ആശയത്തെ നായന്മാർ തന്നെ എതിർത്തു. ശ്രീ. കുമ്പളത്തു ശങ്കുപ്പിള്ള തന്റെ ആത്മകഥയിൽ പറയുന്നു. "ഇതൊരു കളിക്കച്ചവടമാണ്. കുറേപ്പേർക്ക് ഉദ്യോഗവും മററു സ്ഥാനമാനങ്ങളും കരസ്ഥമാക്കാൻ വേണ്ടിയുള്ള ഏർപ്പാടാണ്. അതിനെ അനുകൂലിക്കാൻ എന്നെപ്പോലെയുള്ളവർക്ക് സാദ്ധ്യമല്ല."

ജസ്റ്റിസ് ശ്രീ ദാനിയേലിനെപ്പോലെ ഏതാനും സിറിയൻ ക്രിസ്ത്യാനികൾ ഈ കൂട്ടുകെട്ടിനെ അനുകൂലിച്ചെങ്കിലും സമുദായത്തിൽ യാതൊരു ചലനവും സൃഷ്ടിക്കാൻ അവരുടെ പ്രവർത്തനത്തിന് സാധിച്ചില്ല. ക്രിസ്ത്യൻ സമുദായത്തോടൊത്തുപ്രവർത്തിച്ച ഈഴവസമുദായത്തെയും മുസ്ലീം സമുദായത്തെയും വഞ്ചിച്ചുകൊണ്ട് നായർ സമുദായവുമായി സിറിയൻ ക്രിസ്ത്യൻ സമുദായം ഏതാനും സീറ്റുകൾക്കുവേണ്ടി കൂട്ടുകൂടുമെന്ന് വിചാരിച്ച എൻ.എസ്സ്.എസ്സിന്റെ കണക്കുകൂട്ടലുകൾ സിറിയൻ ക്രിസ്ത്യൻ സമുദായം തകർത്തു.

സിറിയൻ ക്രിസ്ത്യൻ സമുദായത്തെ സാമ്പത്തിക സംവരണത്തിനുവേണ്ടിയുള്ള സമരത്തിൽ പങ്കുകാരാക്കാൻ ഇവിടുത്തെ നായർ സമുദായം ദീർഘകാലമായി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ആ കൂട്ടുകെട്ടിൽ

www.malankaralibrary.com

സിറിയൻ ക്രിസ്ത്യൻ സമുദായം പെടാതിരിക്കുന്നത് അടിച്ചമർത്തപ്പെടുകയും അവഗണിക്കപ്പെടുകയും ചെയ്ത ജനവിഭാഗത്തോടുള്ള പ്രതിബദ്ധതകൊണ്ടുമാത്രമാണ്. ഏതാനും ഉദ്യോഗങ്ങൾക്കുവേണ്ടി - സ്വാർത്ഥലാഭത്തിനുവേണ്ടി സിറിയൻ ക്രിസ്ത്യൻ സമൂഹം ചുവടുമാററി ചവിട്ടിയിട്ടില്ലന്നും ഒരിക്കലും ചുവടുമാറി ചവിട്ടുകയില്ലന്നും ഏവരും മനസ്സിലാക്കുന്നത് നന്ന്.

പുതിയ ഭരണപരിഷ്ക്കാരമനുസരിച്ചുള്ള തിരഞ്ഞെടുപ്പ് 1937 ഏപ്രിൽ മേയ് മാസങ്ങളിൽ നടന്നു. സംയുക്തരാഷ്ട്രീയ മഹാജനസഭയും സവർണ്ണ രാഷ്ട്രീയ മേധാവിത്വവും തമ്മിലുള്ള ഒരു ബലപരീക്ഷണമായിരുന്നു ആ തിരഞ്ഞെടുപ്പ്. സംയുക്തരാഷ്ട്രീയ മഹാജനസഭ ഈ തിരഞ്ഞെടുപ്പിൽ വിജയം വരിച്ചു. നിവർത്തനപ്രക്ഷോഭകർക്കെതിരായി തിരുവിതാംകൂർ ഗവണ്മെന്റ് മർദ്ദനമുറകൾ ആരംഭിച്ചപ്പോൾ പ്രക്ഷോഭകാരികളിൽ പലരും ബ്രിട്ടീഷ് ഗവണ്മെന്റിന്റെ നേരിട്ടുള്ള ഭരണത്തിൻകീഴിലായിരുന്ന തങ്കശ്ശേരിയിലേക്കു കടന്നു. തങ്കശ്ശേരി ക്രമേണ ഒരു പ്രക്ഷോഭണ കേന്ദ്രമായി മാറി. ഇതു തങ്കശ്ശേരിയെ തിരുവിതാംകൂറിൽ ലയിപ്പിക്കാനുള്ള ശ്രമങ്ങൾക്ക് കാരണമായി.

ഒരാളുടെ ജീവിതത്തിൽ വിജയവും പരാജയവുമുണ്ടാകും അതിന്റെ പേരിൽ ഒരിക്കലും ജോർജ്ജ് ജോസഫ് ഉൽക്കണ്ഠാകുലനല്ലായിരുന്നു. സ്കൂളിൽ നിന്നും മോശമായ പരീക്ഷാഫലവുമായി വീട്ടിൽ വന്നാൽ കുട്ടികളെ ശകാരിക്കുന്നതിനുപകരം അതേപ്പറ്റി തമാശ പറഞ്ഞ് ഞങ്ങളെ ആശ്വസിപ്പിക്കുമായിരുന്നു. പരീക്ഷ ഒരു വിദ്യാർത്ഥിയുടെ കഴിവിനെ പരീക്ഷിയ്ക്കുന്നില്ലായെന്ന് അദ്ദേഹം പറയുമായിരുന്നു. പരീക്ഷ ഇല്ലാതെ തന്നെ കാര്യങ്ങൾ നടത്താമെങ്കിൽ അതാണ് നല്ലതെന്ന അഭിപ്രായമാണ് ജോർജ്ജ് ജോസഫിനുണ്ടായിരുന്നത്. കുട്ടികളിൽ വായനാശീലം വളർത്തുവാൻ അദ്ദേഹം ശ്രമിച്ചിരുന്നു. ഒരു പുസ്തകത്തെ ഒരു സുഹൃത്തായി കാണാൻ കഴിഞ്ഞാൽ ജീവിതം ഒരിയ്ക്കലും പരാജയപ്പെടുകയില്ലെന്നും ജോർജ്ജ് ജോസഫ് മക്കളോട് പറയുമായിരുന്നു.

(മായാ തോമസിന്റെ ഗ്രന്ഥത്തോട് കടപ്പാട്)

www.malankaralibrary.com

# 19. തങ്കശ്ശേരിയും ജോർജ് ജോസഫും

പഴയ തിരുവിതാംകൂറിന്റെ പടിഞ്ഞാറേതീരത്ത് കൊല്ലം പട്ടണത്തോടു ചേർന്നു കിടക്കുന്ന തങ്കശ്ശേരി എന്ന ഗ്രാമം ഒന്നര നൂറ്റാണ്ടുകാലം മദ്രാസ് സംസ്ഥാനത്തിന്റെ ഭരണത്തിലായിരുന്നു. അതിനു മുമ്പ് ഈ സ്ഥലം പോർട്ടു ഗീസുകാരും ഡച്ചുകാരും കൈവശം വച്ച് ഭരിച്ചിട്ടുണ്ട്. അതുപോലെതന്നെ യായിരുന്നു ആറ്റിങ്ങലിനടുത്തുള്ള അഞ്ചുതെങ്ങു ഗ്രാമവും. ഈ രണ്ടു ഗ്രാമ ങ്ങളും സാമ്പത്തികമായി അത്ര മെച്ചമായിരുന്നില്ല. അതുകൊണ്ട് ഈ ഗ്രാമ ങ്ങളുടെ മേൽ തിരുവിതാംകൂർ യാതൊരു അവകാശവാദവും ഉന്നയിച്ചിട്ടുമി ല്ല. എന്നാൽ, നിവർത്തനപ്രസ്ഥാനത്തിന്റെ ശക്തി വർദ്ധിച്ചതോടു കൂടി തങ്ക ശ്ശേരിയും അഞ്ചുതെങ്ങും തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയ പ്രാധാന്യമുള്ള ഭൂഭാഗങ്ങളായിത്തീർന്നു.

നിവർത്തന പ്രസ്ഥാനത്തിനെതിരായി തിരുവിതാംകൂർ ഗവൺമെന്റ് മർദ്ദന മുറകൾ ആരംഭിച്ചപ്പോൾ പ്രക്ഷോഭകാരികൾ പലരും ഈ ബ്രിട്ടീഷ് മേഖലകളിലേക്കു കടന്നു. തങ്കശ്ശേരി അഞ്ചുതെങ്ങ് ഗ്രാമങ്ങളിലേക്കു കട ന്നവരെ അറസ്റ്റു ചെയ്യുവാൻ തിരുവിതാംകൂർ പോലീസിന് എളുപ്പം സാധി ക്കുകയില്ലായിരുന്നു. ഇങ്ങനെയൊരു ഒളിപ്പോരു താവളം ഇല്ലായിരുന്നുവെ ങ്കിൽ നിവർത്തന–സ്റ്റേറ്റ് കോൺഗ്രസ് പ്രക്ഷോഭണങ്ങൾ ഇത്ര ശക്തിയായി നടത്തുവാൻ സാധിക്കുമായിരുന്നില്ല.

തിരുവിതാംകൂർ മഹാരാജാവിന്റെ ഭരണകാര്യഉപദേഷ്ടാവ് സർ.സി. പി. രാമസ്വാമി അയ്യർ ഇതിന് ഒരു പരിഹാരം കണ്ടുപിടിക്കുവാൻ ശ്രമിച്ചു. തങ്കശ്ശേരി - അഞ്ചുതെങ്ങുഗ്രാമങ്ങൾ തിരുവിതാംകൂറിൽ ലയിപ്പിക്കുകയെ ന്നതായിരുന്നു അദ്ദേഹത്തിന്റെ പദ്ധതി. തങ്ങളുടെ സമീപത്തുള്ള കൊല്ലം പട്ടണത്തെ മറികടന്ന് വിദൂരസ്ഥമായ തിരുനെൽവേലിയിലേക്ക് സകല സർക്കാർ ആവശ്യങ്ങൾക്കും പോകേണ്ടിയിരുന്ന ജനങ്ങൾക്ക് യഥാർത്ഥ ത്തിൽ ഈ അധികാരക്കൈമാറ്റം ഗുണകരമായിരുന്നു. മദ്രാസ് ഗവൺമെന്റിനും ഈ കൈമാറ്റം കൊണ്ട് യാതൊരു നഷ്ടവുമില്ല. മദ്രാസ് ഗവൺമെന്റിലും ഇന്ത്യാഗവൺമെന്റിലും സി.പി.യ്ക്കുള്ള സ്വാധീനശക്തി ഉപയോഗിച്ച് ഈ അധികാരമാറ്റം നിഷ്പ്രയാസം സാധിക്കാമെന്ന് സി.പി. വ്യാമോഹിച്ചു.

തിരുവിതാംകൂറിലെ ക്രൈസ്തവരോട് ഗവൺമെന്റും നായർ നേതാ ക്കന്മാരും കാണിച്ചുവന്ന പ്രതികൂലഭാവം ശരിക്കറിഞ്ഞ തങ്കശ്ശേരിക്കാർ സി. പി.യുടെ നീക്കത്തിൽ പരിഭ്രാന്തരായിത്തീർന്നു. തങ്കശ്ശേരി തിരുവിതാംകൂ

www.malankaralibrary.com

റിൽ ലയിപ്പിക്കാനുള്ള നീക്കത്തിനെതിരെ തങ്കശ്ശേരിയിൽ വമ്പിച്ച പ്രതിഷേധയോഗങ്ങൾ നടന്നു. 1934 മെയ് 18-ാം തീയതി അഞ്ഞൂറിലധികം തങ്കശ്ശേരിക്കാർ ഒപ്പിട്ട മെമ്മോറാണ്ടം വൈസ്രോയിക്കയച്ചു കൊടുത്തു. വീണ്ടും തങ്കശ്ശേരിയിൽ പ്രകടനങ്ങളും പൊതുയോഗങ്ങളും സംഘടിപ്പിക്കുകയും നിരവധി നിവേദനങ്ങൾ വൈസ്രോയിക്കയച്ചു കൊടുക്കുകയും ചെയ്തു. എന്നിട്ടും തങ്കശ്ശേരിക്കാരുടെ നിവേദനങ്ങളോട് അനുകൂലമായ യാതൊരു നിലപാടും വൈസ്രോയി എടുത്തില്ല. എന്നുതന്നെയുമല്ല, പ്രതികൂല സൂചനകൾ അടിക്കടി പ്രത്യക്ഷമായി വരികയും ചെയ്തു.

വൈസ്രോയിയുടെ അടുക്കൽ നല്ല സ്വാധീനമുണ്ടായിരുന്ന സി.പി.യുടെ താൽപര്യങ്ങൾക്കൊത്ത് വൈസ്രോയി നീങ്ങുവാൻ ഇടയുണ്ടെന്ന് ഒരു ധാരണയും പടർന്നു. 99 ഏക്കർ വിസ്താരവും 2000 ജനങ്ങളും മാത്രമുള്ള ഒരു ഗ്രാമത്തിനുവേണ്ടി വൈസ്രോയി, സി.പി.യ്ക്കെതിരായ ഒരു നിലപാട് സ്വീകരിക്കുകയില്ലെന്ന് എല്ലാവരും വിശ്വസിച്ചു. ഈ സന്ദർഭത്തിൽ വൈസ്രോയിയുടെ അടുക്കലേക്ക് ഒരു നിവേദക സംഘത്തെ അയയ്ക്കണമെന്ന് ടി.എം.വർഗ്ഗീസും മാമ്മൻ മാപ്പിളയും എം.എം. വർക്കിയും കൂടി തീരുമാനിച്ചു.

ബ്രിട്ടീഷ് ഗവൺമെന്റിലും ബ്രിട്ടീഷ് പാർലമെന്റിലും നല്ല സ്വാധീനമുണ്ടായിരുന്ന ബാരിസ്റ്റർ ജോർജ് ജോസഫിനെയും നിവർത്തനപ്രക്ഷോഭണത്തിന്റെ പിന്നണിയിൽ നിന്ന് എല്ലാ കരുക്കളും നീക്കിയ എം.എം.വർക്കിയേയും നിവേദകസംഘമായി ഡൽഹിയിലേയയ്ക്കണമെന്നായിരുന്നു നിവർത്തന നേതാക്കളുടെ തീരുമാനം. പക്ഷേ, തങ്കശ്ശേരിക്കാരുടെ കാര്യം പറയാൻ ഇവർക്കെന്താവകാശം? അത് തങ്കശ്ശേരിക്കാർ തന്നെയല്ലേ പറയേണ്ടത്?

ഈ നിയമക്കുരുക്ക് മനസ്സിലാക്കിയ എം.എം. വർക്കി വൈസ്രോയിക്കും ഗവർണ്ണർക്കും കൊടുക്കുവാനുള്ള മെമ്മോറിയൽ തയ്യാറാക്കി അച്ചടിപ്പിച്ച് തങ്കശ്ശേരിയിലേക്ക് പോയി. തങ്കശ്ശേരി നിവാസികളുടെ മഹായോഗം വിളിച്ചുകൂട്ടി. മെമ്മോറാണ്ടം വൈസ്രോയിക്കും മദ്രാസ് ഗവർണ്ണർക്കും സമർപ്പിക്കുന്നതിനു ബാരിസ്റ്റർ ജോർജ് ജോസഫിനെയും എം.എം.വർക്കിയേയും യോഗം ചുമതലപ്പെടുത്തുകയും ചെയ്തു. ഡൽഹി യാത്രയ്ക്കുള്ള ചെലവിലേയ്ക്കായി 500 രൂപായും സംഭരിച്ചു നൽകി. ഡൽഹി യാത്രയ്ക്ക് ആവശ്യമായ തുക മാമ്മൻ മാപ്പിള വാഗ്ദാനം ചെയ്യുകയും തുക എഴുതാത്ത ഒപ്പിട്ട ഒരു ബ്ലാങ്ക് ചെക്കുബുക്ക് വർക്കിയെ ഏൽപ്പിക്കുകയും ചെയ്തു. ശ്രീ, വർക്കി മധുരയിൽ എത്തി ജോർജ്ജ് ജോസഫുമൊന്നിച്ച് മദ്രാസിലേക്കു പോയി. മദ്രാസിലെത്തി ഗവർണ്ണർക്കും ചീഫ് സെക്രട്ടറിക്കും നിവേദനം സമർപ്പിക്കുകയും അതിലെ അഭ്യർത്ഥനകളുടെ ന്യായയുക്തികളെ വിശദീകരിച്ച് സുദീർഘമായി സംസാരിക്കുകയും ചെയ്തു. ഗവൺമെന്റ് മന്ദിരത്തിൽ നിന്നു പുറത്തിറങ്ങിയ അവർ നേരെ ഹിന്ദുവിന്റെയും മദ്രാസ് മെയിലിന്റെയും

www.malankaralibrary.com

പത്രാധിപന്മാരെ സന്ദർശിക്കാനായി പോയി. മൈലാപ്പൂർകാരനായ സി.പി. സാദ്ധ്യമായ എല്ലാ സ്വാധീനങ്ങളും ഉപയോഗിച്ചിട്ടും ആ പത്രങ്ങൾ തങ്കശ്ശേരിക്കാരെ പിന്താങ്ങി. അത് ജോർജ്ജ് ജോസഫിന്റെ അതുല്യമായ വ്യക്തിപ്രഭാവം കൊണ്ടു മാത്രമായിരുന്നു.

മദ്രാസിൽ നടന്നു കൊണ്ടിരുന്ന ഒരു കോൺഗ്രസ് സമ്മേളനത്തിൽ അദ്ദേഹം പങ്കെടുത്തു പ്രസംഗിച്ചു. ജോർജ്ജ് ജോസഫിന്റെ പ്രസംഗം കേൾക്കാൻ ഇടയായ പത്രക്കാർ അദ്ദേത്തിനു ചുറ്റും കൂടി. തന്റെ ഡൽഹി യാത്രയുടെ ഉദ്ദേശലക്ഷ്യങ്ങൾ അവർ പത്രപ്രതിനിധികളോടു സംസാരിച്ചു. പിറ്റെ ദിവസത്തെ പത്രങ്ങളുടെ പ്രധാന പ്രതിപാദ്യം തങ്കശ്ശേരിക്കാരുടെ പ്രശ്നമായിരുന്നു. ഡൽഹിയിലേക്കുള്ള അവരുടെ യാത്ര ഇന്ത്യ മുഴുവൻ അറിയുന്നതിന് ഇടനൽകി. ഡൽഹിക്കുള്ള യാത്രയിൽ തീവണ്ടി നിൽക്കുന്ന പ്രധാന സ്ഥലങ്ങളിലെ പത്ര പ്രതിനിധികൾ അദ്ദേഹത്തെ വന്നു കണ്ടു. പത്രങ്ങളിലെ മുഖ്യ വാർത്ത ജോർജ്ജ് ജോസഫിന്റെ ഡൽഹി യാത്രയായിരുന്നു. ഇന്ത്യൻ രാഷ്ട്രീയ മണ്ഡലത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന സ്ഥാനം എത്ര വലുതാണെന്ന് വ്യക്തമാക്കുന്ന സന്ദർഭങ്ങളായിരുന്നു അവ.

ഡൽഹിയിൽ ചെന്നെത്തിയ ഉടനെ ഹിന്ദുസ്ഥാൻ ടൈംസിന്റെ പത്രാധിപരായിരുന്ന പോത്തൻ ജോസഫിന്റെ (ജോർജ്ജ് ജോസഫിന്റെ സഹോദരൻ) വസതിയിലേക്കാണ് അവർ പോയത്. ചെന്ന അന്നുതന്നെ വൈസ്രോയിയുടെ പ്രൈവറ്റ് സെക്രട്ടറിയെ ഫോണിൽ വിളിച്ച് അന്നോ അടുത്ത ദിവസമോ വൈസ്രോയിയുമായി ഒരു സന്ദർശനത്തിനു സമയം അനുവദിച്ചു കിട്ടണമെന്നാവശ്യപ്പെട്ടു. അടുത്ത ദിവസങ്ങളിലൊന്നും തരപ്പെടുകയില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. ശ്രീ.എം.എം.വർക്കിയുടെ വാക്കുകൾ ഉദ്ധരിക്കട്ടെ. "സർവ്വപ്രധാനമായ ഒരു രാജ്യകാര്യം പ്രമാണിച്ച് വൈസ്രോയിയെ കാണാൻ ഇന്ത്യയുടെ തെക്കേയറ്റത്തുനിന്ന് അടിയന്തിരമായി താൻ വന്നിരിക്കുകയാണെന്നും നീട്ടിവയ്ക്കാവുന്ന ഒരു പ്രശ്നമല്ല തന്റേതെന്നും അതിനാൽ ഈ വിവരം വൈസ്രോയിയെ ധരിപ്പിച്ചിട്ടെങ്കിലും വിവരം തന്നെ അറിയിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. വീരശൂരന്മാരായ മഹാരാജാക്കന്മാർ പോലും യാചനാസ്വരത്തിൽ സംസാരിക്കാറുള്ള തന്നോട് ഇത്ര ഔദ്ധത്യത്തോടെ സംസാരിക്കുന്ന ഈ മനുഷ്യൻ ആരെന്ന് പ്രൈവറ്റ് സെക്രട്ടറി ശങ്കിച്ചിരിക്കാം. രണ്ടു മണിക്കൂർ കഴിഞ്ഞപ്പോൾ പ്രൈവറ്റ് സെക്രട്ടറി വിളിച്ചു. പിറ്റേ ദിവസം രാവിലെ 11 മണിക്ക് വൈസ്രോയി സന്ദർശനമനുവദിച്ചിരിക്കുന്നുവെന്ന് അറിയിച്ചു."

ജോർജ്ജ് ജോസഫ് ഡൽഹിയിൽ എത്തിയ വിവരം അറിഞ്ഞ് വൈസ്രോയിയുടെ എക്സിക്യൂട്ടീവ് കൗൺസിൽ അംഗവും അദ്ദേഹത്തിന്റെ സഹപാഠിയും ആയ ലാൻസ്ലറ്റ് ഗ്രഹാം പിറ്റെ ദിവസത്തെ ഉച്ചയ്ക്കുള്ള ലഞ്ചിന് ക്ഷണിക്കുകയും ആ ക്ഷണം അദ്ദേഹം സ്വീകരിക്കുകയും ചെയ്തു.

www.malankaralibrary.com

ഈ വിവരം വൈസ്രോയിയുടെ സെക്രട്ടറിയെ അറിയിക്കുകയും സന്ദർശന സമയം അന്നു വൈകിട്ടോ പിറ്റെ ദിവസമോ ആക്കി ക്രമീകരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. പ്രൈവറ്റ് സെക്രട്ടറി അതിന് ഓരോ പ്രതിബന്ധം പറഞ്ഞെങ്കിലും ജോർജ്ജ് ജോസഫിന്റെ ദൃഢസ്വരത്തിലും ഏതാണ്ട് ആജ്ഞാരുപത്തിലുമുള്ള സംസാരത്തിനു ശേഷം ഇൻർവ്യൂ അടുത്ത ദിവസം അതേ സമയത്തേയ്ക്ക് മാറ്റി വായ്ക്കാമെന്ന് സമ്മതിച്ചു.

പിറ്റേ ദിവസം ഇരുവരും കൃത്യസമയത്തു തന്നെ വൈസ്രോയി മന്ദിരത്തിലെത്തി. വൈസ്രോയിയെ സന്ദർശിക്കാനായി പട്ടുവസ്ത്രങ്ങളും കിന്നരിത്തലപ്പാവുകളും ധരിച്ച മഹാരാജാക്കന്മാരും ചക്രവർത്തിമാരും നേരത്തെ തന്നെ അവിടെ വന്ന് ഇരിപ്പുണ്ടായിരുന്നു. കൃത്യ സമയത്തുതന്നെ വൈസ്രോയിയുടെ അസിസ്റ്റന്റ് സെക്രട്ടറി വന്ന് ജോർജ്ജ് ജോസഫിനെയും എം. എം. വർക്കിയേയും വൈസ്രോയിയുടെ മുറിയിലേക്ക് കൂട്ടിക്കൊണ്ടുപോയി. മുഷിഞ്ഞ ഖദർ ധരിച്ച ഇവർ ആരെന്ന് ഒരു പക്ഷേ തലപ്പാവുകൾ ധരിച്ച രാജാക്കന്മാരും മറ്റും ചിന്തിച്ചിരിക്കാം."

ശ്രീ.എം.എം.വർക്കിയുടെ വാക്കുകൾ ഒന്നുകൂടി ഉദ്ധരിക്കട്ടെ. 'Oh, Goodmorning, your Excellency ' എന്നു പറഞ്ഞു കൊണ്ടാണ് ബുദ്ധിമാനും അതിലേറെ ധീരനുമായ ജോർജ്ജ് ജോസഫ് ആ ഹാളിലേക്കു പ്രവേശിച്ചതു തന്നെ... ഞാൻ അതിപ്രധാനമായ ഒരു സാധനമാണ് അങ്ങേയ്ക്ക് കൊണ്ടുവന്നിരിക്കുന്നത് എന്നു പറഞ്ഞുകൊണ്ട് അച്ചടിച്ചു തയ്യാറാക്കിയിരുന്ന മെമ്മോറിയൽ അദ്ദേഹത്തിന്റെ മുന്നിലേക്ക് വച്ചു..... 1935 മാർച്ച് 5 എന്ന് തീയ്യിതി വച്ചിട്ടുള്ള ആ മെമ്മോറിയലും അനുബന്ധങ്ങളായി അതിനു മുമ്പ് വൈസ്രോയിക്കും മദ്രാസ് ഗവർണ്ണർക്കും തിരുനെൽവേലി കളക്ടർക്കും അയച്ചിട്ടുള്ള നിവേദനങ്ങളും കത്തുകളും കമ്പികളും തങ്കശ്ശേരിയിൽ കൂടിയിട്ടുള്ള പ്രതിഷേധ യോഗങ്ങളുടെ റിപ്പോർട്ടുകളും നിശ്ചയങ്ങളും ഈ ഗ്രന്ഥത്തിൽ കൊള്ളിച്ചിരുന്നു. തങ്കശ്ശേരിയെ യാതൊരു കാരണവശാലും തിരുവിതാംകൂറിൽ ലയിപ്പിക്കരുതെന്നും അങ്ങനെ ചെയ്താൽ തിരുവിതാംകൂർ ക്രിസ്ത്യാനികൾ ഇന്നനുഭവിക്കുന്ന മർദ്ദനങ്ങളെല്ലാം തങ്ങളും അനുഭവിക്കേണ്ടിവരുമെന്നും തിരുവിതാംകൂർ മർദ്ദന ഭരണത്തിൽ നിന്ന് തങ്ങളെ രക്ഷിക്കണമെന്നും തങ്ങളുടെ എതിർപ്പിന്റെ ഗൗരവം മനസ്സിലാക്കുവാൻ ഒരു കമ്മീഷനെ വച്ചു അന്വേഷണം നടത്തണമെന്നും മെമ്മോറിയലിൽ ആവശ്യപ്പെട്ടിരുന്നു. മെമ്മോറിയൽ പ്രഭുവിന്റെ കൈയിലേക്ക് കൊടുത്തതിനെ തുടർന്ന് അതിലെ ഉള്ളടക്കത്തെപ്പറ്റി ജോർജ്ജ് ജോസഫ് തന്റെ സഹജമായ വാശിയോടും നിറുത്താതെയും ഒരു പ്രസംഗം തന്നെ ചെയ്തു. ബ്രിട്ടീഷ് ജനതയുടെ പൊതുവേയുള്ള ഒരു സ്വാഭാവിക വിശേഷമാണല്ലോ പ്രകടവും അടിയുറച്ചതുമായ നീതിബോധം. ലോകം ബഹുമാനിക്കുന്ന ഈ സ്വഭാവ സവിശേഷതയെ കുത്തിയിളക്കിക്കൊണ്ടും പ്രഭുവിനെ പ്രശംസിച്ച് അദ്ദേഹം മദ്രാസ് ഗവർണ്ണറായി

www.malankaralibrary.com

രുന്ന കാലത്ത് 1920-ൽ തിരുവനന്തപുരം സന്ദർശിച്ചപ്പോൾ "താനും ഭാര്യയും ഉൾപ്പെട്ട മതവിഭാഗത്തിൽപ്പെടുന്ന ആളുകളെ" പ്പറ്റി എടുത്തു പറയേണ്ടിവന്ന പരിസ്ഥിതി അനുസ്മരിപ്പിച്ചും ധീരനായ ഒരു ഭാരതീയ നേതാവിനടുത്ത മനക്കരുത്തോടെ നിവർത്തന കാര്യത്തിൽ സങ്കടപരിഹാരത്തിന് ഒന്നും ചെയ്യാതിരിക്കുന്ന അധീശഗവൺമെന്റിനെ അല്പം ശാസിച്ചും ജോർജ്ജ് ജോസഫ് ഏതാണ്ട് 15 മിനിറ്റുനേരം ഇടതോരാതെ വാഗ്വർഷം ചെയ്തു കൊണ്ടിരുന്നു. ഇടയിൽക്കയറി ഒന്നും പറയാതെ എല്ലാം സശ്രദ്ധം കേട്ടശേഷം ഒരു മന്ദസ്മിതത്തോടെ പ്രഭു പറഞ്ഞു: "തങ്കശ്ശേരിയിലെ ജനങ്ങളെ അവരുടെ ഇംഗിതത്തിനു വിപരീതമായി കന്നുകാലികണക്കെ തിരുവിതാംകൂറിന് കച്ചവടം ചെയ്യുകയില്ലെന്ന് നിങ്ങൾക്ക് ഉറപ്പായി വിശ്വസിക്കാം" നിസ്സഹായരായ തങ്കശ്ശേരിക്കാർക്കു വേണ്ടി കലശലായ വാശിയോടെ സംസാരിച്ച ജോർജ്ജ് ജോസഫ് തന്റെ നിവേദനത്തിനിടയിൽ പല പ്രാവശ്യം ആ ജനവിഭാഗത്തെ കന്നുകാലികണക്കെ തിരുവിതാംകൂറിന് കച്ചവടം ചെയ്യരുതെന്ന് ഊന്നിപ്പറയുകയുണ്ടായി. അതുകൊണ്ടാണ് വൈസ്രോയി ആ ശൈലിതന്നെ ഉപയോഗിച്ചു ജോർജ്ജ് ജോസഫിന്റെ ന്യായവാദം അംഗീകരിച്ച് മറുപടി പറഞ്ഞത്."

വൈസ്രോയി മന്ദിരത്തിൽ നിന്നു പുറത്തിറങ്ങിയ ഇരുവരും നേരെ കമ്പിയാഫീസിലേക്കു പോയി. തങ്കശ്ശേരിക്കാർക്ക് അവർക്കുണ്ടായിരുന്ന വിജയം കാണിച്ച് കമ്പിയടിച്ചു. സർ.സി.പി.യ്ക്ക് തങ്കശ്ശേരി കിട്ടാൻ പോകുന്നില്ല എന്നു കാണിച്ച് പരിഹാസസ്വരത്തിലും ഒരു കമ്പിയടിച്ചു. ഡൽഹിയിൽ ഒരു പത്രസമ്മേളനം നടത്തി തിരുവിതാംകൂർ പ്രശ്നങ്ങൾ ലോകശ്രദ്ധയിൽപ്പെടുത്തി. പത്രങ്ങളുടെ നിർലോഭമായ സഹകരണങ്ങൾക്ക് നന്ദി പറഞ്ഞു. തങ്കശ്ശേരി പ്രശ്നം ബ്രിട്ടീഷ് കൗൺസിലിലും പ്രഭുസഭയിലും ഉന്നയിക്കുകയും അവർക്കു വേണ്ടി ശക്തിയായി വാദിക്കുകയും ചെയ്ത കർണ്ണൽ വെഡ്ജൂവഡ്, എ.എ.സോമർവെൽ, അന്തോൾ പ്രഭി, ഹിറ്റ്സാലൻ പ്രഭു എന്നിവർക്കും വൈസ്രോയി നൽകിയ ഉറപ്പ് ഉള്ളടക്കം ചെയ്തു കൊണ്ട് കേബിൾ സന്ദേശങ്ങൾ കൊടുത്തു.

ഡൽഹിയിൽ നിന്നു തിരിച്ചെത്തിയ ഇരുവർക്കും തങ്കശ്ശേരിയിൽ രാജകീയ സ്വീകരണം ലഭിച്ചു. ജനങ്ങൾ ബാൻഡ് മേളങ്ങളോടൊപ്പം കതിനാവെടികളോടെയും അവരെ സ്വീകരിച്ചു മാലയണിയിച്ചു മംഗള പത്രം നൽകി വിരുന്ന സൽക്കാരം നടത്തി ബഹുമാനിച്ചു. സർ.സി.പി.യുടെ തങ്കശ്ശേരി തിരുവിതാംകൂറിൽ ലയിപ്പിക്കാനുള്ള പദ്ധതി പൊളിഞ്ഞു.

1935 -ലെ ഇന്ത്യാ ആക്ടിൻപ്രകാരം കോൺഗ്രസ്സ് പ്രോവിൻസുകളിൽ ഭരണത്തിൽ പങ്കാളികളാകാൻ തീരുമാനിച്ചു. കോൺഗ്രസ്സ് ഭരണത്തിൽ പങ്കാളികളാകുന്നതിനെ പലരും എതിർത്തിരുന്നു. ഒരു ദുർബ്ബലനി

www.malankaralibrary.com

മിഷത്തിലാണ് ഭരണത്തിൽ പങ്കാളികാൻ തീരുമാനിച്ചത്. തഞ്ചാവൂർ ക്രിസ്ത്യൻ മണ്ഡലത്തിൽ നിന്നും മത്സരിക്കാൻ കോൺഗ്രസ്സ് സ്ഥാനാർത്ഥിയായി ജോർജ്ജ് ജോസഫിനെയാണ് നിയോഗിച്ചത്. ജസ്റ്റിസ് പാർട്ടിയുടെ സ്ഥാനാർത്ഥി എ.റ്റി. പന്നീർ ശെൽവം ആയിരുന്നു എതിർസ്ഥാനാർത്ഥി. രണ്ടുപേരും റോമൻ കത്തോലിക്കരായിരുന്നു. രണ്ട് കത്തോലിക്കാ സ്ഥാനാർത്ഥികളിൽ ആർക്ക് വോട്ടുചെയ്യണമെന്ന കാര്യത്തിൽ കത്തോലിക്കാ പുരോഹിതന്മാർ നിഷ്പക്ഷ നിലപാട് എടുക്കുമെന്ന് ഉറപ്പുകൊടുത്തതിന്റെ പേരിലാണ് ജോർജ്ജ് ജോസഫ് മത്സരിച്ചത്. ഒരു ദേശീയവാദിയാണെന്നത് ഒരു വിലക്കപ്പെട്ട കാര്യമായിരുന്നില്ല. വളരെയധികം വൈദീകർ പറഞ്ഞതിനും പ്രതീക്ഷിച്ചതിനും വിപരീതമായി അൽമായരുടെ മേൽ സ്വാധീനം ചെലുത്തി. തൽഫലമായി ജോസഫ് തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ടു. വൈദികരുടെ നിലപാടിൽ ജോർജ്ജ് ജോസഫിന് വളരെയധികം മനോവിഷമം ഉണ്ടായി എങ്കിലും അദ്ദേഹം തന്റെ പരാജയത്തെ നീതിപൂർവ്വികമായി കണ്ടു. കോൺഗ്രസ് അധികാരത്തിൽ വന്നാൽ അത് തങ്ങൾക്ക് എതിരാകുമെന്ന ഒരു ചിന്ത വളരെയധികം ക്രിസ്ത്യാനികളിൽ വളർത്താൻ എതിർസ്ഥാനാർത്ഥിക്ക് സാധിച്ചുവെന്ന കാര്യത്തിൽ സംശയിക്കേണ്ടതില്ല.

ജോർജ്ജ് ജോസഫിനെ എതിർത്തത് എ.റ്റി. പന്നീർ സെൽവം ആയിരുന്നു അദ്ദേഹം ഒന്നാംവട്ടമേശ സമ്മേളനത്തിൽ പങ്കെടുത്ത ഒരാളായിരുന്നു. ഒന്നാംവട്ടമേശ സമ്മേളനത്തിൽ പങ്കെടുത്ത കെ.റ്റി. പോൾ നടത്തിയ പ്രസംഗം ഞങ്ങൾ ഭാരതസംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും ഉടമകളാണെന്നും ക്രിസ്ത്യാനികൾ 1700 വർഷങ്ങളായി ഭാരതത്തിൽ ഉണ്ടായിരുന്നുവെന്നും ഭാരതസംസ്കാരത്തിന്റെ സന്ദേശവാഹകരായി ക്രൈസ്തവർ ഈ മണ്ണിൽ എന്നും നിലകൊള്ളുമെന്നും ഊന്നിപറഞ്ഞുകൊണ്ടുള്ളതായിരുന്നു. ക്രൈസ്തവവിഭാഗത്തിനായി യാതൊരു പ്രത്യേക ആനുകൂല്യവും ആവശ്യപ്പെടുകയില്ലെന്നും പരിപൂർണ്ണ ജനാധിപത്യത്തിനും പൊതുനിയോജകമണ്ഡലങ്ങൾക്കുമായി ക്രൈസ്തവർ എന്നും നിലകൊള്ളുമെന്നും സമ്മേളനത്തിൽ പോൾ പ്രസ്താവിച്ചു. ഈ അഭിപ്രായത്തെ പന്നീർ ശെൽവം എതിർത്തു. പ്രത്യേക നിയോജകമണ്ഡലങ്ങളിൽകൂടി മാത്രമേ അർഹമായ സ്ഥാനം ക്രൈസ്തവ സമുദായത്തിന് ലഭിക്കുകയുള്ളുവെന്ന് വാദിച്ചു ഭാരതത്തിലെ പ്രബല സമുദായങ്ങളായ ഹിന്ദുക്കളുടെയും മുസ്ലീങ്ങളുടെയും മദ്ധ്യേ അധിവസിക്കുന്ന ന്യൂനപക്ഷമായ ക്രൈസ്തവസമുദായം പലപ്പോഴും അവഗണിക്കപ്പെടുകയാണെന്ന് പനീർസെൽവം വാദിച്ചു.

രണ്ടാംവട്ടമേശ സമ്മേളനത്തിൽ പങ്കെടുത്ത ക്രൈസ്തവപ്രതിനിധികളിൽ പ്രോട്ടസ്റ്റന്റ് സഭാംഗമായ എസ്.കെ.ദത്ത് ന്യൂനപക്ഷങ്ങൾക്ക് പ്രത്യേക നിയോജകമണ്ഡലങ്ങൾ ആവശ്യമില്ലെന്ന നിലപാടായിരുന്നു

www.malankaralibrary.com

സ്വീകരിച്ചത്. ഭാരതത്തിലെ ന്യൂനപക്ഷ സമുദായങ്ങൾ ഭാരതത്തിന്റെ പൊതുധാരയിൽ ചേർന്ന് നിൽക്കുമെന്നും താൽക്കാലിക നേട്ടത്തിനായി വർഗ്ഗീയമായി ചിന്തിക്കുന്നതും പ്രത്യേക നിയോജകമണ്ഡലങ്ങൾ ആവശ്യപ്പെടുന്നതും രാജ്യത്തിന്റെ ഐക്യത്തിനും പുരോഗതിക്കും ഭാവിയിൽ അപകടമായിത്തീരുമെന്നുള്ള പോളിന്റെയും ദത്തയുടെയും ദേശീയ നിലപാട് ആഴമേറിയതായിരുന്നു. ഭിന്നിപ്പിച്ചു ഭരിക്കുകയെന്ന തന്ത്രവുമായി രാജ്യം കൈപ്പടയിലൊതുക്കിയ ബ്രിട്ടീഷുകാർ 1935-ലെ ഇന്ത്യാ ആക്ടിൽ, ഗവണ്മെന്റ് കൗൺസിലുകളിൽ പ്രാതിനിധ്യം വർഗ്ഗീയ നിയോജകമണ്ഡലങ്ങളിൽകൂടി എന്ന് നിശ്ചയിച്ചു. പ്രധാനമന്ത്രിയുടെ കമ്മ്യൂണിൽ അവാർഡ് എന്ന പേരിൽ അറിയപ്പെടുന്ന തീരുമാനത്തിൽക്കൂടി എല്ലാ മത സമുദായങ്ങൾക്കും അവശസമുദായങ്ങൾക്കും പ്രത്യേക നിയോജകമണ്ഡലങ്ങൾ സ്ഥാപിക്കുവാൻ ശുപാർശ ചെയ്തു.

വർഗീയ നിയോജകമണ്ഡലങ്ങളോടുള്ള എതിർപ്പ് പ്രകടിപ്പിക്കുവാൻ ജയിലിൽ കിടന്നുകൊണ്ട് മഹാത്മാഗാന്ധി 21 ദിവസം നിരാഹാര സത്യാഗ്രഹം നടത്തി. ഗാന്ധിജിയുടെ നിലപാടിനെ ക്രൈസ്തവ സമുദായം മൊത്തത്തിൽ അനുകൂലിച്ചു. വർഗ്ഗീയതയെ നിർമ്മാർജ്ജനം ചെയ്യാനുള്ള ഗാന്ധിജിയുടെ ആഹ്വാനം ഒരു വെല്ലുവിളിയായി ക്രൈസ്തവർ സ്വീകരിച്ചു. വർഗ്ഗീയ നിയോജകമണ്ഡലങ്ങൾ ഇല്ലാതാക്കാനായി ഭാരതീയക്രൈസ്തവ നേതാക്കളുടെ ഒരു സമ്മേളനം പൂനയിൽ ഈശോസഭാംഗമായ ഫാ. ജറോം ഡിസൂസായുടെ അദ്ധ്യക്ഷതയിൽ ചേർന്നു. അലോഷ്യസ് സോറസ്, ആരോഗ്യസ്വാമി മുതലിയാർ, എസ്.കെ.ദത്ത് തുടങ്ങിയവർ ചർച്ചകൾക്കു നേതൃത്വം നല്കി. കമ്മ്യൂണൽ അവാർഡിനെ അവർ ഏകകണ്ഠമായി എതിർത്തു. പ്രത്യേക നിയോജകമണ്ഡലങ്ങളെപ്പറ്റിയല്ല സ്വതന്ത്രമാകുന്ന ഭാരതത്തിൽ ക്രൈസ്തവർ ഏറ്റെടുക്കേണ്ട ഉത്തരവാദിത്വങ്ങൾ എന്തായിരിക്കണമെന്നാണ് അവർ ചിന്തിച്ചത്. ക്രൈസ്തവരുടെ ഈ ചിന്ത ഗാന്ധിജിയുടെ പ്രശംസയ്ക്ക് അർഹമായി. കോൺഗ്രസ്സിന്റെയും മഹാത്മാഗാന്ധിയുടെയും നിലപാടിനോട് വിയോജിച്ചു നിന്ന എ.റ്റി. പനീർശെൽവം ആയിരുന്നു ബാരിസ്റ്റർ ജോർജ്ജ് ജോസഫിനെ എതിർത്തത്. പ്രത്യേക നിയോജകമണ്ഡലങ്ങൾ വേണമെന്ന പനീർ ശെൽവത്തിന്റെ അഭിപ്രായം സാധാരണ വൈദികരിലും അവരിലൂടെ അൽമായരിലും സ്വാധീനം ചെലുത്തിയതായിരിക്കാം ജോർജ്ജ് ജോസഫിന്റെ പരാജയത്തിന് കാരണം. ക്രിസ്ത്യാനികൾക്കും മറ്റിതര സമുദായങ്ങൾക്കും പ്രത്യേക സംവരണം വേണ്ടെന്നുവാദിച്ച കോൺഗ്രസ്സ് ജയിച്ചാൽ, ക്രിസ്ത്യാനികളുടെ ഭാവി അപകടത്തിലാകുമെന്ന് ഒരുപക്ഷേ ചിലരെങ്കിലും ചിന്തിച്ചിരിക്കാം.

www.malankaralibrary.com

1937 ജൂൺ 5-ാം തീയതി അദ്ദേഹത്തിന്റെ 50-ാം ജന്മദിനവാർഷികമായിരുന്നു. അന്നേദിവസം പുനലൂരിൽ നടന്ന ഒരു രാഷ്ട്രീയ കോൺഗ്രസ്സിൽ അദ്ദേഹം അദ്ധ്യക്ഷനായിരുന്നു. സമ്മേളനസ്ഥലത്തേക്ക് അദ്ദേഹത്തെ കൊണ്ടുവന്നത് അലങ്കരിച്ച ആനകളുടെ അകമ്പടിയോടെ ഘോഷയാത്രയായിട്ടായിരുന്നു. അദ്ദേഹത്തിന്റെ ഏറ്റവും ഒടുവിലത്തെ ജന്മവാർഷികമായിരുന്നു അത്.

1938-ൽ അദ്ദേഹം മരിക്കുന്നതുവരെ തിരുവിതാംകൂറിലെ രാഷ്ട്രീയ സംഭവവികാസങ്ങളുമായി അദ്ദേഹം ബന്ധപ്പെട്ടുകൊണ്ടിരുന്നു. 1936-ൽ സി.പിയെ ദിവാനായി നിയമിച്ചുകൊണ്ടുള്ള ഉത്തരവ് അസ്വാസ്ഥ്യതയോടെയാണ് കേട്ടത്. തിരുവിതാംകൂർ ജനതയ്ക്ക് ഉത്തരവാദഭരണം ലഭിയ്ക്കുന്നതിനുവേണ്ടിയാണ് അദ്ദേഹം അവസാനംവരെ പ്രവർത്തിച്ചത്. എല്ലാ വിഭാഗത്തിലുംപെട്ട ജനങ്ങൾക്ക് പൂർണ്ണസ്വാതന്ത്ര്യം ലഭിക്കുകയെന്നത് അദ്ദേഹത്തിന്റെ ആഗ്രഹമായിരുന്നു. ആ ലക്ഷ്യത്തിനുവേണ്ടി ജീവൻ ഹോമിക്കാൻവരെ അദ്ദേഹം തയ്യാറായിരുന്നു.

മറ്റുള്ളവരുടെ അഭിപ്രായങ്ങൾ വിചാരണ കൂടാതെ ഒരിയ്ക്കൽപ്പോലും സ്വീകരിക്കരുതെന്ന് പിതാവ് ഞങ്ങളെ പഠിപ്പിച്ചു. ഡോക്ടർ സ്റ്റാൻലി ജോൺസ് എന്ന ഇവാൻജലിസ്റ്റ് പ്രഭാഷകന്റെ പ്രസംഗം കേട്ട് ഞാൻ വീട്ടിൽ ഓടിയെത്തി. സത്യം പറയേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും, സത്യംമാത്രമേ പറയാവൂ എന്നും ഒരു പക്ഷേ, അപ്രകാരം സത്യംപറഞ്ഞാൽ ജീവൻതന്നെ നഷ്ടപ്പെട്ടേക്കുമെന്നും എന്നാൽപോലും സത്യമേ പറയാവൂ എന്ന് ഡോ. ജോൺസ് തന്റെ പ്രഭാഷണത്തിൽ പറഞ്ഞ കാര്യമായി പിതാവിനോടു പറഞ്ഞു. ഈ പ്രസ്താവനയിൽ വളരെയധികം സത്യമുണ്ടെന്ന് പിതാവ് സമ്മതിച്ചു. അതിനുശേഷം പിതാവ് ഒരു കാര്യംകൂടി കൂട്ടിച്ചേർത്തു. എന്നാൽ ഉപദ്രവരഹിതമായ ഒരു അസത്യം പറഞ്ഞാൽ ഒരുപക്ഷേ, മറ്റൊരു കൊടിയ വിപത്ത് ഒഴിവാക്കാൻ, സാധിച്ചാൽ ആ ചെറിയ അസത്യം വലിയ അപരാധമാകുമോ? "നീ മറ്റൊരാളുടെ അഭിപ്രായം സ്വായത്തമാക്കുന്നതിന് മുൻപ് അവൻ എത്ര വലിയവനാണെങ്കിലും അവൻ എത്രവലിയ വിശുദ്ധനാണെങ്കിൽപോലും, ആദ്യമേ ആ പറഞ്ഞ കാര്യങ്ങളെപ്പറ്റി ചിന്തിക്കുക പിന്നീട് തീരുമാനിയ്ക്കുക."

(മായാ തോമസിന്റെ പുസ്തകത്തോട് കടപ്പാട്)

www.malankaralibrary.com

ഇതൊക്കെ സംഭവിച്ചെങ്കിലും ദീർഘനാളത്തേക്ക് മൗനിയായിരിക്കുവാൻ ജോർജ്ജ് ജോസഫിന് സാധിക്കുകയില്ലായിരുന്നു. അദ്ദേഹം പൂർവ്വസ്ഥിതിയിൽ തന്നെ അനുസരണയുള്ള പ്രവർത്തകനായി തുടർന്നു. ആ തിരഞ്ഞെടുപ്പിൽ ശ്രീ രാജഗോപാലാചാരിയെ മന്ത്രിസഭ രൂപീകരിക്കുവാൻ ക്ഷണിച്ചു. രാജഗോപാലാചാരി, ജോർജ്ജ് ജോസഫിനെ ലജിസ്ലേറ്റീവ് കൗൺസിലിലേക്ക് നോമിനേറ്റ് ചെയ്ത് മന്ത്രിസഭയിലേക്ക് എടുക്കണമെന്ന് ആഗ്രഹിക്കുകയും ആ വിവരം ജോർജ്ജ് ജോസഫിനെ അറിയിക്കുകയും ചെയ്തു. ഈ നിർദ്ദേശത്തോട് ജോർജ്ജ് ജോസഫ് വിയോജിച്ചു. നാട്ടുകാർ തിരഞ്ഞെടുക്കാത്ത എന്നെ പിൻവാതിലിലൂടെ അകത്തു കടത്തുന്നത് ശരിയായ നടപടിയല്ലെന്ന് അദ്ദേഹം പറഞ്ഞു. എങ്ങിനെയും അധികാരത്തിൽ കയറാനുള്ള ഇന്നത്തെ രാഷ്ട്രീയക്കാർക്ക് ജോർജ്ജ് ജോസഫിന്റെ ഈ നിലപാട് ഒരു പാഠമാകേണ്ടതാണ്.

ജോർജ്ജ് ജോസഫിന് അധികംനാൾ കാത്തിരിക്കേണ്ടിവന്നില്ല. 1937 ജൂലൈയിൽ മധുര-രാമനാട്-തിരുനൽവേലി ഗ്രാമീണനിയോജകമണ്ഡലത്തിൽ നിന്ന് ജോർജ്ജ് ജോസഫ് അമുസ്ലീം എന്ന നിലയിൽ കേന്ദ്ര നിയമസഭയിലേക്ക് എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു.

1937 ആഗസ്റ്റ് 26-ാം തീയതി ജോർജ്ജ് ജോസഫ് നിയമസഭയിൽ കാലുകുത്തി. മൂന്ന് ദിവസം കഴിഞ്ഞപ്പോൾ അദ്ദേഹം ഇന്ത്യൻ റിസേർച്ച് ഫണ്ട് അസോസിയേഷന്റെ ഭരണസമിതിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. ഒക്ടോബർ 7-ന് അവസാനിച്ച സമ്മേളനത്തിൽ ജോർജ്ജ് ജോസഫ് സജീവമായി പങ്കെടുത്തു. ആഗസ്റ്റ് 30-ന് ആയിരുന്നു അദ്ദേഹത്തിന്റെ നിയമസഭയിലെ കന്നിപ്രസംഗം. ഇൻഷ്വറൻസ് ബില്ലിന്റെ അവതരണത്തിൽ ഇടപെട്ട് ഒരു ഭേദഗതി അവതരിപ്പിച്ചുകൊണ്ടാണ് അദ്ദേഹം നിയമസഭയിലെ കന്നിപ്രസംഗം നടത്തിയത്. വിദേശക്കാരായ ഇൻഷ്വറൻസുകാരെ ഈ ഇൻഷ്വറൻസ് പദ്ധതിയിൽ പങ്കെടുപ്പിക്കരുത്. ഈ നിയമനിർമാണത്തിന്റെ കരട് രൂപം ഇൻഷ്വറൻസ് എടുത്തിട്ടുള്ള ഉപഭോക്താക്കളെ സംരക്ഷിക്കുവാനുള്ളതായിരുന്നു. ഇൻഷ്വറൻസ് കമ്പനികളെ ഭാവിയിൽ സർക്കാർ ഏറ്റെടുക്കേണ്ടിവരും അദ്ദേഹത്തിന്റെ ഈ പ്രവചനം കാൽനൂറ്റാണ്ടിനുശേഷം പ്രാവർത്തികമായി.

മുസ്ലീംവ്യക്തിഗത നിയമം, ഇന്നുകാണുന്ന മാതിരിയുള്ള നിയമത്തിന് പ്രാധാന്യം കൊടുത്തത് ആ സമ്മേളനത്തിൽ വച്ചായിരുന്നു. ഇന്ന് ശരിയത്ത് നിയമത്തെപ്പറ്റിയും ഷാബാനോ കേസിനെപ്പറ്റിയും ഇതുപോലെ പുതുതായി

www.malankaralibrary.com

അവതരിപ്പിക്കുവാൻ പോകുന്ന ബില്ലുകളെപ്പറ്റിയും ഒക്കെ കേൾക്കുമ്പോൾ സെപ്റ്റംബർ 18-ന് അദ്ദേഹം സഭയിൽ നടത്തിയ പ്രസംഗം അനുസ്മരിക്കേണ്ടതുണ്ട്. അദ്ദേഹം ഏക പിന്തുടർച്ചാവകാശ നിയമത്തിന് വേണ്ടി നിലകൊണ്ടു. "പിന്തുടർച്ചാവകാശനിയമം ക്രോഡീകരിക്കേണ്ടതുണ്ട്. അത് മതവിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കരുത്. നേരെ മറിച്ച് എവിടെ താമസിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണം. മുസ്ലീംലീഗ് നേതാവ് ജിന്നാ ഈ രീതിയിലുള്ള നിർദ്ദേശം അപ്രായോഗികം എന്നു പറഞ്ഞു തള്ളി. സ്വന്തം അഭിപ്രായം വെട്ടിത്തുറന്നുപറയുന്നതിൽ ധീരത കാണിച്ച ജോർജ്ജ് ജോസഫ് വിമർശനങ്ങളെ ഭയപ്പെട്ടിരുന്നില്ല. ഒരുപക്ഷെ ഈ നിലപാട് അദ്ദേഹത്തിനും അദ്ദേഹത്തിന്റെ പാർട്ടിക്കും നാണക്കേടുണ്ടാക്കിയെന്നു പറയാം. ഒരു പ്രദേശത്തിന് ഒരു പിന്തുടർച്ചാവകാശനിയമം എന്നതിനോടാണ് ഞാൻ യോജിക്കുന്നതെങ്കിലും ഈ സഭയിലെ മുസ്ലീം അംഗങ്ങൾ ബില്ലിനെ പിന്താങ്ങുന്നതുകൊണ്ട് താൻ അതിനെ എതിർക്കുന്നില്ല എന്ന് പറഞ്ഞ് ജോർജ്ജ് ജോസഫ് തന്റെ പ്രസംഗം ഉപസംഹരിച്ചു. ചില മുസ്ലീം അംഗങ്ങൾ ജോർജ്ജ് ജോസഫിന്റെ അഭിപ്രായത്തെ എതിർത്തു.

1937 സെപ്റ്റംബർ 17-ന് സത്യമൂർത്തി ഒരു പ്രമേയം അവതരിപ്പിച്ചു. അദ്ദേഹം 1935-ലെ ഗവണ്മെന്റ് ഓഫ് ഇന്ത്യാ ആക്ടിനെതിരായാണ് സംസാരിച്ചത്. അദ്ദേഹം പറഞ്ഞു ഈ ആക്ട് ഒരുതരത്തിലും ഈ രാജ്യത്തിന്റെ സങ്കല്പത്തെ പ്രതിനിധീകരിക്കുന്നതല്ല. ഈ നിയമം മറ്റൊരു ഭരണഘടനകൊണ്ട് മാറ്റിയെഴുതണം. ആയത് പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട നിയമനിർമ്മാണസഭ തയ്യാറാക്കിയ ഭരണഘടനയായിരിക്കണം അത്.

ബാരിസ്റ്റർ ജോർജ്ജ് ജോസഫ് ഈ പ്രമേയത്തെ പിന്തുണച്ചുകൊണ്ട് സ്വതസിദ്ധമായ ശൈലിയിൽ പറഞ്ഞു "ഈ പ്രമേയത്തെ തത്വത്തിൽ ബ്രിട്ടീഷ് ഗവണ്മെന്റ് അംഗീകരിച്ചിരിക്കുന്നു. ബ്രിട്ടണിൽ നിന്ന് വേർപെട്ട് പോകുവാനുള്ള അവകാശം ഉൾപ്പെടെ. ബ്രിട്ടനിൽ നിന്ന് വേർപെട്ടു പോകുവാനുള്ള യാതൊരു കാര്യവും ഗവണ്മെന്റ് ഭാഗം ഇന്ത്യാ ആക്ടിൽ ചേർത്തിട്ടില്ലായെന്ന് ഒരു അംഗം ജോസഫിന്റെ പ്രസംഗത്തെ തടസ്സപ്പെടുത്തി പറഞ്ഞു. അപ്പോൾ ജോർജ്ജ് ജോസഫ് പറഞ്ഞു "ലോർഡ് ഇർവ്വിൻ പ്രഭു മറ്റുള്ളവർക്കു ലഭിച്ച പുത്രികാ രാജ്യപദവി പോലെ തന്നെ ലഭിക്കുമെന്ന് പറഞ്ഞിട്ടുണ്ടെന്ന്. വേർപെട്ടുപോകുവാനുള്ള അവകാശം അതിൽത്തന്നെ സൂചിപ്പിക്കുന്നു. ജോർജ്ജ് ജോസഫ് തുടർന്നു "സ്വാതന്ത്ര്യം കിട്ടണം അത് വിപ്ലവത്തിലൂടെയോ ജനകീയപ്രക്ഷോഭണത്തിലൂടെയോ അല്ലെങ്കിൽ ചർച്ചയിലൂടെയോ. ഈ രാജ്യത്തിന്റെ ഭാവി ആരാണ് തീരുമാനിക്കേണ്ടത് എന്നുള്ളതുമാത്രമാണ് ചോദ്യം. ബ്രിട്ടീഷ് ഗവണ്മെന്റ്

www.malankaralibrary.com

അവരുടെ തന്നെ വിവേകംകൊണ്ട് ചെയ്യേണ്ട കാര്യമാണിത്. അല്ലങ്കിൽ വേദനയിലും ദാരിദ്ര്യത്തിലും പട്ടിണിയിലും കഴിയുന്ന ഈ രാജ്യത്തെ ജനങ്ങൾ തന്നെ തീരുമാനിക്കും.

സഭയിലെ ജോർജ്ജ് ജോസഫിന്റെ കന്നിപ്രസംഗം ഇൻഷ്വറൻസ് ബില്ലിനെപ്പറ്റിയായിരുന്നല്ലോ. ആധുനിക സമ്പദ് വ്യവസ്ഥയെക്കുറിച്ച് അദ്ദേഹത്തിന്റെ ചിന്തകൾ മനസ്സിലാക്കുവാൻ സഭയിൽ നടന്ന ഈ ചർച്ചകൾ സഹായകരകമാകും. 1912-ലെ നിയമനിർമ്മാണംവഴി നിലവിൽ വന്ന ഇൻഷ്വറൻസ് നിയമങ്ങൾപ്രകാരം വിക്ടോറിയൻ കാലത്തെ സ്വതന്ത്ര ചിന്തയോട് അനുസൃതമായി, ആ മേഖലയിൽ ഭരണകൂടത്തിന് വളരെ പരിമിതമായ ഇടപെടൽ സൗകര്യങ്ങൾ മാത്രമാണുണ്ടായിരുന്നത്. എന്നാൽ 1937-ലെ ബില്ല് പോളിസി ഉടമകളുടെ താല്പര്യം സംരക്ഷിക്കുന്നതിൽ പ്രാധാന്യം നല്കുന്നതായിരുന്നു. വിദേശികളായവരിൽ നിന്ന് നാട്ടുകാരായ പോളിസി ഉടമകളെ സംരക്ഷിക്കുന്നതിനുള്ള വകുപ്പും ഇതിൽ ഉണ്ടായിരുന്നു. 1935-ലെ ബില്ലിൽ ഇംഗ്ലണ്ടിലെ പോളിസി ഉടമകളെ ഇന്ത്യൻ പോളിസി ഉടമകളിൽ നിന്നും വ്യത്യസ്തരായി കാണാനാവില്ലെന്ന് ഒരു വകുപ്പ് എഴുതിച്ചേർത്തിരുന്നു. വിദേശ പോളിസി ഉടമകളായിരുന്നു ഇന്ത്യാക്കാരേക്കാൾ കൂടുതലുണ്ടായിരുന്നത്. അതുകൊണ്ട് ഇന്ത്യാക്കാർക്ക് മാത്രമായി ഒരു ഇൻഷ്വറൻസ് പദ്ധതി വികസിപ്പിച്ചെടുക്കുക ദുർഘടമായിരുന്നു. ബില്ലിന്റെ മറ്റൊരു ലക്ഷ്യം ചെറിയ ഇൻഷ്വറൻസ് നടത്തിപ്പുകാരെ വൻമണ്ഡലങ്ങളിൽ നിന്നും രക്ഷിക്കുകയെന്നുള്ളതായിരുന്നു. സമ്മർദ്ദ തന്ത്രങ്ങൾ ഉപയോഗിച്ച് എല്ലാ പദ്ധതികളും തങ്ങൾക്കനുകൂലമായെടുക്കുന്ന പ്രവണത ഉണ്ടായിരുന്നതുകൊണ്ടാണ് ഇങ്ങനെയൊരു വകുപ്പിന്റെ ആവശ്യമുണ്ടായിരുന്നത്. ഇൻഷ്വറൻസ് കമ്പനികളിലേക്ക് ആളെ എടുക്കുമ്പോൾ ജോലി വ്യവസ്ഥകൾ, പുതിയതായി സൃഷ്ടിക്കുന്ന തസ്തികകൾ, അവരുടെ ശമ്പളം തുടങ്ങിയവും ബില്ലിന്റെ പരിധിയിൽ വന്നിരുന്നു.

ഭരണപക്ഷത്തുനിന്നും ബിൽ നടത്തിപ്പിൽ വരുമ്പോൾ അഭിമുഖീകരിക്കേണ്ടി വന്നേക്കാവുന്ന ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാട്ടി. ഇതേ തുടർന്നാണ് ജോർജ്ജ് ജോസഫിന് സംസാരിക്കാൻ അവസരം ലഭിച്ചത്. 1937-ലെ ബില്ലിന്റെ രണ്ട് അടിസ്ഥാനപ്രമാണങ്ങൾ അതിനെ 1912-ലെ ആക്ടിൽ നിന്ന് വ്യത്യസ്തമാകുന്നു എന്ന് ചൂണ്ടിക്കാണിച്ചുകൊണ്ടാണ് ജോർജ്ജ് ജോസഫ് തന്റെ പ്രസംഗം ആരംഭിച്ചത്.

ബില്ലിന്റെ വിശകലനത്തിൽ പോളിസി ഉടമകളെ സംരക്ഷിക്കുന്ന കുറെ വകുപ്പുകൾ ഉണ്ടെന്നു കാണാം. നിക്ഷേപത്തിന്റെ പ്രശ്നം ഏറ്റവും ചുരുങ്ങിയ മൂലധനം, കമ്പനികളുടെ പക്കലുള്ള പണം ഏതുവിധത്തിൽ നിക്ഷേപിക്കപ്പെടാം തുടങ്ങിയ കാര്യങ്ങളെല്ലാം പോളിസി ഉടമകളുടെ താല്പര്യ സംരക്ഷണത്തിനുവേണ്ടി മാത്രമുള്ളതാണ്.

www.malankaralibrary.com

ഇന്ത്യാക്കാർക്കായി സ്വയംപര്യാപ്തമായ ഒരു ഇൻഷ്വറൻസ് പദ്ധതി വികസിപ്പിച്ചെടുക്കാൻ കഴിയും എന്നതാണ് രണ്ടാമത്തെ അടിസ്ഥാന സങ്കല്പം. അതുകൊണ്ട് ഇന്ത്യാക്കാരനല്ലാത്തവരെ കഴിയുന്നത്ര ചിത്രത്തിന് പുറത്തുനിർത്തുവാനും ശ്രമമുണ്ട്. ഇന്ത്യൻകമ്പനികൾക്ക് ഈ രാജ്യത്ത് ബിസിനസ് വികസിപ്പിക്കാൻ, യൂറോപ്യൻ കമ്പനികൾക്ക് അവരുടെ നാട്ടിൽ ബിസിനസ് വികസിപ്പിക്കാൻ ലഭിക്കുന്നത്ര തന്നെ അവസരങ്ങളും സ്വാതന്ത്ര്യവും ലഭിക്കേണ്ടതാണെന്ന് ജോർജ്ജ് ജോസഫ് തുടർന്നു പറഞ്ഞു. വളരെക്കാലമായി തഴച്ചുവളർന്ന ഇൻഷ്വറൻസ് കമ്പനികളുടെ ഭാഗത്തുനിന്ന് അന്യായമായ മത്സരം ഉണ്ടാകാതിരിക്കുവാൻ ശ്രമിക്കണ മെന്നും അദ്ദേഹം പറഞ്ഞു.

ഇംഗ്ലണ്ടിൽനിന്നുള്ള ഇൻഷ്വറൻസ് കമ്പനികൾക്കെതിരെ വിവേചനം സാദ്ധ്യമായിരുന്നില്ല. ഒരു വിവേചനം ഉണ്ടായാൽ 1935ലെ ഗവൺമെന്റ് ഓഫ് ഇന്ത്യാ ആക്ട് അനുസരിച്ച് നിയമവിരുദ്ധമാകും. ഇതിന് ഒരു പരിഹാരവും അദ്ദേഹം നിർദ്ദേശിച്ചു. ഇൻഷ്വറൻസ് ബിസിനസ്സ് മൊത്തം സർക്കാർ അധീനതയിൽ ആക്കിയാൽപിന്നെ വിവേചനത്തിന്റെ പ്രശ്നം ഉദിക്കുന്നില്ല. കാലക്രമേണ ഇൻഷ്വറൻസ് മേഖല സർക്കാർ ഏറ്റെടുക്കേണ്ടിവരുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

സൂപ്രണ്ടിന്റെ ശമ്പളക്കാര്യത്തിൻ ജോർജ്ജ് ജോസഫ് ഒരു ഭേദഗതി അവതരിപ്പിച്ചു. മാസം 500 രൂപായിൽ കൂടാൻ പാടില്ലെന്നായിരുന്നു ഭേദഗതി. ശമ്പളത്തിന് ഒരു പരിധി നിശ്ചയിക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടത് ഒരു ഇന്ത്യാക്കാരന് ആ ജോലി ലഭിക്കണമെന്ന് ഉറപ്പുവരുത്താനായിരുന്നു. 1200 രൂപാ കൊടുത്താലും ഈ ജോലിക്ക് വൈദഗ്ദ്ധ്യമുള്ളവരെ കിട്ടില്ല എന്നായിരുന്നു ഔദ്യോഗിക പക്ഷത്തിന്റെ നിലപാട്. ജോർജ്ജ് ജോസഫിന്റെ ഭേദഗതി 40-ന് എതിരെ 68 വോട്ടുകൾക്ക് തള്ളി. ഏറെ താമസിയാതെ ഒരു ബ്രിട്ടീഷുകാരനെ 3000 രൂപാ ശമ്പളത്തിൽ നിയമിച്ചു.

പഠിച്ച് തയ്യാറായി പറഞ്ഞ നിയമസഭയിലെ കന്നപ്രസംഗം എല്ലാവരുടെയും ശ്രദ്ധപിടിച്ചുപറ്റി. കോൺഗ്രസ്സുകാരുടെ ഇടയിലെ ഒരു താരമായി അദ്ദേഹം അറിയപ്പെട്ടു. ഭാവിയിൽ ഒരു മന്ത്രി എന്ന് പലരും പ്രതീക്ഷിച്ചു.

നിയമസമ്മേളനം അവസാനിക്കുന്നതിന് രണ്ടുദിവസം മുൻപ് ഒക്ടോബർ അഞ്ചാം തീയതിയാണ് ജോർജ്ജ് ജോസഫ് സഭയിലെ ചർച്ചയിൽ അവസാനമായി പങ്കെടുക്കുന്നത്. ഇന്ത്യൻ ഖനിബില്ലുമായി ബന്ധപ്പെട്ട വിഷയങ്ങളായിരുന്നു ചർച്ചാവിഷയം. സഭയിൽ ചർച്ചചെയ്യാതെ സർക്കാർ ചില തീരുമാനങ്ങൾ എടുത്തു എന്നത് ചില അംഗങ്ങൾ ക്രമപ്രശ്നമായി ഉന്നയിച്ചു. ഭരണഘടനാ നിയമങ്ങളും അധികാരം പങ്കുവയ്ക്കുന്നതിന്റെ വിവിധ വശങ്ങളും വിശദീകരിക്കാൻ ജോർജ്ജ്

www.malankaralibrary.com

ജോസഫ് ഈയവസരം വിനിയോഗിച്ചു" നിയമനിർമ്മാണം പ്രാഥമികമായി നിയമസഭയുടെ കർത്തവ്യമാണ് സർക്കാരിന്റേതല്ല. എന്നാൽ നിയമ നിർമ്മാണത്തിന് കാത്തുകിടക്കുന്ന സംഗതികളുടെ വ്യാപ്തിയും വൈവി ദ്ധ്യവും മൂലം നിയമസഭയ്ക്ക് ചിലതൊക്കെയെങ്കിലും സർക്കാരിനെ ഏല്പി ക്കേണ്ടിവരും. പക്ഷേ അത് ഒരു നിയുക്താധികാരം മാത്രമാണെന്നതും ഒഴിച്ചുകൂടാനാവാത്തപ്പോൾ മാത്രമേ ഇങ്ങനെയൊരു അധികാരക്കൈമാറ്റം പാടുള്ളു എന്നതും വിസ്മരിക്കാൻ പാടില്ല. ഭരണകൂടം ഭരിക്കുന്നു നിയമസഭ നിയമമുണ്ടാക്കുന്നു. കോടതികൾ വിധിക്കുന്നു എന്നാൽ നിയമനിർമ്മാണ ത്തിലും അവ പ്രായോഗികമാക്കുന്നതിലും സങ്കീർണ്ണമായ പല പ്രശ്നങ്ങളും അഭിമുഖീകരിക്കേണ്ടിവരുന്നതിന്റെ ഭാഗമായി നിയമസഭയ്ക്ക് പല നിയമനിർമ്മാണജോലികളും ഭരണകൂടത്തെ ഏല്പിക്കേണ്ടി വരുന്നു. ഇങ്ങനെ സംഭവിക്കുന്നതിനെ സംശയദൃഷ്ടിയോടെ ഒരു ക്രമക്കേടായാണ് വീക്ഷിക്കേണ്ടത്. ആ പ്രവണതയെ വളരെ ശ്രദ്ധാപൂർവ്വം നിയന്ത്രിക്കേ ണ്ടതാണ്. ഒരിക്കൽ ഇത് ചെയ്തുകഴിഞ്ഞാൽ തിരിച്ച് എങ്ങനെയാണ് നിയ മസഭ വീണ്ടും നിയന്ത്രണമേറ്റെടുക്കുക എന്ന ചോദ്യത്തിന് ജോർജ്ജ് ജോസഫ് തന്നെ ഉത്തരവും നൽകി. ബ്രിട്ടീഷ് പാർലമെന്റിലെ രീതികൾ നടപടിക്രമങ്ങളുടെ ചോദ്യത്തിന് ഉത്തരം നല്കുന്നുവെന്നാണ് ജോർജ്ജ് ജോസഫിന്റെ പക്ഷം

ജോർജ്ജ് ജോസഫ് തുടർന്നു ഈ അധികാരം വീണ്ടെടുക്കാൻ നിയമസഭയ്ക്ക് രണ്ടു മാർഗ്ഗങ്ങളുണ്ട്. സർക്കാർ ഉണ്ടാക്കുന്ന ചട്ടങ്ങൾ ജനപ്രതിനിധി സഭയിൽ മേശപ്പുറത്തുവയ്ക്കണമെന്നാണ്. നിയമസഭയ്ക്ക് ഭേദഗതികൾ ഇല്ലെങ്കിൽ, അഥവാ പൂർണ്ണമായും തള്ളിക്കളയുന്നില്ലെങ്കിൽ അവയെ നിയമസഭ അംഗീകരിക്കണമെന്നാണ് വിവക്ഷ. ഒരു പ്രമേയം വഴി ഇരുസഭകളുടെയും അംഗീകാരം വാങ്ങുകയെന്നതാണ് രണ്ടാമത്തെ മാർഗ്ഗം. അംഗീകരിക്കപ്പെട്ട നടപടിക്രമങ്ങളെ സർക്കാരിന്റെ വ്യവസായ തൊഴിൽ അംഗം അവഗണിക്കുകയാണെന്ന് ജോർജ്ജ് ജോസഫ് തുടർന്നു പറഞ്ഞു. ഭേദഗതി അംഗീകരിക്കണമെന്ന അഭ്യർത്ഥനയോടെ ജോർജ്ജ് ജോസഫ് തന്റെ പ്രസംഗം അവസാനിപ്പിച്ചു.

നിയമസഭയിലെ ധനകാര്യവകുപ്പ് മെമ്പർ ശ്രീമാൻ ജയിംസ് ഗ്രീഗ് ഇപ്രകാരം പറഞ്ഞു "പ്രതിപക്ഷത്തുള്ള രണ്ട് വ്യക്തിത്വങ്ങൾ എന്നെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. സംസാരത്തിൽ ഉള്ള സൂക്ഷ്മതയാർന്ന വാക്കുകളുടെ ഉപയോഗംകൊണ്ടും നിർഭയത്വംകൊണ്ടും ഗോവിന്ദ വല്ലഭപാന്തും ജോർജ്ജു ജോസഫും"

ജോർജ്ജ് ജോസഫ് ചിന്തകളെ ഉദ്ദീപിപ്പിക്കുകയും സമകാലികരെ ഉത്തേജിപ്പിക്കുകയും ചെയ്തിരുന്നു. ജോസഫിന് സ്മരണാഞ്ജലി അർപ്പിച്ചുകൊണ്ട് ഒരു ദിനപത്രം എഴുതി "ജോസഫിന്റെ നിയമനിർമ്മാണ

www.malankaralibrary.com

സഭയിലേക്കുള്ള തിരഞ്ഞെടുപ്പ് മോശയ്ക്ക് കൊടുത്ത വാഗ്ദത്ത ഭൂമിയ്ക്ക് തുല്യതയുള്ള സങ്കല്പമായിരുന്നു'' അദ്ദേഹത്തിന്റെ പ്രയത്നങ്ങൾ തുടർന്നുകൊണ്ടുപോകാനുള്ള സമയം ലഭിച്ചില്ല. ലക്ഷ്യത്തിൽ എത്താനുള്ള പരാക്രമിയുടെ പോരാട്ടങ്ങളായിരുന്നു അദ്ദേഹത്തിന്റെ ജീവിതം.

1938-ൽ ഡൽഹിയിൽ നിയമസഭ കൂടിയപ്പോൾ അനാരോഗ്യംമൂലം അദ്ദേഹത്തിന് പങ്കെടുക്കുവാൻ സാധിച്ചില്ല. എന്നാൽ ചോദ്യങ്ങൾ ചോദിക്കുന്നതിൽ നിന്നും അദ്ദേഹത്തെ തടഞ്ഞില്ല. തമിഴ്നാട്ടിൽ നിന്നുള്ള കോൺഗ്രസ്സ് അംഗം കെ. സന്താനംവഴി ചോദ്യങ്ങൾ ഉന്നയിച്ചു. വൈവിധ്യമാർന്ന അനേകം അനേകം വിഷയങ്ങളെ സംബന്ധിച്ചുള്ളതായിരുന്നു അദ്ദേഹത്തിന്റെ ചോദ്യങ്ങൾ. വിമാനയാത്രാ സുരക്ഷ, അഫ്ഗാൻ വംശജരെ ഇന്ത്യയിൽ തടവുകാരാക്കിയ പ്രശ്നം, ഒരു ഇന്ത്യൻ രാജകുമാരൻ വസ്തു സമ്പാദിച്ചത്, സാൽസിബാർ ഏലം വിപണി ബഹിഷ്കരിച്ചത്, റബ്ബറിന്റെ വിലയിടിവും അതിന്റെ ഭവിഷ്യത്തുകളും, സേനയുടെ യന്ത്രവൽക്കരണം, ഇന്ത്യൻ സൈനികർക്ക് മദ്യം നിരോധിച്ചത്, സഭയുടെ ചട്ടങ്ങളും ഇന്ത്യൻനിയമങ്ങളും തമ്മിൽ നിലനിൽക്കുന്ന വൈരുദ്ധ്യങ്ങൾ, റെയിൽവേ ഉദ്യോഗസ്ഥരുടെ അവധിക്കുള്ള അവകാശങ്ങൾ, തപാൽസൗകര്യം ഗ്രാമങ്ങളിലേക്ക് വ്യാപിപ്പിക്കൽ, ജപ്പാൻ മത്സ്യബന്ധന സൗകര്യങ്ങളുടെ നുഴഞ്ഞുകയറ്റം തുടങ്ങിയ പ്രശ്നങ്ങളെപ്പറ്റിയായിരുന്നു ചോദ്യം ഉന്നയിച്ചത്. 1938 ഫെബ്രുവരി നാലാം തീയതിയാണ് ഈ ചോദ്യങ്ങൾ അദ്ദേഹം ഉന്നയിച്ചത്. ജോർജ്ജ് ജോസഫ് ചരമമടയുന്നതിന് ഒരു മാസം മുൻപ്.

മഹാത്മജിയും ജോർജ്ജ് ജോസഫും തമ്മിലുള്ള വ്യക്തിബന്ധങ്ങൾ വളരെ ഊഷ്മളവും തീക്ഷ്ണവുമായിരുന്നുവെങ്കിലും മഹാത്മജിയുടെയും കോൺഗ്രസ്സിന്റെയും നടപടികളെയും പരിപാടികളെയും പരസ്യമായി വിമർശിച്ചുകൊണ്ട് ജോർജ്ജ് ജോസഫ് മുന്നോട്ടു നീങ്ങി. സ്വാതന്ത്ര്യം നേടുകയെന്ന ലക്ഷ്യം ഗാന്ധിജിയുടെയും കോൺഗ്രസ്സിന്റെയും പരിപാടികളിലൂടെ നടക്കില്ലെന്ന് അദ്ദേഹം വിശ്വസിച്ചു. അക്കാലത്ത് ലേഖനങ്ങളിലൂടെയും പത്രക്കുറിപ്പുകളിലൂടെയും പത്രാധിപർക്കുള്ള കത്തുകളിലൂടെയും ഈകാര്യം വ്യക്തമാക്കി.

www.malankaralibrary.com

# 21. അന്ത്യനിമിഷങ്ങൾ

സിംലയിൽ വച്ചായിരുന്നു അദ്ദേഹം പങ്കെടുത്ത നിയമസഭാ സമ്മേളനം നടന്നത്. ഒരു രോഗിയായിട്ടാണ് അദ്ദേഹം സിംലയിൽ നിന്ന് മടങ്ങിയത്. ഉയർന്ന രക്തസമ്മർദ്ദത്തിന് അദ്ദേഹം വിധേയനായിരുന്നു. ജയിലിൽ ആയിരുന്നപ്പോൾ തന്നെ വിവിധതരത്തിലുള്ള ആഹാരക്രമങ്ങൾ അദ്ദേഹം പരീക്ഷിച്ചുകൊണ്ടിരുന്നു. സിംലയിൽ ആയിരുന്നപ്പോൾ ഭക്ഷണം വളരെ കുറച്ചുമാത്രമേ കഴിച്ചിരുന്നുള്ളു. ഇടയ്ക്കു വല്ലപ്പോഴും ലഘുഭക്ഷണം കഴിക്കുമായിരുന്നു. സസ്യാഹാരത്തിന്റെ പ്രചാരകനായിരുന്നു. കുറേക്കാലം ഗാന്ധിജിയുമായി അകൽച്ചയുണ്ടായപ്പോൾ മാംസഭുക്കായി മാറുകയും ചെയ്തു.

നിരന്തരമായ ചുമക്ക് കുടുംബഡോക്ടർ നല്കിയ മരുന്നുകൾ ഫലം ചെയ്തില്ല. മധുരയിലെ അമേരിക്കൻ മിഷൻ ആശുപത്രിയിൽ എത്തിയപ്പോൾ സ്പെഷ്യലൈസ് ഡോക്ടർ തോമസ് അദ്ദേഹത്തെ പരിശോധിച്ച് ഉടൻതന്നെ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തു. ഉയർന്ന രക്തസമ്മർദ്ദത്തിനിരയായ അദ്ദേഹത്തിന്റെ വൃക്കകളും തകരാറിലായിരുന്നു. രണ്ടുമാസം ആശുപത്രിയിൽ തന്നെ കഴിഞ്ഞു. അതിനിടെ ഒരിക്കൽപോലും വീട്ടിൽ പോയിരുന്നില്ല. ശ്വാസതടസ്സം വളരെ ഉഗ്രമായിരുന്നു. ആശുപത്രിയിൽ ദീർഘനാൾ കിടക്കേണ്ടി വന്നപ്പോൾ ഉണ്ടായ ചിലവ് കുടുംബത്തെ സാമ്പത്തിക പ്രതിസന്ധിയിലാക്കി. മോളിക്ക് അവരുടെ വിവാഹസമയത്ത് നല്കിയ ആഭരണങ്ങൾ ആശുപത്രി ചിലവിനായി പണയം വച്ചു എന്നറിഞ്ഞപ്പോൾ അദ്ദേഹം വികാരവിവശനായി മോളിയുടെ കരങ്ങളിൽ ചുംബിച്ചു. മരണത്തിന് രണ്ടുദിവസം മുൻപ് അദ്ദേഹം പെട്ടെന്ന് ഗുരുതരാവസ്ഥയിലായി. എല്ലാം കഴിഞ്ഞുവെന്ന് എല്ലാവർക്കും ബോദ്ധ്യമായി. ആ അവസ്ഥയിൽ നിന്നും അദ്ദേഹം ഉണർന്നു. ആ ദിവസങ്ങളിൽ തനിക്ക് ഒരു ദിവ്യദർശനമുണ്ടായതായി പറഞ്ഞു. കീർത്തനങ്ങൾ പാടുന്ന വിശുദ്ധരൂപങ്ങളെപ്പറ്റി അദ്ദേഹം കുടുംബാംഗങ്ങളോട് സംസാരിച്ചു മരണത്തെപ്പറ്റി അദ്ദേഹം ഒരിക്കലും ഓർത്ത് ഭയപ്പെട്ടില്ല.

1938 മാർച്ച് അഞ്ചാംതീയതി അദ്ദേഹം ആശുപത്രിയിൽ വച്ചുതന്നെ മരിച്ചു. ജോർജ്ജ് ജോസഫിന്റെ മാതാവ്, ഭാര്യ സൂസന്ന, മകൻ മോൻസി, പെൺമക്കളായ മോളി, മായ, ബാബു എന്നിവരും മറ്റു ബന്ധുക്കളും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. മധുരയിലെ പശുമാലിയ റോഡിലെ വീട്ടിലേക്ക് മൃതദേഹം മാറ്റി. ആദരാഞ്ജലികൾ അർപ്പിക്കാൻ ജീവിതത്തിന്റെ

www.malankaralibrary.com

വിവിധ തട്ടുകളിൽ ഉള്ളവർ എത്തി. കുള്ളർ, മറവർ തുടങ്ങിയ വിഭാഗങ്ങളിൽപ്പെട്ടവർ അവിടെ ഓടി എത്തി. അന്ത്യകർമ്മങ്ങൾക്കായി ആയിരങ്ങളുടെ അകമ്പടിയോടെ മധുര സെന്റ് മേരീസ് പള്ളിയിലേക്കു കൊണ്ടുപോയി. തിരുവനന്തപുരം ആർച്ച് ബിഷപ്പ് മാർ ഇവാനിയോസ് ജോർജ്ജ് ജോസഫിനെ കത്തോലിക്കാ സഭയിലേക്ക് കൊണ്ടുവരാൻ കാരണഭൂതനായ മാർ ഇവാനിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ ശവസംസ്കാര കർമ്മങ്ങൾ നിർവ്വഹിച്ചു. ഈസ്റ്റ്ഗേറ്റ് സിമിത്തേരിയിൽ ആണ് സംസ്കാരം നടന്നത്.

മരണം കഴിഞ്ഞ് രണ്ടുദിവസത്തിനുശേഷം നിയമസഭ അദ്ദേഹത്തിന് ആദരാഞ്ജലികൾ അർപ്പിച്ചു. നിയമസഭാദ്ധ്യക്ഷൻ ജോർജ്ജ് ജോസഫ് കൂടെക്കൂടെ ഏറ്റമുട്ടാറുണ്ടായിരുന്ന യൂറോപ്യൻ വിഭാഗത്തിന്റെ നേതാവ് അദ്ദേഹത്തെ പ്രഗത്ഭവാഗ്മിയെന്നും സഭയുടെ നടപടികളിൽ പൂർണ്ണമായും മുഴുകിയിരുന്നുവെന്നും വിശേഷിപ്പിച്ചു. നിയമസഭാ നേതാവ് ജോർജ്ജ് ജോസഫിനെപ്പറ്റി പറയുന്നത് "അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കാൻ അവസരമുണ്ടായിട്ടുള്ള എല്ലാവരും തന്നെ താൻ കൈകാര്യം ചെയ്യുന്ന വിഷയം പൂർണ്ണമായും അപഗ്രന്ഥിച്ച് പഠിച്ചിട്ടാണ് അദ്ദേഹം എത്തിയിരുന്നതെന്ന് സമ്മതിക്കും" ധനകാര്യ അംഗം ജെയിംസ് ഗ്രിഗ് ജോർജ്ജ് ജോസഫിന്റെ അനുജൻ പോത്തൻ ജോസഫിനോട് ഇപ്രകാരം പറഞ്ഞു "അവിരാമമായ ഊർജ്ജ സ്രോതസ്സും വാക്കുകളുടെ ഉപയോഗത്തിൽ പ്രദർശിപ്പിച്ച കൃത്യതയുംകൊണ്ട് തന്നിൽ അഗാധമായ മതിപ്പുണ്ടാക്കിയ രണ്ടു പ്രതിപക്ഷാംഗങ്ങൾ ജോർജ്ജു ജോസഫും ഗോവിന്ദവല്ലഭവാനുമായിരുന്നു" ജോർജ്ജ് ജോസഫിനെപ്പറ്റി ഒരു പത്രത്തിൽ എഴുതിയിരുന്നത് കേന്ദ്രനിയമസഭയിലേക്ക് അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടതും വളരെ കുറച്ചുകാലം നീണ്ടുനിന്നതും മോശയ്ക്ക് വാഗ്ദത്ത രാജ്യത്തിന്റെ ദർശനം ലഭിച്ചതുമായി തുലനം ചെയ്തു. അദ്ദേഹത്തിന്റെ പ്രയത്നങ്ങൾ തുടർന്നുകൊണ്ടുപോകാനുള്ള സമയമോ അല്ലെങ്കിൽ ലക്ഷ്യത്തിൽ എത്താനുള്ള സമയമോ ലഭിച്ചിരുന്നില്ല. ജോർജ്ജ് ജോസഫിന്റെ നിര്യാണത്തെത്തുടർന്ന് സൂസന്ന മഹാത്മജിക്ക് ഒരു കത്തെഴുതി, ആ കത്തിന് മറുപടിയായി ഗാന്ധിജി ഇങ്ങനെ എഴുതി.

പ്രിയപ്പെട്ട സൂസൻ,

എന്റെ മുന്നിൽ നിന്റെ ദുഃഖാകുലമായ കത്തിരിക്കുന്നു. മഹാദേവ് ദേശായിക്കെഴുതിയ നീണ്ട കത്തും ഞാൻ കണ്ടു. നീ സങ്കടപ്പെടരുത്. അത് ദൈവത്തിലുള്ള വിശ്വാസക്കുറവിനെ കാണിക്കും. അദ്ദേഹം നല്കുന്നു, തിരിച്ചെടുക്കുന്നു. ജോസഫിന്റെ കാര്യത്തിലും അങ്ങനെ തന്നെ. കഴിയുമ്പോൾ, ആഗ്രഹം തോന്നുമ്പോൾ നിനക്ക് എന്റെ അടുക്കലേക്ക്

www.malankaralibrary.com

വരാം. നിന്നെ ഒരു പ്രിയ പുത്രിയായി ഞാൻ സ്വീകരിക്കും. ഇപ്പോൾ ജോസഫ് ശരീരരൂപത്തിൽ നമുക്കിടയിലില്ല നിനക്കും കുഞ്ഞുങ്ങൾക്കും സ്നേഹം.

ബാപ്പു

സൂസന്ന കുറെ ദിവസങ്ങൾ ഗാന്ധിജിയുടെ ആശ്രമത്തിലേക്കു പോയി. ഗാന്ധിജിയുടെ സഹായത്തോടെ ഭർത്തൃവിയോഗവ്യഥയെ അതിജീവിച്ചു.

ഇന്ത്യൻ രാഷ്ട്രീയത്തിലെ അതികായകനായിരുന്ന ജോർജ്ജ് ജോസഫ് മരണമടഞ്ഞിട്ട് 75 സംവത്സരങ്ങൾ പിന്നിട്ട് കഴിഞ്ഞിരിക്കുന്നു. അദ്ദേഹത്തെപ്പറ്റി ഓർമ്മിക്കുന്നവർ ഈ തലമുറയിൽ ആരും തന്നെയുണ്ടാവുകയില്ല. അദ്ദേഹം ഒരു ആത്മകഥയെഴുതിയിട്ടില്ല. ജോർജ്ജ് ജോസഫിന്റെ മകൾ ഒരു ചെറുഗ്രന്ഥം രചിച്ചിട്ടുണ്ട് BARISTOR GEORGE JOSEPH AMEMOIR എന്നാണ് ആ ഗ്രന്ഥത്തിന്റെ പേര്. കുറേ വലിയ കാര്യങ്ങൾ ആ ഗ്രന്ഥത്തിൽ ഉണ്ട്. ജോർജ്ജ് ജോസഫിന്റെ ചെറുമകൻ ഡോ. ജോർജ്ജ് ഗീവർഗീസ് ജോസഫ് മറ്റൊരു ഗ്രന്ഥം രചിച്ചിട്ടുണ്ട്. ബാരിസ്റ്റർ ജോർജ്ജ് ജോസഫ് കഥയും കാലവും എന്നാണ് അതിന്റെ പേര്. ആ ഗ്രന്ഥം ഇംഗ്ലീഷിലാണ് രചിച്ചിരിക്കുന്നത്. അത് മലയാളത്തിലേക്ക് ഡി. രാധാകൃഷ്ണൻ, വി രാധാമണിക്കുഞ്ഞമ്മ, പി.എൻ. വേണുഗോപാൽ എന്നിവർ ചേർന്ന് വിവർത്തനം ചെയ്തിട്ടുണ്ട്. ഇതിൽ കവിഞ്ഞ് ഒന്നും ജോർജ്ജ് ജോസഫിനെപ്പറ്റി അറിയുവാൻ ആഗ്രഹിക്കുന്നവർക്ക് ലഭ്യമല്ല. അദ്ദേഹം വിവിധ പ്രസിദ്ധീകരണങ്ങളിൽ എഴുതിയ ലേഖനങ്ങൾ കണ്ടെത്തി പ്രസിദ്ധീകരിക്കുവാൻ ആരുംതന്നെ ശ്രമിച്ചിട്ടില്ല.

മധുരയിലെ സെന്റ് മേരീസ് ബസ്ലിക്കാപള്ളിയിലെ സിമിറ്റേരിയിലാണ് മൃതദേഹം സംസ്കരിച്ചിരിക്കുന്നത്. ഒരു ലളിതമായ കല്ലറയിൽ. നഗരഹൃദയത്തിൽ ഒരു കാളക്കൂറ്റന്റെ രൂപത്തിനരികിൽ നിഴൽ പറ്റിനിൽക്കുന്ന ഒരർദ്ധകായ വെങ്കലപ്രതിമ, ജോർജ്ജ് ജോസഫിന്റെ പേരു നല്കിയിട്ടുള്ള ഒരു ചെറുപാർക്ക് ഇത്രമാത്രമാണ് അദ്ദേഹത്തിന് സ്മാരകമായിട്ടുള്ളത്. തിരുവിതാംകൂറിലെ ജനകീയ പ്രക്ഷോഭണങ്ങൾക്ക് എന്നും ശക്തിപകർന്നു നൽകിയ ആ ദേശാഭിമാനിക്ക് കേരളത്തിൽ ഒരു സ്മാരകം പോലും ഇല്ലായെന്നത് ദുഃഖകരമാണ്.

www.malankaralibrary.com

# ബാരിസ്റ്റർ ജോർജ്ജ് ജോസഫ്

## എം.ഒ. ജോസഫ് നെടുങ്കുന്നം

അതുല്യ ധിഷണശാലിയായ അഭിഭാഷകൻ, നിർഭയനായ അഭിപ്രായ ധീരൻ, ദീർഘവീക്ഷണചതുരനായ രാജ്യതന്ത്രജ്ഞൻ, കുശാഗ്ര ബുദ്ധിയായ തൂലികാ വിചക്ഷണൻ, അവശബന്ധുവായ ദേശോദ്ധാരകൻ സർവ്വോപരി സമർത്ഥനായ ദേശാഭിമാനി എന്നീ നിലകളിൽ ഭാരതീയ പൊതുജീവിതത്തിൽ പ്രാമാണ്യവും യശസ്സും സമാർജ്ജിച്ച ശ്രീ. ജോർജ് ജോസഫ് എം.എ. ബാർ അറ്റ്ലാ ചെങ്ങന്നൂരെ ഊരേൽ എന്നു പ്രസിദ്ധമായ മാർത്തോമ്മാ കുടുംബത്തിൽ സി.ഐ. ജോസഫ്, സാറാമ്മ ദമ്പതിമാരുടെ സന്താനമായി 1887 ജൂൺ 5-നു ഭൂജാതനായി. ഇദ്ദേഹത്തിന്റെ കനിഷ്ഠസഹോദരനാണ് സുപ്രസിദ്ധ പത്രപ്രവർത്തകനായ ശ്രീ. പോത്തൻ ജോസഫ്.

ശ്രീ. ജോർജ്ജ് ജോസഫ് കോട്ടയം സി.എം.എസ്. കോളേജിൽ നിന്ന് ഇന്റർമീഡിയറ്റും മദ്രാസ് ക്രിസ്ത്യൻ കോളേജിൽനിന്ന് ബി.എ.യും പ്രശസ്തമായ നിലയിൽ പാസായശേഷം ഇംഗ്ലണ്ടിലേക്കു പോകുകയും എഡിൻബറോ സർവ്വകലാശാലയിൽനിന്നു എം.എ. ബിരുദവും ലണ്ടനിൽനിന്നു ബാരിസ്റ്റർ ബിരുദവും സമ്പാദിക്കുകയും ചെയ്തു. ഇംഗ്ലണ്ടിലെ ഈ താമസക്കാലത്ത് വിശ്രുത രാജ്യതന്ത്രജ്ഞന്മാരുമായി പരിചയമാകുകയും യൂറോപ്യൻ പത്രപംക്തികളിൽ ഗണനീയമായ ഭാരത ദേശാഭിമാനിയായി യശസ്സു സമ്പാദിക്കുകയും ചെയ്തു. ശീമയിൽ നിന്നു തിരിച്ചെത്തിയശേഷം ഒരു കൊല്ലത്തോളം മദ്രാസിൽ അപ്രന്റീസായി പരിശീലനം നേടി. അതിനുശേഷം മധുരയിൽ വക്കീലായി പ്രാക്ടീസാരംഭിച്ചു. അനന്യസുലഭമായ വചോവിലാസവും ജനരഞ്ജനയും നിയമപരിജ്ഞാനവും മൂലം വക്കീൽവൃത്തിയിൽ അടിക്കടി വിജയം വരിച്ചു. അഭിഭാഷകനെന്ന നിലയിൽ നാടെങ്ങും പേർ പരന്നു.

ഇക്കാലത്തു ആനിബസന്റിന്റെ നേതൃത്വത്തിൽ സമാരബ്ധമായിരുന്ന ഹോം റൂൾ പ്രസ്ഥാനത്തിലേക്കു ശ്രീ. ജോർജ്ജ് ആകൃഷ്ടനായി. പ്രകൃത്യാ ധീരനും തീക്ഷണമതിയുമായിരുന്ന അദ്ദേഹത്തിന് അസാധാരണ ശൂരതയോടും എന്നാൽ ആത്മസംയമനത്തോടുംകൂടി പ്രവർത്തിക്കുകയെന്നത് നിർബന്ധമായിരുന്നു. ജോർജ്ജ് ജോസഫ് ഹോം റൂൾ പ്രസ്ഥാനത്തിലെ

www.malankaralibrary.com

പ്രമുഖ നേതാവായിത്തീർന്നു. ഇൻഡ്യൻ കാര്യങ്ങളെക്കുറിച്ച് ബ്രിട്ടീഷ് ജനതയ്ക്കു വേണ്ട ഉദ്ബോധനം നല്കുന്നതിനുള്ള പ്രതിനിധിയായി അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. ഇൻഡ്യാ ഗവണ്മെന്റിന്റെ എതിർപ്പുനിമിത്തം ഇംഗ്ലണ്ടിലേക്കു പോകുന്നതിന് അദ്ദേഹത്തിന് സാധിച്ചില്ല.

റൗളക്ട് ആക്ടിനെതിരായി മഹാത്മാഗാന്ധി ആരംഭിച്ച സത്യഗ്ര പ്രസ്ഥാനത്തിൽ ജോർജ്ജ് ജോസഫ് ഒരു വീരഭടനായി ചേർന്നു. സി.ആർ.ദാസ്, മോട്ടിലാൽ നെഹ്റു, രാജഗോപാലാചാരി മുതലായ അഭിഭാഷക കേസരികളെപ്പോലെ, അത്യന്തം ആദായകരമായിരുന്ന വക്കീൽപ്പണി അദ്ദേഹം ഉപേക്ഷിച്ചു. സത്യഗ്രഹത്തിൽ ചേർന്നു അറസ്റ്റു വരിക്കുകയും ജയിൽശിക്ഷ അനുഭവിക്കുകയും ചെയ്തു. ഇങ്ങനെ ജയിലിലും പുറത്തുമായി ഇടവിട്ടു കഴിയവേ, ഒരിക്കൽ ഗാന്ധിജി ജയിലിലേക്കുപോയ അവസരത്തിൽ, അന്നു കോൺഗ്രസിന്റെ ഔദ്യോഗിക ജിഹ്വയായിരുന്ന "യംഗ് ഇൻഡ്യാ"പത്രം കുറേക്കാലത്തേക്കു മഹാത്മ ജിയുടെ നിർദ്ദേശാനുസരണം അതിസമർത്ഥമായ രീതിയിൽ അദ്ദേഹം എഡിറ്റു ചെയ്യുകയുണ്ടായി. പിന്നീടൊരിക്കൽ, മോട്ടിലാൽ നെഹ്റുവിന്റെ ആവശ്യപ്രകാരം അലഹബാദിലെ "ഇൻഡിപെൻഡന്റ്" എന്ന ദേശീയ പത്രത്തിന്റെ ആധിപത്യവും ചാതുര്യപൂർവ്വം വഹിക്കുകയുണ്ടായി.

തിരുവിതാംകൂറിലെ അവർണ്ണ ഹിന്ദുക്കളുടെ അഭിമാന സംരക്ഷണത്തിനായി സമാരംഭിച്ച വൈക്കം സത്യാഗ്രഹസമരത്തെ വിജയോന്മുഖമായ രീതിയിൽ പരിവർത്തനം ചെയ്യിക്കുമാറ് സ്വയം സത്യാഗ്രഹമനുഷ്ഠിച്ചു ജയിൽവാസം വരിക്കുകയും അപ്രകാരമുള്ള ത്യാഗത്തിന് മറ്റു നേതാക്കന്മാരെ പ്രേരിപ്പിക്കുകയും ചെയ്തത് ക്രിസ്ത്യാനിയായ ജോർജ്ജ് ജോസഫ് ആണ്. മഹാത്മജിയുടെ നിർബന്ധപൂർവ്വമായ ശാസനമൂലമാണ് അദ്ദേഹം പിന്നീട് ആ സത്യാഗ്രഹത്തിൽ നിന്നു പിന്മാറിയത്.

കോൺഗ്രസിനുള്ളിൽ വളർന്നുകൊണ്ടിരുന്ന ജാതി മനോഭാവം കണ്ടു മനംമടുത്ത് അദ്ദേഹം കോൺഗ്രസിൽ നിന്നു രാജിവയ്ക്കുകയും, മധുരയിൽ വക്കീലായി പ്രാക്ടീസാരംഭിക്കുകയും ചെയ്തു. താൻ സർവ്വാധിപതിയായാൽ വിദേശമിഷനറിമാരെ ഇൻഡ്യയിൽനിന്നു തുരത്തും എന്നർത്ഥം വരത്തക്കവിധം ഗാന്ധിജി പ്രഖ്യാപിച്ചത് ഇക്കാലത്താണ്. ഉടനെ ജോർജ്ജ് ജോസഫ് രംഗത്തിറങ്ങി, തന്റെ രാഷ്ട്രീയ ഗുരുവായ ഗാന്ധിജിയുടെ അഭിപ്രായത്തെ അപഗ്രഥനം ചെയ്ത് അതിന്റെ കഥയില്ലായ്മ വ്യക്തമാക്കി. ഇതുസംബന്ധിച്ചു ഗാന്ധിജിയും അദ്ദേഹവും തമ്മിൽ രൂക്ഷമായ തൂലികാസമരം തന്നെ നടന്നു. ഗാന്ധിജിക്കു ഹിന്ദുക്കളുടെ രക്ഷയാണു സർവ്വ പ്രധാന താല്പര്യമെന്ന് അദ്ദേഹം സമർത്ഥിച്ചു. തൂലികാശരങ്ങുടെ രൂക്ഷത ഗാന്ധിജിയെ വല്ലാതെ അസ്വസ്ഥനാക്കി.

www.malankaralibrary.com

തിരുവിതാംകൂറിലെ ന്യായയുക്തമായ ഏതു പൗരജനപ്രസ്ഥാന ത്തെയും അദ്ദേഹം സർവ്വാത്മനാ അനുകൂലിച്ചിരുന്നു. 1932- ലെ ഭരണ പരിഷ്കാരത്തെ തുടർന്നു തിരുവിതാകൂറുലുണ്ടായ നിവർത്തന പ്രക്ഷോഭണത്തിൽ ശ്രീ.ജോർജ്ജ് ജോസഫ് വഹിച്ചിട്ടുള്ള ഭാഗഭാഗിത്വവും അദ്ദേഹത്തിന്റെ നേതൃത്വവും വ്യക്തിമഹാത്മ്യവും വിദഗ്ദ്ധോപദേശവും ഒരു കാലത്തും വിസ്മരിക്കപ്പെടുന്നതല്ല. 1939- ൽ കേരളാ കൗമുദി മുഖപ്രസംഗ ത്തിൽ ഇങ്ങനെ എഴുതി. അസമത്വപരിഹാരത്തിനായി ശ്രമിച്ച തിരുവിതാംകൂറിലെ മഹാസമുദ്രങ്ങൾക്കു ശ്രീയുത് ജോസഫിൽ നിന്നു ലഭിച്ചിട്ടുള്ള ആനുകൂല്യങ്ങൾ എത്ര വിലയേറിയവയാണന്ന് എല്ലാവർക്കും അറിവുള്ളതാണല്ലോ. ഇതു സംബന്ധിച്ച് അദ്ദേഹവുമായി സഹകരണം ചെയ്തിട്ടുള്ളവർക്കെല്ലാം അദ്ദേഹത്തിന്റെ പരമമായ ത്യാഗസന്നദ്ധത അനുഭവവേദ്യമായിത്തീർന്നിട്ടുണ്ട്. ഇത്ര വിശാലമായ ഹൃദയം, സ്വാതന്ത്ര്യ കാംക്ഷ, ലക്ഷ്യശുദ്ധി, വളരെച്ചുരുക്കം ആളുകളിൽ മാത്രമെ ദർശി ക്കുന്നതിനു നിവൃത്തിയുള്ളു.

തിരുവിതാകൂർ ഗവൺമെന്റിന്റെ ക്രിസ്ത്യൻവിരുദ്ധ മനോഭാവത്തെ ലോകശ്രദ്ധയിൽ കൊണ്ടുവരുന്നതിനു മറ്റാരെക്കാളുമധികം ജോർജ്ജ് ജോസഫിനു സാധിച്ചിട്ടുണ്ട്. തങ്കശ്ശേരിപ്രശ്നം വഴിയാണ് ഇതു സാധിച്ചത്. ബ്രിട്ടീഷ് ഗവൺമെന്റു വകയായിരുന്ന കൊല്ലത്തെ തങ്കശ്ശേരി പ്രദേശം തിരുവീതാംകൂർ ഗവൺമെന്റിനു വിട്ടുകൊടുക്കുവാൻ തീരുമാനിച്ചതാണ്. കൈമാറ്റം ഒരു വസ്തുതയായി ഗണിക്കപ്പെട്ട അവസരത്തിൽ അദ്ദേഹം തങ്കശ്ശേരിക്കാരുടെ വക്കീലായി രംഗപ്രവേശം ചെയ്തു. ക്രിസ്ത്യാനികൾ പീഡിപ്പിക്കപ്പെടുന്ന തിരുവിതാംകൂറിലേക്കു തങ്ങളെ ചേർക്കെരുതെന്നാ യിരുന്നു അവരുടെ വാദം. ജോർജ്ജ് ജോസഫിനു ബ്രിട്ടീഷ് പാർലമെന്റ് സമാജികരുടെ ഇടയിൽ വലിയമതിപ്പും സ്വാധീനവുമുണ്ടായിരുന്നു. ഫിറ്റ്സാലൻ പ്രഭു, ആത്തോൾ പ്രഭ്വി തുടങ്ങിയവർ ഈ പ്രശ്നം പാർലമെന്റിൽ അവതരിപ്പിക്കുകയും തങ്കശ്ശേരി കൈമാറ്റത്തിന് എതിരായ നിലപാട് ബ്രിട്ടീഷ് പാർലമെന്റിനെകൊണ്ട് അഗീകരിപ്പിക്കുകയും ചെയ്തു. സർ സി. പി. രാമസ്വാമി അയ്യർക്കു ലഭിച്ച വലിയ ഒരടിയായിരുന്നു ഇത്. ഏറ്റവും പ്രസിദ്ധമായ സി. കേശവൻ രാജ്യദ്രോഹക്കേസിൽ ഹൈക്കോ ടതിയിൽ ശ്രീ കേശവനുവേണ്ടി ഹാജരായി വാദിച്ചതും ജോർജ്ജ് ജോസ ഫാണ്.

മർത്തോമ്മാസമുദായത്തിലെ ഒരു പ്രശസ്ത കുടുംബത്തിൽ ജനിച്ചു വളർന്ന അദ്ദേഹം ആ സമുദായത്തിന്റെ അഭിമാനഭാജനമായിട്ടാണ് കരുതപ്പെട്ടിരുന്നത്. വലിയ ഒരു വായനക്കാരനായിരുന്ന അദ്ദേഹത്തിന് തന്റെ വായനയുടെയും പഠനത്തിന്റെയും ഫലമായി കത്തോലിക്ക സഭയുമായി പുനരൈക്യപ്പെടേണ്ടത് ആവശ്യമാണന്നു ബോധ്യപ്പെട്ടു. 1930-ൽ മാർ

www.malankaralibrary.com

ഇവാനിയോസ് തിരുമനസ്സിലെ പുനരൈക്യത്തെ തുടർന്നു 1930- നവംബർ 7- നു അദ്ദേഹവും കത്തോലിക്കാ സഭയിൽ ചേർന്നു. അന്നുമുതൽ കത്തോലിക്കാ സഭയുടെ ഒരു വീരസന്താനമായിട്ടാണ് അദ്ദേഹം പ്രവർത്തിച്ചത്. 1932- ലെ ചമ്പക്കുളം കത്തോലിക്കാകോൺഗ്രസിന്റെ അദ്ധ്യക്ഷൻ അദ്ദേഹം ആയിരുന്നു. അദ്ദേഹത്തിന്റെ കോൺഗ്രസിലെ അദ്ധ്യക്ഷപ്രസംഗം ചരിത്രപ്രധാനമായ ഒരു രേഖയാകുന്നു. അതിന്റെ പല പതിപ്പുകൾ തന്നെ ഉണ്ടായി.

1936- ലെ ഭരണപരിഷ്കാരത്തെ തുടർന്ന് പാർലമെന്ററി പ്രവർത്തനം പുനരാരംഭിച്ചപ്പോൾ ജോർജ്ജ് ജോസഫ് നാഷണൽ കോൺഗ്രസിൽ ചേർന്നു പ്രവർത്തിച്ചു തുടങ്ങി. കോൺഗ്രസ് പാർട്ടി അദ്ദേഹത്തെ തഞ്ചാവൂർ -തൃശ്ശിനാപ്പള്ളി - മധുര നിയോജകമണ്ഡലത്തിൽ സ്ഥാനാർത്ഥിയായി നിറുത്തിയെങ്കിലും ജസ്റ്റീസ് പാർട്ടി നേതാവായ ശ്രീ. എ. റ്റി. പന്നീർശെൽവം അദ്ദേഹത്തെ തോല്പിച്ചു. അടുത്തുതന്നെ രാമനാടു- മധുര നിയോജകമണ്ഡലത്തിൽ നിന്നു പാർലമെന്റിലേക്ക് നടന്ന ഉപതെരഞ്ഞെടുപ്പിൽ അദ്ദേഹത്തെ സ്ഥാനാർത്ഥിയായി നിർത്തുകയും എതിരില്ലാതെ തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. സാമ്രാജ്യ നിയമസഭാസമ്മേളനത്തിൽ സംബന്ധിക്കുവാൻ പുറപ്പെടുന്നതിനു ഒരുങ്ങികൊണ്ടിരിക്കുമ്പോഴാണ് രക്തസമ്മർദ്ദം മൂലം അദ്ദേഹം ശയ്യാവലംബിയായത്. 1938 മാർച്ച് 5-നു നിര്യാതനായി. മധുര സെന്റ് മേരീസ് ദേവാലയത്തിൽ മാർ ഇവാനിയോസ് മെത്രപ്പോലീത്താ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ അദ്ദേഹത്തിന്റെ ശവസംസ്കാരം നടന്നു.

അദ്ദേഹത്തിന്റെ നിശിത വിമർശനങ്ങൾ പലരെയും രോഷാകുലരാക്കിയിട്ടുണ്ടെങ്കിലും അഭിപ്രായധീരതയെ ആരും മാനിച്ചിരുന്നു. കോൺഗ്രസ് ഗവൺമെന്റിന്റെ മദ്യനിരോധനയത്തെ അദ്ദേഹം സ്വാഗതം ചെയ്തിരുന്നില്ല. കോൺഗ്രസ് അണികളിൽ തന്നെ അതു വളരെ ഒച്ചപ്പാടുണ്ടാക്കിയിരുന്നു. അദ്ദേഹത്തിന്റെ ജീവിതം ആദ്യന്തം ജനകീയാവശ്യങ്ങൾക്കുവേണ്ടി ജനപക്ഷത്തുനിന്നു കൊണ്ടുള്ള അനസ്യൂത പോരാട്ടമായിരുന്നു. അദ്ദേഹത്തിന്റെ ദേശാഭിമാനവും ആദർശങ്ങളും വ്യക്തിമാഹാത്മ്യവും അനേകനാൾ ഭാരത രാഷ്ട്രലോകത്തിൽ മായാതെ നിലനിൽക്കും. അദ്ദേഹത്തിന്റെവിയോഗം കേരളീയ സുറിയാനി സമുദായത്തിനു നികത്താനാവാത്ത നഷ്ടമായിരുന്നു. ഭാരതീയ പൊതുജീവിതത്തിൽ ഇത്രമാത്രം പ്രാമാണ്യവും യശസ്സും സമാർജിച്ച മറ്റൊരു കേരളീയ ക്രിസ്ത്യാനി ഉണ്ടെന്നു തോന്നുന്നില്ല.

(പ്രമുഖ ചരിത്രകാരനായ ശ്രീ. എം.ഒ. ജോസഫ് നെടുങ്കുന്നം രചിച്ച കേരളസഭാതാരങ്ങൾ എന്ന ഗ്രന്ഥത്തിൽ പ്രസിദ്ധീകരിച്ച ലേഖനം)

www.malankaralibrary.com

# "നമുക്ക് അദ്ദേഹത്തെ ജയിലിലേക്ക് അയക്കാം"

**മിസ്സിസ് ജോർജ്ജ് ജോസഫ്**

മാന്യമഹാജനങ്ങളെ,

ഇന്നത്തെ ഈ മഹാസഭയിൽ എനിയ്ക്കു കൃത്യസമയത്തുതന്നെ ഹാജരാകുന്നതിനിടയാകാതെ നിങ്ങളെ മുഷിപ്പിച്ചതിലേക്ക് ഞാൻ നിങ്ങളോട് മാപ്പു ചോദിച്ചു കൊള്ളുന്നു. ഇന്ന് പലപ്രകാരത്തിലും ഇവിടെ കാണുന്ന ഈ മഹാജനങ്ങളുടെ അപേക്ഷ അനുസരിച്ച് എന്നെ ഈ സ്ഥാനത്തേയ്ക്ക് ആനയിച്ചതിന് ഞാൻ അവർക്ക് നന്ദിപറഞ്ഞുകൊള്ളുന്നു. മഹാജനങ്ങളെ ഇന്ന് സത്യഗ്രഹത്തിൽ ചേരുന്നതിന് അനേകംപേർ തയ്യാറുണ്ടെന്നുള്ളത് എനിക്ക് നിസ്സംശയമായി അറിയാമെന്നുള്ളതാണ്. എന്നാൽ അങ്ങനെ സത്യാഗ്രഹത്തിൽ ചേർന്നാൽ മാത്രം പോരാ. സത്യഗ്രഹധർമ്മത്തെ ശരിയായി പ്രവർത്തിക്കണമെങ്കിൽ അതിൽ അടങ്ങിയിട്ടുള്ള ധർമ്മത്തെ നല്ലപോലെ മനസ്സിലാക്കണം. ഒന്നാമതായി വേണ്ടത് ത്യാഗമാണ്. ഇന്ന് ഭാരതത്തിലെ മുഴുവൻ കോൺഗ്രസ്സ് പ്രസ്ഥാനവും വൈക്കത്തു നടക്കുന്ന സത്യഗ്രഹത്തിൽ പങ്കുകൊള്ളുന്നുണ്ട്. എന്നാൽ അതുപോരാ, നാം ജാതിമദഭേദമെന്യേ വൈക്കം സത്യഗ്രഹ ഡെപ്യൂട്ടേഷനിൽ ചേർന്ന് ത്യാഗമനുഷ്ഠിക്കുന്നതായാൽ ഒട്ടും താമസിയാതെ തന്നെ അതിന്റെ ഫലപ്രാപ്തി നമുക്ക് ലഭിക്കുമെന്നുള്ളതാണ്. യഥാർത്ഥമായ മനുഷ്യന്റെ തത്വത്തെ മനസ്സിലാക്കാതെ ഭരണം നടത്തുന്ന ഗവണ്മെന്റുകളുടെ മായാപ്രയോഗങ്ങളെ നമുക്ക് ചൂണ്ടിക്കാണിച്ചു തന്നതായ ദേശഭക്തന്മാർക്ക് സിദ്ധിച്ച ഫലങ്ങൾ തന്നെയാണ് നമുക്കും സിദ്ധിക്കാൻ പോകുന്നത് എന്ന് വിചാരിക്കണം. ഉദ്യോഗശക്തികളാൽ വളർന്നുകൊണ്ടിരിക്കുന്ന അനീതിയെ സാധുസഹോദരങ്ങളെ പറഞ്ഞു മനസ്സിലാക്കിത്തന്ന രാജ്യസ്നേഹികളുടെ കഥ ഇന്ന് ആരെങ്കിലും മനസ്സിലാക്കിയിട്ടുണ്ടോ? 1095-ലെ 26-ാം റഗുലേഷനിൽ ഇപ്രകാരമാണോ പറഞ്ഞിട്ടുള്ളത്? ഈ അന്യായമായ ഉത്തരവിനെ ലംഘിക്കുന്നതാണ്. ഇന്ന് ഇവിടെവച്ച് ശ്രീമാൻ ചിറ്റേടത്ത് ശങ്കുപ്പിള്ളയെ അറസ്റ്റു ചെയ്യുമെന്നുള്ള വിവരം എന്റെ മാന്യസഹോദരങ്ങൾ ക്കെല്ലാവർക്കും അറിയാൻ സംഗിയായിട്ടുണ്ടല്ലോ. അദ്ദേഹം എന്തെങ്കിലും അനീതിയൊ ആഭാസത്വമോ പ്രവർത്തിച്ചിട്ടുണ്ടോ? ശ്രീമാൻ ശങ്കുപ്പിള്ള ഒരു കേഡിവർഗ്ഗത്തിൽപ്പെട്ട

www.malankaralibrary.com

ആളോ കള്ളനോ ഒന്നുമല്ല. അദ്ദേഹം സാധു സഹോദരന്മാരുടെ സഞ്ചാര സ്വാതന്ത്ര്യത്തിനുവേണ്ടി പ്രയാസപ്പെട്ടതിന്റെ ഒക്കെ ഫലമായി അദ്ദേഹം കൊല്ലം ഡിവിഷനിൽ നടക്കുന്ന യാതൊരു മീറ്റിംഗുകളിലും പ്രസംഗിച്ചുകൂടാ എന്നുള്ള കൊല്ലം ഡിസ്ട്രിക്ട് മജിസ്ട്രേറ്റിന്റെ നിരോധന ഉത്തരവിനെ ലംഘിക്കാൻ തയ്യാറായതുകൊണ്ടു മാത്രമാണ് ഇപ്രകാരമുള്ള ഒരു അറസ്റ്റ് അദ്ദേഹത്തെയും വന്നുപിടിക്കാൻ പോകുന്നത്. ശ്രീമാൻ ശങ്കുപ്പിള്ള തന്റെ ബന്ധുമിത്രങ്ങളെയും സ്നേഹിതന്മാരേയും സ്വജീവനെത്തന്നെയും ഉപേക്ഷിച്ച് ചെയ്തുവരുന്ന ഈ ധർമ്മസമര-ത്യാഗത്തിന് നമ്മാൽ എന്തു പ്രതിഫലം ചെയ്യാൻ കഴിയും? ഇന്ന് എത്രയോ മാന്യസഹോദരങ്ങളാണ് ജയിൽവാസം അനുഷ്ഠിക്കുന്നത്. എന്തു കാര്യസാദ്ധ്യത്തിനുവേണ്ടിയാണ് അപ്രകാരമുള്ള കഷ്ടത അനുഭവിക്കുന്നതെന്ന് മഹാന്മാർ നല്ലപോലെ ഒന്നാലോചിച്ചാൽ കൊള്ളാമെന്ന് ഞാൻ അവരോട് അപേക്ഷിച്ചുകൊള്ളുന്നു. താഴ്ന്ന ജാതിക്കാരെന്ന് നാം വിചാരിച്ചിരിക്കുന്ന നമ്മുടെ സഹോദരങ്ങൾക്ക് സഞ്ചാരസൗകര്യം ഇല്ലാത്ത വഴികളിൽക്കൂടി അവർക്ക് സ്വതന്ത്രമായി സഞ്ചരിക്കുന്നതിനുള്ള സൗകര്യം ലഭിക്കുന്നതുവരെയും അവരുടെ സഹതാപത്തിൽ നമ്മളുംപങ്കുകൊണ്ട് അതിൽവച്ചുണ്ടാകുന്ന സകല കഷ്ട തകളും സഹിക്കുന്നതിനും നാം തയ്യാറാകണം. ഇന്ന് തിരുവിതാംകൂറിൽ വൈക്കത്തു നടക്കുന്ന സത്യാഗ്രഹത്തിൽ പങ്കുകൊണ്ട് സത്യാഗ്രഹികളെ പല പ്രകാരത്തിലും സഹായിക്കുന്നതിനുവേണ്ടി ബോംബെ പഞ്ചാബ് മുതലായ ദേശങ്ങളിൽ നിന്നുപോലും ഒരുകൂട്ടം ആളുകൾ വൈക്കത്ത് വന്ന് ചേർന്നിട്ടുള്ളത് വാസ്തവമായ ഒരു സംഗതിയാണല്ലോ. പക്ഷേ, അവരെയും ഒന്ന് പഠിപ്പിക്കണമെന്ന് നമ്മുടെ ഗവണ്മെന്റ് വിചാരിക്കുന്നുണ്ടായിരിക്കാം. സഹോദരങ്ങളെ ഓരോരുത്തരും യഥാശക്തി പണംകൊണ്ടോ ആൾകൊണ്ടോ ഈ സത്യഗ്രഹ ഡപ്യൂട്ടേഷനെ സഹായിക്കണം എന്നാണ് ഞാൻ ഇപ്പോൾ നിങ്ങളോട് അപേക്ഷിക്കുന്നത്. സഹോദരങ്ങളേ ഇന്ന് ശങ്കു പ്പിള്ളയദ്ദേഹത്തെ അറസ്റ്റ് ചെയ്തുകൊണ്ടുപോകുമ്പോൾ അദ്ദേഹത്തെ പിന്തുടരുന്നതിന് ആരും തുനിയരുതേ. എല്ലാ സഹോദരങ്ങളും അവരുടെ സ്ഥലം വിട്ട് എഴുന്നേൽക്കരുതേ. അദ്ദേഹത്തെ കൊണ്ടുപോകുന്ന വഴിക്ക് പോലീസുകാർക്ക് യാതൊരുവിധമായ ഉപദ്രവവും ഉണ്ടാകാൻ ഇടയാകരുത്. ഇന്ന് ശങ്കുപ്പിള്ളയദ്ദേഹത്തോട് നാം ചെയ്യേണ്ട കടമകൾ എല്ലാം നമുക്കുപകരം അവർ തന്നെ ചെയ്തുകൊള്ളട്ടെ നമുക്കുള്ള സങ്കട ങ്ങളെല്ലാം ദൈവത്തിൽ സമർപ്പിച്ചുകൊണ്ട് ഇരിക്കയല്ലാതെ ശ്രീമാൻ ശങ്കുപ്പിള്ളയോടുകൂടി പോലീസ് സ്റ്റേഷൻ വരെയെങ്കിലും പിൻതുടരണം എന്ന് മാന്യസഹോദരങ്ങൾ ആരുംതന്നെ വിചാരിക്കരുതേ. ഇതിൽനിന്നും നമ്മുടെ ത്യാഗശക്തി എത്രമാത്രമുണ്ടെന്ന് അവർ മനസ്സിലാക്കട്ടെ. ഇതേ മാതിരിയുള്ള ത്യാഗങ്ങളാണ് ഇപ്പോൾ പാശ്ചാത്യന്മാർപോലും അനുഷ്ഠിച്ചുവരുന്നത്. സത്യാഗ്രഹികൾക്ക് തിരുവിതാംകൂർ ഗവണ്മെ

www.malankaralibrary.com

ന്റിനോട് യാതൊരു വിരോധവും ഇല്ലാ. ഇന്നേക്ക് രണ്ട് മൂന്ന് ദിവസങ്ങൾക്കു മുമ്പ്, തിരുവിതാംകൂറിൽ സ്വയം ഭരണം സ്ഥാപിക്കാൻവേണ്ടി കോൺഗ്രസ്സുകാർ തുടങ്ങീട്ടുള്ള ഒരു പ്രസ്ഥാനമാണിതെന്ന് ചില പത്രങ്ങളിൽ എഴുതിയിരുന്നത് വെറും കപടമായ ഒരു കാര്യമാണ്. നേരെ മറിച്ച് സത്യാഗ്രഹത്തിന്റെ അർത്ഥം ഇന്നതാണെന്ന് അൽപമെങ്കിലും മനസ്സിലാക്കീട്ടുള്ളവർ ഇപ്രകാരം എഴുതുകയില്ലായിരുന്നു. ഇന്നത്തെ സത്യാഗ്രഹത്തിൽ നമ്മുടെ സാധുസഹോദരങ്ങളുടെ സഞ്ചാരസ്വാതന്ത്ര്യം മാത്രമേ അടങ്ങീട്ടുള്ളു. അതല്ലാതെ വേറെ പ്രകാരത്തിൽ ഗവണ്മെന്റിനെ തെറ്റിദ്ധരിപ്പിച്ചിരിക്കുന്നവർക്ക് നിശ്ചയമായും ഇശ്വരകോപം കിട്ടുകയില്ലേ? പബ്ലിക് റോഡിൽകൂടി മനുഷ്യർക്ക് നടക്കാൻ പാടില്ലായെന്ന് എതെങ്കിലുമൊരു ഗവണ്മെന്റ് പറയുമോ? അങ്ങിനെ പറയുന്നത് ഒരു ഗവണ്മെന്റിന്റെ അനീതിയുടെയും നീചത്വത്തിന്റെയും ഫലമല്ലേ? അപ്രകാരമുള്ള ഒരനീതി ഗവണ്മെന്റ് വച്ചുകൊണ്ടിരിക്കുന്നിടത്തോളം കാലം നാം ഈ സത്യാഗ്രഹസമരം തുടർന്നുകൊണ്ടു തന്നെയിരിക്കണം. ഇന്ന് സാധുക്കളുടെ സങ്കട നിവർത്തിക്കുവേണ്ടി മാത്രമല്ലേ നമ്മുടെ നേതാക്കന്മാർ ജയിൽവാസം അനുഭവിക്കുന്നത്? ഇനി എനിക്ക് നിങ്ങളോട് അൽപം പറയുവാനുള്ളത് ശ്രീമാൻ എം. മാത്തുണ്ണി അവർകൾക്ക് ഒരു പൊതുയോഗത്തിലും പ്രസംഗിക്കാൻ പാടില്ല എന്നുള്ള ഒരു നിരോധന ഉത്തരവ് കിട്ടിയിട്ടുണ്ട്. കോൺഗ്രസ്സ് പരിപാടിയുടെ അനുമതി കൂടാതെ ആ നിരോധനാജ്ഞയെ ലംഘിക്കുന്നതിന് നിവൃത്തിയില്ലാത്തതിനാൽ ആണ് ഈ മാന്യ സഹോദരനും ഇന്നത്തെ അറസ്റ്റിൽ പങ്കുകൊള്ളുന്നതിന് ഇടയാകാത്തത്. അതിനാൽ താമസിയാതെ തന്നെ അതായത് പത്തോ പന്ത്രണ്ടോ ദിവസത്തിനകം അദ്ദേഹത്തിന് കോൺഗ്രസ്സിന്റെ അനുമതി ലഭിക്കുന്നതോടുകൂടി അദ്ദേഹവും മേൽപ്പറഞ്ഞ നിരോധനാജ്ഞയെ ലംഘിച്ച് അറസ്റ്റിൽ പങ്കുകൊള്ളുന്നതാണ്. 1914-ൽ ബ്രിട്ടീഷ് ഗവണ്മെന്റിൽ നിന്നും പാസ്സാക്കിയിട്ടുള്ള റോഡ് ആക്ടിൽ അന്തർഭവിച്ചിട്ടുള്ള നിയമങ്ങളെ ഭേദപ്പെടുത്താൻ വേണ്ടിയാണ് ഇന്നത്തെ കോൺഗ്രസ്സിന്റെ പരിശ്രമം. അതല്ലാതെ തിരുവിതാംകൂർ ഗവണ്മെന്റിനോടോ രാജകുടുംബത്തിനോടോ കോൺഗ്രസ്സുകാർക്ക് യാതൊരു വിരോധവുമില്ല. തിരുവിതാംകൂർ മഹാരാജാവ് നമ്മുടെ മഹാരാജാവാണ്. അദ്ദേഹത്തിന്റെ പ്രജകളായ നമ്മുടെ സ്വാതന്ത്ര്യത്തെ തരുന്നതിന് സദാ സന്നദ്ധനാകണമെന്നു മാത്രമേ നമുക്ക് പറയാൻ പാടുള്ളു. പക്ഷെ അദ്ദേഹത്തിന് സ്വതന്ത്രമായി ഒന്നുംതന്നെ ഈ രാജ്യത്ത് ചെയ്യാൻ നിവൃത്തിയില്ലായിരിക്കാം. കോൺഗ്രസ്സുകാരോ സത്യാഗ്രഹികളോ എന്തൊക്കെത്തന്നെ ആയാലും എനിക്കു തോന്നുന്നതേ ഞാൻ ചെയ്യുകയുള്ളു എന്ന് അദ്ദേഹം ഒരിക്കലും വിചാരിക്കയില്ല. പിന്നെ, മഹാരാജാവ് വളരെ ഈശ്വരവിശ്വാസമുള്ള ഒരാളായതുകൊണ്ടായിരിക്കാം ഒരുപക്ഷെ സാധുക്കളെ വഴി നടക്കാൻ

www.malankaralibrary.com

അനുവദിച്ചാൽ ഈശ്വരൻ അദ്ദേഹത്തോട് കോപിച്ചെങ്കിലോ എന്നുള്ള തെറ്റിദ്ധാരണകൊണ്ടോ ആണ്. മനുഷ്യർക്ക് ന്യായമുള്ള അവകാശങ്ങളെ അനുവദിച്ചുകൊടുക്കുന്നതുകൊണ്ട് രാജ്യത്തിനോ ഈശ്വരനോ ഒരു ദൂഷ്യവും വരുകയില്ലല്ലോ. അഥവാ അങ്ങിനെ ഒരു ദൂഷ്യവും സംഭവിക്കുന്നപക്ഷം ഒരു രാജാവായിരിക്കുന്നിടത്തോളം അദ്ദേഹം ചെയ്യേണ്ട ചുമതലയാണെന്ന് സമാധാനപ്പെട്ടെങ്കിലും സാധുസംരക്ഷണം ചെയ്യേണ്ട തല്ലേ സഹോദരന്മാരെ എനിക്കിനി നിങ്ങളോട് പറയാനുള്ളത് എന്തെന്നാൽ ഇതേമാതിരിയുള്ള പ്രസംഗങ്ങൾ കേൾക്കുന്നതിന് ഹാജരായാൽ മാത്രം പോരാ. ജാതി എന്ന പിശാചിനെ ത്യജിച്ച് എല്ലാ സഹോദരന്മാരും ഈ സത്യാഗ്രഹ സമരത്തിൽ പങ്കുകൊണ്ട് അവരാൽ കഴിയുന്ന പണം കൊണ്ടും വാളണ്ടിയറന്മാരായും ചേരണമെന്നും അപേക്ഷിക്കുന്നു. ഇനി എനിക്ക് പ്രത്യേകമായി നിങ്ങളോട് രണ്ടു വാക്കു പറയുവാനുണ്ട്. ശ്രീമാൻ ചിറ്റേടത്തു ശങ്കുപ്പിള്ളയെ അറസ്റ്റുചെയ്തുകൊണ്ടുപോകുമ്പോൾ നിങ്ങൾ പോലീസുകാർക്ക് വഴിക്ക് യാതൊരു തടസ്സവും നേരിടാതെ അദ്ദേഹത്തെ സൗകര്യമായി കൊണ്ടുപോകുന്നതിന് എല്ലാവരും ക്ഷമയോടുകൂടി ഇവിടെ ത്തന്നെ ഇരിക്കണം എന്ന് ഞാൻ നിങ്ങളോട് പ്രത്യേകം അപേക്ഷിക്കുന്നു.

(വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുത്ത് നിയമം ലംഘിച്ച ചിറ്റേടത്ത് ശങ്കുപ്പിള്ളയെ അറസ്റ്റ് ചെയ്തപ്പോൾ കാരാഗൃഹത്തിലേക്ക് യാത്ര അയയ്ക്കുന്നതിന് 14.05.1924-ൽ ചേർന്ന യോഗത്തിൽ മിസിസ് ജോർജ്ജ് ജോസഫ് നടത്തിയ അദ്ധ്യക്ഷ പ്രസംഗം.)

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# ബാരിസ്റ്റർ ജോർജ്ജ് ജോസഫ്

## സമാനതകളില്ലാത്ത ദേശസ്നേഹി



**ജോൺ കച്ചിറമറ്റം**

തിരുവിതാംകൂറിൽ നിന്നും ഇൻഡ്യൻ ദേശീയതയിലേയക്ക് വളർന്നു വന്ന ആദ്യനേതാക്കളിൽ ഒരാളായിരുന്നു ജോർജ്ജ് ജോസഫ്. നിർഭയനുംധീരനുംസാഹസികനുമായജോർജ്ജ് ജോസഫിന്റെ ജീവചരിത്രം ഇന്നത്തെ തലമുറയ്ക്ക് മാർഗദർശനം നൽകും ഈ ഗ്രന്ഥത്തിന് പ്രചുരപ്രചാരം ലഭിക്കട്ടെയെന്ന് ആശംസിക്കുന്നു.

**ആർച്ച് ബിഷപ്പ് തോമസ് മാർ കൂറിലോസ്**

തിരുവല്ല അതിരൂപത

പ്രമുഖ അഭിഭാഷകനായി ചുരുങ്ങിയ നാൾകൊണ്ട് പ്രസിദ്ധനായി തീർന്ന ജോർജ്ജ് ജോസഫ്, ഗാന്ധിജിയുടെ ആഹ്വാനം സ്വീകരിച്ച് അഭിഭാഷകവൃത്തിയുപേക്ഷിച്ച് സ്വാതന്ത്രസമരത്തിന് നേതൃത്വം നൽകി. മഹാത്മജിയുടെ യംഗ് ഇന്ത്യയുടേയും മോത്തിലാൽ നെഹ്റുവിന്റെ ദ ഇൻഡിപെൻഡന്റെയും പത്രാധിപത്യം ഏറ്റെടുത്തതോടെ ജോർജ്ജ് ജോസഫിന്റെ ഖ്യാതി ഇൻഡ്യയിലെങ്ങും വ്യാപിച്ചു.

ഇന്ത്യയിൽ ആദ്യം തൊഴിലാളി യൂണിയൻ കെട്ടിപ്പടുക്കുവാൻ ശ്രമിച്ചവരിൽ പ്രമുഖനായിരുന്നു ജോർജ്ജ് ജോസഫ്. മധുരയിലെ മിൽ തൊഴിലാളികളെ സംഘടിപ്പിച്ച് ചരിത്രം കുറിക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. ഇന്ത്യയിൽ നിലനിന്ന ജാതി വ്യവസ്ഥയോട് പൊരുത്തപ്പെടാൻ അദ്ദേഹത്തിന് ഒരിക്കലും സാധിച്ചിരുന്നില്ല. ഇന്ത്യൻ നാഷണൽ കോൺഗ്രസ് ജാതി വ്യവസ്ഥക്കെതിരെ പോരാടാൻ തീരുമാനിച്ചതിൽ ജോർജ്ജ് ജോസഫ് സന്തുഷ്ടനായിരുന്നു. ആ തീരുമാനത്തിന്റെ അനന്തരഫലമയിരുന്നു വൈക്കം സത്യാഗ്രഹം. വളരെയധികം സന്തോഷത്തോടെ വൈക്കം സത്യാഗ്രഹത്തിൽ പങ്കുചേർന്ന് അറസ്റ്റുവരിച്ചു. വൈക്കത്തെത്തിയ മഹാത്മജി വൈക്കം സത്യാഗ്രഹത്തിൽ ഹിന്ദുക്കൾ മാത്രമേ പങ്കെടുക്കാവൂ എന്ന് അഭിപ്രായപ്പെട്ടു. ഗാന്ധിജിയുടെ ഈ അഭിപ്രായം ജോർജ്ജ് ജോസഫിന് ഹിതകരമായിരുന്നില്ല......

ജോർജ്ജ് ജോസഫ് ഒരു ഇതിഹാസപുരുഷനായിരുന്നു. അദ്ദേഹത്തിന്റെ ഒരു ജീവചരിത്രം ജോൺ കച്ചിറമറ്റം തയ്യാറാക്കിയത്, ഈ തലമുറയ്ക്ക് അദ്ദേഹത്തെപ്പറ്റി പഠിക്കുവാൻ ഒരു അവസരമായി. തിരുവിതാംകൂർ എന്ന കൊച്ചുരാജ്യം ഭാരതത്തിന് നൽകിയ വലിയ സമ്മാനമാണ് ജോർജ്ജ് ജോസഫ്.

ഷർട്ടിട്ട ഒരു ഗാന്ധിജിയെ ഇന്നത്തെ തലമുറ ഓർക്കുന്നില്ല. എന്നാൽ അങ്ങനെയൊരു ഗാന്ധിജിയുണ്ടായിരുന്നു. ഷർട്ടും കോട്ടും വേണ്ടെന്നുവച്ച് ഇന്നത്തെ മഹാത്മജിയിലേയ്ക്ക് - ഗാന്ധിജിയെ നയിച്ചത് ഒരു മലയാളിയുടെ വീട്ടിൽ വച്ചായിരുന്നുവെന്നത് ആർക്കറിയാം? എന്നാൽ ആ പരിവർത്തനത്തിന് സാക്ഷ്യം വഹിച്ചത് മധുരയിൽ ബാരിസ്റ്റർ ജോർജ്ജ് ജോസഫിന്റെ ഭവനമായിരുന്നുവെന്നത് ഈ പുസ്തകത്തിൽ നിന്നും നമുക്ക് മനസ്സിലാക്കാം.

സ്വാതന്ത്ര്യം കിട്ടുന്നതിന് 9 വർഷം മുൻപ് നിലച്ചുപോയ ഒരു ശബ്ദമാണ് ബാരിസ്റ്റർ ജോർജ്ജ് ജോസഫിന്റേത്. എന്നാൽ അദ്ദേഹത്തിന്റെ സഹോദരങ്ങൾ പോത്തൻ ജോസഫും പി. എം. ജോസഫും സ്വതന്ത്രഭാരതത്തിന്റെ ചരിത്രത്തെമാറ്റിയെഴുതിയവരാണെന്നത് ഈ ഗ്രന്ഥം വെളിപ്പെടുത്തുന്നു.

**ഡോ. എം. എം ജേക്കബ്ബ്**

മുൻമേഘാലയ ഗവർണ്ണർ

Design : Joseph Francis Pala 9447137342

**ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ പിഴക് പോസ്റ്റ്, 686 651 കോട്ടയം**

www.malankaralibrary.com